# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോഴിക്കോട് കോർപ്പറേഷൻ

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673032

ഇ-മെയിൽ: corpkkd.ksad@kerala.gov.in

ഫോൺ : 0495-2365264

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.ഒ.സി/എ4/800/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673032
തീയ്യതി: 15/07/2022
ഇ-മെയിൽ:
corpkkd.ksad@kerala.gov.in
ഫോൺ: 0495-2365264

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ബഹു.മേയർ (സെക്രട്ടറി മുഖേന)
കോഴിക്കോട് കോർപ്പറേഷൻ

സർ,

വിഷയം : കോഴിക്കോട് കോർപ്പറേഷന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോഴിക്കോട് കോർപ്പറേഷന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 2-1,2-2,2-3,3-1,3-2,3-3,3-4,3-4,3-5,3-6 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
3. നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
4. കാര്യാലയ പ്രതി.

നമ്പർ: കെ.എസ്.എ.കെ.ഒ.സി/എ4/800/2022 തീയ്യതി: 15/07/2022

## കോഴിക്കോട് ജില്ലയിലെ കോഴിക്കോട് കോർപ്പറേഷന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കോഴിക്കോട് കോർപ്പറേഷന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-10-2021 മുതൽ 10-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 94 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 49 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ജലീൽ കെ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 11-10-2021 | 10-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 11-10-2021 | 10-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീമതി. പ്രസീത കുമാരി എം, ഓഡിറ്റ് ഓഫീസർ.
2. ശ്രീമതി. രബിത ടി പി, ഓഡിറ്റ് ഓഫീസർ.
3. ശ്രീ. ഷാജി ഇ കെ, ഓഡിറ്റ് ഓഫീസർ.
4. ശ്രീമതി. ഷൈനി പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.
5. ശ്രീ. ഷിപിൻ പീറ്റർ സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.
6. ശ്രീ. സുഗുണൻ വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.
7. ശ്രീമതി. ധന്യ കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ.

8. ശ്രീ. ദേവാനന്ദ് ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ.
9. ശ്രീ. മുഹമ്മദ് ഹിഷാം എം, സീനിയർ ഗ്രേഡ് ഓഡിറ്റർ.
10.ശ്രീ. ഇല്യാസ് ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ.
11.ശ്രീമതി. ലിൻഷ ടി എ, ഓഡിറ്റർ.
12.ശ്രീമതി. വിനിത ടി, ഓഡിറ്റർ.
13.ശ്രീമതി. അശ്വതി പി, ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.തോട്ടത്തിൽ രവീന്ദ്രൻ | മേയർ | 01-04-2020 | 10-11-2020 |
| ശ്രീമതി. ബീന ഫിലിപ്പ് | മേയർ | 28-12-2020 | 31-03-2021 |
| ശ്രീ.ബിനു ഫ്രാൻസിസ് | സെക്രട്ടറി | 01-04-2020 | 31-01-2021 |
| ശ്രീമതി ബിനി കെ.യു. | സെക്രട്ടറി | 01-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി നീന കെ. | കൃഷി ഓഫീസർ, എലത്തൂർ | 01-04-2020 | 31-03-2021 |
| ശ്രീമതി സ്വപ്ന പി.കെ. | കൃഷി ഓഫീസർ, ചെറുവണ്ണൂർ നല്ലളം | 01-04-2020 | 31-03-2021 |
| ഡോ. ബേബി കെ.കെ. | സീനിയർ വെറ്ററിനറി സർജൻ | 01-04-2020 | 20-12-2020 |
| ഡോ. ഷാജഹാൻ (ചുമതല) | സീനിയർ വെറ്ററിനറി സർജൻ | 21-12-2020 | 26-01-2021 |
| ഡോ. വി ഷർമിള | സീനിയർ വെറ്ററിനറി സർജൻ | 27-01-2021 | 26-02-2021 |
| ഡോ. മഞ്ജുഷ | സീനിയർ വെറ്ററിനറി സർജൻ | 27-02-2021 | 10-03-2021 |
| ഡോ. ആനന്ദ് | സീനിയർ വെറ്ററിനറി സർജൻ | 11-03-2021 | 31-03-2021 |
| ഡോ. ശ്രീഷ്മ വി.എസ്. | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ. ആർ.എസ്. ഗോപകുമാർ | ഹെൽത്ത് ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.ശിവദാസൻ.കെ | ഹെൽത്ത് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി.മിനി.വി.പി | വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി.നജ്മ.എം.എച്ച് | സി.ഡി.പി.ഒ., അർബൻ I | 01-04-2020 | 31-05-2020 |
| ശ്രീമതി. രശ്മി രാമൻ.പി | സി.ഡി.പി.ഒ., അർബൻ I | 01-06-2020 | 31-03-2021 |
| ശ്രീമതി.പുഷ്പ.വി | സി.ഡി.പി.ഒ., അർബൻ II | 01-04-2020 | 27-05-2020 |
| ശ്രീമതി സുമ പീറ്റർ | സി.ഡി.പി.ഒ., അർബൻ II | 28-05-2020 | 13-09-2020 |
| ശ്രീമതി. ലേഖ.കെ | സി.ഡി.പി.ഒ., അർബൻ II | 14-09-2020 | 31-03-2021 |
| ശ്രീമതി.സുഷ.പി.ടി | സി.ഡി.പി.ഒ., അർബൻ III | 01-04-2020 | 31-05-2020 |
| ശ്രീമതി. ധന്യ.ടി.എൻ | സി.ഡി.പി.ഒ., അർബൻ III | 01-06-2020 | 31-03-2021 |
| ശ്രീമതി.മിനി.കെ.സി. | സി.ഡി.പി.ഒ., അർബൻ IV | 01-04-2020 | 31-03-2021 |
| ശ്രീ.സുനീർ.വി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 31-03-2021 |
| ശ്രീ.പ്രകാശൻ.ടി.കെ. | നഗര ദാരിദ്ര്യ നിർമാർജന സെൽ പ്രോജക്ട് ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ശ്രീലത.കെ | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.പ്രകാശൻ.കെ | വൃദ്ധമന്ദിരം സൂപ്രണ്ട് | 01-04-2020 | 31-03-2021 |
| ശ്രീ. മുഹമ്മദ് ബഷീർ ടി (ചുമതല) | സൂപ്രണ്ടിംഗ് എഞ്ചിനീയർ | 01-04-2020 | 31-05-2020 |
| ശ്രീ. സന്ദീപ് കെ. ജി. | സൂപ്രണ്ടിംഗ് എഞ്ചിനീയർ | 01-06-2020 | 07-01-2021 |
| ശ്രീ.ദിലീപ്.എം.എസ്. | സൂപ്രണ്ടിംഗ് എഞ്ചിനീയർ | 08-01-2021 | 31-03-2021 |
| ശ്രീ. മുഹമ്മദ് ബഷീർ ടി (ചുമതല) | എക്സിക്യൂട്ടീവ് എഞ്ചിനീയർ (1) | 01-04-2020 | 10-04-2020 |
| ശ്രീ.ഉദയൻ.കെ.യു | എക്സിക്യൂട്ടീവ് എഞ്ചിനീയർ (1) | 11-04-2020 | 31-03-2021 |
| ശ്രീ.ഉത്തമൻ.ജി | എക്സിക്യൂട്ടീവ് എഞ്ചിനീയർ (2) | 01-04-2020 | 26-02-2021 |

| | | | |
|---|---|---|---|
| ശ്രീ. ബിനോയ് കെ.എൻ. | എക്സിക്യൂട്ടീവ് എഞ്ചിനീയർ (2) | 27-02-2021 | 31-03-2021 |
| ശ്രീ.രമേഷ് കെ പി | എക്സിക്യൂട്ടീവ് എഞ്ചിനീയർ (3) | 01-04-2020 | 31-03-2021 |
| ശ്രീ.രാമചന്ദ്രൻ.കെ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (1) | 01-04-2020 | 21-08-2020 |
| ശ്രീമതി. ബിസിനി എസ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (1) | 22-08-2020 | 31-08-2020 |
| ശ്രീമതി.ഷറീന ബീഗം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (1) | 01-09-2020 | 31-03-2021 |
| ശ്രീമതി. ബിസിനി എസ് (ചുമതല) | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (2) | 01-04-2020 | 31-03-2021 |
| ശ്രീ.സജി.ടി.കെ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (പ്രോജക്റ്റ്) | 01-04-2020 | 31-03-2021 |
| ശ്രീമതി.ഷീബ ഖമർ | ക്ഷീര വികസന വകുപ്പ് ഡപ്യൂട്ടി ഡയറക്ടർ | 01-04-2020 | 29-05-2020 |
| ശ്രീ. അനിൽ കുമാർ എ ജി | ക്ഷീര വികസന വകുപ്പ് ഡപ്യൂട്ടി ഡയറക്ടർ | 30-05-2020 | 07-06-2020 |
| ശ്രീമതി, സിനില ഉണ്ണിക്കൃഷ്ണൻ | ക്ഷീര വികസന വകുപ്പ് ഡപ്യൂട്ടി ഡയറക്ടർ | 08-06-2020 | 31-03-2021 |
| ശ്രീ.പി.ജി.നന്ദകുമാർ | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shaji E.K (Audit Officer, On 18-06-2022)<br>Last Updated By: Shaji E.K (Audit Officer, On 15-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Shaji E.K (Audit Officer, On 14-06-2022)<br>Last Updated By: Shaji E.K (Audit Officer, On 12-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Shaji E.K (Audit Officer, On 14-06-2022)<br>Last Updated By: Shaji E.K (Audit Officer, On 11-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Shaji E.K (Audit Officer, On 17-06-2022)<br>Last Updated By: Shaji E.K (Audit Officer, On 15-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Shaji E.K (Audit Officer, On 14-06-2022)<br>Last Updated By: Ilyas T (Senior Grade Auditor, On 14-07-2022) | 1-5 |
| 6 | തനത് വരുമാനം<br>Written By: Ilyas T (Senior Grade Auditor, On 25-06-2022)<br>Last Updated By: Shaji E.K (Audit Officer, On 11-07-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Ilyas T (Senior Grade Auditor, On 01-07-2022)<br>Last Updated By: Shaji E.K (Audit Officer, On 11-07-2022) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ.<br>Written By: Shaji E.K (Audit Officer, On 01-07-2022)<br>Last Updated By: Shaji E.K (Audit Officer, On 11-07-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Ilyas T (Senior Grade Auditor, On 30-06-2022)<br>Last Updated By: Shaji E.K (Audit Officer, On 15-07-2022) | 1-9 |
| 10 | ഓഡിറ്റ് ഇമ്പാക്ക്.<br>Written By: Shaji E.K (Audit Officer, On 01-07-2022)<br>Last Updated By: Shaji E.K (Audit Officer, On 14-07-2022) | 1-10 |
| 11 | സ്ഥാപനത്തിൽ മറ്റ് ഓഡിറ്റ് വിഭാഗങ്ങൾ ഓഡിറ്റ് നടത്തിയതിന്റെ വിവരം.<br>Written By: Ilyas T (Senior Grade Auditor, On 01-07-2022)<br>Last Updated By: Shaji E.K (Audit Officer, On 14-07-2022) | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ<br>Written By: Mohammed Hisham M (Senior Grade Auditor, On 20-06-2022)<br>Last Updated By: Shaji E.K (Audit Officer, On 14-07-2022) | 1-12 |
| 13 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Aswathi P (Auditor, On 18-06-2022)<br>Last Updated By: Shaji E.K (Audit Officer, On 15-07-2022) | 1-13 |
| 14 | നഗരസഭക്ക് ലഭിച്ച ചെക്ക്/ഡ്രാഫ്റ്റ് എന്നിവ സംബന്ധിച്ച പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Aswathi P (Auditor, On 18-06-2022)<br>Last Updated By: Shaji E.K (Audit Officer, On 15-07-2022) | 1-14 |
| 15 | വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ<br>Written By: Ilyas T (Senior Grade Auditor, On 18-06-2022)<br>Last Updated By: Shaji E.K (Audit Officer, On 15-07-2022) | 1-15 |
| 16 | വസ്തു നികുതി - കണക്കുകൾ പൊരുത്തപ്പെടുന്നില്ല.<br>Written By: Ilyas T (Senior Grade Auditor, On 23-06-2022)<br>Last Updated By: Shaji E.K (Audit Officer, On 11-07-2022) | 1-16 |
| 17 | വസ്തു നികുതി - ചട്ടത്തിൽ നിർദേശിച്ച മാതൃകയിലുള്ള രജിസ്റ്ററുകൾ | 1-17 |

| | | |
|---|---|---|
| | സൂക്ഷിക്കുന്നില്ല.<br>Written By: Ilyas T (Senior Grade Auditor, On 23-06-2022)<br>Last Updated By: Shaji E.K (Audit Officer, On 14-07-2022) | |
| 18 | വസ്തു നികുതി വരവ് പരിശോധന – ചെറുവണ്ണൂർ നല്ലളം മേഖല കാര്യാലയം<br>Written By: Ilyas T (Senior Grade Auditor, On 28-06-2022)<br>Last Updated By: Shaji E.K (Audit Officer, On 12-07-2022) | 1-18 |
| 19 | അനധികൃത നിർമ്മാണങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കാത്തത് - ചെറുവണ്ണൂർ നല്ലളം മേഖല കാര്യാലയം<br>Written By: Mohammed Hisham M (Senior Grade Auditor, On 20-06-2022)<br>Last Updated By: Shaji E.K (Audit Officer, On 12-07-2022) | 1-19 |
| 20 | മൊബൈൽ ടവറുകളുടെ വസ്തു നികുതിയിൽ കുടിശ്ശിക - ബേപ്പൂർ മേഖല കാര്യാലയം<br>Written By: Ilyas T (Senior Grade Auditor, On 18-06-2022)<br>Last Updated By: Shaji E.K (Audit Officer, On 12-07-2022) | 1-20 |
| 21 | അനധികൃത നിർമ്മാണങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നത് സംബന്ധിച്ച്<br>Written By: Mohammed Hisham M (Senior Grade Auditor, On 29-06-2022)<br>Last Updated By: Shaji E.K (Audit Officer, On 14-07-2022) | 1-21 |
| 22 | പാർപ്പിടാവശ്യത്തിനു നമ്പറിട്ട കെട്ടിടത്തിൽ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.<br>Written By: Ilyas T (Senior Grade Auditor, On 22-06-2022)<br>Last Updated By: Shaji E.K (Audit Officer, On 14-07-2022) | 1-22 |
| 23 | സഞ്ചയ സോഫ്റ്റ്വെയർ - അപാകതകൾ<br>Written By: Ilyas T (Senior Grade Auditor, On 28-06-2022)<br>Last Updated By: Shaji E.K (Audit Officer, On 15-07-2022) | 1-23 |
| 24 | സേവന ഉപ നികുതി നിർണയിച്ചതിലെ അപാകതയും പഴയ കെട്ടിടങ്ങളിൽ നിന്നും പിരിക്കാത്തതും.<br>Written By: Ilyas T (Senior Grade Auditor, On 23-06-2022)<br>Last Updated By: Shaji E.K (Audit Officer, On 15-07-2022) | 1-24 |
| 25 | നഗരസഭ തൊഴിൽ നികുതി ഓൺലൈൻ പ്ലാറ്റ്ഫോം വഴി ഈടാക്കുമ്പോൾ നേരിടുന്ന പ്രയാസങ്ങൾ<br>Written By: Linsha T A (Auditor, On 01-07-2022)<br>Last Updated By: Shaji E.K (Audit Officer, On 14-07-2022) | 1-25 |
| 26 | തൊഴിൽ നികുതി ഈടാക്കിയതിലെയും രജിസ്റ്ററുകൾ പരിപാലിക്കുന്നതിലെയും അപാകതകൾ<br>Written By: Linsha T A (Auditor, On 30-06-2022)<br>Last Updated By: Shaji E.K (Audit Officer, On 15-07-2022) | 1-26 |
| 27 | തൊഴിൽ നികുതി അപാകതകൾ - ബേപ്പൂർ മേഖല കാര്യലയം<br>Written By: Linsha T A (Auditor, On 28-06-2022)<br>Last Updated By: Shaji E.K (Audit Officer, On 15-07-2022) | 1-27 |
| 28 | തൊഴിൽ നികുതി - ഡി സി ബി സ്റ്റേറ്റ്മെന്റും വാർഷിക കണക്കുകളും ഒത്തുപോകുന്നില്ല (ചെറുവണ്ണൂർ - നല്ലളം, എലത്തൂർ മേഖല കാര്യാലയം)<br>Written By: Ilyas T (Senior Grade Auditor, On 23-06-2022)<br>Last Updated By: Shaji E.K (Audit Officer, On 12-07-2022) | 1-28 |
| 29 | തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല.<br>Written By: Ilyas T (Senior Grade Auditor, On 23-06-2022)<br>Last Updated By: Shaji E.K (Audit Officer, On 14-07-2022) | 1-29 |

| | | |
|---|---|---|
| 30 | വരുമാനം നിർണയിക്കാൻ രേഖകൾ ലഭ്യമായിരിക്കെ ആയത് പരിഗണിക്കാതെ തൊഴിൽ നികുതി നിർണയിച്ചു (എലത്തൂർ, ചെറുവണ്ണൂർ - നല്ലളം മേഖല കാര്യാലയം).<br>Written By: Ilyas T (Senior Grade Auditor, On 23-06-2022)<br>Last Updated By: Shaji E.K (Audit Officer, On 14-07-2022) | 1-30 |
| 31 | ചട്ടവിരുദ്ധ നിരക്കിൽ തൊഴിൽ നികുതി നിർണയിച്ചു (ചെറുവണ്ണൂർ - നല്ലളം കാര്യാലയം)<br>Written By: Ilyas T (Senior Grade Auditor, On 23-06-2022)<br>Last Updated By: Shaji E.K (Audit Officer, On 12-07-2022) | 1-31 |
| 32 | കെട്ടിടനിർമ്മാണാനുമതി,ക്രമവത്ക്കരണം - രജിസ്റ്ററുകളുടെയും ഫയലുകളുടെയും സൂക്ഷിപ്പിലെ അപാകതകൾ (ചെറുവണ്ണൂർ-നല്ലളം മേഖല കാര്യാലയം)<br>Written By: Mohammed Hisham M (Senior Grade Auditor, On 20-06-2022)<br>Last Updated By: Shaji E.K (Audit Officer, On 12-07-2022) | 1-32 |
| 33 | കെട്ടിട നിർമ്മാണ പെർമിറ്റ് - അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിലെ അപാകതകൾ (ബേപ്പൂർ മേഖല കാര്യാലയം)<br>Written By: Sugunan V. (Asst. Audit Officer, On 30-06-2022)<br>Last Updated By: Shaji E.K (Audit Officer, On 12-07-2022) | 1-33 |
| 34 | അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച്<br>Written By: Mohammed Hisham M (Senior Grade Auditor, On 01-07-2022)<br>Last Updated By: Mohammed Hisham M (Senior Grade Auditor, On 13-07-2022) | 1-34 |
| 35 | നഗരസഭ വക കെട്ടിടങ്ങൾ, ബങ്കുകൾ തുടങ്ങിയവ ലൈസൻസ് ഫീസ് വ്യവസ്ഥയിൽ നൽകുന്നതിലെ അപാകതകൾ,<br>Written By: Shipin Peter.C (Asst. Audit Officer, On 25-06-2022)<br>Last Updated By: Shipin Peter.C (Asst. Audit Officer, On 13-07-2022) | 1-35 |
| 36 | ഷോപ്പിംഗ് കോംപ്ലക്സ് വാടക കുടിശ്ശിക ഈടാക്കാത്തതും മറ്റ് അപാകതകളും<br>Written By: Shipin Peter.C (Asst. Audit Officer, On 30-06-2022)<br>Last Updated By: Ilyas T (Senior Grade Auditor, On 14-07-2022) | 1-36 |
| 37 | ബസ്റ്റാന്റ് ഫീസ് പിരിവ് ലേലം - അപാകതകൾ.<br>Written By: Devanad.T (Senior Grade Auditor, On 30-06-2022)<br>Last Updated By: Ilyas T (Senior Grade Auditor, On 14-07-2022) | 1-37 |
| 38 | ബസ് സ്റ്റാന്റ് ലേലം - 18,60,000/-രൂപ നഷ്ടം.<br>Written By: Devanad.T (Senior Grade Auditor, On 30-06-2022)<br>Last Updated By: Shaji E.K (Audit Officer, On 15-07-2022) | 1-38 |
| 39 | ലൈസൻസ് ഇല്ലാതെ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതും മറ്റ് അപാകതകളും<br>Written By: Vinitha T (Auditor, On 01-07-2022)<br>Last Updated By: Shaji E.K (Audit Officer, On 14-07-2022) | 1-39 |
| 40 | നഗരസഭ വക റോഡിന്റെ പാർശ്വങ്ങളും തെരുവിന്റെ അരികുകളും, ലീസ് വ്യവസ്ഥയിൽ കൊടുക്കുന്നതിന് അംഗീകൃത നിയമാവലി തയ്യാറാക്കിയില്ല.<br>Written By: Shipin Peter.C (Asst. Audit Officer, On 22-06-2022)<br>Last Updated By: Shaji E.K (Audit Officer, On 12-07-2022) | 1-40 |
| 41 | സർക്കാർ നിർദ്ദേശം പാലിക്കാതെ ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ് വിനിയോഗിച്ചു.<br>Written By: Shipin Peter.C (Asst. Audit Officer, On 23-06-2022)<br>Last Updated By: Shaji E.K (Audit Officer, On 14-07-2022) | 1-41 |
| 42 | സർക്കാർ അനുമതിയില്ലാതെ കൃഷി ഭവനിൽ താൽകാലിക ജീവനക്കാരെ നിയോഗിച്ചു.<br>Written By: Shipin Peter.C (Asst. Audit Officer, On 22-06-2022)<br>Last Updated By: Shaji E.K (Audit Officer, On 14-07-2022) | 1-42 |

| | | |
|---|---|---|
| 43 | ഡിജിറ്റൈസേഷൻ & ഡാറ്റാ എൻട്രി പ്രവർത്തനങ്ങൾ - വിവര സുരക്ഷയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Devanad.T (Senior Grade Auditor, On 29-06-2022)<br>Last Updated By: Shaji E.K (Audit Officer, On 12-07-2022) | 1-43 |
| 44 | കൈമാറികിട്ടിയ ഡിസ്പൻസറികളിലെ അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച്.<br>Written By: Shipin Peter.C (Asst. Audit Officer, On 22-06-2022)<br>Last Updated By: Shaji E.K (Audit Officer, On 12-07-2022) | 1-44 |
| 45 | മട്ടുപ്പാവിൽ മുട്ടക്കോഴി വളർത്തൽ - നടപടിക്രമങ്ങളിലെ വീഴ്ചകൾ.<br>Written By: Praseedakumari M. (Audit Officer, On 20-06-2022)<br>Last Updated By: Shaji E.K (Audit Officer, On 14-07-2022) | 1-45 |
| 46 | ഒരു കറവ പശു കൂടി പദ്ധതി 2021 -പശുക്കൾക്ക് ഇൻഷുറൻസ് ചെയ്യതിന്റെ രേഖകൾ ഇല്ല<br>Written By: Praseedakumari M. (Audit Officer, On 20-06-2022)<br>Last Updated By: Mohammed Hisham M (Senior Grade Auditor, On 13-07-2022) | 1-46 |
| 47 | അടുക്കള മുറ്റത്ത് മുട്ടക്കോഴി വളർത്തൽ 2021<br>Written By: Praseedakumari M. (Audit Officer, On 20-06-2022)<br>Last Updated By: Shaji E.K (Audit Officer, On 12-07-2022) | 1-47 |
| 48 | മട്ടുപ്പാവിൽ മുട്ടക്കോഴി വളർത്തൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Praseedakumari M. (Audit Officer, On 27-06-2022)<br>Last Updated By: Shaji E.K (Audit Officer, On 12-07-2022) | 1-48 |
| 49 | കാടയും കൂടും പദ്ധതി - നടപ്പിലാക്കിയതിലെ അപാകതകൾ<br>Written By: Praseedakumari M. (Audit Officer, On 28-06-2022)<br>Last Updated By: Shaji E.K (Audit Officer, On 15-07-2022) | 1-49 |
| 50 | സങ്കരയിനം പശുക്കളുടെ ജനിതക ഗുണം പരമാവധി ഉപയോഗിക്കൽ - നൂതനപദ്ധതി 2021 -പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ<br>Written By: Praseedakumari M. (Audit Officer, On 28-06-2022)<br>Last Updated By: Shaji E.K (Audit Officer, On 13-07-2022) | 1-50 |
| 51 | മൃഗാശുപത്രികളിലേക്ക് മരുന്ന് വാങ്ങൽ - പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ<br>Written By: Praseedakumari M. (Audit Officer, On 28-06-2022)<br>Last Updated By: Shaji E.K (Audit Officer, On 13-07-2022) | 1-51 |
| 52 | ടെക്നിക്കൽ ജീവനക്കാരുടെ സേവനം ഉറപ്പ് വരുത്താതെ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങി - ഉപയോഗമില്ലാതെ ശേഷിക്കുന്നു<br>Written By: Praseedakumari M. (Audit Officer, On 25-06-2022)<br>Last Updated By: Shaji E.K (Audit Officer, On 13-07-2022) | 1-52 |
| 53 | വ്യക്തമായ കാരണങ്ങളില്ലാതെ ടെണ്ടർ റദ്ദ് ചെയ്തു<br>Written By: Praseedakumari M. (Audit Officer, On 27-06-2022)<br>Last Updated By: Shaji E.K (Audit Officer, On 13-07-2022) | 1-53 |
| 54 | ക്യാഷ് ബുക്കും അനുബന്ധ രജിസ്റ്ററുകളും എഴുതി സൂക്ഷിക്കുന്നില്ല<br>Written By: Praseedakumari M. (Audit Officer, On 27-06-2022)<br>Last Updated By: Shaji E.K (Audit Officer, On 12-07-2022) | 1-54 |
| 55 | "സമഗ്ര വിദ്യാഭ്യാസം 2020 " സർക്കാരിൽ നിന്നും അനുമതി / ഉത്തരവ് ലഭ്യമാക്കാതെ പ്രൊജക്ട് നടപ്പിലാക്കി.<br>Written By: Dhanya K (Senior Grade Auditor, On 30-06-2022)<br>Last Updated By: Shaji E.K (Audit Officer, On 13-07-2022) | 1-55 |
| 56 | നഗരസഭ പരിധിയിലെ ഭവനങ്ങളിൽ ഫ്രഷ് ബാഗ് വിതരണം.<br>Written By: Linsha T A (Auditor, On 23-06-2022)<br>Last Updated By: Shaji E.K (Audit Officer, On 15-07-2022) | 1-56 |
| 57 | വീ - ട്ടുഗതർ<br>Written By: Linsha T A (Auditor, On 24-06-2022)<br>Last Updated By: Shaji E.K (Audit Officer, On 14-07-2022) | 1-57 |

| | | |
|---|---|---|
| 58 | തുമ്പൂർമൂഴി മാതൃകയിൽ കമ്പോസ്റ്റ് പ്ലാന്റ് സ്ഥാപിക്കൽ - അപാകതകൾ<br>Written By: Rebitha.T.P (Audit Officer, On 29-06-2022)<br>Last Updated By: Shaji E.K (Audit Officer, On 14-07-2022) | 1-58 |
| 59 | റഗുലർ ജീവനക്കാരുടെ സേവന പുസ്തക പരിശോധന – അധികം ശമ്പളം നൽകിയത് സംബന്ധിച്ച്<br>Written By: Shipin Peter.C (Asst. Audit Officer, On 01-07-2022)<br>Last Updated By: Shaji E.K (Audit Officer, On 14-07-2022) | 1-59 |
| 60 | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി.ക്ക് നൽകിയ അധിക തുക തിരികെ ഈടാക്കിയില്ല.<br>Written By: Shipin Peter.C (Asst. Audit Officer, On 22-06-2022)<br>Last Updated By: Shaji E.K (Audit Officer, On 15-07-2022) | 1-60 |
| 61 | പാലാറ്റിപാടം കുടിവെള്ള പദ്ധതിയുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക അടവാക്കിയത് സംബന്ധിച്ച്.<br>Written By: Shipin Peter.C (Asst. Audit Officer, On 22-06-2022)<br>Last Updated By: Shaji E.K (Audit Officer, On 15-07-2022) | 1-61 |
| 62 | നഗരസഭയ്ക്ക് പുറത്തുള്ള നഗരസഞ്ചയ ഭൂപ്രദേശങ്ങളിൽ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗം - രേഖകൾ ഹാജരാക്കിയില്ല<br>Written By: Devanad.T (Senior Grade Auditor, On 29-06-2022)<br>Last Updated By: Shaji E.K (Audit Officer, On 13-07-2022) | 1-62 |
| 63 | മുൻകൂറായി അനുവദിച്ച തുകകൾ സമയബന്ധിതമായി ക്രമവത്കരിക്കുന്നില്ല<br>Written By: Vinitha T (Auditor, On 02-07-2022)<br>Last Updated By: Shaji E.K (Audit Officer, On 14-07-2022) | 1-63 |
| 64 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി അവലോകനം.<br>Written By: Shipin Peter.C (Asst. Audit Officer, On 23-06-2022)<br>Last Updated By: Shaji E.K (Audit Officer, On 12-07-2022) | 1-64 |
| 65 | അമൃത് പദ്ധതി - അവലോകനം<br>Written By: Sugunan V. (Asst. Audit Officer, On 30-06-2022)<br>Last Updated By: Shaji E.K (Audit Officer, On 14-07-2022) | 1-65 |
| | **ഭാഗം 2** | |
| 1 | തൊഴിൽ നികുതി ഈടാക്കിയതിലെയും രജിസ്റ്ററുകൾ പരിപാലിക്കുന്നതിലെയും അപാകതകൾ<br>Written By: Ilyas T (Senior Grade Auditor, On 14-07-2022)<br>Last Updated By: Shaji E.K (Audit Officer, On 15-07-2022) | 2-1 |
| 2 | ഷോപ്പിംഗ് കോംപ്ലക്സ് വാടക കുടിശ്ശിക ഈടാക്കാത്തതും മറ്റ് അപാകതകളും<br>Written By: Ilyas T (Senior Grade Auditor, On 14-07-2022)<br>Last Updated By: Shaji E.K (Audit Officer, On 15-07-2022) | 2-2 |
| 3 | ബസ്സ്റ്റാന്റ് ലേലം - 18,60,000/-രൂപ നഷ്ടം.<br>Written By: Ilyas T (Senior Grade Auditor, On 14-07-2022)<br>Last Updated By: Shaji E.K (Audit Officer, On 15-07-2022) | 2-3 |
| | **ഭാഗം 3** | |
| 1 | മട്ടുപ്പാവിൽ മുട്ടക്കോഴി വളർത്തൽ - നടപടിക്രമങ്ങളിലെ വീഴ്ചകൾ.<br>Written By: Ilyas T (Senior Grade Auditor, On 14-07-2022)<br>Last Updated By: Shaji E.K (Audit Officer, On 15-07-2022) | 3-1 |
| 2 | മട്ടുപ്പാവിൽ മുട്ടക്കോഴി വളർത്തൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Ilyas T (Senior Grade Auditor, On 14-07-2022)<br>Last Updated By: Ilyas T (Senior Grade Auditor, On 14-07-2022) | 3-2 |
| 3 | സങ്കരയിനം പശുക്കളുടെ ജനിതക ഗുണം പരമാവധി ഉപയോഗിക്കൽ - നൂതനപദ്ധതി 2021 -പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ<br>Written By: Ilyas T (Senior Grade Auditor, On 14-07-2022)<br>Last Updated By: Shaji E.K (Audit Officer, On 15-07-2022) | 3-3 |
| 4 | മൃഗാശുപത്രികളിലേക്ക് മരുന്ന് വാങ്ങൽ - പദ്ധതി നടപ്പിലാക്കിയതിലെ | 3-4 |

| | | |
|---|---|---|
| | അപാകതകൾ<br>Written By: Ilyas T (Senior Grade Auditor, On 14-07-2022)<br>Last Updated By: Shaji E.K (Audit Officer, On 15-07-2022) | |
| 5 | പാലാറ്റിപാടം കുടിവെള്ള പദ്ധതിയുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക അടവാക്കിയത് സംബന്ധിച്ച്.<br>Written By: Ilyas T (Senior Grade Auditor, On 14-07-2022)<br>Last Updated By: Ilyas T (Senior Grade Auditor, On 14-07-2022) | 3-5 |
| 6 | അമൃത് പദ്ധതി - അവലോകനം<br>Written By: Ilyas T (Senior Grade Auditor, On 14-07-2022)<br>Last Updated By: Ilyas T (Senior Grade Auditor, On 15-07-2022) | 3-6 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Ilyas T (Senior Grade Auditor, On 02-07-2022)<br>Last Updated By: Shaji E.K (Audit Officer, On 14-07-2022) | 4-1 |
| 2 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Ilyas T (Senior Grade Auditor, On 02-07-2022)<br>Last Updated By: Shaji E.K (Audit Officer, On 12-07-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Ilyas T (Senior Grade Auditor, On 05-07-2022)<br>Last Updated By: Shaji E.K (Audit Officer, On 12-07-2022) | 4-3 |
| 4 | വായ്പയും തിരിച്ചടവും<br>Written By: Ilyas T (Senior Grade Auditor, On 01-07-2022)<br>Last Updated By: Shaji E.K (Audit Officer, On 14-07-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങളുടേയും ഓഹരികളുടെയും വിവരങ്ങൾ<br>Written By: Ilyas T (Senior Grade Auditor, On 01-07-2022)<br>Last Updated By: Shaji E.K (Audit Officer, On 14-07-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Ilyas T (Senior Grade Auditor, On 01-07-2022)<br>Last Updated By: Shaji E.K (Audit Officer, On 12-07-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Ilyas T (Senior Grade Auditor, On 14-06-2022)<br>Last Updated By: Shaji E.K (Audit Officer, On 14-07-2022) | 4-7 |
| 8 | ചാർജ്-സർചാർജ് നടപടികൾ സ്വീകരിച്ചതിന്റെ വിവരം<br>Written By: Ilyas T (Senior Grade Auditor, On 14-06-2022)<br>Last Updated By: Shaji E.K (Audit Officer, On 12-07-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Ilyas T (Senior Grade Auditor, On 05-07-2022)<br>Last Updated By: Shaji E.K (Audit Officer, On 15-07-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Ilyas T (Senior Grade Auditor, On 14-06-2022)<br>Last Updated By: Shaji E.K (Audit Officer, On 12-07-2022) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

കേരള മുനിസിപ്പാലിറ്റി നിയമം 286-ാം വകുപ്പ് പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു ബജറ്റ് തയ്യാറാക്കേണ്ടതും അത് പ്രസ്തുത സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർമാൻ മാർച്ച് മാസം ആദ്യത്തെ ആഴ്ച കഴിയുന്നതിന് മുമ്പ് കൗൺസിലിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുമാണ്. ആയതനുസരിച്ച് കോഴിക്കോട് നഗരസഭ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ 2020-21 വർഷത്തെ വാർഷിക ബഡ്ജറ്റ് 09-03-2020- ന് കൗൺസിൽ മുമ്പാകെ സമർപ്പിക്കുകയും 30-3-2020-ലെ 1-ാം നമ്പർ തീരുമാന പ്രകാരം കോർപ്പറേഷൻ കൗൺസിൽ പ്രസ്തുത ബഡ്ജറ്റ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കൗൺസിൽ അംഗീകരിച്ച ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് 703,44,86,881/-ഉം പ്രതീക്ഷിത ചെലവ് 667,83,27,881/-രൂപയും നീക്കിയിരിപ്പ് 35,61,59,000/- രൂപയുമാണ്. നഗരസഭ കൗൺസിലിന്റെ 18-2-2021-ലെ 1-ാം നമ്പർ തീരുമാന പ്രകാരം ബഡ്ജറ്റ് പുതുക്കിയിട്ടുണ്ട്. പുതുക്കിയ ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് 698,06,27,530/- ഉം പ്രതീക്ഷിത ചെലവ് 631,97,05,401/- യും നീക്കിയിരിപ്പ് 66,09,22,129/- രൂപയുമാണ്.വരവുകളുടെ മതിപ്പ് വാസ്തവികമല്ല . കേരള മുനിസിപ്പാലിറ്റി നിയമം 293-ാം വകുപ്പ് 3-ാം ഉപവകുപ്പ് പ്രകാരം വരവുകളുടെ മതിപ്പ് വാസ്തവികമായിരിക്കേണ്ടതാണ്. മുൻവർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു വ്യതിയാനത്തോടൊപ്പവും വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതാണ്. നഗരസഭയുടെ തൻവർഷത്തെ ബഡ്ജറ്റ് യഥാർത്ഥ വരവുചെലവുകളുമായി വളരെ അന്തരമുള്ളതാണ്. തൻവർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് 698,06,27,530/- രൂപയും വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് ₹418,34,92,269/- രൂപയുമാണ്. മുൻവർഷത്തെ വാർഷിക കണക്കുകൾ പ്രകാരമുള്ള യഥാർത്ഥ വരവിനേക്കാൾ തൻവർഷത്തെ ബഡ്ജറ്റിൽ പലയിനം വരവുകളിലും ഗണ്യമായ വ്യത്യാസം ഉണ്ട്. എന്നാൽ ആയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ഡിറ്റൈൽഡ് ഹെഡ് കോഡ് | ഇന വിവരം | തൻവർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | മുൻവർഷത്തെ വാർഷിക കണക്കുകൾ പ്രകാരമുള്ള വരുമാനം | വ്യത്യാസം |
|---|---|---|---|---|---|
| 1 | 1100101 | വസ്തു നികുതി | 47,00,00,000 | 33,75,02,641 | 13,24,97,359 |
| 2 | 1101001 | തൊഴിൽ നികുതി | 18,50,00,000 | 15,57,28,510 | 2,92,71,490 |
| 3 | 1401201 | കെട്ടിട നിർമ്മാണ ഫീസ് | 9,50,00,000 | 4,96,72,461 | 4,53,27,539 |
| 4 | 1405099 | മറ്റ് യൂസർ ചാർജ്ജുകൾ | 25,00,000 | 7,45,135 | 17,54,865 |
| 5 | 1405004 | വൈദ്യുതി ചാർജ്ജുകൾ | 15,00,000 | 3,45,292 | 11,54,708 |

വാസ്തവികമല്ലാത്ത ബഡ്ജറ്റ് തയ്യാറാക്കുന്നത് മൂലം ബഡ്ജറ്റ് തയ്യാറാക്കുന്നതിന്റെ ഉദ്ദേശ്യ ലക്ഷ്യമായ സാമ്പത്തിക മാനേജ്മെന്റ് സാധ്യമാകാതെ വരുന്നു. യഥാർത്ഥ വരവിനേക്കാൾ പെരുപ്പിച്ചുകാണിക്കുന്ന ബഡ്ജറ്റ് തയ്യാറാക്കുന്നത് മൂലം ഉകവകയിരുത്തി പദ്ധതികൾ എല്ലാം നടപ്പിലാക്കുന്ന സാഹചര്യം ഉണ്ടാകുകയാണെങ്കിൽ, നടപ്പിലാക്കിയ എല്ലാ പദ്ധതികളുടെയും ചെലവ് ഉക നൽകാൻ കഴിയാത്ത അവസ്ഥ ഉണ്ടാകും. ആയതിനാൽ യഥാർത്ഥ്യ ബോധ്യത്തോടെ ബഡ്ജറ്റ് തയ്യാറാക്കേണ്ടതാണ്.

ബഡ്ജറ്റിൽ വകയിരുത്തൽ ഇല്ലാത്ത ഇനങ്ങൾക്കും വകയിരുത്തിയ ചില ഇനങ്ങൾക്ക് നാമമാത്രമായും ഉക ചെലവഴിച്ചു.

കേരള മുനിസിപ്പാലിറ്റി നിയമം 293-ാം വകുപ്പ് 6-ാം ഉപവകുപ്പ് പ്രകാരം അനിവാര്യമായ അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് പ്രാബല്യത്തിലുള്ളതായ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു ഉകയും ചെലവാക്കാൻ പാടില്ലാത്തതാകുന്നു. ആയതിനാൽ ബഡ്ജറ്റിൽ

വകയിരുത്തിയതിൽ കവിഞ്ഞ ഏതെങ്കിലും ഒരു ചെലവ് നഗരസഭ വരുത്തിവെയ്ക്കാൻ പാടില്ലാത്തതാണ്.എന്നാൽ സ്ഥാപനത്തിന്റെ 2020-21 വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ ഉൾപ്പെടാത്ത പല ഇനങ്ങൾക്കും, വലിയ തുക വകയിരുത്തിയ ചില ഇനങ്ങൾക്ക് നാമമാത്രമായും തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഡീറ്റൈൽഡ് ഹെഡ് കോഡ് | ഇനം | 2020-21 വർഷത്തെ റിവൈസ്ഡ് ബഡ്ജറ്റ് പ്രകാരം വകയിരുത്തൽ | 2020-21 വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം ചെലവ് |
|---|---|---|---|---|
| 1 | 21010030 | ബോണസ് | 45,00,000 | 37,16,540 |
| 2 | 22010010 | വാടക | 2,00,000 | 1,32,961 |
| 3 | 21010020 | വേതനം | 4,50,00,000 | 3,52,09,240 |
| 4 | 21020010 | യാത്ര ബത്ത (ജീവനക്കാരുടെയും ജനപ്രതിനിധികളുടെയും) | 3,00,000 | 1,58,814 |
| 5 | 21020020 | മറ്റ് അലവൻസുകൾ | 50,00,000 | 2,187,749 |
| 6 | 21020030 | ജനപ്രതിനിധികളുടെ പ്രതിമാസ മാന വേതനവും ഹാജർ ബത്തയും | 80,00,000 | 64,60,341 |
| 7 | 21020049 | മറ്റ് ആനുകൂല്യങ്ങളും ബത്തകളും | 25,00,000 | 2,55,300 |
| 8 | 220110200 | വാട്ടർ ചാർജ് | 25,00,000 | 5,72,165 |
| 9 | 220120100 | ടെലഫോൺ ചാർജ്ജ് | 18,00,000 | 10,21,872 |
| 10 | 220120200 | പോസ്റ്റേജ് എക്സ്പെൻസ് | 2,00,000 | 250 |
| 11 | 220210100 | പ്രിന്റിംഗ് ആന്റ് സ്റ്റേഷനറി | 65,00,000 | 32,08,464 |
| 12 | 220400100 | ഇൻഷൂറൻസ് | 15,00,000 | 9,92,403 |
| 13 | 2205001 | ഓഡിറ്റ് ഫീസ് | 10,00,000 | 000 |
| 14 | 220800200 | ഫെസ്റ്റിവൽ എക്സ്പെൻസ് | 2,00,000 | 2050 |
| 15 | 210200401 | യൂണിഫോംസ് | 000 | 7,28,900 |
| 16 | 250401300 | വികസന ഫണ്ട് പ്രോഗ്രാം-സാമൂഹ്യക്ഷേമം | 000 | 2,05,200 |
| 17 | 250401500 | വികസന ഫണ്ട് പരിപാടികൾ-പട്ടികജാതി/പട്ടികവർഗ്ഗ വികസനം | 000 | 25,58,765 |
| 18 | 2531001 | വികസന ഫണ്ട് പരിപാടികൾ-നെൽകൃഷി | 6,42,500 | 000 |

യാഥാർത്ഥ്യ ബോധ്യത്തോടെ ബഡ്ജറ്റ് തയ്യാറാക്കാത്തതാണ് മേൽ വീഴ്ചയ്ക്ക് കാരണമായത്. പലയിനങ്ങൾക്കും തുക വകയിരുത്താതെയിരിക്കുകയും തുക വകയിരുത്തിയ പലയിനങ്ങളിലും യാതൊരു ചെലവും വരാതിരിക്കുകയും വൻതുക വകയിരുത്തിയ മറ്റ് പലയിനങ്ങളിലും നാമമാത്ര ചെലവ് നടത്തുകയും ചെയ്തിരിക്കുന്നു. യാഥാർത്ഥ്യവുമായി ബന്ധമില്ലാത്ത ഒരു ബഡ്ജറ്റ് ഉണ്ടാക്കുക വഴി നിയമപരമായ ഒരു കടമ നിർവ്വഹിക്കുക മാത്രമാണ് നഗരസഭ ചെയ്തിട്ടുള്ളത്. ഇപ്രകാരമുള്ള ഒരു ബഡ്ജറ്റ് സാമ്പത്തിക നിയന്ത്രണം സാധ്യമാക്കാനോ സ്ഥാപനത്തിന്റെ പ്രകടനം

മെച്ചപ്പെടുത്താനോ ഉതകുന്നതല്ല. മെച്ചപ്പെട്ട സാമ്പത്തിക ആസൂത്രണം ബഡ്ജറ്റ് വഴി സാധ്യമാകണം. സ്ഥാപനത്തിന്റെ ഉയർച്ച ലക്ഷ്യം വെച്ചുകൊണ്ടുള്ള ക്രിയാത്മകമായ ബഡ്ജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ബഡ്ജറ്റ് നിയന്ത്രണം

1994-ലെ കേരള കേരള മുനിസിപ്പാലിറ്റി നിയമം 22(ഐ) (I) (Vii)(viii), 286 മുതൽ 289 വരെ എന്നിവ പ്രകാരം ബഡ്ജറ്റുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും കൈകാര്യം ചെയ്യേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ്. എല്ലാ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അക്കൗണ്ടുകൾ ഓഡിറ്റ് ചെയ്യേണ്ടതും മുൻമാസത്തെ സാമ്പത്തിക സ്ഥിതി വിലയിരുത്തുകയും ചെയ്യേണ്ടതാണ്. സമയബന്ധിതമായി വിഭവ സമാഹരണം നടക്കുന്നുണ്ടോ എന്നും ബഡ്ജറ്റിൽ നിന്നും വ്യതിചലിച്ചു കൊണ്ട് യാതൊരു ചെലവും നടത്തുന്നില്ല എന്നും ഉറപ്പുവരുത്തണം. (കേരള മുനിസിപ്പാലിറ്റി നിയമം 293(6)-ാം വകുപ്പ്) ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ചെലവ് നടത്തേണ്ട ഒരു അനിവാര്യമായ അടിയന്തിര സാഹചര്യം വരുകയാണെങ്കിൽ അനുപൂരകമോ പുതുക്കിയതോ ആയ ഒരു ബഡ്ജറ്റ് തയ്യാറാക്കി ഭരണ സമിതിയുടെ അംഗീകാരം വാങ്ങണം. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗ മിനിട്ട്സ് പരിശോധനയിൽ നിന്നും മുൻമാസങ്ങളിലെ വരവ് ചെലവുകൾ പ്രതിമാസം അംഗീകരിക്കുന്നതിൽ ഉപരിയായി മേൽ പറഞ്ഞ ചുമതലകൾ വഹിക്കുന്നത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ കണ്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതും ആയതു സംബന്ധിച്ച രേഖകൾ സൂക്ഷിക്കേണ്ടതുമാണ്. സാമ്പത്തിക കാര്യങ്ങളിൽ ആവശ്യമായ ഉപദേശങ്ങളും, മാർഗ്ഗ നിർദ്ദേശങ്ങളും യഥാസമയങ്ങളിൽ നൽകുന്നതിൽ ഭരണ സമിതിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 30.07.2021 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 680114616.78 |
| വരവ് | 4183492269 |
| ആകെ | 4863606885.78 |
| ചെലവ് | 3886998792 |
| നീക്കിയിരിപ്പ് | 976608093.78 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ബജറ്റ് അലോട്ട്മെന്റ് | തൻവർഷ അലോട്ട്മന്റ് പ്രകാരമുള്ള വരവ് | ആകെ | ചെലവ് | ചെലവ് % | സഞ്ചിത നിധിയിലേക്ക് പോയ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (പൊതു വിഭാഗം) | 577999000 | 819779754 | 819779754 | 819219080 | 99.93 | 560674 |
| വികസന ഫണ്ട് (എസ്.സി.പി) | 87931000 | 87931000 | 87931000 | 84015387 | 95.54 | 3915613 |
| വികസന ഫണ്ട് (ടി.എസ്.പി) | 3486000 | 0 | 0 | 0 | 0 | 0 |
| 14ാം ധനകാര്യ കമീഷൻ ഗ്രാന്റ് | 671430000 | 335715000 | 335715000 | 335228073 | 99.85 | 486927 |
| 14ാം ധനകാര്യ കമീഷൻ ഗ്രാന്റ് (ടൈഡ് ഗ്രാന്റ് ) | | 570000000 | 570000000 | 162061225 | 28.43 | 407938775 |
| സംരക്ഷണ ഗ്രാന്റ് | 281628000 | 281628000 | 281628000 | 281628000 | 100 | 0 |

| | | | | | | |
|---|---|---|---|---|---|---|
| (റോഡ്) | | | | | | |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 154963000 | 153395653 | 153395653 | 123960475 | 80.81 | 29435178 |

നഗരസഭ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം മറ്റ് പ്രവർത്തനങ്ങൾക്കായിട്ടുള്ള ഫണ്ടുകൾ

| ക്രമ നം | ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1 | സാക്ഷരത | നഗരസഭ വിവരം ലഭ്യമാക്കിയിട്ടില്ല | | | | |
| 2 | ദുരിതാശ്വാസ നിധി | 1259276 | 53501 | 1312777 | 1214000 | 98777 |
| 3 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 4444233 | 17854905 | 22299138 | 19048411 | 3250727 |
| 4 | എൻ.യു.എൽ.എം | 6773957 | 9905943 | 16679900 | 11738996 | 4940904 |
| 5 | ആർ.എം.എസ്.എ | 6550590 | 182209 | 6732799 | 4722358 | 2010441 |
| 6 | അമൃത് പദ്ധതി ഫണ്ട് | 1655929 | 578975291 | 580631220 | 365714630 | 214916590 |
| 7 | പി.എം.എ.വൈ | 72476398 | 31928996 | 391766394 | 168555203 | 223211191 |
| 8 | എസ്.എൻ.പി. | 30958724 | 16951448 | 47910172 | 39631982 | 8278190 |
| 9 | ആർ.എ.വൈ. | 2354337 | 3178803 | 5533140 | 453150 | 5079990 |
| 10 | പൈക്ക | 648038 | 0 | 648038 | 0 | അക്കൗണ്ട് അവസാനിപ്പിച്ച തുക തനത് ഫണ്ടിലേക്ക് മാറ്റി |
| 11 | ബി ഫണ്ട് | 0 | 1228418975 | 0 | 1228418975 | 0 |
| 12 | പൊതു ആവശ്യ ഗ്രാന്റ് | 23961304 | 287349000 | 311310304 | 310300207 | 1010097 |
| 13 | എം.പി.ഫണ്ട് (സി.ഡി.എ) | 114233 | 3634 | 117867 | 36 | 117831 |

## 1-5 പദ്ധതി അവലോകനം

2020-21 സാമ്പത്തിക വർഷത്തിൽ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ.

| നിർവഹണോദ്യോഗസ്ഥൻ | പദ്ധതി കളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികൾ | വകയിരു ത്തിയ തുക | ചെലവ് തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 30 | 29 | 23602250 | 16405363 | 69.5 |
| സബ് ഇൻസ്പെകടർ ഓഫ് ഫിഷറീസ് | 11 | 9 | 19221181 | 9456801 | 49.19 |
| നഗരസഭ സെക്രട്ടറി | 20 | 16 | 216656935 | 68179695 | 31.46 |

| | | | | | |
|---|---|---|---|---|---|
| വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർ | 24 | 13 | 93803314 | 67044938 | 71.47 |
| നഗരദാരിദ്ര്യ നിർമാർജന സെൽ പ്രോജക്ട് ഓഫീസർ | 21 | 20 | 258807500 | 169595283 | 65.52 |
| പട്ടികജാതി വികസന ഓഫീസർ | 28 | 28 | 98696603 | 72319055 | 73.27 |
| ഡപ്യൂട്ടി ഡയറക്ടർ (ക്ഷീര വികസനം) | 2 | 2 | 2500000 | 2500000 | 100 |
| ഹെൽത്ത് ഓഫീസർ | 21 | 12 | 110924867 | 58751079 | 52.96 |
| സീനിയർ വെറ്ററിനറി സർജൻ | 20 | 19 | 44283891 | 26465737 | 59.76 |
| വെറ്ററിനറി സർജൻ | 2 | 2 | 8417272 | 7381121 | 87.69 |
| വ്യവസായ വികസന ഓഫീസർ | 4 | 3 | 2490000 | 320000 | 12.85 |
| ശിശു വികസന പദ്ധതി ഓഫീസർ | 31 | 27 | 119950116 | 70943202 | 59.14 |
| ഹെൽത്ത് സൂപ്പർവൈസർ | 26 | 19 | 86542949 | 48532848 | 56.07 |
| കോർപ്പറേഷൻ എഞ്ചിനീയർ | 15 | 09 | 276633731 | 197445007 | 71.37 |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ (ത.സ്വ.ഭ.വ) | 395 | 221 | 908908104 | 408137399 | 44.90 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ത.സ്വ.ഭ.വ) | 636 | 429 | 760956951 | 560953525 | 73.71 |
| ആകെ | 1286 | 858 | 3032395664 | 1784431053 | 59 |

## 1-6 തനത് വരുമാനം

വാർഷിക കണക്കുകൾ പ്രകാരം മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം +.98 % ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | % (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 635818893 | 633078052 | 2740841 | -1 |
| നികുതിയേതര വരവുകൾ | 221368312 | 235574319 | 14206007 | +.94 |
| ആകെ | 857187205 | 868652371 | 11465166 | +.98 |

വാർഷിക കണക്കുകൾ പ്രകാരം (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ.15) നികുതി/ നികുതിയേതരയിനത്തിൽ താഴെ പറയും പ്രകാരം കുടിശ്ശികയുണ്ട്.

| ക്രമ നം. | ഇനം | തുക |
|---|---|---|
| 1. | തൻവർഷ വസ്തു നികുതി | 98326051.69 |
| 2. | വസ്തു നികുതി കുടിശ്ശിക | 33499394.09 |
| 3. | തൻവർഷ തൊഴിൽ നികുതി | 2473900 |
| 4. | തൊഴിൽ നികുതി കുടിശ്ശിക | 274999.83 |
| 5. | പരസ്യനികുതി | 965188 |
| 6. | തൻവർഷ ലൈസൻസ് ഫീസ് | 294410 |
| 7. | ലൈസൻസ് ഫീസ് കുടിശ്ശിക | 3618 |
| 8. | തൻവർഷ കെട്ടിട വാടക | 68589648 |
| 9. | കെട്ടിട വാടക കുടിശ്ശിക | 10241688.44 |
| 10. | തൻവർഷ ഭൂമി വാടക | 3502613 |
| 11. | ഭൂമി വാടക കുടിശ്ശിക | 35096 |
| 12. | മറ്റുള്ളവ | 1324480030 |

മേൽ ഇനങ്ങളിൽ ഒന്നിന്റെ പോലും രജിസ്റ്ററുകൾ കൃത്യമായി രേഖപ്പെടുത്തലുകൾ നടത്തി കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തിനാൽ (ചില വിഷയത്തിൽ ചില സെക്ഷനുകൾ മാത്രം സൂക്ഷിക്കുന്നുണ്ട്.) ഓഡിറ്റിൽ സമർപ്പിച്ച വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ മേൽ കണക്കുകളുടെ നിജസ്ഥിതി പരിശോധിക്കാനായിട്ടില്ല. രജിസ്റ്ററുകൾ പൂർണമാക്കി സൂക്ഷിക്കാത്തതിനാൽ മേൽ സൂചിപ്പിച്ച തുകകളൊന്നിന്റെയും കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. ആരൊക്കെയാണ് മേൽ കുടിശ്ശിക വരുത്തിയതെന്ന് സംബന്ധിച്ച് മേൽ തുകകൾ സാധൂകരിക്കുന്ന തരത്തിൽ പട്ടിക നഗരസഭയിൽ ലഭ്യമല്ല. ഇത്രയും ഭീമമായ കുടിശ്ശിക വന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതും കുടിശ്ശിക പിരിച്ചെടുക്കാനുള്ള സത്വര ശ്രദ്ധ പതിപ്പിക്കേണ്ടതുമാണ്.

## 1-7 ക്ഷേമ പദ്ധതികൾ

വിവിധ ക്ഷേമ പദ്ധതികളിലൂടെ തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 7854530 | 730 |
| വിധവാ പെൻഷൻ | 344886660 | 13218 |
| വാർദ്ധക്യകാല പെൻഷൻ | 518462520 | 33164 |
| വികലാംഗ പെൻഷൻ | 88728560 | 2668 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 50969640 | 1902 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 1380000 | 46 |
| മിശ്ര വിവാഹ ധനസഹായം | 210000 | 7 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ.

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6 (4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന എല്ലാ മാസവും സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തിയിട്ടുണ്ട്. പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ അതതു സമയം പ്രത്യേക റിപ്പോർട്ടുകളായി നഗരസഭ സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

## 1-9 ആഭ്യന്തര നിയന്ത്രണം

കോഴിക്കോട് നഗരസഭയെ സംബന്ധിച്ച സംക്ഷിപ്ത വിവരം താഴെ നൽകുന്നു

| | | |
|---|---|---|
| റവന്യു വാർഡുകൾ | | 86 |
| ഇലക്ടറൽ വാർഡുകൾ | | 75 |
| വിസ്തീർണം | | 118.58 ച.കി.മീ |
| 2011 ലെ ജനസംഖ്യ | | 6,09,224 |
| അതിരുകൾ | വടക്ക് | കോരപ്പുഴ |
| | | കക്കോടി ഗ്രാമപഞ്ചായത്ത് |
| | | കുരുവട്ടൂർ ഗ്രാമപഞ്ചായത്ത് |
| | കിഴക്ക് | കുന്ദമംഗലം ഗ്രാമപഞ്ചായത്ത് |
| | | പെരുവയൽ ഗ്രാമപഞ്ചായത്ത് |
| | | ഒളവണ്ണ ഗ്രാമപഞ്ചായത്ത് |
| | തെക്ക് | ചാലിയാർ |
| | പടിഞ്ഞാറ് | അറബിക്കടൽ |

കോഴിക്കോട് ബീച്ചിൽ സ്ഥിതി ചെയ്യുന്ന മുഖ്യ കാര്യാലയം, എലത്തൂർ, ചെറുവണ്ണൂർ-നല്ലളം, ബേപ്പൂർ മേഖല കാര്യാലയങ്ങൾ എന്നിങ്ങനെയാണ് നഗരസഭയുടെ പ്രവർത്തനം ഭരണ സൗകര്യത്തിനായി വിഭജിച്ചിരിക്കുന്നത്. മുഖ്യ കാര്യാലയത്തിലെ ഉദ്യോഗസ്ഥരെ പ്രധാനമായും താഴെ പറയുന്ന വിഭാഗങ്ങളിലായിവിന്യസിച്ചിരിക്കുന്നു.

| ക്രമ നം. | വിഭാഗം |
|---|---|
| 1. | ജനറൽ വിഭാഗം |
| 2. | അക്കൗണ്ട്സ് വിഭാഗം |
| 3. | പ്ലാനിംഗ് വിഭാഗം |
| 4. | കൗൺസിൽ വിഭാഗം |
| 5. | റവന്യൂ - നികുതി വിഭാഗം |
| 6. | റവന്യൂ - നികുതിയേതര വിഭാഗം |
| 7. | ഹെൽത്ത് വിഭാഗം |
| 8. | കുടുംബശ്രീ വിഭാഗം |
| 9. | എഞ്ചിനീയറിംഗ് വിഭാഗം |
| 10. | ടൗൺ പ്ലാനിംഗ് വിഭാഗം |

കുറ്റമറ്റ രീതിയിലുള്ള ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലൂടെ മാത്രമേ ഏതൊരു സ്ഥാപനത്തിനും കാര്യക്ഷമതയും പ്രസ്തുത സ്ഥാപനത്തിലൂടെ പൊതുജനങ്ങൾക്ക് നൽകുന്ന സേവനവും ഉറപ്പുവരുത്താൻ സാധിക്കൂ. മുൻ റിപ്പോർട്ടുകളിൽ സൂചിപ്പിച്ചവയ്ക്ക് പുറമെ താഴെ പറയുന്ന കാര്യങ്ങൾ കൂടി ആഭ്യന്തര നിയന്ത്രണവുമായി ബന്ധപ്പെട്ട് സൂചിപ്പിക്കുന്നു.

1. നഗരസഭയുടെ വിവിധ വിഭാഗങ്ങൾ തമ്മിലെ ഏകോപനമില്ലായ്മ സുഗമമായ പ്രവർത്തനത്തിനു വിഘാതമാവുന്നുണ്ട്. ഉദാഹരണങ്ങൾ; പരാതിയുടെ അടിസ്ഥാനത്തിൽ 2022 ഏപ്രിലിൽ ഓഡിറ്റ് വിഭാഗവും നഗരസഭയും ഒരു വാർഡിൽ പരിശോധന നടത്തുകയും പാർപ്പിടാവശ്യത്തിന് നമ്പറിട്ട കെട്ടിടങ്ങളിൽ ടൈലറിംഗ് യൂനിറ്റ്, ഡെന്റൽ ക്ലിനിക്ക് എന്നിവ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽ പെടുകയും ചെയ്തു. ഇവയിൽ ഒരു സ്ഥാപനത്തിൽ നിന്നു മാത്രമാണ് തൊഴിൽ നികുതി ഈടാക്കിയതായി കണ്ടത്. നഗരസഭയുടെ വസ്തു നികുതി വിഭാഗവും, ഡി ആന്റ് ഒ ലൈസൻസ് അനുവദിക്കുന്ന ഹെൽത്ത് വിഭാഗവും, തൊഴിൽ നികുതി വിഭാഗവും ഫീൽഡ് തല നികുതി ശേഖരണം നടത്തുന്ന ഉദ്യോഗസ്ഥരും തമ്മിലെ ഏകോപനമില്ലായ്മയാണ് ഇതിനു കാരണം. നഗരസഭയിൽ ധാരാളം വാണിജ്യ കെട്ടിടങ്ങൾക്ക് നമ്പറിട്ടുനൽകുന്നുണ്ടെങ്കിലും പ്രസ്തുത കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ ഇല്ലയോ എന്നുള്ള വിവരങ്ങൾ തൊഴിൽ നികുതി വിഭാഗത്തിൽ ലഭ്യമല്ല. മാത്രവുമല്ല ഇത്തരം കെട്ടിടങ്ങളുടെ ഉടമസ്ഥർക്ക് നോട്ടീസ് നൽകി വിശദാംശങ്ങൾ ശേഖരിക്കുന്ന രീതി അനുവർത്തിക്കുന്നുമില്ല.

2. കോർപ്പറേഷനിലെ വിവിധ വകുപ്പുകൾ അതാത് വകുപ്പുകളുടെ പ്രധാന ചുമതലയിൽ നിന്നും വ്യതിചലിക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്ന പ്രവണതയും കാണപ്പെടുന്നു. ആരോഗ്യസംരക്ഷണം, ശുചിത്വ പരിപാലനം തുടങ്ങിയ പ്രവർത്തനങ്ങളിൽ ഇടപെടുന്നതിനു പ്രാമുഖ്യം നൽകേണ്ട ഹെൽത്ത് വിഭാഗം സംരംഭകത്വ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുക, മരണ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട അന്വേഷണം നടത്തുക തുടങ്ങിയ ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട ഉപപ്രവർത്തനങ്ങൾക്കായി സമയം നീക്കിവെക്കേണ്ട സാഹചര്യം ഉണ്ടാവുന്നു. ഓൺലൈനും അല്ലാതെയും ആയിട്ടുള്ള അക്കൗണ്ടിംഗ് നടപടികളിലും വാർഷിക ധനകാര്യപത്രികയുടെ ക്രോഡീകരണത്തിലും ശ്രദ്ധ ഊന്നേണ്ട അക്കൗണ്ട്സ് വിഭാഗം വിവിധങ്ങളായ ക്ലെയിമുകളും ബില്ലുകളും പാസാക്കി നൽകുന്ന പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുന്ന സാഹചര്യമാണ്.

നഗരസഭയുടെ നികുതി നികുതിയേതര വരുമാനസ്രോതസ്സുകൾ പൂർണമായും കണ്ടെത്തി പിരിച്ചെടുക്കുന്നതിലും കുടിശികസംബന്ധമായ വ്യക്തമായ കണക്കുകൾ പ്രത്യേകിച്ച് വസ്തുനികുതി ഇനത്തിലുള്ളത് സൂക്ഷിക്കുന്നതിലും റവന്യൂ വിഭാഗവും വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല

3. 75 വാർഡുകളിലായി 118.58 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിൽ വിശാലമായ ഭൂപ്രകൃതിയും ഏകദേശം 6 ലക്ഷത്തിലധികം ജനസംഖ്യയും ആണ് കോഴിക്കോട് നഗരസഭയിൽ ഉള്ളത്. മുഖ്യകാര്യാലയം, 3 മേഖല കാര്യാലയങ്ങൾ കൂടാതെ കേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി കൈമാറ്റം ചെയ്യപ്പെട്ട വിവിധ വകുപ്പുകളുടെ ഓഫീസുകൾ എന്നിവിടങ്ങളിലായി നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇപ്രകാരമുള്ള വിപുലമായ പ്രവർത്തന മേഖല ഭരണതലത്തിലെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് വിഘാതമാകുന്നുണ്ട്.

4. തൻവർഷം 1286 പദ്ധതികൾ ആസൂത്രണം ചെയ്തതിൽ 428 എണ്ണം തീരെ നടപ്പിലാക്കിയിട്ടില്ല. തങ്ങളുടെ കഴിവിലും മേൽനോട്ട പരിധിയിലും കവിഞ്ഞ് പദ്ധതികൾ രൂപീകരിച്ച് നിർവഹണ ഉദ്യോഗസ്ഥർക്ക് ചുമതല നൽകുന്നത് പദ്ധതികൾ നടപ്പിലാക്കുന്നതിലും നടപ്പിലാക്കിയവയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിലും ലക്ഷ്യം കൈവരിക്കുന്നതിലും പ്രയാസം സൃഷ്ടിക്കുന്നുണ്ട്.

5. 45 അക്കൗണ്ടുകളാണ് നഗരസഭയുടെ വാർഷിക കണക്കിലുള്ളത്. പദ്ധതികൾക്കായും നികുതി വരവ് സ്വീകരിക്കുന്നതിനുമായി പുതിയ അക്കൗണ്ടുകൾ ആരംഭിക്കുകയും ഇവയുടെ പഴയ അക്കൗണ്ടിൽ ഇടപാടുകൾ തുടരുന്നതും ആയി കാണുന്നുണ്ട്. പലിശ വരവ് മാത്രമുള്ള ചില അക്കൗണ്ടുകൾ നഗരസഭ നിലനിർത്തുന്നുമുണ്ട്.

ആവശ്യമായ നടപടികൾ സ്വീകരിച്ച് അക്കൗണ്ടുകളുടെ എണ്ണം കുറക്കാൻ നടപടി സ്വീകരിക്കാവുന്നതാണ്.

6. ജോലി ഭാരത്തിന്റെ അടിസ്ഥാനത്തിൽ സെക്ഷനുകൾ വിഭജിക്കുകയോ പുനക്രമീകരിക്കുകയോ ചെയ്തു കൊണ്ടും സോഫ്റ്റ്‌വെയറുകളുടെ വിന്യാസം, പദ്ധതികളുടെയും വരുമാന സ്രോതസ്സുകളുടെയും വർദ്ധനവ് എന്നിവ ഉൾക്കൊണ്ട് കാലോചിതമായ രീതിയിൽ കാര്യാലയ ഉത്തരവ് പരിഷ്കരിച്ച് ഇറക്കുന്നത് കാര്യക്ഷമത വർധിപ്പിക്കുമെന്ന് അഭിപ്രായപ്പെടുന്നു.

7. നഗരസഭയിലെ വിവിധ സെക്ഷനുകൾക്ക് നൽകിയിരിക്കുന്ന സീറ്റ് നമ്പറുകൾ വിഭാഗത്തെ തിരിച്ചറിയാൻ പ്രയാസമുള്ള രീതിയിലാണ്. ഉദാഹരണത്തിന്: കൗൺസിൽ വിഭാഗത്തിലെ സെക്ഷൻ നമ്പറുകൾ ഡി1, ഡി2 എന്നിങ്ങനെയും ജനറൽ വിഭാഗത്തിലെ നമ്പറുകൾ സി 1, സി2 എന്നിങ്ങനെയുമാണ്. ആയത് മാറ്റി ടൗൺ പ്ലാനിംഗ് വിഭാഗത്തിനു ഇഷ്യൂ ചെയ്തതു പോലെ (ടി.പി1, ടി.പി2 എന്നിങ്ങനെ) അവരുടെ വിഭാഗവുമായി ബന്ധം പുലർത്തുന്ന രീതിയിലാവുന്നത് നല്ലതായിരിക്കുമെന്ന് അഭിപ്രായപ്പെടുന്നു.

8. ഓഡിറ്റിനു രേഖകൾ സമർപ്പിക്കുന്ന കാര്യത്തിൽ വളരെയധികം അവധാനത കാണിക്കുന്നുണ്ട്. 2020-21 വർഷത്തെ ഓഡിറ്റ് ആവശ്യാർത്ഥം 46 ഓഡിറ്റ് റിക്വിസിഷനുകൾ നൽകിയതിൽ 8 എണ്ണത്തിനു മാത്രമാണ് നിഷ്കർഷിച്ച സമയത്തിനുള്ളിൽ നടപടി സ്വീകരിച്ചത്. വസ്തു നികുതിയുമായി ബന്ധപ്പെട്ട രേഖകൾക്കായി റിക്വിസിഷൻ, റവന്യൂ ഓഫീസറെ നേരിൽ കാണൽ, സമൻസ് അയക്കൽ എന്നിങ്ങനെയുള്ള ഔദ്യോഗികവും അനൗദ്യോഗികവുമായ നടപടികൾ സ്വീകരിച്ച ശേഷമാണ് ഭാഗികമായെങ്കിലും ഫയലുകൾ ഹാജരാക്കിയത്. വസ്തു നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾക്കും മറ്റ് വിവരങ്ങൾക്കുമായുള്ള ഓഡിറ്റ് അന്വേഷണങ്ങൾക്കു അവ സഞ്ചയയിലാണുള്ളതെന്നും സഞ്ചയ ജോലികൾ പൂർണതയിലെത്തിയിട്ടില്ല എന്നുമുള്ള മറുപടിയാണ് ലഭിച്ചത്. എന്നാൽ നിരവധി തവണ കത്തുകൾ നൽകിയിട്ടും കുറഞ്ഞ പ്രിവിലേജുകളുള്ള സഞ്ചയ ലോഗിൻ പോലും ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല.

2020-21 വർഷ ഓഡിറ്റുമായി ബന്ധപ്പെട്ട 94 ഓഡിറ്റ് അന്വേഷണക്കുറിപ്പിനൊന്നിനു പോലും നിർണിത സമയത്തിനുള്ളിൽ മറുപടി ലഭ്യമാക്കിയിട്ടില്ല. 49 എണ്ണത്തിനു സമയപരിധി കഴിഞ്ഞ് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് റിപ്പോർട്ടിന് മേലുള്ള ന്യൂനത പരിഹാരനടപടികളും അപര്യാപ്തമാണ്. 1996-97 മുതൽ 2019-20 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാനുണ്ട്.

റിപ്പോർട്ടുകൾക്കുള്ള പ്രഥമ മറുപടികൾ യഥാസമയം സമർപ്പിക്കുന്നില്ല. 21.10.2020 ന് നഗരസഭ കൈപ്പറ്റിയ 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിനു 22.04.2022 നു മാത്രമാണ് പ്രഥമ മറുപടി സമർപ്പിച്ചത്. 22.02.2022 നു നഗരസഭ കൈപ്പറ്റിയ 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിനു നാളിതു വരെ പ്രഥമ മറുപടി ലഭ്യമാക്കിയിട്ടുമില്ല. പുറപ്പെടുവിക്കുന്ന അനന്തര റിപ്പോർട്ടുകൾ പോലും ശരിയായ വിധം പരിഗണിക്കപ്പെടുന്നില്ല. ഓഡിറ്റ് റിപ്പോർട്ടിന് മേലുള്ള ന്യൂനത പരിഹാരം നടപടികൾ ത്വരിതപ്പെടുത്തി മറുപടി നൽകുന്നതിനും തീർപ്പാക്കാൻ അവശേഷിക്കുന്നവർ തീർപ്പാക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കാനും നിർദേശിക്കുന്നു.

9. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും നഗരസഭയിൽ തയ്യാറാക്കാത്തത് സംബന്ധിച്ച മുൻ റിപ്പോർട്ടുകളിൽ സൂചിപ്പിച്ച അപാകതകൾ ആവർത്തിക്കുന്നു.

10. നഗരസഭ വിവിധ ഏജൻസികൾക്ക് ഡപ്പോസിറ്റ് പ്രവൃത്തിയ്ക്കായി നൽകുന്ന തുക കരാർ കാലാവധിക്കുള്ളിൽ നിർവ്വഹണ ഏജൻസികൾ വിനിയോഗിക്കുന്നുവെന്ന് ഉറപ്പു വരുത്തുവാൻ നടപടികൾ കൈക്കൊള്ളുന്നില്ല.

11. ആസ്തി രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവയുടെ കൈകാര്യവും സൂക്ഷിപ്പും സംബന്ധിച്ച് മുൻ റിപ്പോർട്ടുകളിൽ സൂചിപ്പിച്ച അപാകതകൾ ആവർത്തിക്കുന്നു.

12. ഇൻകുമ്പൻസി രജിസ്റ്റർ നഗരസഭയിൽ കാലികമാക്കി സൂക്ഷിക്കുന്നില്ല.

13. നഗരസഭയുമായി ബന്ധപ്പെട്ട് കണ്ടെത്തപ്പെടുന്ന ധനനഷ്ടം പോലുള്ള അപാകങ്ങളുടെ വിശദാംശങ്ങൾ യഥാസമയം ഓഡിറ്റ് വകുപ്പിനു ലഭ്യമാക്കാൻ 1994 ലെ കേരള ലോക്കൽ ഫണ്ട് നിയമത്തിലെ വകുപ്പ് 21 പ്രകാരം സെക്രട്ടറി ബാധ്യസ്ഥനാണെങ്കിലും ലഭ്യമാക്കാറില്ല. കൂടാതെ നഗരസഭ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ ഓഡിറ്റിനു യഥാസമയം ലഭ്യമാക്കാൻ നിരവധി തവണ കത്തുകളയച്ചിരുന്നുവെങ്കിലും നിലവിലും ലഭ്യമാക്കാറില്ല.

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ ആഭ്യന്തര നിയന്ത്രണ സംവിധാനകളിലെ പോരായ്മകളെ കുറിച്ച് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് വർഷാവർഷം പുറപ്പെടുവിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ടെങ്കിലും അപാകതകൾ മിക്കതും ആവർത്തിക്കുകയാണ്. പ്രസ്തുത ഖണ്ഡികകളിലേക്കും മേൽ സൂചിപ്പിച്ച അപാകതകളിലേക്കും ശ്രദ്ധ ക്ഷണിക്കുകയാണ്.

## 1-10 ഓഡിറ്റ് ഇമ്പാക്റ്റ്.

2020-21 സാമ്പത്തിക വർഷത്തെ ഓഡിറ്റ് കാലയളവിൽ നൽകിയ അന്വേഷണക്കുറിപ്പുകളുടെ അടിസ്ഥാനത്തിൽ 11650/- രൂപ നഗരസഭ ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | റിപ്പോർട്ട് വർഷം | അന്വേഷണക്കുറിപ്പ് നം./തീയതി | ഖണ്ഡിക നം. | അടവാക്കിയ തുക | രസീതി നം | തീയതി |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1. | 2020-21 | 65/19.03.2022 | ബാധകമല്ല | 300 | 01/122340103334 | 24.05.2022 |
| 2. | | | | 8500 | 01/12234102068 | 09.05.2022 |
| 3. | | | | 2850 | 01/122390100726 | 04.05.2026 |
| ആകെ | | | | 11650 | | |

## 1-11 സ്ഥാപനത്തിൽ മറ്റ് ഓഡിറ്റ് വിഭാഗങ്ങൾ ഓഡിറ്റ് നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് വിഭാഗം | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ്/ വർഷം | ഓഡിറ്റ് റിപ്പോർട്ട് സ്ഥാപനത്തിന് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.02.2021 മുതൽ 26.02.2021 വരെ | 2019-20 (ഘട്ടം 2) | 27.07.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.05.2022 മുതൽ തുടരുന്നു | 2017-18 മുതൽ 2021-22 വരെ | ലഭിച്ചിട്ടില്ല |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

2020-21 വാർഷികകണക്കുകളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

(1) വരവിനങ്ങളായ വസ്തു നികുതി, തൊഴിൽ നികുതി, വാടക, പെർമിറ്റ് ഫീസ്, ഡി & ഒ ലൈസൻസ് ഫീസ് എന്നിവയുടെ ഡിമാന്റ് രജിസ്റ്ററുകൾ കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ എന്നിവ തയ്യാറാക്കി 2020-21 വാർഷാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത വരവിനങ്ങൾ സംബന്ധിച്ച് വാർഷിക ധനകാര്യ പത്രികയിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സംബന്ധിച്ച രേഖപ്പെടുത്തലുകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

(2) അഡ്വാൻസ് രജിസ്റ്റർ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ ബി18 ഷെഡ്യൂൾ, റസീറ്റ് ആന്റ് പെയ്മെന്റിലെ RP41 ഷെഡ്യൂൾ എന്നിവയിലെ രേഖപ്പെടുത്തലുകളുടെ കൃത്യത രജിസ്റ്ററുകളുമായി ഒത്തു നോക്കി പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

(3) സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ബാലൻസ് ഷീറ്റിലെ B14 ഷെഡ്യൂളിൽ സ്റ്റോർ സംബന്ധിച്ച് 2016-17 മുതൽ രേഖപ്പെടുത്തി വരുന്ന തുക തന്നെയാണ് (11,87,18,812) 2020-21 വർഷത്തിലും രേഖപ്പെടുത്തിയിട്ടുള്ളത്.

(4) ആസ്തി രജിസ്റ്റർ കാലകമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ B11 ഷെഡ്യൂളിലെ Fixed Asset സംബന്ധിച്ച രേഖപ്പെടുത്തലുകൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

(5) നഗരസഭയുടെ ഡി ഫണ്ട് സംബന്ധിച്ച ചെക്ക് ഇഷ്യൂ രജിസ്റ്ററിൽ 2020-21 വർഷാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

(6) ബാലൻസ് ഷീറ്റ് B4 ഷെഡ്യൂളിൽ താഴെ പറയുന്ന ഹെഡുകളിലായി രേഖപ്പെടുത്തിയ തുകകളുടെ വിശദാംശം ലഭ്യമല്ല.

| കോഡ് നം. | ഇനം | തുക |
|---|---|---|
| 320801000 | Beneficiary Contribution | 1,76,39,545 |
| 32089600 | Donations To CMDRF | 7,84,750 |

(7) ഡെപ്പോസിറ്റ് ഇനത്തിൽ 31,68,56,116/- രൂപ നഗരസഭയുടെ ബാധ്യതയായി 2019-20 വർഷ ബാലൻസ്ഷീറ്റ്, ഷെഡ്യൂൾ B7 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. 2020-21 വർഷത്തെ വരവ് ചെലവ് പത്രിക ഷെഡ്യൂൾ RP 27 പ്രകാരം 1,31,48,108/- രൂപ ഈയിനത്തിൽ വരവും RP27 പ്രകാരം 35,11,022/- രൂപ റീഫണ്ടും ഉണ്ട്. 2020-21 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B7 ൽ 32,64,93,202/- രൂപയാണ് ബാധ്യതയായി കാണിക്കേണ്ടതെങ്കിലും 33,45,89,631/- രൂപയാണ് കാണിച്ചിട്ടുള്ളത്. വ്യത്യാസം 80,96,429/- രൂപ കൂടുതൽ. തിരിച്ചു നൽകാനുള്ളതായി ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയ തുകയുടെ വർഷം/ഇനം തിരിച്ചുള്ള വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ

വാർഷിക ധനകാര്യ പത്രികയിൽ കാണിച്ച തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

(8) ബാലൻസ് ഷീറ്റ് B7 ഷെഡ്യൂളിൽ താഴെ പറയുന്ന കോഡുകളിൽ 2019-20, 2020-21 വർഷങ്ങളിൽ ഒരേ തുകയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

| കോഡ് നമ്പർ | തുക |
|---|---|
| 340100101 | 9,91,145 |
| 340100105 | 1,650 |
| 340100201 | 5,19,234 |
| 340100302 | 1,00,00,000 |
| 340109900 | 80,000 |
| 340200500 | 1,300 |
| 34080990 | 3,36,97,341 |

(9) പാർട്ട് ബിൽ നൽകിയ പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് ജേർണൽ എൻട്രികൾ നൽകി സ്ഥിരാസ്തിയിലേക്ക് മാറ്റേണ്ടതാണ്. എന്നാൽ ബാലൻസ് ഷീറ്റ് B11 'Fixed Assets' എന്ന ഷെഡ്യൂളിൽ Capital Work In Progress എന്ന ഇനത്തിൽ രേഖപ്പെടുത്തിയ താഴെ പറയുന്ന ആസ്തികളുടെ മൂല്യം 2019-20, 2020-21 വർഷങ്ങളിലും ഒരേ തുകയാണ്.

| കോഡ് നം. | ഇനം | തുക |
|---|---|---|
| 412109900 | Capital Work In Progress - Specific Grants | 85,12,713 |
| 412200100 | Captial Work In Progress - Special Funds | 23,41,22,529 |
| 412300100 | Capital Work In Progress - Specific Schemes | 82,44,761 |

(10) ബാലൻസ് ഷീറ്റ് B15 (Sundry Debtors Receivables) ൽ Receivables From Govt. (Redemption Amount) എന്ന ഹെഡിലുള്ള 18,06,65,307/- രൂപയുടെ വിശദാംശം ലഭ്യമല്ല

(11) സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ പേരിൽ ഇ-ടെണ്ടറിംഗിനുള്ള 67268293095 (എസ്.ബി.ഐ) അക്കൗണ്ടിൽ 2020-21 വർഷം ടെണ്ടർ ഫോറം ഇനത്തിൽ വരവ് വന്ന തുക വാർഷിക കണക്കിൽ അക്കൗണ്ട് ചെയ്തിട്ടില്ല. (മേൽ അക്കൗണ്ടിലെ 31.03.2021 ലെ നീക്കിയിരിപ്പ് 1,30,79,741.78/- രൂപ)

(12) 2007 ലെ മുനിസിപ്പാലിറ്റി അക്കൗണ്ട്സ് റൂളിലെ ചട്ടം 45 ൽ നിഷ്കർഷിച്ച പ്രകാരം സമയബന്ധിതമായി പണമാക്കാത്ത ചെക്കുകളുടെ തുകകൾ കൂടെ ഉൾപ്പെടുത്തി തയ്യാറാക്കേണ്ട Stale Cheque Account വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുകയോ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

13) ക്ഷേമ പദ്ധതികളുമായി ബന്ധപ്പെട്ട് നഗരസഭയിലെ വിവിധ വിഭാഗങ്ങൾ ലഭ്യമാക്കിയ കണക്കുകൾ വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-13 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1. ബേപ്പൂർ മേഖല

ബേപ്പൂർ മേഖല കാര്യാലയത്തിലെ രസീതുകൾ, ഔട്ട്ഡോർ കളക്ഷൻ രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

(1) ഔട്ട്ഡോർ കളക്ഷൻ രജിസ്റ്ററുകളിൽ ഒന്നും തന്നെ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല.

(2) ക്യാൻസൽ ചെയ്യുന്ന രസീതുകൾ ക്യാൻസൽ ചെയ്യാനുള്ള കാരണം രേഖപ്പെടുത്തി മേലുദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ചില രസീതുകളിൽ
കാരണം എഴുതിയിട്ടുണ്ടെങ്കിലും മേലുദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ബുക്ക് നം. | രസീത് നം. |
|---|---|

| | |
|---|---|
| 175 | 17462 |
| 347 | 34627 |
| 353 | 35207, 78, 97 |
| 171 | 17033 |
| 342 | 34193 |
| 348 | 34735, 50 |
| 525 | 52491, 92 |
| 704 | 70385, 86, 29 |
| 695 | 69471 |
| 354 | 35387 |

കാരണം എഴുതാത്ത രസീത് നമ്പറുകൾക്ക് ഉദാഹരണം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 698 | 69734 |
| 517 | 51676, 51684 |
| 173 | 17211, 17268 |
| 345 | 34435 |

(3) സാമ്പത്തിക വർഷാവസാനം രസീത് ബുക്കിൽ ബാക്കി വരുന്ന പേജുകൾ ക്യാൻസൽ ചെയ്യേണ്ടതാണ്. എന്നാൽ 526 നമ്പർ രസീത് ബുക്കിൽ ഉപയോഗിക്കാത്ത രസീതുകളായ 52527 മുതൽ 52600 വരെ ക്യാൻസൽ ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. ചെറുവണ്ണൂർ - നല്ലളം മേഖല

ചെറുവണ്ണൂർ - നല്ലളം മേഖല കാര്യാലയത്തിലെ 18.10.2021 മുതൽ 05.03.2022 വരെയുള്ള കാലയളവിലെ രശീതി പിരിവ് 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

എ. ചെക്ക് വഴിയുള്ള തുകയ്ക്ക് സൂചിക രശീതി മാത്രം നൽകുന്നു.

ചട്ടം 18 (1) പ്രകാരം നഗരസഭയിൽ ലഭിക്കുന്നതോ നഗരസഭയുടെ ഏതെങ്കിലും ഉത്തരവാദപ്പെട്ട ജീവനക്കാരൻ പിരിക്കുന്നതോ ആയ ഏത് മാർഗേണയുള്ള തുകകൾക്കും രശീതി നൽകേണ്ടതുണ്ട്.എന്നാൽ മേഖല കാര്യാലയത്തിൽ ലഭിക്കുന്ന ചെക്കുകൾക്ക് കക്ഷിക്ക് കൈപ്പറ്റ് രശീതിയായി സൂചിക രശീതുകൾ നൽകുകയും, ലഭിക്കുന്ന ചെക്കുകൾ ബാങ്കിൽ നിക്ഷേപിച്ച് ആയത് പണമായി എന്ന് മെയിൻ ഓഫീസിൽ വിളിച്ചുറപ്പിച്ച് സാംഖ്യ രശീതി നൽകുന്നു എന്നുമാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അറിയിച്ചത്.

ചെക്കുകൾ കിട്ടുന്ന മുറയ്ക്ക് രേഖപ്പെടുത്താനായി (ചട്ടം 19(3)) ചെക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ആയതിൽ ചെക്ക് കൗണ്ടറിൽ സ്വീകരിക്കുന്ന തീയതി രേഖപ്പെടുത്തുന്നില്ല.

എല്ലാ വിധ വരവ്-ചെലവുകളും ദിവസവും(ചട്ടം 16(2)) ചട്ടം 6 പ്രകാരം സൂക്ഷിക്കേണ്ട ബാങ്ക് ബുക്കിൽ രേഖപ്പെടുത്തി എല്ലാ മാസവും ആയത് ബാങ്ക് സ്റ്റേറ്റ്മെന്റുമായി (ചട്ടം 6 (5)) ഒത്തു നോക്കി ചട്ടം 53 പ്രകാരമുള്ള റികൺസിലിയേഷൻ നടത്തുന്നതിനു പകരം ബാങ്ക് ബുക്ക് രേഖപ്പെടുത്തലുകൾക്ക് പ്രാധാന്യമില്ലാത്ത രീതിയിലാണ്
ചെക്ക് മുഖാന്തിരമുള്ള വരവുകൾ രേഖപ്പെടുത്തുന്നത്.

ബി. ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കി പരിശോധന നടത്തുന്നില്ല.

ആഴ്ചയിൽ ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കി അടവുകളെല്ലാം വന്നോ എന്നുറപ്പ് വരുത്തണമെന്ന് (ചട്ടം 24 (3)) നിഷ്കർഷിക്കുന്നുണ്ടെങ്കിലും ഓഡിറ്റ് കാലയളവിൽ അങ്ങനെ ഒരു രീതി അവലംബിക്കുന്നില്ല. ലഭിക്കുന്ന ചെക്കുകൾ ബാങ്കിൽ നിക്ഷേപിക്കുകയും ആയത് പണമായോ എന്ന് മെയിൻ ഓഫീസിൽ വിളിച്ചുറപ്പിക്കുന്ന രീതിയാണ് തുടരുന്നതെന്നാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അറിയിച്ചത്. ആയത് ലഭ്യമല്ലാത്തതിനാൽ നിത്യവരവ് അക്കൗണ്ടിൽ ക്രെഡിറ്റായിട്ടുണ്ടോ എന്നത് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

സി. സാംഖ്യ രശീതികൾ സ്റ്റോക്കിലെടുക്കുന്നില്ല.

ലഭ്യമാവുന്ന രശീതി ബുക്കുകൾ സ്റ്റോക്കിലെടുക്കണമെന്ന് ചട്ടം 74 ൽ നിഷ്കർഷിക്കുന്നുണ്ടെങ്കിലും സാംഖ്യ രശീതികൾ സ്റ്റോക്കിലെടുക്കുകയോ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുകയോ ചെയ്യുന്നില്ല.

ഡി. കാൻസൽഡ് രശീതികൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

വിവിധ കാരണങ്ങളാൽ റദ്ദാക്കപ്പെടുന്ന രശീതികളിൽ കാൻസൽഡ് എന്നു മാത്രമാണ് രേഖപ്പെടുത്തുന്നത്. ആയത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ കാരണം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല.

ഇ. സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുന്നില്ല.

രശീതി ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്ററിന്റെ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുന്നില്ല.

എഫ്. ഔട്ട് ഡോർ കലക്ഷൻ നടത്തുന്നില്ല.

18.10.2021 മുതൽ 05.03.2022 വരെയുള്ള കാലയളവിൽ ക്യാമ്പ് മുഖാന്തിരം പോലും ഔട്ട് ഡോർ കലക്ഷൻ നടത്തിയിട്ടില്ല.

ചെറുവണ്ണൂർ നല്ലളം മേഖല കാര്യാലയത്തിലെ അപാകതകൾ സൂചിപ്പിച്ച് 30.03.2022 ലെ 67/2020-21 നം. അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-14 നഗരസഭക്ക് ലഭിച്ച ചെക്ക്/ഡ്രാഫ്റ്റ് എന്നിവ സംബന്ധിച്ച പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

I. മുഖ്യ കാര്യാലയം

കോഴിക്കോട് നഗരസഭയുടെ തനത് ഫണ്ട് അക്കൗണ്ട് (Account Number 67109350615) പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) താഴെ പറയുന്ന ചെക്കുകൾ ബാങ്കിൽ നിന്നും കളക്ഷനാകാതെ മടങ്ങിയതായി കണ്ടെത്തി.

| ക്രമ. നം. | ചെക്ക് നം./തീയതി | തുക | ബാങ്കിൽ നിന്നും ചെക്ക് മടങ്ങിയ തീയതി |
|---|---|---|---|
| 1 | 024192/30.03.21 | 1,34,946 | 05.04.2021 |
| 2 | 024193/30.03.21 | 1,05,292 | 05.04.2021 |
| 3 | 045642/28.04.21 | 19,148 | 01.05.2021 |
| 4 | 000745/22.05.21 | 25,200 | 01.06.2021 |
| 5 | 000692/31.03.21 | 1,250 | 06.04.2021 |
| 6 | 000045/12.05.21 | 1,250 | 28.06.2021 |
| 7 | 005264/05.07.21 | 48,813 | 12.07.2021 |

2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരം കളക്ഷനാകാതെ ചെക്കുകൾ മടങ്ങിവരുമ്പോൾ പ്രസ്തുത ചെക്കിനായി നൽകിയ രസീതിന്റെ ഓഫീസ് കോപ്പി ക്യാൻസൽ ചെയ്യുകയും രസീത് ക്യാൻസൽ ചെയ്ത വിവരം ചെക്ക് നൽകിയവരെ അറിയിക്കുകയും പ്രസ്തുത തുക പണമായോ ഡിമാന്റ് ഡ്രാഫ്റ്റായോ മാത്രം അടയ്ക്കാൻ (ബാങ്ക് ചാർജ് ഉൾപ്പെടെ) ആവശ്യപ്പെടുകയും വേണം. ഇത്തരത്തിൽ തുക അടയ്ക്കുമ്പോൾ പുതിയൊരു രസീത് നൽകുകയും നഗരസഭയ്ക്ക് വണ്ടിച്ചെക്ക് നൽകിയ വ്യക്തികൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

ചെക്ക് പണത്തിന് തുല്യമാണ്. ചെക്ക് പണമാക്കുന്നതിനായി ബാങ്കിൽ നൽകിയാൽ ആയത് നിരീക്ഷിക്കേണ്ടതും നഗരസഭയുടെ അക്കൗണ്ടിൽ തുക ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ട് എന്ന് ബന്ധപ്പെട്ട സെക്ഷൻ ഉദ്യോഗസ്ഥനും മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥനും ഉറപ്പുവരുത്തേണ്ടതുമാണ്.

2) നഗരസഭയ്ക്ക് ലഭിച്ച താഴെ കൊടുത്തിരിക്കുന്ന ചെക്കുകൾ നഗരസഭയുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ആയതായി കാണുന്നില്ല.

| ക്രമ. നം. | ചെക്ക് നം./തീയതി | തുക | ഒ.എസ്സിന് നഗരസഭ നൽകിയ മറുപടി |
|---|---|---|---|
| 1 | 592996/26.08.20 | 2,07,490 | ചെക്ക് മടങ്ങിയത് |
| 2 | 1205/01.12.20 | 9,948 | കാർഡ് പേയ്മെന്റ് മുഖേന അടവാക്കിയ തുക HDFC A/C 5100298069602 ലേയ്ക്ക് റസീപ്റ്റ് അടിക്കുന്നതിന് പകരം 67109350615 ലേയ്ക്ക് തെറ്റായി റസീപ്റ്റ് അടിച്ചതാണ്. |
| 3 | 1213/03.12.20 | 21,086 | |
| 4 | 1270/07.12.20 | 1,969 | |
| 5 | 001313/23.12.20 | 23,888 | |
| 6 | 983068/16.12.20 | 55,956 | Payment Cancellation<br>വൗച്ചർ നം. 22004167 (Rs. 27978)<br>വൗച്ചർ നം. 22004168 (Rs. 27978) |
| 7 | 431565/24.08.20 | 3,177 | Payment Cancellation<br>വൗച്ചർ നം. 22002360തീയതി. 21.01.2021 |
| 8 | 431531/21.08.20 | 6,475 | Payment Cancellation<br>വൗച്ചർ നം. 22002294 തീയതി.22.01.2021 |
| 9 | 976642/21.01.21 | 1,60,000 | ചെക്ക് മടങ്ങിയത്. ടി തുക 12006040037 തീയതി. 18/02/2021 ന് അടവാക്കി. |

മേൽ വിഷയം സംബന്ധിച്ച് നൽകിയ 23.10.2021 ലെ 08/2020 -21 നമ്പർ അന്വേഷണക്കുറിപ്പിനു നഗരസഭ ലഭ്യമാക്കിയ 19.11.2021 ലെ ബി2/17269/16 നമ്പർ മറുപടി പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കാത്തതിനാൽ ആയത് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

II. എലത്തൂർ മേഖല കാര്യാലയം

1. ചെക്കുകൾക്ക് ചട്ടം പ്രകാരം രശീതി നൽകുന്നില്ല_ചെക്കുകൾ സ്വീകരിക്കുമ്പോൾ താൽക്കാലിക രശീതി നൽകുന്നു

എലത്തൂർ മേഖല കാര്യാലയത്തിൽ ചെക്ക് സ്വീകരിക്കുമ്പോൾ താൽക്കാലിക രശീതി നൽകുകയും പിന്നീട് ചെക്ക് ക്യാഷായി മാറുമ്പോൾ സാംഖ്യ രശീതി നൽകുകയും ചെയ്തു വരുന്നു. 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 19 പ്രകാരം ചെക്കുകൾ സ്വീകരിക്കുമ്പോൾ രശീതി നൽകേണ്ടതും അതിൽ Subject To Realisation എന്ന് രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ചട്ടം 20 പ്രകാരം ചെക്ക് ക്യാഷാവാതെ മടങ്ങുകയാണെങ്കിൽ രശീതിയുടെ ഓഫീസ് കോപ്പി ക്യാൻസൽ ചെയ്യുകയും തുക പണമായോ ഡിമാന്റ് ഡ്രാഫ്റ്റ് ആയോ അടക്കുവാൻ ബന്ധപ്പെട്ട കക്ഷികളോട് ആവശ്യപ്പെടുകയും ചെയ്യേണ്ടതാണ്.

മേൽപ്പറഞ്ഞ അപാകതകൾ സൂചിപ്പിച്ച് കൊണ്ട് ഒ.എസ്.നം.54/2020-21തീയതി.14.03.2022) നല്കിയിരുന്നു. എന്നാൽ കക്ഷികൾക്ക് താൽക്കാലിക രശീതി നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നാണ് മറുപടി ലഭ്യമായത്. അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ചെക്ക് സ്വീകരിച്ചതിന്റെയും അക്കൗണ്ടിൽ ക്യാഷായി മാറിയതിന്റെയും തീയതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ രേഖപ്പെടുത്തി മേലുദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി ചെക്ക് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 24(3) പ്രകാരം ഓരോ ആഴ്ചയിലും അക്കൗണ്ടന്റ് ബാങ്ക്/ട്രഷറി സ്റ്റേറ്റ്മെന്റ് പരിശോധിച്ച് പണമടവുകളെല്ലാം കൃത്യമായി അക്കൗണ്ടിൽ എത്തുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-15 വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ

1. ഫയൽ നം. A22/34484/17

കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 2011 ലെ ചട്ടം 6 (പട്ടിക 6)

പ്രകാരം 250 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണമുള്ള കെട്ടിടത്തിന്റെ തറനിർമ്മിതി മേൽത്തരം ആണെങ്കിൽ (മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് അഥവാ മറ്റേതെങ്കിലും വിലയേറിയ സാധനങ്ങൾ കൊണ്ട് നിർമ്മിച്ച ) അടിസ്ഥാന വസ്തു നികുതിയുടെ 15% വർദ്ധനവ് ചേർത്ത് വസ്തു നികുതി നിർണ്ണയം നടത്തേണ്ടതാണ്. കോഴിക്കോട് കോർപ്പറേഷൻ പരിധിയിലുള്ള വാണിജ്യ സ്ഥാപനത്തിന് (കെട്ടിട നം.27/743J മുതൽ 27/743N8വരെ) 7731.74 ച.മീ. പ്ളിന്ത്ഏരിയ ഉണ്ട്. ടി കെട്ടിടത്തെ 44 മുറികളായി വിഭജിച്ചാണ് വസ്തുനികുതി നിർണയിച്ചിട്ടുള്ളത്. ഇതിൽ 250 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള 6 മുറികൾക്ക് [കെട്ടിടനം. 28/162E4,പ്ലിന്ത് ഏരിയ-412.85ച.മീറ്റർ,കെട്ടിടനം.28/162E5 പ്ലിന്ത് ഏരിയ 252ച.മീറ്റർ, കെട്ടിട നം28/162 F5 പ്ലിന്ത് ഏരിയ 274.53ച.മീറ്റർ, കെട്ടിടനം.28/162H5 പ്ലിന്ത് ഏരിയ 291.25ച.മീറ്റർ, കെട്ടിടനം.28/162J5 പ്ലിന്ത് ഏരിയ 291.25ച.മീറ്റർ] തറനിർമ്മിതിയുടെ അടിസ്ഥാനത്തിൽ 15% വർദ്ധനവ് വരുത്തി നികുതി നിർണയിച്ചിട്ടുണ്ട് . വസ്തു നികുതി നിർണയവിവരങ്ങൾ പ്രകാരം തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് മറ്റ മുറികൾക്കും ബാധകമാണ് എന്ന സൂചിപ്പിക്കുന്നുണ്ടെങ്കിലും നികുതിനിർണയത്തിൽ വർദ്ധനവ് ഉൾപ്പെടുത്തിയതായി കാണുന്നില്ല. ആയതിനാൽ ടി കെട്ടിടത്തിലെ മുഴുവൻ മുറികൾക്കും തറനിർമ്മിതിയുടെ അടിസ്ഥാനത്തിൽ വർദ്ധനവു വരുത്തി ഈടാക്കേണ്ടതാണ്.

2. ഫയൽ നമ്പർ : എ.23/ടിപി5/65604/20

പെർമിറ്റ് നമ്പർ : ടി.പി 9/41429/10 തി.23.12.10

കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം : 1129.9 $M^2$

ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് പ്രകാരം കംപ്ലീഷൻ തിയതി : 7.12.2020

ഡിമാന്റ് നോട്ടീസ് നമ്പർ : എ.23/ടിപി5/65604/20 തീയതി 18.2.2020

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ വാർഡ് 23-ാം വാർഡിൽ ശ്രീ. കെ.വി യൂസുഫ് എന്നവരുടെ ഉടമസ്ഥതയിലുള്ള 1673 എ1 മുതൽ 1673 ഡി1 വരെയുള്ള നമ്പറുകൾ നൽകപ്പെട്ട വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ വസ്തു നികുതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചപ്പോൾ 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങൾ പ്രകാരം നിർണ്ണയിച്ച വസ്തു നികുതിയേക്കാൾ കുറവായാണ് നികുതി ഡിമാന്റ് ചെയ്തിട്ടുള്ളത്. കെട്ടിടത്തിന്റെ തറ നിലയിലും ഒന്ന്, രണ്ട് നിലകളിലും 2 മുറികൾ വീതമാണുള്ളത്. മൂന്നാം നിലയിൽ 1 മുറിയാണുള്ളത്. 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിൽ നിന്ന് പ്രവേശനമാർഗം ഉള്ളതിനാൽ ചട്ടം 6 പട്ടിക 2 പ്രകാരമുള്ള 20% വർദ്ധനവും 250 $M^2$ ന മുകളിൽ വിസ്തീർണ്ണം ഉള്ള തറ നിർമ്മിതിക്ക് ചട്ടം 6 പട്ടിക 6 പ്രകാരം 15% വർദ്ധനവും നൽകിയാണ് വസ്തുനികുതി കണക്കാക്കിയിട്ടുള്ളത്. കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചതിന്റെയും ഡിമാന്റ് ചെയ്തതിന്റെയും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | കെട്ടിട നം. | കെട്ടിടത്തിന്റെ വിസ്തീർണ്ണം | നിർണ്ണയിച്ച വാർഷിക നികുതി | 2020-21 രണ്ടാം അർദ്ധവർഷത്തേക്ക് നികുതി | ഡിമാന്റ് ചെയ്ത നികുതി | കുറവ് വന്ന തുക (അർദ്ധവർഷത്തേക്ക്) |
|---|---|---|---|---|---|---|
| 1 | 1673എ1 | 178.28$m^2$ തറനില | 36102 | 18051 | 16045 | 2006 |
| 2 | 1673എ2 | 195.44 $M^2$ തറനില | 39577 | 19789 | 17590 | 2199 |
| 3 | 1673 ബി1 | 178.25 $M^2$ ഒന്നാം നില | 34293 | 17147 | 15240 | 1907 |
| 4 | 1673 ബി2 | 194.44 $M^2$ ഒന്നാം നില | 37597 | 18799 | 16710 | 2089 |
| 5 | 1673 സി1 | 178.25 $M^2$ രണ്ടാം നില | 32488 | 15160 | 14438 | 722 |
| 6 | 1673 സി2 | 195.44 $M^2$ രണ്ടാം നില | 35620 | 16623 | 15831 | 792 |
| 7 | 1673 ഡി1 | 8.81 $M^2$ സ്റ്റെയർ | 1064 | 532 | 793 | 261 (കൂടുതൽ) |

ഡിമാന്റ് ചെയ്തതിൽ 2020-21 രണ്ടാം അർദ്ധവർഷത്തേക്ക് കുറവ് വന്ന ആകെ തുക - 9454/- രൂപ

മേൽ പറഞ്ഞ കെട്ടിടത്തിലെ മുറികൾക്ക് ചട്ടപ്രകാരം നിർണ്ണയിച്ച വസ്തുനികുതിയേക്കാൾ 9454/- രൂപ കുറവായാണ് 2020-21 രണ്ടാം അർദ്ധവർഷത്തേക്ക് സഞ്ചയയിൽ വസ്തുനികുതി ഡിമാന്റ് ചെയ്തിട്ടുള്ളതും നഗരസഭയിൽ അടവാക്കിയിട്ടുള്ളതും. 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങളിലെ ഫാറം 6 ലെ തറ നിർമിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് സംബന്ധിച്ച് സർക്കാരിൽ നിന്നും ഈ വിഷയത്തിൽ സ്പഷ്ടീകരണം ലഭിക്കുന്ന മുറയ്ക്ക് അത് പ്രകാരമുള്ള തുക അടവാക്കുന്നതിന് സന്നദ്ധരാണെന്നുള്ള സാക്ഷ്യപത്രം ഉടമയിൽ നിന്നും വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടുള്ളതായും കണ്ടു. കൂടുതൽ തറ വിസ്തീർണ്ണമുള്ള (250 ചതുരശ്ര മീറ്ററിൽ കൂടുതൽ) കെട്ടിടത്തെ വിവിധ മുറികളാക്കുമ്പോൾ 250 ചതുരശ്ര മീറ്ററിൽ കുറവ് വിസ്തീർണ്ണം വരുന്ന മുറികൾക്ക് ഇപ്രകാരം കെട്ടിടത്തിന് ആകെ ബാധകമായ 15 ശതമാനം വർധനവ് ബാധകമാക്കാൻ സഞ്ചയ സോഫ്റ്റ്‌വെയറിൽ സാധിക്കുന്നില്ല എന്നാണ് ഇത് സംബന്ധിച്ച അന്വേഷണത്തിന് മറുപടിയായി സെക്ഷനിൽ നിന്ന് അറിയിച്ചിട്ടുള്ളത്. ആയത് സംബന്ധിച്ച് ഐ.കെ.എം നും സർക്കാരിനും കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയറിൽ നിലനിൽക്കുന്ന പ്രസ്തുത അപാകത മൂലം ചട്ടപ്രകാരം നിർണയിച്ച വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാൻ സാധിക്കാതിരിക്കുകയും വസ്തു നികുതി ഇനത്തിൽ ഓരോ വർഷവും വലിയ തുക നഗരസഭയ്ക്ക് നഷ്ടം സംഭവിക്കുകയും ചെയ്യുന്നുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയറിൽ നിലനിൽക്കുന്ന അപാകത പരിഹരിക്കാനുള്ള നടപടികൾ സത്വരമാക്കേണ്ടതാണ്.

## 1-16 വസ്തു നികുതി - കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

1. മുഖ്യ കാര്യാലയം - വാർഷിക ധനകാര്യ പത്രിക

2019-20, 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം വസ്തു നികുതി സംബന്ധിയായ താഴെ പറയുന്ന കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

| | | |
|---|---|---|
| 2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കുടിശ്ശിക (ബാലൻസ് ഷീറ്റ്- ബി 15 ഷെഡ്യൂൾ) | തൻവർഷം | 86611290.69 |
| | കുടിശ്ശിക | 65008190.09 |
| 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഡിമാന്റ് (ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ട് - ഐ1 ഷെഡ്യൂൾ) | | 389732564 |
| 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവ് (റസീപ്റ്റ്ആന്റ് പേമെന്റ് അക്കൗണ്ട് ആർ പി 37 ഷെഡ്യൂൾ) | തൻവർഷം | 296088706 |
| | കുടിശ്ശിക | 168418670 |
| 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കുടിശ്ശിക ബാലൻസ് ഷീറ്റ്- ബി 15 ഷെഡ്യൂൾ) | തൻവർഷം | 98326051.69 |
| | കുടിശ്ശിക | 33499394.09 |

2. ഡി സി ബി പത്രിക – എലത്തൂർ മേഖല കാര്യാലയം

എലത്തൂർ മേഖല കാര്യാലയത്തിന്റെ ഡി.സി.ബി പത്രിക പ്രകാരം വസ്തുനികുതി സംബന്ധിയായ 2020-21 ലെ കണക്കുകൾ ഇപ്രകാരമാണ്.

| ഡിമാന്റ് | | | പിരിവ് | | | കുടിശ്ശിക | | |
|---|---|---|---|---|---|---|---|---|
| കുടിശ്ശിക | തൻവർഷം | ആകെ | കുടിശ്ശിക | തൻവർഷം | ആകെ | കുടിശ്ശിക | തൻവർഷം | ആകെ |
| 10282761 | 13712619 | 23995380 | 7758242 | 6775665 | 14533907 | 2524519 | 6936954 | 9461473 |

2019-20 വർഷത്തെ ഡി.സി.ബി പത്രിക പ്രകാരം 737733/- രൂപ വസ്തു നികുതിയിനത്തിൽ പിരിഞ്ഞു കിട്ടാനുണ്ട്. എന്നാൽ 2020-21 വർഷത്തെ കണക്കിൽ 13712619 രൂപയാണ് കുടിശ്ശികയിനത്തിൽ ഡിമാന്റ് ചെയ്തിരിക്കുന്നത്. 12974886 രൂപയുടെ വ്യത്യാസമുണ്ട്. ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക രജിസ്റ്റർ എന്നിവ തയ്യാറാക്കാത്തതിനാൽ ഡിമാന്റ് ചെയ്ത തുകയുടെയും ഈടാക്കിയ തുകയുടെയും കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-17 വസ്തു നികുതി - ചട്ടത്തിൽ നിർദേശിച്ച മാതൃകയിലുള്ള രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം വസ്തു നികുതിയുമായി ബന്ധപ്പെട്ട് പ്രധാനമായും താഴെ പറയുന്ന രജിസ്റ്ററുകൾ നഗരസഭയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതുണ്ട്.

| ക്രമ നം. | രജിസ്റ്ററിന്റെ പേര് | ചട്ടം | ഫോറം |
|---|---|---|---|

| | | | |
|---|---|---|---|
| 1. | നിർണയ രജിസ്റ്റർ. | 12 | 4 |
| 2. | ഡിമാന്റ് രജിസ്റ്റർ. | 13 | 8 |
| 3. | ഒഴിവായി കിടക്കുന്ന കെട്ടിടങ്ങളെ സംബന്ധിച്ച രജിസ്റ്റർ. | 21 | 11 |
| 4. | നിയമാനുസൃതമല്ലാതെ നിർമിച്ച കെട്ടിടങ്ങളെ സംബന്ധിച്ച രജിസ്റ്റർ. | 20 | 10 |

എന്നാൽ നഗരസഭ കാര്യാലയത്തിൽ വസ്തു നികുതിയുമായി ബന്ധപ്പെട്ട് സൂക്ഷിക്കുന്ന യാതൊരു രജിസ്റ്ററും ചട്ടത്തിൽ നിഷ്കർഷിച്ച മാതൃകയിലല്ല.

എ. നിർണയ രജിസ്റ്റർ.

വസ്തു നികുതി നിർണയത്തിനായി ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചിട്ടുള്ള കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് വസ്തു നികുതി നിർണയം നടത്താവുന്നതാണ് എന്നും നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഗുണമേന്മയുള്ള കടലാസിൽ അതിന്റെ പ്രിന്റൗട്ട് എടുത്ത് സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടെ അവ വസ്തുനികുതി അസസ്മെന്റ് രജിസ്റ്ററായി നഗരസഭകൾക്ക് സൂക്ഷിക്കാവുന്നതുമാണ് എന്നും 02.12.2013 ലെ സ.ഉ (കൈ) നം. 371/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം അനുവദിക്കുന്നുണ്ട്.

45 കോളങ്ങൾ ഉള്ള, ഒരു കെട്ടിടത്തെ സംബന്ധിച്ച പരമാവധി വിവരങ്ങൾ ഉൾക്കൊള്ളിക്കാവുന്ന തരത്തിലാണ് ചട്ടത്തിൽ നിഷ്കർഷിച്ച വസ്തുനികുതി നിർണയ രജിസ്റ്റർ. എന്നാൽ എലത്തൂർ മേഖല കാര്യാലയത്തിൽ മേഖല കാര്യാലയത്തിൽ സൂക്ഷിച്ച നിർണയ രജിസ്റ്റർ നികുതി നിർണയിക്കുമ്പോൾ

നൽകിയ ഇളവുകളും വർധനവുകളും സംബന്ധിച്ച വിവരങ്ങൾ പോലും രേഖപ്പെടുത്താനുള്ള കോളമുള്ളതോ ആയത് രേഖപ്പെടുത്തിയതോ അല്ല. . ചട്ടത്തിൽ നിഷ്കർഷിച്ച തരത്തിലുള്ള വിവരങ്ങൾ ഉൾക്കൊള്ളിച്ചുള്ള രജിസ്റ്റർ അസസ്മെന്റ് റിപ്പോർട്ട് എന്ന പേരിൽ സഞ്ചയയിൽ ലഭ്യമാണെങ്കിലും ആയത് പ്രിന്റെടുത്ത് നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല. ആയത് പരിശോധിക്കുവാൻ ഓഡിറ്റിന് സഞ്ചയ ലോഗിൻ ലഭ്യവുമല്ല.

ബി. ഒഴിവായി കിടക്കുന്ന കെട്ടിടങ്ങളെ സംബന്ധിച്ച രജിസ്റ്റർ.

നികുതിയിളവ് നോട്ടീസ് ലഭിച്ച തീയതി, ഒഴിവായി കിടക്കുന്ന ദിവസങ്ങൾ എന്നിങ്ങനെയുള്ള വിവരങ്ങൾ രേഖപ്പെടുത്താനുതകുന്ന 11 കോളങ്ങൾ ഉള്ളതാണ് ചട്ടത്തിൽ നിഷ്കർഷിച്ച രജിസ്റ്റർ. എന്നാൽ എലത്തൂർ മേഖല കാര്യാലയത്തിൽ സൂക്ഷിച്ച രജിസ്റ്റർ നോട്ടീസ് ലഭിച്ച തീയതി പോലും രേഖപ്പെടുത്താനുള്ള കോളമുള്ളതോ ആയത് രേഖപ്പെടുത്തിയതോ അല്ല. മുഖ്യ കാര്യാലയത്തിൽ പ്രസ്തുത രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നുമില്ല.

സി. നിയമാനുസൃതമല്ലാതെ നിർമിച്ച കെട്ടിടങ്ങളെ സംബന്ധിച്ച രജിസ്റ്റർ

19 കോളങ്ങൾ ഉള്ള, ഒറ്റനോട്ടത്തിൽ തന്നെ കെട്ടിടത്തെ പറ്റി സാമാന്യ ധാരണ ലഭിക്കും വിധമാണ് ചട്ടത്തിൽ നിഷ്കർഷിച്ച രജിസ്റ്റർ. എന്നാൽ നഗരസഭയിൽ സൂക്ഷിച്ച രജിസ്റ്ററിൽ നിയമലംഘനത്തിന്റെ സ്വഭാവം, കെട്ടിടത്തിന്റെ വിവിധ വിഭാഗങ്ങളുടെ തരം, സർവേ നമ്പർ പോലെയുള്ള വിവരങ്ങളൊന്നുമില്ല.

ഡി. ഡിമാന്റ് രജിസ്റ്റർ.

നികുതി നിർണയിക്കപ്പെട്ട കെട്ടിടത്തിന്റെ 5 വർഷത്തേക്കുള്ള വിശദാംശങ്ങൾ ഉൾപ്പെടുത്താനുതകുന്ന രീതിയിൽ ബൃഹത്താണ് ചട്ടത്തിൽ നിഷ്കർഷിച്ച വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ. എന്നാൽ നഗരസഭയിൽ ഇങ്ങനെയൊരു രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

## 1-18 വസ്തു നികുതി വരവ് പരിശോധന – ചെറുവണ്ണൂർ നല്ലളം മേഖല കാര്യാലയം

കോഴിക്കോട് കോർപ്പറേഷനിലെ ചെറുവണ്ണൂർ നല്ലളം മേഖല ഓഫീസിലെ വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. രജിസ്റ്ററുകളും രേഖകളും തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

വർഷങ്ങളായി വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ സ്ഥാപനം തയ്യാറാക്കി സൂക്ഷിക്കുന്നില്ല. മേൽ രജിസ്റ്ററുകളുടെ അഭാവത്തിൽ സ്ഥാപനം സമർപ്പിച്ച ഡി സി ബി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ അടിയന്തിരമായി തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2. കണക്കുകളുടെ കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല.

മേഖല കാര്യാലയത്തിലെ 2019-20 വർഷത്തെ ഡി.സി.ബി പത്രിക പ്രകാരം 1,02,36,452/- രൂപ വസ്തു നികുതിയിനത്തിൽ പിരിഞ്ഞു കിട്ടാനുണ്ട്. എന്നാൽ 2020-21 വർഷത്തെ കണക്കിൽ 53,89,111 രൂപയാണ് കുടിശ്ശികയിനത്തിൽ ഡിമാന്റ് ചെയ്തിരിക്കുന്നത്. 48,47,341 രൂപയുടെ വ്യത്യാസമുണ്ട്. ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക രജിസ്റ്റർ എന്നിവ തയ്യാറാക്കാത്തതിനാൽ ഡിമാന്റ് ചെയ്ത തുകയുടെയും ഈടാക്കിയ തുകയുടെയും കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3. വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ്

100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം വരുന്ന നഗരസഭ പരിധിയിലെ വാണിജ്യ ആവശ്യത്തിന് ഉപയോഗിക്കുന്ന

കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 105 രൂപ നിരക്കിലും 100 ച.മീറ്ററിന് താഴെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 90 രൂപ നിരക്കിലുമാണ് നികുതി ഈടാക്കാൻ നിശ്ചയിച്ചിട്ടുള്ളത്. 100ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള പല കെട്ടിങ്ങൾക്കും 100 ചതുരശ്രമീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചതിനാൽ നികുതിയിനത്തിൽ നഷ്ടമുണ്ടായിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു

| ക്രമ നം | കെട്ടിടം നം | ഉടമസ്ഥന്റെ പേര് , കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം | രജിസ്റ്റർ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | നിർണ്ണയിച്ച നികുതി | യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ട നികുതി | കുറവ് വന്ന തുക |
|---|---|---|---|---|---|---|
| 1 | 43/782B | പി.പി. അബ്ദുൾ ഗഫൂർ183.84m2 | 52.16m2 വാണിജ്യംതറനില | 52.16@90 - 20% ഇളവ് (തൃതീയ മേഖല) = 37561.4.2020 മുതൽ | 52.16@105- 20% ഇളവ് (തൃതീയ മേഖല) = 43811.4.2020 മുതൽ | 625 |
| | 43/782C | | 57.86m2 വാണിജ്യംഒന്നാം നില | 57.86@90 - 20% ഇളവ് (തൃതീയ മേഖല) = 4166ഒന്നാം നില 5% ഇളവിന് ശേഷമുള്ള നികുതി = 4166x95/100 = 39581.4.2020 മുതൽ | 57.86@105 - 20% ഇളവ് (തൃതീയ മേഖല) = 4860ഒന്നാം നില 5% ഇളവിന് ശേഷമുള്ള നികുതി = 4860x95/100 = 46171.4.2020 മുതൽ | 659 |

| | | | | | | |
|---|---|---|---|---|---|---|
| | 43/782D | | 73.82 M2വാണിജ്യം രണ്ടാം നില | 73.82@90 – 20% ഇളവ് (തൃതീയ മേഖല) = 5315രണ്ടാം നില 10% ഇളവിന് ശേഷമുള്ള നികുതി = 5315x90/100 = 47841.4.2020 മുതൽ | 73.82@105 – 20% ഇളവ് (തൃതീയ മേഖല) = 6201രണ്ടാം നില 10% ഇളവിന് ശേഷമുള്ള നികുതി = 6201x90/100 = 55811.4.2020 മുതൽ | 797 |
| 2. | 42/1793A | ആഷിഫ്.കെ.എം164.9m2(existing – 107.18m2 And Extended – 57.72m2 ) | 13.30 M2 വാണിജ്യംഒന്നാം നില | 13.30 @90 – 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ്(വഴി സൗകര്യം) = 1197ഒന്നാം നില 5% ഇളവിന് ശേഷമുള്ള നികുതി = 1197x95/100 = 11381.10.2019 മുതൽ | 13.30 @105 – 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ്(വഴി സൗകര്യം) = 1397ഒന്നാം നില 5% ഇളവിന് ശേഷമുള്ള നികുതി = 1397x95/100 = 13271.10.2019 മുതൽ | 189 |
| | 42/1793B | | 13.30 M2 വാണിജ്യംഒന്നാം നില | 13.30 @90 – 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ്(വഴി സൗകര്യം) = 1197ഒന്നാം നില 5% ഇളവിന് ശേഷമുള്ള നികുതി = 1197x95/100 = 11381.10.2019 മുതൽ | 13.30 @105 – 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ്(വഴി സൗകര്യം) = 1397ഒന്നാം നില 5% ഇളവിന് ശേഷമുള്ള നികുതി = 1397x95/100 = 13281.10.2019 മുതൽ | 190 |
| | 42/1793C | | 13.85 M2 വാണിജ്യംഒന്നാം നില | 13.85 @90 – 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ്(വഴി സൗകര്യം) = 1247ഒന്നാം നില 5% ഇളവിന് ശേഷമുള്ള നികുതി = 1247x95/100 = 11851.10.2019 മുതൽ | 13.85 @105 – 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ്(വഴി സൗകര്യം) = 1454ഒന്നാം നില 5% ഇളവിന് ശേഷമുള്ള നികുതി = 1454x95/100 = 13811.10.2019 മുതൽ | 196 |
| | 42/1793D | | 13.85 M2 വാണിജ്യംഒന്നാം നില | 13.85 @90 – 20% ഇളവ് (തൃതീയ മേഖല) + 20% | 13.85 @105 – 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ്(വഴി | 196 |

| | | | | | | |
|---|---|---|---|---|---|---|
| | | | | വർദ്ധനവ്(വഴി സൗകര്യം) = 1247ഒന്നാം നില 5% ഇളവിന് ശേഷമുള്ള നികുതി = 1247x95/100 = 11851.10.2019 മുതൽ | സൗകര്യം) = 1454ഒന്നാം നില 5% ഇളവിന് ശേഷമുള്ള നികുതി = 1454x95/100 = 13811.10.2019 മുതൽ | |
| | 42/1793E | | 3.42 M2 വാണിജ്യംഒന്നാം നില | 3.42 @90 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ്(വഴി സൗകര്യം) = 308ഒന്നാം നില 5% ഇളവിന് ശേഷമുള്ള നികുതി = 308x95/100 = 2931.10.2019 മുതൽ | 3.42 @105 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ്(വഴി സൗകര്യം) = 359ഒന്നാം നില 5% ഇളവിന് ശേഷമുള്ള നികുതി = 359x95/100 = 3411.10.2019 മുതൽ | 48 |
| 3. | 45/2537D | മുഹമ്മദ് ജൈസൽ851.95 M2 | 88.90m2 വാണിജ്യംതറനില | 88.90 @90 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ്(വഴി സൗകര്യം) + 15% വർദ്ധനവ്(തറ നിർമ്മിതി) = 92011.4.2020 മുതൽ | 88.90 @105 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ്(വഴി സൗകര്യം) + 15% വർദ്ധനവ്(തറ നിർമ്മിതി) = 107351.4.2020 മുതൽ | 1534 |
| | 45/2537H | | 97.22m2 വാണിജ്യംതറനില | 97.22 @90 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ്(വഴി സൗകര്യം) + 15% വർദ്ധനവ്(തറ നിർമ്മിതി) = 100631.4.2020 മുതൽ | 97.22 @105 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ്(വഴി സൗകര്യം) + 15% വർദ്ധനവ്(തറ നിർമ്മിതി) = 117391.4.2020 മുതൽ | 1676 |
| | 45/2537E | | 58.20 M2 വാണിജ്യംഒന്നാം നില | 58.20 @90 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ്(വഴി സൗകര്യം) + 15% വർദ്ധനവ്(തറ നിർമ്മിതി) = 6023ഒന്നാം നില 5% ഇളവിന് | 58.20 @105 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ്(വഴി സൗകര്യം) + 15% വർദ്ധനവ്(തറ നിർമ്മിതി) = 7028ഒന്നാം നില 5% ഇളവിന് ശേഷമുള്ള നികുതി = | 955 |

| | | | | | | |
|---|---|---|---|---|---|---|
| | | | | ശേഷമുള്ള നികുതി = 6023x95/100 = 57221.4.2020 മുതൽ | 7028x95/100 = 66771.4.2020 മുതൽ | |
| | 45/2537J | | 74.66 M2 വാണിജ്യംഒന്നാം നില | 74.66 @90 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ്(വഴി സൗകര്യം) + 15% വർദ്ധനവ്(തറ നിർമ്മിതി) = 7728ഒന്നാം നില 5% ഇളവിന് ശേഷമുള്ള നികുതി = 7728x95/100 = 73421.4.2020 മുതൽ | 74.66 @105 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ്(വഴി സൗകര്യം) + 15% വർദ്ധനവ്(തറ നിർമ്മിതി) = 9015ഒന്നാം നില 5% ഇളവിന് ശേഷമുള്ള നികുതി = 9015x95/100 = 85641.4.2020 മുതൽ | 1222 |
| | 45/2537K | | 68.11 M2 വാണിജ്യംഒന്നാം നില | 68.11 @90 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ്(വഴി സൗകര്യം) + 15% വർദ്ധനവ്(തറ നിർമ്മിതി) = 7050ഒന്നാം നില 5% ഇളവിന് ശേഷമുള്ള നികുതി = 7050x95/100 = 66981.4.2020 മുതൽ | 68.11 @105 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ്(വഴി സൗകര്യം) + 15% വർദ്ധനവ്(തറ നിർമ്മിതി) = 8225ഒന്നാം നില 5% ഇളവിന് ശേഷമുള്ള നികുതി = 8225x95/100 = 78141.4.2020 മുതൽ | 1116 |
| | 45/2537L | | 71.42 M2 വാണിജ്യംഒന്നാം നില | 71.42 @90 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ്(വഴി സൗകര്യം) + 15% വർദ്ധനവ്(തറ നിർമ്മിതി) = 7392ഒന്നാം നില 5% ഇളവിന് ശേഷമുള്ള നികുതി = 7392x95/100 = | 71.42 @105 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ്(വഴി സൗകര്യം) + 15% വർദ്ധനവ്(തറ നിർമ്മിതി) = 8624ഒന്നാം നില 5% ഇളവിന് ശേഷമുള്ള നികുതി = 8624x95/100 = 81931.4.2020 മുതൽ | 1171 |

| | | | | | | |
|---|---|---|---|---|---|---|
| | | | | 70221.4.2020 മുതൽ | | |
| | 45/2537M | | 72.16 M2 വാണിജ്യംഒന്നാം നില | 72.16 @90 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ്(വഴി സൗകര്യം) + 15% വർദ്ധനവ്(തറ നിർമ്മിതി) = 7469ഒന്നാം നില 5% ഇളവിന് ശേഷമുള്ള നികുതി = 7469x95/100 = 70961.4.2020 മുതൽ | 72.16 @105 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ്(വഴി സൗകര്യം) + 15% വർദ്ധനവ്(തറ നിർമ്മിതി) = 8714ഒന്നാം നില 5% ഇളവിന് ശേഷമുള്ള നികുതി = 8714x95/100 = 82791.4.2020 മുതൽ | 1183 |
| | 45/2537N | | 92.45 M2 വാണിജ്യംഒന്നാം നില | 92.45 @90 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ്(വഴി സൗകര്യം) + 15% വർദ്ധനവ്(തറ നിർമ്മിതി) = 9569ഒന്നാം നില 5% ഇളവിന് ശേഷമുള്ള നികുതി = 9569x95/100 = 90901.4.2020 മുതൽ | 92.45 @105 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ്(വഴി സൗകര്യം) + 15% വർദ്ധനവ്(തറ നിർമ്മിതി) = 11163ഒന്നാം നില 5% ഇളവിന് ശേഷമുള്ള നികുതി = 11163x95/100 = 106051.4.2020 മുതൽ | 1515 |
| 4 | അൻവർ മുന്നൂർ കണ്ടി181.26 M2 | 45/2156A | 10.94m2 വാണിജ്യംതറനില | 10.94 @90 - 20% ഇളവ് (തൃതീയ മേഖല) = 7881.10.2019 മുതൽ | 10.94 @105 - 20% ഇളവ് (തൃതീയ മേഖല) = 9191.10.2019 മുതൽ | 131 |
| | | 45/2156B | 62.50m2 വാണിജ്യംതറനില | 62.50 @90 - 20% ഇളവ് (തൃതീയ മേഖല) =45001.10.2019 മുതൽ | 62.50 @105 - 20% ഇളവ് (തൃതീയ മേഖല) = 52501.10.2019 മുതൽ | 750 |
| | | 45/2156C | 12.42m2 വാണിജ്യംതറനില | 12.42 @90 - 20% ഇളവ് (തൃതീയ മേഖല) = 894ഒന്നാം നില 5% ഇളവിന് ശേഷമുള്ള | 12.42 @105 - 20% ഇളവ് (തൃതീയ മേഖല) = 1043ഒന്നാം നില 5% ഇളവിന് ശേഷമുള്ള നികുതി = 1043x95/100 = | 142 |

| | | | | | | |
|---|---|---|---|---|---|---|
| | | | | നികുതി = 894x95/100 = 8491.10.2019 മുതൽ | 9911.10.2019 മുതൽ | |
| | | 45/2156D | 95.40m2 വാണിജ്യംതറനില | 95.40 @90 - 20% ഇളവ് (തൃതീയ മേഖല) = 6869ഒന്നാം നില 5% ഇളവിന് ശേഷമുള്ള നികുതി = 6869x95/100 = 65251.10.2019 മുതൽ | 95.40 @105 - 20% ഇളവ് (തൃതീയ മേഖല) = 8014ഒന്നാം നില 5% ഇളവിന് ശേഷമുള്ള നികുതി = 8014x95/100 = 76131.10.2019 മുതൽ | 1088 |

മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്. കൂടാതെ ഇപ്രകാരം തെറ്റായി നികുതി നിർണ്ണയം നടത്തിയ മുഴവൻ കെട്ടിടങ്ങളുടെയും വസ്തുനികുതി പുന:നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4. <u>നിയമാനുസൃതമല്ലാതെ നിർമിച്ച കെട്ടിടങ്ങൾക്കെതിരെ നടപടി സ്വീകരിച്ചതിന്റെ വിവരങ്ങളില്ല.</u>

നിയമാനുസൃതമല്ലാതെ നിർമിച്ച കെട്ടിടങ്ങൾക്കെതിരെ വകുപ്പ് 242 ൽ നിഷ്കർഷിച്ച പൊളിച്ചുമാറ്റൽ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഇത്തരം കെട്ടിടങ്ങളിൽ സ്ഥാപനങ്ങളൊന്നും പ്രവർത്തിക്കാനുള്ള അനുമതി നൽകാൻ പാടില്ല എന്നാണ് വ്യവസ്ഥ. നിയമാനുസൃതമല്ലാതാതെ നിർമിച്ച കെട്ടിടങ്ങൾക്ക് ബാധകമായ നികുതി ഒടുക്കിവരുന്ന ഇത്തരം കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന കാര്യം വ്യക്തമല്ല. കൂടാതെ 2020-21 വർഷം നികുതി നിർണ്ണയിച്ച താഴെ പറയുന്ന കെട്ടിടങ്ങളിൽ നിന്ന് നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

1. കദീജ മുതൽ പേർ, കൊളത്തറ – നം. UA1 /UAC 2020 മുതൽ UA5 /UAC 2020 വരെ, UA12 /UAC 2020
2. പി ബി മുഹമ്മദ് കോയ, കൊളത്തറ - നം. UA6 /UAC 2020 മുതൽ UA10 /UAC 2020 വരെ
3. റിലയൻസ് ലിമിറ്റഡ്, കൊളത്തറ - നം. UA11 /UAC 2020

അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഒ.എസിന് (നം. 61/20-21 തീയതി 19.3.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-19 അനധികൃത നിർമ്മാണങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കാത്തത് - ചെറുവണ്ണൂർ നല്ലളം മേഖല കാര്യാലയം

ചെറുവണ്ണൂർ നല്ലളം മേഖലാ കാര്യലയ പരിധിയിലെ അനധികൃത കെട്ടിട നിർമ്മാണങ്ങളുടെ ക്രമവത്ക്കരണം (റെഗുലറൈസേഷൻ) സംബന്ധിച്ച രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം നഗരസഭയിൽ നിന്നും നിയമാനുസൃതം പെർമിറ്റ് എടുക്കാതെ പണിപൂർത്തീകരിച്ച നിർമ്മാണങ്ങൾ ക്രമവത്ക്കരിക്കുന്നതിനായി ലഭിച്ച അപേക്ഷകളിൽ താഴെ പറയുന്നവ നാളിതു വരെ ക്രമവത്കരിച്ച് നൽകിയിട്ടില്ലാത്തതാണ്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു. (അപേക്ഷകൾ ലഭിച്ച തീയതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല)

| ക്രമ നം | അപേക്ഷ വിശദാംശങ്ങൾ | അപേക്ഷ നിരസിക്കാനുള്ള കാരണം |
|---|---|---|
| 1 | ഫയൽ-TP15/1032/2020 Dtd 29.1.20ഉടമസ്ഥൻ-നൗഷാദ് & ഷറീജ,കൊളത്തറ പി.ഒവിസ്തീർണ്ണം-103.06 M2 -റെസിഡെൻഷ്യൽ | 1.KMBR ഫോർമാറ്റിലല്ല2. Rule 26(10) പാലിച്ചിട്ടില്ല |
| 2 | ഫയൽ- TP15/1918/20 Dtd.12.2.20ഉടമസ്ഥൻ-കെ.പി. ഫക്രുദ്ദീൻ, നല്ലളം പി.ഒവിസ്തീർണ്ണം-177.5 M2 -റെസിഡെൻഷ്യൽ | അപാകതകൾ |
| 3 | ഫയൽ- TP15/2509/20 Dtd.15.2.20ഉടമസ്ഥൻ-ജംഷീന കോട്ടുമ്മൽ, കൊളത്തറവിസ്തീർണ്ണം-113.06 M2 -റെസിഡെൻഷ്യൽ | ഡാറ്റാബാങ്കിൽ ഉൾപ്പെട്ട പ്ലോട്ട് |
| 4 | ഫയൽ- TP15/4858/20 Dtd.19.3.20ഉടമസ്ഥൻ-പ്രേമലത & Othersവിസ്തീർണ്ണം-54.65 M2 -കമേഴ്സ്യൽ | 1. ഡാറ്റാബാങ്കിൽ ഉൾപ്പെട്ടത്2. KMBR പാലിക്കുന്നില്ല. |

ക്രമവത്ക്കരിച്ച് നൽകിയിട്ടില്ലാത്ത/സാധിക്കാത്ത പ്രസ്തുത നിർമാണങ്ങൾ അനധികൃത നിർമ്മാണങ്ങളായി കണക്കാക്കി അനധികൃത നിർമാണങ്ങളുടെ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. മേൽ നിർമ്മാണങ്ങളെയും മുൻകാലങ്ങളിലേതുൾപ്പെടെ ഇത്തരത്തിലുള്ള ക്രമവത്ക്കരണം അനുവദിക്കാത്ത അനധികൃത നിർമ്മാണങ്ങളായി നിലനിൽക്കുന്നവയെയും 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20, 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 242 എന്നിവ പ്രകാരം യു.എ നമ്പർ നൽകി അനധികൃത നിർമാണങ്ങളുടെ രജിസ്റ്ററിൽ ചേർക്കുകയും കെട്ടിടനിർമ്മാണം പൂർത്തീകരിക്കുകയോ ഉപയോഗിക്കുകയോ ഇതിലേതാണ് ആദ്യം എന്നതിനെ അടിസ്ഥാനപ്പെടുത്തി ആ അർദ്ധവർഷം മുതലുള്ള വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും വസ്തു നികുതിയായി ഈടാക്കേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. അനധികൃത

കെട്ടിടനിർമ്മാണങ്ങളെ രജിസ്റ്ററിൽ ഉൾപ്പെടുത്തി മേൽ പരാമർശിച്ച പ്രകാരം വസ്തു നികുതി ഈടാക്കേണ്ടതാണ്.

ചെറുവണ്ണൂർ നല്ലളം മേഖലാ ഓഫീസിലെ കെട്ടിട നിർമ്മാണ (പെർമിറ്റ്) രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം കോർപ്പറേഷനിൽ നിന്നും പെർമിറ്റിനായി അപേക്ഷ സമർപ്പിച്ച ചുവടെ ചേർക്കുന്ന അപേക്ഷകൾ വിവിധ കാരണങ്ങളാൽ നിരസിക്കുകയാണ് ചെയ്തിട്ടുള്ളത്.

| ക്രമ നം | അപേക്ഷ വിശദാംശങ്ങൾ | അപേക്ഷ നിരസിക്കാനുള്ള കാരണം |
|---|---|---|
| 1 | ഫയൽ-TP15/51/2020 Dtd 3.1.20 ഉടമസ്ഥൻ-റോഷിത്ത് കെ, പുതിയാല വിസ്തീർണ്ണം-303.44 M2 -റെസിഡെൻഷ്യൽ | വെറ്റ് ലാന്റ്-300 M2 -ൽ കൂടുതൽ |
| 2. | ഫയൽ-TP15/765/2020 Dtd 22.1.20 ഉടമസ്ഥൻ-ഇർഷാദ്.പി -നല്ലളം വിസ്തീർണ്ണം-118.92 M2 -റെസിഡെൻഷ്യൽ | 1. CZR ന്റെ പരിധി2. 26(10) ന്റെ ലംഘനം |
| 3 | ഫയൽ-TP15/1979/2020 Dtd 12.2.20ഉടമസ്ഥൻ-അബ്ദുൾ ജലീൽ, കൊളത്തറ വിസ്തീർണ്ണം-99 M2 -റെസിഡെൻഷ്യൽ | Rule 6(3)(4)(5),Rule 42 എന്നിവയുടെ ലംഘനം |

പ്രസ്തുത നിർമാണങ്ങൾക്കുള്ള അപേക്ഷകളുടെ നിലവിലെ സ്ഥിതി കണ്ടെത്തേണ്ടതും ചട്ടലംഘനത്തോടെ പണിപൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ അനധികൃത നിർമ്മാണങ്ങളായി കണക്കാക്കി മേൽപ്രകാരം വിശദീകരിച്ച നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-20 മൊബൈൽ ടവറുകളുടെ വസ്തു നികുതിയിൽ കുടിശ്ശിക - ബേപ്പൂർ മേഖല കാര്യാലയം

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ ബേപ്പൂർ മേഖലാ കാര്യാലയ പരിധിയിൽ വരുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി താഴെ പറയും പ്രകാരം കുടിശ്ശികയാണ്.

| ക്രമ നം. | ഉടമയുടെ പേര് | കെട്ടിട നമ്പർ | 2020-21 വരെ അടക്കുവാനുള്ള തുക | 2021-22 ൽ അടക്കുവാനുള്ള തുക | ആകെ തുക |
|---|---|---|---|---|---|
| 1 | ശ്രീ.അലക്സ് മാത്യൂ ടാറ്റാ ടെലി സർവ്വീസ് ലിമിറ്റഡ് | 47/2798A | 1,28,995 (2009-10 മുതൽ) | 17,861 | 1,46,856 |
| 2 | ശ്രീ.കെ.ഗോപകുമാർ, റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് | 47/2777 | 71, 303 (2016-17 മുതൽ) | 20,673 | 91,976 |
| 3 | ശ്രീ ബിജു.ടി.നായർ ഇൻഡസ് ടവർ ലിമിറ്റഡ് | 47/1672 | 1,59,225 (2016-17 മുതൽ) | 36,120 | 1,95,345 |
| 4 | ശ്രീ ബിജു.ടി.നായർ ഇൻഡസ് ടവർ ലിമിറ്റഡ് | 52/523 | -- | 15,357 | 15,357 |
| | ആകെ | | | | 4,49,534 |

തുക പിരിച്ചെടുക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 57/2020-21 തീയതി 17.03.2022) ബേപ്പൂർ സോണൽ ഓഫീസ് റവന്യൂ ഓഫീസറിൽ നിന്ന് ലഭിച്ച മറുപടിയിൽ (നം. BZ/R1/25660 /20121 തീയതി 21.04.2022) കെട്ടിട ഉടമകൾക്ക് ഡിമാന്റ് നോട്ടീസ് നേരിട്ട് നൽകിയിട്ടുണ്ട് എന്നും, നിശ്ചിത സമയപരിധിക്കകം തുക അടവാക്കാത്ത പക്ഷം ചട്ടപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്നുമാണ്

അറിയിച്ചിട്ടുള്ളത്. കുടിശ്ശിക തുക അടിയന്തിരമായി പിരിച്ചെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 അനധികൃത നിർമ്മാണങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നത് സംബന്ധിച്ച്

കെട്ടിട നിർമ്മാണ രജിസ്റ്ററിലെ വിവരങ്ങൾ/രേഖപ്പെടുത്തലുകൾ പ്രകാരം കോർപ്പറേഷനിൽ നിന്നും 2020-21 വർഷത്തിൽ നിയമാനുസൃതം പെർമിറ്റിനായും, നിയമാനുസൃതം പെർമിറ്റ് എടുക്കാതെ പണി പൂർത്തീകരിച്ച നിർമ്മാണങ്ങൾ ക്രമവത്ക്കരിക്കുന്നതിനായും അപേക്ഷ സമർപ്പിച്ചിട്ടുള്ളതിന്റെ വിവരങ്ങൾ/ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.പ്രസ്തുത നിർമ്മാണങ്ങൾ/കെട്ടിടങ്ങൾ അവ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെയും മറ്റ് നിയമങ്ങളിലെയും വ്യവസ്ഥകൾ പാലിക്കാത്തതിനാൽ നാളിത് വരെയും പെർമിറ്റ്/ക്രമവത്ക്കരിച്ച് നൽകിയിട്ടില്ലാത്തതുമാണ്.

| ക്രമ നം | ഫയൽ നമ്പർ | വിശദാംശങ്ങൾ സ്ഥാപനം, വിസ്തീർണ്ണം (ചതുരശ്ര മീറ്റർ) | അപേക്ഷ നിരസിക്കാനുള്ള കാരണം |
|---|---|---|---|
| 1 | ഫയൽ നമ്പർ- TP4/29524/2020 | ഓഡിറ്റോറിയം 2157.93 | രേഖപ്പെടുത്തിയിട്ടില്ല |
| 2 | ഫയൽ നമ്പർ- TP4/21695/2020 | റെസിഡെൻഷ്യൽ ഫ്ലാറ്റ് 376 | രേഖപ്പെടുത്തിയിട്ടില്ല |
| 3 | ഫയൽ നമ്പർ- TP4/13633/2020 | വിദ്യാഭ്യാസം 2426.44 | രേഖപ്പെടുത്തിയിട്ടില്ല |
| 4 | ഫയൽ നമ്പർ- TP4/56832/2020 | റെസിഡെൻഷ്യൽ 497.21 | തരം മാറ്റൽ ഉത്തരവ് ഹാജരാക്കിയിട്ടില്ല |
| 5 | ഫയൽ നമ്പർ- TP1/61723/2020 | കൊമേഴ്ഷ്യൽ, റെസിഡെൻഷ്യല് 601.66 | പ്ലാൻ-അപാകത |
| 6 | ഫയൽ നമ്പർ- TP2/20940/2020 | കൊമേഴ്ഷ്യൽ 390.24 | വിവിധകാരണങ്ങളാൽ |
| 7 | ഫയൽ നമ്പർ- TP2/28041/2020 | റെസിഡെൻഷ്യൽ 119.96 | ഇൻഡസ്ട്രിയൽ പ്രമോഷൻ സോൺ |
| 8 | ഫയൽ നമ്പർ- TP2/37044/2020 | റെസിഡെൻഷ്യൽ 445.27 | KMBR 28(1),42(4),5(4)(3),7(1).4(a)(iii)- ലംഘനം |

| | | | |
|---|---|---|---|
| 9 | ഫയൽ നമ്പർ- TP2/43197/2020 | കൊമേഴ്ഷ്യൽ 434.34 | തരം മാറ്റൽ ഉത്തരവ് ഹാജരാക്കിയിട്ടില്ല |
| 10 | ഫയൽ നമ്പർ- TP2/437347/2020 | റെസിഡെൻഷ്യൽ 137.21 | യഥാർത്ഥ അളവും പ്ലാനിലെ അളവും വ്യത്യസ്തം |
| 11 | ഫയൽ നമ്പർ- TP2/44829/2020 | റെസിഡെൻഷ്യൽ 161.28 | ഓൺലൈനിൽ അപേക്ഷ സമർപ്പിച്ചിട്ടില്ല |
| 12 | ഫയൽ നമ്പർ- TP2/46743/2020 | റെസിഡെൻഷ്യൽ (റെഗുലറൈസേഷൻ) 174.91 | യഥാർത്ഥ അളവും പ്ലാനിലെ അളവും വ്യത്യസ്തം |
| 13 | ഫയൽ നമ്പർ- TP2/47956/2020 | കൊമേഴ്ഷ്യൽ, റെസിഡെൻഷ്യൽ (റെഗുലറൈസേഷൻ) 1477.76 | യഥാർത്ഥ അളവും പ്ലാനിലെ അളവും വ്ത്യസ്തം,മറ്റ് വിവിധ കാരണങ്ങളാൽ |
| 14 | ഫയൽ നമ്പർ- TP2/55353/2020 | കൊമേഴ്ഷ്യൽ 2907.19 | വിവിധ കാരണങ്ങളാൽ |
| 15 | ഫയൽ നമ്പർ- TP2/60573/2020 | കൊമേഴ്ഷ്യൽ, റെസിഡെൻഷ്യല് 708.26 | ഡിഫൻസ് ബൗണ്ടറിയിൽ നിന്നുള്ള അകലം പാലിച്ചിട്ടില്ല |
| 16 | ഫയൽ നമ്പർ- TP2/60857/2020 | കൊമേഴ്ഷ്യൽ, റെസിഡെൻഷ്യൽ 867.57 | ഡാറ്റാബാങ്കിൽ ഉൾപ്പെട്ടത് |
| 17 | ഫയൽ നമ്പർ- TP2/67815/2020 | കൊമേഴ്ഷ്യൽ (റെഗുലറൈസേഷൻ) 575.25 | വിവിധ കാരണങ്ങളാൽ |
| 18 | TP3/91784/2020 | റെസിഡെൻഷ്യൽ 2393.81 | KMBR ലംഘനം |

മേൽ ചേർത്തവയിൽ പെർമിറ്റിന് അപേക്ഷിച്ച് നിരസിക്കപ്പെട്ട പണിപൂർത്തീകരിച്ച കെട്ടിടങ്ങളേയും , മേൽ ചേർത്തവയിൽ റെഗുലറൈസേഷൻ നിരസിച്ച കെട്ടിടങ്ങളേയും അനധികൃതമായ നിർമ്മാണങ്ങളായി പരിഗണിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. ഇവയ്ക്ക് 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20, കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 242 എന്നിവ പ്രകാരം യു.എ നമ്പർ നൽകി അനധികൃത നിർമാണങ്ങളുടെ രജിസ്റ്ററിൽ ചേർക്കുകയും കെട്ടിടനിർമ്മാണം പൂർത്തീകരിക്കുകയോ ഉപയോഗിക്കുകയോ ഇതിലേതാണ് ആദ്യം ആ അർദ്ധവർഷം മുതലുള്ള വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും വസ്തുനികുതിയായി ഈടാക്കുകയും ചെയ്യാവുന്നതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 83/2020-21 തീയതി 07.06.2022) മേൽ ചേർത്തവയിൽ രണ്ട് അപേക്ഷകൾക്ക് അപാകതകൾ പരിഹരിച്ച് സമർപ്പിച്ചിട്ടുള്ളതിന് നമ്പർ /ഒക്കുപ്പൻസി അനുവദിച്ചിട്ടുള്ളതാണ്(TP4/21695/2020,TP4/13633/2020 എന്നിവ), TP4/29524/2020 അപേക്ഷ നിർമാണം തുടങ്ങിയിട്ടില്ല, TP4/56832/2020 അപേക്ഷയിൽ യു.എ.സി ചുമത്തുന്നതിന് നോട്ട് നൽകിയിട്ടുണ്ട് എന്നിങ്ങനെ കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്.അവശേഷിക്കുന്നവയിൽ മേൽ നിർദ്ദേശപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. റെഗുലറൈസേഷൻ (ക്രമവത്ക്കരണം) ചെയ്ത നിർമാണങ്ങൾ സംബന്ധിച്ച വിവരങ്ങൾ 2019 ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസിലെ അപ്പന്റിക്സ് ജി2 പ്രകാരമുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

## 1-22 പാർപ്പിടാവശ്യത്തിനു നമ്പറിട്ട കെട്ടിടത്തിൽ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

ഓഡിറ്റ് വകുപ്പിന് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ കോഴിക്കോട് നഗരസഭയിലെ 28/2407,28/2408,28/2409, 28/2410,28/2411,28/2412 നമ്പർ കെട്ടിടങ്ങളിൽ 23.04.2022 നു റവന്യൂ ഇൻസ്പെക്ടർ, ഹെൽത്ത് വിഭാഗം ഉദ്യോഗസ്ഥർ എന്നിവരുടെ സാന്നിധ്യത്തിൽ പ്രാദേശിക പരിശോധന നടത്തുകയും ആയതിന്റെ സഞ്ചയ രേഖകൾ പരിശോധിക്കുകയും ചെയ്ത സമയത്ത് അപാകതകൾ ശ്രദ്ധയിൽ പെടുകയുണ്ടായി. പ്രസ്തുത അപാകതകൾ സൂചിപ്പിച്ച് തൊഴിൽ നികുതി വിഭാഗത്തിനും (28.04.2022 ലെ 38/2020-21 നം. ഓഡിറ്റ് റിക്വിസിഷൻ) ആരോഗ്യവിഭാഗത്തിനും അറിയിപ്പ് (25.04.2022 ലെ 39/2020-21 നം. ഓഡിറ്റ് റിക്വിസിഷൻ) നൽകുകയും മറുപടി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. അപാകതകൾ സൂചിപ്പിച്ചും ടി കെട്ടിടങ്ങളുടെ വസ്തു നികുതി നിർണയിച്ച ഫയൽ ആവശ്യപ്പെട്ടും വസ്തു നികുതി വിഭാഗത്തിനു കത്ത് (ഒ.എസ് നം. 73/2020-21 തീയതി : 10.05.2022, 25.04.2022 ലെ 40/2020-21 നം. ഓഡിറ്റ് റിക്വിസിഷൻ) മറുപടി ലഭ്യമാക്കുകയോ ഫയൽ ഹാജരാക്കുകയോ ചെയ്തിട്ടില്ല.മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ടി കെട്ടിടങ്ങളുടെ കാര്യത്തിൽ ശ്രദ്ധയിൽ പെട്ട വസ്തുതകൾ ചുവടെ നൽകുന്നു.

1. പാർപ്പിടാവശ്യത്തിനു നമ്പറിട്ട കെട്ടിടത്തിൽ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

കോഴിക്കോട് നഗരസഭ സെക്രട്ടറിയുടെ 28.02.2017 ലെ എ1/11552/11 നം. ഉത്തരവ് പ്രകാരം വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചത് താഴെ പറയും പ്രകാരമാണ്.

| ക്രമ നം. | കെട്ടിടങ്ങളുടെ തരം | അടിസ്ഥാന വാർഷിക വസ്തു നികുതി (ചതുരശ്ര മീറ്ററിന്) |
|---|---|---|
| 1. | പാർപ്പിടാവശ്യം | 14 |
| 2. | വാണിജ്യാവശ്യം (100 ച.മീ വരെ) | 90 |
| 3. | വാണിജ്യാവശ്യം (100 ച.മീറ്ററിൽ കൂടുതൽ ) | 105 |
| 4. | സൂപ്പർ മാർക്കറ്റുകൾ (200 ച.മീ വരെ) | 90 |

| | | |
|---|---|---|
| 5. | സൂപ്പർ മാർക്കറ്റുകൾ (200 ച.മീ ച.മീറ്ററിൽ കൂടുതൽ ) | 150 |
| 6. | ബങ്കുകൾ, പെട്ടിക്കടകൾ മുതലായവ | 90 |
| 7. | ഓഫീസ് ഉപയോഗത്തിനുള്ളവ | 75 |
| 8. | വിദ്യാഭ്യാസ ആവശ്യത്തിനുള്ളവ | 16 |
| 9. | ആശുപത്രികൾ | 20 |
| 10. | അസംബ്ലി, കൗൺസിലിംഗ് സെന്റർ, ഓഡിറ്റോറിയം | 60 |
| 11. | വ്യവസായ ആവശ്യത്തിനുള്ളവ | 40 |
| 12. | റിസോർട്ടുകൾ | 90 |
| 13. | അമ്യൂസ്മെന്റ് പാർക്കുകൾ | 60 |
| 14. | മൊബൈൽ ടവർ | 500 |
| 15. | ഇതര ആവശ്യത്തിനുള്ളവ | 90 |

സഞ്ചയ രജിസ്റ്റർ പ്രകാരം 28/2407,28/2408,28/2409,28/2410,28/2411,28/2412 നമ്പർ കെട്ടിടങ്ങൾക്ക് നികുതി നിർണയിച്ച് ഈടാക്കുന്നത് താഴെ പറയും പ്രകാരമാണ്.

| ക്രമ നം. | കെട്ടിടത്തിന്റെ നമ്പർ | വിസ്തീർണം (ച.മീ) | മേഖല | റോഡ് തരം | നിർണയിച്ച അടിസ്ഥാന വസ്തു നികുതി നിരക്ക് |
|---|---|---|---|---|---|
| 1 | 28/2407 (താഴത്തെ നില) | 62.45 | പ്രഥമം | 1.5 മീറ്ററിൽ കൂടുതൽ | 14 |
| 2 | 28/2408 (താഴത്തെ നില) | 47.82 | പ്രഥമം | 1.5 മീറ്ററിൽ കൂടുതൽ | 14 |
| 3 | 28/2409 (താഴത്തെ നില) | 47.82 | ദ്വിതീയം | 1.5 മീറ്ററിൽ കൂടുതൽ | 14 |

| | | | | | |
|---|---|---|---|---|---|
| 4 | 28/2410 (താഴത്തെ നില) | 4 | പ്രഥമം | 5 മീറ്ററോ അതിൽ കൂടുതൽ | 90 |
| 5 | 28/2411 | 69 | പ്രഥമം | 1.5 മീറ്ററിൽ കൂടുതൽ | 14 |
| 6 | 28/2412 (ഒന്നാം നില) | 70.82 | പ്രഥമം | 5 മീറ്ററോ അതിൽ കൂടുതൽ | 14 |
| ആകെ | | 301.91 | | | |

പ്രാദേശിക പരിശോധന, ആരോഗ്യ വിഭാഗത്തിന്റെ മറുപടി, തൊഴിൽ നികുതി വിഭാഗത്തിന്റെ മറുപടി എന്നിവയുടെ വിശദാംശങ്ങൾ

| ക്രമ നം. | കെട്ടിടത്തിന്റെ നമ്പർ | കെട്ടിടം ഉപയോഗിക്കുന്നത് | | |
|---|---|---|---|---|
| | | തൊഴിൽ നികുതി വിഭാഗത്തിന്റെ മറുപടി | ആരോഗ്യ വിഭാഗത്തിന്റെ മറുപടി | പരിശോധനയിൽ കണ്ടെത്തിയത് |
| 1 | 28/2407 (താഴത്തെ നില) | ഡെന്റൽ ക്ലിനിക്ക് നടക്കുന്നു. 2022 ഏപ്രിലിൽ ആരംഭിച്ച സ്ഥാപനം | സ്ഥാപനം പ്രവർത്തിക്കുന്നില്ല. താമസത്തിനായി വാടകയ്ക്ക് നൽകിയിരിക്കുകയാണെന്ന് അറിയുന്നു. | താമസത്തിനായി വാടകയ്ക്ക് നൽകിയിരിക്കുകയാണെന്ന് ഉടമ അറിയിച്ചു. കെട്ടിട നമ്പർ പതിച്ചിട്ടില്ല. |
| 2 | 28/2408 (താഴത്തെ നില) | താമസത്തിനുപയോഗിക്കുന്നു. | സ്ഥാപനം പ്രവർത്തിക്കുന്നില്ല.<br><br>സാധനങ്ങൾ സൂക്ഷിക്കാനും താമസത്തിനുമായി വാടകയ്ക്ക് നൽകിയിരിക്കുകയാണെന്ന് അറിയുന്നു. | മുറി അടഞ്ഞു കിടക്കുന്നു. കെട്ടിട നമ്പർ പതിച്ചിട്ടില്ല. വരാന്തയിൽ വാട്ടർ പ്രൂഫിഗിനുപയോഗിക്കുന്ന മെറ്റീരിയൽ സൂക്ഷിച്ചിരിക്കുന്നു. സാധനങ്ങൾ സൂക്ഷിക്കാനും താമസത്തിനുമായി വാടകയ്ക്ക് നൽകിയിരിക്കുകയാണെന്നാണ് ഉടമ അറിയിച്ചത് |
| 3 | 28/2409 (താഴത്തെ നില) | താമസത്തിനുപയോഗിക്കുന്നു. | ഡോക്ടർ വാടകയ്ക്ക് താമസിക്കുന്ന ക്വാർട്ടേഴ്സിൽ ഉദ്ദേശം 80 ച. അടി | കെട്ടിട നമ്പർ പതിച്ചിട്ടില്ല. ഡോ.ടീത്ത്, മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ |

| | | | | |
|---|---|---|---|---|
| | | | വിസ്തീർണം ഉള്ള മുറിയിൽ ഡെന്റൽ ക്ലിനിക്ക് നടത്തുന്നു. ലൈസൻസ് എടുത്തിട്ടില്ല. | ക്ലിനിക്ക് എന്ന സ്ഥാപനം പ്രവർത്തിച്ചു വരുന്നു. ലൈസൻസ് വിവരങ്ങൾ പ്രദർശിപ്പിച്ചിട്ടില്ല. |
| 4 | 28/2410 (താഴത്തെ നില) | ടൈലറിംഗ് ഷോപ്പ്<br><br>നാളിതു വരെ തൊഴിലാളികളുടെ തൊഴിൽ നികുതിയോ സ്ഥാപന തൊഴിൽ നികുതിയോ ഈടാക്കിയിട്ടില്ല. | കോണിമുറിയിൽ ഒരു മെഷീൻ മാത്രമുള്ള തയ്യൽ കട നടത്തുന്നു.<br><br>ലൈസൻസ് എടുത്തിട്ടില്ല.<br><br>നോട്ടീസ് നൽകിയിട്ടുണ്ട്. | കോണി മുറി ടൈലറിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നു. കെട്ടിട നമ്പർ പതിച്ചിട്ടില്ല. ലൈസൻസ് വിവരങ്ങൾ പ്രദർശിപ്പിച്ചിട്ടില്ല. |
| 5 | 28/2411 | ടി കെ ഫാബ്രിക്സ്<br><br>നാളിതു വരെ തൊഴിലാളികളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br><br>2021-22 അർധവർഷം 450/- രൂപ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. | ടൈലറിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നു.<br><br>ലൈസൻസ് എടുത്തിട്ടുണ്ട്. | കെട്ടിട നമ്പർ പതിച്ചിട്ടില്ല. 2 മുറികളിലായി ധാരാളം തൊഴിലാളികൾ പണിയെടുക്കുന്ന ടൈലറിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നു. ലൈസൻസ് വിവരങ്ങൾ പ്രദർശിപ്പിച്ചിട്ടില്ല. |
| 6 | 28/2412 | ടി കെ ഫാബ്രിക്സ് ടൈലറിംഗ് യൂനിറ്റ്<br><br>നാളിതു വരെ തൊഴിലാളികളുടെ തൊഴിൽ നികുതിയോ സ്ഥാപന തൊഴിൽ നികുതിയോ ഈടാക്കിയിട്ടില്ല. | ലൈസൻസ് എടുത്തിട്ടില്ല.<br><br>നോട്ടീസ് നൽകിയിട്ടുണ്ട്. | |

മേൽ കെട്ടിടങ്ങളുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ നൽകുന്നു.

1. ചില കെട്ടിടങ്ങളുടെ കാര്യത്തിൽ ആരോഗ്യ വിഭാഗവും തൊഴിൽ നികുതി വിഭാഗവും വെവ്വേറെ തരമാണെന്ന നിലക്കാണ് മറുപടി ലഭ്യമാക്കിയത്. 28/2407 നമ്പർ മുറി മാത്രമാണ് പൂർണമായും പാർപ്പിടാവശ്യത്തിനായി വിനിയോഗിക്കുന്നത്. എന്നാൽ 4 ച.മീ മാത്രം വിസ്തീർണമുള്ള 28/2410 നമ്പർ മുറി ഒഴികെ എല്ലാ മുറികൾക്കും പാർപ്പിട കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് നികുതി നിർണയിച്ചിരിക്കുന്നത്.

2. ആകെ 301.91 ച.മീ വിസ്തീർണമുള്ള കെട്ടിടത്തിലെ 28/2410 നമ്പർ മുറിക്ക് 100 ച.മീറ്ററിൽ താഴെ വിസ്തീർണമുള്ള കെട്ടിടത്തിനു ബാധകമായ (90 രൂപ/ച.മീ) നികുതി നിരക്കാണ് നിശ്ചയിച്ചിരിക്കുന്നത്. യഥാർത്ഥത്തിൽ 105 രൂപ/ച.മീ നിരക്കിലാണ് നികുതി നിർണയിക്കേണ്ടത്.

3. കെട്ടിടത്തിന്റെ റോഡ് തരമായി 2410,2412 നമ്പർ മുറികൾക്ക് 5 മീറ്ററോ അതിൽ കൂടുതലോ എന്ന തരവും ബാക്കിയുള്ളവയ്ക്ക് 1.5 മീറ്ററിൽ കൂടുതൽ എന്ന തരവുമാണ് കാണിച്ചിരിക്കുന്നത്.

4. 2409 നമ്പർ മുറിയെ ദ്വിതീയ മേഖലയിലും ബാക്കിയുള്ളവയെ പ്രഥമ മേഖലയിലും ഉൾപ്പെടുത്തിയിരിക്കുന്നു.

5. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നോട്ടീസ് നൽകിയതിൽ കവിഞ്ഞ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. ഡെന്റൽ ക്ലിനിക്കിന് നോട്ടീസ് പോലും നൽകിയിട്ടില്ല.

മേൽ അപാകതകളുടെ പശ്ചാത്തലത്തിൽ താഴെ പറയുന്ന നിർദേശങ്ങൾ അറിയിക്കുന്നു.

1. ടി കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിർണയിച്ച് നാളിതു വരെയുള്ള നഷ്ടം കണക്കാക്കി ഈടാക്കി അറിയിക്കേണ്ടതാണ്

2. ഒരു കെട്ടിടത്തിനെ വിവിധ മേഖലകളിലും വിവിധ റോഡുതരത്തിലും ഉൾപ്പെടുത്തിയതിനുള്ള കാരണം വിശദീകരിക്കേണ്ടതാണ്.

3. പാർപ്പിടാവശ്യത്തിനു നികുതി നിർണയിക്കപ്പെട്ട കെട്ടിടം വർഷങ്ങളായി വാണിജ്യാവശ്യത്തിനായി ഉപയോഗിക്കപ്പെട്ടിട്ടും ആയതിന് മേൽ നടപടി സ്വീകരിക്കാത്തതിനു വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

4. 2411 നമ്പർ മുറിയുടെ കൈവശക്കാരിൽ നിന്നും മാത്രമാണ് തൊഴിൽ നികുതി (അതും സ്ഥാപന തൊഴിൽ നികുതി മാത്രം) ഈടാക്കിയത്.

5. മേൽ കെട്ടിടങ്ങൾക്ക് മുകളിലായി ATC എന്ന കമ്പനി സ്ഥാപിച്ച മൊബൈൽ ടവറും ജനറേറ്റർ ഷെഡും പ്രവർത്തിക്കുന്നു. ടവർ സമീപ കാലത്ത് സ്ഥാപിച്ചതാണെന്നാണ് ഉടമ അറിയിച്ചത്. ഈ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഈടാക്കിയതോ ഡിമാന്റ് നോട്ടീസ് നൽകിയതോ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല.

6. സ്ഥാപനങ്ങളിൽ നിന്നും വിശദാംശങ്ങൾ ലഭ്യമാക്കി തൊഴിൽ നികുതി കണക്കാക്കി കുടിശ്ശിക സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

7. ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കാനനുവദിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-23 സഞ്ചയ സോഫ്റ്റ്‌വെയർ - അപാകതകൾ

കേരളത്തിലെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ റവന്യൂ സംവിധാനത്തിന്റെ കമ്പ്യൂട്ടർവൽക്കരണത്തിനായി ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച ഒരു ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ സ്യൂട്ടാണ് സഞ്ചയ. വസ്തു നികുതി, തൊഴിൽ നികുതി, ആപൽകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കുള്ള അനുമതി, വാടക, തുടങ്ങിയവ കൈകാര്യം

ചെയ്യാനാണ് ഈ ഈ ആപ്ലിക്കേഷൻ വികസിപ്പിച്ചതെങ്കിലും നിലവിൽ വസ്തു നികുതി സംബന്ധമായ കാര്യങ്ങൾ മാത്രമാണ് ഇത് വഴി കൈകാര്യം ചെയ്യുന്നത്.

നഗരസഭയിൽ വസ്തു നികുതി സംബന്ധമായ രേഖകളെല്ലാം നിലവിൽ സഞ്ചയ വഴിയാണ് കൈകാര്യം ചെയ്യുന്നത്. നഗരസഭ പരിധിയിലെ നിയമാനുസൃതമല്ലാതെ നിർമിച്ച കെട്ടിടങ്ങൾക്ക് ചില ജീവനക്കാരുടെ സഞ്ചയ ലോഗിൻ വിവരങ്ങൾ ചോർത്തി നിലവിലെ ഒരു കെട്ടിടത്തിന്റെ നമ്പർ അനധികൃതമായി ഇഷ്യൂ ചെയ്തതായി നഗരസഭയുടെ റവന്യൂ വിഭാഗം റിപ്പോർട്ട് ചെയ്യുകയും ആയതും നഗരസഭയിലെ ഇൻഫർമേഷൻ കേരള മിഷൻ വിഭാഗത്തിന്റെ റിപ്പോർട്ടും പരിഗണിച്ച് ദുരുപയോഗം ചെയ്യപ്പെട്ട ലോഗിനുകൾ അനുവദിക്കപ്പെട്ട ഉദ്യോഗസ്ഥരെ 18.06.2022 ന് സസ്പെന്റ് ചെയ്യുകയുണ്ടായി. സോഫ്റ്റ്‌വെയർ നടപ്പിൽ വരുത്തി വർഷങ്ങളായിട്ടും നഗരസഭയിലെ ഓഡിറ്റ് വിഭാഗത്തിനു ലോഗിൻ അനുവദിക്കാൻ നഗരസഭ തയ്യാറായിട്ടില്ല. ഈ സാഹചര്യത്തിൽ സോഫ്റ്റ്‌വെയറിന്റെ പരിമിതികൾ സംബന്ധിച്ച് നഗരസഭയിലെ വിവിധ വിഭാഗങ്ങളുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ ചുവടെ നൽകുന്നു.

എ. വസ്തുനികുതിയുമായി ബന്ധപ്പെട്ട പുതിയ അസസ്മെന്റ്, ജമമാറ്റം, വേക്കൻസി റമിഷൻ തുടങ്ങിയവ ഉൾപ്പെടെയുള്ള വിവരങ്ങൾ എൻട്രി വരുത്തി ഡിജിറ്റൽ സിഗ്നേച്ചർ ചെയ്യുമ്പോൾ മെയിൻ ഓഫീസിലെ വിവരങ്ങൾ മേഖല ഓഫീസിലെ റവന്യൂ ഓഫീസർമാരുടെ ലോഗിനിൽ നിന്നും ഡിജിറ്റൽ സൈൻ ചെയ്യപ്പെട്ടതായി സോഫ്റ്റ്‌വെയറിൽ തെറ്റായി കാണിക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതും അത് കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരുടെ ചുമതലയിൽ പെടാത്തതും ഫയൽ പരിശോധിച്ച അംഗീകരിച്ചിട്ടില്ലാത്തതുമായ കെട്ടിട വിവരങ്ങൾ പരസ്പരം മാറി ഡിജിറ്റൽ ചെയ്യപ്പെടുന്നത് ഗൗരവമുള്ള പ്രശ്നമായതിനാൽ ആയത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി നഗരസഭാ സെക്രട്ടറി വിളിച്ചുചേർത്ത നഗരസഭാ വിഭാഗത്തിലെയും വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ യോഗത്തിൽ നിലവിൽ സാങ്കേതിക തകരാർ പരിഹരിച്ചിട്ടുണ്ടെന്ന് ഐ കെ എം ജില്ല തല ടെക്നിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ടെന്നും എന്നിരുന്നാലും നഗരസഭയിൽ ഓൺലൈൻ സംവിധാനം ആരംഭിച്ചതു മുതൽ ഡിജിറ്റൽ സിഗ്നേച്ചർ ചെയ്യപ്പെട്ടിട്ടുള്ള കെട്ടിടങ്ങൾ തെറ്റായ സൈൻ ചെയ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കണമെന്നും ഇത്തരം തകരാറുകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കരുതെന്നും ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ അറിയിക്കുകയുണ്ടായി. അപ്രൂവ് ചെയ്യപ്പെട്ടിട്ടുള്ള എല്ലാ കെട്ടിടങ്ങളും മെയിൻ ഓഫീസിലെയും സോണൽ ഓഫീസിലെയും അപ്രൂവൽ കൈകാര്യം ചെയ്യുന്നവർക്ക് ഡിജിറ്റൽ സൈൻ ചെയ്യാവുന്ന രീതിയിലാണ് നിലവിൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ സംവിധാനമുള്ളത്. മേൽ സോഫ്റ്റ്‌വെയറിൽ ക്ലർക്കുമാർ മുതൽ റവന്യൂ ഓഫീസർമാർ വരെയുള്ളവർക്ക് സ്വന്തമായി യൂസർ ഐ.ഡി. യും പാസ്‌വേഡും നൽകിയിട്ടുണ്ട്. ക്ലാർക്കുമാർക്ക് അവർക്ക് അനുവദിച്ച വാർഡുകളിലെ കെട്ടിടങ്ങളുടെ ഡാറ്റകൾ എൻട്രി വരുത്താനും മാറ്റം വരുത്താനും മാത്രമേ സാധിക്കുകയുള്ളൂ. വെരിഫൈ/അപ്രൂവൽ ലോഗിനുള്ള ഏതൊരാൾക്കും നിലവിൽ വസ്തു നികുതിയുമായി ബന്ധപ്പെട്ട ഡാറ്റ എൻട്രി വെരിഫൈ ചെയ്യാനുള്ള/അപ്രൂവ് ചെയ്യാനുള്ള സൗകര്യമുണ്ട്. കോഴിക്കോട് കോർപ്പറേഷനിൽ മെയിൻ ഓഫീസും 3 മേഖല ഓഫീസുകളുമുണ്ട്. 4. ഓരോ ജീവനക്കാരനും തന്റെ പരിധിയിലുള്ള കെട്ടിടങ്ങളുടെ/സെക്ഷനുകളുടെ ഡാറ്റയിൽ മാത്രം മാറ്റങ്ങൾ വരുത്താനുള്ള/വെരിഫൈ ചെയ്യാനുള്ള/അപ്രൂവ് ചെയ്യാനുള്ള/ഡിജിറ്റൽ സൈൻ ചെയ്യാനുള്ള പ്രിവിലേജ് മാത്രം അനുവദിക്കേണ്ടതും ലോഗിൻ ചെയ്യൽ ഒ.ടി.പി അധിഷ്ഠിതമാക്കേണ്ടതുമാണ്.

ബി. കോഴിക്കോട് കോർപ്പറേഷനിൽ 2.5 ലക്ഷത്തോളം കെട്ടിടനമ്പറുകൾ നിലവിലുണ്ട്. സർവറിനു ഈ ബാഹുല്യം താങ്ങാനുള്ള ശേഷിക്കുറവുള്ളതിനാൽ മൊത്തം കെട്ടിടങ്ങളുടെ റിപ്പോർട്ടുകൾ (ഉദാഹരണത്തിന് : എല്ലാ വാർഡുകളുടെയും അസസ്മെന്റ് രജിസ്റ്റർ ലഭ്യമാക്കാൻ സഞ്ചയയിൽ സംവിധാനമുണ്ടെങ്കിലും ഡൗൺലോഡ് ചെയ്യാൻ സാധിക്കാറില്ല.) ഡൗൺലോഡ് ചെയതെടുക്കാൻ സാധിക്കുന്നില്ല. എളുപ്പത്തിലും വേഗത്തിലും റിപ്പോർട്ടുകൾ ലഭ്യമാക്കാനുള്ള സംവിധാനം സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തേണ്ടതാണ്.

സി. വാണിജ്യാവശ്യ കെട്ടിടങ്ങൾക്കും സൂപ്പർ മാർക്കറ്റ്/ഷോപ്പിംഗ് മാൾ എന്നീ വിഭാഗത്തിലുള്ള കെട്ടിടങ്ങൾക്കും തറ വിസ്തീർണത്തിന്റെ അടിസ്ഥാനത്തിൽ രണ്ടുതരം നികുതി നിരക്ക് താഴെ പറയും പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

| ക്രമനം. | കെട്ടിടങ്ങളുടെ തരം | അടിസ്ഥാന വാർഷികവസ്തു നികുതി (ചതുരശ്ര മീറ്ററിന്) |
|---|---|---|
| 1. | വാണിജ്യാവശ്യം (100 ചതുരശ്ര മീറ്റർ വരെ) | 90 |
| 2. | വാണിജ്യാവശ്യം (100 ചതുരശ്ര മീറ്ററിൽ കൂടുതൽ ) | 105 |
| 3. | സൂപ്പർ മാർക്കറ്റുകൾ (200 ചതുരശ്ര മീറ്റർ വരെ) | 90 |
| 4. | സൂപ്പർ മാർക്കറ്റുകൾ (200 ചതുരശ്ര മീറ്ററിൽ കൂടുതൽ ) | 150 |

ഒരു കെട്ടിടത്തിലെ തന്നെ കുറഞ്ഞ വിസ്തീർണ്ണം ഉള്ള ഭാഗങ്ങൾക്ക്/മുറികൾക്ക് കെട്ടിട നമ്പർ നൽകുമ്പോൾ കുറഞ്ഞ തരം നിരക്കിൽ നികുതി ചുമത്തേണ്ടി വരുന്നത് മൂലം രണ്ടുതരം നിരക്കുകൾ നിശ്ചയിച്ചതിന്റെ പ്രസക്തി നഷ്ടപ്പെടുകയും

നികുതി തുകയിൽ കുറവ് വരികയും ചെയ്യുന്നു കൂടാതെ ഇത്തരത്തിൽ നികുതി കണക്കാക്കുമ്പോൾ 250 ച.മീറ്ററിന് മുകളിലുള്ള മുന്തിയ ഇനം തറനിർമിതിയുള്ള കെട്ടിടങ്ങൾക്ക് ബാധകമായ 15 ശതമാനം വരുന്ന വർദ്ധനവ് ബാധകമാക്കാനും കഴിയുന്നില്ല. നികുതി നിരക്കുകൾ നിർണയിക്കേണ്ടത് മൊത്തം കെട്ടിടത്തിന്റെ വിസ്തീർണം പരിഗണിച്ചാണോ കെട്ടിട നമ്പർ നൽകപ്പെട്ട കെട്ടിടത്തിന്റെ വിസ്തീർണം പരിഗണിച്ചാണോ എന്ന കാര്യത്തിലെ അവ്യക്തതയും പ്രയാസമുണ്ടാക്കുന്നുണ്ട്

ഡി. ഡിമാന്റ് നോട്ടീസിൽ കെട്ടിടത്തിന്റെ വസ്തുത വിവരങ്ങളില്ല.

ഇ. നഗരസഭയുടെ മൊത്തം ഡിമാന്റ് വിവരങ്ങൾ ജനറേറ്റ് ചെയ്തെടുക്കാൻ സാധിക്കുന്നില്ല. ഓരോ വാർഡിന്റെയും വിവരങ്ങൾ ജനറേറ്റ് ചെയ്തെടുത്ത് ക്രോഡീകരിക്കാൻ വളരെയധികം ബുദ്ധിമുട്ട് നേരിടുന്നു.

എഫ്. കെട്ടിടങ്ങളെ തരം തിരിച്ച് എടുക്കാൻ സാധിക്കുന്നില്ല.

ജി. സർക്കാർ ഉത്തരവ് പ്രകാരം വിമുക്ത ഭടൻമാരുടെ വീടുമായി ബന്ധപ്പെട്ട ഇളവുകൾ ലഭിക്കുന്നതിനായി എല്ലാ സാമ്പത്തിക വർഷവും മാർച്ച് 31 നകം സത്യവാങ്മൂലം സമർപ്പിക്കണം. എന്നാൽ സഞ്ചയയിൽ ഇളവ് അനുവദിച്ചത് എൻട്രി വരുത്തുമ്പോൾ 10 വർഷത്തേക്ക് ഒരുമിച്ച് ഇളവ് നൽകപ്പെട്ടു വരുന്നതായി കാണുന്നു. ആയത് തിരുത്തപ്പെടേണ്ടതാണ്.

എച്ച്. ബഹുനില വാണിജ്യ കെട്ടിടത്തിന്റെ ഒന്നാം നിലക്ക് അനുവദിച്ചിട്ടുള്ള ഇളവ് ഇരുനില കെട്ടിടത്തിലെ ഒന്നാം നിലയ്ക്കും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഇളവ് അനുവദിക്കുന്നു.

ഐ. മാന്വൽ സംവിധാനത്തിൽ അനുവർത്തിച്ച രീതിയിലുള്ള ഡിമാന്റ് രജിസ്റ്ററുകളുടെ ഒത്തുനോക്കൽ (ഏതെങ്കിലും കെട്ടിടങ്ങൾ/നമ്പറുകൾ ഒഴിവായിപ്പോയിട്ടുണ്ടോ/ഉടമസ്ഥാവകാശം മാറിയിട്ടുണ്ടോ എന്നത് സംബന്ധിച്ച പരിശോധന) നിലവിലെ സംവിധാനത്തിൽ പ്രായോഗികമല്ല.

ജെ. ഏതൊരാൾക്കും ഓൺലൈനായി ഏതൊരു കെട്ടിടത്തിന്റെയും നികുതി അസസ്സ്മെന്റ് റിപ്പോർട്ട് കൂടി കാണാനുള്ള സൗകര്യം ഏർപ്പെടുത്തണം.

## 1-24 സേവന ഉപ നികുതി നിർണയിച്ചതിലെ അപാകതയും പഴയ കെട്ടിടങ്ങളിൽ നിന്നും പിരിക്കാത്തതും.

കോഴിക്കോട് നഗരസഭ സെക്രട്ടറിയുടെ എ.1/111552/11 നം. പ്രകാരമുള്ള 19.11.2021 ലെ വിജ്ഞാപനവും 04.12.2021 ലെ ഉത്തരവും പ്രകാരം നഗരസഭ പ്രദേശത്തെ 150 ച.മീറ്ററിൽ താഴെ തറവിസ്തീർണമുള്ള വാസഗൃഹങ്ങളൊഴികെയുള്ള കെട്ടിടങ്ങൾക്ക് 2019 ഏപ്രിൽ 1 പ്രാബല്യത്തിൽ 10% സേവന ഉപനികുതി ചുമത്തി ഉത്തരവായിട്ടുണ്ട്. സേവന ഉപനികുതി ചുമത്തുന്നതുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ നൽകുന്നു.

1. നിർണയിച്ചതിലെ അപാകതകൾ

ഒരു മുനിസിപ്പാലിറ്റി പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും നിയമത്തിലെ 235-ാം വകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്നു പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ സമീപ പ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവ സംബന്ധിച്ച് പുതിയ സേവനങ്ങൾ ഏർപ്പെടുത്തുന്നതിലേക്കായി കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽസേവന ഉപനികുതി (പൂർണസംഖ്യയിൽ) ചുമത്താവുന്നതാണ് എന്ന് ചട്ടം 26 ൽ നിർദേശിക്കുന്നുണ്ട്. അത്തരം പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ഒരുകെട്ടിടത്തിന് മേൽപറഞ്ഞ സേവനം ലഭ്യമായിട്ടില്ലെങ്കിൽ ആ കെട്ടിടത്തെ സേവന ഉപ നികുതിയിൽ നിന്നു ഒഴിവാക്കാവുന്നതാണ്. എന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. ചട്ടം 27 പ്രകാരം നഗരസഭയ്ക്ക് നിശ്ചയിക്കാവുന്ന സേവന ഉപനികുതി നിരക്കുകൾ താഴെ പറയും പ്രകാരമാണ്.

| | | |
|---|---|---|
| എ. | ശുചിത്വ പരിപാലനം (അതത് പ്രദേശത്തെ പൊതുവായ ശുചിത്വ പരിപാലനത്തിനും ചപ്പു ചവറുകൾ, പക്ഷിമൃഗാദികളുടെ ജീർണാവശിഷ്ടം, വിസർജ്യ വസ്തുക്കൾ തുടങ്ങിയ ഖരമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും സംസ്കരിക്കുന്നതിനുമുള്ള ചെലവുകൾക്ക്) | വസ്തു നികുതിയുടെ 4 % |
| ബി. | ജലവിതരണം (തെരുവു ടാപ്പുകൾ ഉൾപ്പെടെയുള്ള ജലവിതരണ സംവിധാനങ്ങളുടെ ചെലവുകൾക്ക്) | വസ്തു നികുതിയുടെ 3 % |
| സി. | തെരുവ് വിളക്കുകൾ (സ്ഥാപിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള ചെലവുകൾക്ക്) | വസ്തു നികുതിയുടെ 2 % |

| | | |
|---|---|---|
| ഡി. | ഡ്രെയിനേജ് (അഴുക്ക ചാൽ ഉൾപ്പെടെയുള്ള്സംവിധാനങ്ങൾക്ക്) | വസ്തു നികുതിയുടെ 1 % |

എന്നാൽ ഓരോ പ്രദേശത്തും ഏതെല്ലാം സേവനങ്ങളാണ് ലഭ്യമാക്കുന്നത് എന്നത് വ്യക്തമാക്കാതെയും ചട്ടത്തിൽ നിഷ്കർഷിക്കാത്ത മാനദണ്ഡം ഉൾക്കൊള്ളിച്ചുമാണ് (150 ച.മീറ്ററിൽ താഴെ തറവിസ്തീർണമുള്ള വാസഗൃഹങ്ങളൊഴികെയുള്ള കെട്ടിടങ്ങൾ) സേവന ഉപനികുതി നിശ്ചയിച്ചിരിക്കുന്നത്.

2. പഴയ കെട്ടിടങ്ങളിൽ നിന്നും ഈടാക്കുന്നില്ല.

സേവന ഉപനികുതി ഏർപ്പെടുത്തിയ ഉത്തരവ് പ്രകാരം നിലവിലുള്ളതും പുതുതായി നികുതി നിർണയിക്കപ്പെടുന്നതുമായ കെട്ടിടങ്ങൾക്ക് 2019 ഏപ്രിൽ 1 മുതൽ സേവന ഉപനികുതി ബാധകമാണ്. എന്നാൽ സേവന ഉപനികുതി ബാധകമായ നിലവിലുള്ള കെട്ടിടങ്ങൾക്ക് 2022-23 വർഷം നികുതി ഡിമാന്റ്ചെയ്ത സമയത്ത് പോലും സേവന ഉപനികുതി ഉൾപ്പെടുത്തിയതായി കാണുന്നില്ല. ഉദാഹരണം ചുവടെ നൽകുന്നു.

| കെട്ടിട നം. | കെട്ടിടമുടമയുടെ പേര് | ഡിമാന്റ് വർഷം | ഡിമാന്റ് ചെയ്ത തുക | |
|---|---|---|---|---|
| 8/1929 എ | സജീവ് ഐ | 2022-23 രണ്ടാംഅർധവർഷം | വസ്തു നികുതി | 13531 |
| | | | ഗ്രന്ഥശാല വരി | 677 |
| | | | ആകെ | 14208 |

3. സേവന ഉപനികുതി, ഗ്രന്ഥശാല വരി എന്നിവയുടെ വിശദാംശം രേഖപ്പെടുത്തുന്നില്ല.

എലത്തൂർ മേഖല കാര്യാലയത്തിൽ ബിൽ കലക്ടർമാർ മുഖേന വസ്തു നികുതി പിരിക്കുമ്പോൾ നികുതിദായകന് നൽകുന്ന രശീതിയിൽ നികുതി തുക, ഗ്രന്ഥശാല വരി, പിഴ, സേവനഉപനികുതി എന്നിവ വെവ്വേറെ രേഖപ്പെടുത്തുന്നില്ല. ഇങ്ങനെ രേഖപ്പടുത്തണമെന്ന് കോഴിക്കോട് നഗരസഭ സെക്രട്ടറിയുടെ 04.12.2021 ലെ എ.1/111552/11നം. ഉത്തരവിൽ പ്രത്യേകം നിഷ്കർഷിക്കുന്നുണ്ട്. മാത്രവുമല്ല ഓരോ രശീതിയിലെയും ഗ്രന്ഥശാല വരി തുകയുടെ ആകെ കണക്കാക്കി കൗണ്ടറിൽഅടക്കുന്നതിനു പകരം ഒരു ദിവസത്തെ ആകെ തുകയുടെ (നികുതി+ഗ്രന്ഥശാല വരി) 5 ശതമാനം കണക്കാക്കിയാണ് എലത്തൂർ മേഖല കാര്യാലയത്തിൽ കൗണ്ടറിൽ അടക്കുന്നതിന്. THE KERALA PUBLIC LIBRARIES, (KERALA GRANTHASALA SANGHOM) ACT,1989 നിയമത്തിലെ വകുപ്പ് 48 പ്രകാരം വസ്തു നികുതിയുടെ 5 ശതമാനമാണ് ലൈബ്രറി കൗൺസിലിന് ഒടുക്കേണ്ടത്. എന്നാൽ മേൽ രീതിയിൽ ഗ്രന്ഥശാല വരി കണക്കാക്കി ഒടുക്കുന്നത് കാരണം 5 ശതമാനത്തിലധികം തുക ലൈബ്രറി കൗൺസിലിന് ഒടുക്കേണ്ടി വരുന്നു.

## 1-25 നഗരസഭ തൊഴിൽ നികുതി ഓൺലൈൻ പ്ലാറ്റ്ഫോം വഴി ഈടാക്കുമ്പോൾ നേരിടുന്ന പ്രയാസങ്ങൾ

നിലവിൽ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിൽ തൊഴിൽ നികുതി ഓൺലൈനായി ഒടുക്കുന്നത് രണ്ട് രീതിയിലാണ്.

1. IITMK (Indian Institute Of Information Technology And Management Kerala) തയ്യാറാക്കിയ ഓൺലൈൻ സംവിധാനം വഴി സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും തൊഴിൽ നികുതി HDFC ബാങ്കിൽ തൊഴിൽ നികുതി വിഭാഗത്തിനായി പ്രത്യേകം ആരംഭിച്ച അക്കൗണ്ടിലേക്ക്.

2. നഗരസഭ തനത് ഫണ്ടിനായി എസ്.ബി.ഐ മാനാഞ്ചിറ ബ്രാഞ്ചിൽ ആരംഭിച്ച 67109350615 നമ്പർ അക്കൗണ്ടിലേയ്ക്ക് RTGS – NEFT എന്നീ സംവിധാനങ്ങൾ വഴിയും. (ഇപ്രകാരം നികുതി അടവാക്കി വരുന്നസ്ഥാപനങ്ങൾ അടവാക്കിയ നികുതിയെ സംബന്ധിച്ച വിവരങ്ങൾ, കാലയളവ് എന്നിവ ബാങ്ക് സ്റ്റേറ്റ്മെന്റിൽ ലഭ്യമാവാത്തതിനാൽ ആയത് സംബന്ധിച്ച വിവരങ്ങൾ തയ്യാറാക്കാൻ സാധിക്കുന്നില്ല). നഗരസഭകളിലെ തൊഴിൽ നികുതി ഓൺലൈനായി സ്വീകരിക്കുന്നതിന് IITMK വികസിപ്പിച്ച സംവിധാനത്തിലെ അപാകതകൾ കാരണം കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ നേരിടുന്ന പ്രയാസങ്ങൾ ചുവടെ കൊടുക്കുന്നു.

1. ഓൺലൈൻ സംവിധാനം വഴി വരുമാനം സ്വയം നിർണ്ണയിച്ച് നികുതി ഒടുക്കുന്നതിനാൽ , ആയത് ദുരുപയോഗം ചെയ്യപ്പെടുന്നതിന് സാധ്യതയുള്ളതിനാൽ നഗരസഭയുടെ തൊഴിൽ നികുതിയിനത്തിലെ വരുമാനം സാരമായി കുറയുന്നതിന് സാധ്യതയുണ്ട്.

2. രസീതിൽ വാർഡ്, കെട്ടിട നമ്പർ എന്നിവ രേഖപ്പെടുത്താതിരിക്കുന്നതിനാൽ സ്ഥാപനത്തെ സംബന്ധിച്ച വിവരങ്ങളുടെ കൃത്യത പരിശോധന നടത്തുന്നതിനോ, ഏതെങ്കിലും വിധത്തിൽ ശ്രദ്ധയിൽപ്പെടുന്ന അപാകതകൾ ( നികുതിയിലുള്ള വ്യത്യാസം ഉൾപ്പെടെ ) പരിഹരിക്കുന്നതിനോ സാധിക്കുന്നില്ല.

3. തൊഴിൽ നികുതി രസീതിൽ വാർഡ് നമ്പർ, കെട്ടിട നമ്പർ എന്നിവ രേഖപ്പെടുത്താതിരിക്കുന്നതിനാൽ നഗരസഭകളിൽ നിന്നും വ്യാപാര ലൈസൻസ് അനുവദിക്കുന്നതിന്, തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ സാധിക്കുന്നില്ല.

4. തൊഴിൽ നികുതി കുടിശ്ശികയുള്ളവരുടെ കാര്യത്തിൽ കുടിശ്ശിക തുക ഒടുക്കാതെ തന്നെ തന്നാണ്ടത്തെ നികുതി

ഒടുക്കുന്നതിന് സാധിക്കുമെന്നുള്ളതിനാൽ, കുടിശ്ശിക ഒടുക്കാതെ നഗരസഭയിൽ നിന്നും സേവനങ്ങൾ ലഭ്യമാകുകയും കുടിശ്ശിക തുക സമയബന്ധിതമായി ഈടാക്കുന്നതിന് സാധിക്കാതെ വരികയുംആയത് നഗരസഭയുടെ വരുമാനത്തെ സാരമായി ബാധിക്കുകയും ചെയ്യുന്നു.

5. സ്പാർക്ക് മുഖേന ശമ്പള ബിൽ തയ്യാറാക്കുന്ന സ്കൂളുകളടക്കമുള്ള ഗവൺമെന്റ് സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുന്നില്ലാത്തതിനാൽ തൊഴിൽ നികുതി സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ മേൽ സംവിധാനത്തിൽ ലഭ്യമാകുന്നില്ല. ആയതിനാൽ നിലവിലുള്ള ഓഫ്‌ലൈൻ സംവിധാനം തുടരേണ്ടതായി വരുന്നു.

തൊഴിൽ നികുതി ഒടുക്കുന്നതിനായി ഓൺലൈൻ രജിസ്ട്രേഷൻ നടത്തുന്ന മുറയ്ക്ക് ആയതിന്റെ ആധികാരികത ഓഫീസ് തലത്തിൽ പരിശോധിച്ച് ഉറപ്പുവരുത്തി അപ്രൂവ് ചെയ്യുന്നതിന് മേൽ പോർട്ടലിൽ ഒരു സംവിധാനം ഏർപ്പെടുത്തുന്ന പക്ഷം മേൽ പറഞ്ഞ പ്രശ്നങ്ങൾ ഒരു പരിധി വരെ പരിഹരിക്കാവുന്നതാണ്.

## 1-26 തൊഴിൽ നികുതി ഈടാക്കിയതിലെയും രജിസ്റ്ററുകൾ പരിപാലിക്കുന്നതിലെയും അപാകതകൾ

കോഴിക്കോട് നഗരസഭയുടെ 2020-21 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചപ്പോൾ പറയുന്ന അപാകതകൾ കണ്ടെത്തി.

(1) ഡിമാന്റ് രജിസ്റ്ററുകൾ പൂർണ്ണമല്ല

വാർഡ് 10, 11, 13, 32, 59, 62, 66 എന്നിവയുടെ തൊഴിൽ നികുതി രജിസ്റ്റർ (ട്രേഡേഴ്സ്) പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ടെങ്കിലും ആയതിൽ ഡിമാന്റ് തുക മാത്രമേ എഴുതിയിട്ടുള്ളൂ. തുക അടവാക്കിയതിന്റെ യാതൊരു വിവരങ്ങളും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. മറ്റ് വാർഡുകളുടെ ഡിമാന്റ് രജിസ്റ്ററുകളിൽ ഭാഗികമായി മാത്രമേ അടവാക്കിയ തുകയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളൂ.

ഉദാ :-

(എ) വാർഡ് 8, 16, 17, 61(2) എന്നിവയുടെ ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചപ്പോൾ 2020-21 രണ്ടാം അർദ്ധവർഷത്തെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട 50 ശതമാനം സ്ഥാപനങ്ങളിൽ നിന്നു തുക അടവാക്കിയതിന്റെ വിവരങ്ങൾ മാത്രമാണ് ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളൂ.

(ബി) 2020-21 രണ്ടാം അർദ്ധ വർഷത്തിൽ 6, 11, 14, 15, 16, 21, 32, 33, 69, 74, 61(2) എന്നീ വാർഡുകളുടെ ഇൻസ്റ്റിറ്റ്യൂഷൻ ലിസ്റ്റ് പ്രകാരമുള്ള സ്ഥാപനങ്ങളുടെ എണ്ണത്തിന്റെ 50% ൽ താഴെ മാത്രമാണ് ഡിമാന്റ് രജിസ്റ്ററിൽ തുക അടവാക്കിയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത്.

ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ എന്നിവയിൽ സംക്ഷിപ്തം എഴുതിയിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യ പത്രികയിലെ തുകയുമായി രജിസ്റ്റർ പ്രകാരമുള്ള തുക പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. മേൽ വിവരിച്ചതിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിപാലിക്കുന്നതിൽ നഗരസഭയ്ക്ക് വീഴ്ച സംഭവിച്ചിട്ടുള്ളതായി വ്യക്തമാകുന്നു.

(2) തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

ചട്ട പ്രകാരം ഈടാക്കേണ്ട തുകയേക്കാൾ കുറഞ്ഞ തുക ഈടാക്കിയതായി കാണുന്നു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഇൻസ്റ്റിറ്റ്യൂഷൻ നം. | അർദ്ധ വർഷം | സ്ഥാപനം | ജീവനക്കാരന്റെ പേര് | അർദ്ധ വാർഷിക വരുമാനം | അടവാക്കേണ്ട തുക | അടവാക്കിയ തുക | കുറവ് | രസീത് നം. തീയതി |
|---|---|---|---|---|---|---|---|---|---|
| 1 | 34/151 | II/ 2020-21 | അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ Dist.Sub Division No.11, KWA, Civil Station | ലീന.കെ.ടി | 185040 | 1250 | -- | 1250 | -- |
| 2 | 34/151 | II/ 2020-21 | അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ Dist.Sub Division No.11, KWA, Civil Station | എ.അബ്ദുൾ ബഷീർ | 180000 | 1250 | -- | 1250 | -- |
| 3 | 61(2)/173 | II/ 2020-21 | സ്ത്രീകളുടെയും കുട്ടികളുടെയും | സീന എലിസബത്ത് | 79200 | 750 | 450 | 300 | 120003-1695 31.03.2021 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | സർക്കാർ ആശുപത്രി | | | | | | |
| 4 | 61(2)/173 | II/ 2020-21 | സ്ത്രീകളുടെയും കുട്ടികളുടെയും സർക്കാർ ആശുപത്രി | രതിൽ.കെ | 75980 | 750 | 600 | 150 | 120003-1693 31.03.2021 |
| 5 | 61(2)/ 173 | II/ 2020-21 | സ്ത്രീകളുടെയും കുട്ടികളുടെയും സർക്കാർ ആശുപത്രി | ശശീന്ദ്രൻ.കെ | 75520 | 750 | 600 | 150 | 120003-1693 31.03.2021 |
| 6 | 61(2)/ 173 | II/ 2020-21 | സ്ത്രീകളുടെയും കുട്ടികളുടെയും സർക്കാർ ആശുപത്രി | Shyi.C | 79520 | 750 | 600 | 150 | 120003-1693 31.03.2021 |
| 7 | 61(2)/ 173 | II/ 2020-21 | സ്ത്രീകളുടെയും കുട്ടികളുടെയും സർക്കാർ ആശുപത്രി | നിഷ.വി | 78050 | 750 | 600 | 150 | 120003-1693 31.03.2021 |
| 8 | 61(2)/ 173 | II/ 2020-21 | സ്ത്രീകളുടെയും കുട്ടികളുടെയും സർക്കാർ ആശുപത്രി | മേഘ | 90000 | 750 | 450 | 300 | 120003-1694 31.03.2021 |
| 9 | 61(2)/ 183 | II/ 2020-21 | കാക്കാസ് ഗാർമെന്റ്സ് | സഫിൻ.എം.വി | 45275 | 450 | 300 | 150 | 170341-12924 18.03.2021 |
| 10 | 61(2)/ 45 | II/ 2020-21 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് | ജെന്നി രാജ്.സി | 126100 | 1250 | 500 | 750 | 170341-126773 03.03.2021 |
| 11 | 61(2)/ 45 | II/ 2020-21 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് | ഷീമ.കെ.കെ | 119100 | 1000 | 250 | 750 | 170341-126773 03.03.2021 |
| 12 | 61(2)/ 45 | II/ 2020-21 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് | ഷീജ.ടി | 100028 | 1000 | 400 | 600 | 170341-126773 03.03.2021 |
| 13 | 61(2)/ 45 | II/ 2020-21 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് | രമ്യ രാജേന്ദ്രൻ | 100028 | 1000 | 400 | 600 | 170341-126773 03.03.2021 |
| 14 | 61(2)/ 45 | II/ 2020-21 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് | ബിജു.കെ | 79606 | 750 | 300 | 450 | 170341-126773 03.03.2021 |
| 15 | 72/81 | II/ 2020-21 | കൈരളി പോളിപേക്ക് പ്രൈ.ലിമിറ്റഡ് | റോസ.സി.വി | 46800 | 450 | 300 | 150 | -- |
| 16 | 65/83 | II/ 2020-21 | അജ്മൽ & സൺസ് | അഷറഫ് | 141766 | 1250 | 1000 | 250 | 120020124197 16.03.21 |
| 17 | 56/9 | I/ 2020-21 | AWH സ്പെഷ്യൽ കോളേജ് കല്ലായി | റഹീം.എം | 83274 | 750 | 600 | 150 | -- |
| 18 | 59/230 | I/ 2020-21 | മലബാർ ഗോൾഡ് പ്രൈ. ലിമിറ്റഡ് | സമീർ ദാസ് | 343333 | 1250 | 300 | 950 | -- |
| 19 | 59/206 | I/ 2020-21 | സ്റ്റോക്ക് ഹോൾഡിംങ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് | റിസ്‌വാൻ.ടി | 128708 | 1250 | 1000 | 250 | 1200031747 31.03.2021 |
| 20 | 59/26 | II/ 2020-21 | തളി ദേവസ്വം | അനുരാജ് | 134175 | 1250 | 1000 | 250 | 1200031324 06.03.2021 |
| 21 | 59/122 | II/ 2020-21 | നോർക്ക റൂട്ട്സ് | സജ്ന.പി | 132000 | 1250 | 1000 | 250 | 1200031161 15.02.2021 |
| 22 | 59/122 | II/ 2020-21 | നോർക്ക റൂട്ട്സ് | രമ്യ ഭാസ്കരൻ | 132000 | 1250 | 1000 | 250 | 1200031161 15.02.2021 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 23 | 59/122 | II/ 2020-21 | നോർക്ക റൂട്ട്സ് | ബിന്ദു പ്രശാന്ത് | 132000 | 1250 | 1000 | 250 | 1200031161 15.02.2021 |
| 24 | 38/39 | II/ 2020-21 | KUN IMPEX (P) LTD | ബിന്ദു | 60000 | 600 | 450 | 150 | -- |
| 25 | 38/39 | II/ 2020-21 | KUN IMPEX (P) LTD | പ്രജിത.ടി.പി | 60000 | 600 | 450 | 150 | -- |
| | | | | ആകെ | | | | 10050 | |

തൊഴിൽ നികുതി ഇനത്തിൽ കുറവ് വന്ന തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(3) തൊഴിൽ നികുതി റിട്ടേൺ പ്രകാരമുള്ള തുകയേക്കാൾ കുറഞ്ഞ തുക അടവാക്കി

കുറഞ്ഞ തുക അടവാക്കിയ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

(എ) ഇൻഡസ് മോട്ടോഴ്സ് (INST No.66/8) എന്ന സ്ഥാപനം സമർപ്പിച്ച 2020-21 രണ്ടാം അർദ്ധ വർഷത്തെ തൊഴിലാളികളുടെ തൊഴിൽ നികുതി റിട്ടേൺ പ്രകാരം 45,930/- രൂപ അടവാക്കേണ്ടതുണ്ട്. എന്നാൽ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 27.02.2021 ലെ 120026122670 നമ്പർ രസീത് പ്രകാരം 33280/- രൂപ മാത്രമാണ് അടവാക്കിയിട്ടുള്ളത് എന്ന് കാണുന്നു.

(ബി) LIC ഹൗസിങ് ഫിനാൻസ് (INST No.59/134) എന്ന സ്ഥാപനം സമർപ്പിച്ച റിട്ടേൺ പ്രകാരം ജീവനക്കാരായ 8 പേർക്ക് 1250/- രൂപ വീതം ആകെ 10000/- രൂപയാണ് തൊഴിൽ നികുതി ഇനത്തിൽ അടവാക്കേണ്ടത്. എന്നാൽ ചെക്ക് നം.032535പ്രകാരം 8750/- രൂപയാണ് അടവാക്കിയത്. (റസീപ്റ്റ് നം.1200031740 തീയതി 31.03.2021) തൊഴിൽ നികുതി ഇനത്തിൽ കുറവ് വന്ന തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി നഗരസഭ ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

(4) വരുമാനം രേഖപ്പെടുത്താതെ റിട്ടേൺ സമർപ്പിച്ചു

ചില സ്ഥാപനങ്ങൾ വരുമാനം രേഖപ്പെടുത്താതെയാണ് ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ സമർപ്പിച്ചിട്ടുള്ളത്.

ഉദാ; (എ) ICL Fincorp Ltd (INST No.59/201) ന്റെ 2020-21 - 1-ാംഅർദ്ധവർഷ റിട്ടേൺ

(ബി) PNB പള്ളിക്കണ്ടി ബ്രാഞ്ചിന്റെ (INST No.59/119) 2020-21 - 1-ാംഅർദ്ധവർഷ റിട്ടേൺ

അർദ്ധ വാർഷിക വരുമാനത്തിനനുസരിച്ചാണ് തൊഴിൽ നികുതി നിരക്കുകൾ നിശ്ചയിച്ചിട്ടുള്ളത്. വരുമാനം രേഖപ്പെടുത്താതെ റിട്ടേൺ സമർപ്പിച്ചത് കാരണം ചട്ട പ്രകാരമുള്ള തുകയാണോ ഒടുക്ക് വരുത്തിയിട്ടുള്ളതെന്ന് ഓഡിറ്റിന് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട് ലഭിക്കുന്ന റിട്ടേണുകൾ നിർദ്ദിഷ്ട ഫോറത്തിൽ ആണോ എന്നും വരുമാനത്തിനനുസൃതമായി നികുതി രേഖപ്പെടുത്തിയിട്ടുണ്ടോ എന്നും കോർപ്പറേഷൻ ഉറപ്പ് വരുത്താത്തതിനാലാണ് ഇത്തരം അപാകതകൾ സംഭവിക്കുന്നത്.

(5) നിർദ്ദിഷ്ട ഫോറത്തിൽ റിട്ടേൺ സമർപ്പിക്കുന്നില്ല

2005 ലെ മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം, ജീവനക്കാരുടെ തൊഴിൽ നികുതി സംബന്ധിച്ച റിട്ടേൺ VII-ാം നമ്പർ ഫോറത്തിലാണ് സമർപ്പിക്കേണ്ടത്. എന്നാൽ ചില സ്ഥാപനങ്ങൾ നിർദ്ദിഷ്ട ഫോറത്തിലല്ല തൊഴിൽ നികുതി റിട്ടേൺ സമർപ്പിച്ചിട്ടുള്ളത്.

ഉദാ; (എ) കല്യാൺ ജ്വല്ലറിയുടെ (INST No.63/164) 2020-21 രണ്ടാം അർദ്ധ വർഷത്തെ നികുതി റിട്ടേൺ.

(ബി) CPC മെഡിക്കൽ ലബോറട്ടറി (INST No.63/69) യുടെ 2020-21 രണ്ടാം അർദ്ധ വർഷത്തെ റിട്ടേൺ.

(6) സ്ലാബിൽ ഇല്ലാത്ത നിരക്കിൽ തൊഴിൽ നികുതി ഈടാക്കി

കാൻസർ ട്രീറ്റ്മെന്റ് സർവ്വീസസ് ഹൈദരാബാദ് പ്രൈവറ്റ് ലിമിറ്റഡ് (INST No.63/29) എന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും സ്ലാബിൽ പെടാത്ത തുകയാണ് (ഉദാ:- 948, 833, 417, 1042) തൊഴിൽ നികുതി ഇനത്തിൽ ഈടാക്കിയതായി കാണുന്നത്. തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും ചട്ട പ്രകാരമുള്ള സ്ലാബിൽ തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(7) രജിസ്റ്ററുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

70, 71, 72, 73 എന്നീ വാർഡുകളുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ട്രേഡേഴ്സ്) പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. വാർഡ് 36, 37, 38, 39, 54, 55, 56, 59, 61(1), 62, 66 എന്നിവയുടെ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ്, ഇൻസ്റ്റിറ്റ്യൂഷൻ ലിസ്റ്റ് എന്നിവയും വാർഡ് 63, 64, 65, 68 എന്നിവയുടെ ട്രേഡേഴ്സ് ലിസ്റ്റും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ നഗരസഭ ജീവനക്കാർ നികുതി അടവാക്കിയതിന്റെ രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ 07.02.2022 ലെ 41/2020-21 നമ്പർ ഒ.എസിനു മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭയുടെ പ്രധാന വരുമാന സ്രോതസ്സുകളിൽ ഒന്നായ തൊഴിൽ നികുതി ഈടാക്കുന്നതിലും ആയതിന്റെ രേഖകൾ സൂക്ഷിക്കുന്നതിലും നഗരസഭ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-27 തൊഴിൽ നികുതി അപാകതകൾ - ബേപ്പൂർ മേഖല കാര്യലയം

ബേപ്പൂർ മേഖല കാര്യലയത്തിലെ തൊഴിൽ നികുതി വരവുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് ഉറപ്പു വരുത്തിയില്ല

ബേപ്പൂർ മേഖല കാര്യാലയപരിധിക്കുള്ളിൽ തൊഴിൽ, വ്യപാരം, വ്യവസായം, മറ്റ് വരുമാന മാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ ഉൾപ്പടെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് സ്ഥാപനം ഉറപ്പു വരുത്തിയിട്ടില്ല. രജിസ്റ്ററുകളുടെ പരിപാലനത്തിലെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലുള്ള നടപടി ക്രമങ്ങളിലെയും വീഴ്ചകൾ ഇത് വ്യക്തമാക്കുന്നു. നികുതി പരിധിയിൽ നിന്നും ബാധ്യതപ്പെട്ടവർ ആരും തന്നെ ഒഴിഞ്ഞു പോകാതിരിക്കാൻ താഴെ പറയുന്ന നടപടി ക്രമങ്ങൾ 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം, 2005-ലെ തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുണ്ട്.

1. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നൽകേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ്. (1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം 249, 2005-ലെ തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 5 എന്നിവ കാണുക)

2. തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ തൊഴിലെടുക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ III-ാംനമ്പർ ഫോറത്തിൽ നോട്ടീസ് നൽകേണ്ടതും IV-ാം നമ്പർ ഫോറത്തിൽ നോട്ടീസിൽ പറഞ്ഞിട്ടുള്ള കാലാവധിക്കുള്ളിൽ സമർപ്പിക്കാൻ ആവശ്യപ്പെടേണ്ടതുമാണ്.

3. വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ ഉൾപ്പെടുത്തിയും ക്രമനം 1 ൽ സൂചിപ്പിച്ച, കെട്ടിട ഉടമകൾ ലഭ്യമാക്കുന്ന വിവരങ്ങളും 2 ൽ സൂചിപ്പിച്ച ഫോറം 4-ലെ വിവരങ്ങളും അടിസ്ഥാനപ്പെടുത്തിയുമാണ് ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടത്.

എന്നാൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, വരുമാനദായകർ എന്നിവരെ കണ്ടെത്താനുള്ള മേൽ നടപടിക്രമങ്ങൾ സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല. ഇതിന്റെ ഫലമായി താഴെ പറയുന്ന പൊരുത്തക്കേടുകൾ തൊഴിൽ നികുതിയുടെ കാര്യത്തിൽ നിലനിൽക്കുന്നു.

എ) സഞ്ചയ അസസ്മെന്റ്, ഡിമാന്റ് എന്നിവ പ്രകാരം 3231 കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ് എന്ന് സ്ഥാപനം സാക്ഷ്യപ്പെടുത്തുന്നു. ഇതിൽ 37 കെട്ടിടങ്ങൾക്ക് വേക്കൻസി റെമിഷൻ

അനുവദിച്ചിട്ടുണ്ട്. അതായത് 3194 കെട്ടിടങ്ങൾ നിലവിൽ ഉപയോഗിക്കപ്പെടുത്തുന്നുണ്ടെന്ന് കാണാം. എന്നാൽ ട്രേഡേഴ്സിന്റെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 1228 ഡിമാന്റുകളിൽ നിന്നു മാത്രമാണ് നികുതി ഈടാക്കിയിരിക്കുന്നത്. ഓഡിറ്റ് വർഷത്തിൽ ആകെ 1228 ലൈസൻസുകൾ അനുവദിക്കപ്പെട്ട സ്ഥാപനങ്ങൾ 1436 കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നതെന്ന് സ്ഥാപനം വ്യക്തമാക്കിയിട്ടുണ്ട്. അതായത് അവശേഷിക്കുന്ന 1758 കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആ സ്ഥാപനങ്ങളിൽ നിന്നും അവയിലെ തൊഴിലാളികളിൽ നിന്നും നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല എന്നത് അപാകതയാണ്.

ബി) ക്രമ നം 1 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാത്തതുകൊണ്ട്, കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവർ മാത്രമല്ല കെട്ടിട ഉടമകളും നികുതി പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടു. ബേപ്പൂർ മേഖല കാര്യാലയ പരിധിയിലെ കെട്ടിട ഉടമകൾ ആരും തന്നെ നാളിതുവരെ തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെട്ടിട്ടില്ലെന്ന വസ്തുത നികുതി വരുമാനത്തിന്റെ കാര്യത്തിൽ സ്ഥാപനത്തിന്റെ ജാഗ്രതക്കുറവ് വ്യക്തമാക്കുന്നു. വേക്കൻസി റമിഷൻ കഴിഞ്ഞ് 3194 കെട്ടിടങ്ങൾ ഉണ്ടെന്നുള്ളതിനാൽ പരാമവധി അത്രയും ഡിമാന്റുകൾ തൊഴിൽ നികുതിയുടെ കാര്യത്തിൽ ഉണ്ടാവേണ്ടതാണ്.

സി) വിവിധ വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് ലൈസൻസ് അനുവദിക്കപ്പെട്ട 1228 സ്ഥാപനങ്ങളിൽ നിന്നും അവയുടെ വിറ്റുവരവ് അടിസ്ഥാനപ്പെടുത്തി സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഡി) ട്രെയിഡേഴ്സിന്റെ കാര്യത്തിൽ സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങിയാണ് നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടത്. എന്നാൽ ഒരു മാനദണ്ഡവുമില്ലാതെ ഒരു നിശ്ചിത തുക ഈടാക്കുന്ന രീതിയാണ് നടന്നു വരുന്നത്. ഇത് വരുമാന ചോർച്ചയ്ക്ക് ഇടയാക്കുന്നു എന്നതു പോലെ ചട്ടങ്ങളുടെ ലംഘനവുമാണ് .

2) ഡോക്ടർമാർ, അഭിഭാഷകർ, പാരാമെഡിക്കൽ ജീവനക്കാർ, കോൺട്രാക്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

മേഖല കാര്യാലയ പരിധിയിൽ ജോലി ചെയ്തു വരുന്ന ഡോക്ടർമാർ, അഭിഭാഷകർ, പാരാമെഡിക്കൽ ജീവനക്കാർ, കോൺട്രാക്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം 245 (എ)(ബി)(സി) പ്രകാരം ഏതെങ്കിലും അർദ്ധ വർഷത്തിൽ ആകെ കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ മുനിസിപ്പൽ പ്രദേശത്തു താമസിച്ചു കൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സ് നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്.

3) തൊഴിൽ നികുതി കുറവായി ഈടാക്കി

2020-21 വർഷത്തിൽ വിവിധ സ്ഥാപനങ്ങൾ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചതിൽ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിതിൽ കുറവ് വന്നിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | അർദ്ധ വർഷം | പേര് | തസ്തിക | അർദ്ധവർഷത്തെ ആകെ ശമ്പളം (പ്രതിമാസ ശമ്പളം X 6+ ഉത്സവ ബത്ത) | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|
| അസി. ഡയറക്ടർ, ഫോറസ്റ്റ് മിനി സർവ്വേ , കോഴിക്കോട്. | 2020-21 ഒന്നാം | ലിബിഷ | ഓഫീസ് അറ്റന്റന്റ് ഗ്രേഡ് II | 103414 | 750 | 1000 | 250 |
| ടി | | സുബിൻ.പി | സർവ്വേയർ ഗ്രേഡ് II | 31858 | 180 | 300 | 120 |
| ടി | | ജൂബിൻ.കെ | ഓഫീസ് അറ്റന്റന്റ് | 101003 | 750 | 1000 | 250 |

| | | | | | | | |
|---|---|---|---|---|---|---|---|
| ആക്സിസ് ബാങ്ക് ലിമിറ്റഡ്, ബേപ്പൂർ ബ്രാഞ്ച് | 2020-21 രണ്ടാം അർദ്ധ വർഷം | ധനേഷ് | സെയിൽസ് എക്സിക്യൂട്ടീവ് | 94360 | 600 | 750 | 150 |
| മാറാട് പോലീസ് സ്റ്റേഷൻ | 2020-21 രണ്ടാം അർദ്ധ വർഷം | സന്തോഷ് കുമാർ.ഒ.കെ | പി.ടി.എസ് | 92304 | 600 | 750 | 150 |

റിട്ടേണുകളിൻ മേൽ വിശദ പരിശോധന നടത്തി കുടിശ്ശിക ഈടാക്കേണ്ടതും അപാകതകൾ ആവർക്കാതിരിക്കേണ്ടതുമാണ്.

4) അർദ്ധ വാർഷിക വരുമാനം കണക്കാക്കാതെ നികുതി ഈടാക്കി .

സഫ ഐസ് പ്ലാന്റ് സമർപ്പിച്ച 2020-21 രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി റിട്ടേണിൽ രഞ്ജിത്ത്, സുനി, സുഭാഷ്, കൃഷ്ണ എന്നീ ജീവനക്കാരുടെ അർദ്ധ വാർഷിക വരുമാനം രേഖപ്പെടുത്താതെ 300, 300, 180, 180 എന്ന നിരക്കിൽ നികുതി ഈടാക്കിയിട്ടുണ്ട്.

ഫെദർലൈൻ ഫർണിച്ചർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം സമർപ്പിച്ച തൊഴിൽ നികുതി റിട്ടേൺ പ്രകാരം രമ, നീതു, നിസ്സാം എന്നീ ജീവനക്കാർ 120, 120, 150 നിരക്കുകളിൽ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിലും ഇവരുടെ അർദ്ധ വാർഷിക വരുമാനം എത്രയെന്ന് രേഖപ്പെടുത്തിയിട്ടില്ല.

ബാബാസ് ഹെൽത്ത് കെയർ എന്ന സ്ഥാപനത്തിന്റെ 2020-21 രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി റിട്ടേൺ പ്രകാരം അഹമ്മദ് ഷബീർ, വിപിൻ. എം, ഹാഷിർ എന്നീ ജീവനക്കാരുടെ തൊഴിൽ നികുതി 180/- രൂപാ നിരക്കിൽ ഈടാക്കിയിട്ടുണ്ട്. എന്നാൽ ഈ ജീവനക്കാരുടെ അർദ്ധ വാർഷിക വരുമാനം കണക്കാക്കാതെയാണ് നികുതി ഈടാക്കിയിരിക്കുന്നത്. മേൽ പരാമർശിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരുടെ നികുതി നിരക്ക് കണക്കാക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം വ്യക്തമല്ല.

5) തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുകളിൽ പൂർണ്ണമായ രേഖപ്പെടുത്തലുകൾ ഇല്ല.

ബേപ്പൂർ മേഖല കാര്യലയം ഹാജരാക്കിയ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ പൂർണ്ണമായ രേഖപ്പെടുത്തലുകൾ ഇല്ലാതെയാണ് അവ പരിപാലിക്കുന്നത് എന്ന് ബോധ്യപ്പെട്ടു. തൊഴിൽ നികുതി ഇൻസ്റ്റിറ്റ്യൂഷൻ ഡിമാന്റ് രജിസ്റ്ററുകളിൽ ജീവനക്കാരുടെ വിവരങ്ങളോ അവരുടെ അർദ്ധ വാർഷിക വരുമാന നിർണ്ണയമോ, വരുമാനമോ ഒന്നും രേഖപ്പെടുത്താതെ സ്ഥാപനം തൊഴിൽ നികുതിയായി ഈടാക്കിയ ഓരോ അർദ്ധ വർഷങ്ങളിലേയും മൊത്തം ജീവനക്കാരുടെ അകെ തുക മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

6) നികുതി പിരിക്കുന്നതും ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്നതും പഴയ വാർഡുകളുടെ അടിസ്ഥാനത്തിൽ

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 257, 2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി ) ചട്ടങ്ങളിലെ ചട്ടം 10 എന്നിവ പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേകം പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. കോഴിക്കോട് കോർപ്പറേഷനിലെ 47 മുതൽ 53 വരെയുള്ള വാർഡുകൾ ഉൾപ്പെട്ടിരിക്കുന്നത് ബേപ്പൂർ മേഖല കാര്യാലയ പരിധിയിലാണ്. മേഖല കാര്യാലയം രൂപീകൃതമായി 12- വർഷത്തോളമായിട്ടും പഴയ ബേപ്പൂർ പഞ്ചായത്തിലെ 1 മുതൽ 15 വരെയുള്ള വാർഡുകൾ അടിസ്ഥാനപ്പെടുത്തിയാണ് നികുതി ഡിമാന്റ് രജിസ്റ്ററുകളും, ട്രേയിടേഴ്സ് ലിസ്റ്റും മറ്റും തയ്യാറാക്കിയിരിക്കുന്നത്. ബേപ്പൂർ പഞ്ചായത്തായിരിക്കുന്ന സമയത്തെ 15 വാർഡുകളിൽ ഏതെല്ലാം വാർഡുകൾ കൂട്ടിച്ചേർത്താണ് ഇപ്പോഴത്തെ 47 മുതൽ 53 വരെയുള്ള മുനിസിപ്പൽ കോർപ്പറേഷൻ വാർഡുകൾ രൂപീകരിച്ചിട്ടുള്ളതെന്ന കാര്യത്തിൽ ഒരു വ്യക്തതയുമില്ലാത്ത അവസ്ഥയാണുള്ളത്. വാർഡ് തല നികുതി ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കുന്ന കാര്യത്തിലും വാർഡ് തല നികുതി പിരിവ് നിരീക്ഷിക്കുന്ന കാര്യത്തിനും ഇത് തടസ്സം സൃഷ്ടിക്കുന്നു. മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച് കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറി (നം. 55/2020-21 തീ 17-3-2022) ക്ക് നല്കിയ മറുപടിയിൽ മേൽ അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നതായും മേലിൽ ഇക്കാര്യങ്ങളിൽ ജാഗ്രത പാലിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

## 1-28 തൊഴിൽ നികുതി - ഡി സി ബി സ്റ്റേറ്റ്മെന്റും വാർഷിക കണക്കുകളും ഒത്തുപോകുന്നില്ല (ചെറുവണ്ണൂർ - നല്ലളം, എലത്തൂർ മേഖല കാര്യാലയം)

തൊഴിൽ നികുതി വരവുമായി ബന്ധപ്പെട്ട് എലത്തൂർ, ചെറുവണ്ണൂർ-നല്ലളം മേഖല കാര്യാലയങ്ങളിലെ ഡി സി ബി സ്റ്റേറ്റ്മെന്റിലെ കണക്കുകൾ കൃത്യമാണോ എന്നുറപ്പു വരുത്താൻ സാധിക്കുന്നില്ല.

1. എലത്തൂർ മേഖല കാര്യാലയം.

മേഖല കാര്യാലയത്തിലെ ഡി.സി.ബി പത്രിക പ്രകാരം തൊഴിൽ നികുതി സംബന്ധിയായ 2020-21 ലെ കണക്കുകൾ ഇപ്രകാരമാണ്.

| ഇനം | ഡിമാന്റ് | | | പിരിവ് | | | കുടിശ്ശിക | | |
|---|---|---|---|---|---|---|---|---|---|
| | കുടിശ്ശിക | തൻ വർഷം | ആകെ | കുടിശ്ശിക | തൻ വർഷം | ആകെ | കുടിശ്ശിക | തൻവർഷം | ആകെ |
| സ്ഥാപന തൊഴിൽ നികുതി | 60888 | 542560 | 603448 | 58040 | 495757 | 553797 | 2848 | 46803 | 49651 |
| ജീവനക്കാരുടെ തൊഴിൽ നികുതി | | 2086595 | 2086595 | | 2018095 | 2018095 | | 68500 | 68500 |

മേൽ കണക്കുമായി ബന്ധപ്പെട്ട സംശയങ്ങൾ ചുവടെ നൽകുന്നു.

എ. 2019-20 വർത്തെ ഡി.സി.ബി പത്രിക പ്രകാരം 207490/- രൂപ തൊഴിൽ നികുതിയിനത്തിൽ പിരിഞ്ഞു കിട്ടാനുണ്ട് (പത്രികയിൽ സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ വെവ്വേറെ നൽകിയിട്ടില്ല.). എന്നാൽ 2020-21 വർഷത്തെ കണക്കിൽ ആകെ 60888 രൂപ മാത്രമാണ് കുടിശ്ശികയിനത്തിൽ ഡിമാന്റ് ചെയ്തിരിക്കുന്നത്. 146602 രൂപയുടെ വ്യത്യാസമുണ്ട്.

ബി. ഡിമാന്റ് രജിസ്റ്ററിനെയും ഈടാക്കിയ നികുതി തുകയെയും സാധൂകരിക്കേണ്ട ട്രേഡേഴ്സ് ലിസ്റ്റ് സ്ഥാപനത്തിൽ തയ്യാറാക്കാത്തതിനാലും വകുപ്പ് 253 (2) പ്രകാരം പറഞ്ഞിട്ടുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാലും ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിലെ തുകകളുടെയും സ്ഥാപന തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററിൽ നികുതി സംബന്ധിയായ വിവരങ്ങൾ അപൂർണമായതിനാൽ ഡിമാന്റ് തുകയുടെയും ഈടാക്കിയ തുകയുടെയും സാധുത പരിശോധിക്കാനായിട്ടില്ല.

2. ചെറുവണ്ണൂർ - നല്ലളം മേഖല കാര്യാലയം

മേഖല കാര്യാലയത്തിലെ ഡി.സി.ബി പത്രിക പ്രകാരം തൊഴിൽ നികുതി സംബന്ധിയായ 2020-21 ലെ കണക്കുകൾ ഇപ്രകാരമാണ്. പത്രികയിൽ സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ വെവ്വേറെ നൽകിയിട്ടില്ല

| ഡിമാന്റ് | | | പിരിവ് | | | കുടിശ്ശിക | | |
|---|---|---|---|---|---|---|---|---|
| കുടിശ്ശിക | തൻവർഷം | ആകെ | കുടിശ്ശിക | തൻവർഷം | ആകെ | കുടിശ്ശിക | തൻവർഷം | ആകെ |
| 1501306 | 6548500 | 8049806 | 1486047 | 6536400 | 8022447 | 15259 | 12100 | 27359 |

2019-20 വർഷത്തെ ഡി.സി.ബി പത്രിക പ്രകാരം 105977/- രൂപ തൊഴിൽ നികുതിയിനത്തിൽ പിരിഞ്ഞു കിട്ടാനുണ്ട്. എന്നാൽ 2020-21 വർഷത്തെ കണക്കിൽ 1501306 രൂപയാണ് കുടിശ്ശികയിനത്തിൽ ഡിമാന്റ് ചെയ്തിരിക്കുന്നത്. 2020-21 ലെ സാംഖ്യ അക്കൗണ്ട് ഹെഡ് വൈസ് കൺസോളിഡേഷൻ റിപ്പോർട്ട് പ്രകാരം തൊഴിൽ നികുതി ഇനത്തിലെ വരവുകൾ താഴെ പറയും പ്രകാരമാണ്.

| ക്രമ നം. | ഇനം | തുക |
|---|---|---|
| 1. | സ്ഥാപന തൊഴിൽ നികുതി (തൻവർഷം) | 1395666 |
| 2. | സ്ഥാപന തൊഴിൽ നികുതി (കുടിശ്ശിക) | 134224 |
| 3. | സ്ഥാപന തൊഴിൽ നികുതി (പലവക) | 5550 |
| 4. | തൊഴിലാളി തൊഴിൽ നികുതി (തൻവർഷം) | 6215987 |
| ആകെ | | 7751427 |

ഡി.സി.ബി പത്രിക പ്രകാരം ആകെ വരവ് 8022447/- രൂപയാണ്.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് ചെറുവണ്ണൂർ നല്ലളം മേഖല കാര്യാലയം റവന്യൂ ഓഫീസർക്ക് നൽകിയ അന്വേഷണക്കുറിപ്പിനു (26.03.2022ലെ 68/2020-21 നം.) മറുപടി ലഭ്യമാക്കിയിട്ടില്ല. എലത്തൂർ മേഖല കാര്യാലയം റവന്യൂ ഓഫീസർക്ക് നൽകിയ അന്വേഷണക്കുറിപ്പിനു (07.03.2022 ലെ 49/2020-21 നം.) അപാകതകൾ ഭാവിയിൽ പരിഹരിക്കാം എന്നാണ് മറുപടി നൽകിയത്. കണക്കുകൾക്കാധാരമാക്കിയ രേഖകൾ സഹിതം അപാകതകൾ തിരുത്തിയ ഡി സി ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

## 1-29 തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല.

തൊഴിൽ നികുതി വരവുമായി നഗരസഭയുടെ ചെറുവണ്ണൂർ നല്ലളം, എലത്തൂർ മേഖല കാര്യാലയങ്ങളിലെ രേഖകൾ 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 245 മുതൽ 259 വരെയും 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരവും പരിശോധിക്കുകയുണ്ടായി. തൊഴിൽ നികുതി പരിധിയിൽ നിന്നും ബാധ്യതപ്പെട്ടവർ ആരും തന്നെ ഒഴിഞ്ഞു പോകാതിരിക്കാൻ താഴെ പറയുന്ന നടപടി ക്രമങ്ങൾ 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നടപടിക്രമങ്ങൾ ഈ മേഖല കാര്യാലയങ്ങളിൽ പാലിച്ചതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ നൽകുന്നു.

1. നടപടിക്രമങ്ങൾ

| ചട്ടം / വകുപ്പ് | വ്യവസ്ഥ |
|---|---|
| വകുപ്പ് 249/ ചട്ടം 5 | സെക്രട്ടറി നഗരസഭ പരിധിയിലെ എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട്/കൈവശക്കാരനോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ ഫോറം. I പ്രകാരമുള്ള നോട്ടീസ് നൽകി ആവശ്യപ്പെടേണ്ടതും ഫോറം II ൽ വിവരം വാങ്ങിക്കേണ്ടതുമാണ്. |
| വകുപ്പ് 250 , എ.ബി ഉപ വകുപ്പുകൾ/ ചട്ടം 6 | ഫോറം III പ്രകാരമുള്ള നോട്ടീസ് നൽകി തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ തൊഴിലെടുക്കുന്നവരുടെ വിവരം ഫോറം IV ൽ ലഭ്യമാക്കാൻ ആവശ്യപ്പെടേണ്ടതാണ്. |
| വകുപ്പ് 253, 1,2 ഉപ വകുപ്പുകൾ ചട്ടം 8 | സെക്രട്ടറി ഓരോ വർഷവും ഏപ്രിൽ മാസത്തിൽ, V-ാംനമ്പർ ഫോറത്തിലുള്ള നോട്ടീസ് മൂലം, നികുതി ഈടാക്കാൻ ബാധ്യസ്ഥരായ ഓരോരുത്തരോടും അവരുടെ നിയന്ത്രണത്തിൻ കീഴിലുള്ള സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ നോട്ടീസിൽ നിർദേശിക്കുന്ന സമയത്തിനുള്ളിൽ നൽകാനാവശ്യപ്പെടേണ്ടതാണ്. |
| | ഓഫീസ് മേധാവിക്ക് എപ്പോഴെല്ലാം മാറ്റമുണ്ടാവുന്നുവോ അപ്പോഴൊക്കെ ആ വിവരം സെക്രട്ടറിയെ അറിയിക്കേണ്ടതാണ്. |
| | ഇങ്ങനെ വിവരം ലഭ്യമായാൽ സെക്രട്ടറി ആ ആവശ്യത്തിലേക്കായി സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ സ്ഥാപനങ്ങളുടെ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. |

എന്നാൽ എലത്തൂർ, ചെറുവണ്ണൂർ - നല്ലളം മേഖല കാര്യാലയങ്ങളുടെ കാര്യത്തിൽ മേൽ പറഞ്ഞ നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല.

2. യഥാസമയം നോട്ടീസ് നൽകുന്നില്ല.

സെക്രട്ടറി ഓരോ മെയ് മാസത്തിലും നവമ്പർ മാസത്തിലും VI-ാം നമ്പർ ഫോറത്തിലുള്ള നോട്ടീസ് മൂലം ഏതൊരു ഓഫീസ് മേധാവിയോടും തൊഴിലുടമയോടും തന്റെ സ്ഥാപനത്തിലെ ജീവനക്കാരുടെ നികുതി തിട്ടപ്പെടുത്താൻ ആവശ്യപ്പെടണം (വകുപ്പ് 254, ഉപവകുപ്പ് 1). എന്നാൽ മെയ്/നവമ്പർ മാസത്തിലല്ല നോട്ടീസ് നൽകുന്നത്.

3. കുറഞ്ഞ കാലാവധിക്കുള്ളിൽ നികുതിയടക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നോട്ടീസ് നൽകുന്നു.

അർധവർഷം എന്നാൽ ഒരു വർഷം ഏപ്രിൽ ഒന്നാം തീയതി ആരംഭിച്ച് ആ വർഷം സെപ്തംബർ 30-ാം തീയതി അവസാനിക്കുന്നതും തുടർന്ന് ആ വർഷം ഒക്ടോബർ ഒന്നാം തീയതി ആരംഭിച്ച് അടുത്ത വർഷം മാർച്ച് 31-ാം തീയതി അവസാനിക്കുന്നതുമായ കാലയളവ് എന്നർത്ഥമാകുന്നു (ചട്ടം 2 ഉപചട്ടം സി). ഓരോ വർഷവും സെപ്തംബർ മാസത്തിന്റെയും മാർച്ച് മാസത്തിന്റെയും അവസാനത്തിനു മുമ്പ് ഓരോ ഓഫീസ് മേധാവിയും തൊഴിലുടമയും

ജീവനക്കാരിൽ നിന്നും നികുതി ഈടാക്കി വിശദാംശങ്ങൾ സഹിതം (ഫോറം VII ൽ) നഗരസഭയിൽ ഒടുക്കണം (വകുപ്പ് 254ഉപവകുപ്പ് 2, ചട്ടം 4 ഉപചട്ടം 2). എന്നാൽ സെപ്തംബർ മാസത്തിന്റെയും മാർച്ച് മാസത്തിന്റെയും അവസാനത്തിനു മുമ്പ് നികുതി ഒടുക്കണം എന്നാവശ്യപ്പെട്ട് ഫോറം VI നൽകുന്നതിനു പകരം ആഗസ്റ്റ് മാസത്തിന്റെയും ഫെബ്രുവരി മാസത്തിന്റെയും അവസാനത്തിനു മുമ്പ് ഒടുക്കണം എന്നാണാവശ്യപ്പെട്ടാണ് നഗരസഭ ഫോറം VI നൽകുന്നത്.

4. നികുതിദായകർക്ക് സർട്ടിഫിക്കറ്റ് നൽകുന്നില്ല.

ഓരോ ഓഫീസ് മേധാവിയും തൊഴിൽ നികുതി ഈടാക്കിയതും മുനിസിപ്പാലിറ്റിക്ക് നൽകിയതും സംബന്ധിച്ച സർട്ടിഫിക്കറ്റ് ഓരോ നികുതിദായകനും നൽകേണ്ടതാണ് (വകുപ്പ് 255 ഉപകുപ്പ് (2)). എന്നാൽ മേഖല കാര്യാലയത്തിലെ - നികുതിയടച്ച - ജീവനക്കാർക്ക് പോലും അങ്ങനെയൊരു സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല.

5. ശിക്ഷാനടപടികൾ സ്വീകരിക്കുന്നില്ല.

നിർദിഷ്ട സമയത്തിനുള്ളിൽ വിവരം നൽകാതിരിക്കുകയോ നികുതി ഒടുക്കാതിരിക്കുകയോ ചെയ്യാത്ത ഓഫീസ് മേധാവി/തൊഴിലുടമ/സ്വയം ശമ്പളം എഴുതിവാങ്ങുന്നയാൾ എന്നിങ്ങനെയുള്ള ഉത്തരവാദികൾക്ക് എതിരെ ശിക്ഷാനടപടി സ്വീകരിക്കേണ്ടതാണ് (വകുപ്പ് 259,ചട്ടം 11). ട്രേഡേഴ്സിൽ നിന്നും നികുതി ഈടാക്കിയത് സംബന്ധിച്ച രജിസ്റ്റർ പ്രകാരം 1046 സ്ഥാപനങ്ങളാണ് മേഖല കാര്യാലയം പരിധിയിലുള്ളത്. എന്നാൽ ആകെ 200 ൽ താഴെ സ്ഥാപനങ്ങളാണ് റിട്ടേൺ സമർപ്പിച്ചിരിക്കുന്നത്. അവശേഷിക്കുന്നവർക്കെതിരെ ശിക്ഷാനടപടികളൊന്നും സ്വീകരിച്ചിട്ടില്ല. വരും വർഷങ്ങളിൽ മേൽ നടപടിക്രമങ്ങൾ പാലിക്കുകയും തൊഴിൽ നികുതി നൽകാൻ ബാധ്യസ്ഥരായവരൊന്നും തൊഴിൽ നികുതി വലയത്തിൽ നിന്നും പുറത്തുപോവുന്നില്ല എന്നുറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്.

## 1-30 വരുമാനം നിർണയിക്കാൻ രേഖകൾ ലഭ്യമായിരിക്കെ ആയത് പരിഗണിക്കാതെ തൊഴിൽ നികുതി നിർണയിച്ചു (എലത്തൂർ, ചെറുവണ്ണൂർ - നല്ലളം മേഖല കാര്യാലയം).

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ 3 -ാം ചട്ടത്തിൽ 2 മുതൽ 11 വരെ ഉപചട്ടത്തിൽ പ്രസ്താവിച്ച വിഭാഗങ്ങൾ അവരുടെ വരുമാനം രേഖാമൂലം തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ ബോധ്യപ്പെടുത്തുന്ന പക്ഷം 3 -ാം ചട്ടം 1 -ാം ഉപചട്ടത്തിൽ നിഷ്കർഷിച്ച നിരക്കിൽ നികുതി ഈടാക്കാവുന്നതാണ് (ചട്ടം 3 ന്റെ വിശദീകരണം) റിട്ടേൺ സമർപ്പിക്കാതിരിക്കുകയോ റിട്ടേൺ സെക്രട്ടറിക്ക് ബോധ്യപ്പെടാതിരിക്കുകയോ ചെയ്താൽ സാമാന്യ പരിഗണനകളെ അടിസ്ഥാനമാക്കി ഉചിതമായ വിഭാഗത്തിൽപ്പെടുത്തി പ്രസ്തുത നികുതിദായകൻ നൽകേണ്ട നികുതി നിർണയിക്കേണ്ടതും ബിൽ നൽകേണ്ടതുമാണ് (ചട്ടം 3 ഉപചട്ടം 3). എന്നാൽ മേഖല കാര്യാലയ പരിധിയിലെ ഭൂരിഭാഗം കച്ചവട സ്ഥാപനങ്ങളും റിട്ടേൺ സമർപ്പിച്ചിട്ടില്ല. എന്നാൽ ചില സ്ഥാപനങ്ങൾ സമർപ്പിക്കുന്ന റിട്ടേണിലെ ജീവനക്കാരുടെ ശമ്പള വിശദാംശങ്ങളും കാണിച്ചിരിക്കുന്ന വിറ്റുവരവും പൊരുത്തപ്പെടുന്നില്ല. സ്ഥാപനം സമർപ്പിച്ച റിട്ടേണിലെ വിവരങ്ങൾ അങ്ങനെ തന്നെ പരിഗണിച്ച് നികുതി നിർണയിക്കുകയാണ് ചെയ്തത്. ഉദാഹരണം ചുവടെ നൽകുന്നു.

1. ചെറുവണ്ണൂർ - നല്ലളം മേഖല കാര്യാലയം

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ജോലി ചെയ്യുന്ന ജീവനക്കാരുടെ ആകെ അർധവർഷ വരുമാനം | കാണിച്ചിരിക്കുന്ന അർധവർഷ വിറ്റു വരവ് | നിർണയിച്ച നികുതി |
|---|---|---|---|---|
| 1. | ഡ്യൂറോ പെർഫെക്റ്റ് ബൈന്റേഴ്സ് | 1,54,500 | 45,000 | 450 |
| 2. | ഗീതാഞ്ജലി വെബ് ഓഫ് സെറ്റ്സ് | 2,61,117 | 75,000 | 750 |

2. എലത്തൂർ മേഖല കാര്യാലയം

എലത്തൂർ കല്യാൺ എഞ്ചിനീയറിംഗ് എന്ന സ്ഥാപനത്തിലെ മാനേജർ 2020-21 അർധവർഷം സമർപ്പിച്ച തൊഴിൽ നികുതി റിട്ടേൺ പ്രകാരം പ്രസ്തുത സ്ഥാപനത്തിലെ 7 ജീവനക്കാരുടെ ആകെ അർധവർഷ വരുമാനം 386775 രൂപയാണ്. എന്നാൽ ടി സ്ഥാപനത്തിനു നിർണയിച്ച സ്ഥാപന തൊഴിൽ നികുതി 750/- രൂപയാണ്.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് ചെറുവണ്ണൂർ നല്ലളം മേഖല കാര്യാലയം റവന്യു ഓഫീസർക്ക് നൽകിയ അന്വേഷണക്കുറിപ്പിനു (26.03.2022ലെ 68/ 2020-21 നം.) മറുപടി ലഭ്യമാക്കിയിട്ടില്ല. എലത്തൂർ മേഖല കാര്യാലയം റവന്യു ഓഫീസർക്ക് നൽകിയ അന്വേഷണക്കുറിപ്പിനു (07.03.2022 ലെ 49/2020-21 നം.) അപാകതകൾ ഭാവിയിൽ

പരിഹരിക്കാം എന്നാണ് മറുപടി നൽകിയിരിക്കുന്നത്. യഥാർത്ഥ വരുമാനത്തിനാനുപാതികമായി എല്ലാ സ്ഥാപനങ്ങളിൽ നിന്നും നികുതി പിരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-31 ചട്ടവിരുദ്ധ നിരക്കിൽ തൊഴിൽ നികുതി നിർണയിച്ചു (ചെറുവണ്ണൂർ - നല്ലളം കാര്യാലയം)

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 ഉപചട്ടം 1 പ്രകാരമുള്ള തൊഴിൽ നികുതി നിരക്ക് താഴെ പറയും പ്രകാരമാണ്.

| ക്രമ നം. | അർധവാർഷിക വരുമാനം | അർധവാർഷിക നികുതി |
|---|---|---|
| 1 | 12000 രൂപ മുതൽ 17999 രൂപ വരെ | 120 രൂപ |
| 2 | 18000 രൂപ മുതൽ 29999 രൂപ വരെ | 180രൂപ |
| 3 | 30000 രൂപ മുതൽ 44999 രൂപ വരെ | 300രൂപ |
| 4 | 45000 രൂപ മുതൽ 59999 രൂപ വരെ | 450രൂപ |
| 5 | 60000 രൂപ മുതൽ 74999 രൂപ വരെ | 600രൂപ |
| 6 | 75000 രൂപ മുതൽ 99999 രൂപ വരെ | 750രൂപ |
| 7 | 100000രൂപ മുതൽ 124999 രൂപ വരെ | 1000രൂപ |
| 8 | 124999 രൂപയ്ക്ക് മേൽ | 1250രൂപ |

എന്നാൽ ചില സ്ഥാപനങ്ങളുടെ കാര്യത്തിൽ മേൽ പട്ടികയിൽ സൂചിപ്പിച്ച നികുതിയല്ല നിർണയിച്ചിരിക്കുന്നത്. ഉദാഹരണങ്ങൾ ചുവടെ നൽകുന്നു.

| ക്രമ നം. | തൊഴിലുടമയുടെ പേര്/സ്ഥാപനത്തിന്റെ പേര്/വിഭാഗം | കെട്ടിട നം. | നഗരസഭ കണക്കാക്കിയ അർധവർഷ വിറ്റുവരവ് | നഗരസഭ കണക്കാക്കിയ തൊഴിൽ നികുതി |
|---|---|---|---|---|
| 1 | അബ്ദുൽ റശീദ് കെ/ഡി.ടി.പി സെന്റർ | 1/589 | 43000 | 450 |
| 2 | ഷമീർ ബാബു പി/ഒപ്റ്റിക്കൽ ഷോപ്പ് | 1/529 | 53000 | 600 |
| 3 | മുജീബ് റഹ്മാൻ / ഫിഷ് മാർക്കറ്റ് | 7/722 | 40000 | 450 |
| 4 | മുഹമ്മദ് അശ്റഫ് കെ/പി.വി ഫൂട്ട് വെയർ | 7/203 | 42000 | 750 |
| 5 | പേപ്പർ ബോക്സ് മാനുഫാക്ചറിംഗ് | 7/146 | 54000 | 300 |

ഇത് സംബന്ധിച്ച് 26.03.2022 ന് നൽകിയ 68/2020-21 നമ്പർ അന്വേഷണക്കുറിപ്പിനു മറുപടി ലഭ്യമാക്കിയിട്ടില്ല. ചട്ടവിരുദ്ധ നിരക്കിൽ തൊഴിൽ നികുതി നിർണയിച്ചതിനു വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-32 കെട്ടിടനിർമ്മാണാനുമതി,ക്രമവത്ക്കരണം - രജിസ്റ്ററുകളുടെയും ഫയലുകളുടെയും സൂക്ഷിപ്പിലെ അപാകതകൾ (ചെറുവണ്ണൂർ-നല്ലളം മേഖല കാര്യാലയം)

ചെറുവണ്ണൂർ-നല്ലളം മേഖലാ ഓഫീസിലെ 2020-21 വർഷ വരവിനങ്ങളുമായി ബന്ധപ്പെട്ട കെട്ടിടനിർമ്മാണാനുമതി, ക്രമവത്ക്കരണം എന്നിവ സംബന്ധിച്ച രജിസ്റ്ററുകളുടെയും ഫയലുകളുടെയും സൂക്ഷിപ്പ് സംബന്ധിച്ച് സംഭവിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1. കെട്ടിടനിർമാണാനുമതി രജിസ്റ്റർ

1. 2020-21 വർഷത്തെ കെട്ടിടനിർമ്മാണാനുമതി രജിസ്റ്ററിലെ മുഴുവൻ കോളങ്ങളിലും വിവരങ്ങൾ രേഖപ്പെടുത്തി കൃത്യമാക്കി സൂക്ഷിച്ചിട്ടില്ല.

2. കെട്ടിടനിർമ്മാണാനുമതി രജിസ്റ്ററിൽ സ്ഥാപന തലവൻ സർട്ടിഫിക്കറ്റ് രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

3. രജിസ്റ്ററിൽ പല അപേക്ഷകളിലും കെട്ടിട നിർമ്മാണാനുമതി നൽകിയോ,നിരസിച്ചോ എന്നത് രേഖപ്പെടുത്തിയിട്ടില്ല.

4. കംപ്ലീഷൻ തിയതി,ഒക്യുപൻസി വിവരങ്ങൾ,പിന്നീട് വസ്തുനികുതി നിർണ്ണയിച്ചത് സംബന്ധിച്ച വിവരങ്ങൾ എന്നിവയൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.

5. വർഷാന്ത്യത്തിൽ ആകെ ബിൽഡിംഗ് പെർമിറ്റ് ഫീസ് ലഭ്യമായത് സംബന്ധിച്ച സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഓഡിറ്റിന് ലഭ്യമാക്കിയ വരവ് പത്രികയിലെ വിശദാംശങ്ങളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

2. കെട്ടിട നിർമ്മാണ ക്രമവത്ക്കരണ രജിസ്റ്റർ

1. 2020-21 വർഷത്തെ ക്രമവത്ക്കരണ രജിസ്റ്ററിലെ മുഴുവൻ കോളങ്ങളിലും വിവരങ്ങൾ രേഖപ്പെടുത്തി കൃത്യമാക്കി സൂക്ഷിച്ചിട്ടില്ല.

2. 2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ അനുബന്ധം ജി2 പ്രകാരമുള്ള ക്രമവത്ക്കരണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

3. ക്രമവത്ക്കരണം സംബന്ധിച്ച് സൂക്ഷിച്ച രജിസ്റ്ററിൽ സ്ഥാപന തലവൻ സർട്ടിഫിക്കറ്റ് രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

4. രജിസ്റ്ററിൽ ക്രമവത്ക്കരണം സംബന്ധിച്ച പല അപേക്ഷകളിന്മേലും അപേക്ഷ പ്രകാരം ക്രമവത്ക്കരണം അനുവദിച്ചോ ഇല്ലയോ എന്നത് സംബന്ധിച്ച് രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല.

5. ക്രമവത്ക്കരണം ഇനത്തിൽ ആകെ ഫീസ് ലഭ്യമായത് സംബന്ധിച്ച് വർഷാന്ത്യത്തിൽ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

## 1-33 കെട്ടിട നിർമ്മാണ പെർമിറ്റ് - അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിലെ അപാകതകൾ (ബേപ്പൂർ മേഖല കാര്യാലയം)

ബേപ്പൂർ മേഖല കാര്യാലയത്തിൽ 2020-21 വർഷത്തിൽ ലഭിച്ച കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിലെ അപാകതകൾ താഴെ കൊടുക്കുന്നു.

(1) രജിസ്റ്ററിൽ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നില്ല

പെർമിറ്റിനുള്ള അപേക്ഷ അവ ലഭിക്കുന്ന ക്രമത്തിൽ രജിസ്റ്ററിൽ ചേർക്കുന്നില്ല. പെർമിറ്റ് അനുവദിക്കുമ്പോൾ മാത്രമാണ് അപേക്ഷയുടെ നമ്പർ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ രജിസ്റ്ററിൽ ചേർക്കുന്നത്. മാത്രമല്ല അപേക്ഷ ലഭിച്ച തീയതി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. അപേക്ഷ ലഭിച്ച തീയതി രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാൽ അപേക്ഷ സമയബന്ധിതമായി തീർപ്പാക്കിയോ എന്ന് രജിസ്റ്റർ പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കില്ല. കൂടാതെ അപേക്ഷ ലഭിച്ച തീയതി, പേര്, മേൽവിലാസം മുതലായ വിവരങ്ങളൊന്നും രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

(2) പെർമിറ്റ് അനുവദിക്കുന്നതിൽ കാലതാമസം

മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 14 പ്രകാരം അപേക്ഷ ലഭിച്ച് 30 ദിവസത്തിനുള്ളിൽ സെക്രട്ടറിയോ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥരോ പ്ലാൻ അംഗീകരിക്കുകയോ അംഗീകരിക്കാതിരിക്കുകയോ അല്ലെങ്കിൽ കെട്ടിട നിർമ്മാണ അനുമതി നൽകുകയോ നിരസിക്കുകയോ ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം കൗൺസിലിന് അപേക്ഷ നൽകാവുന്നതും അങ്ങനെയുള്ള അപേക്ഷയിൽ 30 ദിവസത്തിനകം കൗൺസിൽ തീരുമാനമെടുക്കുന്നില്ലെങ്കിൽ അംഗീകാരം ലഭ്യമായതായി കണക്കാക്കി പ്രവൃത്തി ആരംഭിക്കാവുന്നതുമാണ്. എന്നാൽ ചില അപേക്ഷകൾ സ്വീകരിച്ച് മാസങ്ങൾ കഴിഞ്ഞാണ് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഫയൽ നം. | അപേക്ഷ ലഭിച്ച തീയതി | പേര് | പെർമിറ്റ് നൽകിയ തീയതി |
|---|---|---|---|---|
| 1 | 3635/20 | 29.05.2020 | സുനിൽ രാജ് | 28.01.2022 |
| 2 | 753/21 | 13.01.2021 | ബിജുലാൽ | 17.09.2021 |
| 3 | 1307/21 | 05.02.2021 | ബഷീർ | 29.07.2021 |
| 4 | 1599/21 | 08.01.2021 | ഫിറോസ് | 02.06.2021 |
| 5 | 3966/21 | 17.03.2021 | അഫഫ് ആദം | 24.11.2021 |
| 6 | 3600/21 | 23.03.2021 | രശ്മി | 13.08.2021 |

| | | | | |
|---|---|---|---|---|
| 7 | 3679/21 | 25.03.2021 | ശ്രീനിവാസൻ | 30.11.2021 |
| 8 | 4112/21 | 13.04.2021 | കോയമോൻ | 03.09.2021 |

എന്നാൽ ചില അപേക്ഷകളിൽ അപേക്ഷ ലഭിച്ച ഉടൻ തന്നെ പെർമിറ്റ് അനുവദിച്ചതായി കാണുന്നു. ഉദാഹരണം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഫയൽ നം. | അപേക്ഷ ലഭിച്ച തീയതി | പേര് | പെർമിറ്റ് നൽകിയ തീയതി |
|---|---|---|---|---|
| 1 | 3594/21 | 23.03.2021 | സഫിയ | 26.03.2021 |
| 2 | 3945/21 | 08.04.2021 | ശ്രീജിത്ത് | 12.04.2021 |

(3) അപാകതകളിൽ മേൽ നോട്ടീസ് നൽകുന്നതിൽ കാലതാമസം

കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷ സ്വീകരിച്ച ശേഷം അപാകത കണ്ടെത്തിയാൽ ആയത് പരിഹരിക്കാൻ നിർദ്ദേശിച്ച് അപേക്ഷകന് നോട്ടീസ് അയക്കുന്നതിൽ കാലതാമസം വരുത്തുന്നു. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഫയൽ നം. | അപേക്ഷ ലഭിച്ച തീയതി | പേര് | പെർമിറ്റ് നൽകിയ തീയതി |
|---|---|---|---|---|
| 1 | 9628/20 | 23.12.2020 | ബിന്ദു അമൽദേവ് | 04.03.2022 |
| 2 | 3015/20 | 17.03.2020 | ജയലളിത.പി | 01.07.2020 |
| 3 | 4696/20 | 03.07.2020 | സെലീന | 18.02.2022 |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് കാരണമാണ് അപാകത സംഭവിച്ചതെന്നും ഇപ്പോൾ കൃത്യമായി കൈകാര്യം ചെയ്തു വരുന്നതായും അറിയിച്ചു. അപാകതകൾ പരിഹരിച്ച് രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-34 അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച്

1. രജിസ്റ്ററുകൾ പൂർണ്ണമല്ല

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ വിവിധ വാർഡുകളിലെ അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച രജിസ്റ്ററുകൾ പൂർണ്ണമല്ല. മൂന്നോ നാലോ ഇലകൂൽ വാർഡുകളിലെ അനധികൃത നിർമാണങ്ങൾക്ക് നമ്പർ നൽകിയത് രേഖപ്പെടുത്താനായി ഒരു രജിസ്റ്റർ വീതം സൂക്ഷിച്ചിട്ടുണ്ട്. രജിസ്റ്ററുകളുടെ മുൻ പേജിൽ സെക്രട്ടറിയുടെ സർട്ടിഫിക്കറ്റ് രേഖപ്പെടുത്തിയിട്ടില്ല.വർഷം തിരിച്ചുള്ള സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. അനധികൃത നിർമ്മാണ/യു.എ.സി നമ്പർ നൽകിയ അനധികൃത നിർമാണങ്ങളുടെ അസസ്മെന്റ് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഡിമാൻഡ് ചെയ്തതിന്റെയോ നികുതി ഈടാക്കിയതിന്റെയോ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.കോർപ്പറേഷനിലെ ആകെ അനധികൃത നിർമ്മാണങ്ങളുടെ കൃത്യമായ എണ്ണമോ അനധികൃത നിർമ്മാണങ്ങളിൽ നിന്നുള്ള വസ്തുനികുതിയുടെ ഡിമാന്റ് ,കളക്ഷൻ,ബാലൻസ് വിവരങ്ങളോ രജിസ്റ്ററിൽ നിന്നും ലഭ്യമാകുന്നില്ല.അനധികൃത നിർമാണങ്ങൾ പിന്നീട് അപാകതകൾ പരിഹരിച്ച് നിയമാനുസൃതം അധികൃതമാക്കിയത് സംബന്ധിച്ച വിവരങ്ങൾ ഒന്നും തന്നെ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.(ചട്ടം20(1))

2. സഞ്ചയയിൽ നിന്നുള്ള വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള കോർപ്പറേഷനിലെ ആകെ അനധികൃത നിർമ്മാണങ്ങളുടെ കൃത്യമായ എണ്ണമോ അനധികൃത നിർമ്മാണങ്ങളിൽ നിന്നുള്ള വസ്തുനികുതിയുടെ ഡിമാന്റ്,കളക്ഷൻ,ബാലൻസ് വിവരങ്ങളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.വിവിധ റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിന് സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിമിതി നിലനിൽക്കുന്നതായിട്ടാണ് ഇത് സംബന്ധിച്ച് സെക്ഷനിൽ നിന്നും അറിയിച്ചിട്ടുള്ളത്.

3. പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തിയിട്ടില്ല

അനധികൃത നിർമാണങ്ങൾ തടയുന്നതിന് 2019 ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസിലെ റൂൾ 21 പ്രകാരം ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് 2 വർഷത്തിന് ശേഷം എപ്പോൾ വേണമെങ്കിലും നഗരസഭ സെക്രട്ടറിക്ക് പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്താവുന്നതാണ്. കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിൽ അനധികൃത നിർമാണങ്ങൾ തടയുന്നതിന് മേൽ പ്രകാരമുള്ള പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തിയിട്ടില്ല.

## 1-35 നഗരസഭ വക കെട്ടിടങ്ങൾ, ബങ്കുകൾ തുടങ്ങിയവ ലൈസൻസ് ഫീസ് വ്യവസ്ഥയിൽ നൽകുന്നതിലെ അപാകതകൾ,

എ) ദരിദ്ര വിഭാഗത്തിലെ വ്യക്തിക്ക് അനുവദിച്ച ബങ്ക് കീഴ് വാടകയ്ക്ക് നൽകി.

(ഫയൽ നം. എ.34/94964/89)

നഗരസഭ വാർഡ്.13 ൽ ഒന്നാം ഓവർ ബ്രിഡ്ജിനു സമീപം സ്ഥിതി ചെയ്യുന്ന 1ാം നമ്പർ ബങ്കിന്റെ ലൈസൻസ് അവകാശം ശ്രീ.ബി.പി.ബീരാൻകോയ എന്നവർക്ക് 15.08.2016 മുതൽ 14.08.2019 (3 വർഷക്കാലം) വരെ പ്രതിമാസം 432/- രൂപ ലൈസൻസ് ഫീസിൽ അനുവദിച്ചു നൽകിയതാണ്. 08.06.2018 ൽ തന്റെ ആരോഗ്യ സ്ഥിതി മോശമായതിനാൽ ബങ്കിന്റെ ലൈസൻസ് അവകാശം ഭാര്യയുടെ (ശ്രീമതി. ഇ.ആയിഷ) പേരിൽ മാറ്റി നൽകുന്നതിന് അപേക്ഷിച്ചു. 12.06.2018 ന് ബി.പി. ബീരാൻ കോയ മരണപ്പെട്ടു. 14.10.2019 ന് ബി.പി.ബീരാൻ കോയയുടെ അനന്തരാവകാശികളായ ശ്രീമതി. ഇ.ആയിഷ (രണ്ടാം ഭാര്യ), ശ്രീ.അബൂബക്കർ (മകൻ) ബങ്കിന്റെ ലൈസൻസ് അവകാശം പുതുക്കി നൽകുന്നതിനുള്ള അപേക്ഷ നൽകി. 27.04.2020 ലെ ധനകാര്യസ്ഥിരം സമിതിയുടെ യോഗത്തിൽ മേൽ അപേക്ഷ പരിഗണിച്ച് 15.08.2019 മുതൽ 3 വർഷക്കാലത്തേക്ക് ലൈസൻസ് അവകാശം പുതുക്കി നൽകുന്നതിന് കൗൺസിലിലേക്ക് ശുപാർശ ചെയ്തു. (തീരുമാനം നം.14). 02.06.2020 ലെ കൗൺസിൽ യോഗത്തിൽ മേൽ ശുപാർശ അംഗീകരിച്ചു. 13.06.2020 ലെ സെക്രട്ടറിയുടെ മേൽ ഫയൽ നം നടപടിക്രമത്തിലൂടെ 15.08.2019 മുതൽ 14.08.2022 (3 വർഷക്കാലം) വരെ പ്രതിമാസം 566/- രൂപ ലൈസൻസ് ഫീസ്,102/- രൂപ ജി.എസ്.ടി, 6/- രൂപ പ്രളയ സെസ്സ് എന്നിവയും അധിക വാടക ഇനത്തിൽ 522/- രൂപ അടവാക്കാനും നിർദ്ദേശിച്ച് സ്റ്റേഷനറി കച്ചവടം നടത്തുന്നതിന് അനുമതി നൽകി. ഓഡിറ്റിന്റെ ഭാഗമായി നടത്തിയ പ്രാദേശിക പരിശോധനയിൽ പ്രസ്തുത ബങ്ക് നിലവിൽ ജ്യൂസ് വിൽക്കുന്ന സ്ഥാപനമായി പ്രവർത്തിക്കുന്നത് കാണുവാൻ കഴിഞ്ഞു. പ്രസ്തുത ബങ്കിന്റെ വാതിലിൽ പതിപ്പിച്ച കമ്മീഷണറേറ്റ് ഓഫ് ഫുഡ് സേഫ്റ്റി വിഭാഗം അനുവദിച്ച രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രകാരം (നം.2132142000727 29.09.2021 മുതൽ 28.09.2026 വരെ) ഫുഡ് ബിസിനസ്സ് ഓപ്പറേറ്ററുടെ പേരും, സ്ഥിരം മേൽവിലാസവും താഴെ പറയുന്ന തരത്തിലാണ്."ശ്രീ. മിൻഹാജ്.പി.പി, 'നേഹനാസ്', വെങ്ങോടിപ്പാടം, കുണ്ടായിത്തോട്, കോഴിക്കോട്, കേരളം 673655" .

1. ശാരീരിക അസ്വസ്ഥകൾ കൊണ്ട് ജോലി ചെയ്യുവാൻ സാധിക്കാത്ത ദാരിദ്ര്യ കുടുംബത്തിൽ പെട്ട വ്യക്തിക്ക് ജീവിതമാർഗ്ഗം ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ 1989 മുതൽ ബി.പി.ബീരാൻ കോയ എന്നവർക്ക് നഗരസഭ അനുവദിച്ചതാണ് ബങ്കിന്റെ ലൈസൻസ്. 1994 കേരള മുനിസിപ്പാലിറ്റിനിയമം വകുപ്പ് 215 (4), പ്രകാരം നഗരസഭ കൗൺസിലിന്റെ മുൻകൂട്ടിയുള്ള രേഖാമൂലമുള്ള അനുമതി കൂടാതെ കൈമാറ്റം ചെയ്യുന്നതിനോ, കീഴ് കുത്തകൾക്ക് കൊടുക്കുന്നതിനോ ലൈസൻസിക്ക് അധികാരമോ അവകാശമോ ഉണ്ടായിരിക്കുന്നതല്ല. എന്നാൽ ശ്രീമതി. ഇ.ആയിഷ, ശ്രീ.അബൂബക്കർ എന്നിവർ തങ്ങൾക്ക് അനുവദിച്ച ബങ്കിന്റെ ലൈസൻസ് അവകാശം നഗരസഭ അധികൃതരെ അറിയിക്കാതെ കീഴ്വാടക്ക് മറ്റൊരു വ്യക്തിക്ക് നൽകിയതായി കാണാവുന്നതാണ്. നഗരസഭ അനുവദിച്ച ബങ്ക് മറ്റൊരാൾക്ക് കൈവശം വെയ്ക്കുന്നതിനും, ഉപയോഗിക്കുന്നതിനും നൽകിയത് കരാർ ലംഘനമാണ്. നഗരസഭ വക കെട്ടിടങ്ങൾ, ബങ്കുകൾ എല്ലാം തന്നെ നഗരസഭയുടെ സ്വന്തം ആസ്തികളാണ്. നഗരസഭയുടെ ആസ്തികളിൻ മേൽ ലൈസൻസികൾക്ക് പാരമ്പര്യ പിൻതുടർച്ചയോ (Inheritance), വ്യക്തിപരമായ പ്രത്യേകാവകാശവും (Personal Privilege) ആവശ്യപ്പെടുന്നതിനോ അധികാരം നൽകുന്ന വ്യവസ്ഥകൾ നിലവിൽ മുനിസിപ്പൽ നിയമത്തിലില്ല. കൗൺസിൽ പൊതു താൽപര്യത്തിന്റെ അടിസ്ഥാനത്തിൽ നഗരസഭ പരിധിയിലെ പ്രത്യേക പരിഗണന അർഹിക്കുന്ന ജനവിഭാഗങ്ങൾക്ക് രേഖകളുടെ അടിസ്ഥാനത്തിൽ ജീവനോപാധിയായി അനുവദിക്കുന്ന ബങ്കുകൾ, മറ്റ് മുറികൾ എന്നിവയുടെ ലൈസൻസ് അവകാശം അനന്തരാവകാശികൾക്ക് കൈമാറി നൽകുന്നത് ദുരുപയോഗം ചെയ്യാനുള്ളതല്ല.

2. മുനിസിപ്പാലിറ്റി നിയമം വകുപ്പ് 215 (4), പ്രകാരം ലൈസൻസുകാരൻ ആവശ്യപ്പെട്ടതിൻമേൽ അത് യുക്തമെന്ന് തോന്നി ഏർപ്പെടുത്തിയേക്കാവുന്ന അങ്ങനെയുള്ള വ്യവസ്ഥകൾക്കു വിധേയമായി, മറ്റേതെങ്കിലും ആൾക്ക് ലൈസൻസ് കൈമാറ്റം ചെയ്യാവുന്നതും അങ്ങനെ കൈമാറ്റം നടക്കുമ്പോൾ അത് എല്ലാ ആവശ്യങ്ങൾക്കും ഒരു പുതിയ ലൈസൻസായി കരുതപ്പെടേണ്ടതും ആകുന്നു. 08.06.2018 ൽ തന്റെ ആരോഗ്യ സ്ഥിതി മോശമായതിനാൽ ബങ്കിന്റെ ലൈസൻസ് അവകാശം ഭാര്യയായ ശ്രീമതി. ഇ.ആയിഷയുടെ പേരിൽ മാറ്റി നൽകുന്നതിന് അപേക്ഷിച്ചുവെങ്കിലും നഗരസഭയിൽ മേൽ നിയമ വ്യവസ്ഥയിൽ വിവരിച്ച രീതിയിലല്ല നടപടികൾ സ്വീകരിച്ചത്. 08.06.2018 തീയ്യതി പ്രാബല്യത്തിൽ ലൈസൻസ് അവകാശം 50% വർദ്ധനവ് വരുത്തിഅനുവദിക്കുന്നതിന് പകരം 15.08.2019 മുതൽ 20% വർദ്ധനവ് പ്രാബല്യത്തിലാണ് പുതുക്കി നൽകിയത്. യഥാസമയം കണക്കാക്കി വർദ്ധനവ് വരുത്താതിനാൽ നഗരസഭ ഫണ്ടിന് നഷ്ടം സംഭവിച്ചു. (നഗരസഭ സ്റ്റിയറിംഗ് കമ്മിറ്റിയുടെ 25.08.2020 തീയ്യതിയിലെ തീരുമാനം നം.8 പ്രകാരംവർദ്ധനവിന്റെ നിരക്ക് 75% ആയി ഉയർത്തിയിട്ടുണ്ട്). മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 08.04.2022 തീയ്യതിയിൽ നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 69/2020-21) മറുപടി ലഭ്യമാക്കിയിട്ടില്ല.

ബി) വ്യാജ പേരിൽ നഗരസഭ വക ബങ്ക് ഉപയോഗിക്കുന്നതും മറ്റ് അപാകതകളും.

(ഫയൽ നം. എ.34/34197/88)

നഗരസഭ വക പാളയം ഓവർ ബ്രിഡ്ജിനു സമീപം (വാർഡ്.13 ൽ) സ്ഥിതി ചെയ്യുന്ന 13ാം നമ്പർ ബങ്കിന്റെ ലൈസൻസ് അവകാശം ശ്രീ.കെ.പി.കാദിരിക്കോയ, ജസ്സ(ഹ), പുതിയോട്ടിൽ പറമ്പ, വെസ്റ്റ്ഹിൽ (പി.ഒ), കോഴിക്കോട്.5 എന്നവർക്ക് 1973 മുതൽ ലൈസൻസ് ഫീസ്വ്യവസ്ഥയിൽ അനുവദിച്ചു നൽകിയതാണ്. 01.04.2016 മുതൽ 31.03.2019 വരെയുള്ള (പ്രതിമാസ ലൈസൻസ് ഫീസ് 2,825/- രൂപ) ലൈസൻസ്കാലാവധി കഴിഞ്ഞതിനാൽ ആയത് പുതുക്കി നൽകുന്നതിന് ടിയാൻ 02.04.2019 സെക്രട്ടിക്ക് അപേക്ഷ നൽകി. മേൽ അപേക്ഷ ലഭിച്ച് 7

മാസത്തിനശേഷം 08.11.2019 ന് റവന്യൂ ഇൻസ്പെക്ടർ (സർക്കിൾ.3) പ്രസ്തുത ബങ്ക് ശ്രീ.കെ.പി.കാദിരിക്കോയ എന്നവർ ശ്രീ.മുഹമ്മദ് യൂനസ് എന്നവർക്ക് കീഴ്വാടകയ്ക്ക് നൽകിയതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ഡപ്യൂട്ടി സെക്രട്ടറി 31.12.2019 ലെ കത്തിലൂടെ നഗരസഭയുമായി ചമച്ച കരാറിലെ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിരുദ്ധമായി പ്രവർത്തിച്ചതിനാൽ ബങ്കിന്റെ ലൈസൻസ് പുതുക്കി നൽകുവാൻ നിർവ്വാഹമില്ല എന്ന് ശ്രീ.കെ.പി.കാദിരിക്കോയ എന്നവരെ അറിയിച്ചു. 09.01.2020 ന് ശ്രീ.കെ.പി.കാദിരിക്കോയ നൽകിയ മറുപടിയിൽ പ്രസ്തുത ബങ്ക് താൻ കഴിഞ്ഞ 50 വർഷമായി സ്വന്തം ഉപയോഗിക്കുന്നുണ്ടെന്നും നിലവിലും തൊഴിലാളികളെ വച്ച് തന്റെ പേരിൽ തന്നെ ലൈസൻസ് എടുത്താണ് കച്ചവടം നടത്തുന്നതെന്നും അറിയിച്ചു. 28.01.2020 ന് ശ്രീ.മുഹമ്മദ് യൂനസ് സെക്രട്ടറിക്ക് നൽകിയ പരാതിയിൽ ശ്രീ.കെ.പി.കാദിരിക്കോയ എന്നവർക്ക് നഗരസഭയിൽ നിന്നും ലൈസൻസ് വ്യവസ്ഥയിൽ അനുവദിച്ച ബങ്ക് താൻ 2015 മുതൽ പ്രതിമാസം 13,500/- രൂപ വാടക അടിസ്ഥാനത്തിൽ ഉപയോഗിക്കുന്നതാണെന്നും തുടർന്നുള്ള എല്ലാ വർഷങ്ങളിലും 1000/- വീതം വാടക വർദ്ധനവ് വരുത്തി ലൈസൻസിക്ക് നൽകുന്നുണ്ടെന്നും അറിയിച്ചു. 2019 നവംബറിൽ ടിയാൻ പ്രതിമാസ വാടക 18,500/- രൂപ ആവശ്യപ്പെട്ടത് നൽകാൻ വിസമ്മതിച്ചതിനെ തുടർന്ന് ശ്രീ.സക്കീർ എന്ന വ്യക്തിക്ക് 18,500/- രൂപ വാടക നിരക്കിൽ ബങ്ക് നൽകി. ആയത് തനിക്ക് തിരിച്ച് അനുവദിച്ചു തരണമെന്ന അപേക്ഷയും ടിയാൻ സമർപ്പിച്ചിട്ടുണ്ട്. 11.12.2020 ന് റവന്യൂ ഇൻസ്പെക്ടർ പ്രസ്തുത ബങ്ക് അടച്ചു പൂട്ടി സീൽ ചെയ്തതിനെ തുടർന്ന് 28.01.2021 ന് ശ്രീ.കെ.പി.കാദിരിക്കോയ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ അപേക്ഷ നൽകിയെങ്കിലും പരിഗണിച്ചില്ല. 09.02.2021 ന് കേരള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള ട്രിബ്യൂണൽ, തിരുവനന്തപുരം മുമ്പാകെ ഹർജി സമർപ്പിച്ചു നഗരസഭ നടപടികൾക്കെതിരെ സ്റ്റേ വാങ്ങി.

1. 1.03.2019 ന് ലൈസൻസ് കാലാവധി കഴിഞ്ഞ് 7 മാസത്തിനു ശേഷം 08.11.2019 നാണ് റവന്യൂ ഇൻസ്പെക്ടർ (സർക്കിൾ.3) പരിശോധന നടത്തുന്നത്.തുടർന്ന് 11.12.2020 ന് റവന്യൂ ഇൻസ്പെക്ടർ പ്രസ്തുത ബങ്ക് അടച്ചു പൂട്ടി സീൽ ചെയ്തത്. അതായത് ലൈസൻസി കാലാവധി കഴിഞ്ഞ് 1 വർഷവും, 8 മാസവും, 11 ദിവസവും. മേൽ വിഷയത്തിൽ യഥാസമയം നടപടികൾ സ്വീകരിക്കുന്നതിൽ റവന്യൂ (നോൺ ടാക്സ്) വിഭാഗത്തിലെ ഉദ്യോഗസ്ഥ തലത്തിൽ വരുത്തിയ വീഴ്ച അംഗീകരിക്കാവുന്നതല്ല.
2. ശ്രീ.കെ.പി.കാദിരിക്കോയ എന്ന വ്യക്തിയുടെ യഥാർത്ഥ പേര് കെ.എം.കാദിരിക്കോയ എന്നാണ്. യഥാർത്ഥ പേര് മറച്ച് വെച്ചാണ് ടിയാൻ നഗരസഭയുടെ ബങ്ക് ലൈസൻസ് വ്യവസ്ഥയിൽ എടുത്തിട്ടുള്ളത്. ടിയാന്റെ ഐഡന്റിറ്റി തെളിയിക്കുന്ന രേഖകൾ (ഇലക്ഷൻ ഐഡന്റിറ്റി കാർഡ്, ആധാർ കാർഡ് തുടങ്ങിയവ) പരിശോധിക്കുന്നതിനും, പകർപ്പ് വാങ്ങി ഫയലിൽ സൂക്ഷിക്കുന്നതിനും റവന്യൂ (നോൺ ടാക്സ്) വിഭാഗത്തിലെ ഉദ്യോഗസ്ഥർ വീഴ്ചവരുത്തി.
3. ശ്രീ. കെ.എം. കാദിരിക്കോയ കോഴിക്കോട് നഗരത്തിൽ അഭിഭാഷകനായി (നിലവിൽ നോട്ടറി) പ്രവർത്തിക്കുന്ന വ്യക്തിയാണെന്ന് ബന്ധപ്പെട്ട നോട്ട് ഫയൽ പേജ്.45 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. 1961 ലെ അഡ്വക്കേറ്റ്സ് നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം അഭിഭാഷക വൃത്തിയിൽഏർപ്പെട്ടിരിക്കുന്ന വ്യക്തികൾ മറ്റ് സ്വകാര്യ ജോലികൾ ചെയ്യുന്നതിന് വിലക്കുണ്ട്. മേൽ വിവരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള ട്രിബ്യൂണൽ മുമ്പാകെ സമർപ്പിച്ച സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സിൽ ഉൾപ്പെടുത്തുന്നതിൽ നഗരസഭ അധികൃതർ (സ്യൂട്ട് വിഭാഗം) വീഴ്ച വരുത്തി. യഥാർത്ഥത്തിൽ ശ്രീ. കെ.എം. കാദിരിക്കോയ തന്റെ യഥാർത്ഥ പേര് മറച്ചു വെച്ച് നഗരസഭയേയും ട്രിബ്യൂണലിനേയും കബളിപ്പിക്കുന്ന പ്രവർത്തിയാണ് ചെയ്തിട്ടുള്ളത്. (Impersonation –As Per Section.34 Of IPC Whoever Impersonates Or Attempts To Impersonate Another Person, Whether Dead Or Alive, Real Or Imaginary, By Providingany False Demographic Information Or Biometric Information, Shall Be Punishable With Imprisonment For A Term Which May Extend To Three Years Or With A Fine Which May Extend To Ten Thousand Rupees Or With Both.) മേൽ ഫയൽ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 21.02.2022 തീയ്യതിയിൽ നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 48/2020-21) മറുപടി ലഭ്യമാക്കിയിട്ടില്ല.

സി) കരാർ പുതുക്കാതെയും കുടിശ്ശിക അടവാക്കാതെയും നഗരസഭ വക ബങ്ക് ഉപയോഗിക്കുന്നു.

(ഫയൽ നം. എ.34/39278/88).

നഗരസഭ വാർഡ്.13 ൽ 1ാം റയിൽവേ ഓവർ ബ്രിഡ്ജിനു സമീപം സ്ഥിതി ചെയ്യുന്ന 11ാം നമ്പർ ബങ്കിന്റെ ലൈസൻസ് അവകാശം ശ്രീ.എസ്.എം.മുഹമ്മദ് ബഷീർ എന്നവർക്ക് 01.04.2013 മുതൽ 31.03.2016 വരെ പ്രതിമാസം 2,578/- രൂപ ലൈസൻസ് ഫീസിൽ പുതുക്കി അനുവദിച്ചു നൽകിയതാണ്. 01.04.2016 മുതൽ ലൈസൻസ് അവകാശം പുതുക്കി നൽകുന്നതിന് 02.02.2016 ൽ ലൈസൻസി ശ്രീ.എസ്.എം.മുഹമ്മദ് ബഷീർ സെക്രട്ടറിക്ക് അപേക്ഷ നൽകി. 3 മാസം 21 ദിവസത്തിനു ശേഷം 23.05.2016 ന് സെക്ഷൻ ക്ലാർക്ക് ലൈസൻസിയുടെ അപേക്ഷ പരിശോധിക്കുന്നതിനായി റവന്യൂ ഇൻസ്പെക്ടറെ ചുമതലപ്പെടുത്താം എന്ന് അറിയിച്ച് കുറിപ്പ് എഴുതി സൂപ്രണ്ടിന് സമർപ്പിച്ചു. 7 മാസത്തിനടുത്ത് സമയമെടുത്ത് 21.12.2016 ന് റവന്യൂ ഇൻസ്പെക്ടർ ലൈസൻസ് പുതുക്കി നൽകാമെന്ന് റിപ്പോർട്ട് നൽകിതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്ഥിരം സമിതിയിലേക്ക് ശുപാർശ ചെയ്തു. 28.12.2016 ലെ ധനകാര്യ സ്ഥിരം സമിതിയുടെ യോഗത്തിൽ നിലവിലുള്ള ബങ്ക് സുഗമമായ വാഹന ഗതാഗതത്തിന് തടസ്സം സൃഷ്ടിക്കുന്നുണ്ടോ എന്ന് അന്വേഷിച്ച് റിപ്പോർട്ട് ചെയ്യാൻ ആവശ്യപ്പെട്ട് ഫയൽ മടക്കി. (തീരുമാനം നം.27). 09.03.2017

ന് ബങ്കിന്റെ പ്രവർത്തനം വാഹന ഗതാഗതത്തിന് തടസ്സം സൃഷ്ടിക്കുന്നില്ല എന്ന് അറിയിച്ച് റവന്യൂ ഇൻസ്പെക്ടർ റിപ്പോർട്ട് നൽകി. 11.07.2017 ലെ ധനകാര്യ സ്ഥിരം സമിതിയുടെ യോഗത്തിൽ ബങ്ക് നിലവിൽ പ്രവർത്തിക്കുന്നത് നഗരസഭയിൽ നിന്നും അനുവദിച്ച സ്ഥലം കൂടാതെ ചുറ്റുമുള്ള വളരെയധികം സ്ഥലം ഉപയോഗപ്പെടുത്തുന്നുവെന്നും, ആയത് കൊണ്ട് ആകെ ഉപയോഗിക്കുന്ന സ്ഥലം തിട്ടപ്പെടുത്തി ചുമത്താവുന്ന ലീസ് തുക സഹിതം ഫയൽ പുനസമർപ്പിക്കുന്നതിന് നിർദ്ദേശിച്ചു. (തീരുമാനം നം.24). ലൈസൻസി അധികമായി സ്ഥലം ഉപയോഗിക്കുന്നത് സംബന്ധിച്ച് ധനകാര്യ സ്ഥിരം സമിതി അംഗങ്ങൾ പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് ഫയലിൽ ചേർത്തിട്ടില്ല. ലൈസൻസി അധികമായി ഉപയോഗിക്കുന്ന സ്ഥലം അളന്ന് തിട്ടപ്പെടുത്തി നിശ്ചയിക്കാവുന്ന ലീസ് തുക കണക്കാക്കി തരുന്നതിന് 21.07.2017 ന് സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് ഡപ്യൂട്ടി സെക്രട്ടറി കുറിപ്പ് നൽകി. സൂപ്രണ്ടിംഗ് എഞ്ചിനീയർ റിപ്പോർട്ട് നൽകാത്തതിനാൽ 8 മാസം 15 ദിവസം കഴിഞ്ഞ് 05.04.2018 ന് ഓർമ്മകുറിപ്പ് നൽകി. എന്നാൽ മേൽ ഫയലിൻ മേൽ എഞ്ചിനീയറിംഗ് വിഭാഗം തുടർനടപടികൾ സ്വീകരിച്ചില്ല. 30.11.2018 ന് റവന്യൂ ഇൻസ്പെക്ടർ - III സമർപ്പിച്ച റിപ്പോർട്ടിൽ ശ്രീ.എസ്.എം.മുഹമ്മദ് ബഷീറിന് അനുവദിച്ച ബങ്കിന് 4.10 മീറ്റർ വീതിയും, 4.50 മീറ്റർ നീളവും, 2.55 മീറ്റർ ഉയരവുമുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആകെ 198.33 ചതുരശ്ര അടി സ്ഥലം ഉപയോഗിക്കുന്നുണ്ട്. എന്നാൽ നഗരസഭ അനുവദിച്ച സ്ഥലം എത്രയാണെന്ന് ഫയലിൽ നിന്നും ലഭ്യമല്ലാത്തതിനാൽ അധികമായി ഉപയോഗിക്കുന്ന സ്ഥലം എത്രയെന്ന് പരിശോധിക്കാൻ സാധിക്കില്ല എന്നും അറിയിച്ചു. ആയതിനു ശേഷം 28.01.2019 ന് ബങ്ക് അനുവദിച്ചതിന്റെ അളവ്, മറ്റ് ആധികാരികമായ രേഖകൾ സഹിതം 7 ദിവസത്തിനുള്ളിൽ ഹാജരാകുവാൻ ലൈസൻസിയോട് ആവശ്യപ്പെട്ട് ഡപ്യൂട്ടി സെക്രട്ടറി നോട്ടീസ് പുറപ്പെടുവിച്ചു. മേൽ നോട്ടീസ് ലൈസൻസിക്കു വേണ്ടി ശ്രീ.ജലാൽ എന്ന വ്യക്തി 21.02.2019ന് കൈപ്പറ്റിയതായിട്ടാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പിന്നീട് തുടർ നടപടികൾ സ്വീകരിച്ചത് സംബന്ധിച്ച് ഓഫീസ് കുറിപ്പിൽ രേഖപ്പെടുത്തലുകളില്ല. 31.01.2020 ന് മാറി വന്ന സെക്ഷൻ ക്ലാർക്ക് രേഖപ്പെടുത്തിയ കുറിപ്പിന്റെ അടിസ്ഥാനത്തിൽ 11.02.2020 ന് ലൈസൻസിക്ക് നോട്ടീസ് നൽകി. ആയതിന് ലൈസൻസി 04.03.2020 ന് സമർപ്പിച്ച മറുപടിയിൽ മേൽ ബങ്ക് ടിയാന് 1964 മുതൽ അനുവദിച്ച വരുന്നതാണെന്നും അധികമായി ഉപയോഗിക്കുന്ന സ്ഥലം 1970 ലെ കൗൺസിൽ അംഗീകരിച്ചതാണെന്നും ഇതിനായി പ്രത്യേക ഫയൽ (നം.എ12/26949/68) നഗരസഭയിൽ തന്നെ സൂക്ഷിച്ചിട്ടുണ്ടെന്നും ആയത് പരിശോധിച്ചാൽ വ്യക്തമായ വിവരം ലഭിക്കുമെന്നും അറിയിച്ചു. 06.03.2020 ലെ സെക്ഷൻ ക്ലാർക്ക് രേഖപ്പെടുത്തിയ കുറിപ്പിൽ സാധാരണയായി നഗരസഭയിൽ നിന്നും അനുവദിക്കുന്ന ബങ്കുകൾക്ക് 6 X 5 (30 ച.അടി) സ്ഥലമാണ് അനുവദിക്കാറ്. എന്നാൽ ശ്രീ.എസ്.എം.മുഹമ്മദ് ബഷീർ ഉപയോഗിക്കുന്ന ബങ്കിനായി 198.33 ച.അടി സ്ഥലം ഉള്ളതിനാൽ കക്ഷിയെ നേരിൽ കേൾക്കാവുന്നതും നിലവിൽ ഉപയോഗിച്ച് കൊണ്ടിരിക്കുന്ന സ്ഥലത്തിന് വിപണിമൂല്യം അനുസരിച്ച് ആനുപാതികമായിട്ടുള്ള തുക ലൈസൻസ് ഫീസ് നിശ്ചയിച്ച് കാലാവധി പുതുക്കി നൽകാവുന്നതാണെന്നും, അല്ലാത്ത പക്ഷം ടി സ്ഥലം തിരികെ ഏറ്റെടുത്ത് പൊതുലേലം/ ടെണ്ടർ നടപടികളിലൂടെ പുതിയ ലൈസൻസിക്ക് അനുവദിക്കാവുന്നതാണെന്നും ശുപാർശ ചെയ്തു. മേൽ ശുപാർശ 07.03.2020 ന് ഓഫീസ് സൂപ്രണ്ടും, 09.03.2020 ന് റവന്യൂ ഓഫീസറും (നോൺ ടാക്സ്) ഡപ്യൂട്ടി സെക്രട്ടറിയും അംഗീകരിച്ച് വിഷയം ധനകാര്യ സ്ഥിരം സമിതിയുടെ യോഗത്തിൽ സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചു. 05.06.2020ലെ ധനകാര്യ സ്ഥിരം സമിതിയുടെ യോഗത്തിൽ പ്രസ്തുത സ്ഥലം പരിശോധന നടത്തുന്നതിന് തീരുമാനിച്ചു (നം.25). തുടർന്ന് നടപടികൾ ഉണ്ടായില്ല. 8 മാസം കഴിഞ്ഞ് 23.02.2021 ലെ ധനകാര്യ സ്ഥിരം സമിതിയുടെ യോഗത്തിൽ പ്രസ്തുത സ്ഥലം വീണ്ടും പരിശോധന നടത്തുന്നതിന് തീരുമാനിച്ചു (നം.56). 08.07.2021 ലെ ധനകാര്യ സ്ഥിരം സമിതിയുടെ യോഗത്തിൽ നിലവിൽ അനുവദിച്ച ബങ്ക് നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി ലൈസൻസ് ഫീസിൽ 20% വർദ്ധനവ് വരുത്തി (3,094/- രൂപ) 01.04.2016 മുതൽ 31.03.2019 വരെ പുതുക്കി അനുവദിക്കുന്നതിന് കൗൺസിലിലേക്ക് ശുപാർശ ചെയ്തു. കൂടാതെ നഗരസഭയിൽ നിന്നും ലൈസൻസിക്ക് അനുവദിച്ച സ്ഥലത്തിനു പുറമേ അധികമായി ഉപയോഗിക്കുന്ന സ്ഥലം സംബന്ധിച്ച് കമ്മിറ്റി നേരിട്ട് കണ്ടെത്തിയതിനാൽ ആയത് സംബന്ധിച്ച റിപ്പോർട്ട് അടുത്ത കമ്മിറ്റിയിൽ സമർപ്പിക്കുന്നതിനും നിർദ്ദേശിച്ചു. ലൈസൻസി അനുവദിച്ച സ്ഥലത്തിൽ കൂടുതൽ സ്ഥലം എന്ന് മുതൽ ഉപയോഗിക്കുന്നു എന്നുള്ളത് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. സ്ഥലം പരിശോധനക്കായി 13.09.2021 ന് ടൗൺ പ്ലാനിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി സെക്രട്ടറി ഉത്തരവ് നൽകി. 28.09.2021 ന് ടൗൺ പ്ലാനിംഗ് വിഭാഗം സമർപ്പിച്ച റിപ്പോർട്ടിൽ ലൈസൻസി ആകെ 17.55 എം.2 (188.84 ച.അടി) സ്ഥലം വിനിയോഗിക്കുന്നതായി അറിയിച്ചു. 11.10.2021 ലെ ധനകാര്യ സ്ഥിരം സമിതിയുടെ യോഗത്തിൽ അധികമായി ഉപയോഗിച്ച് വരുന്ന സ്ഥലത്തിന്റെ ലൈസൻസ് ഫീസ് നിശ്ചയിച്ച് ഓഫീസ് ശുപാർശ സഹിതം സമർപ്പിക്കുവാൻ നിർദ്ദേശിച്ച് ഫയൽ മടക്കി. ഫയൽ പ്രകാരം 31.03.2020 വരെ 2578/- രൂപ നിരക്കിൽ ലൈസൻസ് ഫീ അടവാക്കിയതായി രേഖപ്പെടുത്തലുകളുണ്ട്. ഫയൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന തരത്തിൽ ഫീസ് കടിശ്ശിക ലൈസൻസി അടവാക്കാനുണ്ട്.

| | | |
|---|---|---|
| 1 | 01.04.2013 മുതൽ 31.03.2016 വരെ ബങ്കിനായി അനുവദിച്ച സ്ഥലം. 6 X 5 (30 ച.അടി) | 2.78 ച.മീ |
| 2 | 31.03.2016 ലെ ലൈസൻസ് ഫീ പ്രകാരം ഒരു ച.മീ സ്ഥലത്തിന് ആനുപാതികമായി വരുന്ന തുക. (2578 / 2.78 ച.മീ) | 927/- രൂപ |

| | | |
|---|---|---|
| 3 | 01.04.2016 മുതൽ 31.03.2019 വരെയുള്ള കാലയളവിലെ വർദ്ധിപ്പിച്ച ലൈസൻസ് ഫീ | 3,094/- രൂപ |
| 4 | വർദ്ധിപ്പിച്ച ലൈസൻസ് ഫീസിന് ആനുപാതികമായി ഒരു ച.മീറ്ററിന് വരുന്ന തുക.(3094 / 2.78 ച.മീ) | 1,113/- രൂപ |
| 5 | 28.09.2021 ലെ നഗരസഭ ടൗൺ പ്ലാനിംഗ് വിഭാഗത്തിന്റെ റിപ്പോർട്ട് പ്രകാരം ലൈസൻസി ഉപയോഗിക്കുന്ന ആകെ സ്ഥലം | 17.55 ച.മീ |
| 6 | അധികമായി ലൈസൻസി ഉപയോഗിക്കുന്ന സ്ഥലം | 14.77 ച.മീ |
| 7 | 17.55 ച.മീ സ്ഥലത്തിന് 01.04.2016 മുതൽ പ്രബല്യത്തിൽ നിശ്ചയിക്കേണ്ട പ്രതിമാസ ലൈസൻസ് ഫീസ്. (17.55 X 1113) | 19,534/-രൂപ |
| 8 | 01.04.2016 മുതൽ 31.03.2019 വരെയുള്ള കാലയളവിലേക്ക് അടവാക്കേണ്ട ലൈസൻസ് ഫീസ്.(19534 X 36 മാസം) | 7,03,224/- രൂപ |
| 9 | 01.04.2019 മുതൽ വർദ്ധനവ് വരുത്തേണ്ട തുക (19534 X 20 %) | 23,441/- രൂപ |
| 10 | 01.04.2019 മുതൽ 31.03.2021 വരെയുള്ള കാലയളവിലേക്ക് അടവാക്കേണ്ട ലൈസൻസ് ഫീസ്.(23441 X 24 മാസം) | 5,62,584/-രൂപ |
| 11 | 01.04.2016 മുതൽ 31.03.2021 വരെയുള്ള കാലയളവിൽ ലൈസൻസി അടവാക്കേണ്ട ഫീസ്(703224 + 562584 ) | 12,65,808/-രൂപ |
| 12 | 01.04.2016 മുതൽ 31.03.2020 വരെ 2578/- രൂപ നിരക്കിൽ ലൈസൻസ് ഫീ അടവാക്കിയ തുക | 1,23,744/- രൂപ |
| 13 | 01.04.2016 മുതൽ 31.03.2021 വരെയുള്ള കാലയളവിൽ ലൈസൻസി അടവാക്കേണ്ട കുടിശ്ശിക തുക (1265808 - 123744) | 11,42,064/-രൂപ |

1. 02.02.2016 ന് ലൈസൻസി നൽകിയ പുതുക്കുവാനുള്ള അപേക്ഷ ധനകാര്യ സ്ഥിരം സമിതി തീർപ്പാക്കി കൗൺസിലിലേക്ക് ശുപാർശ ചെയ്തത് 5 വർഷത്തിനു മുകളിൽ സമയമെടുത്ത് 08.07.2021 നാണ്. ധനകാര്യ സ്ഥിരം സമിതിയുടേയും, റവന്യൂ, എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥതലത്തിലെ വീഴ്ചകളും, യഥാസമയം നടപടികൾ സ്വീകരിക്കുന്നതിൽ വരുത്തിയ കാലതാമസവുമാണ് 01.04.2016 മുതൽ ടിയാന് ലൈസൻസ് ഫീസ് വർദ്ധനവ് വരുത്താതെ 5 വർഷക്കാലം സുഗമമായി ബങ്ക് നടത്തുന്നതിന് വഴിയൊരുക്കിയത്. യഥാസമയം പരിശോധനകൾ നടത്തി ലൈസൻസിയുമായികരാർ ചമച്ചിരുന്നുവെങ്കിൽ ആക്കാലയളവ് മുതലുള്ള ലൈസൻസ് ഫീ നഗരസഭക്ക് ലഭിക്കുമായിരുന്നു. ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിൽ വന്ന വീഴ്ചധനകാര്യ സ്ഥിരം സമിതി സ്വയം വിമർശനാത്മകമായി പരിശോധിച്ച് ആവശ്യമായ പരിഹാര നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്.

2. മുനിസിപ്പൽ നിയമത്തിലെ വ്യവസ്ഥകൾ, 01.04.2013 ലെ കരാർ നിബന്ധന 4(4) എന്നിവ പ്രകാരം സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുവാദം ഇല്ലാതെ ലൈസൻസി കൂട്ടിചേർക്കലുകൾ നടത്താൻ പാടില്ല. എന്നാൽ ടിയാൻ അധികമായി ഉപയോഗിച്ച സ്ഥലം സംബന്ധിച്ച് വ്യക്തമായ റിപ്പോർട്ടുകൾ യഥാസമയം പരിശോധന നടത്തിയ റവന്യൂ ഇൻസ്പെക്ടർമാർ ലഭ്യമാക്കിയില്ല.

3. അധികമായി അടവാക്കേണ്ട ലൈസൻസ് ഫീസിന് ആനുപാതികമായി വരുന്ന ജി.എസ്.ടി.ക്ക് കേന്ദ്ര സർക്കാർ ചുമത്തുന്ന ഫൈൻ അടവാക്കാൻ നഗരസഭ ഫണ്ടിൽ നിന്നും തുക നൽകേണ്ട അവസരം ഒരുക്കി.

4. 2000-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം മുനിസിപ്പൽ നിയമം വകുപ്പ് 215-ൽ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായാണ് കൗൺസിൽ നിശ്ചയിക്കുന്ന കാലയളവിലേക്ക് ലൈസൻസിന്മേൽ വാടകക്ക് നൽകാവുന്നത്. ലൈസൻസികൾ ചട്ടം 7(2) അനുബന്ധം 3 ലെ 111-ാം ഫാറത്തിൽ നഗരസഭയുമായി കരാർ വെക്കേണ്ടതാണ്. ശ്രീ.എസ്.എം.മുഹമ്മദ് ബഷീർ 01.04.02016 മുതൽ കരാർ വയ്ക്കാതെ ബങ്ക് ഉപയോഗിച്ചത് മുനിസിപ്പാലിറ്റി നിയമം വകുപ്പ് 215 (3) ലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. ഇത്തരത്തിൽ യഥാസമയം ലൈസൻസികളുമായി കരാർ പത്രം ചമയ്ക്കാത്തതുമൂലം നിയമ വ്യവഹാരങ്ങളിൽ നഗരസഭയ്ക്ക് ലഭിക്കേണ്ട സംരക്ഷണം കിട്ടാതെ വരും. കൂടാതെ സാധുവായ കരാറിന്റെ അഭാവത്തിൽ, ലൈസൻസി ആസ്തികൾക്ക് വരുത്തുന്ന നഷ്ടങ്ങൾക്കും കേടുപാടുകൾക്കുമെതിരായി നിയമപരമായ നടപടി സ്വീകരിക്കാൻ കഴിയാതെയും വരും. ഫയൽ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി 23.11.2021 ന് നൽകിയ അന്വേഷണ കുറിപ്പിന്(നം. 27/2020-21) 05.02.2022 ന് ഡെപ്യൂട്ടി സെക്രട്ടറി നൽകിയ മറുപടിയിൽ കുടിശ്ശിക തുക ഈടാക്കുന്നതുമായി ബന്ധപ്പെട്ട് കൗൺസിൽ എടുക്കുന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ശേഷിക്കുന്ന തുക സമയബന്ധിതമായി കക്ഷിയിൽ നിന്നും ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പട്ടികയിൽവിവരിച്ച തുക കൂടാതെ ലൈസൻസ് ഫീസ് വർദ്ധനവിന് ആനുപാതികമായി അടവാക്കേണ്ട ഡെപ്പോസിറ്റ് തുക, ലൈസൻസ് ഫീസ് കുടിശ്ശികയുടെ പിഴ, ജി.എസ്.ടി, ഫ്ലഡ് സെസ്സ്, ലൈസൻസി അടവാക്കേണ്ട മറ്റ് തുകകൾ, കൂടാതെ യഥാസമയം ജി.എസ്.ടി. ഇനത്തിൽ പ്രസ്തുത വകുപ്പിൽ അടവാക്കേണ്ടതുകക്കുള്ള പിഴ എന്നിവയും കണക്കാക്കി ലൈസൻസിയിൽ നിന്നും ഈടാക്കണം.

ഡി) പരേതനായ ലൈസൻസി വാടക അടവാക്കുന്നു.

(ഫയൽ നം. എ.38/12858/H.1/94/സി.ഡി.എ).

നഗരസഭ വക അംബേദ്കർ വാണിജ്യ കേന്ദ്രത്തിലെ റൂം നമ്പർ.ബി.4 കോഴിക്കോട് വികസന അതോറിറ്റി നിലവിലുള്ള കാലത്ത് പട്ടിക ജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കായി നീക്കി വച്ചിട്ടുള്ളതാണ്. 01.08.1990ലെ 23781/ ബി1/ 90/ ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം പട്ടികജാതി വിഭാഗത്തിൽപെട്ടവർക്ക് 10% സംവരണം നല്കുന്നതിന്റെ ഭാഗമായി പ്രസ്തുത മുറി ശ്രീ.ഇ.ജി.രവീന്ദ്രൻ എന്നവർക്ക് 03.04.1995 ന് അനുവദിച്ചു. 27.06.2019ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ (ശുപാർശ) 15ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 31.03.2019 മുതൽ പ്രസ്തുത മുറിയുടെ ലൈസൻസ് അവകാശം കൗൺസിൽ പുതുക്കി നൽകിയിട്ടുണ്ട്. (17.07.2019 ലെ തീരുമാനം നം.87). 20.07.2020 തീയ്യതിയിൽ 2020 മാർച്ച് മാസത്തെ വാടക അഡ്വാൻസായി താൻ നഗരസഭ ഓഫീസിൽ 04.03.2020 ൽ രശീതി നം 01/119060133463 പ്രകാരം അടവാക്കിയിട്ടുണ്ടെന്നും കോവിഡ് കാലയളവിൽ കട തുറന്ന് പ്രവർത്തിക്കാത്തതിനാൽ 2020 ഏപ്രിൽ, മെയ് മാസങ്ങളിലെ വാടക അടവാക്കുന്നതിൽ നിന്ന് ഒഴിവാക്കി തരണമെന്നും അപേക്ഷിച്ച് ശ്രീ.ഇ.ജി.രവീന്ദ്രൻ സെക്രട്ടറിക്ക് കത്ത് നൽകി. മേൽ അപേക്ഷ പരിശോധിച്ച റവന്യൂ ഇൻസ്പെക്ടർ (സർക്കിൾ.4) 2020 ഏപ്രിൽ, മെയ് മാസങ്ങളിൽ മുറിതുറന്ന് പ്രവർത്തിക്കാത്തതിനാൽ ഇളവ് അനുവദിക്കാമെന്ന് ശുപാർശ ചെയ്തു. മേൽ ശുപാർശ റവന്യൂ ഓഫീസറും (നോൺ ടാക്സ്), ഡപ്യൂട്ടി സെക്രട്ടറിയും അംഗീകരിച്ച് ഇളവ് നൽകി. 18.02.2021 തീയ്യതിയിൽ ശ്രീമതി.കോമളവല്ലി.ടി (ഇ.ജി.രവീന്ദ്രന്റെ ഭാര്യ) തന്റെ ഭർത്താവ് 15.01.2020 ന് മരണപ്പെട്ടതിനാൽ അംബേദ്കർ വാണിജ്യ കേന്ദ്രത്തിലെ റൂം നമ്പർ.ബി.4 ന്റെ ലൈസൻസ് അവകാശം ഇ.ജി.രവീന്ദ്രന്റെ അനന്തരാവകാശ സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തികളുടെ പേരുകളിലേക്ക് മാറ്റി നൽകണമെന്ന് ആവശ്യപ്പെട്ട് സെക്രട്ടറിക്ക് കത്ത് നൽകി. ടിയാരി സമർപ്പിച്ച മരണ സർട്ടിഫിക്കറ്റ് പ്രകാരം (പെരുവയൽ ഗ്രാമപഞ്ചായത്ത്അനുവദിച്ചത്) ഇ.ജി.രവീന്ദ്രൻ 15.01.2020 ന് മരണപ്പെട്ടിട്ടുണ്ട്. മേൽ മരണപ്പെട്ട ഇ.ജി.രവീന്ദ്രനാണ് 04.03.2020 ൽ ലൈസൻസ് ഫീ നഗരസഭയിൽ അടവാക്കിയത്. മരണപ്പെട്ട ഇ.ജി.രവീന്ദ്രന്റെ പേര് ചേർത്ത് വ്യാജ ഒപ്പ് രേഖപ്പെടുത്തിയാണ് 20.07.2020 തീയ്യതിയിൽ നഗരസഭ സെക്രട്ടറിക്ക് കത്ത് നൽകിയത് എന്ന് വ്യക്തമാണ്.ഓഡിറ്റിന്റെ ഭാഗമായി 22.11.2021 ന് രാവിലെ 11.00 മണിക്ക് നടത്തിയ പരിശോധനയിൽ പ്രസ്തുത മുറിയിൽ കുത്ത്ബി ഷോപ്പിംഗ് & സർവ്വീസസ്എന്ന സ്ഥാപനം നടത്തുന്നതായിട്ടാണ് കണ്ടത്. ഗൂഗിൾ പരിശോധനയിൽ അംബേദ്കർ വാണിജ്യ കേന്ദ്രത്തിലെ റൂം നമ്പർ.ബി.4, 1999 മുതൽ ശ്രീ.എൻ.വി.മുഹമ്മദലി എന്ന വ്യക്തി കുത്ത്ബി ഷോപ്പിംഗ് & സർവ്വീസസ് എന്ന സ്ഥാപനം നടത്തി വരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. (Just Dial, Quick Kerala, Bharathi Biz Etc). മേൽ സ്ഥാപനത്തിന്റെ ജി.എസ്.ടി. രജിസ്ട്രേഷൻ പരിശോധിച്ചതിൽ നിന്നും ശ്രീ.എൻ.വി.മുഹമ്മദലി, ശ്രീ.ഷാഹുൽ ഹമീദ് എന്നിവരുടെ പേരിലാണ്. (GSTIN-32AALFK4914G1ZH). ശ്രീ.ഷാഹുൽ ഹമീദ് പാർട്ട്ണറാണ്.കോഴിക്കോട് വികസന അതോറിറ്റിയുടെ 2014-15 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് (നം.കെ.എസ്.എ/കെ.ഒ.സി/എ.4/470/2016, തീയ്യതി.07.05.2016) ഖണ്ഡിക 2-2 ൽ ഇ.ജി.രവീന്ദ്രന് അനുവദിച്ച മുറി കീഴ്വാടകക്ക് ശ്രീ.എൻ.വി.മുഹമ്മദലിക്ക് നൽകിയത് സംബന്ധിച്ച് പരാമർശമുണ്ട്.മേൽ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ വികസന അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ നേരിൽ പരിശോധിച്ച് സ്ഥാപനം നടത്തുന്നത്ഇ.ജി.രവീന്ദ്രൻ തന്നെയാണെന്ന് ഉറപ്പ് വരുത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. (ഓഫീസ് കുറിപ്പ് പേജ് നം.104) പ്രസ്തുത എക്സിക്യൂട്ടീവ് എഞ്ചിനീയർനിലവിൽ നഗരസഭ എക്സിക്യൂട്ടീവ് എഞ്ചിനീയറാണ്. ആയത് അംഗീകരിച്ച് വികസന അതോറിറ്റി സെക്രട്ടറി മറുപടി നൽകിയത് റൂം നമ്പർ.ബി.4 ഉപയോഗിക്കുന്നത് ഇ.ജി.രവീന്ദ്രൻ തന്നെയാണെന്നാണ്. നിലവിൽ പ്രസ്തുത റൂം ശ്രീമതി.കോമളവല്ലി.ടി. എന്നവരുടെ പേരിലാണ്.1. 01.08.1990ലെ 23781/ ബി1/ 90/ ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരമുള്ള വ്യവസ്ഥകൾ പ്രകാരമാണ് ഇ.ജി.രവീന്ദ്രൻ എന്നവർക്ക് റൂം അനുവദിച്ചത്. ഇപ്രകാരം അനുവദിക്കുന്ന മുറികൾ ലൈസൻസി തന്നെ നേരിട്ട് കച്ചവടം നടത്തണം. സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പട്ടികജാതിവിഭാഗത്തിന്റെ ഉന്നമനം ലക്ഷ്യമാക്കി സംവരണത്തിന്റെ അടിസ്ഥാനത്തിൽ അനുവദിച്ച മുറി മറ്റൊരാൾക്ക് കൈവശം വെയ്ക്കുന്നതിനും, ഉപയോഗിക്കുന്നതിനും നൽകിയത് ഗുരുതരമായ വീഴ്ചയാണ്. ഈ വിഭാഗക്കാർക്ക് അനുവദിക്കുന്ന മുറികൾ ലൈസൻസിയല്ലാതെ മറ്റാരെങ്കിലും കൈവശം വയ്ക്കുകയോ, ഉപയോഗിക്കുകയോ, കച്ചവടം ചെയ്യുകയോ ചെയ്യുന്നതായി സെക്രട്ടറിക്ക് ബോധ്യപ്പെടുന്ന പക്ഷം യാതൊരു കാരണവും, നോട്ടീസും കൂടാതെ തന്നെഏതു നിമിഷവും പ്രസ്തുത മുറികൾ സീലു ചെയ്യുന്നതിനും ഒഴിപ്പിച്ച് എടുക്കുന്നതിനും നഗരസഭക്ക് അധികാരമുണ്ടായിരിക്കും. 31.03.2019 മുതൽ പുതുക്കിനൽകുന്ന വേളയിൽ റവന്യൂ ഇൻസ്പെക്ടർ, റവന്യൂ ഓഫീസർ എന്നിവർ ആയത് പരിശോധിച്ചിട്ടില്ല.. റവന്യൂ ഓഫീസർ മുൻ സിഡിഎ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായിരുന്നു.2. 1994 കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 215 (4), പ്രകാരം ലൈസൻസികൾക്ക് കൈവശം ലഭിക്കുന്ന മുറിയോ, മുറിയുടെ ഭാഗങ്ങളോ നഗരസഭ കൗൺസിലിന്റെ മുൻകൂട്ടിയുള്ള രേഖാമൂലമുള്ള അനുമതി കൂടാതെ കൈമാറ്റം ചെയ്യുന്നതിനോ, കീഴ് കുത്തകൾക്ക് കൊടുക്കുന്നതിനോ ലൈസൻസിക്ക് അധികാരമോ അവകാശമോ ഉണ്ടായിരിക്കുന്നതല്ല. എന്നാൽ ഇ.ജി.രവീന്ദ്രൻ നഗരസഭ അധികൃതരെ അറിയിക്കാതെ കീഴ്വാടക്ക് ശ്രീ.എൻ.വി.മുഹമ്മദലിക്ക് നൽകിയതായി കാണാവുന്നതാണ്.3. ഇ.ജി.രവീന്ദ്രൻ മരണപ്പെട്ട വിവരം അദ്ദേഹത്തിന്റെ പത്നി ശ്രീമതി.കോമളവല്ലി.ടി. അറിയിച്ച് കത്ത് നൽകിയതിനോടൊപ്പം മരണ സർട്ടിഫിക്കറ്റും സമർപ്പിച്ചിരുന്നു. എന്നാൽ മേൽ മരണ സർട്ടിഫിക്കറ്റ് പരിശോധിച്ച് നോൺ ടാക്സ് വിഭാഗത്തിലെ ഉദ്യോഗസ്ഥർ

ഫയലിൽ യഥാസമയം പുനപരിശോധന നടത്തിയെങ്കിൽ മരണപ്പെട്ട ഇ.ജി.രവീന്ദ്രന്റെ പേര് ചേർത്ത് വ്യാജ ഒപ്പ് രേഖപ്പെടുത്തിയത് കാണാമായിരുന്നു. ആയതിൽ വീഴ്ച വരുത്തി.മേൽ വിവരിച്ച കാര്യങ്ങൾ പരിശോധിച്ച് അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി 21.12.2021 തീയ്യതിയിൽ നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.30/2020-21) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഇ) ജയന്തി ബിൽഡിംഗ് റൂം നമ്പർ 2/4-എ ലൈസൻസ് വ്യവസ്ഥയിൽ നൽകിയത് സംബന്ധിച്ച്. (ഫയൽ നം. എ.32 A/3575/94).

ശ്രീ.രമീസ് രാജ.പി (24 വയസ്സ്, ആധാർ കാർഡ് നം.269058164553)) S/o ശ്രീ.സത്താർ പൈക്കാട്ട് എന്നവർക്ക് ലൈസൻസ് വ്യവസ്ഥയിൽ അനുവദിച്ച (പ്രതിമാസ ലൈസൻസ് ഫീസ്-17,750/- + ജി.എസ്.ടി). ജയന്തി ബിൽഡിംഗിലെ റൂം നമ്പർ 2/4 -എ 04.03.2021 തീയ്യതിയിൽ മലബാർ ചിറ്റ് ഫണ്ട്സ്എന്ന സ്ഥാപനത്തിന്റെ പേരിൽ മാറ്റിത്തരുവാൻ സെക്രട്ടറിയോട് അപേക്ഷിച്ചു. [ഫയൽ നം എ.32(എ)/20155/21]. ടിയാൻ ഹാജരാക്കിയ രേഖകളിൽ നിന്നും (Director , Register Of Companies നൽകിയ സർട്ടിഫിക്കറ്റ്) മലബാർ ചിറ്റ് ഫണ്ട്സ് എന്ന സ്ഥാപനം ജയന്തി ബിൽഡിംഗിലെ റൂം നമ്പർ 2/4-എ യിൽ 27.01.1993 മുതൽ പ്രവർത്തിക്കുന്നതാണെന്നും, സ്ഥാപനം 1956 ലെ Companies Act പ്രകാരം (നിലവിൽ The Companies Act 2013) രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും കാണുന്നു. (Corporate Identification Number- U65992KL1993PTC006950). മേൽ സർട്ടിഫിക്കറ്റിലെ രേഖപ്പെടുത്തലുകൾ പ്രകാരം മലബാർ ചിറ്റ് ഫണ്ട്സ് എന്ന സ്ഥാപനത്തിന് 4 ഡയറക്ടർമാരാണുള്ളത്. ശ്രീ.സത്താർ പൈക്കാടൻ, മാനേജിംഗ് ഡയറക്ടർ (27.01.1993 മുതൽ), ശ്രീമതി.നാദിറ പണ്ടാരത്തൊടി (30.09.199 മുതൽ), ശ്രീ.മുഹമ്മദ് ബഷീർ (13.11.2020 മുതൽ), ശ്രീ.രമീസ് രാജ പൈക്കാട്ട് (13.11.2020 മുതൽ). മേൽ വിവരങ്ങളൊന്നും ശ്രീ.രമീസ് രാജ പൈക്കാട്ട് നഗരസഭയുമായി കരാറിലേർപ്പെടുമ്പൾ അറിയിച്ചിരുന്നില്ല. 27.09.2019 നാണ് ടിയാൻ നഗരസഭയുമായി കരാറിലേർപ്പെടുന്നത്. ലൈസൻസ് അവകാശം മാറിയത് നഗരസഭയെ യഥാസമയം അറിയിച്ചില്ല എന്ന് കാണിച്ച് 29.03.2021 ന് ഡപ്യൂട്ടി സെക്രട്ടറി നൽകിയ നോട്ടീസിന് ശ്രീ.രമീസ് രാജ പൈക്കാട്ട് 27.04.2021 ന് നൽകിയ മറുപടിയിലാണ് മേൽ വിവരങ്ങൾ ലഭ്യമാക്കിയത്. ശ്രീ.രമീസ് രാജ.പി. സമർപ്പിച്ച രേഖകൾ പ്രകാരം 13.11.2020 മുതലാണ് മലബാർ ചിട്ട് ഫണ്ട്സ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയിൽ അംഗമാകുന്നത്. എന്നാൽ പ്രസ്തുത രേഖകളിൽ രേഖപ്പെടുത്തിയ DIN കേന്ദ്ര കോർപ്പറേറ്റ് കാര്യ മന്ത്രാലയം നിലവിലും അംഗീകരിച്ചിട്ടില്ല. (DIN Is A Unique Identification Number Allotted To An Individual Who Is Appointed As A Director Of A Company, Upon Making An Application In Form DIR-3 Pursuant To Section 153 & 154 Of The Companies Act, 2013.). ആയതിനാൽ തന്നെ ടിയാൻ മലബാർ ചിറ്റ് ഫണ്ട്സ് എന്ന സ്ഥാപനത്തിന്റെ ഡയറക്ടർ ആണെന്നുള്ള വാദം അംഗീകരിക്കാവുന്നതല്ല. മേൽ വിശദാംശങ്ങൾ കേന്ദ്ര കോർപ്പറേറ്റ് കാര്യ മന്ത്രാലയത്തിന്റെ ഔദ്യോഗിക വെബ്സൈറ്റ് മുഖാന്തിരം ലഭ്യമാകുന്നതാണ്. [DIN/DPIN-PAN Details Of Director/Designated Partner ക്ലിക്ക് ചെയ്ത് DIN രേഖപ്പെടുത്തുക]. ജയന്തി ബിൽഡിംഗിലെ റൂം നമ്പർ 2/4-എ ശ്രീ.ജോസ് ഫിലിപ്പ്, ശ്രീ.ആർ.കെ.രമേശ് എന്നിവർക്ക് എഞ്ചിനീയേഴ്സ് ടൗൺ പ്ലാനേഴ്സ് എന്ന സ്ഥാപനം നടത്തുന്നതിനായി ലൈസൻസ് വ്യവസ്ഥയിൽ നഗരസഭയിൽ നിന്നും നൽകിയതാണ്. ഇവരുടെ പാർട്ട്ണർഷിപ്പ് പിരിഞ്ഞതിനെ തുടർന്ന് 1999 മുതൽ പ്രസ്തുത മുറി ഉപയോഗിക്കുന്നതിനായി പവർ ഓഫ് അറ്റോണിയായി ശ്രീ.സത്താർ പൈക്കാട്ട്, പൈക്കാട്ട് ഹൗസ്, എരഞ്ഞിക്കൽ, എലത്തൂർ, കോഴിക്കോട് എന്നവർക്ക് അനുവദിച്ചു. മേൽ വിവരം നഗരസഭയെ അറിയിച്ചിരുന്നില്ല. 31.03.2016 ന ലൈസൻസി കാലാവധി കഴിഞ്ഞതിൽ പുതുക്കി അനുവദിക്കുന്നതിന് സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ ലൈസൻസികളായ ശ്രീ.ജോസ് ഫിലിപ്പ്, ശ്രീ.ആർ.കെ.രമേശ് എന്നവരെ ധനകാര്യ സ്ഥിരം സമിതി നേരിൽ കേട്ടതിൽ ശ്രീ.സത്താർ പൈക്കാട്ട് എന്നവരുമായി ചമച്ച പവർ ഓഫ് അറ്റോണി റദ്ദ് ചെയ്യുന്നും, മുറിയുടെ ലൈസൻസ് റദ്ദ് ചെയ്യണമെന്നും ആവശ്യപ്പെട്ടു. മുറി ഒഴിവാക്കുന്നതിനായി നഗരസഭയിൽ നിന്നും നോട്ടീസ് നൽകിയതിനെ തുടർന്ന് ശ്രീ.സത്താർ പൈക്കാട്ട് ബഹു. ഹൈക്കോടതിയിൽ ഹർജി സമർപ്പിച്ചെങ്കിലും നഗരസഭയുടെ നടപടി ക്രമങ്ങൾ കോടതി ശരിവെച്ച് 14.01.2019 നകം മുറി ഒഴിവാകാൻ നിർദ്ദേശിച്ചു. ശ്രീ.സത്താർ പൈക്കാട്ട് പ്രസ്തുത മുറിയിൽ മലബാർ ചിട്ട് ഫണ്ട്സ് എന്ന സ്വകാര്യ ധനകാര്യ സ്ഥാപനമാണ് 2019 വരെ നടത്തിയിരുന്നത്. കോടതി നിർദ്ദേശത്തെ തുടർന്ന് നഗരസഭ മുറി ഒഴിപ്പിച്ചെടുത്താണ് പൊതു ലേലത്തിലൂടെ ശ്രീ.രമീസ് രാജ.പി. എന്നവർക്ക് അനുവദിച്ചത്. ശ്രീ.രമീസ് രാജ.പി. മേൽ മുറി തന്റെ പിതാവിന്റെ വ്യാപാരാവശ്യത്തിന് ഉപയോഗിക്കുന്നതിനായിട്ട് നൽകിയതായെ വിലയിരുത്താനാവൂ.

നഗരസഭയിലെ ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്ക് (എ.32/a) മേൽവിഷയം തന്റെ മേലധികാരികളുടെ ശ്രദ്ധയിൽപെടുത്തിയതിന്റെ അടിസ്ഥാനത്തിൽ 29.03.2021 ന് ഡപ്യൂട്ടി സെക്രട്ടറി നോട്ടീസ് നൽകിയെങ്കിലും ടിയാന്റെ മറുപടികൾ പരിഗണിച്ച് തുടർ നടപടികൾക്ക് ശുപാർശ ചെയ്തിട്ടില്ല. നിലവിലെ അവസ്ഥയിൽ നഗരസഭ അനുവദിച്ച മുറി ശ്രീ.രമീസ് രാജ.പി. മറ്റൊരാൾക്ക് കൈവശം വെയ്ക്കുന്നതിനും, ഉപയോഗിക്കുന്നതിനും നൽകിയതായേ വിലയിരുത്താൻ കഴിയൂ. ആയത് മുനിസിപ്പൽ നിയമം വകുപ്പ് 215, ടിയാൻ നഗരസഭയുമായി ചമച്ച കരാർ വ്യവസ്ഥകൾ എന്നിവയുടെ ലംഘനമാണ്. മുനിസിപ്പാലിറ്റി നിയമം വകുപ്പ് 215 (4), പ്രകാരം ലൈസൻസുകാരൻ ആവശ്യപ്പെട്ടതിൻമേൽ അത് യുക്തമെന്ന് തോന്നി ഏർപ്പെടുത്തിയേക്കാവുന്ന അങ്ങനെയുള്ള വ്യവസ്ഥകൾക്കു വിധേയമായി, മറ്റേതെങ്കിലും ആൾക്ക് ലൈസൻസ് കൈമാറ്റം ചെയ്യാവുന്നതും അങ്ങനെ കൈമാറ്റം നടക്കുമ്പോൾ അത് എല്ലാ ആവശ്യങ്ങൾക്കും ഒരു പുതിയ

ലൈസൻസായി കരുതപ്പെടേണ്ടതും ആകുന്നു. ടിയാൻ സമർപ്പിച്ച രേഖകളുടെ അടിസ്ഥാനത്തിൽ മേൽ നിയമത്തിലെ വ്യവസ്ഥകൾ പരിഗണിച്ച് ഒരു പുതിയ ലൈസൻസായി കരുതി നടപടികൾ സ്വീകരിക്കുന്നതിലും വീഴ്ച വരുത്തിയിട്ടുണ്ട്. (നഗരസഭ സ്റ്റിയറിംഗ് കമ്മിറ്റിയുടെ 25.08.2020 തീയ്യതിയിലെ തീരുമാനം നം.8 പ്രകാരം വർദ്ധനവിന്റെ നിരക്ക് 75% ആയി ഉയർത്തിയിട്ടുണ്ട്.) മേൽ വിവരിച്ച കാര്യങ്ങൾ പരിശോധിച്ച് അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി 13.05.2022 തീയ്യതിയിൽ നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.74/2020-21) മറുപടി ലഭ്യമാക്കിയിട്ടില്ല.

എഫ്) നഗരസഭയുടെ രേഖാമൂലമുള്ള അനുമതി കൂടാതെ പാർട്ടണർഷിപ്പ് കച്ചവടം ആരംഭിച്ചത് സംബന്ധിച്ച്.

ഫയൽ നം. എ.29/30879/95, എ.29/30880/95 , എ.29/30881/95, എ.29/45597/94 എ.34/66043/89

നഗരസഭ വക ഐ.ജി.റോഡ് ബസ് സ്റ്റാന്റ് കെട്ടിടത്തിലെ റൂം നമ്പർ.15, 27, 28, 44 എന്നിവ ശ്രീമതി.ബീപാത്തുകുട്ടി, ശ്രീമതി കദീശക്കുട്ടി ചെമ്പയിൽ(ഹ), എരമംഗലം (പി.ഒ), മലപ്പുറം ജില്ല എന്നവർക്ക് 27.06.2008 ലെ കൗൺസിൽ യോഗത്തിലെ 7ാം നമ്പർ തീരുമാനം പ്രകാരം അനുവദിച്ച് നൽകിയതാണ്. ഇത് കൂടാതെ ഇവർ നടത്തുന്ന ഹോട്ടലിനോട് ചേർന്ന് (ബുഹാരി ഹോട്ടൽ) 56.39 ച.അടി സ്ഥലവും ലൈസൻസ് വ്യവസ്ഥയിൽ അനുവദിച്ചിട്ടുണ്ട്. മേൽ സ്ഥാപനത്തിന്റെ ജി.എസ്.ടി. രജിസ്ട്രേഷൻ പ്രകാരം (GSTIN .32AABFH4886L1Z4) ശ്രീമതി.ബീപാത്തുകുട്ടി, ശ്രീമതി.കദീശക്കുട്ടി എന്നിവർ കൂടാതെ 8 പാർട്ട്ണർമാർ കൂടി ഉള്ളതായി കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പാർട്ട്ണർമാരുടെ പേര് | പാൻകാർഡ് നം |
|---|---|---|
| 1 | ഭഗവതി പറമ്പിൽ നാസർ | ABQPN1969A |
| 2 | ഊട്ടുമഠത്തിൽ ബുഷ്റ | ANPPB8361F |
| 3 | മുസ്തഫ സമീറ | CEPPS8794J |
| 4 | ഭഗവതി പറമ്പിൽ | AWNPK9077E |
| 5 | അഫ്സൽ അലി | AGGPA2335L |
| 6 | ബീവാത്തു അലി | ACPPA9150L |
| 7 | മുഹമ്മദലി.ടി | ADWPT8870A |
| 8 | നിഷാദലി.ടി | AEKPT0124J |
| 9 | അൻവർ അലി.ടി | AGGPA2340B |
| 10 | നിഹാസലി.ടി | AEKPT0125K |

ശ്രീമതി.ബീപാത്തുകുട്ടി, ശ്രീമതി കദീശക്കുട്ടി എന്നവർ മറ്റ് അംഗങ്ങളുമായി പാർട്ടണർഷിപ്പ് കച്ചവടം ആരംഭിച്ചത് യഥാസമയം നഗരസഭയെ അറിയിച്ചില്ല. അതായത് Partnership Act 1932 പ്രകാരം ഡീഡ് വെച്ച് ബന്ധപ്പെട്ട രജിസ്ട്രാർ മുഖേന രജിസ്റ്റർ ചെയ്ത് നഗരസഭയെ അറിയിക്കേണ്ട ഉത്തരവാദിത്വം ലൈസൻസികൾ പാലിച്ചില്ല. നഗരസഭ കൗൺസിലിന്റെ രേഖാമൂലമുള്ള അനുമതി കൂടാതെ പാർട്ടണർഷിപ്പ് കച്ചവടം ആരംഭിച്ചത് കരാർ ലംഘനമാണ്. ലൈസൻസികൾ നഗരസഭയെ അറിയിക്കാതെ കൂറ് കച്ചവടം നടത്തിയ ആരംഭ കാലയളവ് എന്ന് മുതലെന്ന് കണക്കാക്കി ലൈസൻസ് ഫീസിൽ വർദ്ധനവ് വരുത്തി അടവാക്കേണ്ട വിവരങ്ങൾ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് നൽകേണ്ടതാണ്.

ജി) സെൻട്രൽ മാർക്കറ്റ് ഓപ്പൺ ടെറസ് അനുമതിയില്ലാതെ അനധികൃതമായി ഉണഭോക്താക്കൾ ഉപയോഗിക്കുന്നു.

(ഫയൽ നം. എ.31/10213/18)

നഗരസഭ വക സെൻട്രൽ മാർക്കറ്റ് കെട്ടിടത്തിലെ 726.77 ച. മീറ്റർ ഓപ്പൺ ടെറസ് ലേലം/ ടെണ്ടർ നടപടികളിലൂടെ പൊതുജനങ്ങൾക്ക് നൽകുന്നതിന് 04.12.2018 ന് ഡപ്യൂട്ടി സെക്രട്ടറി ഉത്തരവിറക്കി. ആയതിന്റെ അടിസ്ഥാനത്തിൽ 21.12.2018 തീയ്യതിയിൽ ലേലം/ടെണ്ടർ നടത്തുന്നതിന് 11.12.2018 ന് നിബന്ധനകൾ തയ്യാറാക്കി. ടെണ്ടറിൽ ആരും തന്നെ പങ്കെടുക്കാത്തതിനാൽ ഓഫർ ക്ഷണിക്കുന്നതിന് 22.01.2019 ലെ ധനകാര്യ സ്ഥിരം സമിതിയുടെ യോഗത്തിൽ തീരുമാനിച്ചു. 26.02.2019 ന് ഓഫർ ക്ഷണിച്ച് പരസ്യം നൽകിയെങ്കിലും ആരും പങ്കെടുത്തിരുന്നില്ല. 06.03.2019 ന് പ്രസ്തുത ഭാഗം അനധികൃതമായി ആരെങ്കിലും ഉപയോഗിക്കുന്നുണ്ടോ എന്ന് പരിശോധന നടത്തുന്നതിന് ബന്ധപ്പെട്ട റവന്യൂ ഇൻസ്പെക്ടർക്ക് (സർക്കിൾ.3) നിർദ്ദേശം നൽകി. 2 മാസത്തിനു ശേഷം 09.05.2019 ന് റവന്യൂ ഇൻസ്പെക്ടർ നടത്തിയ പരിശോധനയിൽ ഓപ്പൺ ടെറസ് ഫ്ലോറിൽ ചിലർ പ്രാവിന്റെ ചിറക് ഉണക്കുന്നതായും, പ്രാവിനെ വളർത്തുന്നതായും കണ്ടെത്തിയ വിവരവും, ടെറസ്സിലേക്കുള്ള വാതിൽ പൊളിഞ്ഞു കിടക്കുന്നതിനാൽ അടച്ച പൂട്ടാൻ സാധിച്ചില്ല എന്നും റിപ്പോർട്ട് ചെയ്തു. എന്നാൽ മേൽ സ്ഥലം ആരാണ് അനധികൃതമായി ഉപയോഗിക്കുന്നതെന്നും റിപ്പോർട്ടിൽ ഉൾപ്പെടുത്തിയില്ല. അനധികൃതമായി ഓപ്പൺ ടെറസ് ഉപയോഗിച്ചവരുടെ വസ്തുക്കൾ കണ്ടെടുക്കുന്നതിന് വേണ്ട നിയമ നടപടികൾക്ക് ശുപാർശ ചെയ്തില്ല. 14.05.2019 ന് സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് കുറിപ്പ് നൽകാനും,

അനധികൃതമായി ഓപ്പൺ ടെറസ് ഉപയോഗിക്കുന്നവരുടെ വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് നൽകാനും ഡപ്യൂട്ടി സെക്രട്ടറി നിർദ്ദേശിച്ചു. എന്നാൽ 25.09.2019 വരെ തുടർനടപടികൾ സ്വീകരിക്കാതെ ബന്ധപ്പെട്ട ഫയൽ നിശ്ചലമാക്കി. 15.10.2019 നാണ് സൂപ്രണ്ടിംഗ് എഞ്ചിനീയർക്കുള്ള കുറിപ്പ് അയക്കുന്നത്. എന്നാൽ എഞ്ചിനീയറിംഗ് വിഭാഗവും ടെറസ്സിലേക്കുള്ള അനധികൃത പ്രവേശനം തടയുന്നതിന് വേണ്ട തുടർനടപടികൾ സ്വീകരിച്ചില്ല.14.10.2019 ന് ശ്രീ.വി.പി.അബ്ദുൾ റസാഖ്, വി.പി.ഹൗസ്, ചാക്കേരിപറമ്പ്, അരക്കിണർ (പി.ഒ), കോഴിക്കോട് എന്നവർ സെക്രട്ടറിക്ക് നൽകിയ കത്തിൽ താഴെ പറയുന്ന തരത്തിൽ വിവരം ധരിപ്പിച്ചു.

"നഗരസഭ വക സെൻട്രൽ മാർക്കറ്റിൽ കഴിഞ്ഞ 35 വർഷമായി ഉപ്പ് ഉപയോഗിക്കാത്ത മൽസ്യം ഉണക്കി വിതരണം ചെയ്യുന്ന കച്ചവടം നടത്തി വരുന്ന ഞാൻ (IBF23, IBF26, 27) കെട്ടിടത്തിന്റെ മുകളിലത്തെ തുറസ്സായ സ്ഥലത്താണ് വർഷങ്ങളായി മൽസ്യം ഉണക്കുന്നത്. ഏകദേശം 1 വർഷം മുമ്പ് ആരുടേയോ സമ്മർദ്ദ ഫലമായി നഗരസഭ ഉദ്യോഗസ്ഥർ മൽസ്യം ഉണക്കുന്നത് തടയുകയും വാടക ആവശ്യപ്പെടുകയും ചെയ്യുന്നു. ആയതിനാല് പ്രസ്തുത സ്ഥലം ഞാൻ 12 മാസത്തേക്ക് 1,20,240/- രൂപയ്ക്ക് ഏറ്റെടുക്കാൻ താൽപര്യപ്പെടുന്നു."

21.11.2019 ന് ടിയാൻ 50,000/- രൂപ നഗരസഭയിൽ ഡപ്പോസിറ്റ് ചെയ്തു. (രശീതി നം 01/119390400069) മേൽ കത്തിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്ഥിരം സമിതി ടിയാനുമായി നെഗോഷിയേറ്റ് ചെയ്ത് ലൈസൻസ് ഫീസ് 1,24,000/- രൂപയായി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ച് കൗൺസിലിലേക്ക് ശുപാർശ ചെയ്തു. 14.01.2020 ലെ കൗൺസിൽ യോഗത്തിൽ മേൽ ശുപാർശ അംഗീകരിച്ചു. (തീരുമാനംനം 13). 07.02.2020 ലെ ഉത്തരവ് നടപടികളിലൂടെ സെൻട്രൽ മാർക്കറ്റ് കെട്ടിടത്തിലെ 726.77 ച. മീറ്റർ ഓപ്പൺ ടെറസ് 3 വർഷക്കാലം ലൈസൻസ് ഫീസ് വ്യവസ്ഥയിൽ (പ്രതിമാസം 10334 + 1862 (ജി.എസ്.ടി) രൂപ) ശ്രീ.വി.പി.അബ്ദുൾ റസാഖ് എന്നവർക്ക് അനുവദിച്ചു കൊണ്ട് ഡപ്യൂട്ടി സെക്രട്ടറി അനുമതി നൽകി. എന്നാൽ ഡപ്പോസിറ്റ് തുക, ലൈസൻസ് ഫീസ് എന്നിവ അടവാക്കാനും, നഗരസഭയുമായി കരാറിൽ ഏർപ്പെടാനും ടിയാൻ തയ്യാറായില്ല. നഗരസഭയിൽ 12.06.2020 ന് നിന്നും നൽകിയ കത്തിന് കരാർ വെയ്ക്കുന്ന കാലാവധി 2020 ഡിസംബർ വരെ നീട്ടി നൽകണമെന്ന് ടിയാൻ 06.07.2020 ന് അപേക്ഷ നൽകി. മേൽ അപേക്ഷ പരിഗണിച്ച് നേരിൽ കേൾക്കുന്നതിനായി 17.09.2020 ന് ഹാജരാകാൻ ആവശ്യപ്പെട്ടെങ്കിലും ടിയാൻ ഹാജരായില്ല. ടിയാൻ ഹാജരാക്കാത്തതിനാൽ 04.11.2020 ലെ കൗൺസിൽ യോഗത്തിൽ തീരുമാനിച്ചത് പ്രകാരം (നം.68) ശ്രീ.വി.പി.അബ്ദുൾ റസാഖ് അടവാക്കിയ ഡപ്പോസിറ്റ് തുക നഗരസഭ ഫണ്ടിലേക്ക് കണ്ടുകെട്ടി.

ഓഡിറ്റിന്റെ ഭാഗമായി 22.11.2021 ന് രാവിലെ 11.00 മണിക്ക് ശ്രീ.പി.പി.ജനാർദ്ധനൻ, റവന്യൂ ഇൻസ്പെക്ടർ (സർക്കിൾ.3), ശ്രീ.മനോജ് കുമാർ.ടി.പി, ഓവർസിയർ (ഗ്രേഡ്.1), ശ്രീ.പി.വി.ഷൈജു, ഓഫീസ് അറ്റന്റന്റ് എന്നിവരുടെ സാന്നിധ്യത്തിൽ നടത്തിയ പരിശോധനയിൽ സെൻട്രൽ മാർക്കറ്റ് കെട്ടിടത്തിലെ ഓപ്പൺ ടെറസിൽ സ്രാവിന്റെ ചിറക് ഉണക്കുന്നതായി കാണാൻ കഴിഞ്ഞു. ഓപ്പൺ ടെറസിലേക്കുള്ള പ്രവശേന മാർഗ്ഗം ആർക്കും കടന്ന് വരാം എന്ന രീതിയിലാണ്. നഗരസഭ എഞ്ചിനീറിംഗ് വിഭാഗം പ്രസ്തുത ഭാഗം അടച്ചിട്ടില്ല. ഓപ്പൺ ടെറസ് ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് നടത്തിയ അന്വേഷണത്തിൽ വി.പി.അബ്ദുൾ റസാഖിന്റെ മകനായ ശ്രീ.മുഹമ്മദ് ഹാരിസ് എന്നവരുടെ വസ്തുക്കളാണ് എന്ന് അറിയാൻ കഴിഞ്ഞു. ടിയാനുമായി സംസാരിച്ചതിൽ നിന്നും വി.പി.അബ്ദുൾ റസാഖ് മരണപ്പെട്ടെന്നും നിലവിൽ മകനായ താൻ ആണ് വ്യാപാരം നടത്തുന്നതെന്നും അറിയിച്ചു.

1. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 211 പ്രകാരം നഗരസഭക്ക് സ്വന്തമായുള്ളതോ അല്ലെങ്കിൽ നഗരസഭക്ക് റിവർഷണറി അവകാശം ഉള്ളതോ ആയ എല്ലാ സ്ഥാവര വസ്തുക്കളുടേയും ഒരു വസ്തു വിവിരപ്പട്ടിക സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, സർക്കുലറുകൾ എന്നിവയിലും നഗരസഭ സെക്രട്ടറി പുറപ്പെടുവിക്കുന്ന ഓഫീസ് ഉത്തരവുകളിലും ആസ്തികളുടെ പരിപാലനം വസ്തു വിവരപ്പട്ടിക തയ്യാറാക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിനെ ചുമതലപ്പെടുത്തിയതുമാണ്. ആസ്തികളുടെ ഫിസിക്കൽ വെരിഫിക്കേഷൻ നടത്തി വാർഷിക റിപ്പോർട്ട് സമർപ്പിക്കേണ്ടത് നഗരസഭ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ഉത്തരവാദിത്വമാണ്. എന്നാൽ മേൽ നിർദ്ദേശം പാലിക്കുന്നതിൽ നഗരസഭ എഞ്ചിനീയറിംഗ്വീഴ്ച വരുത്തി .

2. 14.10.2019 ന് ശ്രീ.വി.പി.അബ്ദുൾ റസാഖ് സെക്രട്ടറിക്ക് നൽകിയ കത്തിൽ കെട്ടിടത്തിന്റെ മുകളിലത്തെ തുറസ്സായ സ്ഥലത്ത് വർഷങ്ങളായി മൽസ്യം ഉണക്കുന്നത് താനാണെന്ന് വ്യക്തമാക്കിയതാണ്. നഗരസഭ വക വാടക കെട്ടിടങ്ങളിലെ കട മുറികൾ വാടകയ്ക്ക് നൽകുന്നത് പരിശോധിച്ച് ഉറപ്പ് വരുത്തണമെന്നും ഏതെങ്കിലും തരത്തിൽ നഗരസഭക്ക് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്ന രീതിയിൽ പ്രവർത്തിക്കുന്ന എല്ലാവരും അത്തരം നഷ്ടത്തിന് ഉത്തരവാദികളായിരിക്കും എന്ന് 23.07.2016 ലെ ജി.1-13980/16 നം. കത്തിലൂടെ നഗരകാര്യ ഡയറക്ടർ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ നഗരകാര്യ ഡയറക്ടറുടെ നിർദ്ദേശം പാലിച്ചില്ല എന്ന് വ്യക്തമാക്കുന്നതാണ് ശ്രീ.വി.പി.അബ്ദുൾ റസാഖിന്റെ കത്ത്. നഗരസഭ അധികൃതരുടെ ഇത്തരം അനാസ്ഥമൂലം വാടക വരുമാനത്തിൽ തനതായ നഷ്ടം സംഭവിക്കുന്നു.

3. 06.03.2019 ന് പ്രസ്തുത ഭാഗം അനധികൃതമായി ആരെങ്കിലും ഉപയോഗിക്കുന്നുണ്ടോ എന്ന് പരിശോധന നടത്തുന്നതിന് ഡപ്യൂട്ടി സെക്രട്ടറി നിർദ്ദേശം നൽകിയതാണ്. എന്നാൽ മേൽ ഫയലിൻ തുടർനടപടികൾ സ്വീകരിക്കുന്നതിൽ റവന്യൂ വിഭാഗത്തിലെ ഉദ്യോഗസ്ഥരും ധനകാര്യ സ്ഥിരം സമിതിയും നടത്തിയ കാലതാമസം അംഗീകരിക്കാവുന്നതല്ല. ത്വരിതഗതിയിൽ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തതിനാൽ നഗരസഭ വക

ഓപ്പൺടെറസ് സൗജന്യമായി ഉപയോഗിക്കാൻ പൊതുജനങ്ങൾക്ക് നൽകിയതായേ കാണാൻ കഴിയൂ. യഥാസമയം പരിശോധനകൾ നടത്തി ലൈസൻസിയുമായി കരാർ ചമച്ചിരുന്നുവെങ്കിൽ ആക്കാലയളവ് മുതലുള്ള ലൈസൻസ് ഫീ നഗരസഭക്ക് ലഭിക്കുമായിരുന്നു.

4. റവന്യൂ ഇൻസ്പെക്ടർ സ്ഥലം സന്ദർശിക്കുകയും സ്ഥിതി ഗതികളുടെ ഗൗരവം അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് ടെറസ്സിലേക്കുള്ള അനധികൃത പ്രവേശനം തടയുന്നതിന് വേണ്ട തുടർനടപടികൾ സ്വീകരിക്കാൻ ഡപ്യൂട്ടി സെക്രട്ടറി സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് കത്ത് നൽകിയത്. എന്നാൽ തുടർനടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയ സൂപ്രണ്ടിംഗ് എഞ്ചിനീയറിൽ നിന്ന് വിശദീകരണം ആവശ്യപ്പെട്ടില്ല. ഫയൽ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി 21.12.2021 ന് നൽകിയ അന്വേഷണ കുറിപ്പിന് (നം.31/2020-21) മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭ അധികൃതരുടെ അനാസ്ഥമൂലം വാടക വരുമാനത്തിൽ തനതായ നഷ്ടം സംഭവിച്ചത് അംഗീകരിക്കാവുന്നതല്ല. നഗരസഭ ഫണ്ടിന് സംഭവിച്ച നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

എച്ച്) ലൈസൻസ് ഫീസ് കുടിശ്ശിക തുക കണക്കാക്കിയതിലെ അപാകതകൾ സംബന്ധിച്ച്.

ഫയൽ നം. എ.38/956/H2/16/കെ.എം.സി.

മുൻ കോഴിക്കോട് വികസന അതോറിറ്റി സെക്രട്ടറിയുടെ 28.09.2016 ലെ 792/എച്ച്.2/16/സി.ഡി.എ. നം ഉത്തരവ് പ്രകാരം വികാസ് വാണിജ്യ കേന്ദ്രത്തിലെ 3 ാം നിലയിൽ 2166.31 ച.അടി സ്ഥലം ച.അടിക്ക് 20/- രൂപ നിരക്കിൽ ലൈസൻസ് വ്യവസ്ഥയിൽ ശ്രീമതി. അനുപമ വിനോദ്, W/oമാത്യൂ വിനോദ്, 33/4576, എം6/18, മലാപ്പറമ്പ ഹൗസിംഗ് കോളനി, കോഴിക്കോട്-673009 എന്നവർക്ക് അനുവദിച്ചതാണ്. (10.03.2017 മുതൽ 09.03.2020വരെ പ്രതിമാസം 43,326/- രൂപ ലൈസൻസ് ഫീസ്). 30.03.2017 ൽ ശ്രീമതി. അനുപമ വിനോദ് വികസന അതോറിറ്റി സെക്രട്ടറിയുമായി കരാർ ചമച്ചിട്ടുണ്ട്. 01/19 മുതൽ 3/20 വരെ ലൈസൻസ് ഫീസ് കുടിശ്ശികയായതിനാൽ തുക അടവാക്കുന്നതിന് നഗരസഭയിൽ നിന്നും നോട്ടീസ് നൽകി. എന്നാൽ കുടിശ്ശിക തുക അടവാക്കാതെ 17.03.2020 ന് ലൈസൻസി മുറിയുടെ താക്കോൽ തിരികെ ഏൽപ്പിച്ചു. 25.11.2020 ന് കുടിശ്ശിക തുക അടവാക്കുന്നതിന് രണ്ടാമതും നോട്ടീസ് നൽകിയെങ്കിലും തുക അടവാക്കിയില്ല. 16.01.2021 ന് ശ്രീമതി. അനുപമ വിനോദിന്റെ പേരിൽ റവന്യൂ റിക്കവറിക്കായി ഓൺലൈനിലൂടെ അപേക്ഷിച്ചതായി ഫയലിൽ ചേർത്തിട്ടുണ്ട്. മേൽ അപേക്ഷ പ്രകാരം ടിയാരിയുടെ പേരിൽ 5,16,799/- രൂപ കുടിശ്ശിക ഉള്ളതായിട്ടാണ് കാണുന്നത്. ഓഫീസ് കുറിപ്പ് പേജ് 35ലെ രേഖപ്പെടുത്തലുകൾ പ്രകാരം ലൈസൻസി 42,300/- രൂപ പ്രതിമാസം കണക്കിൽ 01/19 മുതൽ 06/2020 വരെ കുടിശ്ശിക വരുത്തിയതായിട്ടാണ് കാണുന്നത്. ആയത് ശരിയല്ല 30.03.2017 ലെ കരാർ ഖണ്ഡിക.6 പ്രകാരം പ്രതിമാസ ലൈസൻസ് ഫീസ് 43,326/- രൂപയാണ്. രേഖകൾ പരിശോധിച്ചതിൽ നിന്നും ടിയാരി 3/2017 മുതൽ 12/2018 വരെ അടവാക്കിയ പ്രതിമാസ ലൈസൻസ് ഫീസ് 42,300/- രൂപയാണ്. അപ്രകാരം കണക്കാക്കിയാൽ തന്നെയുള്ള കുടിശ്ശികയുടെ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| 3/2017 മുതൽ 12/2018 വരെ അടവാക്കേണ്ട ലൈസൻസ് ഫീസ് (43326 X 22 മാസം) | 9,53,172 |
| 3/2017 മുതൽ 12/2018 വരെ അടവാക്കിയ ലൈസൻസ് ഫീസ് (42300 X 22 മാസം) | 9,30,600 |
| ബാലൻസ് അടവാക്കേണ്ട തുക | 22,572 |

പട്ടികയിൽ കാണിച്ച മേൽ തുകയോടൊപ്പം 03/2017 മുതൽ 06/2017 വരെ സർവ്വീസ് ടാക്സും, 7/2017 മുതൽ ജി.എസ്.ടിയും, ആയതിന്റെ പിഴയും കണക്കാക്കേണ്ടതുണ്ട്. കൂടാതെ കരാർ ഖണ്ഡിക.7 പ്രകാരം പിഴയിനത്തിൽ അടവാക്കേണ്ട തുക പ്രതിവർഷം 18 % വുമാണ്. 17.03.2020 ന് ലൈസൻസിമുറിയുടെ താക്കോൽ തിരികെ ഏൽപ്പിച്ചതിനാൽ 1/2019 മുതൽ 03/2020 വരെയുള്ള 15 മാസത്തെ കുടിശ്ശിക കണക്കാക്കിയാൽ മതിയാകും.

| | |
|---|---|
| 01/19 മുതൽ 3/20 വരെ അടവാക്കേണ്ട ലൈസൻസ് ഫീസ് (43326 X 15 മാസം) | 6,49,890 |
| ജി.എസ്.ടി 18 % | 1,16,980 |
| ഫ്ലഡ് സെസ്സ് 1% | 6,499 |
| വെള്ളക്കരം കുടിശ്ശിക | 47,661 |

പട്ടികയിൽ കാണിച്ച മേൽ തുകയോടൊപ്പം ജി.എസ്.ടി. പിഴയും, കുടിശ്ശികയായ തുകയുടെ 18 % പിഴയും കണക്കാക്കേണ്ടതുണ്ട്. അപ്രകാരം കിട്ടുന്നതുകയിൽ നിന്നും ഡപ്പോസിറ്റ് ആയി അടവാക്കിയ 5,19,912/- രൂപ കുറവ് വരുത്തണം. സെക്ഷൻ ക്ലാർക്ക് കണക്കാക്കിയത് പ്രകാരം 01/19 മുതൽ 06/2020 വരെയുള്ള 18 മാസത്തിന് 7,61,400/- രൂപ കുടിശ്ശികയുണ്ടെന്നാണ്. ആയത് പുനക്രമീകരിച്ച് ലൈസൻസി അടവാക്കേണ്ട ആകെ തുക എത്രയെന്ന്കണക്കാക്കി പട്ടിക രൂപത്തിൽ തയ്യാറാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഐ) നോർക്ക റൂട്ട്സ് - ലൈസൻസ് ഫീസ് പിഴപലിശ, ജി.എസ്.ടി. ഫൈൻ എന്നിവ അടവാക്കുന്നതിൽ കുടിശ്ശിക വരുത്തി.

ഫയൽ നം. എ.38/91/2004/കെ.എം.സി.

നഗരസഭയുടെ ഉടമസ്ഥതിലുള്ള വികാസ് വാണിജ്യ കെട്ടിടത്തിന്റെ ഒന്നാം നിലയിലുള്ള 1842 ച.അടി സ്ഥലം 30/- രൂപ (ഒരു ച.അടിക്ക്) നോർക്കറൂട്ട്സ് കേരള സർക്കാർ എന്റർപ്രൈസ് എന്ന സ്ഥാപനത്തിന് അനുവദിക്കുവാൻ 18.01.2019 ലെ കൗൺസിൽ യോഗത്തിൽ തീരുമാനിച്ച (നം.83).ആയതിന്റെ അടിസ്ഥാനത്തിൽ പ്രതിമാസ ലൈസൻസ് ഫീസ് 55,260/- രൂപയും 18 % ജി.എസ്.ടിയും നിശ്ചയിച്ച് 3 വർഷക്കാലത്തേക്ക് (18.01.2019 മുതൽ3 വർഷം) നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും നഗരസഭ ഡപ്യൂട്ടി സെക്രട്ടറിയും കരാറിൽ ഏർപ്പെട്ടു. 18.01.2019 മുതൽ 5/2020 വരെയുള്ള ലൈസൻസ് ഫീസ് അടവാക്കുന്നതിൽ കുടിശ്ശിക വരുത്തിയതിനാൽ 25.05.2020 ന് ഡപ്യൂട്ടി സെക്രട്ടറി നോട്ടീസ് നൽകി. മേൽ നോട്ടീസിന്റെ അടിസ്ഥാനത്തിൽ 17 മാസത്തെ കുടിശ്ശിക 9,39,420/- രൂപയും ജി.എസ്.ടി. ഇനത്തിലുള്ള 1,69,096/- രൂപയും 07.10.2020 ന് അടവാക്കി (രശീതി നം.816349214). എന്നാൽ ജി.എസ്.ടി. ഫൈൻ ഇനത്തിലുള്ള 2,246/- രൂപ, ലൈസൻസ് ഫീസിനത്തിലെ പിഴപലിശ 82,809/- രൂപ എന്നിവ ചേർത്ത് 85,055/- രൂപ അടവാക്കിയിട്ടില്ല. മേൽ തുക അടവാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ നോട്ടീസിന് നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ 08.10.2020 ന് നൽകിയ മറുപടി കത്തിൽ നഗരസഭയിൽ നിന്നും ലൈസൻസ് തുക അടയ്ക്കണമെന്ന് ആവശ്യപ്പെട്ട് ബില്ലോ മറ്റ് കത്തുകളോ ലഭ്യമാകാത്ത സാഹചര്യത്തിലാണ് തുക അടവാക്കുന്നതിന് കാലതാമസമുണ്ടായത്. പ്രവാസികളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനം എന്ന നിലയിൽ ജി.എസ്.ടി. ഫൈൻ, പിഴപലിശ ഒഴിവാക്കി തരണമെന്ന് എന്ന അറിയിച്ചു. 27.10.2020 ലെ ധനകാര്യ സ്ഥിരം സമിതി യോഗത്തിൽ അത്തരത്തിൽ ഇളവ് നൽകുന്നതിന് നിർവ്വാഹമില്ല എന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് കത്ത് നൽകി. 23.07.2021 ന് നോർക്ക ഓഫീസർ വീണ്ടും അപേക്ഷ നൽകിയെങ്കിലും ആയതും പരിഗണിച്ചിട്ടില്ല. എന്നാൽ നാളിതുവരേയും നോർക്ക വിഭാഗം തുക അടവാക്കിയിട്ടില്ല. തുക അടവാക്കാതെ നീട്ടികൊണ്ട് പോകുന്ന നോർക്ക വിഭാഗത്തിന്റെ നടപടി ഉടമ്പടി പത്രത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. ഉടമ്പടി പത്രത്തിലെ വ്യവസ്ഥകൾ പ്രകാരം എല്ലാ മാസം 5ാം തീയ്യതിക്കകം ലൈസൻസി ഫീസ് അടവാക്കേണ്ടതാണ്. ആയതിന് പ്രത്യേക നോട്ടീസോ, ബില്ലോ നഗരസഭയിൽ നിന്നും നൽകേണ്ടതില്ല. 18.01.2019 മുതൽ 5/2020 വരെയുള്ള ലൈസൻസ് ഫീസ് അടവാക്കുന്നതിൽ കുടിശ്ശിക വരുത്തിയ സ്ഥാപനത്തിന് നോട്ടീസ് നൽകിയത് 25.05.2020 നാണ്. ഉദ്യോഗസ്ഥ തലത്തിലെ വീഴ്ചയും നടപടികളിലെ കാലതാമസവും ഇതിന് വഴിയൊരുക്കിയിട്ടുണ്ട്. മേൽ വിവരിച്ച കാര്യങ്ങൾ പരിശോധിച്ച് അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി 18.11.2021 തീയ്യതിയിൽ നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.25/2020-21) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിശോധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതും ജി.എസ്.ടി. ഫൈൻ ഇനത്തിലും, ലൈസൻസ് ഫീസിനത്തിലെ പിഴപ്പലിശയും എന്നിവ ചേർത്ത് 85,055/- രൂപ നേർക്ക വിഭാഗത്തിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും തുക ഈടാക്കുവാൻ ശുപാർശ ചെയ്യുന്നതാണ്.

കെ) പട്ടിക ജാതി വിഭാഗക്കാർക്കായി സ്റ്റേഡിയം കോംപ്ലക്സിൽ അനുവദിച്ച മുറി ലൈസൻസി കീഴ്വാടകയ്ക്ക് നൽകി.

ഫയൽ നം. എ.30/96205/02.

നഗരസഭ വക സ്റ്റേഡിയം കോംപ്ലകസിലെ റൂം നമ്പർ.ജി.50 പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗക്കാർക്കായി നീക്കി വച്ചിട്ടുള്ളതാണ്. 08.10.2004 തീയ്യതിയിലെ നഗരസഭ കൗൺസിൽ യോഗത്തിലെ 13ാം നം തീരുമാനം പ്രകാരം ശ്രീമതി.കെ.കെ. ഷൈനി, കരിയാത്തൻക്കാവ് (ഹ), കരിയാത്തൻക്കാവ് (പി.ഒ) ബാലുശ്ശേരി, കോഴിക്കോട് എന്നവർക്ക് ലൈസൻസി വ്യവസ്ഥയിൽ അനുവദിച്ചു. 03.02.2018 ലെ നഗരസഭ കൗൺസിലിന്റെ യോഗത്തിൽ പ്രസ്തുത മുറിയുടെ ഫീസ് പ്രതിമാസം 11,405/- രൂപ + ജി.എസ്.ടി. എന്ന രീതിയിൽ പുതുക്കി നിശ്ചയിച്ചു. (തീരുമാനം നം.26). 02.01.2017 മുതൽ 03.01.2020 വരെയുള്ള കാലയളവിലേക്കാണ് പുതുക്കിയ നിരക്ക്. 15.02.2018 തീയ്യതിയിൽ നിലവിലുള്ള കച്ചവടത്തിന്റെ സ്വഭാവം മാറ്റി ബുക്ക് കച്ചവടം ചെയ്യുന്നതിനായി മുറിയുടെ ഉപയോഗക്രമം മാറ്റി തരണമെന്ന് ലൈസൻസി അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ റവന്യൂ ഇൻസ്പെക്ടർ സ്ഥല പരിശോധന നടത്തി ലൈസൻസിയുടെ അപേക്ഷ പരിഗണിക്കാവുന്നതാണെന്ന് 31.03.2018 ന് റിപ്പോർട്ട് നൽകി. 01.06.2018 ന് ലൈസൻസ് ഫീസിൽ 10% വർദ്ധനവ് വരുത്താവുന്നതാണെന്നും രേഖപ്പെടുത്തി ധനകാര്യ സ്ഥിരം സമിതിയുടെ യോഗത്തിലേക്ക് സെക്ഷൻ ക്ലാർക്ക് അജണ്ട തയ്യാറാക്കി. എന്നാൽ പ്രസ്തുത അജണ്ട ധനകാര്യ സ്ഥിരം സമിതി പരിശോധിച്ചതായി ഫയലിൽ രേഖപ്പെടുത്തലില്ല. 08/2018 മുതൽ 01/2019 വരെ ലൈസൻസ് ഫീസ് അടവാക്കാതെ കുടിശ്ശികയാക്കിയതിനാൽ 08.01.2019 ന് നഗരസഭയിൽ നിന്ന് ഒഴിപ്പിക്കൽ നോട്ടീസ് നൽകി. നോട്ടീസിന് മറുപടി നൽകുകയോ, കുടിശ്ശിക അടവാക്കുകയോ ചെയ്യാതിരുന്നതിനാൽ 28.05.2019 ന് റവന്യൂ ഇൻസ്പെക്ടർ മുറി പൂട്ടി സീൽ ചെയ്തു. 23.07.2019 ന് കുടിശ്ശിക തുക ഭാഗികമായി അടവാക്കുന്നതിനും മുറി തുറക്കുന്നതിനും വേണ്ടി ശ്രീമതി.കെ.കെ.ഷൈനി നഗരസഭ സെക്രട്ടറിക്ക് അപേക്ഷ സമർപ്പിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ കുടിശ്ശിക തുക ഭാഗികമായി അടവാക്കുന്നതിനും മുറി

തുറന്ന കൊടുക്കുന്നതിനുമായി ഉത്തരവാക്കി. 02.08.2019 ന് നഗരസഭ റവന്യൂ ഇൻസ്പെക്ടർ മുറി തുറന്ന് കൊടുത്തു. എന്നാൽ ലൈസൻസ് ഫീ തുടർന്നും അടവാക്കിയിട്ടില്ല. 31.05.2019 ന് ശ്രീ.പി.എം.തങ്കച്ചൻ മാത്യു എന്നവർ സെക്രട്ടറിക്ക് നൽകിയ അപേക്ഷയിൽ റൂം നമ്പർ. ജി.50 ൽ തന്റെ വക പുസ്തകങ്ങളും, റാക്കുകളും അബദ്ധത്തിൽ പെട്ടുപോയെന്നും, മേൽ പുസ്തകങ്ങളും, ഫിറ്റിംഗ്സുകളും നഷ്ടപ്പെട്ടാൽ തനിക്ക് അപരിഹാര്യമായ കഷ്ടനഷ്ടങ്ങൾ സംഭവിക്കുമെന്നും, ആയതിനാൽ പുസ്തകങ്ങളും, ഫിറ്റിംഗ്സുകളും എടുത്ത് മാറ്റുവാൻ അനുവാദം നൽകണമെന്നും അറിയിച്ചു. നഗരസഭയുടെ ഭാഗത്ത് നിന്ന് തുടർനടപടികൾ ഇല്ലാതിരുന്നതിനാൽ 19.06.2019 ന് ടിയാൻ വീണ്ടും അപേക്ഷ നൽകി. മേൽ അപേക്ഷ പ്രകാരം ശ്രീമതി. കെ.കെ.ഷൈനി എന്നവർ തന്ന ഉറപ്പിൻ മേൽ ഏഷ്യൻ ബുക്ക്സ് എന്ന പേരിൽ റൂം നമ്പർ. ജി.50 ൽ ഒരു സ്ഥാപനം തുടങ്ങിയെന്നും തന്റെ വക 3000ലധികം പുസ്തകങ്ങൾ സൂക്ഷിച്ചിട്ടുണ്ടെന്നും, അത് സൂക്ഷിക്കുവാൻ 3,50,000/- (മൂന്നര ലക്ഷം രൂപ) ചെലവഴിച്ച് ഇരുമ്പ് റാക്ക് മുറിയിൽ ഫിറ്റ് ചെയ്തിട്ടുണ്ടെന്നും, മേൽ സൗകര്യം അനുവദിക്കുന്നതിന് 10,00,000/- രൂപ ശ്രീമതി.കെ.കെ.ഷൈനി എന്നവർ തന്നിൽ നിന്നും വാങ്ങിയെന്നും, ശ്രീമതി.കെ.കെ.ഷൈനി എന്നവർ വിശ്വാസ വഞ്ചന ചെയ്തതിനെതിരെ കോഴിക്കോട് III A സബ് കോടതിയിൽ കേസ് (O.S.68/2019) ഫയൽ ചെയ്തെന്നും, തനിക്ക് മാത്രം അവകാശപ്പെട്ട പുസ്തകങ്ങളും, ഫിറ്റിംഗ്സുകളും എടുത്ത് മാറ്റുവാൻ അനുവാദം നൽകണമെന്നും അറിയിച്ചു. മേൽ അപേക്ഷക്ക് 02.07.2019 ന് നഗരസഭയിൽ നിന്നും നൽകിയ മറുപടിയിൽ മുറി കൈമാറി കരാറുടമ്പടി വെച്ചത് ശ്രീമതി.കെ.കെ.ഷൈനി എന്നവരുമായതിനാൽ അപേക്ഷ പരിഗണിക്കാൻ കഴിയുന്നതല്ല എന്ന് അറിയിച്ചു. ഇതിനെ തുടർന്ന് ടിയാൻ 11.07.2019 ന് നഗരസഭ സെക്രട്ടറിക്ക് വക്കീൽ മുഖാന്തിരം നോട്ടീസ് നൽകി. 22.10.2019 തീയ്യതിയിൽ വക്കീൽ നോട്ടീസിന് നൽകിയ മറുപടിയിലും ടിയാന്റെ അപേക്ഷ പരിഗണിക്കാൻ കഴിയുന്നതല്ല എന്ന് അറിയിച്ചു. 10.10.2019 ന് ശ്രീമതി.കെ.കെ.ഷൈനി, നഗരസഭ സെക്രട്ടറി എന്നിവർക്കെതിരെ ശ്രീ.പി.എം.തങ്കച്ചൻ മാത്യു കോഴിക്കോട് I A സബ് കോടതിയിൽ അന്യായം (O.S.132/2019, IA No.1802/19) ഫയൽ ചെയ്തു. മേൽ കേസ് ഫയൽ ചെയ്തതിനോടൊപ്പം ടിയാൻ കോടതിയിൽ ശ്രീമതി.കെ.കെ.ഷൈനിയുമായി ചമച്ച കരാറിന്റെ പകർപ്പും ഹാജരാക്കിയിട്ടുണ്ട്. പ്രസ്തുത കരാറിലെ വിശദാംശങ്ങളും, പ്രധാനപ്പെട്ട വ്യവസ്ഥകളും, നിബന്ധനകളും താഴെ കൊടുക്കുന്നു.

1. കരാർ തീയ്യതി - 18.09.2017 (കുറുകച്ചവടക്കരാർ Partnership Agreement)
2. ഒന്നാം നമ്പറുകാരൻ - ശ്രീമതി.കെ.കെ.ഷൈനി, രണ്ടാം നമ്പറുകാരൻ - ശ്രീ.പി.എം.തങ്കച്ചൻ
3. കുറുകച്ചവട കാലാവധി - 11 മാസക്കാലം, ഉഭയകക്ഷി സമ്മതപ്രകാരം 5 വർഷം വരെ തുടരാം.
4. ഒന്നാം നമ്പറുകാരൻ യാതൊരു മൂലധനവും മുടക്കേണ്ടതില്ല. തന്റെ കൈവശത്തിലുള്ള പീടികമുറി ബിസിനസ്സ് ആവശ്യാർത്ഥം ഉപയോഗിക്കുവാൻ നൽകണം. എല്ലാ മൂലധനവും രണ്ടാം നമ്പറുകാരൻ സ്വന്തമായി മുടക്കും.
5. ഒന്നാം നമ്പറുകാരൻ പ്രസ്തുത മുറിയിൽ ഇതുവരെ നടത്തി വന്നിരുന്ന ബിസിനസ്സിന്റെ ഗുഡ് വിൽ കണക്കിലെടുത്ത് 10,00,000/- രൂപ രണ്ടാം നമ്പറുകാരൻ നൽകും. ആയത് പാർട്ട്ണർ ഷിപ്പ് അവസാനിക്കുമ്പോൾ യാതൊരു പലിശയും കൂടാതെ ഒന്നാം നമ്പറുകാരൻ രണ്ടാം നമ്പറുകാരന് മടക്കി കൊടുക്കണം.
6. ബിസിനസ്സിന്റെ എല്ലാ മാനേജ് മെന്റും രണ്ടാം നമ്പറുകാരനിൽ നിക്ഷിപ്തമായിരിക്കുന്നതും അയാൾ മാനേജിംഗ് പാർട്ട്ണർ ആയിരിക്കുന്നതുമാണ്. ഒന്നാം നമ്പറുകാരന് നഗരസഭയിൽ പ്രതിമാസം അടവാക്കേണ്ട വാടക സ്ഥാപനത്തിൽ നിന്ന് കൈപ്പറ്റാവുന്നതാണ്.
7. ബിസിനസ്സിന്റെ ലാഭം - ഒന്നാം നമ്പറുകാരന് 20%, രണ്ടാം നമ്പറുകാരന് 80% നഷ്ടത്തിൽ ഒന്നാം നമ്പറുകാരന് ബാദ്ധ്യതയില്ല.

26.08.2020 ന് കച്ചവടത്തിന്റെ സ്വഭാവം മാറ്റി മെഡിക്കൽ ഷോപ്പ് ചെയ്യുന്നതിനായി മുറിയുടെ ഉപയോഗക്രമം മാറ്റി തരണമെന്ന് ലൈസൻസി അപേക്ഷിച്ചു. (03.01.2020 മുതൽ പ്രാബല്യത്തിൽ). മേൽ അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്ഥല പരിശോധന നടത്തിയ റവന്യൂ ഇൻസ്പെക്ടർ.(സർക്കിൾ.3) ലൈസൻസിയുടെ അപേക്ഷ പരിഗണിക്കാവുന്നതാണെന്ന് 16.10.2020 ന് റിപ്പോർട്ട് നൽകി. 19.10.2020 ന് ലൈസൻസിയുടെ അപേക്ഷ പരിഗണിക്കാവുന്നതാണെന്നും, ലൈസൻസി ഫീസിൽ 20% വർദ്ധനവ് വരുത്താവുന്നതാണെന്നും രേഖപ്പെടുത്തി ധനകാര്യ സ്ഥിരം സമിതിയുടെ യോഗത്തിലേക്ക് സെക്ഷൻ ക്ലാർക്ക് അജണ്ട തയ്യാറാക്കി. 27.10.2020 ലെ ധനകാര്യ സ്ഥിരം സമിതിയുടെ യോഗത്തിൽ നിലവിലെ കച്ചവടത്തിന്റെ സ്വഭാവം മാറ്റി അക്വേറിയം എന്നത് മെഡിക്കൽ ഷോപ്പ് എന്നാക്കി മാറ്റുന്നതിന് അനുമതിയും നൽകി. (തീരുമാനം നം.3). നിലവിൽ ലൈസൻസി താഴെ പറയുന്ന തരത്തിൽ ഫീസ് കുടിശ്ശിക വരുത്തിയിട്ടുണ്ട്. (ഫയൽ പ്രകാരം)

| | |
|---|---|
| 01/2020 ലെ കുടിശ്ശിക | 2,281 |
| 02/2020 മുതൽ 11/2021 വരെയുള്ള 20 മാസത്തെ കുടിശ്ശിക (പ്രതിമാസം 13,686/-) | 3,01,092 |
| ജി.എസ്.ടി | 54,608 |
| Penal Interest | 28,855 |

| | |
|---|---|
| Fine | 12,310 |
| FC | 2,053 |
| ആകെ | 4,01,199 |

1. 2004ൽ നറുക്കെടുപ്പില്ലൂടെയാണ് പ്രസ്തുത മുറി ശ്രീമതി.കെ.കെ.ഷൈനിക്ക് അനുവദിച്ചത്. 16.04.2002 ലെ 1ാം നമ്പർ കൗൺസിൽ തീരുമാനം പ്രകാരമാണ് കമേഴ്സ്യൽ കോംപ്ലക്സ് കം സ്റ്റേഡിയം കെട്ടിടത്തിലെ മുറികൾ ലൈസൻസ് വ്യവസ്ഥകൾക്ക് അനുവദിക്കുന്നതിനുള്ള നിബന്ധനകൾ അംഗീകരിച്ചത്. പ്രസ്തുത നിബന്ധനയിലെ ഖണ്ഡിക. 35 പ്രകാരം ഇത്തരത്തിൽ അനുവദിക്കുന്ന മുറി യാതൊരു കാരണവശാലും കൈമാറ്റം ചെയ്യാൻ പാടില്ല. ലൈസൻസി തന്നെ നേരിട്ട് കച്ചവടം നടത്തണം. ഈ വിഭാഗക്കാർക്ക് അനുവദിക്കുന്ന മുറികൾ ലൈസൻസിയല്ലാതെ മറ്റാരെങ്കിലും കൈവശം വയ്ക്കുകയോ, ഉപയോഗിക്കുകയോ, കച്ചവടം ചെയ്യുകയോ ചെയ്യുന്നതായി സെക്രട്ടറിക്ക് ബോധ്യപ്പെടുന്ന പക്ഷം യാതൊരു കാരണവും, നോട്ടീസും കൂടാതെ തന്നെ ഏതു നിമിഷവും പ്രസ്തുത മുറികൾ സീൽ ചെയ്യുന്നതിനും ഒഴിപ്പിച്ച് എടുക്കുന്നതിനും നഗരസഭക്ക് അധികാരമുണ്ടായിരിക്കും. മേൽ വിവരിച്ച വ്യവസ്ഥ നിലനിൽക്കെയാണ് 18.09.2017 മുതൽ ശ്രീമതി.കെ.കെ.ഷൈനി പട്ടികജാതി വിഭാഗത്തിൽപെടാത്ത ശ്രീ.പി.എം.തങ്കച്ചൻ എന്നവരുമായി പാർട്ടണർഷിപ്പ് കച്ചവടം നടത്തിയത്. ലൈസൻസിയുടെ മേൽ പ്രവൃത്തി ബൈലായിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായ നടപടിയാണ്. എന്നാൽ ആയത് സംബന്ധിച്ച് നഗരസഭയുടെ ഭാഗത്ത് നിന്നും നിയമനടപടികൾ സ്വീകരിച്ചിട്ടില്ല. ലൈസൻസ് ഫീസ് കുടിശ്ശിക വരുത്തിയതിനാലാണ് നിലവിൽ റൂം സീൽ ചെയ്തത്.

2. 1994 കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 215 (4), ബൈലായിലെ ഖണ്ഡിക.20 പ്രകാരം ലൈസൻസികൾക്ക് കൈവശം ലഭിക്കുന്ന മുറിയോ, മുറിയുടെ ഭാഗങ്ങളോ നഗരസഭ കൗൺസിലിന്റെ മുൻകൂട്ടിയുള്ള രേഖാമൂലമുള്ള അനുമതി കൂടാതെ കൈമാറ്റം ചെയ്യുന്നതിനോ, കീഴ് കുത്തകൾക്ക് കൊടുക്കുന്നതിനോ ലൈസൻസിക്ക് അധികാരമോ അവകാശമോ ഉണ്ടായിരിക്കുന്നതല്ല. എന്നാൽ ശ്രീമതി.കെ.കെ. ഷൈനി പ്രസ്തുത മുറി നഗരസഭ അധികൃതരെ അറിയിക്കാതെ കീഴ്വാടക്ക് നൽകി.

3. മുനിസിപ്പൽ നിയമം വകുപ്പ് 215 (4) ലൈസൻസുകാരൻ ആവശ്യപ്പെടുന്നതിൻ മേൽ നഗരസഭക്ക് വ്യവസ്ഥകൾക്ക് വിധേയമായി മറ്റേതെങ്കിലും ആൾക്ക് ലൈസൻസ് കൈമാറ്റം ചെയ്യാവുന്നതും അങ്ങനെ കൈമാറ്റം ചെയ്യുമ്പോൾ അത് എല്ലാ ആവശ്യങ്ങൾക്കും ഒരു പുതിയ ലൈസൻസായി കരുതപ്പെടേണ്ടതും ആകുന്നു. 18.09.2017 ന് ശ്രീ.പി.എം.തങ്കച്ചൻ എന്നവരുമായി പാർട്ടണർഷിപ്പ് കച്ചവടം ആരംഭിച്ചെങ്കിലും ആയത് ശ്രീമതി.കെ.കെ. ഷൈനി എന്നവർ യഥാസമയം നഗരസഭയെ അറിയിച്ചില്ല. തുടർന്ന് 15.02.2018 തീയ്യതിയിലാണ് കച്ചവടത്തിന്റെ സ്വഭാവം മാറ്റി ബുക്ക് കച്ചവടം ചെയ്യുന്നതിനായി മുറിയുടെ ഉപയോഗക്രമം മാറ്റി തരണമെന്ന് ലൈസൻസി അപേക്ഷിച്ചത്. ടിയാരിയുടെ അപേക്ഷ പരിഗണിക്കുമ്പോൾ ഒരു പുതിയ ലൈസൻസായി കരുതപ്പെട്ട് 10 % വർദ്ധനവ് വരുത്താൻ സെക്ഷൻ ക്ലാർക്ക് രേഖപ്പെടുത്തിയെങ്കിലും ആയത് നടപ്പാക്കിയില്ല. യഥാർത്ഥത്തിൽ 18.09.2017 മുതൽ പ്രതിമാസ ലൈസൻസ്ഫീസും (11405 * 10 %), ആയതിന്റെ ജി.എസ്.ടിയും ഈടാക്കണം. എന്നാൽ അത്തരത്തിലല്ല കുടിശ്ശിക തുക കണക്കാക്കിയത്.

| | | |
|---|---|---|
| 1. | 02.01.2017 മുതൽ 03.01.2020വരെ കൗൺസിൽ നിശ്ചയിച്ച പ്രതിമാസ ലൈസൻസ് ഫീസ് | 11,405 |
| 2. | 18.09.2017 മുതൽ ഒരു പുതിയ ലൈസൻസായി കരുതപ്പെട്ട് 10 % വർദ്ധനവ് (11405x10%) | 12,546 |
| 3. | 18.09.2017 മുതൽ 17.09.2020 വരെയുള്ള ലൈസൻസ് ഫീസ് (12546 X36) | 4,51,656 |
| 4. | 18.09.2020 മുതൽ 20 % വർദ്ധനവ് (12456x20%) | 15,056 |

1. Partnership Act പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് പൊതുജനങ്ങൾക്ക് നഗരസഭ വക മുറികൾ നൽകുന്നുണ്ട്. മേൽ നിയമം പ്രകാരം ശ്രീമതി.കെ.കെ. ഷൈനിയും ശ്രീ.പി.എം.തങ്കച്ചനും തമ്മിൽ പാർട്ടണർഷിപ്പ് ഡീഡ് വെച്ച് ബന്ധപ്പെട്ട രജിസ്ട്രാർ മുഖേന രജിസ്റ്റർ ചെയ്യണം. അത്തരത്തിലുള്ള രജിസ്ട്രേഷൻ നടത്തിയത് സെക്രട്ടറിയെ അറിയിക്കുന്നതിന്റെ മുറക്കാണ് 1994 കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 215 (4) ബാധകമാകുകയുള്ളൂ. എന്നാൽ മേൽനടപടികൾ ഒന്നും സ്വീകരിക്കാത്തതിനാൽ വകുപ്പ് 215 (4) ന്റെ ലംഘനമായേ കാണാൻ കഴിയൂ. പ്രത്യേക പരിഗണന നൽകി അനുവദിച്ച മുറിയിൽ ലൈസൻസി മറ്റൊരു വ്യക്തിയുമായി ചേർന്ന് കച്ചവടം നടത്തിയതിനെ തുടർന്ന് നഗരസഭ സെക്രട്ടറി എതിർകക്ഷിയായി കോടതി വ്യവഹാരങ്ങളിൽ എത്തിച്ചേരാൻ കാരണമായി. കോടതി വ്യവഹാരങ്ങളിൽ നഷ്ടം വന്നതും നഗരസഭ ഫണ്ടിന് മാത്രം.

2. 26.08.2020 ന് ശ്രീമതി.കെ.കെ. ഷൈനി എന്നവർക്ക് വേണ്ടി ശ്രീ.നിജേഷ് കുമാർ.കെ. എന്നവർ 2,14,333/- രൂപയുടെ ചെക്ക് നഗരസഭ സെക്രട്ടറിയുടെ പേരിൽ സമർപ്പിച്ചു. മേൽ ചെക്ക് ബാങ്കിൽ സമർപ്പിച്ചപ്പോൾ അക്കൗണ്ടിൽ പണമില്ലാത്തതിനാൽ മടങ്ങി. 1881 ലെ നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് നിയമം വകുപ്പ് 138 പ്രകാരം അക്കൗണ്ടിൽ പണമില്ലാതെ ചെക്ക് തരുന്നത് ക്രിമിനൽ കുറ്റമാണ്. എന്നാൽ മേൽ വ്യക്തിക്കെതിരെയും ശ്രീമതി.കെ.കെ. ഷൈനി എന്നവർക്കെതിരെയും നഗരസഭയിൽ നിന്നും നിയമ നടപടികൾ സ്വീകരിച്ചില്ല.

3. മുനിസിപ്പൽ നിയമം വകുപ്പ് 538എ പ്രകാരം ഏതെങ്കിലും വ്യക്തി നഗരസഭക്ക് നൽകേണ്ടതും അല്ലെങ്കിൽ നഗരസഭ വസൂലാക്കേണ്ടതുമായ എല്ലാ തുകകളും അതുമായി ബന്ധപ്പെട്ട എല്ലാ ചാർജ്ജുകളും അല്ലെങ്കിൽ നേരിട്ട ചെലവുകളും മറ്റ് ഏത് രീതിയലുള്ള വസൂലാക്കുന്നതിനും ഭംഗം വരാതെ തൽസമയം പ്രാബല്യത്തിലുള്ള 1968 ലെ കേരള നികുതി

വസൂലാക്കൽ നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച് ഭൂമിയിൻമേലുള്ള നികുതി കുടിശ്ശിക എന്ന പോലെ വസൂലാക്കേണ്ടതാണ്. 16.04.2005 ലെ (എം.എസ്)97/2005/ ആർ.ഡി നമ്പർ ഉത്തരവിലൂടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും 1968 ലെ കേരളറവന്യൂ റിക്കവറി നിയമം ബാധകമാക്കി സർക്കാർ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. (SRO.No.368/2005). കേരള റവന്യൂ റിക്കവറി നിയമം വകുപ്പ്.69(2) പ്രകാരം കുടിശ്ശിക തുക ലഭ്യമാകുന്നതിനായി സ്ഥാപനത്തിന്റെ എക്സിക്യൂട്ടീവ് അതോറിറ്റി (സെക്രട്ടറി) ജില്ല കളക്ടർക്ക് റിക്വസിഷൻ നൽകേണ്ടതുണ്ട്. എന്നാൽ അത്തരത്തിലുള്ള നടപടികൾക്ക് സെക്ഷൻ ക്ലാർക്ക് മുതലുള്ള ഉദ്യോഗസ്ഥർ ശുപാർശ ചെയ്തിട്ടില്ല.

4. 2000 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും ചട്ടങ്ങളിലെ ഫാറം III-ബി മാതൃകയിലാണ് നഗരസഭ ഡപ്യൂട്ടി സെക്രട്ടറിയും ലൈസൻസികളും തമ്മിൽ 04.08.2018 ന് കരാർ ചമച്ചത്. പ്രസ്തുത വാടക കരാർ പത്രത്തിലെ ഖണ്ഡിക 4 (3) പ്രകാരം ലൈസൻസ് കാലാവധി കഴിയുന്നതിനു മുമ്പുള്ള 3 കലണ്ടർ മാസങ്ങൾക്കുള്ളിൽ വാടകക്കാരൻ രേഖാമൂലം അപേക്ഷ നൽകി ലൈസൻസ് പുതുക്കേണ്ടതാണ്. ആയത് പ്രകാരം 02.10.2019 ലൈസൻസി അപേക്ഷ നൽകണം. എന്നാൽ 02.01.2020ന് കഴിഞ്ഞ ലൈസൻസ് പുതുക്കുന്നതിന് ലൈസൻസി അപേക്ഷ നൽകിയത് 26.08.2020 നാണ്. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 23.11.2021 തീയ്യതിയിൽ നൽകിയ അന്വേഷണ കുറിപ്പിന് (നം.26/2020-21)മറുപടി ലഭ്യമാക്കിയിട്ടില്ല. ശ്രീമതി.കെ.കെ. ഷൈനിയിൽ നിന്നും ലൈസൻസ് ഫീസ് കുടിശ്ശിക, ആയതിന്റെ പിഴ, ജി.എസ്.ടി, ഫ്ലഡ് സെസ്സ്, ലൈസൻസ് ഫീസ് വർദ്ധനവിന് ആനുപാതികമായി അടവാക്കേണ്ട ഡപ്പോസിറ്റ് തുക, ലൈസൻസി അടവാക്കേണ്ട മറ്റ് തുകകൾ, കൂടാതെ യഥാസമയം ജി.എസ്.ടി. ഇനത്തിൽ പ്രസ്തുത വകുപ്പിൽ അടവാക്കേണ്ട തുകക്കുള്ള പിഴ എന്നിവ കണക്കാക്കി ഈടാക്കേണ്ടതാണ്.

## എൽ) പാളയം ബസ് സ്റ്റാന്റ് നൈറ്റ് ഷെൽട്ടർ - ലൈസൻസ് ഫീസ് കുടിശ്ശിക തുക ഈടാക്കാത്തതും മറ്റ് അപാകതകളും.

ഫയൽ നം. എ.34/66264/09

നഗരസഭ വക പാളയം ബസ് സ്റ്റാന്റ് നൈറ്റ് ഷെൽട്ടർ ഹാൾ 31.03.2010 മുതൽ കോഴിക്കോട് ജില്ല മെഡിക്കൽ ഡയഗനോസ്റ്റിക് & പാരമെഡിക്കൽകോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് എന്ന സ്ഥാപനത്തിന് പ്രതിമാസം 11,000/- രൂപ ലൈസൻസ് ഫീ നിശ്ചയിച്ച് അനുവദിച്ചിരുന്നു. (നഗരസഭ കൗൺസിൽ തീരുമാനം നം.40, തീയ്യതി. 12.03.2010). ആയതിന്റെ അടിസ്ഥാനത്തിൽ ഒരു വർഷത്തെ ലൈസൻസ് ഫീസ് മുൻകൂറായി നഗരസഭയിൽ അടവാക്കി സൊസ്സൈറ്റി വിഭാഗം ഹാൾ ഏറ്റെടുത്തു. പ്രസ്തുത ഹാൾ ഉപയോഗ യോഗ്യമല്ലാത്തതിനാൽ നഗരസഭയുടെ മേൽനോട്ടത്തിൽ സൊസൈറ്റി സ്വന്തം ചെലവിൽ അറ്റകുറ്റ പണികൾ ചെയ്യാമെന്നും, ചെലവാകുന്ന തുക പൂർണ്ണമായും തിട്ടപ്പെടുത്തി ലൈസൻസ് ഫീസിൽ നിന്നും കുറവ് ചെയ്ത് തരണമെന്ന് അപേക്ഷിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 26.07.2010 ലെ കൗൺസിൽ യോഗത്തിൽ അംഗീകരിച്ച് അനുമതി നൽകി (തീരുമാനം നം.83). നഗരസഭ എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കിയ അടങ്കൽ പ്രകാരം 6 ഇനം പ്രവൃത്തികളിൽ 2, 3, 4, 6 എന്നീ ഇനങ്ങളുടെ പ്രവൃത്തികൾ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേൽനോട്ടത്തിൽ ചെയ്യാൻ അനുമതി നൽകുകയും ചെയ്തു. എന്നാൽ പ്രവൃത്തി സംബന്ധിച്ച കൗൺസിൽ അംഗീകരിച്ച നിബന്ധന ലൈസൻസി പാലിക്കാത്തതിനാൽ എസ്റ്റിമേറ്റിൽ പറഞ്ഞ പ്രവൃത്തികളിൽ ഏതെല്ലാം ചെയ്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുവാൻ സാധിച്ചില്ല എന്നാണ് എഞ്ചിനീയറിംഗ് വിഭാഗം റിപ്പോർട്ട് ചെയ്തത്. 2011 ഏപ്രിൽ മുതൽ ലൈസൻസ് ഫീ അടവാക്കുന്നതിൽ സ്ഥാപനം വീഴ്ച വരുത്തുകയും 2013 മാർച്ചിൽ അവസാനിച്ച കരാർ കാലാവധി പുതുക്കാതെ തുടർന്നും ഉപയോഗിച്ചു. കുടിശ്ശികയായതിനെ തുടർന്ന് നഗരസഭയിൽ നിന്നും നൽകിയ നോട്ടീസ് ചോദ്യം ചെയ്ത് കൊണ്ട് സൊസ്സൈറ്റി വിഭാഗംകോഴിക്കോട് പ്രിൻസിപ്പൽ മുനിസിഫ് കോടതി.l ൽ O.S.No.415/2014 ആയി കേസ് നൽകി. മേൽ കേസിന്റെ വിധി നഗരസഭക്ക് അനുകൂലമായി. സൊസ്സൈറ്റിയുടെ ഹർജി കോടതിയിൽ തള്ളിയതിനാൽ നഗരസഭക്ക് ലഭിക്കേണ്ടിയിരുന്ന തുക ലഭിക്കുന്നതിനായി നോട്ടീസ് നൽകി. കുടിശ്ശിക തുക അടവാക്കാത്തതിനാൽ 2016 ജൂണിൽ ഹാൾ നഗരസഭ പൂട്ടിയെടുത്തു. 04/11 മുതൽ 06/2016 വരെ താഴെ പറയുന്ന തരത്തിൽ ലൈസൻസ് ഫീ കുടിശ്ശിക, സർവ്വീസ് ടാക്സ്, പിഴപ്പലിശ എന്നീ ഇനത്തിൽ സൊസ്സൈറ്റി അടവാക്കാനുണ്ട്.

| കാലാവധി | പ്രതിമാസ ഫീസ് | ആകെ മാസങ്ങൾ | അടവാക്കേണ്ടആകെ ഫീസ് | പിഴപലിശ | സേവന നികുതി | പിഴ |
|---|---|---|---|---|---|---|
| 04/2011 മുതൽ 03/2013 വരെ | 11,000 | 24 | 2,64,000 | 2,52,120 | 29,912 | 30,348 |
| 04/2013 മുതൽ 03/2016 വരെ | 13,200 | 36 | 4,75,200 | 3,11,256 | 61,334 | 43,850 |

| | | | | | | | |
|---|---|---|---|---|---|---|---|
| 04/2016 മുതൽ 06/2016 വരെ | 15,840 | 3 | 47,520 | 21,860 | 6,891 | 3,308 |
| | | | 7,86,720 | 5,85,236 | 98,137 | 77,506 |
| അടവാക്കേണ്ട ആകെ തുക – 786720 + 585236 + 98137 + 77506 = 15,47,599/- രൂപ | | | | | | |

എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ റിപ്പോർട്ട് പ്രകാരം വിവിധ പ്രവൃത്തികൾക്ക് സൊസ്സൈറ്റി ചെലവഴിച്ചതായി കണ്ടെത്തിയ 1,26,853/- രൂപ കിഴിച്ച് 14,20,746/- രൂപ നിലവിൽ സൊസ്സൈറ്റി അടവാക്കാൻ ശേഷിക്കുന്നു. 02.07.2020 ന് മേൽ തുക അടവാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ കത്തിന് മറുപടിയായി 15.07.2020 ന് സൊസ്സൈറ്റി പ്രസിഡന്റ് സമർപ്പിച്ച മറുപടിയിൽ വാടകയിളവ് അനുവദിക്കണമെന്നും, പിഴപലിശ ഒഴിവാക്കി തരണമെന്നും അപേക്ഷിച്ചു. എന്നാൽ അപേക്ഷ പരിഗണിക്കാവുന്നതല്ലയെന്ന് അറിയിച്ച് 10.10.2020 ന് കത്ത് നൽകി. 30.10.2020 ന് സൊസ്സൈറ്റി പ്രസിഡന്റ് സമർപ്പിച്ച തുടർമറുപടി ധനകാര്യ സ്ഥിരം സമിതിയുടെ 23.03.2021 ലെ യോഗത്തിലാണ് പരിഗണിക്കുന്നത്. മേൽ അപേക്ഷ പ്രകാരം സൊസൈറ്റി പ്രതിനിധിയെ നേരിൽ കേൾക്കുന്നതിന് തീരുമാനിച്ചു. തുടർന്ന് 02.08.2021 ലെ യോഗത്തിൽ കെട്ടിടത്തിൽ സൊസ്സൈറ്റി നടത്തിയ പ്രവൃത്തികളുടെ വാല്യൂവേഷൻ പുനപരിശോധന നടത്തുന്നതിനായി സൂപ്രണ്ടിംഗ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും സൊസ്സൈറ്റി അടവാക്കേണ്ട പിഴ, പലിശ ഇനത്തിലെ തുകക്ക് ഇളവ് ലഭിക്കുന്നതിനായി സർക്കാരിലേക്ക് അപേക്ഷിക്കാനും തീരുമാനിച്ചു. ഫയൽ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ അപാകതകൾ താഴെകൊടുക്കുന്നു.

1. പൊതു ജനങ്ങൾക്ക് നഗരത്തിൽ രാത്രികാലങ്ങളിൽ ചെലവ് കുറഞ്ഞ രീതിയിൽ താമസ സൗകര്യം ഏർപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് പാളയം ബസ്സ്റ്റാന്റിൽ നൈറ്റ് ഷെൽട്ടർ ഏർപ്പെടുത്തിയത്. 2008-09 സാമ്പത്തിക വർഷത്തിൽ 5.5 ലക്ഷം രൂപയ്ക്ക് ലേലത്തിൽ പോയതിനു ശേഷം അടിയന്തിര റിപ്പയർ പ്രവൃത്തികൾ നടത്തേണ്ടത് കൊണ്ട് 2009-10 മുതൽ പ്രസ്തുത ഹാൾ പൊതു ലേലത്തിൽ ഉൾപ്പെടുത്തിയിരുന്നില്ല. റിപ്പയർ പ്രവൃത്തി നടത്തുന്നതിനായി 29.09.2009 ന് നഗരസഭ എഞ്ചിനീയറിംഗ് വിഭാഗത്തിന് ഫയൽ നൽകിയിരുന്നെങ്കിലും തുടർനടപടികൾ ചെയ്യാതെ എഞ്ചിനീയറിംഗ് വിഭാഗം വീഴ്ച വരുത്തി. 31.03.2010 ന് സൊസ്സൈറ്റിക്ക് താക്കോൽ കൈമാറിയത് പ്രതിമാസം 11,000/- രൂപയ്ക്കാണ്. അതായത് പ്രതിവർഷം 1,32,000/-രൂപ. ഇത്തരത്തിൽ സൊസ്സൈറ്റിക്ക് ഹാൾ ഏൽപ്പിച്ചത് തന്നെ നഗരസഭയുടെ സാമ്പത്തിക താൽപ്പര്യം സംരക്ഷിക്കപ്പെടാതെയാണ്. 2014 ൽ സൊസ്സൈറ്റി നൽകിയ ഹർജി കോടതിയിൽ തള്ളി പോയിട്ടും തുടർ വർഷങ്ങളിൽ ഹാൾ പൊതു ലേലത്തിൽ വച്ച് നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചില്ല. 2010 ൽ സൊസ്സൈറ്റി അടവാക്കിയ മുൻകൂർ തുകയായ 1,32,000/- രൂപയൊഴികെ നിലവിൽ 13 വർഷമായി പ്രസ്തുത ഹാളിൽ നിന്നും യാതൊരു വരുമാനവുംനഗരസഭക്ക് ലഭിച്ചിട്ടില്ല. നഗരസഭ എഞ്ചിനീയറിംഗ്, റവന്യൂ നോൺ ടാക്സ് വിഭാഗങ്ങളുടേയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും അക്ഷന്തവ്യമായ വീഴ്ചയാണ് ഇതിന് കാരണം.

2. മുനിസിപ്പൽ നിയമം വകുപ്പ് 538എ പ്രകാരം ഏതെങ്കിലും നഗരസഭ വസൂലാക്കേണ്ടതായ എല്ലാ തുകകളും അതുമായി ബന്ധപ്പെട്ട എല്ലാ ചാർജ്ജുകളും അല്ലെങ്കിൽ നേരിട്ട ചെലവുകളും മറ്റ് ഏത് രീതിയിലുള്ള വസൂലാക്കലുകൾക്കു ഭംഗം വരാതെ തൽസമയം പ്രാബല്യത്തിലുള്ള 1968 ലെ കേരള നികുതി വസൂലാക്കൽ നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച് ഭൂമിയിൻമേലുള്ള നികുതി കുടിശ്ശിക എന്ന പോലെ വസൂലാക്കാവുന്നതാണ്. 2016 ൽ സൊസ്സൈറ്റി നൽകിയ ഹർജി കോടതിയിൽ തള്ളി നഗരസഭക്ക് അനുകൂല വിധിയുണ്ടായി. എന്നാൽ നഗരസഭ ഫണ്ടിന് ലഭിക്കേണ്ട കുടിശ്ശിക തുക ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിൽ റവന്യൂ നോൺ ടാക്സ് വിഭാഗം വീഴ്ച വരുത്തി. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന ആവശ്യപ്പെട്ട് 21.12.2021 തീയ്യതിയിൽ നൽകിയ അന്വേഷണ കുറിപ്പിന് (നം. 33/2020-21) മറുപടി ലഭ്യമാക്കിയിട്ടില്ല. സൊസ്സൈറ്റിയിൽ നിന്നും നഗരസഭക്ക് ലഭിക്കേണ്ട തുക ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാത്ത പക്ഷം ഉത്തരവാദിയായ സെക്ഷൻ ക്ലാർക്ക്, സൂപ്രണ്ട്, റവന്യൂ ഓഫീസർ, ഡപ്യൂട്ടി സെക്രട്ടറി എന്നവരിൽ നിന്നും തുല്യമായി ഈടാക്കുവാൻ ശുപാർശ ചെയ്യുന്നതാണ്, അപാകതകൾക്ക് വിശദീകരണം ലഭ്യാമാക്കേണ്ടതാണ്.

എം) നഗരസഭ വക മുറി സെക്രട്ടറിയുടെ അനുമതിയില്ലാതെ പാർട്ട്ണർഷിപ്പ് വ്യവസ്ഥയിൽ നൽകിയത് സംബന്ധിച്ച്.

ഫയൽ നം. എ.33/50601/91

നഗരസഭ വക പാളയം അനക്സ് കോംപ്ലകസിലെ റൂം നമ്പർ.6 ശ്രീമതി. മീനാക്ഷി.കെ, പരമേശ്വർ നിവാസ്, മണ്ണഞ്ചേരി, ആലപ്പുഴ എന്നവർക്ക് അനുവദിച്ചതായിരുന്നു. 29.09.2015 ന് ഡോ.എൻ.പി. ജാഫർ, ജാസ്മിൻ വില്ല, പൂന്നൂർ, ഉണ്ണികുളം എന്നവരുമായി ശ്രീമതി. മീനാക്ഷി.കെ. പാർട്ട്ണർഷിപ്പ് ഉണ്ടാക്കുകയും തുടർന്ന് 30.10.2015 ന് പാർട്ട്ണർഷിപ്പിൽ നിന്നും പിരിയുകയും ചെയ്തു. (റിട്ടയർമെന്റ് ഡീഡ് സമർപ്പിച്ചിട്ടുണ്ട്). മേൽ വിവരം നഗരസഭ സെക്രട്ടറിയെ അറിയിച്ചത് 07.04.2016 നാണ്. 07.04.2016ലെ അപേക്ഷ പരിഗണിച്ച് ലൈസൻസ് ഫീസിൽ 50 % വർദ്ധനവ് വരുത്തി ഡോ.എൻ.പി.ജാഫർ എന്നവരുടെ പേരിൽ 01.07.2016 മുതൽ 29.04.2018വരെ പ്രതിമാസം 4,256/- രൂപ ലൈസൻസ് ഫീസും സേവന നികുതി എന്ന നിരക്കിൽ അനുവദിക്കുവാൻ 04.07.2016 ലെ കൗൺസിൽ യോഗത്തിൽ തീരുമാനിച്ചു. (തീരുമാനം നം.29). ദന്തൽ ചികിൽസുമായി ബന്ധപ്പെട്ട ഉപകരണങ്ങളുടെ വിൽപ്പനയ്ക്കായിട്ടാണ് ടിയാൻ ലൈസൻസ്

അവകാശം നേടിയത്. ഡോ.എൻ.പി. ജാഫർ 22.07.2016 ന നഗരസഭ ഡപ്യൂട്ടി സെക്രട്ടറിയുമായി ചമച്ച കരാറിലെ വ്യവസ്ഥ 2(1) പ്രകാരം നിശ്ചയിച്ചുറപ്പിച്ച ലൈസൻസ് ഫീ മുൻകൂറായി ഓരോ മാസവും 5 ാം തീയ്യതിയോ, അതിനു മുമ്പോ നൽകുന്നതാണ്. കരാറിന്റെ അനുബന്ധമായി ചേർത്ത നിബന്ധനകളിൽ 2(i) പ്രകാരം3 മാസം തുടർച്ചയായി ലൈസൻസ് ഫീസ് അടവാക്കുന്നതിൽ വീഴ്ച വരുത്തിയാൽ ലൈസൻസ് കരാർ അസാധുവാക്കുന്നതും മുറി പൂട്ടി സീൽ ചെയ്യുന്നതിന് ഡപ്യൂട്ടി സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 12/17 മുതൽ 04/18 വരെ ലൈസൻസി ഫീ അടവാക്കുന്നത് കുടിശ്ശിക വരുത്തിയതിന് യാതൊരു നടപടികളും നഗരസഭ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുമുണ്ടായിട്ടില്ല. 29.04.2018 ന് ലൈസൻസ് കാലാവധി കഴിയാനിരിക്കേയാണ് കുടിശ്ശിക അടവാക്കാനും ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുമായി 17.04.2018 ന് റവന്യൂ ഓഫീസർ(നോൺ ടാക്സ്) നോട്ടീസ് നൽകിയത്. 07.05.2018 ന് തനിക്ക് അനുവദിച്ച മുറിയുടെ ലൈസൻസ് അവകാശം പുതുക്കി നൽകുന്നതിന് ഡോ.എൻ.പി. ജാഫർ അപേക്ഷിച്ചു. മേൽ അപേക്ഷയുടെ അടിസ്ഥാനത്തിൽ സൈറ്റ് പരിശോധന നടത്തിയ റവന്യൂ ഇൻസ്പെക്ടർ നഗരസഭ സെക്രട്ടറിയുടെ അനുമതിയില്ലാതെ ലൈസൻസി കച്ചവട സ്വഭാവത്തിൽ മാറ്റം വരുത്തി സ്റ്റുഡിയോയും അനുബന്ധ ഓഫീസ് എന്ന രീതിയിൽ പ്രവർത്തിക്കുന്നതായി കണ്ടെത്തിയെന്ന് അറിയിച്ചു. ആയതിനാൽ ലൈസൻസി കച്ചവട സ്വഭാവത്തിൽ മാറ്റം വരുത്തിയത് നഗരസഭ സാധൂകരിച്ചതിനു ശേഷം ലൈസൻസ് അവകാശം പുതുക്കി നൽകാവുന്നതാണെന്ന് ശുപാർശ ചെയ്തു. നഗരസഭ സെക്രട്ടറിയെ അറിയിക്കാതെ കച്ചവട സ്വഭാവത്തിൽ മാറ്റം വരുത്തിയത് കരാറിന്റെ അനുബന്ധമായി ചേർത്ത നിബന്ധനകളിലെ 12, 13 വ്യവസ്ഥകളുടെ ലംഘനമാണ്. 2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ പ്രകാരം നഗരസഭ പരിധിയിൽ സ്റ്റുഡിയോ നടത്തുന്നതിന് നഗരസഭ സെക്രട്ടറി അനുവദിക്കുന്ന ലൈസൻസ് ആവശ്യമാണ്. മേൽ ചട്ടങ്ങളിലെ ചട്ടം.5 പ്രകാരം വ്യാപാര ആവശ്യങ്ങൾക്കായി അപേക്ഷിക്കുന്നവർ കെട്ടിട ഉടമയല്ലെങ്കിൽ അപേക്ഷയോടൊപ്പം കെട്ടിട ഉടമയുടെ രേഖാമൂലമുള്ള സമ്മതപത്രം നിശ്ചിത വിലയ്ക്കുള്ള മുദ്രപത്രത്തിൽ ഹാജരാക്കണം. ഇവിടെ കെട്ടിട ഉടമ നഗരസഭ തന്നെയായതിനാൽ സെക്രട്ടറിയെ അറിയിക്കാതെ കച്ചവട സ്വഭാവത്തിൽ മാറ്റം വരുത്തിയത് നിയമലംഘനമാണ്. നഗരസഭ ഹെൽത്ത് വിഭാഗം സെക്രട്ടറിയുടെ അനുമതി ഇല്ലാതെ തന്നെ സ്റ്റുഡിയോ നടത്തുന്നതിന് ലൈസൻസ് നൽകിയതായി അനുമാനിക്കാൻ കഴിയൂ. ഹെൽത്ത് വിഭാഗം വരുത്തിയ വീഴ്ച പരിശോധന നടത്തിയ റവന്യൂ ഇൻസ്പെക്ടറോ, റവന്യൂ നോൺ ടാക്സ് ഉദ്യോഗസ്ഥരോ പരിശോധിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. 18.08.2018 ൽ നഗരസഭ സെക്രട്ടറിയെ അറിയിക്കാതെ കച്ചവട സ്വഭാവത്തിൽ മാറ്റം വരുത്തിയതിന് കാരണം ബോധിപ്പിക്കുവാൻ ആവശ്യപ്പെട്ട് റവന്യൂ ഓഫീസർ നൽകിയ നോട്ടീസിന് 25.09.2018 ന് ഡോ.എൻ.പി. ജാഫർ മറുപടി നൽകി. തന്റെ അറിവില്ലായ്മ കാരണം സംഭവിച്ച പിഴവ് മാപ്പാക്കി സ്റ്റുഡിയോ നടത്തികൊണ്ട് പോകുവാൻ അനുവാദം തരണമെന്ന് അപേക്ഷിച്ചു. മേൽ അപേക്ഷ തുടർനടപടികൾ സ്വീകരിക്കാതെ സെക്ഷൻ ക്ലാർക്ക് 4 മാസം ഫയൽ നിശ്ചലമാക്കി. തുടർന്ന് സെക്ഷൻ ക്ലാർക്ക് ഫയൽ പരിശോധിച്ച് തന്റെ അഭിപ്രായം രേഖപ്പെടുത്തുന്നത് 17.01.2019 നാണ്. അഭിപ്രായം പരിശോധിച്ച സൂപ്രണ്ട് ധനകാര്യ സ്ഥിരം സമിതിക്ക് ശുപാർശ ചെയ്യാം എന്ന് രേഖപ്പെടുത്തിയത് 29.01.2019 ന് റവന്യൂ ഓഫീസറും (നോൺ ടാക്സ്), 30.01.2019 ന് ഡപ്യൂട്ടി സെക്രട്ടറിയും അംഗീകരിച്ചു. എന്നാൽ ഫയൽ ധനകാര്യ സ്ഥിരം സമിതിയുടെ യോഗത്തിൽ ഹാജരാക്കിയില്ല. തുടർന്ന് 08.02.2019 ന് വീണ്ടും നോട്ടീസ് നൽകിയെങ്കിലും ലൈസൻസി കുടിശ്ശിക അടവാക്കാതെ വന്നപ്പോൾ 09.05.2019 ന് റവന്യൂ ഇൻസ്പെക്ടർക്ക് മുറി പൂട്ടി സീൽ ചെയ്യുന്നതിന് നിർദ്ദേശം നൽകി. 1 ½ മാസത്തിനു ശേഷം 26.06.2019 ന് റവന്യൂ ഇൻസ്പെക്ടർ മുറി പൂട്ടി സീൽ ചെയ്തു.10.07.2019 ന് കുടിശ്ശിക തുക ലൈസൻസി പൂർണ്ണമായും അടവാക്കി (രശീതി നം. 119270119019) മുറി തുറന്ന് നൽകുന്നതിനായി അപേക്ഷ നൽകി. ആയത് പരിഗണിച്ച് മുറി തുറന്ന് നൽകുന്നതിന് റവന്യൂ ഓഫീസർ (നോൺ ടാക്സ്) നിർദ്ദേശം നൽകി. എന്നാൽ 30.04.2018 മുതൽ ലൈസൻസ് പുതുക്കേണ്ടത് സംബന്ധിച്ച നടപടികളായ കരാർ പുതുക്കൽ, ലൈസൻസ് ഫീ വർദ്ധനവ് വരുത്തൽ എന്നിവ സംബന്ധിച്ച് റവന്യൂ നോൺ ടാക്സ് വിഭാഗത്തിലെ ഉദ്യോഗസ്ഥർ ലൈസൻസിയോട് നിർദ്ദേശിച്ചില്ല. തുടർന്നുള്ള കാലയളവുകളിലും ലൈസൻസ് ഫീസ് അടവാക്കുന്നതിൽ ടിയാൻ മുടക്കം വരുത്തുകയും, നഗരസഭയിൽ നിന്നും നോട്ടീസ് നൽകുകയും ചെയ്തതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 03.02.2021 നാണ് ലൈസൻസിയുമായി നഗരസഭ സെക്രട്ടറി കരാർ ചമയ്ക്കുന്നത്. കരാർ പ്രകാരം അനുവദിച്ച ലൈസൻസ് കാലയളവ് 01.04.2018 മുതൽ 31.03.2021 വരെ.18.02.2021 ന് തന്റെ പാർട്ട്ണറായ ശ്രീ.അബ്ദുൾ ലത്തീഫ്, S/o ശ്രീ.ഹസ്സൻ, പള്ളിത്തൊടി (ഹ), തലപ്പാറ, മുനിയൂർ (പി.ഒ), മലപ്പുറം എന്നവരുടെ പേരിലേക്ക് ലൈസൻസ് അവകാശം മാറ്റി നൽകുന്നതിനായി നടപടിക്രമങ്ങൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ഡോ.എൻ.പി. ജാഫർ അപേക്ഷിച്ചു. മേൽ അപേക്ഷയോടൊപ്പം ലൈസൻസി ശ്രീ.അബ്ദുൾ ലത്തീഫ് എന്നവരുമായി ചേർന്ന് ചമച്ച പാർട്ട്ണർഷിപ്പ് കരാറും സമർപ്പിച്ചു. പ്രസ്തുത കരാർ24.07.2019 തീയ്യതി പ്രാബല്യത്തിൽ ചമച്ചതാണ്. കരാർ പ്രകാരം സ്റ്റേഷനറി വ്യാപാരമാണ് ആരംഭിച്ചത്. മുനിസിപ്പൽ നിയമം വകുപ്പ് 215 (4) പ്രകാരം ലൈസൻസുകാരൻ ആവശ്യപ്പെടുന്നതിൻ മേൽ നഗരസഭക്ക് വ്യവസ്ഥകൾക്ക് വിധേയമായി മറ്റേതെങ്കിലും ആൾക്ക് ലൈസൻസ് കൈമാറ്റം ചെയ്യാവുന്നതും അങ്ങനെ കൈമാറ്റം ചെയ്യുമ്പോൾ അത് എല്ലാ ആവശ്യങ്ങൾക്കും ഒരു പുതിയ ലൈസൻസായി കരുതപ്പെടേണ്ടതും ആകുന്നു. 24.07.2019 ന് ശ്രീ.അബ്ദുൾലത്തീഫ് എന്നവരുമായി പാർട്ടണർഷിപ്പ് പുതിയ കച്ചവടം

ആരംഭിച്ചെങ്കിലും ആയത് ഡോ.എൻ.പി.ജാഫർ യഥാസമയം നഗരസഭയെ അറിയിച്ചില്ല. 26.06.2019 ന് റവന്യൂ ഇൻസ്പെക്ടർ മുറി പൂട്ടി സീൽ ചെയ്ത് മാപ്പപേക്ഷ നൽകിയ വ്യക്തിയാണ് നഗരസഭ സെക്രട്ടറിയെ അറിയിക്കാതെ കച്ചവട സ്വഭാവത്തിൽ മാറ്റം വരുത്തിയതും, പുതിയ പങ്കാളിയെ ചേർത്തതും. ഡോ.എൻ.പി. ജാഫർ 18.02.2021 ന് നൽകിയ അപേക്ഷയിൻ മേൽ നഗരസഭയിൽ നിന്ന് വിശദീകരണം ആവശ്യപ്പെട്ട് കത്ത് നൽകിയത് 24.04.2021നാണ്. 28.04.2021 ന് ഡോ.എൻ.പി. ജാഫർ നൽകിയ മറുപടിയിൽ തന്റെ വീട് വളരെ ദൂരെയായതിനാലും, കൊറോണ പിടിപെട്ടത് കാരണം ശാരീരിക അസ്വസ്ഥതകൾ ഉള്ളതിനാലുമാണ് ലൈസൻസ് അവകാശം തന്റെ പാർട്ട്ണറുടെ പേരിലേക്ക് മാറ്റുന്നത് എന്നാണ് അറിയിച്ചത്. 26.08.2021 ലെ ധനകാര്യ സ്ഥിരം സമിതിയുടെ യോഗത്തിൽ ഡോ.എൻ.പി. ജാഫറിന്റെ അപേക്ഷ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു. നിലവിലും 01.04.2021 മുതൽ ലൈസൻസിയുമായുള്ള കരാർ പുതുക്കിയിട്ടില്ല. 07/2019 മുതൽ പാർട്ട്ണർഷിപ്പ് വ്യവസ്ഥയിൽ ടിയാൻ പുതിയ വ്യാപാരം ആരംഭിച്ചതിനാൽ 04.07.2016 ലെ കൗൺസിൽ യോഗത്തിൽ തീരുമാനിച്ച പ്രകാരം 50% വർദ്ധനവ് നിരക്കിൽ വേണം ടിയാന് അനുവദിക്കേണ്ടിയിരുന്നത്. ആയത് പ്രകാരം ടിയാന് അനുവദിക്കുമ്പോൾ ലഭിക്കേണ്ട ലൈസൻസ് ഫീ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| 1 | 01.07.2016 മുതൽ 29.04.2018വരെയുള്ള പ്രതിമാസ ലൈസൻസ് ഫീസ് | 4,256 /- |
| 2 | 05/2018 മുതൽ വർദ്ധനവ് വരുത്തേണ്ട ലൈസൻസ് ഫീസ് (4256 X 20%) | 5,108/- |
| 3 | 05/2018 മുതൽ 06/2019 വരെയുള്ള ലൈസൻസ് ഫീസ് (5108 X 14 മാസം) | 71,512 /- |
| 4 | 07/2019 മുതൽ വർദ്ധനവ് വരുത്തേണ്ട ലൈസൻസ് ഫീസ് (5108 X 50%) | 7,662 /- |
| 5 | 07/2019 മുതൽ 03/2021വരെയുള്ള 21 മാസം ആകെ അടവാക്കേണ്ട ലൈസൻസ് ഫീസ് (7662 X 21) | 1,60,902 /- |
| | വർദ്ധനവ് വരുത്തുന്നതിനോടൊപ്പം അടവാക്കേണ്ട ഡപ്പോസിറ്റ് തുക , ജി.എസ്.ടി. ഫ്ലഡ് സെസ്സ് തുടങ്ങിയവ പ്രത്യേകം കണക്കാക്കേണ്ടതുണ്ട്. | |

മേൽ വിവരിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 23.11.2021 തീയ്യതിയിൽ നൽകിയ അന്വേഷണ കുറിപ്പിന് (28/2020-21) മറുപടി ലഭ്യമാക്കിയിട്ടില്ല. ഡോ.എൻ.പി. ജാഫർ നഗരസഭയിൽ അടവാക്കേണ്ട ലൈസൻസ് ഫീസ് കുടിശ്ശിക, ആയതിന്റെ പിഴ, ജി.എസ്.ടി, ഫ്ലഡ് സെസ്സ്, ലൈസൻസ് ഫീസ് വർദ്ധനവിന് ആനുപാതികമായി അടവാക്കേണ്ട ഡപ്പോസിറ്റ് തുക, ലൈസൻസി അടവാക്കേണ്ട മറ്റ് തുകകൾ, യഥാസമയം ജി.എസ്.ടി. ഇനത്തിൽ പ്രസ്തുത വകുപ്പിൽ അടവാക്കേണ്ട തുകക്കുള്ള പിഴ എന്നിവ കണക്കാക്കി ടിയാനിൽ നിന്നും ഈടാക്കാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്. അപാകതകൾ പരിശോധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

എൻ) പുതിയപാലം ഗോഡൗൺ കെട്ടിടം - നഗരസഭയുടെ അനുമതിയില്ലാതെ പാർട്ട്ണർഷിപ്പ് വ്യവസ്ഥയിൽ ലൈസൻസി ബിസിനസ്സ് നടത്തുന്നു.

ഫയൽ നം. എ.31/45239/96

നഗരസഭ വക പുതിയപാലം ഗോഡൗൺ കെട്ടിടത്തിലെ റൂം നമ്പർ.9 2019 നവംബർ 11ാം തീയ്യതി മുതൽ 3 വർഷക്കാലത്തേക്ക് ശ്രീ.പുഷ്പാംഗദൻ പച്ചാട്ട്, 24/1078/ബി, കാളൂർ റോഡ്, മാങ്കാവ് (പി.ഒ), കോഴിക്കോട്.673007 എന്നവർക്ക് പുതുക്കി അനുവദിച്ചതായിരുന്നു. (കൗൺസിൽ തീരുമാനം നം.55, തീയ്യതി 02.06.2020). പ്രസ്തുത മുറി ഇലക്ട്രിക്കൽ റിപ്പയറിംഗ് വർക്ക്സ് നടത്തുന്നതിനായിട്ടാണ് ടിയാന് അനുവദിച്ചത്. 22.08.2020 ന് താൻ നടത്തിക്കൊണ്ട് വരുന്ന ഇലക്ട്രിക്കൽ റിപ്പയറിംഗ് വർക്ക്സ് നിർത്തലാക്കിയെന്നും ആയതിനു പകരം ഓട്ടോ വർക്ക് ഷോപ്പ് നടത്തുന്നതിന് തന്നെ അനുവദിക്കണമെന്ന് അപേക്ഷിച്ച് ലൈസൻസി ഡപ്യൂട്ടി സെക്രട്ടറിക്ക് കത്ത് നൽകി. 05.02.2021 ലെ ധനകാര്യ സമിതി യോഗത്തിൽ ടിയാന്റെ അപേക്ഷ പരിഗണിച്ച് ഓട്ടോ വർക്ക് ഷോപ്പ് നടത്തുന്നതിന് അനുമതി നൽകാൻ തീരുമാനിച്ചു. (തീരുമാനം നം.41). മേൽ തീരുമാനത്തിന് കൗൺസിൽ അംഗീകാരം വാങ്ങിയതായി ഫയലിൽ രേഖപ്പെടുത്തലുകളില്ല. 15.02.2021 ലെ മേൽ ഫയൽ നം. നടപടിക്രമത്തിലൂടെ ഡപ്യൂട്ടി സെക്രട്ടറി ഓട്ടോ വർക്ക് ഷോപ്പ് നടത്തുന്നതിന് ടിയാന് അനുമതി ഉത്തരവ് നൽകി.ഓഡിറ്റിന്റെ ഭാഗമായി 22.11.2021 ന് രാവിലെ 11.00 മണിക്ക് ശ്രീ.പി.പി.ജനാർദ്ധനൻ, റവന്യൂ ഇൻസ്പെക്ടർ (സർക്കിൾ.3), ശ്രീ.മനോജ് കുമാർ.ടി.പി, ഓവർസിയർ (ഗ്രേഡ്.1), ശ്രീ.പി.വി.ഷൈജു, ഓഫീസ് അറ്റന്റന്റ് എന്നിവരുടെ സാന്നിധ്യത്തിൽ നടത്തിയ പരിശോധനയിൽ പ്രസ്തുത മുറിയിൽ ഓട്ടോ വർക്ക് ഷോപ്പ് നടത്തുന്നതായി കണ്ട് ബോദ്ധ്യപ്പെട്ടു. എന്നാൽ പ്രസ്തുത സ്ഥാപനം നടത്തുന്നതിനായി നഗരസഭയിൽ നിന്നും അനുവദിച്ച ഡി.&.ഒ. ലൈസൻസ്, പൊല്യൂഷ്യൻ കൺട്രോൾ വകുപ്പിൽ നിന്നും അനുവദിക്കുന്ന ലൈസൻസ് എന്നീ രേഖകൾ പരിശോധന വേളയിൽ ലഭ്യമാക്കിയിരുന്നില്ല. മേൽ രേഖകൾ ഹാജരാക്കണമെന്ന്

ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ശ്രീ.പുഷ്പാംഗദൻ പച്ചാട്ട് ഓഡിറ്റ് കാര്യാലയത്തിൽ നേരിൽ ഹാജരായി നിലവിൽ താൻ സ്ഥാപനം നടത്തുന്നത് പാർട്ട്ണർഷിപ്പ് വ്യവസ്ഥയിലാണെന്ന് അറിയിച്ചു. മേൽ ഫയൽ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. 1994 കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 215 (4), കരാർ നിബന്ധനയിലെ ഖണ്ഡിക.12 എന്നിവ പ്രകാരം ലൈസൻസികൾക്ക് കൈവശം ലഭിക്കുന്ന മുറിയോ, മുറിയുടെ ഭാഗങ്ങളോ നഗരസഭ കൗൺസിലിന്റെ മുൻകൂട്ടിയുള്ള രേഖാമൂലമുള്ള അനുമതി കൂടാതെ കൈമാറ്റം ചെയ്യുന്നതിനോ, കീഴ് കുത്തകൾക്ക് കൊടുക്കുന്നതിനോ ലൈസൻസിക്ക് അധികാരമോ അവകാശമോ ഉണ്ടായിരിക്കുന്നതല്ല. എന്നാൽ ശ്രീ.പുഷ്പാംഗദൻ പച്ചാട്ട് മേൽ നിയമത്തിലെയും കരാറിലേയും വ്യവസ്ഥകൾ പാലിക്കാതെയും, നഗരസഭ അധികൃതരെ അറിയിക്കാതെയുമാണ് മറ്റൊരാളുമായി പാർട്ട്ണ്ർഷിപ്പ് വ്യവസ്ഥയിൽ സ്ഥാപനം നടത്തുന്നത്.

2. നഗരസഭ വക മുറികൾ Partnership Act 1932 പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് ലൈസൻസികൾക്ക് നൽകുന്നുണ്ട്. പ്രസ്തുത നിയമം പ്രകാരം പ്രകാരം ശ്രീ.പുഷ്പാംഗദൻ പച്ചാട്ട് മറ്റൊരാളുമായി പാർട്ട്ണർഷിപ്പ് വ്യവസ്ഥയിൽ സ്ഥാപനം നടത്തണമെങ്കിൽ പാർട്ടണർഷിപ്പ് ഡീഡ് വെച്ച് ബന്ധപ്പെട്ട രജിസ്റ്റാർ മുഖേന രജിസ്റ്റർ ചെയ്യണം. അത്തരത്തിലുള്ള രജിസ്ട്രേഷൻ നടത്തി നഗരസഭ സെക്രട്ടറി അറിയിക്കുന്നതിന്റെ മുറക്കാണ് 1994 കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 215 (4) ബാധകമാകുകയുള്ളൂ. എന്നാൽ മേൽ നടപടികൾ ഒന്നും സ്വീകരിക്കാത്തതിനാൽ വകുപ്പ് 215 (4) ന്റെ ലംഘനമായേ കാണാൻ കഴിയൂ.

3. 2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം നഗരസഭ പരിധിയിൽ ഓട്ടോ വർക്ക് ഷോപ്പ് നടത്തുന്നതിന് നഗരസഭ സെക്രട്ടറി അനുവദിക്കുന്ന ലൈസൻസ് ആവശ്യമാണ്. മേൽ ലൈസൻസ് ലഭ്യമാകണമെങ്കിൽ പൊല്യൂഷ്യൻ കൺട്രോൾ വകുപ്പിൽ നിന്നും അനുവദിക്കുന്ന ലൈസൻസ് ലഭ്യമാകണം. എന്നാൽ 2021-22 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ലൈസൻസുകളില്ലാതെയാണ് സ്ഥാപനം പ്രവർത്തിച്ചത്. നഗരസഭ ഹെൽത്ത് വിഭാഗം തങ്ങളുടെ അധികാര പരിധിയിൽ വരുന്നതും, നഗരസഭയുടെ തന്നെ കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ സ്ഥാപനത്തിന് ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതിന് അനുവാദം നൽകി. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-36 ഷോപ്പിംഗ് കോംപ്ലക്സ് വാടക കുടിശ്ശിക ഈടാക്കാത്തതും മറ്റ് അപാകതകളും

ചെറുവണ്ണൂർ-നല്ലളം മേഖല കാര്യാലയത്തിനു കീഴിലുള്ള ചെറുവണ്ണൂർ-നല്ലളം ഷോപ്പിംഗ് കോംപ്ലക്സ്, ഫറോക്ക് ഷോപ്പിംഗ് കോംപ്ലക്സ്, അരീക്കാട്ഷോപ്പിംഗ് കോംപ്ലക്സ്, കല്ലുവെട്ടുകുഴി/ജയന്തി റോഡ്/റഹ്മാൻ ബസാർ വനിതാ വ്യവസായ കേന്ദ്രം, കുരുന്തയിൽ ഇൻഡസ്ട്രീസ് എസ്റ്റേറ്റ് തുടങ്ങിയവയിലെവാടക ഈടാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധിക്കപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(1) വാടക അടവു വരുത്തുന്നതിൽ വീഴ്ച

ചെറുവണ്ണൂർ നല്ലളം മേഖലാ ഓഫീസ് പരിധിയിലെ മേൽ കെട്ടിടങ്ങൾ ലൈസൻസ് വ്യവസ്ഥയിൽ നൽകുന്നതുമായി ബന്ധപ്പെട്ട എഗ്രിമെന്റിലെവ്യവസ്ഥകൾ പ്രകാരം ലൈസൻസ് ഫീസ് അതാത് മാസം അഞ്ചാം തീയതിക്ക് മുമ്പായി മുൻകൂറായി അടവാക്കേണ്ടതാണ്. ലൈസൻസ് ഫീസ് അടവ് വരുത്തുന്നതിൽ തുടർച്ചയായി മൂന്ന് മാസക്കാലം വീഴ്ച വരുത്തിയാൽ ലൈസൻസ് അവകാശം ക്യാൻസൽ ആകുന്നതും മുറികൾ നഗരസഭയെ തിരികെ ഏൽപ്പിക്കേണ്ടതുമാണ്. എന്നാൽ മേഖല കാര്യാലയത്തിലെ 2020-21 വർഷത്തെ വാടക വരവ് പരിശോധിച്ചതിൽ താഴെ പറയുന്ന വിവിധ ഷോപ്പിംഗ് കോംപ്ലക്സിലെ ലൈസൻസികൾ നാളിതുവരെ 2020-21 ലേതും തുടർന്നുള്ളതും വാടക അടവാക്കിയിട്ടില്ലാത്തതായും മുറികൾ ടി ലൈസൻസികൾ തന്നെഇപ്പോഴും കൈവശം വെക്കുന്നതായും കണ്ടു. വാടക ഈടാക്കാൻ ശേഷിക്കുന്നവയുടെ വിശദാംശം ചുവടെ കൊടുക്കുന്നു. (കോവിഡ് 19 വ്യാപനം തടയുന്നതിന് ലോക്ക്ഡൗൺ ഏർപ്പെടുത്തിയ കാലയളവിലുള്ള വാടക 29.06.2020 ലെ 1278/2020/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം നിയമാനുസൃതം ലൈസൻസികൾക്ക്കുറവ് ചെയ്ത് കൊടുത്തിട്ടുണ്ട്)

| ക്രമനം | വാടകക്കാരൻ | റൂം നമ്പർ | ഈടാക്കാൻ അവശേഷിക്കുന്ന വാടക | | |
|---|---|---|---|---|---|
| | | | റിമാർക്സ് | ആകെ നഷ്ടം | 20-21 വർഷത്തേത് |
| I | ഫറോക്ക് ഷോപ്പിംഗ് കോംപ്ലക്സ് | | | | |

| | | | | | |
|---|---|---|---|---|---|
| 1 | കെ.കുഞ്ഞിമുഹമ്മദ് | 13 | @4534 PM 1/21 മുതൽ 3/22 വരെ ഈടാക്കിയിട്ടില്ല (15 മാസം) | 58,942 | 13,602 |
| 2 | സെക്രട്ടറി, ഫറോക്ക് കോ-ഓപ്പറേറ്റീവ് സ്റ്റോഴ്സ് | 15,16,17 | @11908 PM 3/21 മുതൽ 3/22 വരെ ഈടാക്കിയിട്ടില്ല (13 മാസം) | 1,54,804 | 11,908 |
| 3 | എം.അബ്ദുറഹിമാൻ | 19 | @2484 PM 2/21 മുതൽ 3/22 വരെ ഈടാക്കിയിട്ടില്ല (14 മാസം) | 34,776 | 4,968 |
| 4 | പി.സുനിൽകുമാർ | 29 | @2267 PM 3/21 മുതൽ 3/22 വരെ ഈടാക്കിയിട്ടില്ല (13 മാസം) | 29,417 | 2,267 |
| 5 | മോഹൻ രാജ് ചമ്മിണി | 4FF | @7517 PM 3/20, 8/21 മുതൽ 3/22 വരെ ഈടാക്കിയിട്ടില്ല (9 മാസം) | 67,653 | -- |
| 6 | കെ.ചന്ദ്രൻ | 5FF | @1637 PM 10/20 മുതൽ 3/21 വരെയും 6/21 മുതൽ 3/22 വരെയും അടവാക്കിയിട്ടില്ല. (16 മാസം) | 26,192 | 9,822 |
| II | ചെറുവണ്ണൂർ-നല്ലളം ഷോപ്പിംഗ് കോംപ്ലക്സ് | | | | |
| 7 | എം.സതീഷ് കുമാർ | Ist Floor | @2559 PM 7/20 മുതൽ 3/22 വരെ അടവാക്കിയിട്ടില്ല. (21 മാസം) | 53,739 | 23,031 |
| 8 | റിനീഷ്.പി | Ist Floor | @50878 PM 4/21 മുതൽ 3/22 വരെ അടവാക്കിയിട്ടില്ല. (12 മാസം) | 6,10,536 | -- |
| 9 | റിനീഷ്.പി | IInd Floor | @34394 PM 4/21 മുതൽ 3/22 വരെ അടവാക്കിയിട്ടില്ല. (12 മാസം) | 4,12,728 | -- |
| III | അരീക്കാട് ഷോപ്പിംഗ് കോംപ്ലക്സ് | | | | |
| 10 | ഹരീഷ് ബാബു | 7 | @716 PM 3/21 മുതൽ 3/22 വരെ ഈടാക്കിയിട്ടില്ല(13 മാസം) | 9,308 | 716 |
| 11 | പി.പി.ഗിരിജാ മണി | 11 | @791 PM 4/19 മുതൽ 3/20 വരെ ഈടാക്കിയിട്ടില്ല (12 മാസം) | 9,492 | -- |
| 12 | കെ.പി.അബൂബക്കർ | 19 | @8400PM 6/20 മുതൽ | 1,84,800 | 84,000 |

| | | | | | |
|---|---|---|---|---|---|
| | | | 3/22 വരെ ഈടാക്കിയിട്ടില്ല(22 മാസം) | | |
| 13 | സീനിയർ സൂപ്രണ്ട്സിറ്റി പോസ്റ്റോഫീസ്കോഴിക്കോട് | 24 | @3110 PM 4/19 മുതൽ 3/22 വരെ ഈടാക്കിയിട്ടില്ല 4/19 ന് മുമ്പുള്ള രജിസ്റ്റർ ഹാജരാക്കിയിട്ടില്ല (36 മാസം) | 1,11,960 | 37,320 |
| 14 | എക്സൈസ് റേഞ്ച് ഓഫീസ് | 25 മുതൽ30 വരെ | @2501 PM 6/19 മുതൽ 3/21 (22x2501) @ 3000 PM4/21 മുതൽ 3/22 വരെ | 91,022 | 55,022 |
| IV | ചെറുവണ്ണൂർ ഫിഷ് മാർക്കറ്റ് | | | | |
| 15 | സുധിൻ | -- | @984 PM 2/20 ൽ അടവാക്കിയിട്ടില്ല. @1181PM 5/21മുതൽ 3/22 വരെ അടവാക്കിയിട്ടില്ല | 13,975 | -- |
| 16 | സി.അബൂബക്കർ ഹാജി | 8 | @1176 PM 4/20 മുതൽ 3/21 വരെ അടവാക്കിയിട്ടില്ല @1411 PM 4/21മുതൽ 3/22 വരെ അടവാക്കിയിട്ടില്ല | 31,044 | 14,112 |
| 17 | കെ.ടി.മുഹമ്മദ് കുട്ടി | 10 | @1306 PM 4/20 മുതൽ 3/21 വരെ ഈടാക്കിയിട്ടില്ല@1567 PM 4/21മുതൽ 3/22 വരെ ഈടാക്കിയിട്ടില്ല | 34,476 | 15,672 |
| V | കരുന്തയിൽ ഇൻഡസ്ട്രീസ് എസ്റ്റേറ്റ് | | | | |
| 18 | ഷബീർ അഹമ്മദ് | 1 | @1596 PM 11/19 മുതൽ 3/20 വരെ ഈടാക്കിയിട്ടില്ല (5 മാസം) | 7,980 | -- |
| 19 | ഷബീർ അഹമ്മദ് | 2 | @1410 PM 11/19 മുതൽ 3/20 വരെ ഈടാക്കിയിട്ടില്ല (5 മാസം) | 7,050 | -- |
| 20 | ഹരീഷ് പറന്താട്ടിൽ | 6 | @1519 PM 11/20 മുതൽ 3/22 വരെ ഈടാക്കിയിട്ടില്ല (17 മാസം) | 25,823 | 7,595 |
| 21 | വി.എം.രാജശേഖരൻ | 8 | @1176 PM 7/20 മുതൽ 3/21 വരെ (9 മാസം)@1412 PM 4/21മുതൽ 3/22 വരെ (9 മാസം) | 27,528 | 10,584 |

| | | | | | |
|---|---|---|---|---|---|
| VI | വനിതാ വ്യവസായ കേന്ദ്രം, ജയന്തി റോഡ് | | | | |
| 22 | ഷജില ബാലകൃഷ്ണൻ | 1 | @1128PM 4/20 മുതൽ 3/22 വരെ ഈടാക്കിയിട്ടില്ല(24 മാസം) | 27,072 | 13,536 |
| 23 | ഷൈലജ | 2 | @1503 PM 1/21 മുതൽ 3/22 വരെ ഈടാക്കിയിട്ടില്ല (15 മാസം) | 22,545 | 4,509 |
| 24 | രാഗിണികൊളത്തറ | 4 | @1252 PM 4/20 മുതൽ 9/20 വരെ ഈടാക്കിയിട്ടില്ല(6 മാസം)@1503 PM 10/20 മുതൽ 3/22 വരെ ഈടാക്കിയിട്ടില്ല (18 മാസം) | 34,566 | 16,530 |
| 25 | ഷർമിള | 2 | @1128 PM 4/20 മുതൽ 3/22 വരെ ഈടാക്കിയിട്ടില്ല(24 മാസം) | 27,072 | 13,536 |
| 26 | അഫ്സത്ത് | 4 | @1138 PM 4/20 മുതൽ 3/22 വരെ ഈടാക്കിയിട്ടില്ല (24 മാസം) | 27,312 | 13,656 |
| 27 | ഷൈനി | 5 | @1138 PM 4/20 മുതൽ 3/22 വരെ ഈടാക്കിയിട്ടില്ല (24 മാസം) | 27,312 | 13,656 |
| VII | വനിത വ്യവസായ കേന്ദ്രം, കല്ലുവെട്ട് കുഴി | | | | |
| 28 | റീജ.കെ | 1 | @1503 PM 1/21 മുതൽ 3/22 വരെ ഈടാക്കിയിട്ടില്ല (15 മാസം) | 22545 | 4509 |
| VIII | വനിതാ വ്യവസായ കേന്ദ്രം, റഹ്മാൻ ബസാർ | | | | |
| 29 | അനീസ | 1 | @900 PM 4/19 മുതൽ 3/20 വരെ ഈടാക്കിയിട്ടില്ല (12 മാസം)@1080 PM 4/20 മുതൽ 3/22 വരെ ഈടാക്കിയിട്ടില്ല (24 മാസം) | 36,720 | 12,960 |
| 30 | കെ.വി.ഫാത്തിബി | 2 | @887 PM 1/21 മുതൽ 3/22 വരെ ഈടാക്കിയിട്ടില്ല (15 മാസം) | 13,305 | 2,661 |
| 31 | ഷീന.പി | 3 | @1200 PM 4/20 മുതൽ 9/20 വരെ ഈടാക്കിയിട്ടില്ല(6 | 21,600 | 14,400 |

| | | | | | |
|---|---|---|---|---|---|
| | | | മാസം)3/21 മുതൽ 4/22 വരെ ഈടാക്കിയിട്ടില്ല (12 മാസം) | | |
| 32 | സഫിയ.പി | 4 | @1200 PM 9/19 മുതൽ 4/20 വരെ ഈടാക്കിയിട്ടില്ല (8 മാസം)@1440 PM 4/21 മുതൽ 3/22 വരെ ഈടാക്കിയിട്ടില്ല (12 മാസം) | 26,880 | -- |
| 33 | വഹീദ ഇളയടത്ത് | 7 | @983 PM 3/21 (1 മാസം)@1180 PM 4/21 മുതൽ 3/22 വരെ ഈടാക്കിയിട്ടില്ല (12 മാസം) | 15,143 | 983 |
| 34 | എം.കെ.കമറുന്നീസ | 9 | @2224 PM 4/20 മുതൽ 3/22 വരെ ഈടാക്കിയിട്ടില്ല (24 മാസം) | 53,376 | 26,688 |
| 35 | അജിതകുമാരി | 10 | @785 PM 3/21 മുതൽ 3/22 വരെ ഈടാക്കിയിട്ടില്ല (13 മാസം) | 10,205 | 785 |
| IX | കുണ്ടായിത്തോട് ഫിഷ് മാർക്കറ്റ് | | | | |
| 33 | ബാബു | -- | @2987 PM 4/21 മുതൽ 3/22 വരെ ഈടാക്കിയിട്ടില്ല (12 മാസം) | 35,844 | -- |
| | ആകെ | | | 429028 | |

(2) ഡിമാന്റ് രജിസ്റ്ററിൽ 2020-21 വർഷത്തെ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ലഭ്യമാക്കിയ ഡി.സി.ബി. പത്രിക പ്രകാരം കെട്ടിട വാടകയിനത്തിലുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിശദാംശം ചുവടെ കൊടുക്കുന്നു.

| ഡിമാന്റ് | | | വരവ് | | | ബാലൻസ് | | |
|---|---|---|---|---|---|---|---|---|
| കുടിശ്ശിക | തന്നാണ്ട് | ആകെ | കുടിശ്ശിക | തന്നാണ്ട് | ആകെ | കുടിശ്ശിക | തന്നാണ്ട് | ആകെ |
| 995839 | 4658988 | 5654827 | 563247 | 2618258 | 3181505 | 432592 | 2040730 | 2473322 |

എന്നാൽ ഡിമാന്റ് രജിസ്റ്റർ എഴുതി പൂർത്തിയാക്കി ഈ രീതിയിൽ 2020-21 വർഷത്തെ വിശദാംശങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ ലഭ്യമാക്കിയ പത്രികയുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല. (ഈ പത്രികയിലെ വിവരങ്ങളാണ് കോഴിക്കോട് കോർപ്പറേഷന്റെ 2020-21 വാർഷികധനകാര്യ പത്രികയിലും ഉൾപ്പെടുത്തിയിട്ടുള്ളത്)

(3) വാടക ഈടാക്കിയതിൽ കുറവ്

ലൈസൻസ് വ്യവസ്ഥയിൽ നൽകുന്ന മുറികളുടെ വാടക 3 വർഷം കൂടുമ്പോൾ നിലവിലുള്ള നിരക്കിന്റെ 20% വർദ്ധിപ്പിച്ച നിരക്കിൽ ഈടാക്കുന്നതിനാണ് എഗ്രിമെന്റ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളത് എങ്കിലും ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന മുറികളുടെ കാര്യത്തിൽ പ്രസ്തുത നിബന്ധന പാലിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | റൂം നമ്പർ | ലൈസൻസി | കരാർ പ്രകാരം ഈടാക്കേണ്ട വാടക | ഈടാക്കിയത് | കുറവ് | റിമാർക്ക്സ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| I | ചെറുവണ്ണൂർ ഷോപ്പിംഗ് കോംപ്ലക്സ് | | | | | |
| 1 | Istfloor | റിനീഷ്.പി | 50,878 | 42,398 | 8480X4=33920(12/20 മുതൽ 3/21 വരെ) | 18.07.20 മുതൽ 17.07.23 വരെ 50878/- നിരക്കിലാണ് ഈടാക്കേണ്ടത്. 4/20 മുതൽ 11/20 വരെ സർക്കാർ ഉത്തരവ് പ്രകാരം ഇളവ് ചെയ്ത് കൊടുത്തു |
| 2 | Istfloor | റിനീഷ്.പി | 34,394 | 13,323 | 21071X4=84284(12/20 മുതൽ 3/21 വരെ) | 01.05.18 മുതൽ 30.04.21 വരെ 34394/- നിരക്കിലാണ് ഈടാക്കേണ്ടത്. 4/20 മുതൽ 11/20 വരെ സർക്കാർ ഉത്തരവ് പ്രകാരം ഇളവ് ചെയ്ത് കൊടുത്തു |
| II | അരീക്കാട് ഷോപ്പിംഗ് കോംപ്ലക്സ് | | | | | |
| 3 | 19 | കെ.പി. അബൂബക്കർ | 8,400 | 7,000 | 1400X7=9800(11/19 മുതൽ 5/20 വരെ)22X8400=184800 (6/20 മുതൽ 3/22 വരെ) | 05.11.19 മുതൽ 04.11.22 വരെ 8400/- നിരക്കിലാണ് ഈടാക്കേണ്ടത്. 6/20 മുതൽ 3/22 വരെ പൂർണ്ണമായും ഈടാക്കിയിട്ടില്ല |
| III | ഫറോക്ക് ഷോപ്പിംഗ് കോംപ്ലക്സ് | | | | | |
| 4 | പൈപ്പ് സ്റ്റാന്റ് | സി.പി. അബൂബക്കർ | 605(15.06.2017 മുതൽ 14.06.2020 വരെ)726(15.06.2010 മുതൽ 14.06.2023 വരെ) | 504 | 6X605=3630(1.1.20 മുതൽ 30.06.20 വരെ)21X726=15246(1.7.20 മുതൽ 31.3.21 വരെ) | 1/20 മുതൽ 3/22 വരെ പൂർണ്ണമായും ഈടാക്കിയിട്ടില്ല |
| 5 | 6FF | മെഹബൂബ്.ടി.പി | 22831(15.07.2016 മുതൽ 14.07.2019 വരെ)27397(15.07.2019 മുതൽ 31.03.2022 വരെ) | 19,026 | 3805X4=45660(4/19 മുതൽ 7/19 വരെ)8371X32=267872 | 4/19 മുതൽ 3/20 വരെ 19026/- നിരക്കിലാണ് ഈടാക്കിയത്. 4/20 മുതൽ 3/22 വരെ പൂർണ്ണമായും ഈടാക്കിയിട്ടില്ല |
| 6 | 21 | സി.പി. അബൂബക്കർ | 6,1007,320 | 5,0835,083 | 1017X12=12204(4/18 മുതൽ 3/19 വരെ)2237X19=42503(4/19 മുതൽ 10/20 വരെ) | എഗ്രിമെന്റ് പ്രകാരം 4/16 മുതൽ 3/19 വരെ 6100/- തോതിലും 4/19 മുതൽ 3/22 വരെ 7320 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | തോതിലുമാണ് ഈടാക്കേണ്ടത്. എന്നാൽ 4/18 മുതൽ 10/20 വരെ 5083/- നിരക്കിലാണ് ഈടാക്കിയത്. |
| | | | ആകെ | | 699919 | |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ 64/21 (തിയതി 21.2.22)നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശികയിനത്തിൽ ഈടാക്കാനുള്ള 11,28,947/-(1-36 (1) 429028 + 1-36 (3) 6,99,919) രൂപ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-37 ബസ്റ്റാന്റ് ഫീസ് പിരിവ് ലേലം - അപാകതകൾ.

ഫയൽ നം. BZ/G2/1530/20 (ബേപ്പൂർ മേഖല കാര്യാലയം)

ബേപ്പൂർ ബസ്റ്റാന്റ് ഫീസ് പിരിക്കുന്നതിനുള്ള കുത്തകവകാശം 29.02.2020 ന് ലേലം ചെയ്തതിൽ ശ്രീ.സൂര്യകുമാർ.പി. എന്നവരുടെ 2,24,000/-രൂപയുടെ ഓഫർ 23.03.2020 ലെ കൗൺസിൽ തീരുമാനം 73 പ്രകാരം അംഗീകരിച്ചു. ശ്രീ.സത്യകുമാർ.പി. എന്നയാൾ ലേല തുകയുടെ 50% തുകയും ജി.എസ്.ടി. യും ഉൾപ്പെടെ 1,30,980/- രൂപയും ഡെപ്പോസിറ്റ് ഇനത്തിൽ 30,000/- രൂപയും അടച്ചിട്ടുണ്ട്. കോവിഡ് 19 കാരണം ബസ് സർവ്വീസ് ഇല്ലാത്തതിനാൽ അടച്ച തുക തിരികെ ലഭിക്കണമെന്നാവശ്യപ്പെട്ട് 04.06.2020 ന്അപേക്ഷ നൽകി. ഈ അപേക്ഷ പരിഗണിച്ച കൗൺസിൽ 16.09.2020 ലെ തീരുമാന പ്രകാരം വിഷയം സർക്കാറിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് റവന്യൂ ഓഫീസറെ ചുമതലപ്പെടുത്തി. സർക്കാർ തീരുമാനം ഉണ്ടാകുന്നത് വരെ ഫീസ് ഡിപ്പാർട്ട്മെന്റലായി പിരിക്കാൻ റവന്യൂ ഇൻസ്പക്ടറെ ചുമതലപ്പെടുത്തിയത് പ്രകാരം ശ്രീ.മുരുകൻ, ശ്രീ.ഷൈജു എന്നിവരെ നിയോഗിച്ചു. നഗരസഭ 28.11.2020 മുതൽ 31.03.2021 വരെ 91,370/- രൂപ നേരിട്ട് പിരിച്ചെടുത്തതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 1998 ലെ കേരള മുനിസിപ്പാലിറ്റി (പാട്ടക്കാർക്കും ലൈസൻസികൾക്കും കരാറുകാർക്കും കിസ്തിളവ് അനുവദിക്കൽ) ചട്ടങ്ങളിലെ ചട്ടം 4, 5 പ്രകാരവും ബന്ധപ്പെട്ട കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും തീരുമാനമെടുക്കാൻ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ ഉത്തരവ് 1410/21 ത.സ്വ.ഭ.വ. 27.07.2021 പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. മേൽ ചട്ട പ്രകാരം പാട്ടതുക മുഴുവനും അടച്ച് കരാർ ഒപ്പിടുന്നവർക്ക് മാത്രമെ കിസ്തിളവിന് അർഹതയുള്ളൂ എന്നതിനാൽ തുക അടച്ച് കരാർ വെക്കുന്നതിന് 22.11.2021 ന് ലേലം കൊണ്ടയാൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

(1) നഗരസഭയുടെ ലേല നിബന്ധനകൾ പ്രകാരം ലേലം/ടെണ്ടർ താൽക്കാലികമായി ഉറപ്പിച്ചു കഴിഞ്ഞാൽ 1, 2 സ്ഥാനക്കാരുടെ നിരതദ്രവ്യം നഗരസഭയിൽ പിടിച്ചുവെക്കുന്നതും ഒന്നാം സ്ഥാനക്കാരന്റെ ലേലം/ടെണ്ടർ തുക കൗൺസിൽ അംഗീകരിച്ച് ഉടമ്പടി ഒപ്പുവെച്ച ശേഷം രണ്ടാം സ്ഥാനക്കാരന്റെ നിരത ദ്രവ്യം തിരിച്ചു നൽകാവുന്നതാണ്. എന്നാൽ 1-ാം സ്ഥാനക്കാരൻ നഗരസഭയുമായി കരാർ വെക്കാതിരുന്നിട്ടും 2-ാം സ്ഥാനക്കാരന്റെ 01.03.2021 ലെ അപേക്ഷ പ്രകാരം നിരതദ്രേവ്യം തിരികെ നൽകി. ഇത് ലേല വ്യവസ്ഥകൾക്ക് വിരുദ്ധമായ നടപടിയാണ്.

(2) ലേലം കൊണ്ട ശ്രീ.സത്യകുമാർ എന്നയാൾ കൗൺസിൽ അംഗീകാരത്തിന് ശേഷവും കരാർ വെക്കാത്ത സാഹചര്യത്തിൽ ടിയാന്റെ ലേലം റദ്ദാക്കി 2-ാം സ്ഥാനക്കാരന്റെ ലേലം അംഗീകരിക്കുന്നതിനുള്ള നടപടികളൊന്നും സ്വീകരിച്ചില്ല.

(3) ബസ്റ്റാൻഡ് ഫീസ് പിരിവ് ഏറ്റെടുത്ത ശ്രീ.സത്യകുമാർ എന്നയാൾ ബാക്കി തുക അടക്കുകയോ കരാർ വെക്കുകയോ ചെയ്യാതിരുന്നിട്ടും ഉടൻ തന്നെ നേരിട്ട് പിരിവ് നടത്തുകയോ 2-ാം സ്ഥാനക്കാരനായ ആളെ ഏൽപ്പിക്കുകയോ ചെയ്യാതെ ലേലം കൊണ്ട സത്യകുമാർ അടച്ച തുക തിരികെ നൽകണമെന്ന് 04.06.2020 ന് ആവശ്യപ്പെട്ടപ്പോൾ മാത്രമാണ് അപേക്ഷ കൗൺസിലേക്ക് സമർപ്പിച്ചിട്ടുള്ളത്. ലേലം കൊണ്ടയാൾ അടച്ച തുക തിരികെ നൽകണമെന്ന് 04.06.20 ന് ആവശ്യപ്പെട്ട ഉടൻ തന്നെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് നഗരസഭ നേരിട്ട് പിരിക്കാൻ നടപടി സ്വീകരിച്ചില്ല. കരാർ ഏറ്റെടുത്തയാൾ നൽകിയ 04.06.2020 ലെ അപേക്ഷക്ക് ശേഷം 6 മാസം കഴിഞ്ഞ് 28.11.2020 മുതലാണ് നഗരസഭ നേരിട്ട് പിരിച്ചത്.

(4) കരാറുകാരന്റെ തുക തിരികെ നൽകണമെന്ന അപേക്ഷ സർക്കാറിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് 16.09.2020 ലെ കൗൺസിൽ റവന്യൂ ഓഫീസറെ ചുമതലപ്പെടുത്തിയെങ്കിലും 15.01.2021 ന് മാത്രമാണ് നഗരകാര്യ ഡയറക്ടർക്ക് ഇക്കാര്യം കാണിച്ച് കത്തയച്ചത്. യാഥാസമയം നടപടി സ്വീകരിക്കുന്നതിൽ കാലതാസമസം വരുത്തി.

(5) 1998 ലെ കേരള മുനിസിപ്പാലിറ്റി (പാട്ടക്കാർക്കും ലൈസൻസികൾക്കും കരാറുകാർക്കും കിസ്തിളവ് അനുവദിക്കൽ) ചട്ട പ്രകാരം തുക അടച്ച് കരാറിൽ ഏർപ്പെടുന്നവർക്ക മാത്രമെ കിസ്തിളവിന് അർഹതയുള്ളു എന്നതിനാൽ തുക അടച്ച് കരാർ വെക്കണമെന്ന് ലേലം ഏറ്റെടുത്ത കാലവധിയയായ 31.03.2021 കഴിഞ്ഞ ശേഷം 22.11.2021 ന് ലേലം കൊണ്ടയാൾക്ക് കത്ത് നൽകിയത് മേൽ ചട്ടത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായ നടപടിയാണ്. ലേലം കൊണ്ട ശേഷം കൗൺസിൽ അംഗീകാരം ലഭിച്ച ഉടൻ തന്നെ തുക അടച്ച് കരാർ വെക്കേണ്ടതായിരുന്നു. അങ്ങനെ ചെയ്താൽ മാത്രമെ കിസ്തിളവിന് അർഹതയുള്ളു എന്ന് ചട്ടത്തിൽ വ്യവസ്ഥ ഉള്ളതിനാൽ മേൽ നോട്ടീസ് ചട്ട പ്രകാരമുള്ളതല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് നഗരസഭ ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് കാരണമാണ് ഇങ്ങനെ സംഭവിച്ചതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ മറുപടി തൃപ്തികരമല്ല. മേൽ പരാമർശിച്ച വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-38 ബസ് സ്റ്റാന്റ് ലേലം - 18,60,000/-രൂപ നഷ്ടം.

ഫയൽ നമ്പർ : എ32/15461/2020

2020-21 വർഷത്തെ ബസ്സ്റ്റാന്റ് പിരിവുമായി ബന്ധപ്പെട്ട് 19.2.2020 ന് ലേലം നടത്തുകയുണ്ടായി. പ്രസ്തുത ലേലത്തിൽ 2 പേർ പങ്കെടുത്തിരുന്നെങ്കിലും ആരും ലേലം വിളിച്ചിരുന്നില്ല. അതേ സമയം 3 ടെണ്ടർ ലഭിച്ചതിൽ ഏറ്റവും കൂടുതൽ തുകയായ 30,33,000/- രൂപ ക്വാട്ട് ചെയ്ത ശ്രീ. മുഹമ്മദ് അസ്‌ലം എന്നയാളുടെ ടെണ്ടർ അംഗീകരിക്കുകയുണ്ടായി. ടിയാനുമായി നെഗോസിയേഷൻ നടത്തിയതിന്റെ അടിസ്ഥാനത്തിൽ ലേല തുക 31,00,000/- രൂപയായി നിജപ്പെടുത്തി. 20.2.2020 ന് 11901010309 നമ്പർ രശീതി പ്രകാരം ലേല തുകയുടെ 50% ആയ 15,50,000/- രൂപയും നികുതികളും ടിയാൻ നഗരസഭയിൽ മുൻകൂറായി അടവാക്കിയിട്ടുണ്ട്. അതിനു ശേഷം നഗരസഭ യഥാസമയം തുടർനടപടികൾ സ്വീകരിക്കാതിരുന്നതിനാൽ ബസ് സ്റ്റാന്റ് ഫീ വരവിനത്തിൽലഭിക്കേണ്ടിയിരുന്ന മുഴുവൻ തുകയും നഗരസഭക്ക് ലഭിച്ചിട്ടില്ല. 16.9.2020 മുതൽ 22.10.20 വരെ ഡിപ്പാർട്ട്മെന്റലായി പിരിക്കുകയും 23.10.2020 മുതൽ 31.3.2021 വരെ ശ്രീ. ടി.പി. അബൂബക്കർ എന്നയാൾ 2,76,000/- രൂപക്ക് കരാർ ഏറ്റെടുക്കുകയും ചെയ്തു. ലേല തുടർനടപടിക്രമങ്ങളിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. ലേല നടപടികൾ ആരംഭിക്കുന്നത് എ36 സെക്ഷനിലും ലേലം ഉറപ്പിച്ച ശേഷം തുടർനടപടികൾ സ്വീകരിക്കുന്നത് എ32 സെക്ഷനിലുമാണ്. 19.2.2020 ന് ശ്രീ. മുഹമ്മദ് അസ് ലം സമർപ്പിച്ച ടെണ്ടർ അംഗീകരിച്ചിട്ടുണ്ടെങ്കിലും ഫയൽ തുടർ നടപടികൾക്കായി എ32 സെക്ഷനിലേക്ക് നൽകിയത് 3 മാസത്തിനു ശേഷം 19.5.2020 ലാണ്. ഈ 3 മാസകാലയളവിനുള്ളിൽ സ്വീകരിക്കേണ്ട നടപടികളായ സെലക്ഷൻ നോട്ടീസ് അയക്കൽ, മുൻകൂർ അടയ്ക്കാൻ അവശേഷിക്കുന്ന ലേല തുക ഈടാക്കൽ, കരാർ വെക്കൽ എന്നിവ യഥാസമയം നടന്നിട്ടില്ല.

2. 19.5.2020 ന് നഗരസഭയിൽ നിന്നും സെലക്ഷൻ നോട്ടീസ് അയച്ചത് 26.5.2020 ന് കരാറുകാരൻ കൈപ്പറ്റിയിട്ടുണ്ടെങ്കിലും ലേലതുകയുടെ ബാക്കി തുക അടയ്ക്കാനോ എഗ്രിമെന്റ് വെക്കാനോ തയ്യാറായിട്ടില്ല. കോവിഡ് 19 മഹാമാരി കാരണം 24.3.2020 മുതൽ സമ്പൂർണ്ണ ലോക്ക്ഡൗൺ ആയതിനാൽ ഏപ്രിൽ മാസം മുതൽ ബസ് സ്റ്റാന്റ് ഫീ പിരിക്കാനായിട്ടില്ലെന്നും ജൂലായ് മാസത്തിൽ 7200/- രൂപ മാത്രമാണ് പിരിഞ്ഞു കിട്ടിയതെന്നും ആയതിനാൽ ടിയാനെ ലേലത്തിൽ നിന്നും ഒഴിവാക്കി മുൻകൂർ അടവാക്കിയ തുക തിരികെ നൽകണമെന്നും ആവശ്യപ്പെട്ട് 23.7.2020, 22.8.2020 തിയ്യതികളിലായി നഗരസഭക്ക് അപേക്ഷ നൽകി. പ്രസ്തുത അപേക്ഷ പരിഗണിച്ച് ഇളവിനായി സർക്കാരിലേക്ക് കത്ത് അയക്കാൻ 28.9.2020 ൽ കൗൺസിൽ തീരുമാനമായതും 10.12.2020, 3.2.2021 തിയ്യതികളിൽ സർക്കാരിലേക്ക് കത്ത് അയച്ചതുമാണ്. എന്നാൽ ഇതുവരെ സർക്കാരിൽ നിന്നും മറുപടി ലഭ്യമായിട്ടില്ല. 16.9.2020 മുതൽ 22.10.2020 വരെയുള്ള 38 ദിവസം ഡിപ്പാർട്ട് മെന്റലായി ബസ് സ്റ്റാന്റ് ഫീസ് ഇനത്തിൽ പിരിച്ചെടുത്തത് 54028/- രൂപയാണെന്നും ആയതിനാൽ നഗരസഭ ഡിപ്പാർട്ടമെന്റലായി പിരിവ് തുടങ്ങിയതു വരെയുള്ള കാലയളവിലെ തുക ശരാശരി വരുമാനമായി കണക്കാക്കി ശ്രീ. മുഹമ്മദ് അസ്‌ലം എന്നവരിൽ നിന്നും ഈടാക്കി ബാക്കി തുക തിരിച്ചു നൽകുന്നതിനുള്ള അനുമതിക്കാണ് സർക്കാരിലേക്ക് കത്ത് അയച്ചത്. 1.4.2020 മുതൽ 15.9.2020 വരെയുള്ള 167 ദിവസത്തേക്ക് ദിവസം 1422/- രൂപ നിരക്കിൽ 2,37,474/- രൂപയും ആയതിന്റെ നികുതികളുമടക്കം 2,82,594/- രൂപ ഈടാക്കി ശേഷിക്കുന്ന 13,12,526/- രൂപ (നികുതികളടക്കം 15,61,907/- രൂപ) തിരിച്ചു നൽകാനുള്ള അനുമതിക്കാണ് കത്ത് അയച്ചത്.

3. 1998 ലെ കേരള മുനിസിപ്പാലിറ്റി (പാട്ടക്കാർക്കും ലൈസൻസികൾക്കും കിസ്തിളവ് അനുവദിക്കൽ) ചട്ടങ്ങളിലെ ചട്ടം 2(iv) പ്രകാരം മുനിസിപ്പാലിറ്റിക്ക് ലഭിക്കേണ്ട ഏതെങ്കിലും ഫീസ് പിരിക്കുന്നതിനുള്ള അവകാശം നിയമാനുസൃതമായ ഒരു കരാർ മൂലം അധികാരം ലഭിച്ചിട്ടുള്ള ആളാണ് കരാറുകാരൻ അഥവാ ലൈസൻസി. എന്നാൽ ബസ് സ്റ്റാന്റ് ഫീസ് പിരിക്കുന്നതിന് ശ്രീ. മുഹമ്മദ് അസ്‌ലം എന്നയാൾ മേൽ ചട്ടം പാലിച്ച് കരാർ വെച്ചിട്ടില്ലാത്തതാകുന്നു. കൂടാതെ മേൽ ചട്ടങ്ങളിലെ ചട്ടം 5 അനുസരിച്ച് കരാർ പ്രകാരമുള്ള മുഴുവൻ തുകയും അടവാക്കാതെ കിസ്തിളവ് അനുവദിക്കാനും നിർവ്വാഹമില്ല. ബസ് സ്റ്റാന്റ് ഫീ ലേലത്തിൽ മുഴുവൻ തുക അടക്കുകയോ കരാർ വെക്കുകയോ ചെയ്യാത്ത ടിയാന് കിസ്തിളവ് അനുവദിക്കുന്നതിന് സർക്കാരിലേക്ക് നഗരസഭ കത്ത് അയച്ചത് ചട്ടങ്ങളുടെ ലംഘനമാണ്.

4. ലേല നിബന്ധനകളിൽ ലേലം ഉറപ്പിച്ചു കഴിഞ്ഞാൽ എഗ്രിമെന്റ് വെക്കുന്നതോടൊപ്പം സോൾവൻസി സർട്ടിഫിക്കറ്റ്/ബാങ്ക് ഗ്യാരണ്ടി സമർപ്പിക്കാൻ നിർദ്ദേശമുണ്ട്. നഗരസഭ ലേലക്കാരിൽ നിന്നും പ്രസ്തുത സർട്ടിഫിക്കറ്റ്/ബാങ്ക് ഗ്യാരണ്ടി വാങ്ങി സൂക്ഷിക്കാൻ നടപടികൾ സ്വീകരിച്ചു കാണുന്നില്ല. സോൾവൻസി സർട്ടിഫിക്കറ്റ്/ബാങ്ക് ഗ്യാരണ്ടി സർട്ടിഫിക്കറ്റിന്റെ അഭാവം കാരണം കരാറുകാരിൽ നിന്നും വരുമാന നഷ്ടം ഈടാക്കാൻ നഗരസഭക്ക് പ്രയാസം നേരിടേണ്ടിവരുന്നു. ലേല തുടർനടപടിക്രമങ്ങളിലെ വീഴ്ച കാരണം 2020-21 വർഷം ബസ് സ്റ്റാന്റ് ഫീ ഇനത്തിൽ വരുമാന നഷ്ടം ഉണ്ടായ സാഹചര്യത്തിൽ ലേലക്കാരന് ചട്ടവിരുദ്ധമായി തുക റീ ഫണ്ട് ചെയ്തു കൊടുക്കുന്നതിന് തീരുമാനമെടുക്കാനും അതു സംബന്ധിച്ച് സർക്കാരിനോട് അപേക്ഷിക്കാനുമാണ് നഗരസഭ പ്രാധാന്യം കൊടുത്തത്.

5. 23.10.2020 മുതൽ 31.3.2021 വരെ ബസ് സ്റ്റാന്റ് പിരിക്കുന്നതിന് ശ്രീ. ടി.പി. അബൂബക്കർ എന്നയാൾ 2,76,000/- രൂപയുടെ ഓഫർ നൽകിയതായി നോട്ട് ഫയലിൽ കാണുന്നു. എന്നാൽ ടിയാനെ ബസ് സ്റ്റാന്റ് പിരിവ് ഏൽപിച്ചു കൊടുത്തതിന്റെയോ ഫീസ് ഈടാക്കിയതിന്റെയോ വിശദാംശങ്ങൾ ഫയലിൽ നിന്നും ലഭിച്ചിട്ടില്ല. ടിയാൻ 2020-21 ലെ ടെണ്ടറിൽ 2ാം സ്ഥാനക്കാരനായിരുന്നതും അന്നത്തെ ഡെപ്പോസിറ്റ് 2,10,000/- രൂപ 13.10.2020 ന് റീ ഫണ്ട് ചെയ്തതായും ഫയലിൽ രേഖകളുണ്ട്. എന്നാൽ രണ്ടാമതും ബസ് സ്റ്റാന്റ് പിരിവ് ടിയാനെ എൽപിച്ചിട്ടുണ്ടെങ്കിൽ ആയതിനുള്ള ഡെപ്പോസിറ്റ് തുക ടിയാനിൽ നിന്നും ഈടാക്കിയതിന്റെയോ ടിയാന്റെ ഓഫർ അംഗീകരിച്ചതിന്റെ കൗൺസിൽ തീരുമാനമോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ബസ് സ്റ്റാന്റ് ഫി ഇനത്തിൽ ടിയാൻ നഗരസഭയിൽ 2,76,000/- രൂപ അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

ലേല തുടർ നടപടികൾ സംബന്ധിച്ച് മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 31.5.20022 ന് നൽകിയ ഒ.എസ്. നമ്പർ 78/2020-21 ന് നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല.

2022-23 ലെ ബസ് സ്റ്റാന്റ് ഫി ലേലം ഫയൽ പരിശോധിച്ചതിൽ ലേലം സംബന്ധിച്ച നടപടികളെല്ലാം ചട്ടം പ്രകാരം നടന്നതായി ഓഡിറ്റിൽ ബോധ്യപ്പെട്ടിട്ടുണ്ട്. 28.2.2022 ൽ ലേലം നടത്തുകയും 32,53,000/- രൂപക്ക് ശ്രീ. ജിസിൽ ജോൺസൺ എന്ന ലൈസൻസി ഫീസ് പിരിക്കുന്നതിനുള്ള കുത്തകാവകാശം ഏറ്റെടുക്കുകയും 28.2.2022 ന്ന തന്നെ 50% തുക മുൻകൂറായി നഗരസഭയിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി 25% തുക 31.3.2022 നം അടച്ചിട്ടുണ്ട്. മുൻവർഷങ്ങളിൽ ബസ് സ്റ്റാന്റ് ഫീ പിരിവുമായി ബന്ധപ്പെട്ട് നഗരസഭ മനപൂർവ്വമായ വീഴ്ചകളാണ് നടത്തിയതെന്ന വസ്തുത മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വ്യക്തമാണ്. ആയതിനാൽ 2020-21 വർഷം ബസ് സ്റ്റാന്റ് ഫീ ഇനത്തിൽ നഗരസഭയ്ക്ക് നഷ്ടം വന്ന 18,60,000/-രൂപ (അടയ്ക്കാൻ അവശേഷിക്കുന്ന 15,50,000/- + 2,79,000/- GST 18% + 31000/- IT 2% ) ഉത്തരവാദികളിൽ നിന്നും ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-39 ലൈസൻസ് ഇല്ലാതെ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതും മറ്റ് അപാകതകളും

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 447 പ്രകാരം സെക്രട്ടറിയുടെ അനുമതിയില്ലാതെ യാതൊരു വ്യാപാര സ്ഥാപനവും നഗരസഭ പരിധിയിൽ പ്രവർത്തിക്കാൻ പാടില്ല. 2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 11(1) പ്രകാരം മുൻ വർഷങ്ങളിൽ ലൈസൻസ് ലഭിച്ചവർ ആയത് പുതുക്കുന്നതിനുള്ള അപേക്ഷ അതിന്റെ കാലാവധി അവസാനിക്കുന്നതിന് 30 ദിവസത്തിൽ കുറയാതെയും 90 ദിവസത്തിൽ കവിയാതെയും ഉള്ള സമയത്തിനുള്ളിൽ സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതാണ്.

നഗരസഭയിലെ വ്യാപാര സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ടുള്ള പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ നൽകുന്നു.

1) 2020-21 വർഷത്തെ ഡി & ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2019-20 വർഷം ലൈസൻസ് എടുത്ത/പുതുക്കിയ താഴെ പറയുന്ന സ്ഥാപനങ്ങൾ തൻവർഷം ഡി & ഒ ലൈസൻസ് പുതുക്കിയിട്ടില്ല എന്ന് കണ്ടെത്തി.

1. ഹെൽത്ത് സർക്കിൾ നം. 1

| ക്രമ. നം. | വാർഡ് | കെട്ടിട നം. | വ്യാപാരിയുടെ പേര് | വ്യാപാര സ്ഥാപനം |
|---|---|---|---|---|
| 1 | 1 | 594 I | കെ.സോമൻ | ധന്യ എഞ്ചിൻ ഓയിൽ |
| 2 | ” | 767 | ലക്ഷ്മി.ടി.പി | ചായക്കട |
| 3 | ” | 768 | സി.കെ.മനോജ് | ലക്ഷ്മി സ്റ്റോർ |
| 4 | ” | 815 | നിർമ്മല.പി | സ്റ്റേഷനറി |

| | | | | |
|---|---|---|---|---|
| 5 | ” | 841 | കുഞ്ഞിക്കണ്ണൻ | സ്വീറ്റ്സ് & കൂൾബാർ |
| 6 | ” | 844 F | താര | സിമന്റ് |
| 7 | ” | 844 L | സ്വപ്ന നമ്പ്യാർ | എ.സി.റിപ്പയറിംഗ് |
| 8 | ” | 851 | കെ.വി.പ്രേമവല്ലി | ഫ്രൂട്ട്സ് |
| 9 | ” | 875 A | ജ്യോതി ബസു | കോസ്മറ്റിക്, ഹെർബൽ പ്രൊഡക്ട്സ് |
| 10 | ” | 968 C | സന്തോഷ് മാത്യു | സോഫ്റ്റ്വെയർ ഡെവലപ്പിംഗ് ഇ-കൊമേഴ്സ് |
| 11 | ” | 1029 A14, A15 | ഷിനലാൽ.ഇ.കെ | ഡോർ വില്പന |
| 12 | ” | 1038 A | സുജിത്ത് റാം | ബോഡി റിപ്പയറിംഗ് വർക്സ് |
| 13 | ” | 1039 | സഫ്വാൻ.പി.കെ | സ്റ്റിക്കർ റൈറ്റിംഗ്, നമ്പർ പ്ലേറ്റ് |
| 14 | ” | 1048 B | പ്രതാപ് സിംഗ് | സർജിക്കൽ ഷോപ്പ് |
| 15 | ” | 1126 A | സദാശിവൻ.പി | ഹാർഡ് വെയർ ഷോപ്പ് |
| 16 | ” | 1396 A | ആദർശ്.എൻ.സി | ഇൻസ്റ്റാലേഷൻ ഓഫ് സോളാർ പാനൽസ് |
| 17 | ” | 1422 | ജിപ്സൺ | അലോപ്പതി മെഡിസിൻ |
| 18 | ” | 1478 | ബെനഡിക്ട് | ഇൻഡസ്ട്രിയൽ വർക്ക് |
| 19 | ” | 1760 C E | ഏണസ്റ്റ് തിയോഡോർ | അലുമിനിയം & സ്റ്റീൽ ഫാബ്രിക്കേഷൻ |
| 20 | ” | 1915 | ഹുസൈൻ.ടി | സ്റ്റേഷനറി |
| 21 | ” | 1957 | രഞ്ജിത്ത്.കെ.പി | പെയിന്റിംഗ് വർക്സ് |
| 22 | ” | 3275 C | കൃഷ്ണപ്രസാദ് | ഫോട്ടോ സ്റ്റുഡിയോ |
| 23 | ” | 3298 | സ്റ്റാൻലി.ടി.പി | ഡ്രില്ലിംഗ്, ഗ്രൈന്റിംഗ് |
| 24 | ” | 3455 B | മൊയ്ദീൻ കോയ | ടൂർ & ട്രാവൽസ് |
| 25 | ” | 34590 | പി.വി.ശിവനാഥൻ | കമ്പ്രസർ, സ്പെയർ പാർട്സ് |
| 26 | ” | 3615 D | ഇ.കെ.ഗോപിനാഥ് | സ്റ്റേഷനറി |
| 27 | ” | 3848, 3849, 3850 | ശിവദാസൻ | സ്റ്റേഷനറി |
| 28 | ” | 3949 | റാണി.കെ.പി | A/C സെയിൽസ് & സർവ്വീസ് |
| 29 | ” | 4369 | ഹസ്സൻ കുട്ടി | പെട്രോൾ പമ്പ് |
| 30 | ” | 4500 | എൻ.പി.ദിവാകരൻ | പച്ചക്കറി |
| 31 | ” | 4509 C | പ്രസന്ന രാധാകൃഷണൻ | R.K. ഗ്യാസ് ഗോഡൗൺ |

| | | | | |
|---|---|---|---|---|
| 32 | ” | 4554 B | ശ്രീനിവാസൻ.പി | ആർ.എൻ. ബേക്ക്സ് & കാൻഡീസ് |
| 33 | ” | 4719 A2 | നിർമ്മല സേവ്യർ | DTP, ഫോട്ടോസ്റ്റാറ്റ് |
| 34 | ” | 4722 C | അഫ്സൽ | ഓട്ടോമൊബൈൽ സ്പെയർ പാർട്സ് |
| 35 | ” | 4775 A1, A2, A3 | കുഞ്ഞു മുഹമ്മദ് | ബൺ ക്ലബ്, ബർഗർ |
| 36 | ” | 4788 D1, D2, D3 | അബ്ദുൾ അസീസ് | ലോഡ്ജ് |
| 37 | ” | 4788 K1 | സുജിത.എൻ.കെ | ഡ്രസ് ക്ലീനിംഗ് കളക്ഷൻ സെന്റർ |
| 38 | ” | 4794 C & D | എ.കെ.മുഹമ്മദ് | ഓട്ടോ മൊബൈൽ സ്പെയർ പാർട്സ് |
| 39 | ” | 4814 B | ശോഭന | ലേഡീസ് ബ്യൂട്ടി പാർലർ |
| 40 | ” | 4867 B | മുഹമ്മദ് അഷറഫ് | ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് |
| 41 | ” | 4889 U | ബാലകൃഷണൻ.വി.പി | കോഫി വെൻഡിംഗ് മെഷീൻ വില്പന |
| 42 | ” | 4895 A | അബ്ദുൾ മജീദ് | റേഡിയേറ്റർ റിപ്പയർ |
| 43 | ” | 4903 J & K | ഷമീർ.കെ | ത്രീ വീലർ സ്പെയർ പാർട്സ് |
| 44 | ” | 4903 L1, P1, P3, P5 | ഡോ.ശ്രീജ | ഫിസിയോ തെറാപ്പി |
| 45 | ” | 4934 | ജയപ്രകാശ് | സ്റ്റേഷനറി |
| 46 | ” | 4990 C | സി.കെ.അസ്സൻ കോയ | ഹാർഡ് വെയർ |
| 47 | ” | 4990 F14 | മുഹമ്മദ് ഷഫീർ | മൊബൈൽ ആക്സസറീസ് |
| 48 | ” | 4990 F21, F22, F23 | പി.പി.ലൈല | ഹോസ്റ്റൽ |
| 49 | ” | 4990 F33, F34, F35, F36 | പി.പി.ഫിറോസ് | ഹോസ്റ്റൽ |
| 50 | ” | 4996 C | സുജീഷ്.കെ | ഹാർഡ്വെയർ ഷോപ്പ് |
| 51 | ” | 4996 D1 | നരേന്ദ്രേ കുമാർ ഗുപ്ത | ഓട്ടോ മൊബൈൽ സ്പെയർ പാർട്സ് |
| 52 | ” | 5004 L | വിജു.ടി | ട്രാവൽ ഏജൻസി |
| 53 | ” | 5028 | ഫിറോസ്.ടി | ഓട്ടോ മൊബൈൽ സ്പെയർ പാർട്സ് |
| 54 | ” | 5059 A8 | സജിത്ത് കുമാർ | ഇന്റർനെറ്റ് |

| | | | | |
|---|---|---|---|---|
| 55 | | 5110 | രാഖി സുധീർ | ഇലക്ട്രിക്കൽ ഗുഡ്സ് |
| 56 | | 5111 | മനോജ് കുമാർ | ഫ്രിഡ്ജ് റിപ്പയറിംഗ് |

ടി വിഷയം സംബന്ധിച്ച അന്വേഷണക്കുറിപ്പിനു (07.02.2022 ലെ ഒ.എസ്. നം. 43/2020-21) മറുപടി ലഭ്യമാക്കിയിട്ടില്ല.

2. ഹെൽത്ത് സർക്കിൾ നം. 3

| ക്രമ. നം. | വാർഡ്/ കെട്ടിട നം. | വ്യാപാരിയുടെ പേര് | വ്യാപാര സ്ഥാപനം |
|---|---|---|---|
| 1 | 5/3296-3299 3302, 3303 A – 3303 H 3303A1-3303 A4 | ഡോ.കെ.മൊയ്തു | നാഷണൽ ഹോസ്പിറ്റൽ |
| 2 | 5/34 B | ഡോ.കെ.എസ്.ചന്ദ്രകാന്ത് | മലബാർ ഐ ഹോസ്പിറ്റൽ |
| 3 | 5/34 C | അജിത്.സി | മലബാർ ഐ ഹോസ്പിറ്റൽ സ്റ്റാഫ് കാന്റീൻ |
| 4 | 5/51 A | ശിവപ്രകാശ്.എം.വി. | ബ്രിസ്റ്റോൾ ടയർ |
| 5 | 5/72 A13 | സന്തോഷ് ജോർജ് | കിച്ചൺ അപ്ലയൻസ് |
| 6 | 5/74 A | വിപിൻ.ടി | വി ലൈറ്റ് ആപ്പ്സ് |
| 7 | 5/77 E1 | വിജയകുമാർ.കെ.വി | പവർ & കമ്പനി |
| 8 | 5/77 E | ബൈജു | ബ്യൂട്ടി പാർലർ |
| 9 | 5/88 M | (1) രമണി.പി<br>(2) ആനിഅമ്മ ജോൺ | എവർ ഫിറ്റ് ന്യൂട്രിഷൻ സെന്റർ |
| 10 | 5/157 E | ഷീല.കെ | ഷീലാസ് ബ്യൂട്ടി പാർലർ |
| 11 | 5/166 A | ഷറീന അഷറഫ് | തയ്യൽ കട |
| 12 | 5/193 D5, D6 | സലാഹുദ്ദീൻ.കെ.പി | ട്യൂട്ടോറിയൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ |
| 13 | 5/209 A | സുനിൽ പി.ജി | സായ് സർവ്വീസ് സ്പെയർ & ആക്സസറീസ് |
| 14 | 5/210 J, K, L, M | അപർണ്ണ.വി | ഹോം കെയർ മെഡിക്കൽ സൊല്യൂഷ്യൻ |
| 15 | 5/213 C | അനിൽ കുമാർ.വി.പി | ഡ്രീം കൂൾ, A/C സെയിൽസ് & സർവ്വീസ് |
| 16 | 5/215 B17 | മോഹനൻ.ടി | ഡയമണ്ട് എഞ്ചിനീയറിംഗ് |
| 17 | 5/215 A | മുഹമ്മദ് സാദിക്ക് | കൺസ്ട്രക്ഷൻ മെറ്റീരിയൽ |

| | | | |
|---|---|---|---|
| 18 | 5/215 B14 | പ്രമോദ്.എം | ഇലക്ട്രിക്കൽ ഷോപ്പ് |
| 19 | 5/636 F | ഹനീഫ കളത്തിൽ അട്ടവാട്ട് | ഓർക്കിഡ് ഫാഷൻസ് |
| 20 | 5/650 A | ജിജിമോൾ മനോജ് | ഹാർഡ് വെയർ |
| 21 | 5/846 D | (1) മുഹമ്മദ് കോയ (2) അനിൽ കുമാർ | ഐഡിയൽ ഓട്ടോസ് |
| 22 | 5/846 N1 | അബ്ദുൾ ഗഫൂർ.ബി | എൽബ ട്രേഡിംഗ് കമ്പനി |
| 23 | 5/846 K | അഭിലാഷ് എടക്കര | ട്യൂഷൻ സെന്റർ |
| 24 | 5/847 P | സഞ്ചയ് മാത്യു | സാർസ്കോ ട്രേഡിംഗ് കമ്പനി |
| 25 | 5/847 L3 | വസിം.എം | സൈൻ ഓട്ടോ ഏജൻസീസ് |
| 26 | 5/847 R | ജെനിൻ.സി.കെ | ഇൻസ്പയർ ഡയഗനോസ്റ്റിക്സ് |
| 27 | 5/847 X | അനൂപ്.കെ | മെഡ് പ്രോട്ടോൺ |
| 28 | 5/908 A1 | മുഹമ്മദ് റിയാസ്.സി.കെ | ഫ്ലവർ മാർട്ട് |
| 29 | 5/938 A4 | റോസ്‌ലി ഷാജി | ബ്യൂട്ടി പാർലർ |
| 30 | 5/962 | മോഹൻ.കെ.കെ | ടർബോ ഫുട്ട്‌വെയർ കോർപ്പറേഷൻ |
| 31 | 5/1064 B1 | രാഘവൻ.ടി | ക്യൂ.ആർ.എസ്. മാർക്കറ്റിംഗ് പ്രൈ. ലിമിറ്റഡ് |
| 32 | 5/1086 S | അഷിത.യു.കെ | എ.ആർ.എന്റർപ്രൈസസ് |
| 33 | 5/1086 R | പ്രജിത്ത്.പി.പി | അനലൈസ് മെഡിക്കൽ സിസ്റ്റം |
| 34 | 5/1096 A3, A4 | ഗീത കൃഷ്ണൻ | ഹാർഡ് വെയർ |
| 35 | 5/1096 A10 | ജസീക്ക്.പി.കെ | കോസ്മെറ്റിക് പ്രൊഡക്ട്സ് |
| 36 | 5/1100 P | അനിത.കെ | ടോട്ടൽ ഈസ്റ്റ് അവന്യൂ |
| 37 | 5/1100 H | സുഭീഷ് | കൈരളീ ബാറ്ററീസ് |
| 38 | 5/1129 K | അബ്ദുൾ സലാം.പി.കെ | വീൽ സോൺ |
| 39 | 5/1507 H | മുഹമ്മദ് അഷ്റഫ്.സി.പി | കമ്മീഷൻ & ജനറൽ ഏജൻസി |
| 40 | 5/1539 A | ശ്രേയസ്.വി.എസ് | ഹെയർ ഫിക്സിംഗ് |
| 41 | 5/15758 | മിനി സയ്യദ് | മിനി ഫാർമാസ് |
| 42 | 5/1587 A2 | അമൃത തോമസ്.പി | ബൊട്ടീക്ക് |
| 43 | 5/1589 A1 | ബിജു.പി.ജി | ഓട്ടോമൊബൈൽ വർക്ക് ഷോപ്പ് |
| 44 | 5/1590 | സതീഷൻ | കാർ വർക്ക് ഷോപ്പ് |
| 45 | 5/1699 C | സോമനാഥൻ.പി | കോസ്മോ ട്രേഡേഴ്സ് |
| 46 | 5/1905 A | അർഷാദ് ആദി രാജ | ഡ്രൈ ഫ്രൂട്ട്സ് |
| 47 | 5/2029 | പ്രമോദ്.കെ | ചിൽ എയർ സർവ്വീസ് |
| 48 | 5/2037 E | കെ.പി.മുഹമ്മദ് മുസ്തഫ | കോൺഫറൻസ് ഹാൾ, റിസപ്ഷൻ, കിച്ചൺ |
| 49 | 5/2039 Z4 | ഹാജറ | സ്റ്റേഷനറി |
| 50 | 5/2225 | ഉണ്ണികൃഷ്ണൻ | ഏബിൾ മോട്ടോർസ് |
| 51 | 5/2250 B | നാസർ ഖാൻ.ഇ.സി | സൺസ് പാർക്ക് എനർജി സൊല്യൂഷൻ |
| 52 | 5/2367 A5 To A14, A16, B-B16, C-C16 | ഇമ്പിച്ചികോയ തങ്ങൾ.കെ | മെൻസ് ഹോസ്റ്റൽ |

| | | | |
|---|---|---|---|
| 53 | 5/2493 A, A1 | പി.എം.പ്രേമനാഥൻ | മഹാവീർ ഹോം സൊല്യൂഷൻ |
| 54 | 5/2497 D2 | ദേവിശ്രീ.വി | ദേവസ് റെഡിമെയ്ഡ് |
| 55 | 5/2497 D4 | (1) ജംനാസ് മൊഹമ്മദ് ഇക്ബാൽ ഷെയ്ക്ക്<br><br>(2) നൂർജഹാൻ മൊഹമ്മദ് ഫാന്നിഫ് ഷെയ്ക്ക് | റെഡിമെയ്ഡ്, ടെയ്ലറിംഗ് |
| 56 | 5/2497 C18 | (1) റഹീമ<br>(2) ഫാത്തിമ.വി<br>(3) ആയിഷ ഫബിൻ | B & B Bold & Beautiful |
| 57 | 5/2497 C16 | നിമ്യ | നോർത്ത് അറ്റ്ലാന്റിക് (റെഡിമെയ്ഡ്) |
| 58 | 5/2497 D11 | പ്രിയ.എം | എ.ബി.എസ്. എന്റർപ്രൈസസ് |
| 59 | 5/2497 D3 | ഷീന.സി.കെ | സോപ്പ് നിർമ്മാണം, വില്പന |
| 60 | 5/2497 C11 | കുഞ്ഞിബി | ടെക്സ്റ്റയിൽസ് |
| 61 | 5/2497 C14 | ഷാനിബ.കെ.പി | വാച്ച് വില്പന |
| 62 | 5/2497 B | പ്രജിഷ.പി | കേക്ക് വില്പന |
| 63 | 5/2497 B3 | സുബൈദ.കെ.എം. | റെഡിമെയ്ഡ്സ് |
| 64 | 5/2497 C6 | മന മറിയ ജേക്കബ് | റെഡിമെയ്ഡ്സ് |
| 65 | 5/2497 C9 | മന മറിയ ജേക്കബ് | ഗിഫ്റ്റ് ഐറ്റംസ് |
| 66 | 5/2497 C1 | ജമീല | റെഡിമെയ്ഡ്സ് |
| 67 | 5/2497 C15 | അനില കുമാരി.പി.വി | റെഡിമെയ്ഡ് |
| 68 | 5/2497 D9 | നീതു.എൻ | ശിവാനി ബൊട്ടീക്ക് |
| 69 | 5/2497 B18 | ഷർമി.ടി | ബ്യൂട്ടി പാർലർ |
| 70 | 5/2554 | ദുരൈ സ്വാമി | ബാർബർ ഷോപ്പ് |
| 71 | 5/2581 D & E | (1) മുഹമ്മദ്കെ<br>(2) അജ്നാസ്.കെ.പി | ജ്വലിസ്, ക്ലോത്ത് സെയിൽസ് |
| 72 | 5/2591 B | സി.കെ.അബ്ദുൾ ലത്തീഫ് | ചപ്പൻസ് ഗോഡൗൺ |
| 73 | 5/2621 L1 | മുഹമ്മദ്.കെ | ടെക്സ്റ്റയിൽസ് |
| 74 | 5/2621 N | മുഹമ്മദ്.കെ | എംബ്രോയ്ഡറി വർക്ക് |
| 75 | 5/2621 N2 | നാരായണൻ | ടെക്സ്റ്റയിൽസ് |
| 76 | 5/2649 A1 | സന്തോഷ് കുമാർ.പി.കെ | പവർ ലാന്റ് ട്രേഡേഴ്സ് |
| 77 | 5/2661 E | കൃഷ്ണനുണ്ണി.കെ.കെ | മലബാർ ടെക്സ്റ്റയിൽസ് |
| 78 | 5/266 B1 | ജയ്.എസ്.സോണി | കാലിക്കറ്റ് ക്ലോത്തിംഗ് |
| 79 | 5/266 LF | റെഷ്ലിൻ.കെ.കെ | സൂപ്പർ മാർക്കറ്റ് |
| 80 | 5/2664 B | വി.മോഹനൻ | ഫൂട്ട്വെയർ |
| 81 | 5/2664 J, J1 | റെജില റെഹ്മാൻ | മാപ്പ് വ്യൂ ജ്യോഗ്രഫിക്കൽ സൊല്യൂഷ്യൻ പ്രൈ. ലിമിറ്റഡ് |
| 82 | 5/2671 A5 | ദാസൻ.കെ.എസ് | സ്റ്റേഷനറി |
| 83 | 5/2671 A8 | അരവിന്ദാക്ഷൻ | ട്രാവൽസ് |
| 84 | 5/2678 G4 | ഉസ്മാൻ കോയ.വി.പി | മാനവം ഓഡിയോ വിഷൻ |
| 85 | 5/2687 C | അൻസൽ മൊയ്തു.കെ | അലോപ്പതി മെഡിസിൻ |
| 86 | 5/2759 H | മുനീർ.പി.സി. | ഇന്റീരിയർ വർക്ക്സ് |
| 87 | 5/2770 C, D | സുരേഷൻ പോത്തൻ | ഓട്ടോ മൊബൈൽ പാർട്സ് |

| | | | |
|---|---|---|---|
| 88 | 5/2770 A, B | സുരേഷൻ പോത്തൻ | ഓട്ടോ മൊബൈൽ പാർട്സ് |
| 89 | 5/2890 C | ഷാജി തയ്യിൽ | തയ്യിൽ ടയർ സർവ്വീസ് |
| 90 | 5/2909 A | സാബിറ.പി.ടി | ആയുർവേദ ക്ലിനിക്ക് |
| 91 | 5/2932 C26 | മുഹമ്മദ് ഹമിം | NH Coconut Processing & Trading |
| 92 | 5/2932 A49, 50 | റസൽ.കെ | Oris Digital OPG & Dental X-ray Center |
| 93 | 5/2932 C11 | ഷിഹാബുദ്ദീൻ.ടി.കെ | ഗ്രേസ് ട്രേഡിംഗ് |
| 94 | 5/2932 CA 1 | മൊഹമ്മദ്.വി | ന്യൂ കാലിക്കറ്റ് ട്രാവൽസ് |
| 95 | 5/2932 A40, A41, A42, A43, A44, A45 | നൗഷാദ് | ബേക്കറി & കൂൾബാർ |
| 96 | 5/2932 B15 | ഫാരിസ്.എൻ | ഓറിസ് ഗോൾഡ് |
| 97 | 5/2932 A37 | ജമാൽ.കെ.വി | ബഡ്ജറ്റ് ഫുഡ്സ് പ്രൈ. ലിമിറ്റഡ് |
| 98 | 5/2937 S,T,O | സന്തോഷ് കുമാർ.യു.എസ് | ലോഡ്ജ് |
| 99 | 5/2974 A | സുലൈമാൻ.പി | പെർഫ്യൂംസ് |
| 100 | 5/2975 C5 | അരുൺ.എൻ.എസ് | Medical Equipments |
| 101 | 5/2993 A2-A13 | യു.എൻ.അബ്ദുൾ റസാഖ് | ഹോട്ടൽ വില്ല മറിയം |
| 102 | 5/3034 A5, A6 | ഷാനു.ടി | റെഡിമെയ്ഡ് |
| 103 | 5/3034 B1 | ഇദ്രീസ്.വി.പി | CCTV Of Electronics Security Service |
| 104 | 5/3034 A2 | ഷബീർ.ടി.വി. | ട്യൂഷൻ സെന്റർ |
| 105 | 5/3044 B | കൃഷ്ണനുണ്ണി.കെ.കെ | കെ.കെ.ആർ. മെസ്സ് ഹൗസ് |
| 106 | 5/3075 B40 | അബ്ദുൾ ഖാദർ.എ.പി | റെഡിമെയ്ഡ് |
| 107 | 5/3075 H26 | അബ്ദുൾ കരിം .കെ.കെ | അമാന മാർക്കറ്റിംഗ് |
| 108 | 5/3076 C3, C4, C5 | റസാക്ക്.പി.ആർ | കമ്പ്യൂട്ടർ ആക്സസറീസ് & കമ്പ്യൂട്ടർ സർവ്വീസ് |
| 109 | 5/3076 B1 | കമറുദ്ദീൻ | ടൈലറിംഗ് ഷോപ്പ് |
| 110 | 5/3078 C | (1) അനിൽ കുമാർ.എം (2) ഷിജുല | ശ്രീഹരി ടെക്സ്റ്റയിൽസ് |
| 111 | 5/3078 A | അജ്മൽ.പി | ടെക്സ്റ്റയിൽസ് |
| 112 | 5/3082 F, F2, F4, F6, F10, F11 | സുധീർ.എൻ.ടി | ടെക്സ്റ്റയിൽസ് |
| 113 | 5/3094 B & E | നാരായണൻ.സി | വിഷ്ണു കളക്ഷൻ |
| 114 | 5/3100 E & F | ഉബൈസ് | ഇൻഫോ വിഷൻ സിസ്റ്റം |
| 115 | 5/3129 B | മുഹമ്മദ് ശുഹൈബ്.പി | പെമോ ഗ്ലോബൽ |
| 116 | 5/3139 K 26 | ബിജു ജോസഫ് | കൈറോസ് ടെക്നോളജീസ് |
| 117 | 5/3139 K20 | രജീഷ്.ടി.വി. | Zee Marketing |
| 118 | 5/3139 L2 | ജിജു.എൻ | ലാപ്ടോപ്പ് റിപ്പയർ |
| 119 | 5/3139 A | ഉമോദ് കുമാർ സേതിയ | കമ്പ്യൂട്ടർ പാർട്സ് |
| 120 | 5/3139 G | ദിനേശൻ.പി | ഡ്രൈ ക്ലീനിംഗ് |
| 121 | 5/3139 K2 | ബിനു.എൻ.ആർ | ഗ്രാഫിക് ഡിസൈനിംഗ് |
| 122 | 5/3139 K27 | അനീഷ് കുമാർ | ലക്ഷ്മി സർജിക്കൽസ് |
| 123 | 5/3139 M7 | സജിത അജിത് | ട്യൂട്ടോറിയൽ കോളേജ് |

| | | | |
|---|---|---|---|
| 124 | 5/3159 C2 | (1) റഫീക്ക്<br>(2) പ്രേംജിത്ത് | ട്രാവൽസ് |
| 125 | 5/3159 A, A1 | ജയേന്ദ്രൻ.കെ | കോലഞ്ചേരി ട്രേഡേഴ്സ് |
| 126 | 5/3159 B7 CA | അബ്ദുൾ റഹീം.വി.കെ | മൊബൈൽ ഫോൺ വില്പന |
| 127 | 5/3164 C | അബ്ദുൾ റഹീം.കെ | അപെക്സ് ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ് |
| 128 | 5/3177 F | ഷാജി കുമാർ.എൻ.വി | അപ്പോളോ ഏജൻസീസ് |
| 129 | 5/3177 S | സക്കീർ.ബി.കെ | കമ്പ്യൂട്ടർ സർവ്വീസ് |
| 130 | 5/3208 | നിഷ.കെ | A/C റിപ്പയറിംഗ് |
| 131 | 5/3232 | ശശി.കെ.ടി | ടെക്സ്റ്റയിൽസ് |
| 132 | 5/3247 B3 | അനുപമ.പി | കേക്ക് & ഫ്ലവേഴ്സ് |
| 133 | 5/3247 B | സുനിൽ കുമാർ.സി.ജി. | കുമാർ ടെക്സ്റ്റയിൽസ് |
| 134 | 5/3247 A5 | അബ്ദുൾ അസീസ് | ബ്ലേസ് ഇലക്ട്രോണിക്സ് |
| 135 | 5/3248 C | രാജേഷ്.പി.ആർ | ദ്രോണ അസോസിയേറ്റ്സ് |
| 136 | 5/3249 N2 | ബിനേഷ് അഷ്റഫ് | കമ്പ്യൂട്ടർ എഡ്യൂക്കേഷൻ |
| 137 | 5/3282 B,C | മൃത്യുഞ്ജയ് ഗുപ്ത | ദേവയാനി ഇന്റർനാഷണൽ ലിമിറ്റഡ് |
| 138 | 5/3283 C9, C10, C11 | നൗഷാഫ്.ഇ | ബ്യൂട്ടി പാർലർ |
| 139 | 5/3283 A, A1-A6 | അവതാർ സിംഗ് | എയ്റോ ക്ലബ് |
| 140 | 5/3326 A | സരിത.കെ.ജി | ബാർബർ ഷോപ്പ് |
| 141 | 5/3334 D1, D3 | അഭിലാഷ്.സി.സി. | ട്രെയ്നിംഗ് ഇൻസ്റ്റിറ്റ്യൂഷൻ |
| 142 | 5/3334 D3 | വില്യംസ് മാത്യു | കമ്പ്യൂട്ടർ ട്രെയനിംഗ് |
| 143 | 5/3351 | ഹരീഷ് ലാൽ | സ്റ്റേഷനറി |
| 144 | 5/3370 | ഷാജി.എ.കെ | 3G മൊബൈൽ വേൾഡ് |
| 145 | 5/3380 A, A2 | ലതീഷ്.ആർ. | റെഡിമെയ്ഡ് |
| 146 | 5/3394 | സത്യജിത്ത്.പി | ഡിജിറ്റൽ ക്യാമറ & ആക്സസറീസ് |
| 147 | 5/3397 C2 | ജയകുമാർ | ബാർബർ ഷോപ്പ് |
| 148 | 5/3397 X, X7, Y-Y3, Z-Z1 | എൻ.ജി.ഗോപാലകൃഷ്ണൻ | നന്തിലത്ത് ജി മാർട്ട് |
| 149 | 5/3400 D, E | കെ.ബഷീർ | റോയൽ ഇലക്ട്രിക്കൽസ് |
| 150 | 5/3400 K1 | ഹാരിസ് കളത്തിൽ | സിറ്റി എന്റർപ്രൈസസ് |
| 151 | 5/3402 A9 | എ.ടി.അഹമ്മദ് കുട്ടി | ബാഗ് മെറ്റീരിയിൽ |
| 152 | 5/3402 A1 | ശശീന്ദ്രൻ.വി | കാലിക്കറ്റ് ക്യാമറ ഹൗസ് |
| 153 | 5/3402 C7 (2) | ആസിഫ്.പി.എം | ടെക്സ്റ്റയിൽസ് |
| 154 | 5/3403 C49 (2) | മുഹമ്മദ് സാലിഹ് | ടെക്സ്റ്റയിൽസ് |
| 155 | 5/3403 C16 (2) | യാഹ.എം | ടെക്സ്റ്റയിൽസ് |
| 156 | 5/3403 C (A3) | സമീർ.എം | റെഡിമെയ്ഡ് |
| 157 | 5/3403 C6(1) | പി.എം.അഫ്സൽ | അറബ് ഡ്രസ്സസ് |
| 158 | 5/3403 C18 (2) | ജംഷീർ.എം.എം. | റെഡിമെയ്ഡ്സ് |
| 159 | 5/3403 C32 | യൂനസ് അലി.പി.പി | ടെക്സ്റ്റയിൽസ് |

| | | | |
|---|---|---|---|
| 160 | 5/3403 A12(1) | റഷീദ് | പ്രിസ്മ ഏജൻസീസ് |
| 161 | 5/3403 A32 | അബ്ദു.എൻ.പി | കിച്ചൺ ആർട്ടിക്കിൾസ് |
| 162 | 5/3403 C32(4) | അബ്ദുൾ സലാം.സി.ടി | ട്രാവൽ ഏജൻസി |
| 163 | 5/3403 C50(2) | ജവഹർ.കെ.കെ | ടെക്സ്റ്റയിൽസ് |
| 164 | 5/3403 A19 | (1) ഇസ്മൈൽ ഷാ (2) അബ്ദുൾ മുഹൈമിൻ (3) ആയിഷ | ഹോട്ടൽ മേജർ |
| 165 | 5/3403 C28(1) | ജംഷി.കെ | റെഡിമെയ്ഡ്സ് |
| 166 | 5/3403 C20(4) | എം.പി.അബ്ദുൾ ലത്തീഫ് | റെഡിമെയ്ഡ്സ് |
| 167 | 5/3403 C1(A) | ഫായിസ് ബക്കീർ | റെഡിമെയ്ഡ്സ് |
| 168 | 5/3403 C38.A | അബ്ദുൾ ഷഹിർഷാദ്.ജി.പി | റെഡിമെയ്ഡ്സ് |
| 169 | 5/3403 C30(2) | ഗിരിജ ബായ്.കെ | റെഡിമെയ്ഡ്സ് |
| 170 | 5/3403 C33(1) | ഹസൈൻ അലി മൊഹമ്മദ് | ട്രാവൽ ഏജൻസി |
| 171 | 5/3403 C43(2) | സഫ്റാസ്.എം.ജി | റെഡിമെയ്ഡ്സ് |
| 172 | 5/3403 C50 | ജവഹർ.കെ.കെ. | ടെക്സ്റ്റയിൽസ് |
| 173 | 5/3403 C3(1) | ഷമീർ.എം.ടി | റെഡിമെയ്ഡ്സ് |
| 174 | 5/3410 O | സെൻവീർ പൊന്നമ്പലത്ത് | കോസ്മെറ്റിക് ഐറ്റംസ് |
| 175 | 5/3410 M50 | അബ്ദുള്ള കുട്ടി.എം.കെ | ഫാൻസി |
| 176 | 5/3410 T24 | റഫീഖ് മൊയ്ദീൻ | ഫാൻസി |
| 177 | 5/3410 T | സി.പി.മൊഹമ്മദ് | Zella Diamonds |
| 178 | 5/3410 T30, T31 | യാസിർ.പി.പി | റെഡിമെയ്ഡ്സ് |
| 179 | 5/3410 T28 | മുഹമ്മദ് ഫസൽ | ഫസൽ ബാഗ്സ് |
| 180 | 5/3410 T21, T22, T23 | റസ്സൽ മുഹമ്മദ് | റെഡിമെയ്ഡ്സ് |
| 181 | 5/3410 M36 | വഹീദ.എ.എം | പെർഫ്യൂംസ് |
| 182 | 5/3410 M51A | മൂസ ഹാജി.സി.പി | അപ്പോളോ ഗോൾഡ് ഹൗസ് |
| 183 | 5/3410 H(A) | റൂബിയ.പി.വി | പെർഫ്യൂംസ് |
| 184 | 5/3410 T50 (11) | മുഹമ്മദ് ഷഹീദ് | പിസ, സാൻവിച്ച് |
| 185 | 5/3410 T8, T9 | ഷബീർ മൊയ്തീൻ ഷാ | ബാഗ്, ടോയ്സ്, കോസ്മെറ്റിക്സ് |
| 186 | 5/3410 B3 | വി.സി.ദിനീഷ് | ക്യാമറ റിപ്പയറിംഗ് |
| 187 | 5/3410 D1 | നദീം അബ്ദു റഹ്മാൻ | ടെക്സ്റ്റയിൽസ്, ടൈലറിംഗ് |
| 188 | 5/3410 T41 | സാദിഖ്.ബി.വി | റെഡിമെയ്ഡ്സ് |
| 189 | 5/3411 L | അബ്ദുൾ ഷബീർ.പി.പി | ഇലക്ട്രോണിക്സ് & മൊബൈൽ |
| 190 | 5/3411 G | മണി.വി | ഭാരത് ഇലക്ട്രോണിക്സ് |
| 191 | 5/3411 N22 | ജഫീർ.ടി.പി | കമ്പ്യൂട്ടർ സെയിൽസ് & സർവ്വീസ് |
| 192 | 5/3411 N5 | പി.ജി.പുരുഷൻ | ഹെർബൽ ഹെറിറ്റേജ് |

| | | | |
|---|---|---|---|
| | | | (ക്ലിനിക്ക്) |
| 193 | 5/3412 R23 | സിജിൽ ജോയ് | സ്റ്റുഡിയോ |
| 194 | 5/3412 Q30 | അഞ്ജലി.സി | ക്ലോത്ത്സ് |
| 195 | 5/3412 S24 | ഹിതേഷ്.എം.ജെയിൻ | പ്രൈവറ്റ് ഫിനാൻസ് |
| 196 | 5/3412 S15 | റാഫ ഡാനിഷ് | ചപ്പൽ ഗോഡൗൺ |
| 197 | 5/3412 Q12 | സതീഷ്.സി.പി | വെറ്ററിനറി മെഡിസിൻസ് |
| 198 | 5/3412 P | ഷജിത്ത്.എം.കെ. | ഡിജിറ്റൽ പ്രിന്റിംഗ് |
| 199 | 5/3412 Q22 | വി.കെ.ഹമീദ് | ഡ്രൈ ക്ലീനിംഗ് കളക്ഷൻ സെന്റർ |
| 200 | 5/3412 Q5 | അസ്ലം | ഐ.ടി. സ്റ്റോർ |
| 201 | 5/3412 Q23 | മുഹമ്മദ് അഷ്റഫ് | പെർഫ്യൂംസ് |
| 202 | 5/3412 Q29 | മജീദ്.എം.പി | ഫാൻസി |
| 203 | 5/3412 R20 | അൻവർ ഹുസൈൻ | ബിൽഡിംഗ് മെറ്റീരിയൽസ് |
| 204 | 5/3412 R31 | ഷിബു.പി | മെഡി ലൈഫ് |
| 205 | 5/3412 S22 | എൻ.വേണുഗോപാലൻ | ടൂർസ് & ട്രാവൽസ് |
| 206 | 5/3412 U9 | മുഹമ്മദ് ജയ്സൽ.പി | കമ്പ്യൂട്ടർ സർവ്വീസ് |
| 207 | 5/3412 V,W | എ.വി.മനാഫ് | എമറാൾഡ് ഹോട്ടൽസ് & റിസോർട്ട് |
| 208 | 5/3412 Q17 | ഷമിൽ ബിൻ ജമീൽ | ട്രാവൽ ഏജൻസി |
| 209 | 5/3412 Q28 | ജംഷീർ ബാബു | ഫുട്ട്വെയർ |
| 210 | 5/3412 Q3 | മജീദ്.എം.വി | ടെക്സ്റ്റയിൽസ് |
| 211 | 5/3412 G | അഹമ്മദ് ഷമീം.കെ.എ | ട്രാവൽ ഏജൻസി |
| 212 | 5/3412 E1, J1 | അഹമ്മദ് ഷമീം.കെ.എ | ട്രാവൽ ഏജൻസി |
| 213 | 5/3412 Q10 | മുഹമ്മദ് ഫവാസ്.എ.പി | ബൊട്ടീക്ക് |
| 214 | 5/3412 F1 | ലിസ്സി വിൽസൺ | ക്യാമറ വില്പന |
| 215 | 5/3412 R29 | പ്രബിൽ ബാബുരാജ്.കെ | പ്രിന്റിംഗ് പ്രസ്സ് |
| 216 | 5/3412 R4 | (1) തഫ്സീദ്.പി<br>(2) വിനീഷ്.ഇ<br>(3) അബ്ദുൾ റൗഫ് | ട്രാവൽസ് |
| 217 | 5/3412 Q5 | നിഷാന്ത്.പി | ഐ.ടി.സ്റ്റോർ |
| 218 | 5/3420 J | ജോർജ്.എം.ജോൺ | ട്രാവൽ ഏജൻസി |
| 219 | 5/3421 C27, C28, C44 | ജംഷീർ ഇബ്രാഹിം | Hotspot Institute Of Writer Communications (P) Ltd |
| 220 | 5/3421 A4 | പി.മണി ശ്യാംലാൽ | ഫാൽക്കൺസ് സ്റ്റുഡിയോ |
| 221 | 5/3421 B4 (H) | സജിത്ത് ബാബു.എം.കെ | കമ്പ്യൂട്ടർ സർവ്വീസ് |
| 222 | 5/3421 Q | സുബൈർ.എ.പി | ട്രാവൽ ഏജൻസി |
| 223 | 5/3421 N2, N3 | ഷനോദ് നാരായൺ | സ്റ്റുഡിയോ |
| 224 | 5/3421 C20 | റിജിൽ രാജ്.എം | കമ്പ്യൂട്ടർ, CCTV, സെയിൽസ് & സർവ്വീസസ് |
| 225 | 5/3421 B5 | (1) ജുനൈദ്.എം.വി<br>(2) ഷംല.വി | സിസ്കോം കമ്പ്യൂട്ടേർസ് |
| 226 | 5/3421 B1 | മൻസൂർ അലി.കെ | മൊബൈൽ ഫോൺ സെയിൽസ് & സർവ്വീസസ് |
| 227 | 5/3421 B2 | ഷീബ.എം.പി | ഡ്രീം ഡിജിറ്റൽ സ്റ്റുഡിയോ |

| | | | |
|---|---|---|---|
| 228 | 5/3421 B12, B13 | രമേശ് ശർമ്മ | ന്യൂ യൊഹാന കമ്പ്യൂട്ടേഴ്സ് |
| 229 | 5/3421 B2(C) | സിറാജ്ജുദ്ദീൻ.സി.പി | കമ്പ്യൂട്ടർ & CCTV ആക്സ്സറീസ് |
| 230 | 5/3422 A2 | പി.നന്ദകമാർ | മാസ്റ്റർ സിസ്റ്റംസ് |
| 231 | 5/3422 A8 | (1) മുഹമ്മദ് ഗസൽ<br>(2) മുഹമ്മദ് ഹാരിസ് | ട്രാവൽ ഏജൻസി |
| 232 | 5/3422 | മുഹമ്മദ് നിയാസ്.എം | അലോപ്പതി മെഡിക്കൽ ഷോപ്പ് |
| 233 | 5/3424 B19 | ഇ.ആബിഷ് | ഡി.ടി.പി |
| 234 | 5/3424 C2, D3 | സൈജ്ജ മൊഹമ്മദ് | കമ്പ്യൂട്ടർ സോഫ്റ്റ്വെയർ ഡെവലപ്പ്മെന്റ് |
| 235 | 5/3427 | ഷാജി.എ.കെ | 3G മൊബൈൽ വേൾഡ് |
| 236 | 5/3430 | ഡോ.കെ.ജി.അലക്സാണ്ടർ | മോഡേൺ മെഡിക്കൽ ഷോപ്പ് |
| 237 | 5/3434 E | ഡോ.കെ.ജി.അലക്സാണ്ടർ | BMH കാന്റീൻ |
| 238 | 5/3434 R4 | ഡോ.കെ.ജി.അലക്സാണ്ടർ | BMH കഫ്റ്റീരിയ |
| 239 | 5/3434 I | ഉസ്മാൻ.സി.പി | Dates & Nuts |
| 240 | 5/3434 H | ഉസ്മാൻ.സി.പി | മെഡിക്കൽ ഷോപ്പ് |
| 241 | 5/3457 B, C | ഹസ്സൻ കോയ.കെ | ജാസ് മെഡി ഷോപ്പ് |
| 242 | 5/3470 B,C,D,E | അബ്ദുൾ ജലീൽ.പി.പി. | റസ്റ്റോറന്റ്, ലോഡ്ജിംങ്ങ് |
| 243 | 5/3472 N | അമീർ.ഇ | ഇൻസൈറ്റ് ദ ഡിജിറ്റൽ മീഡിയ |
| 244 | 5/3420 D | ജോബി ഫ്രാൻസിസ് | ഇ-സിസ്റ്റം സൊലൂഷ്യൻ |
| 245 | 5/3542 | ഫയസ് അഹമ്മദ് | DTP, ലേസർ പ്രിന്റിംഗ് & ഡിസൈനിംങ്ങ് |
| 246 | 5/3657 A | ഇ.സി.സതീഷ് | കൊച്ചിൻ സർജിക്കൽസ് |
| 247 | 17/08 AG | അബൂബക്കർ ഹാജി | നാംകോ മെഡിക്കൽസ് |
| 248 | 17/018 R | ടി.പി.ഷബീർ | നാഷണൽ ഗ്രാഫിക്സ് |
| 249 | 17/0 Hall No.1 Second Floor | പി.പി.മുകന്ദൻ | കാലിക്കറ്റ് ടെക്സ്റ്റൈൽസ് |
| 250 | 17/04, Second Floor, New Block | പി.പി.മുകന്ദൻ | കാലിക്കറ്റ് ഗാർമെന്റ്സ് |
| 251 | 17/02 & 3, Second Floor, New Block | പി.പി.മുകന്ദൻ | കാലിക്കറ്റ് ടെക്സ്റ്റൈൽസ് |
| 252 | 17/01, Second Floor, New Block | പി.പി.മുകന്ദൻ | കാലിക്കറ്റ് സിൽക്ക്സ് |
| 253 | 17/01, First Floor, New Block | പി.പി.മുകന്ദൻ | കാലിക്കറ്റ് ഫർണിഷിംഗ് |
| 254 | 17/04A, First Floor, New Block | പി.പി.മുകന്ദൻ | കാലിക്കറ്റ് ഫർണിഷിംഗ് |
| 255 | 17/043 G New Block | എൻ.പി.സഗീർ അബ്ദുള്ള | ബൂട്ട് ഹബ്ബ് |
| 256 | 17/04 X10 Space | എ.പി.സനിൽ കുമാർ | സർബത്ത് |
| 257 | 17/03 Third Floor, New Block | പി.പി.മുകന്ദൻ | കാലിക്കറ്റ് ഫർണിഷിംഗ് |

| | | | |
|---|---|---|---|
| 258 | 17/03, Fourth Floor, New Block | പി.പി.മുകന്ദൻ | കാലിക്കറ്റ് ടെക്സ്റ്റൈൽസ് |
| 259 | 17/0, Extra Space (288 M2) No.4 Above First Floor New Block | (1) പി.പി.മുകന്ദൻ (2) കെ.വി.ശിവദാസൻ | കാലിക്കറ്റ് ടെക്സ്റ്റൈൽസ് & ഗാർമെന്റ്സ് |
| 260 | 17/01 & 2, Third Floor, New Block | പി.പി.മുകന്ദൻ | ടെക്സ്റ്റയിൽസ് |
| 261 | 17/02, First Floor, New Block | (1) പി.പി.മുകന്ദൻ (2) കെ.വി.ശിവദാസൻ | കാലിക്കറ്റ് ടെക്സ്റ്റൈൽസ് & ഗാർമെന്റ്സ് |
| 262 | 17/023 R | ഹമീദ് | ഷാന ഓഡിയോ & വീഡിയോ |
| 263 | 17/027 G, New Block | (1) പി.അബ്ദുൾ സലാം (2) രാജൻ | കുൾബാർ |
| 264 | 17/0 Space 4x2 | ഖദീജ മൊയ്തീൻ ഫാത്തിമ മിൻഹ | STD Booth, Mobile SIM |
| 265 | 17/054 G, New Block | പി.പി.അഷറഫ് | എം.ആർ.ഡിസ്ട്രിബ്യൂട്ടേഴ്സ് |
| 266 | 17/055 G, New Block | ടി.യു.മാമുക്കോയ | എം.ആർ.ഡിസ്ട്രിബ്യൂട്ടേഴ്സ് |
| 267 | 17/069 G, New Block | അഹമ്മദ്.ടി | ഫിബ ഫാൻസി |
| 268 | 17/070 G, New Block | ഗണേശ് കുമാർ.കെ | ഫിബ ഫാൻസി |
| 269 | 17/09 R | മൊയ്തീൻ കോയ | കഫ്റ്റീരിയ, റസ്റ്റോറന്റ് |
| 270 | 17/04, 5, First Floor Rooms, New Block | എൻ.വി.പരമേശ്വരൻ | കാലിക്കറ്റ് സിൽക്ക്സ് |
| 271 | 17/00, Extra Space, 1st, 2nd, 3rd Floor & Generator Area | പി.പി.മുകന്ദൻ | കാലിക്കറ്റ് ടെക്സ്റ്റൈൽസ് |
| 272 | 17/020 R | മിനി ജോസഫ് | ദ്രോണാചാര്യ പബ്ലിക്കേഷൻസ് |
| 273 | 17/1 Room | പി.ബാലകൃഷ്ണൻ | ടയർ, ട്യൂബ് |
| 274 | 17/2R | അബ്ദുൾ ഗഫൂർ.കെ | കെ.എം.എച്ച്. ഇലക്ട്രോണിക്സ് |
| 275 | 17/36 R | ബാലചന്ദ്ര കിരൺ.കെ.എം. | ടൈലറിംഗ് ഷോപ്പ് |
| 276 | 5/14 QR | സഫനാസ്.സി.എം. | കാർ കെയർ |
| 277 | 5/215 H | ഹലീൽ.കെ.ടി | ലോയൽ കമ്മ്യൂണിക്കേഷൻ |
| 278 | 5/547 A2 | (1) ആശിഖ്.പി.എം (2) റയീസ് (3) സയിദ് മുജീർ | എ.ജി. സ്റ്റാർ ഓട്ടോമൊബൈൽസ് |
| 279 | 5/630 A3, A6 | ഷാനവാസ്.സി | ക്യൂ.ആർ.ഇലക്ട്രോണിക്സ് |
| 280 | 5/633 E1 | ഷിജിൽ ദാസ് | കോഫീ ഷോപ്പ് |

| | | | |
|---|---|---|---|
| 281 | 5/2266 C | നജീം.പി | CCTV Sales & Service |
| 282 | 5/2363 H | രാജേഷ്.കെ | ട്രാവൽ ഏജൻസി |
| 283 | 5/2363 G | അനീഷ്.എം.എൻ | സെലിബ്രിനോ ഇവന്റ്സ് |
| 284 | 5/2497 C5 | ദിവ്യ ദയാനന്ദൻ | ഡി & ഡി സിൽവർ |
| 285 | 5/2497 A8 | (1) ശാലിനി.കെ<br>(2) ഷീബ.പി.എസ് | സാൻവി ബൊട്ടിക്ക് |
| 286 | 5/2497 D7 | ലളിത കുമാരി | റെഡിമെയ്ഡ് |
| 287 | 5/2497 A11 | ആയിഷ ഫൈസൽ | ടിപ് ടോപ്പ് ബാഗ്സ് |
| 288 | 5/2497 D17 | (1) റഹീന<br>(2) ഉഷ | Gold Covering Jewels |
| 289 | 5/2497 D6 | ശ്രീശ.ഒ.കെ | ജെ.ജെ.ബുക്ക് മാർട്ട് |
| 290 | 5/2497 B15 | വിജ്ഞഷ | റെഡിമെയ്ഡ് |
| 291 | 5/2497 C14 | പ്രഭാവതി.ടി.എം | കോലാർ ഗോൾഡ് |
| 292 | 5/2497 B7 | ജസീറ.ടി.പി | ഫ്രണ്ട്സ് കളക്ഷൻസ് |
| 293 | 5/2497 C12 | ആതിര.ഇ.കെ. | Kids Readymade |
| 294 | 5/2497 A9 | (1) നജ്മുന്നീസ<br>(2) ഷാഹിദ.കെ.എം | ഹോട്ടൽ |
| 295 | 5/2497 A | ഹാജറ.കെ.പി | യൂണിറ്റി ഗ്രൂപ്പ് കിച്ചൺ മാർട്ട് |
| 296 | 5/2497 B21 | ഫാത്തിമത്ത് നജ്മ.കെ | ബേക്കേഴ്സ് ഇൻ |
| 297 | 5/2497 C13 | ബിന്ദുല.പി.ബി | ധരണി |
| 298 | 5/2497 D19 | ജയലത.വി.പി | ദേവൂ ഹാൻഡി ക്രാഫ്റ്റ് |
| 299 | 5/2497 C10 | ജിഷ രാജൻ | ലയ ബ്യൂട്ടി പാർലർ |
| 300 | 5/2497 D3 | രാജിയ.കെ.കെ | റെഡിമെയ്ഡ് & ടെയ്‌ലറിംഗ് |
| 301 | 5/2497 D18 | ഗീത.എം | ഹാൻഡി ക്രാഫ്റ്റ് മെറ്റീരിയൽസ് |
| 302 | 5/2497 C8 | ഹഫ്സീന.ഒ.എം. | റെഡിമെയ്ഡ്സ് |
| 303 | 5/2497 B11 | (1) സ്വപ്ന.കെ.കെ<br>(2) ദീപ്തി | സ്റ്റിച്ചിംഗ് മെറ്റീരിയൽ |
| 304 | 5/2497 A | ഡോ.പ്രീജ രാജൻ | ലിനൻ സാരീസ് |
| 305 | 5/2630 A | സന്തോഷ്.സി.കെ | അമൃതകൃപ ഇൻഡസ്ട്രിയൽ |
| 306 | 5/2932 C16 | എൻ.കെ.ജഫീർ | ട്രാവൽസ് |
| 307 | 5/2932 C20 | ജ്യോതി.എ.കെ. | ട്രാവൽസ് |
| 308 | 5/2932 E12, E13 | ജുനൈദ് സക്കറിയ | സർജിക്കൽ എക്യുപ്മെന്റ്സ് |
| 309 | 5/3034 | ഇദ്രീസ്.വി.പി | CCTV & Electronics |
| 310 | 5/3283 A9, A10 | സെലിന അഷ്‌റഫ് | സെലിൻസ് ഡിസൈനർ ബൊട്ടീക്ക് |
| 311 | 5/3412 Q11 | അനീഷ് മോൻ | ടൂർസ് & ട്രാവൽസ് |
| 312 | 5/3420 | രമ്യ.സി.കെ | അക്കൗണ്ടസ് & സോഫ്റ്റ്‌വെയർ, ട്രെയിനിംഗ്, ഐ.ടി. സർവ്വീസ് |
| 313 | 5/3421 R | (1) റോഷിൻ<br>(2) സുജ.ടി.വി | റെഡിമെയ്ഡ് ഷോപ്പ് |
| 314 | 5/3421 C1, C2 | നാസർ.പി | അറബ് നെറ്റ് |

ടി വിഷയം സംബന്ധിച്ച അന്വേഷണക്കുറിപ്പിന്ന (07.02.2022 ലെ ഒ.എസ്. നം. 40/2020-21) മറുപടി ലഭ്യമാക്കിയിട്ടില്ല.

3. ഹെൽത്ത് സർക്കിൾ 4

| ക്രമ നം. | വാർഡ് | കെട്ടിട നം. | വ്യാപാരിയുടെ പേര് | വ്യാപാര സ്ഥാപനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 36 | 37 B | ഗണേശൻ.എം | യൂണിക് ഡ്രസ്സസ് |
| 2 | 34 | 67 E | അനൂപ്.എം | അക്ഷയ ഇ-കേന്ദ്രം |
| 3 | ” | 937 A A1, A2, A3 | ഡെന്നി.സി.പി | ഓട്ടോമൊബൈൽ സ്പെയർ പാർട്സ് |

ഒ.എസ്. നം. 42/ 2020-21, തീയതി. 07.02.2022 ന് ലഭ്യമാക്കിയ 18.05.2022 ലെ എഫ്14/14767/2022 നമ്പർ മറുപടിയിൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഹെൽത്ത് സർക്കിൾ 1,2,3,4, എന്നിവയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വിവരം കാണിക്കുന്ന ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. ഡി & ഒ ലൈസൻസ് - പുതിയ നിരക്കിൽ ഈടാക്കാത്തതും മറ്റ് അപാകതകളും (എലത്തൂർ മേഖല കാര്യാലയം)

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് നിയമം 492(5) വകുപ്പ് പ്രകാരം കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷന്റെ 25.01.2019 ൽ കൂടിയ കൗൺസിലിന്റെ 1-ാംനമ്പർ തീരുമാനം പ്രകാരം ഡി & ഒ ലൈസൻസ് ഫീസ് നിരക്കുകൾ പുതുക്കി ബൈലോ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത ഫീസ് നിരക്കുകൾ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 60 ദിവസത്തിന് ശേഷം പ്രാബല്യത്തിൽ വരുന്നതും അന്നുമുതൽ മുൻ കാലങ്ങളിൽ ഈ ആവശ്യത്തിനു വേണ്ടി വിജ്ഞാപനം ചെയ്ത ലൈസൻസ് ഫീസ് നിരക്കുകൾ റദ്ദാവുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയത് 10.03.2020 നാണ്. അതിനാൽ 11.05.2020 മുതൽ പുതുക്കിയ ഫീസ് നിരക്കുകൾ പ്രാബല്യത്തിൽ വരേണ്ടതാണ്. എന്നാൽ കോഴിക്കോട് കോർപ്പറേഷൻ എലത്തൂർ മേഖലാ ഓഫീസിൽ 11.05.2020 മുതൽ ചില സ്ഥാപനങ്ങളിൽ നിന്നും പുതുക്കിയ നിരക്കിലുള്ള ഫീസ് ഈടാക്കിയിട്ടില്ല. ആയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകളിൽ അന്വേഷണ ഉദ്യോഗസ്ഥരുടെ പരിശോധന റിപ്പോർട്ട് ലഭ്യമാക്കാത്തതിനാൽ പല സ്ഥാപനങ്ങളുടേയും ഫീസ് നിരക്കിന്റെ കൃത്യത ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.

| കെട്ടിട നം. | ലൈസൻസിയുടെ പേര് | കച്ചവടത്തിന്റെ സ്വഭാവം | ഈടാക്കിയ ഫീസ് | രശീതി നം. തീയതി | ഈടാക്കേണ്ട ഫീസ് | കുറവ് |
|---|---|---|---|---|---|---|
| 8/116 | എൻ.പി.സലീം പുല്ലങ്ങോട്ട്, എലത്തൂർ | ബീഫ് സ്റ്റാൾ | 3000 (5 വർഷത്തേക്ക് @ 600) | 119040101424 08.06.2020 | 5000 (@1000) | 2000 |
| 16/111A | സുനിൽ മാത്യു ഏതൻ വില്ല കരുവശ്ശേരി | കാർ ബോഡി വർക്ക് ഷോപ്പ് | 500 | 120050102209 29.06.2020 | 1500 | 1000 |
| 16/324 | വേലായുധൻ.സി.കെ ചെറുകാട്ടിൽ ചെട്ടിക്കുളം | ബേക്കറി | 1125 | 120050106455 23.11.2020 | 2500 | 1375 |
| 16/70 | ശ്രീജിത്ത്.കെ.ബി. കളത്തിൽ ഹൗസ് പുതിയറ | ബാറ്ററി പ്രൊഡക്ഷൻ സെയിൽ | 850 | 120050104648 28.09.2020 | 5250 | 4400 |
| 15/572 | നവാസ്.കെ കുഞ്ഞാലുകണ്ടി സാലി മൻസിൽ | വാടക സാധനങ്ങൾ | 750 | 120050106485 24.11.2020 | 1000 | 250 |

| | | | | | | |
|---|---|---|---|---|---|---|
| 15/361 | മുഹമ്മദ് നാലുകണ്ടത്തിൽ പുതിയങ്ങാടി | ഗ്രോസറി | 750 | 120050103054 24.07.2020 | 2500 | 1750 |
| 7/413D | മൂസക്കോയ അഹമ്മദ് പള്ളിക്കൽ കണ്ടി പുതിയാപ്പ | റഡിമെയ്ഡ് ഷോപ്പ് | 300 | 120050106663 30.11.2020 | 1500 | 1200 |
| 7/19A | ശാന്തകുമാരി നട്ടോടി എരഞ്ഞിക്കൽ | സ്റ്റേഷനറി & വെജിറ്റബിൾസ് | 500 | 1250050100926 28.05.2020 | 2500 | 2000 |
| 6/54 A, B, C | എം.പ്രമോദ് നിവേദ്യം പുത്തൂർ പുതിയങ്ങാടി | ഹാർഡ് വെയർ, പെയിന്റ് | 1275 | 120050102307 30.06.2020 | 6000 | 4725 |
| 6/329/C | ശാലിനി.സി.എ ശ്രീചന്ദനം കോണാട് വെസ്റ്റ് ഹിൽ | ടെക്സ്റ്റൈയിൽസ് | 800 | 120050102892 17.07.2020 | 1200 | 400 |
| 6/458, 459 | നൗഫൽ.ആർ.എം റഹ്മത്ത് മൻസിൽ തലക്കുളത്തൂർ | മെഡിക്കൽ ഉപകരണങ്ങളുടെ വില്പന | 900 | 1200500104848 30.09.2020 | 3000 | 2100 |
| 6/516 C | വിജേഷ്.കെ കിഴക്കയിൽ എലത്തൂർ | വർക്ക് ഷോപ്പ് 2HP മോട്ടോർ | 750 | 120050102647 09.07.2020 | 1250 | 500 |
| 6/562 | ലതീഷ്.പി.കെ പാലത്തുകണ്ടി വേങ്ങേരി | അലൂമിനിയം ഫാബ്രിക്കേഷൻ മറ്റീരിയൽ വില്പന | 300 | 120050106454 23.011.2020 | 800 | 500 |
| 4/476 | അസ്ഗർ അലി എത്യാടത്ത് പറമ്പ് എലത്തൂർ | ഫ്ലോർമിൽ നടത്തിപ്പ് 10 HP മോട്ടോർ | 1125 | 120050102899 11.07.2020 | 1550 | 425 |
| 3/88 | സുമിത മനോജ് തയ്യിൽ മേലാത്ത് പെരുങ്ങ്ിരുത്തി എലത്തൂർ | ബാർബർ ഷോപ്പ് | 150 | 120050104630 26.09.2020 | 600 | 450 |
| 2/230 | ഹിഷാം.എം പടിഞ്ഞാറയിൽ എലത്തൂർ | ഹോട്ടൽ നടത്തിപ്പ് | 600 | 120050104799 30.09.2020 | 1500 | 900 |
| 1/532 | മുഹമ്മദ് നിഷാദ് കരുവശ്ശേരി | ടൈൽസ് ഷോറൂം | 900 | 120050106517 25.11.2020 | 1000 | 100 |
| 11/105A | നിഥിൻ.എം മീത്തലേടത്ത് മൊകവൂർ | എൻ.പി.എൻ ഡിസ്ട്രിബ്യൂഷൻ ഓഫ് മിൽക്ക് പ്രോഡക്ട്സ് | 750 | 1020050101756 15.06.2020 | 1750 | 1000 |
| 12/330A | ജിതിൻ ലാൽ രാമ കൃപ എളവീട്ടിൽ | ഇ.വി. മോട്ടോർസ് റോയൽ | 1500 | 120050103641 25.08.2020 | 6500 | 5000 |

| | | | | | | |
|---|---|---|---|---|---|---|
| | നടുവത്തൂർ | എൻഫീൽഡ് | | | | |
| 12/394A | ജിഷാറാണി<br>ഉത്രാടം<br>തച്ചനാടത്ത് പറമ്പ്<br>പുതിയങ്ങാടി | ആരാധ്യ<br>ടെക്സ്റ്റയിൽസ് | 450 | 12005010330<br>05.06.2020 | 750 | 300 |
| ആകെ കുറവ് | | | | | | 30375 |

ലൈസൻസ് ഫീസ് ഈടാക്കിയതിലുള്ള കുറവ് പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 14.2.2022 ന് നൽകിയ 53/2020-21 നമ്പർ അന്വേഷണക്കുറിപ്പിനു മറുപടി ലഭ്യമാക്കിയിട്ടില്ല.

നഗരസഭ പരിധിയിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-40 നഗരസഭ വക റോഡിന്റെ പാർശ്വങ്ങളും തെരുവിന്റെ അരികുകളും, ലീസ് വ്യവസ്ഥയിൽ കൊടുക്കുന്നതിന് അംഗീകൃത നിയമാവലി തയ്യാറാക്കിയില്ല.

1) ഫയൽ നം - ഇജി.2/72564/17.

നഗരസഭ പരിധിയിൽ (വാർഡ് നം.62) രാജാജി റോഡിലെ നഗരസഭ അധീനതയിലുള്ള ഓവുചാലിന് മുകളിലൂടെ സ്വന്തം ചെലവിൽ സ്ലാബ് വിരിക്കുന്ന പ്രവൃത്തിക്ക് അനുമതി ആവശ്യപ്പെട്ട് ശ്രീ.അജ്മൽ മുതൽ പേർ, റംലാസ് (ഹ), മാങ്കാവ്, (പി.ഒ), കോഴിക്കോട്-673007 03.10.2019 ൽ അപേക്ഷ നൽകി. അസിസ്റ്റന്റ് എഞ്ചിനീയറുടെ സ്ഥല പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലം പ്രതിവർഷം 5,000/- രൂപ ഫീസ് നിശ്ചയിച്ച് നൽകുന്നതിന്. മരാമത്ത് സ്ഥിരം സമിതി 18.03.2020 നം (തീരുമാനം നം.25), ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 02.11.2020 നം (തീരുമാനം നം. 15), കൗൺസിൽ 15.02.2021 നം തീരുമാനമെടുത്തു. (നം.6).

2) ഫയൽ നം - ഇജി.17/ടി.പി.15/6828/17.

ചെറുവണ്ണൂർ - നല്ലളം മേഖല കാര്യാലയ പരിധിയിൽ (ഡിവിഷൻ നം.41) പുതിയിടിപ്പാലം നിലത്ത് നഗരസഭ അധീനതയിലുള്ള ഓവുചാലിന് മുകളിലൂടെ ശ്രീ.അസ്കർ അലി, പയ്യനാട്ടുപാടം എന്നയാൾ അനധികൃതമായി സ്ലാബ് നിർമ്മിച്ച് വഴിയായി ഉപയോഗിച്ച് വരുന്നത് മാപ്പാക്കി സാധൂകരിച്ച് നൽകണമെന്നാവശ്യപ്പെട്ട് 14.08.2017 തീയ്യതിയിൽ അപേക്ഷ നൽകി. 20.11.2017 ന് ചെറുവണ്ണൂർ - നല്ലളം മേഖല കാര്യാലയത്തിലെ പി.ഡബ്ല്യൂ.ഒ.2 സ്ഥലം പരിശോധിച്ച്

താഴെ പറയുന്ന തരത്തിൽ റിപ്പോർട്ട് ചെയ്തു.

"14.60 മീറ്റർ നീളമുള്ളതും 1.10 മീറ്റർ നീളമുള്ളതുമായ ഡ്രെയിനു മുകളിൽ സ്ലാബ് ഇട്ട് ശ്രീ.അസ്കർ അലി, പയ്യനാട്ടുപാടം എന്നയാൾ അനധികൃതമായി സ്ലാബ് നിർമ്മിച്ച് വഴിയായി ഉപയോഗിച്ച് വരുന്നു. വീട് നിർമ്മാണത്തിന് പെർമ്മിറ്റ് ലഭിച്ചിട്ടുണ്ടെങ്കിലും കംപ്ലീഷൻ പ്ലാൻ ലഭിച്ചിട്ടില്ലാത്തതിനാൽ വീടിന് നമ്പർ ഇല്ല."മേൽ കുറിപ്പ് പരിശോധിച്ച അസിസ്റ്റന്റ് എഞ്ചിനീയർ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുന്നതിനായി ശുപാർശ ചെയ്തെങ്കിലും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഡ്രെയിനിൽ മാലിന്യം അടിയുന്നതിന്റെ സാദ്ധ്യതയും ആയത് ക്ലീൻ ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിനും വാർഡ് കൗൺസിലറെ വിവരം അറിയിക്കുന്നതിനും അറിയിച്ച് അസിസ്റ്റന്റ് എഞ്ചിനീയർക്ക് 23.11.2017 ൽ ഫയൽ മടക്കി നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ 19.12.2017 തീയ്യതിയിൽ താഴെ പറയുന്ന തരത്തിൽ റിപ്പോർട്ട് നൽകി.

" നിലവിൽ 80 സെ.മീ. ഉയരത്തിൽ സൈഡ് വാൾ കെട്ടി പ്രീകാസ്റ്റ് സ്ലാബ് ആണ് ഡ്രെയിനിന് മുകളിൽ ഇട്ടത്. ആയത് വെള്ളത്തിന്റെ ഒഴുക്കിനെ ബാധിക്കുകയോ, മാലിന്യ അടിഞ്ഞ് കൂട്ടുന്നതിനും സാധ്യത കുറവാണ്".

23.01.2018 ൽ വാർഡ് കൗൺസിലർ (ശ്രീ.വി.സയ്യീദ് മുഹമ്മദ് ഷമീൽ) ശ്രീ.അസ്കർ അലിയുടെ അപേക്ഷ പരിഗണിക്കുന്നതിനായി ശുപാർശ ചെയ്തു. മേൽ ശുപാർശ പരിഗണിച്ച് അനധികൃതമായി നിർമ്മിച്ച സ്ലാബിന് പിഴ ഈടാക്കുന്നതിനും, സ്ഥലം ലീസ് വ്യവസ്ഥയിൽ നൽകുന്നതിനുമായി അസിസ്റ്റന്റ് എഞ്ചിനീയർ 12.02.2018 ന് ശുപാർശ ചെയ്തു. അസിസ്റ്റന്റ് എഞ്ചിനീയറുടെ ശുപാർശ 19.02.2018 ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും. 05.03.2018 ന് എക്സിക്യൂട്ടീവ് എഞ്ചിനീയറും, സൂപ്രണ്ടിംഗ് എഞ്ചിനീയറും അംഗീകരിച്ച് നഗരാസൂത്രണ സ്ഥിരം സമിതിക്ക് ശുപാർശ ചെയ്തു. 04.04.2018 ലെ നഗരാസൂത്രണ സ്ഥിരം സമിതിയുടെ യോഗത്തിൽ അനുമതിയില്ലാതെ സ്ലാബ് ഉപയോഗിച്ച് ഡ്രെയിൻ മൂടിയതിന് പിഴ ഈടാക്കുന്നതിനും മേൽ ഡ്രെയിനേജ് വഴിയായി ഉപയോഗിക്കുന്നതിന് ലീസ് തുക ഈടാക്കുന്നതിനും തീരുമാനിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലേക്ക് ശുപാർശ ചെയ്തു. തുടർന്ന് 8 മാസത്തിനു ശേഷം പ്രസ്തുത സ്ഥലത്തിന് പ്രതിവർഷം 3,000/- രൂപ വാർഷിക ലൈസൻസ് ഫീസും, അനുമതിയില്ലാതെ സ്ലാബ് ഉപയോഗിച്ച് ഡ്രെയിൻ മൂടിയതിന് 3 വർഷത്തേക്ക് പിഴയായി 9,000/- രൂപ ഈടാക്കുന്നതിനുമായി പി.ഡബ്ല്യു.ഒ.3 ശുപാർശ ചെയ്തു. മേൽ ശുപാർശ 31.12.2018 ന് അസിസ്റ്റന്റ് എഞ്ചിനീയർ, 11.01.2019 ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, 15.01.2019 ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, 27.01.2019 ന് സൂപ്രണ്ടിംഗ് എഞ്ചിനീയറും അംഗീകരിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലേക്ക് ശുപാർശ ചെയ്തു. തുടർന്ന് 02.11.2020 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗത്തിലാണ് മേൽ വിഷയം അജണ്ടയായി ഉൾപ്പെടുത്തിയത്. കൗൺസിലിന്റെ 27.01.2021 ലെ യോഗത്തിലാണ് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് സൂപ്രണ്ടിംഗ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയത്. എന്നാൽ ലീസ് തുക, പിഴ എന്നിവ ഈടാക്കുന്നതിനായി കക്ഷിക്ക് നോട്ടീസ് നൽകിയില്ല. ശ്രീ.അസ്കർ അലി 14.08.2017 ന് നൽകിയ അപേക്ഷയിൻ മേൽ നടപടി എടുക്കാൻ കൗൺസിലിന് തീരുമാനമെടുക്കാൻ 3 വർഷവും 5 മാസവും വേണ്ടി വന്നു. നഗരസഭ ഫണ്ടിന് പ്രസ്തുത കാലയളവിൽ ലഭിക്കേണ്ടിരുന്ന ലീസ് തുക, പിഴ എന്നിവ ഉദ്യോഗസ്ഥ തലത്തിലെ വീഴ്ചകൾ കൊണ്ട് നിലവിലും ലഭിച്ചിട്ടില്ല.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 215, 2000 ത്തിലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും, കൈയ്യൊഴിക്കലും) ചട്ടങ്ങളിലെ നിയമ വ്യവസ്ഥകൾ അടിസ്ഥാനമാക്കി തയ്യാറാക്കിയ ബൈലാ പ്രകാരം (വകുപ്പ് 567) ലൈസൻസ് വ്യവസ്ഥയിൽ നഗരസഭ അധീനതയിലുള്ള വിവിധ സ്ഥലങ്ങൾ പൊതുജനങ്ങൾക്ക് അനുവദിക്കാവുന്നതാണ്. മേൽ നിയമം വകുപ്പ് 368 പ്രകാരം മുനിസിപ്പാലിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്ന റോഡിന്റെ പാർശ്വങ്ങളും തെരുവിന്റെ അരികുകളും, കൈവശം വയ്ക്കുന്നതിനായി അതിനു യുക്തമെന്നു തോന്നുന്ന വ്യവസ്ഥകളിൻമേലും നിബന്ധനകളിൻമേലും കാലത്തേക്കും പാട്ടത്തിന് കൊടുക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്. 1960 ലെ കേരള ഗവൺമെന്റ് ലാന്റ് അസ്സൈൻമെന്റ് ആക്ട് പ്രകാരം സർക്കാർ വക ഭൂമികൾ ലീസ് വ്യവസ്ഥയിൽ കൊടുക്കുന്നതിനും, നഗരസഭ അധീനതയിലുള്ള ഓവുചാലിന് മുകളിലൂടെ സ്ലാബുകൾ സ്ഥാപിക്കുന്നതിനും നിരക്കുകൾ നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത നിയമം പ്രകാരം ഭൂമികൾ ലീസ് വ്യവസ്ഥയിൽ അനുവദിക്കുന്നത് സ്ഥലത്തിന്റെ നിലവിലെ മാർക്കറ്റ് വാല്യൂവിന്റെ നിശ്ചിത ശതമാനം ഈടാക്കിയാണ്. യഥാസമയം ലീസ് തുക അടവാക്കാതിരുന്നാൽ ആയതിന് പിഴപലിശയും അടവാക്കണം. നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതെയും നിയമാവലി തയ്യാറാക്കാതെയും നഗരസഭ വക ഡ്രെയിനേജ് കുറഞ്ഞ നിരക്കിൽ സ്വകാര്യ വ്യക്തികൾക്ക് ലീസിന് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് 24.05.2022 ന് നൽകിയ അന്വേഷണ കുറിപ്പിന് (ഓ.എസ്. നം.76/2020-21) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും നഗരസഭ വക റോഡിന്റെ പാർശ്വങ്ങളും തെരുവിന്റെ അരികുകളും ലീസ് വ്യവസ്ഥയിൽ സ്വകാര്യ വ്യക്തികൾക്ക് നൽകുന്നതിന് കേരള ഗവൺമെന്റ് ലാന്റ് അസ്സൈൻമെന്റ് ആക്ട് പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായി മാർക്കറ്റ് വാല്യൂവിന്റെ അടിസ്ഥാനത്തിൽ നിയമാവലി തയ്യാറാക്കി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-41 സർക്കാർ നിർദ്ദേശം പാലിക്കാതെ ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ് വിനിയോഗിച്ചു.

| | |
|---|---|
| പദ്ധതിയുടെ | ഹെൽത്ത് സർക്കിളുകളിലേക്ക് ഇരുചക്ര |

| | | | | |
|---|---|---|---|---|
| പേര് | വാഹനം (സ്പിൽ ഓവർ) | | | |
| പദ്ധതി നം | 1326/21, | | | |
| ഫയൽ നം. | എഫ്.6/51784/2019 | | | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് സൂപ്പർവൈസർ | | | |
| അടങ്കൽ തുക | 16,06,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ടൈഡ് ഗ്രാന്റ്) | | | |
| ചെലവ് തുക | 16,05,531/- | ബിൽ നം, | തീയതി | തുക |
| | | 807/20-21 | 12.11.2020 | 1305531 |
| | | 808/20-21 | 12.11.2020 | 300000 |

2019-20 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നഗരസഭ ഹെൽത്ത് സർക്കിളുകളിലേക്ക് ഇരുചക്രവാഹനം വാങ്ങുന്നതിന് ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 16,06,000/- രൂപ വകയിരുത്തിയ പദ്ധതി (നം. 318/20) പ്രസ്തുത വർഷം നടപ്പാക്കാൻ സാധിക്കാത്തതിനാൽ സ്പിൽ ഓവർ പദ്ധതിയായി 2020-21 സാമ്പത്തിക വർഷത്തിൽ നടപ്പാക്കി. പൊതു സ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനും പൊതുജനങ്ങളുടെ പരാതി സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിനുമായിട്ടാണ് നഗരസഭ ഹെൽത്ത് സർക്കിളുകളിലേക്ക് ഇരുചക്രവാഹനം ലഭ്യമാക്കിയത്. കേന്ദ്ര സർക്കാർ ഇ-മാർക്കറ്റിംഗ് സൈറ്റായ ജെം മുഖേനയാണ് വാഹനങ്ങൾ വാങ്ങിയത്. 30.06.2020 ലെ (കൈ) 103/2020/ത.സ്വ.ഭ.വ. നം ഉത്തരവിലൂടെ പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ മാർഗ്ഗരേഖ ഖണ്ഡിക 7.5 പ്രകാരം കുടിവെള്ള പദ്ധതികൾ, അവയുടെ നടത്തിപ്പ്, മഴവെള്ളകൊയ്ത്ത്, ജലസംരക്ഷണവും, ജലസ്രോതസ്സുകളുടെ പരിപോഷണവും, ജലത്തിന്റെ പുനരുപയോഗവും പുനചക്രമണവും, ശുചിത്വം, കാര്യാക്ഷമമായ ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കൽ, വെളിയിട വിസർജ്ജന വിമുക്തി സ്ഥിതി നിലനിർത്തുന്നതിനും, ODF+, ODF+ തുടങ്ങിയ പദവികൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നീ നിർണ്ണായക സേവനങ്ങൾക്കാണ് ഗ്രാന്റ് തുക വിനിയോഗിക്കേണ്ടത്. നഗരസഭ ഹെൽത്ത് സർക്കിളുകളിലേക്ക് ഇരുചക്രവാഹനം ലഭ്യമാക്കുന്നതിനായി ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ് മേൽ പറഞ്ഞവയിൽ പെടുന്നതല്ല. ചെലവ് തുക 16,05,531/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-42 സർക്കാർ അനുമതിയില്ലാതെ കൃഷി ഭവനിൽ താൽകാലിക ജീവനക്കാരെ നിയോഗിച്ചു.

ഫയൽ നം - പി.2/39287/2020.

നഗരസഭ പരിധിയിൽ (മേഖല കാര്യാലയ പരിധികളൊഴികെ) കൃഷി സംബന്ധമായ വാർഷിക പദ്ധതികളുടെ നിർവ്വഹണവും, ഡിപ്പാർട്ട്മെന്റ് സംബന്ധമായ ചുമതലകളും വഹിക്കുന്നതിന് ജീവനക്കാരുടെ അഭാവം ഉണ്ടെന്നും ആയത് പരിഹരിക്കുന്നതിനായി 2 താൽകാലിക ജീവനക്കാരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് പുതിയറ കൃഷിഭവനിലെ ഓഫീസർ 08.07.2020 ന് അപേക്ഷ നൽകി. പ്രസ്തുത അപേക്ഷ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 17.07.2020 ലെ യോഗത്തിൽ പരിഗണിച്ച് 2 താൽകാലിക ജീവനക്കാരെ കൃഷിഭവനിലേക്ക് നിയമിക്കുന്നതിന് കൗൺസിലിലേക്ക് ശുപാർശ ചെയ്തു. (തീരുമാനം നം.1). 26.08.2020 ലെ കൗൺസിൽ യോഗത്തിൽ മേൽ വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് പ്ലാനിംഗ് ഓഫീസറെ ചുമതലപ്പെടുത്തി (തീരുമാനം നം.90). താൽകാലിക ജീവനക്കാരുടെ നിയമനം നടത്തുന്നതിന് 16.09.2020 മേൽ ഫയൽ നം കത്തിലൂടെ പ്ലാനിംഗ് ഓഫീസർ പുതിയറ കൃഷിഭവനിലെ ഓഫീസറെ ചുമതലപ്പെടുത്തി. ഇന്റർവ്യൂ ബോർഡിൽ പ്ലാനിംഗ് ഓഫീസറെ 30.10.2020 ന് നോമിനേറ്റ് ചെയ്തു. കൃഷി ഓഫീസർ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ സ്വീകരിച്ച് 04.11.2020 ന് ഇന്റർവ്യൂ നടത്തി വിജയികളായി 2 പേരെ തെരഞ്ഞെടുത്തു. കൃഷിഭവനിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിതരായ ജീവനക്കാർക്ക് താഴെ വിവരിച്ച രീതിയിൽ നഗരസഭ ഫണ്ടിൽ നിന്നും വേതനം നൽകിയിട്ടുണ്ട്.

| ഇനം | വൗച്ചർ നം, തീയ്യതി | ചെക്ക് നം | തുക |
|---|---|---|---|
| ശ്രീമതി. പ്രഭ.പി എന്നവരുടെ 11/20, 12/20 ലെ വേതനം | 22004694, 21.01.2021 | 231539 | 26,640 |
| ശ്രീമതി.ഷീന.കെ എന്നവരുടെ 12/20 ലെ വേതനം | 22004693, 21.01.2021 | 231538 | 11,100 |

| | | | |
|---|---|---|---|
| ശ്രീമതി. പ്രഭ.പി എന്നവരുടെ 01/21 ലെ വേതനം | 22005170, 23.02.2021 | 231437 | 16,280 |
| ശ്രീമതി.ഷീന.കെ എന്നവരുടെ 01/21 വേതനം | | | 16,280 |
| ശ്രീമതി. പ്രഭ.പി എന്നവരുടെ 02/21 ലെ വേതനം | 22005731, 23.03.2021 | 639737 | 16,610 |
| ശ്രീമതി.ഷീന.കെ എന്നവരുടെ 02/21 വേതനം | | | 17,365 |
| ശ്രീമതി. പ്രഭ.പി എന്നവരുടെ 03/21 ലെ വേതനം | 0171, 04.05.2021 | 640844 | 18,120 |
| ശ്രീമതി.ഷീന.കെ എന്നവരുടെ 03/21 വേതനം | | | 18,875 |
| ശ്രീമതി. പ്രഭ.പി എന്നവരുടെ 04/21 ലെ വേതനം | 1532, 29.07.2021 | 231307 | 15,100 |
| ശ്രീമതി.ഷീന.കെ എന്നവരുടെ 04/21 , 05/21 ലെ വേതനം | 1531, 29.07.2021 | 231308 | 18,875 |

1. 1994ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 30 (1), പട്ടിക3 (സി) പ്രകാരം നഗരസഭയിലേക്ക് കൈമാറിക്കിട്ടിയ കൃഷിഭവനുകളുടെ നടത്തിപ്പ് ഏറ്റെടുത്ത് നടത്തേണ്ടത് നഗരസഭകളുടെ മേഖല അടിസ്ഥാനത്തിലുള്ള ചുമതലയാണ്. 18.09.1995 ലെ (പി)189/95/ത.സ്വ.ഭ. നം. ഉത്തരവിലൂടെ സർക്കാരിന്റെ വിവിധ വകുപ്പുകളിൽപ്പെട്ട സ്ഥാപനങ്ങളേയും ഉദ്യോഗസ്ഥരേയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. 08.10.1996ലെ (എം.എസ്) നം.310/96/കൃഷി ഉത്തരവിലൂടെ കൃഷി വകുപ്പിൽ നിന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് കൈമാറുന്ന അധികാരങ്ങൾ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവുകളിലൊന്നും സർക്കാർ കൈമാറി നൽകിയ സ്ഥാപനങ്ങളിൽ സർക്കാരിന്റെ അനുമതിയില്ലാതെ നഗരസഭ കൗൺസിൽ സ്വന്തം നിലയ്ക്ക് തീരുമാനമെടുത്ത് ഉദ്യോഗാർത്ഥികളെ നിയമിച്ച് വേതനം നൽകുവാൻ നിർദ്ദേശിച്ചിട്ടില്ല.

2. 2011 ലെ കേരള മുനിസിപ്പാലിറ്റി (ഉദ്യോഗസ്ഥൻമാരുടെ മേൽ നിയന്ത്രണം) ചട്ടങ്ങളിലെ ചട്ടം.3 (8) പ്രകാരം നഗരസഭക്ക് സേവനം വിട്ടു കൊടുക്കപ്പെട്ട സർക്കാർ ഉദ്യോഗസ്ഥർ സ്ഥലം മാറ്റം മൂലമോ, അവധിമൂലമോ, മറ്റേതെങ്കിലും കാരണം കൊണ്ടോ മുനിസിപ്പാലിറ്റിക്ക് സേവനം വിട്ടുകൊടുക്കപ്പെട്ട ഒരു സർക്കാർ ഉദ്യോഗസ്ഥന്റേയോ ജിവനക്കാരന്റേയോ തസ്തികയിൽ ഒഴിവുണ്ടായാൽ പ്രസ്തുത ഒഴിവ് നികത്തുന്നതിന് മറ്റൊരു സർക്കാർ ഉദ്യോഗസ്ഥന്റേയോ, ജീവനക്കാരന്റേയോ സേവനം ഉടനെ വിട്ടു കിട്ടാത്ത സാഹചര്യത്തിൽ, സർക്കാരിന്റെ പൊതുമാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി ബന്ധപ്പെട്ട നിയമനാധികാരിയെ മുൻകൂട്ടി അറിയിച്ചു കൊണ്ട്, ആ ഒഴിവിൽ

(എ) എംപ്ലോയ്മെന്റ് എക്സ് ചേഞ്ച് മുഖേനയോ,

(ബി) എംപ്ലോയ്മെന്റ് എക്സ് ചേഞ്ച് മുഖേന ഒരു ഉദ്യോർഗാർത്ഥിയെ ലഭിക്കാതിരിക്കുന്ന സാഹചര്യത്തിൽ സർക്കാർ പ്രത്യേകം നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരം കരാർ അടിസ്ഥാനത്തിലോ മറ്റൊരാളെ 6 മാസത്തിൽ കൂടുതലല്ലാത്ത കാലയളവിലേക്കോ ഒരു സർക്കാർ ഉദ്യോഗസ്ഥനോ, ജീവനക്കാരനോ പ്രസ്തുത ഒഴിവിലേക്ക് നിയമിക്കപ്പെടുകയോ ഇതിൽ ഏതാണോ ആദ്യം അതുവരേക്കായി താൽകാലികമായി നിയമിക്കാവുന്നതാണ്.

3. 09.07.2019 ലെ (അച്ചടി)81/2019/ധനം നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരം കരാർ അടിസ്ഥാനത്തിലുള്ള എല്ലാം നിയമനങ്ങൾക്കും സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്.

എന്നാൽ മേൽ നിയമ വ്യവസ്ഥകൾ, ഉത്തരവ് എന്നിവ പാലിക്കാതെയും, പരിശോധിക്കാതെയുമാണ് കൃഷിഭവനിൽ താൽകാലിക ജീവനക്കാരെ നിയമിച്ചത്. ആയതിന് കൗൺസിൽ അംഗീകാരവും നൽകി. സർക്കാർ അനുമതിയില്ലാതെ താൽകാലിക ജീവനക്കാരെ നിയമിച്ചതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 20.10.2021 ന് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.01/2020-21) സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ 10.02.2021 ന് താൽകാലിക ജീവനക്കാരെ നിയോഗിച്ച നടപടി റക്റ്റിഫൈ ചെയ്യുന്നതിന് നഗരകാര്യ ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും തുടർ നടപടികൾ ലഭിച്ചിട്ടില്ല എന്ന് അറിയിച്ചു. കൃഷിഭവനിൽ ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചതിന് സർക്കാർ അംഗീകാരം ലഭ്യമാക്കാത്തതിനാൽ 2020-21 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ജീവനക്കാർക്ക് ശമ്പളമിനത്തിൽ അനുവദിച്ച 1,04,275/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-43 ഡിജിറ്റൈസേഷൻ & ഡാറ്റാ എൻട്രി പ്രവർത്തനങ്ങൾ - വിവര സുരക്ഷയ്ക്ക് ആവശ്യമായ

നടപടികൾ സ്വീകരിക്കേണ്ടതാണ്.

നഗരസഭ മുഖ്യ കാര്യാലയത്തിലെയും മേഖലാ കാര്യാലയങ്ങളിലെയും രേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതിനും വിവരങ്ങൾ ഡാറ്റാ എൻട്രി നടത്തുന്നതിനുമായി കോർപ്പറേഷൻ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പ്രൊജക്റ്റ് നമ്പർ SO 565/21 പ്രകാരം 14,97,392/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രൊജക്റ്റിന്റെ ഭാഗമായി വസ്തുനികുതി, വ്യാപാര ലൈസൻസ്, വിവാഹ രജിസ്ട്രേഷൻ തുടങ്ങിയ വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട ഫയലുകൾ ഡിജിറ്റൈസേഷനും ഡാറ്റാ എൻട്രിക്കുമായി കുടുംബശ്രീയുടെ 'ടെക്നോ വേൾഡ് 3rd ഐ.ടി യൂണിറ്റ് ' എന്ന സ്ഥാപനത്തെയാണ് ഏൽപ്പിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച് പ്രസ്തുത സ്ഥാപനവുമായി ഒപ്പു വച്ച കരാറിൽ രേഖകളുടെയും വിവരങ്ങളുടെയും സുരക്ഷ ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച വ്യവസ്ഥകളൊന്നും ഉൾക്കൊള്ളിച്ചിട്ടില്ല. ഐ.കെ.എം വികസിപ്പിച്ചിട്ടുള്ള വിവിധ സോഫ്റ്റ് വെയറുകളിൽ രഹസ്യസ്വഭാവമുള്ള യൂസർ ഐഡിയും, പാസ് വേർഡും ഉപയാഗിച്ച് നടത്തേണ്ട ഡാറ്റാ എൻട്രിക്കും ഡിജിറ്റൈസേഷനുമായി രേഖകളും വിവരങ്ങളും പുറമെയുള്ള ഒരു സ്ഥാപനത്തിന് നൽകുമ്പോൾ അവ ദുരുപയോഗിക്കപ്പെടുന്നില്ല എന്നും യൂസർ ഐഡി, പാസ് വേർഡ് എന്നിവ ഉപയോഗിച്ച് പിന്നീട് അനധികൃതമായ കൂട്ടിച്ചേർക്കലുകളോ ഒഴിവാക്കലുകളോ ഉണ്ടാവുകയില്ല എന്നും ഉറപ്പു വരുത്തേണ്ടത് കോർപ്പറേഷന്റെ ഉത്തരവാദിത്തമാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 93/2020-21 തീയതി 28.06.2022) മറുപടി ലഭിച്ചിട്ടില്ല. വിവര സുരക്ഷ ഉറപ്പാക്കുന്നതിനും , സോഫ്റ്റ് വെയറുകളുടെ അനധികൃത ഉപയോഗം തടയുന്നതിനുമാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-44 കൈമാറികിട്ടിയ ഡിസ്പൻസറികളിലെ അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച്.

### എ) ഫയൽ നം. ഇജി.8/71228/20

നഗരസഭക്ക് കൈമാറികിട്ടിയ എരഞ്ഞിപ്പാലം ആയുർവ്വേദ ആരോഗ്യ കേന്ദ്രത്തിൽ കുടിവെള്ള ദൗർലഭ്യമുള്ളതിനാൽ രോഗികൾക്ക് ആവശ്യമായ മരുന്ന് പാകം ചെയ്യുന്നതിനും സ്ഥാപനത്തിന്റെ ദൈനംദിന ആവശ്യങ്ങൾക്കും കുടി ജലം സംഭരിക്കുന്നതിനായി ടാപ്പോടു കൂടിയ വാട്ടർടാങ്കും, വാട്ടർ പ്യൂരിഫയറും വാങ്ങിക്കുന്നതിന് വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് അറിയിച്ച് 20.03.2020 തീയ്യതിയിൽ മെഡിക്കൽ ഓഫീസർ ബഹു.മേയർക്ക് നം.സി.28/20 കത്ത് സമർപ്പിച്ചു. എച്ച്.എം.സി ഫണ്ടിൽ കാര്യമായ നീക്കിയിരിപ്പ് ഇല്ലായെന്നും കത്തിൽ വിവരിച്ചിരുന്നു. അപേക്ഷ ലഭിച്ച് 3 മാസത്തിനു ശേഷം ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 30.06.2020 ലെ യോഗത്തിൽ മേൽ വിഷയം പരിഗണിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സൂപ്രണ്ടിംഗ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ചെയ്തു. തുടർന്ന് 2 മാസം സമയം എടുത്ത് 25.08.2020 ന് പ്രസ്തുത പദ്ധതിക്ക് 60,000/- രൂപ ചെലവ് വരുമെന്ന് അറിയിച്ച് എഞ്ചിനീയറിംഗ് വിഭാഗം റിപ്പോർട്ട് സമർപ്പിച്ചു. മേൽ റിപ്പോർട്ട് 22.10.2020 ലെ ധനകാര്യം സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് അടുത്ത പദ്ധതി ഭേദഗതിയിൽ തുക വകയിരുത്തതിന് തീരുമാനിച്ചു. ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്ക്, മേലുദ്യോഗസ്ഥർ എന്നിവർ മേൽ ഫയലിൽ തുടർനടപടികൾ സ്വീകരിക്കാതെ ഫയൽ നിശ്ചലമാക്കിയതിനാൽ 2020-21 ലെ പദ്ധതി ഭേദഗതിയിലോ, 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലെ വാർഷിക പദ്ധതിയിലോ മേൽ പ്രവൃത്തി ഉൾപ്പെടുത്തിയിട്ടില്ല.

### ബി) ഫയൽ നം. ഇജി.8/എഫ്.3/4267/21

നഗരസഭക്ക് കൈമാറികിട്ടിയ മലാപ്പറമ്പ് ഹോമിയോ ഡിസ്പെൻസറിയിൽ കുടിവെള്ള കണക്ഷൻ ഇല്ലാത്തതിനാൽ പുതിയ കണക്ഷൻ എടുക്കുന്നതിന് 61,000/- രൂപ വാട്ടർ അതോറിറ്റിയിൽ നിക്ഷപിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിച്ച് 11.01.2021 ന് മെഡിക്കൽ ഓഫീസർ സെക്രട്ടറിക്ക് കത്ത് നൽകി. മേൽ അപേക്ഷയോടൊപ്പം വാട്ടർ അതോറിറ്റി വിഭാഗം തയ്യാറാക്കിയ ഡീറ്റെയിൽ എസ്റ്റിമേറ്റും മെഡിക്കൽ ഓഫീസർ
സമർപ്പിച്ചു. ഫയൽ ഹെൽത്ത് വിഭാഗത്തിൽ നിന്നും 22.01.2021 ന് എഞ്ചിനീയറിംഗ് വിഭാഗത്തിന് കൈമാറി. 25.02.2021 തീയ്യതിയിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും ധനകാര്യ സ്ഥിരം സമിതിയിൽ സമർപ്പിക്കുന്നതിനായി അജണ്ട തയ്യാറാക്കി ഫയൽ കൈമാറി. നഗരസഭയിൽ ശുദ്ധജല
വിതരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ട മരാമത്ത് സ്ഥിരം സമിതി മേൽ ഫയലിലെ വിഷയം പരിശോധിച്ചതായി രേഖപ്പെടുത്തലുകളില്ല. ധനകാര്യ സ്ഥിരം സമിതിയുടെ 12.03.2021 ലെ യോഗത്തിൽ വാട്ടർ അതേറിറ്റിയിൽ തുക അടവാക്കുന്നതിന് ഫണ്ട് വകയിരുത്തുവാൻ തീരുമാനിച്ചു. (തീരുമാനം നം.09). തുടർന്ന് ഫയലിൽ നടപടികൾ സ്വീകരിച്ചതായി രേഖപ്പെടുത്തലുകളില്ല. മെഡിക്കൽ ഓഫീസർ സെക്രട്ടറിക്ക് കത്ത് നൽകി ഒരു വർഷത്തിനു ശേഷം 11.01.2022 ന് മേൽ പ്രവൃത്തി 2021-22 സാമ്പത്തിക വർഷത്തിലെ പദ്ധതികളിൽ ഉൾപ്പെടുത്തിയതായി അറിയിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ ഫയൽ എക്സിക്യൂട്ടീവ് അസിസ്റ്റന്റ് എഞ്ചിനീയർക്ക് സമർപ്പിച്ചു. 2 മാസത്തിനു ശേഷം 11.03.2022 വാട്ടർ അതോറിറ്റിയിൽ തുക അടവാക്കി.

1. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിൽ തങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ നിറവേറ്റുന്നതിനും, ആവശ്യമായ തീരുമാനങ്ങൾ കൈകൊള്ളുന്നതിനുമുള്ള അധികാരം സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടുണ്ട്.

നഗരസഭയെ സംബന്ധിച്ച ഏത് വിഷയത്തിലും ഒരു തീരുമാനമെടുക്കും മുമ്പ് സൂക്ഷമമായും വിശദമായും പരിശോധന നടത്തേണ്ടത് അതത് സ്റ്റാന്റിംഗ് കമ്മിറ്റികളാണ്. സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ തീരുമാനമെടുത്ത ശേഷമാകണം ഏതൊരു വിഷയവും അജണ്ടയായി നഗരസഭ യോഗത്തിൽ ഉൾപ്പെടുത്തേണ്ടത്. ഇപ്രകാരം ഉൾപ്പെടുത്തിയ ഒരു വിഷയത്തെ സംബന്ധിച്ച് നഗരസഭ തീരുമാനമെടുത്താൽ ആ തീരുമാനം കാര്യക്ഷമമായി നടപ്പിലാക്കുന്ന എന്ന് ഉറപ്പ് വരുത്തേണ്ട ചുമതലയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിക്കുണ്ട്. മുനിസിപ്പൽ നിയമം വകുപ്പ് 22 (1) (എം) പ്രകാരം ശുദ്ധജല വിതരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടത് മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയാണ്. എന്നാൽ മേൽ വിവരിച്ച 2 ഫയലുകളിലും മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി വിഷയങ്ങൾ പരിശോധന നടത്തിയതായി രേഖപ്പെടുത്തലുകളില്ല.

2. മുനിസിപ്പാലിറ്റി നിയമം വകുപ്പ് 30(1) ഒന്നാം പട്ടിക (സി) പ്രകാരം നഗരസഭക്ക് കൈമാറി കിട്ടിയ ഡിസ്പെൻസറികളും, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും നടത്തുക എന്നുള്ളത് മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപെടുന്നവയാണ്. 18.09.1995 ലെ (പി) 189/95/ത.ഭ.വ, 23.121995 ലെ (പി) 566/95/ആ.കു.വ. എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് സർക്കാരിന്റെ ചുമതലകളും, സ്ഥാപനങ്ങളും പദ്ധതികളും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറികൊടുത്തത്. പതിമൂന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ) ഖണ്ഡിക.12. 11.(1) പ്രകാരം നഗരസഭയുടെ നിയന്ത്രണത്തിലുള്ളതും കൈമാറികിട്ടിയതുമായ ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി ഉയർന്ന പരിഗണന നൽകണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി മറ്റ് ഫണ്ടുകൾ കൂടാതെ റോഡിതര മെയിന്റനൻസ് ഫണ്ടും വിനിയോഗിക്കാവുന്നതാണ്. മേൽ വ്യവസ്ഥകൾ
നിലനിൽക്കേയാണ് കൈമാറികിട്ടിയ ആരോഗ്യ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പദ്ധതി രൂപീകരിക്കാനോ യഥാസമയം തുക വകയിരുത്താനോ നഗരസഭക്ക് കഴിയാതെ പോയത്. ഇത് പ്രസ്തുത മേഖലയുമായി ബന്ധപ്പെട്ട എഞ്ചിനീയറിംഗ് വിഭാഗം, വർക്കിംഗ് ഗ്രൂപ്പുകൾ, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി, പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി എന്നവരുടെ ഭാഗത്തു നിന്നുള്ള വീഴ്ചയായിട്ടേ ഓഡിറ്റിൽ വിലയിരുത്താൻ കഴിയൂ. ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിൽ വന്ന വീഴ്ച സ്വയം വിമർശനാത്മകമായി പരിശോധിച്ച് ആവശ്യമായ പരിഹാര നടപടികൾ ഓരോ വിഭാഗവും കൈക്കൊള്ളേണ്ടതുണ്ട്.

3. 10.01.2000 ലെ 4676/പി.3/99/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്ത് അടിയന്തിര ഘട്ടത്തിൽ 75,000/- രൂപ വരെയുള്ള പെറ്റിവർക്കുകൾ തനത് ഫണ്ട് വിനിയോഗിച്ച് ജില്ല ആസൂത്രണ സമിതിയുടെ മുൻകൂർ അനുമതി ഇല്ലാതെ ഏറ്റെടുക്കാവുന്നതാണ്. ഈ രീതിയിൽ ഏറ്റെടുത്ത പ്രവൃത്തികൾ തുടർന്നു ജില്ല ആസൂത്രണ സമിതിക്ക് റിപ്പോർട്ട് ചെയ്ത് സാധൂകരണം വാങ്ങി നടപടി ഉത്തരവിൽ ഉൾപ്പെടുത്തണം. (ഗവ.ലെററർ നം.39957/ഡി.ബി/09/ത.സ്വ.ഭ.വ. 08-08-2009, വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല സമിതിയുടെ 23-07-2009 ലെ തീരുമാനം. 23). മലാപറമ്പ് ഹോമിയോ ഡിസ്പെൻസറിയിൽ കുടിവെള്ള ക്ഷാമം ചൂണ്ടി കാണിച്ച് മെഡിക്കൽ ഓഫീസർ വാട്ടർ അതോറിറ്റി വിഭാഗം തയ്യാറാക്കിയ ഡീറ്റെയിൽ എസ്റ്റിമേറ്റ് സഹിതം കത്ത് നൽകിയെങ്കിലും നഗരസഭയിൽ നിന്നും തുക ഡപ്പോസിറ്റ് ചെയ്തത് 14 മാസത്തിനു ശേഷമാണ്. എരഞ്ഞിപ്പാലം ആയുർവ്വേദ ആരോഗ്യ കേന്ദ്രത്തിലെ കുടിവെള്ള ദൗർലഭ്യം നിലവിലും ഫയലിൽ കുരുങ്ങി കിടക്കുന്നു. ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിൽ വന്ന വീഴ്ച സ്വയം വിമർശനാത്മകമായി പരിശോധിച്ച് ആവശ്യമായ പരിഹാര നടപടികൾ മേൽ വിവരിച്ച വിഭാഗങ്ങൾ കൈക്കൊള്ളേണ്ടതുണ്ട്.

4. വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (02.02.2018 ലെ സ.ഉ(കൈ) നം. 17/2018/ത.സ്വ.ഭ.വ) പ്രകാരം, നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ടല്ലാതെ നിർവ്വഹണം നടത്തുന്ന മറ്റെല്ലാ നിർവ്വഹണ രീതികളിലും നിർവ്വഹണ ഏജൻസിയുമായി തദ്ദേശ ഭരണ സ്ഥാപനം കരാറിൽ ഏർപ്പെടേണ്ടതാണ്. തദ്ദേശ ഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ മുൻകൂർ നൽകാവൂ. എന്നാൽ തുക ഡപ്പോസിറ്റ് ചെയ്യുന്നതിന് മുൻപ് വാട്ടർ അതോറിറ്റിയുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ കരാർ വെച്ചിട്ടില്ല. കൂടാതെ വാട്ടർ അതോറിറ്റിയ്ക്ക് തുക കൈമാറിയതിന്റെ കൈപ്പറ്റ് രശീത്, വിനിയോഗ സാക്ഷ്യപത്രം/ പൂർത്തീകരണ സാക്ഷ്യപത്രം എന്നിവയും ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി 09.05.2022 തീയ്യതിയിൽ നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (71/2020-21) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും കൈമാറികിട്ടിയ കൈമാറികിട്ടിയ എല്ലാ ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി ഉയർന്ന പരിഗണന നൽകേണ്ടതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-45 മട്ടുപ്പാവിൽ മുട്ടക്കോഴി വളർത്തൽ - നടപടിക്രമങ്ങളിലെ വീഴ്ചകൾ.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 291/21 |
| പേര് | മട്ടുപ്പാവിൽ മുട്ടക്കോഴി വളർത്തൽ പദ്ധതി |
| അടങ്കൽ | 12 ലക്ഷം രൂപ |

| | |
|---|---|
| ചെലവ് | 105925 രൂപ (പാർട്ട് പേമെന്റ്)-വികസന ഫണ്ട് |
| ട്രഷറി ബിൽ നം. | 66/30.3.21 – 105925 രൂപ |
| നിർവഹണോദ്യോഗസ്ഥൻ | സീനിയർ വെറ്ററിനറി സർജൻ, ബേപ്പൂർ |

സീനിയർ വെറ്ററിനറി സർജൻ, ബേപ്പൂർ നിർവഹണം നടത്തിയ മേൽ പദ്ധതി മുട്ടയുത്പാദന വർധനവ് ലക്ഷ്യമാക്കി തെരെഞ്ഞെടുക്കപ്പെട്ട 100 ഗുണഭോക്താക്കൾക്ക് ഹൈഡെൻസിറ്റി കോഴിക്കൂടും 40-60 ദിവസം പ്രായമുള്ള അത്യുത്പാദനശേഷിയുള്ള 15 കോഴികൾ വീതവും 50 ശതമാനം സബ്സിഡി നിരക്കിൽ നൽകാനാണ് ലക്ഷ്യമിട്ടത്. പദ്ധതി വിഹിതം 6ലക്ഷം രൂപ , ഗുണഭോക്തൃ വിഹിതം 6ലക്ഷം രൂപ എന്ന ക്രമത്തിൽ പ്രോജക്ടിന്റെ ആകെ അടങ്കൽ 12 ലക്ഷം രൂപയാണ്. പ്രോജക്ട് രേഖ പ്രകാരം ലക്ഷ്യമിട്ടതും ഇ-ടെണ്ടർ നോട്ടീസിലെ സ്പെസിഫിക്കേഷൻ പ്രകാരം രേഖപ്പെടുത്തിയതും ഇരുമ്പ് ഗ്രില്ലിന്റെ 6 അടി നീളത്തിലും 4അടി വീതിയിലും 3 അടി ഉയരത്തിലുമുള്ളതും ഓട്ടോമാറ്റിക് ഡ്രിംകർ , ഫീഡർ, എഗ്ഗ് കളക്ഷൻ ട്രേ എന്നിവയും താഴത്ത് ഫെൻസിംഗ് പോലുള്ള കവറിംഗോടു കൂടിയതും ആയ കോഴിക്കൂട് നൽകുന്നതായാണ്. കോഴിക്കൂട് വാങ്ങി നൽകുന്നതിനായി 18.8.20 ന് നടത്തിയ ആദ്യ ഇ ടെണ്ടറിൽ (2020_DAH_377681) ഏറ്റവും കുറവ് ടെണ്ടർ തുക ക്വാട്ട് ചെയ്ത ഇഷെബ് എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന്റെ ബിഡ് (5,979/- രൂപ കൂടിന്) ആദ്യം അംഗീകരിച്ചെങ്കിലും ടെക്നിക്കൽ യോഗ്യതകളില്ലാത്ത സ്ഥാപനത്തിന്റെ ഫിനാൻഷ്യൽ ബിഡ് ടെക്നിക്കൽ കമ്മറ്റിക്ക് വെയക്കാതെ തന്നെ തെറ്റായി ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ അംഗീകരിച്ചതാണ് എന്ന കാരണത്താൽ റദ്ദാക്കുകയും 18.9.20 ന് റീ ടെണ്ടർ നടത്തുകയും ചെയ്തു. റീ ടെണ്ടറിൽ (2020_DAH_386439_1) 5 സ്ഥാപനങ്ങൾ പങ്കെടുക്കുകയും ടെക്നിക്കൽ യോഗ്യതകൾ ഇല്ല എന്ന കാരണത്താൽ 3 സ്ഥാപനങ്ങളുടെ ബിഡ് തള്ളുകയും ടെക്നിക്കൽ യോഗ്യതകൾ ഉള്ള സ്ഥാപനങ്ങളിൽ നിന്നും ഏറ്റവും കുറഞ്ഞ തുകയ്ക്ക് ബിഡ് രേഖപ്പെടുത്തിയ കോട്ടക്കുന്ന് അഗ്രോ ആന്റ് പൗൾട്രി ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് എന്ന കമ്പനിയുടെ ബിഡ് (8,900/-രൂപ കൂടിന്) 14.10.20 ലെ പർച്ചേസിംഗ് കമ്മറ്റിയുടെ 3 ാം നമ്പർ തീരുമാനം, 19.10.20ലെ കൗൺസിലിന്റെ 38 ാം നമ്പർ തീരുമാനം എന്നിവ പ്രകാരം അംഗീകരിക്കുകയും ചെയ്തു. തുടർന്ന് 13.12.20 തിയതിയിൽ കോട്ടക്കുന്ന് അഗ്രോ ആന്റ് പൗൾട്രി ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനിക്ക് താഴെ പറയുന്ന പ്രകാരം കൂടുകൾ ഇറക്കി നൽകുന്നതിന് സപ്ലൈ ഓർഡർ നൽകി (എലത്തൂർ വെറ്ററിനറി ഡിസ്പെൻസറിക്ക്- 40 എണ്ണം, മാങ്കാവ് വെറ്ററിനറി ഡിസ്പെൻസറിക്ക്-25 എണ്ണം, ചെറുവണ്ണൂർ നല്ലളം വെറ്ററിനറി ഡിസ്പെൻസറിക്ക്- 5എണ്ണം, ബേപ്പൂർ വെറ്ററിനറി ഡിസ്പെൻസറിക്ക്- 20 എണ്ണം). 10.12.20 തിയതിയിൽ കമ്പനിയുമായി കരാറിൽ ഏർപ്പെടുകയും ചെയ്തു. 90 ഗുണഭോക്താക്കൾക്ക് കൂടും കോഴികളും നൽകിയതിന്റെ രസീതികളും ഗുണഭോക്താക്കളുടെ രേഖകളും ഫയലിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

പദ്ധതി നടത്തിപ്പിൽ സംഭവിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

(1) ആദ്യ ടെണ്ടർ റദ്ദ് ചെയ്യാനുള്ള കാരണമായി നോട്ട് ഫയലിൽ രേഖപ്പെടുത്തിയത് ആദ്യ ടെണ്ടറുകൾ ലഭിച്ചപ്പോൾ 'പദ്ധതിയുടെ ടെണ്ടറുകൾ തുറന്ന് പരിശോധിക്കുന്നതിനായി ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർക്ക് നിർദ്ദേശം നൽകി. TAC മീറ്റിംഗിന് വയ്ക്കാതെ തന്നെ കവർ Aമുഴുവൻ അഡ്മിറ്റ് ചെയ്യുകയും കവർ B യിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഇഷെബ് എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന്റെ ബിഡ് അഡ്മിറ്റ് ചെയ്യുകയും ചെയ്തു. ഇഷെബ് എന്ന സ്ഥാപനം ടെണ്ടർ നോട്ടീസിൽ പറയുന്ന മതിയായ രേഖകൾ സമർപ്പിച്ചിട്ടില്ല' എന്നാണ്. നിർവഹണ ഉദ്യോഗസ്ഥൻ ടെണ്ടറുകളുടെ കവറുകൾ തുറക്കാതെ ആയതിന് ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തുവാനുണ്ടായ സാഹചര്യം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ടെണ്ടർ രജിസ്റ്റർ സൂക്ഷിക്കുകയും വിവരങ്ങൾ രേഖപ്പെടുത്തുകയും ചെയ്തിട്ടില്ല. ആദ്യം ലഭിച്ച ബിഡുകളുടെ കവറുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

(2) ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം ഉറപ്പാക്കാതെ തന്നെ 90 കൂടുകൾക്കായി 13.12.20 തീയതിയിൽ തന്നെ സപ്ലൈ ഓർഡർ നൽകി. ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം ലഭിക്കാത്ത സാഹചര്യത്തിലും കോട്ടക്കുന്ന് അഗ്രോ ആന്റ് പൗൾട്രി ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി ലഭ്യമാക്കിയ കൂടുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി മറ്റ് വെറ്ററിനറി ഡിസ്പെൻസറികൾക്ക് നിർദ്ദേശം നൽകിക്കൊണ്ട് നിർവഹണോദ്യഗസ്ഥനായ ബേപ്പൂർ വെറ്ററിനറി സർജൻ ഇഷ്യൂ നോട്ട് നൽകിയിട്ടുമുണ്ട്. 'കൂടുകൾ ഇറക്കി ഏൽപ്പിച്ചിട്ടുള്ളതായി കോട്ടക്കുന്ന് അഗ്രോ ആന്റ് പൗൾട്രി ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി അറിയിച്ചിട്ടുണ്ടെന്നും ആയത് സ്റ്റോക്കിലെടുത്ത് രേഖകളും ഗുണഭോക്തൃ വിഹിതവും ശേഖരിച്ചിട്ടുള്ള ഗുണഭോക്താക്കൾക്ക് നൽകേണ്ടതാണെന്നും' കാണിച്ചുള്ള ഇഷ്യൂ (19.12.20 തീയതി) നോട്ട് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും മറ്റ് വെറ്ററിനറി ഡിസ്പെൻസറികളിലെ ഡോക്ടർമാർ പ്രസ്തുത ഇഷ്യൂ നോട്ട് ലഭിച്ചതായി രേഖപ്പെടുത്തിയിട്ടില്ല.എന്നാൽ ബേപ്പൂർ വെറ്ററിനറി ഹോസ്പിറ്റലിന്റെ പരിധിയിലെ തന്നെ 20 പേരുടെ ഗുണഭോക്തൃ വിഹിതം മുഴുവനായി ലഭിക്കാതെ തന്നെ നിർവഹണോദ്യോഗസ്ഥൻ കൂടുകൾ ഗുണഭോക്താക്കൾക്ക് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. 90 ഗുണഭോക്താക്കൾക്ക് കൂടും കോഴികളും നൽകിയതിന്റെ രസീതികളും ഗുണഭോക്താക്കളുടെ മറ്റ് രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും രസീതിയിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.

(3) കോട്ടക്കുന്ന് അഗ്രോ ആന്റ് പൗൾട്രി ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി കൂടുകൾ ഇറക്കി നൽകിയപ്പോൾ ടെണ്ടറിൽ രേഖപ്പെടുത്തിയ പ്രകാരമുള്ള സ്പെസിഫിക്കേഷനോടു കൂടിയ കൂടുകൾ തന്നെയാണ് ലഭിച്ചിട്ടുള്ളതെന്ന്

നിർവഹണോദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പാക്കിയിട്ടില്ല. ഓഡിറ്റ് ടിം ബേപ്പൂർ വെറ്ററിനറി ഡിസ്പെൻസറിയുടെ പരിധിയിൽ വരുന്ന സജിനി എന്ന ഗുണഭോക്താവിന് നൽകിയ കൂട് നേരിട്ട് കണ്ട് പരിശോധിച്ചു. ടെണ്ടറിൽ 6 അടി നീളത്തിലും 4അടി വീതിയിലും 3 അടി ഉയരത്തിലുമുള്ളതെന്ന് രേഖപ്പെടുത്തിയത് കമ്പനി ഇറക്കി നൽകിയപ്പോൾ 6 അടി നീളത്തിലും 1.5അടി വീതിയിലും 3 അടി ഉയരത്തിലുമുള്ളതായിരുന്നെന്ന് ബോധ്യപ്പെട്ടു. 2020-21 വർഷത്തിലേക്ക് ജില്ലാ ആസൂത്രണ സമിതി നം,41680/2017/ഡിപിഒ/കെകെഡി തി.15.7.2020 ഉത്തരവ് പ്രകാരം അംഗീകരിച്ച കോഴിക്കൂടിന്റെ ജില്ലാതല യൂണിറ്റ് കോസ്റ്റ് 10 കോഴികുഞ്ഞുങ്ങൾക്കുള്ളത് 6 അടി നീളത്തിലും 4അടി വീതിയിലും 3 അടി ഉയരത്തിലുമുള്ളതാണ്. എന്നാൽ 15 കോഴികുഞ്ഞുങ്ങളെ വീതം നൽകുകയും 5 കോഴികുഞ്ഞുങ്ങളെ വളർത്താൻ മാത്രം ഉതകുന്ന തരത്തിലുള്ള സ്പെസിഫിക്കേഷനോടു കൂടിയ കോഴിക്കൂടുമാണ് നൽകിയിട്ടുള്ളത്. കൃത്യമായ സ്പെസിഫിക്കേഷനോടു കൂടിയതല്ലാത്ത കൂടുകൾ നൽകിയത് പദ്ധതിയുടെ പ്രയോജനം ഗുണഭോക്താക്കൾക്ക് ലഭിക്കാത്ത സാഹചര്യം ഉണ്ടാക്കുകയും പൊതു പണത്തിന് നഷ്ടം ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്.

(4) സീനിയർ വെറ്ററിനറി സർജൻ, ബേപ്പൂർ ഉപയോഗിച്ച രസീതി ബുക്കുകൾ, കളക്ഷൻ രജിസ്റ്ററുകൾ എന്നിവ പ്രകാരം പദ്ധതിക്ക് വേണ്ടി ഗുണഭോക്തൃ വിഹിതമായി 5,595/- രൂപ വീതം 19 പേരിൽ നിന്ന് (ബേപ്പൂർ-12, ചെറുവണ്ണൂർ-നല്ലളം-7) 10.3.2021 തിയതിയിൽ പിരിച്ച് കോർപ്പറേഷനിൽ അടവാക്കതിയതിന് മാത്രമാണ് രേഖയുള്ളത്. ആയതിൽ തന്നെ ചെറുവണ്ണൂർ-നല്ലളം വെറ്ററിനറി ഡിസ്പെൻസറിയുടെ പരിധിയിലെ ഗുണഭോക്താക്കളായ അസ്മാബി, പത്മജ എന്നിവർക്ക് കൂടും കോഴിയും നൽകിയിട്ടുമില്ല. കൂടും കോഴിയും നൽകിയ 90 ഗുണഭോക്താക്കളിലെ 73 പേരിൽ നിന്നും ഗുണഭോക്തൃ വിഹിതം ലഭ്യമാക്കി കോർപ്പറേഷനിൽ അടവാക്കാത്തതിന്റെ കാരണം സംബന്ധിച്ച് ഫയലിൽ കൃത്യമായി രേഖപ്പെടുത്തലുകളില്ല.

(5) പദ്ധതിയുടെ ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിനായി ബേപ്പൂർ സീനിയർ വെറ്ററിനറി സർജന് 132 മുതൽ 135 വരെയുള്ള നമ്പറുകളിലുള്ള രസീതി ബുക്കുകൾ കോർപ്പറേഷനിൽ നിന്നും 30.10.2020 തീയതിയിൽ നൽകിയിട്ടുണ്ടെങ്കിലും, ആയത് സ്റ്റോക്കിലെടുക്കുകയോ മറ്റ് വെറ്ററിനറി ഡിസ്പെൻസറികൾക്ക് ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിനായി നൽകുകയോ ചെയ്തിട്ടില്ല.

(6) പദ്ധതിക്കായി കോഴികുഞ്ഞുങ്ങൾ വാങ്ങിയ എഗ്ഗർ നഴ്സറിയുടെ അംഗീകാരം, തെരഞ്ഞെടുപ്പ് എന്നിവ സംബന്ധിച്ച യാതൊരു രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത് 'കോഴികുഞ്ഞുങ്ങൾ രാവുണ്ണിയുടെ എഗ്ഗർ നഴ്സറിയിൽ നിന്ന് തരാമെന്ന് സമ്മതിച്ചിട്ടുണ്ട് ' എന്ന് മാത്രമാണ് . പ്രിയദർശിനി എഗ്ഗർ നഴ്സറിയിൽ നിന്നുള്ള 37/20.1.2021 നമ്പർ ഇൻവോയിസ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ആയതിൽ കോഴി ഒന്നിന് 160/- രൂപ നിരക്കിൽ ആകെ 1350 കോഴികൾക്ക് (90x15) 2,16,000/- രൂപയായാണ് വിലയായി രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത ഇൻവോയിസ് പ്രകാരമുള്ള പാർട്ട് പേമെന്റാണ് ട്രഷറി ബിൽ നം.66/30.3.21 പ്രകാരം നടത്തിയിട്ടുള്ളത്. എന്നാൽ 2020-21 വർഷത്തിൽ അംഗീകരിച്ച ജില്ലാതല യൂണിറ്റ് കോസ്റ്റ് അത്യുത്പാദന ശേഷിയുള്ള കോഴികുഞ്ഞുങ്ങൾക്ക് ഒന്നിന് 150/- രൂപ മാത്രമാണ്.

(7) ട്രഷറി ബിൽ നം.66/30.3.21 പ്രകാരം നാളിത് വരെയായി പദ്ധതിക്കായി ചെലവ് നടന്നിട്ടുള്ളത് 1,05,925/- രൂപയാണ്.ആയതിൽ 84,550/- രൂപ കോട്ടക്കുന്ന് അഗ്രോ ആന്റ് പൗൾട്രി ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനിയുടെ അക്കൗണ്ടിലേക്കും 21,375/- രാവുണ്ണി (പ്രിയദർശിനി എഗ്ഗർ നഴ്സറി) യുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുള്ളത്. ഇൻവോയ്സ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ഇൻവോയ്സ് | ഇൻവോയ്സ് പ്രകാരം ആകെ തുക | അധിക വിവരം |
|---|---|---|---|
| കോട്ടക്കുന്ന് അഗ്രോ ആന്റ് പൗൾട്രി ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി | 23/20.1.2021 | 8,01,000/- | 84,550/- പാർട്ട് പേമെന്റ് |
| പ്രിയദർശിനി എഗ്ഗർ നഴ്സറി | 37/20.7.2021 | 2,16,000/- | 21,375/- പാർട്ട് പേമെന്റ് |

ബാക്കി തുക ലഭിക്കുന്നതിനായി കോട്ടക്കുന്ന് അഗ്രോ ആന്റ് പൗൾട്രി ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി നഗരസഭയിലേക്കും സർക്കാരിലേക്കും പരാതി നൽകിയിട്ടുമുണ്ട്. കൃത്യമായ സ്പെസിഫിക്കേഷനോടു കൂടിയതല്ലാത്ത കൂടുകൾ കമ്പനി നൽകിയത് നിരാകരിക്കാതെ ഗുണഭോക്താക്കൾക്ക് വിതരണം നടത്തുകയും കമ്പനിക്ക് ഭാഗികമായി പണം നൽകിയിരിക്കുകയുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ചെയ്തിട്ടുള്ളത്.

വിഷയം സംബന്ധിച്ച് ഓഡിറ്റ് വേളയിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.20/20-21 തി.09.11.2020) നിർവ്വഹണോദ്യോഗസ്ഥൻ 29.12.2021 തിയതിയിൽ നൽകിയ മറുപടിയിൽ ചുവടെ ചേർക്കുന്ന വിവരങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.ക്രമനമ്പർ 1 അപാകതക്ക് പർച്ചേസിംഗ് കമ്മറ്റി യോഗത്തിൽ വെയ്ക്കുന്നതിന് തിടുക്കത്തിൽ ടെണ്ടർ തുറന്നത് മൂലമുള്ള അപാകതയാണ് എന്നും ക്രമനമ്പർ 2,4 എന്നിവയിൽ ചൂണ്ടിക്കാണിച്ച അപാകതകൾക്ക്

ഗുണഭോക്തൃ വിഹിതം മുഴുവനായും 19.12.2020 ന് സ്വീകരിച്ചിട്ടുണ്ട്,ആയത് കോർപ്പറേഷനിൽ അടവാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്,ബേപ്പൂർ സോണൽ ഭാഗത്തെ മുഴുവൻ ഗുണഭോക്താക്കളുടെ ഗുണഭോക്തൃ വിഹിതവും സ്വീകരിച്ചിട്ടുണ്ട്,ആയത് ലൈവ് സ്റ്റോക്ക് ഇൻസ്പെകടറെ ഏൽപ്പിച്ചിട്ടുണ്ട്, LI പിന്നീട് കോർപ്പറേഷനിൽ അടവാക്കിയിട്ടുണ്ട്,ഇഷ്യു നോട്ട് 20.12.2020 ന് ചാർജെടുത്ത് ഓഫീസർക്ക് കൈമാറിയിട്ടുണ്ട് എന്നിങ്ങനെയാണ്.പ്രസ്തുത മറുപടികൾ അംഗീകരിക്കാവുന്നതല്ല. 19 ഗുണഭോക്താക്കളിൽ നിന്നും (ബേപ്പൂർ-12, ചെറുവണ്ണൂർ-നല്ലളം-7) 10.3.2021 തിയതിയിൽ പിരിച്ച് കോർപ്പറേഷനിൽ അടവാക്കതിയതിന് മാത്രമാണ് ഫയലിൽ രേഖയുള്ളത്.ക്രമനമ്പർ 4 അപാകതക്ക് BOQ തയ്യാറാക്കിയപ്പോൾ കടന്ന്കൂടിയതെറ്റാണ് 6x4x3 എന്ന് രേഖപ്പെടുത്തിയത്,മറ്റ് സ്ഥലങ്ങളിലെല്ലാം തന്നെ ഇത് പോലെ 6x1.5x1.5 എന്ന സ്പെസിഫിക്കേഷനാണുള്ളത് തുടങ്ങിയ കാര്യങ്ങളാണ്. BOQ തയ്യാറാക്കിയപ്പോൾ കടന്ന് കൂടിയ തെറ്റ് തിരുത്താതെ മുന്നോട്ട് പോയതിനാൽ ആയതും അംഗീകരിക്കാവുന്നതല്ല. 150/- രൂപയക്ക് ഒരിടത്ത് നിന്നും കോഴികളെ വിതരണത്തിന് ലഭ്യമാകാത്ത സാഹചര്യത്തിൽ സർക്കാർ എഗ്ഗർ നഴ്സറി ആയതിനാൽ രാവുണ്ണിയെ നിർബന്ധിച്ച് സമ്മതിപ്പിക്കുകയായിരുന്നു, ബില്ലിൽ 160/- രൂപ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 150/- രൂപ മാത്രമേ നൽകിയട്ടുള്ളൂ തുടങ്ങിയ മറുപടിയാണ് ക്രമ നമ്പർ 6 ലെ അപാകതക്ക് മറുപടിയായി രേഖപ്പെടുത്തിയിട്ടുള്ളത്.സർക്കാർ എഗ്ഗർ നഴ്സറിയാണെന്ന് തെളിയിക്കുന്ന യാതൊരു രേഖയും ഹാജരാക്കിയിട്ടില്ല. ക്രമ നമ്പർ 7 ന് മറുപടി നൽകിയിട്ടുള്ളത് TAC മീറ്റിംഗിൽ കൂടുകൾ പരിശോധിച്ച് ഉറപ്പിച്ചിട്ടുള്ളത് AE യുടെ സാന്നിദ്ധ്യത്തിലാണ്, കൂട് നിരസിക്കേണ്ട സാഹചര്യം നിലവിലുണ്ടായിരുന്നില്ല തുടങ്ങിയ കാര്യങ്ങളാണ്. ജില്ല ആസൂത്രണ സമിതി അംഗീകരിച്ച 2020-21 ലേക്കുള്ള ജില്ലാതല യൂണിറ്റ് കോസ്റ്റ് 10 കോഴികുഞ്ഞുങ്ങൾക്കുള്ള കൂടിന്റെ സ്പെസിഫിക്കേഷൻ 6 അടി നീളം, 4അടി വീതി, 3അടി ഉയരം എന്നത് തന്നെയാണ് എന്നതിനാൽ പ്രസ്തുത മറുപടിയും അംഗീകരിക്കാവുന്നതല്ല. മേൽ പ്രസ്താവിച്ച അപാകതകൾ നിലനിൽക്കുന്നതിനാൽ മേൽ പദ്ധതിക്കായി ചിലവഴിച്ച തുക 1,05,925/- രൂപ ഓഡിറ്റ് നിരാകരിക്കുന്നു.തുക നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടാവാക്കേണ്ടതാണ്. ഗുണഭോക്തൃ വിഹിതം പിരിച്ച് കോർപ്പറേഷനിൽ അടച്ചതുമായി ബന്ധപ്പെട്ട അപാകതയ്ക്ക് മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ തുടരന്വേഷണത്തിനായി ശുപാർശ ചെയ്തിട്ടുണ്ട്. (2019-20 ഖണ്ഡിക നമ്പർ 1-19).

## 1-46 ഒരു കറവ പശു കൂടി പദ്ധതി 2021 -പശുക്കൾക്ക് ഇൻഷുറൻസ് ചെയ്തതിന്റെ രേഖകൾ ഇല്ല

<table>
<tr><td>പദ്ധതി നം.</td><td colspan="4">288/21</td></tr>
<tr><td>നിർവ്വഹണോദ്യോസ്ഥൻ</td><td colspan="4">സീനിയർ വെറ്ററിനറി സർജൻ, ബേപ്പൂർ</td></tr>
<tr><td>അടങ്കൽ</td><td colspan="4">42,00,000/-</td></tr>
<tr><td rowspan="3">ചെലവ്</td><td rowspan="3">20,70,000/-</td><td>ബിൽ നം.</td><td>തീയതി</td><td>തുക</td></tr>
<tr><td>49</td><td>30.03.2021</td><td>20,40,000 (വികസനഫണ്ട്)</td></tr>
<tr><td>69</td><td>30.03.2021</td><td>30,000 (വികസനഫണ്ട്)</td></tr>
</table>

പദ്ധതി പ്രകാരം ഒരു കറവ പശുവിനെ കൂടി വാങ്ങിയതിന് 69 കർഷകർക്ക്/ഗുണഭോക്താക്കൾക്ക് 30,000/- രൂപ വീതം സബ്സിഡി ഇനത്തിൽ അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾ എല്ലാവരും പശുവിനെ ഇൻഷുറൻസ് ചെയ്തിട്ടുണ്ടെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പാക്കിയിട്ടില്ല. 69 ഗുണഭോക്താക്കളിൽ 19 പേർ പശുവിനെ ഇൻഷുറൻസ് ചെയ്തതിന്റെ രേഖകൾ മാത്രമേ ഫയലിനൊപ്പം സൂക്ഷിച്ചിട്ടുള്ളൂ. പല ഗുണഭോക്താക്കളും നാളിത് വരെയും പശുവിനെ ഇൻഷുറൻസ് ചെയ്തിട്ടില്ല എന്ന് വ്യക്തമാണ്. ഉദാഹരണമായി അനീഷ് കുമാർ, കുണ്ടേനി എന്ന കർഷകന്റെ താമസസ്ഥലം ഓഡിറ്റ് ടീം 29.10.2021 തീയതിയിൽ നേരിട്ട് സന്ദർശിച്ച കർഷകനോട് അന്വേഷിച്ചതിൽ നിന്നും ടിയാൻ പശുവിനെ ഇൻഷുറൻസ് ചെയ്തിട്ടില്ല എന്ന് ബോധ്യമാകുകയും ചെയ്തു.വിഷയം സംബന്ധിച്ച് ഓഡിറ്റ് വേളയിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നിർവ്വഹണോദ്യോഗസ്ഥൻ '20.12.20 വരെ ബേപ്പൂരിൽ നിന്നു നൽകിയിട്ടുള്ള മുഴുവൻ പശുവിനെയും ഇൻഷുറൻസ് ചെയ്തിട്ടുള്ളതാകുന്നു' എന്ന് മാത്രമാണ് മറുപടിയായി നൽകിയിട്ടുള്ളത്.ഇൻഷുറൻസ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.പദ്ധതി പ്രകാരം സബ്സിഡി അനുവദിച്ച് നൽകിയ കർഷകരിൽ പശുക്കൾക്ക് ഇൻഷുറൻസ് ചെയ്യാത്തവരെ ഇൻഷുർ ചെയ്യിക്കേണ്ടതും രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.ആയത് വരെയും 50 പേർക്ക് സബ്സിഡി അനുവദിച്ച തുക 1500000 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-47 അടുക്കള മുറ്റത്ത് മുട്ടക്കോഴി വളർത്തൽ 2021

| പദ്ധതി നം. | 290/21 |
|---|---|

| നിർവ്വഹണോദ്യോസ്ഥൻ | അടുക്കള മുറ്റത്ത് മുട്ടക്കോഴി വളർത്തൽ 2021 | | |
|---|---|---|---|
| അടങ്കൽ | 18,00,000/- (വികസന ഫണ്ട്) | | |
| ചെലവ് | 2,28,000/- | ബിൽ നം. | തീയതി |
| | | 68/2020-21 | 30.03.2021 |

സീനിയർ വെറ്ററിനറി സർജൻ, ബേപ്പൂർ നിർവഹണം നടത്തിയ മേൽ പദ്ധതിയിൽ 45-60 ദിവസം പ്രായമുള്ള മുട്ടക്കോഴികൾ 5 എണ്ണം അടങ്ങിയ ഒരു യൂണിറ്റ് 100% സബ്സിഡിയോടെ തെരെഞ്ഞെടുത്ത 3000 ഗുണഭോക്താക്കൾക്ക് ടെണ്ടർ കൂടാതെ വാങ്ങാൻ അനുവാദമുള്ള സ്ഥാപനത്തിൽ നിന്ന് നേരിട്ട് വാങ്ങി നൽകുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. നിതിലം എഗ്ഗർ നഴ്സറി , മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയിസ് നമ്പർ 143/08.12.2020 പ്രകാരം 1900 കോഴിക്കുഞ്ഞുങ്ങളെ 120/- രൂപ നിരക്കിൽ വാങ്ങി വിതരണം ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. ട്രഷറി ബിൽ നമ്പർ 68/2020-21 തീയതി-30.03.2021 പ്രകാരം 2,28,000/- രൂപ (1900 X 120) നിതിലം എഗ്ഗർ നഴ്സറിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്.

പദ്ധതി നടത്തിപ്പിൽ സംഭവിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

(1) നിതിലം എഗ്ഗർ നഴ്സറിയിൽ നിന്നും ടെണ്ടർ കൂടാതെ വാങ്ങുന്നതിനുള്ള സർക്കാർ അംഗീകാരം സംബന്ധിച്ച രേഖകളോ, പ്രസ്തുത എഗ്ഗർ നഴ്സറിയെ വാങ്ങലിനായി തെരെഞ്ഞെടുത്തത് സംബന്ധിച്ച് തീരുമാനങ്ങളോ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

(2) ചെറുവണ്ണൂർ-നല്ലളം, എലത്തൂർ, മാങ്കാവ്, ബേപ്പൂർ വെറ്ററിനറി ഡിസ്പൻസറികളുടെ പരിധിയിലെ ആകെ 2080 ഗുണഭോക്താക്കളുടെ പട്ടിക ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പട്ടികയിലെ ഗുണഭോക്താക്കളിൽ ആർക്കൊക്കെയാണ് കോഴി കുഞ്ഞുങ്ങൾ നൽകിയിട്ടുള്ളതെന്നുള്ള വിവരങ്ങൾ ഫയലിൽ വ്യക്തമായി രേഖപ്പെടുത്തലുകളില്ല.

(3) എലത്തൂർ വെറ്ററിനറി ഡിസ്പൻസറി പരിധിയിലെ 106 ഗുണഭോക്താക്കളുടെയും, ചെറുവണ്ണൂർ-നല്ലളം വെറ്ററിനറി ഡിസ്പൻസറി പരിധിയിലെ 55 ഗുണഭോക്താക്കളുടെയും കൈപ്പറ്റ് രസീതുകളും റേഷൻ കാർഡ്, ആധാർ കാർഡ് തുടങ്ങിയവയുടെ പകർപ്പുകളും മറ്റ് രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ മറ്റ് ഗുണഭോക്താക്കളുടെ കൈപ്പറ്റ് രസീതികൾ മറ്റ് രേഖകൾ എന്നിവ ഒന്നും തന്നെ ലഭ്യമാക്കുകയോ ഫയലിൽ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

വിഷയം സംബന്ധിച്ച് ഓഡിറ്റ് വേളയിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.22/09.11.2020) 12.1.2022 തീയതിയിൽ നിർവ്വഹണോദ്യോഗസ്ഥൻ 'ബന്ധപ്പെട്ട രേഖകളെല്ലാം ഫയലിൽ ലഭ്യമാണ്' എന്നാണ് മറുപടിയായി അറിയിച്ചിട്ടുള്ളതെങ്കിലും രേഖകൾ ഒന്നും തന്നെ ഫയലിൽ സൂക്ഷിക്കുകയോ ഓഡിറ്റിന് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 2,28,000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു.

## 1-48 മട്ടുപ്പാവിൽ മുട്ടക്കോഴി വളർത്തൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

| പദ്ധതി നം. | 1203/21 |
|---|---|
| പദ്ധതിയുടെ പേര് | മട്ടുപ്പാവിൽ മുട്ടക്കോഴി വളർത്തൽ 2020 |
| അടങ്കൽ തുക | പദ്ധതി അടങ്കൽ : 12 ലക്ഷം രൂപ<br>(വികസന ഫണ്ട് : 6 ലക്ഷം, ഗുണഭോക്തൃവിഹിതം 6 ലക്ഷം) |
| നിർവഹണം | സീനിയർ വെറ്ററിനറി സർജൻ |
| ചെലവ് തുക | 5,96,250/- (വികസന ഫണ്ട്) |

| ബിൽ നമ്പർ/തീയതി | തുക |
|---|---|
| 7/21.05.2020 | 1,35,000 |
| 14/06.05.20 | 2,64,375 |
| 19/17.07.20 | 1,50,750 |
| 28/22.10.20 | 40,500 |
| 58/29.03.21 | 5,625 |
| ആകെ | 5,96,250 |

കോർപ്പറേഷൻ പരിധിയിൽ സ്ഥല സൗകര്യം കുറഞ്ഞവർക്ക് മട്ടുപ്പാവിൽ മുട്ടക്കോഴികളെ വളർത്തി മുട്ടയുത്പാദനം വർദ്ധിപ്പിക്കുന്നതിന് 2019-20 വർഷം 28/20 നമ്പർ പ്രോജക്ട് തയ്യാറാക്കി. എന്നാൽ തൻവർഷം പദ്ധതി നടപ്പായില്ല.

തുടർന്ന് 2020-21 വർഷം സ്പിൽ ഓവറായി 1203/21 നമ്പർ പ്രോജക്ട് തയ്യാറാക്കി പദ്ധതി നടപ്പാക്കുകയുണ്ടായി. പ്രോജക്ട് പ്രകാരം 100 ഗുണഭോക്താക്കളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്താൻ ലക്ഷ്യമിട്ടതെങ്കിലും 106 ഗുണഭോക്താക്കൾക്ക് കോഴികളും കൂടും നൽകിയതായാണ് ചെലവ് പരിശോധിച്ചതിൽ നിന്നും മനസ്സിലാകുന്നത്. ഒരു ഗുണഭോക്താവിൽ നിന്നും 5,625/- രൂപ തോതിൽ ഗുണഭോക്തൃവിഹിതം ഈടാക്കിയിട്ടുണ്ട്. ഓരോ ഗുണഭോക്താവിനും 15 കോഴികളെ വീതം നൽകാനാണ് പ്രോജക്ടിൽ ലക്ഷ്യമിട്ടത്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

(1) കൂടിന്റെ വില വ്യാല്യൂവേഷൻ നടത്താതെ ടെണ്ടർ ക്ഷണിച്ചു

കൂടിന്റെ വില എൽ.എസ്.ജി.ഡി. എഞ്ചിനീയർ നിർണ്ണയിച്ച് ടെണ്ടർ ക്ഷണിച്ചതിന് ശേഷം പ്രൊക്വയർമെന്റ് കമ്മിറ്റി നിജപ്പെടുത്തണമെന്നാണ് പ്രോജക്ട് പ്രകാരം നിഷ്കർഷിച്ചിട്ടുള്ളത്. സ.ഉ.(കൈ) നം.22/2018/ത.സ്വ.ഭ.വ. തീയതി 14.02.2018 നമ്പർ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.2 ന്റെ കുറിപ്പ് 2 അനുസരിച്ചും കൂടിന്റെ വാല്യൂവേഷൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർ/ഓവർസിയർ എടുക്കണം. 18.09.2019 ന് 146/19 നമ്പർ ഇ-ടെണ്ടർ ക്ഷണിക്കുകയും അതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കുന്നമ്മൽ അഗ്രോ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ സ്വീകരിക്കാൻ പ്രൊക്വയർമെന്റ് കമ്മിറ്റി തീരുമാനിക്കുകയും ചെയ്തു. ടെണ്ടറിൽ കൂടിന്റെ സ്പെസിഫിക്കേഷൻ 6 അടി നീളം, 4 അടി വീതി, 3 അടി ഉയരം എന്നാണ് രേഖപ്പെടുത്തിയത്. ടെണ്ടറിൽ 9410 രൂപയാണ് സ്ഥാപനം ക്വാട്ട് ചെയ്തെങ്കിലും പിന്നീട് നെഗോഷിയേഷനിലൂടെ ആയത് 9,000/- രൂപയായി

കുറച്ചു. കൂടിന്റെ വില ഒരു എഞ്ചിനീയറോ ഓവർസിയറോ വാല്യവേഷൻ നടത്താതെയാണ് ടെണ്ടർ നടപടികൾ സ്വീകരിച്ചത്.

(2) കോഴികുഞ്ഞുങ്ങളെ വിതരണം നടത്തിയതിൽ ഏകീകൃത സ്വഭാവമില്ല

പ്രോജക്ട് പ്രകാരം 100 ഗുണഭോക്താക്കൾക്ക് 15 വീതം കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്യാനാണ് ലക്ഷ്യമിട്ടത്. എന്നാൽ പദ്ധതി നടപ്പിലായപ്പോൾ പല ഗുണഭോക്താക്കൾക്കും നൽകിയ കോഴികുഞ്ഞുങ്ങളുടെ എണ്ണം പല രീതിയിലായി. 106 ഗുണഭോക്താക്കളിൽ നിന്നായി 5,625/- രൂപ വീതം ഗുണഭോക്തൃ വിഹിതമായി ഈടാക്കി കോർപ്പറേഷനിൽ അടച്ചിട്ടുണ്ട്. 9000/- രൂപയുടെ കൂടിനുള്ള സബ്സിഡി 4,500/- രൂപയും 150/- രൂപയുള്ള കോഴിക്കുഞ്ഞിന്റെ സബ്സിഡി തുക 75/- രൂപയും ഉൾപ്പെടെ 15 കോഴിക്കുഞ്ഞുങ്ങൾക്ക് 1,125/- രൂപയും (4500+1125) കൂട്ടി മൊത്തം 5,625/- രൂപ. എന്നാൽ പല ഗുണഭോക്താക്കൾക്കും 10 ഉം 9 ഉം കോഴിക്കുഞ്ഞുങ്ങളെയാണ് ലഭിച്ചത്. എന്നാൽ കൈപ്പറ്റുകളിൽ 45 പേർക്ക് 15 ഉം 40 പേർക്ക് 10 കോഴിക്കുഞ്ഞുങ്ങളെ നൽകിയതായാണ് രേഖയുള്ളത്. 21 പേരുടെ കൈപ്പറ്റ് ലഭ്യമല്ല.

(3) സ്പെസിഫിക്കേഷൻ പരിഗണിക്കാതെ കൂടുകൾ വാങ്ങി - പദ്ധതി കൊണ്ട് പ്രയോജനം ലഭിച്ചില്ല.

യൂണിറ്റ് കോസ്റ്റ് പ്രകാരം 10 കോഴികൾക്കുള്ള കൂടിന്റെ സ്പെസിഫിക്കേഷനാണ് 6x4x3 അടി. എന്നാൽ പല ഗുണഭോക്താക്കളെയും നേരിൽ സന്ദർശിച്ചതിൽ നിന്നും 6x1x1 അടിയിലുള്ള കൂടുകളാണ് ലഭിച്ചതെന്ന് മനസ്സിലായി. ഇതിൽ തന്നെ പലർക്കും 15 വരെ എണ്ണം കോഴിക്കുഞ്ഞുങ്ങളെയും നൽകിയിട്ടുണ്ട്. യൂണിറ്റ് കോസ്റ്റ് അനുസരിച്ചുള്ള സ്പെസിഫിക്കേഷനില്ലാത്ത കൂടുകൾ നൽകിയതു വഴി പദ്ധതി കൊണ്ടുള്ള പ്രയോജനം ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടില്ല. സ്ഥാപനം സപ്ലൈ ചെയ്ത കൂട്ടിൽ 5 കോഴികളെ പോലും വളർത്താൻ സാധ്യമല്ല. മാത്രമല്ല ലഭിച്ച കൂടുകളുടെ കണ്ണികൾ തമ്മിലുള്ള അകലം കൂടുതലായതിനാൽ പല ഗുണഭോക്താക്കളും പിന്നീട് ചെറിയ കണ്ണികളുള്ള വലകൾ വാങ്ങി കൂടിന് ചുറ്റും പിടിപ്പിക്കുകയും കൂടിന്റെ അടിവശം പൊളിഞ്ഞുപോയതിനാൾ വീണ്ടും തകര ഷീറ്റ് അടിക്കുകയുമാണ് ചെയ്തത്. 29.10.2021 ന് നടത്തിയ സ്ഥലം പരിശോധനയിൽ സന്ദർശിച്ച വീടുകളിലെല്ലാം കൂട് ഒഴിഞ്ഞു കിടക്കുകയോ ഉപയോഗിക്കാൻ സാധിക്കാത്തതിനാൽ മറ്റ് ആളുകൾക്ക് കൈമാറി കൊടുക്കുകയോ ചെയ്തതായാണ് കണ്ടത്.

(4) യൂണിറ്റ് കോസ്റ്റിലും കൂടിയ നിരക്കിൽ കോഴിക്കുഞ്ഞുങ്ങളെ വാങ്ങി

കോഴിക്കുഞ്ഞുങ്ങളെ വാങ്ങുന്നത് സംബന്ധിച്ചും സ്ഥാപനം തെരെഞ്ഞെടുക്കുന്നതു സംബന്ധിച്ചും പ്രൊക്വയർമെന്റ് കമ്മറ്റിയുടെ തീരുമാനങ്ങളൊന്നും പദ്ധതിയുടെ ഫയലിൽ ലഭ്യമല്ല. ജില്ലാ തല സമിതി നിശ്ചയിച്ച വില അനുസരിച്ച് (ഉത്തരവ് നം.41680/17/ഡി.പി.ഒ/കെ.കെ.ഡി. തീയതി 15.07.2020) ഒരു കോഴിക്കുഞ്ഞിന്റെ വില 150 രൂപയാണ്. പദ്ധതിക്കായി 1344 കോഴിക്കുഞ്ഞുങ്ങളെയാണ് 2020-21 വർഷം പല സ്ഥാപനത്തിൽ നിന്നായി വാങ്ങിയത്. അവയുടെ ബില്ലുകളും വൗച്ചറുകളും പരിശോധിച്ചതിൽ യൂണിറ്റ് കോസ്റ്റിലും അധികരിച്ച തുക നഴ്സറികൾക്ക് നൽകിയിട്ടുണ്ട്. വികസന ഫണ്ടിൽ നിന്നും അധികം നൽകിയ തുകകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രോജക്ട് നം.1203/21

| ബിൽ നം./ തീയതി | ബിൽ തുക | സ്ഥാപനത്തിന്റെ പേര് | അനുവദിച്ച നിരക്ക്/ കോഴികളുടെ എണ്ണം | അനുവദിച്ച സബ്സിഡി തുക | അനുവദിക്കേണ്ട സബ്സിഡി @ 150 | അധികം നൽകിയത് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 14/ 06.05.20 | 2,64,375/- | സ്റ്റാർ എഗ്ഗർ നഴ്സറി കരുവശ്ശേരി കോഴിക്കോട് | @150 705 | 52,875/- | 52,875/- | ഇല്ല |
| 19/ 17.07.20 | 1,50,750/- | മലബാർ എഗ്ഗർ നഴ്സറി കുന്ദമംഗലം കോഴിക്കോട് | @225 460 | 51,750/- | 34,500/- | 17,250/- |
| 28/ 22.10.20 | 40,500/- | നിതിലം എഗ്ഗർ നഴ്സറി കരുവാരക്കുണ്ട് മലപ്പുറം | @2250/ 13 കോഴി കുഞ്ഞുങ്ങൾ വീതമുള്ള 8 ബോക്സ് (104കോഴി കുഞ്ഞുങ്ങൾ) | 9,000/- | 7,800/- | 1,200/- |
| 58/ 29.03.21 | 5,625/- | പ്രിയദർശിനി എഗ്ഗർ നഴ്സറി ചാത്തമംഗലം കോഴിക്കോട് | @150 75 | 5,625/- | 5,625/- | ഇല്ല |
| ആകെ അധികം നൽകിയത് | | | | | | 18,450/- |

വികസന ഫണ്ടിൽ നിന്നും 18,450/- രൂപ അധികം ചെലവഴിച്ചു

(5) മുഴുവൻ ഗുണഭോക്താക്കളുടെയും കൈപ്പറ്റും അപേക്ഷകളും ഓഡിറ്റിന് ഹാജരാക്കിയില്ല

100 ഗുണഭോക്താക്കളെ ലക്ഷ്യമിട്ട പദ്ധതിയിൽ 106 പേർക്ക് കോഴികളെയും കൂടും വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ 85 ഗുണഭോക്താക്കളുടെ കൈപ്പറ്റുകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്. ബാക്കി 21 പേരുടെ കൈപ്പറ്റു വിവരങ്ങളും പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിന് ഗുണഭോക്താക്കൾ സമർപ്പിച്ച അപേക്ഷകളും (106 പേരുടെയും) ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. പരിശോധനക്ക് ലഭിച്ച കൈപ്പറ്റു രശീതികളിൽ പലതിലും ഓരേ ആൾ തന്നെയാണ് ഒപ്പ് വെച്ചിരിക്കുന്നത്.

(6) ഗുണഭോക്തൃ വിഹിതം പിൻവലിച്ചതിന്റെ വിശദാംശങ്ങൾ ഇല്ല

2020-21 വർഷം 6 ലക്ഷം രൂപ വികസന ഫണ്ടും 6 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതവും വകയിരുത്തിയ പദ്ധതിയിൽ 5,96,250/- രൂപ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചതിന്റെ രേഖകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്. ഗുണഭോക്തൃ വിഹിതമായ 5,96,250/- രൂപ ചെലവഴിച്ചതിന്റെ രേഖകളില്ല. ചില ഗുണഭോക്താക്കളിൽ നിന്നും 6,000/- രൂപയും മറ്റ് ഗുണഭോക്താക്കളിൽ നിന്നും 5,625/- രൂപയുമാണ്. ഈടാക്കിയതായി ഫയലിൽ കാണുന്നത്. എന്നാൽ ഗുണഭോക്താക്കൾക്ക് കോർപ്പറേഷന്റെ രശീതി നൽകിയിട്ടില്ല. പകരം അതാത് വെറ്ററിനറി ഹോസ്പിറ്റലുകളിൽ (ബേപ്പൂർ, ചെറുവണ്ണൂർ-നല്ലളം, എലത്തൂർ, മാങ്കാവ്) നിന്നും വെള്ളക്കടലാസിൽ എഴുതി ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാർ ഒപ്പിട്ട രശീതിയാണ് നൽകിയത്. കോർപ്പറേഷന്റെ രശീതി ബുക്കുകൾ ബേപ്പൂർ വെറ്ററിനറി ആശുപത്രിയിൽ വിതരണം ചെയ്തിട്ടുണ്ടെങ്കിലും ആയത് സ്റ്റോക്കിലെയോ മറ്റ് മേഖലാ കാര്യാലയങ്ങളിലുള്ള ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുക്കുന്ന തുകകൾക്കുള്ള കോർപ്പറേഷന്റെ രശീതി ഉപയോഗിക്കാൻ സാധിക്കുന്ന
വിധം ബന്ധപ്പെട്ട വെറ്ററിനറി ഡിസ്പൻസറികളിലേക്ക് (ചെറുവണ്ണൂർ-നല്ലളം, എലത്തൂർ, മാങ്കാവ്) നിർവ്വഹണ ഉദ്യോഗസ്ഥൻ രശീതി ബുക്കൾ നൽകിയിട്ടില്ല. പിരിവ് തുക മാസങ്ങളോളം കൈവശം വെച്ചതിന് ശേഷം പിന്നീട് രശീതി ബുക്കുകൾ ഉപയോഗിച്ച് വരവ് വന്ന തുകകൾ കളക്ഷൻ രജിസ്റ്ററിലേക്ക് എഴുതുകയും കോർപ്പറേഷൻ ഫണ്ടിൽ അടവാക്കുകയും ചെയ്യുന്ന പതിവാണുള്ളത്. മട്ടുപ്പാവിൽ മുട്ടക്കോഴി വളർത്തലുമായി ബന്ധപ്പെട്ട മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 09.11.2021 ന് നൽകിയ 14/2020-21 നമ്പർ ഒ.എസ്. ന് നിർവ്വഹണ ഉദ്യോഗസ്ഥൻ 29.12.2021 ന് മറുപടി ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത മറുപടി BOQ തയ്യാറാക്കിയപ്പോൾ വന്ന തെറ്റാണ് കൂടിന്റെ സ്പെസിഫിക്കേഷൻ 6x4x3 എന്നും 10 മുതൽ 15 കോഴിക്കുഞ്ഞുങ്ങൾക്ക് 6x2x3 അടി വിസ്തീതിയുള്ള കൂട് മതിയാകും എന്നും അറിയിച്ചിരിക്കുന്നു. പ്രസ്തുത മറുപടി അംഗീകരിക്കാനാവില്ല. കാരണം 2020-21 ലേക്കുള്ള Unit Cost ൽ 10 കോഴികൾക്കുള്ള കൂടിന്റെ സ്പെസിഫിക്കേഷൻ 6x4x3 ആണ്. ഇതേ സ്പെസിഫിക്കേഷനിൽ തന്നെയാണ് 2019-20 ലെ പ്രോജക്റ്റിനും (28/20) കൂടിന്റെ ടെണ്ടർ ക്ഷണിച്ചത്. ആയതിനാൽ BOQ ൽ വന്ന പിശകാണ് 6x4x3 എന്നത് അംഗീകരിക്കാനാവില്ല. യൂണിറ്റ് കോസ്റ്റ് പരിഗണിക്കാതെ കൂടിന്റെ സ്പെസിഫിക്കേഷൻ നിർണ്ണയിച്ചതും യൂണിറ്റ് കോസ്റ്റിൽ നിശ്ചയിച്ച നിരക്കിനേക്കാൾ കൂടുതൽ വിലയ്ക്ക് കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയതും അംഗീകരിക്കാനാവില്ല. വികസന ഫണ്ടിൽ നിന്നും അധികമായി ചെലവഴിച്ച 18,450/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും

തിരികെ ഈൗടാക്കേണ്ടതാണ്. 5,77,800/- രൂപയുടെ (596250-18450) ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-49 കാടയും കൂടും പദ്ധതി - നടപ്പിലാക്കിയതിലെ അപാകതകൾ

| | | | |
|---|---|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സീനിയർ വെറ്ററിനറി സർജൻ, | | |
| പദ്ധതി നം. | 295/2021 | | |
| വകയിരുത്തിയ തുക | 3,00,000/- | വികസനഫണ്ട് (ജനറൽ) | |
| | 3,00,000/- | ഗുണഭോക്തൃവിഹിതം | |
| ചെലവ് | ബിൽ നം | തീയതി | തുക |
| | 42/2020-21 | 17.03.2021 | 1,14,000 |
| | 11/2020-21 | 17.03.2021 | 1,56,000 |
| | ആകെ | | 2,70,000 |

100 കാടയും അതിനുള്ള ഒരു കൂടും 50% സബ്സിഡി നിരക്കിൽ ഗുണഭോക്താക്കൾക്ക് നൽകുന്നതിനാണ് മേൽ പ്രൊജക്ട് തയ്യാറാക്കിയത്. 50% ഗുണഭോക്തൃവിഹിതം ഗുണഭോക്താക്കൾ നഗരസഭാ ഫണ്ടിൽ അടവാക്കണം. 3-4 ആഴ്ച പ്രായമുള്ള കാടകളെയും അവയ്ക്ക് ആവശ്യമായ കൂടും ലഭ്യമാക്കുന്നതിന് വേണ്ടി 13.7.2020ന് ഇ-ടെണ്ടർ ക്ഷണിച്ചെങ്കിലും അർഹതയുള്ള ടെണ്ടറുകൾ ലഭിക്കാത്തതിനാൽ 10.08.2020ന് വീണ്ടും ഇ-ടെണ്ടർ ക്ഷണിച്ചു. 4 Feet X 3 Feet X 1 Feet സ്പെസിഫിക്കേഷനോടു കൂടിയ കൂടും 100കാടയും ഒരു യൂണിറ്റായി കണക്കാക്കിയാണ് ടെണ്ടർ ക്ഷണിച്ചത്. 02.09.2020 വരെ ലഭിച്ച ടെണ്ടറുകളിൽ ഏറ്റവും കുറഞ്ഞ നിരക്കായ 6923.00/യൂണിറ്റ് രേഖപ്പെടുത്തിയിട്ടുള്ള ഇഷബ് എന്റർപ്രൈസസ്, മേൽമുറി എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചു. ടെണ്ടറിൽ പറഞ്ഞ സ്പെസിഫിക്കേഷനിൽ ഉള്ള കൂടിൽ 100 കാടകളെ ഉൾക്കൊള്ളാൻ പ്രയാസമായതിനാലും കോവിഡിന്റെ പശ്ചാത്തലത്തിൽ കാടകളുടെ വില വർദ്ധിച്ചതിനാലും കാടകളുടെ എണ്ണം 75 ലേക്ക് നിജപ്പെടുത്താൻ അപേക്ഷിച്ച് കൊണ്ട് ഇഷബ് എന്റർപ്രൈസസ് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ കാടകളുടെ എണ്ണം 75 ആക്കി കുറയ്ക്കാൻ തീരുമാനിച്ചു. 75 കാടയും 1 M 20 Cm X 90 Cm X 30 Cm സ്പെസിഫിക്കേഷനോടു കൂടിയ കൂടും 6750 രൂപ നിരക്കിൽ (GST ഉൾപ്പെടെ) നിർമ്മിച്ച നൽകുന്നതിന് സ്ഥാപനം തയ്യാറാണെന്ന് അറിയിക്കുകയും ആയതിന് കൗൺസിൽ അംഗീകാരം നൽകുകയും ചെയ്തു. പ്രൊജക്ട് പ്രകാരം 90 ഗുണഭോക്താക്കൾക്ക് കാടയും കൂടും നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഗുണഭോക്തൃവിഹിതമായി 3,41,250 രൂപ (91 ഗുണഭോക്താക്കൾ 3750 രൂപ വീതം) രശീത് നം. 120270124917/24.02.2021 പ്രകാരം കോഴിക്കോട് കോർപറേഷനിൽ അടവാക്കിയിട്ടുണ്ട്. മേൽ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. സ.ഉ.(കൈ)നം.22/2018/തസ്വഭവ തീയതി 14.2.2018 നം. ഉത്തരവ് (സബ്സിഡി മാർഗരേഖ) ഖണ്ഡിക 6.2 പ്രകാരം കൂടിന്റെ വില ഉൾപ്പെടെ യൂണിറ്റ് കോസ്റ്റും കാടകളുടെ എണ്ണവും ജില്ലാതലത്തിൽ നിശ്ചയിക്കേണ്ടതാണ്. എന്നാൽ മേൽ പ്രൊജക്ടിൽ കാടകളുടെ എണ്ണവും കൂടിന്റെ സ്പെസിഫിക്കേഷനും ജില്ലാതലത്തിൽ നിശ്ചയിച്ചതായി കാണുന്നില്ല. 100 കാടയും അതിനുള്ള ഒരു കൂടും നൽകുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയതെങ്കിലും പ്രൊജക്ടിൽ പറഞ്ഞ സ്പെസിഫിക്കേഷനോട് കൂടിയ കൂടിൽ 100 കാടകളെ ഉൾക്കൊള്ളാൻ പ്രയാസമാണെന്ന് ടെണ്ടർ ലഭിച്ച സ്ഥാപനം ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ കാടകളുടെ എണ്ണം 75 ആക്കി കുറയ്ക്കുകയാണ് ചെയ്തത്. കാടകളുടെ എണ്ണം കുറച്ചതിന് ആനുപാതികമായി സ്ഥാപനം ക്വാട്ട് ചെയ്ത തുകയിൽ കുറവ് വരുത്തിയിട്ടില്ല. അതായത് കൂടിന്റെ വില ഉൾപ്പെടെ യൂണിറ്റ് കോസ്റ്റും കാടകളുടെ എണ്ണവും മുൻകൂട്ടി നിശ്ചയിക്കാതെ സ്ഥാപനം പറഞ്ഞ വില

നൽകുകയാണ് ചെയ്തത്.

2. 1m 20cm X 90cm X 30cm സ്പെസിഫിക്കേഷനോടു കൂടിയ കൂട് നിർമ്മിച്ച് നൽകുമെന്നാണ് സ്ഥാപനം അറിയിച്ചിരുന്നതെങ്കിലും 1m 30cm X 85cm X20cm സ്പെസിഫിക്കേഷനോട് കൂടിയ കൂടാണ് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിരിക്കുന്നതെന്ന് 29.10.2021 ന് ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥല പരിശോധനയിൽ ബേപ്പൂർ മേഖല കാര്യാലയത്തിലെ ഓവർസിയർ അളന്ന് ബോധ്യപ്പെട്ടതാണ്. അതായത് വെറും 20 Cm മാത്രം ഉയരമുള്ള കൂടാണ് സ്ഥാപനം നൽകിയിരിക്കുന്നത്. ഓർഡർ നൽകിയ സ്പെസിഫിക്കേഷനിലുള്ള കൂടാണ് വിതരണം ചെയ്തതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടില്ല. പ്രസ്തുത കൂടിൽ 75 കാടകളെ വളർത്താനുള്ള സ്ഥലസൗകര്യം ഇല്ലാത്തതിനാൽ പകുതിയിലധികം കാടകൾ ലഭിച്ച് കുറച്ച് ദിവസത്തിനകം തന്നെ ചത്തുപോയതായി സ്ഥല പരിശോധനാവേളയിൽ ഒരു ഗുണഭോക്താവ് അറിയിച്ചു. ഗുണഭോക്താക്കളുടെ വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് നടപ്പിലാക്കിയ പ്രൊജക്ട് കൊണ്ട് ഗുണഭോകതാക്കൾക്ക് യാതൊരു പ്രയോജനവും ലഭിക്കാത്ത അവസ്ഥയുണ്ടായാണുള്ളത്.

3. എലത്തൂർ വെറ്ററിനറി ഡിസ്പൻസറിക്ക് കീഴിലുള്ള 38 ഗുണഭോക്താക്കളും ചെറുവണ്ണൂർ - നല്ലളം വെറ്ററിനറി ഡിസ്പൻസറിക്ക് കീഴിലുള്ള 10 ഗുണഭോക്താക്കളും കാടയും കൂടും കൈപ്പറ്റിയതിന്റെ രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. ബാക്കിയുള്ള 42 ഗുണഭോക്താക്കൾ കാടയും കൂടും കൈപ്പറ്റിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ 09.11.2021 ലെ ഒ.എസ് നം.17/20-21 ന് വെറ്ററിനറി സർജൻ നൽകിയ മറുപടി തൃപ്തികരമല്ല. കൂടിന്റെ വില ഉൾപ്പെടെ യൂണിറ്റ് കോസ്റ്റും കാടകളുടെ എണ്ണവും ജില്ലാതലത്തിൽ നിശ്ചയിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും അപാകതകൾക്ക് വിശദീകരണം നൽകേണ്ടതുമാണ്. ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

## 1-50 സങ്കരയിനം പശുക്കളുടെ ജനിതക ഗുണം പരമാവധി ഉപയോഗിക്കൽ - നൂതനപദ്ധതി 2021 -പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ

| നിർവ്വഹണോദ്യോഗസ്ഥൻ | സീനിയർ വെറ്ററിനറി സർജൻ, | | |
|---|---|---|---|
| പദ്ധതി നം. | 297/2021 | | |
| വകയിരുത്തിയ തുക | 5,00,000/- | വികസനഫണ്ട് (ജനറൽ) | |
| ചെലവ് | തുക | ബിൽ നം | തീയതി |
| | 4,99,990/- | 42/2020-21 | 30.11.2020 |

സങ്കരയിനം പശുക്കളുടെ ജനിതകഗുണം മുഴുവനായി ഉപയോഗിക്കുന്നതിലൂടെ പരമാവധി ഉൽപാദനവർദ്ധനവ് കൈവരിയ്ക്കാൻ ലക്ഷ്യമിട്ടു കൊണ്ട് നടപ്പിലാക്കിയ നൂതന പ്രൊജക്ട് ആണിത്. പശുവിന്റെ കുട്ടികളെ 7 മാസം ഗർഭസ്ഥ അവസ്ഥ മുതൽ കുട്ടി ജനിച്ച് 6 മാസം വരെ ഏറ്റവും നല്ല പോഷണവും പാലും നൽകി വളർത്തി കന്നുകുട്ടി പരിപാലനപദ്ധതിയിലേക്ക് എൻറോൾ ചെയ്യിക്കാനാണ് ഉദ്ദേശിച്ചത്. ഇതിനായി 6മാസം ഗർഭമുള്ള പശുക്കളുടെ ഒരു രജിസ്റ്റർ തയ്യാറാക്കുകയും പദ്ധതിയിൽ ചേരുന്നതിന് താൽപര്യമുള്ള കർഷകരെ അതിൽ ചേർക്കുകയും ചെയ്യുന്നു. 6 മാസം മുതൽ ആവശ്യമുള്ള മരുന്നുകൾ വിതരണം ചെയ്യുന്നു. ഓരോ സബ്സെന്ററിലും 5 വീതം പശുക്കളെ തെരഞ്ഞെടുക്കാനും ബാക്കി വരുന്ന യൂണിറ്റുകൾ ബേപ്പൂർ പ്രദേശത്ത് നടപ്പാക്കാനുമാണ് ഉദ്ദേശിച്ചത്. പ്രൊജക്ട് പ്രകാരം ടെണ്ടർ മുഖേന ഡൈനാവെറ്റ് എന്ന സ്ഥാപനത്തിൽ നിന്ന് 14ഇനം മരുന്നുകൾ അടങ്ങിയ 100 കിറ്റുകൾ വാങ്ങിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. സ.ഉ.(കൈ)നം.17/2018/തസ്വഭവ തീയതി 2.2.2018 നം. ഉത്തരവ് (പദ്ധതി മാർഗരേഖ) ഖണ്ഡിക 3.8.4 പ്രകാരം നൂതന പ്രൊജക്ടുകൾ ഡി.പി.സി നിയോഗിക്കുന്ന വിദഗ്ധ സമിതി ക്ക് സമർപ്പിക്കേണ്ടതും പ്രൊജക്ടിന്റെ സാധുത സമിതി പരിശോധിച്ച് സാങ്കേതിക മികവുള്ളതാണെന്ന് ഉറപ്പാക്കിയ ശേഷം അംഗീകാരം നൽകേണ്ടതുമാണ്. എന്നാൽ മേൽ പ്രൊജക്ടിന് അത്തരത്തിൽ അംഗീകാരം ലഭ്യമാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. 6 മാസം ഗർഭമുള്ള പശുക്കളുടെ ഒരു രജിസ്റ്റർ തയ്യാറാക്കി 38 ഗുണഭോക്താക്കളുടെ പേര് വിവരം രേഖപ്പെടുത്തിയിട്ടുണ്ട്. 22 കിറ്റ് വിതരണം ചെയ്തതായും 78കിറ്റ് ബാലൻസ് ഉള്ളതായും 20.12.2020ന് വെറ്ററിനറി സർജൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതിന് ശേഷം 16 ഗുണഭോക്താക്കളുടെ പേര് വിവരം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഗുണഭോക്താക്കൾ കിറ്റ് കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടില്ല. മരുന്നുകൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും ഇഷ്യൂ ചെയ്തതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. (സ്റ്റോക്ക് രജിസ്റ്റർ വോള്യം 16, പേജ് 157 മുതൽ 170 വരെ).

3. കൗൺസിൽ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4. ഓഡിറ്റ് തീയതി വരെ ബേപ്പൂർ പ്രദേശത്തുള്ള 38 ഗുണഭോക്താക്കളെയാണ് പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ളത്. മറ്റ് 3 സബ് സെന്ററുകളുടെ പരിധിയിലുള്ള ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടില്ല.

5. ഒരു കിറ്റിൽ 14 ഇനം മരുന്നുകളാണുള്ളത്. ഇതിൽ CAL SAKTHI SMART 165g എന്ന മരുന്ന് 31.10.2021ന് കാലാവധി കഴിഞ്ഞതാണ്. അതായത് ബാലൻസ് ഉള്ള 62 കിറ്റുകളിൽ കാലാവധി കഴിഞ്ഞ മരുന്നും ഉൾപ്പെടുന്നുണ്ട്. കൂടാതെ പല മരുന്നുകളും 2022 വർഷം കാലാവധി കഴിയുന്നതാണ്. 7 മാസം ഗർഭസ്ഥ അവസ്ഥ മുതൽ കുട്ടി ജനിച്ച് 6 മാസം വരെ നൽകാനുള്ള മരുന്നുകളാണ് കിറ്റിൽ ഉൾപ്പെട്ടിരിക്കുന്നത് . അതായത് ഒരു കിറ്റിലെ മരുന്നുകൾ ഏകദേശം 10 മാസത്തോളം ഉപയോഗിക്കാനുള്ളതാണ്. കാലാവധി കഴിഞ്ഞതും കഴിയാറായതുമായ മരുന്നുകൾ വാങ്ങിയതിനാൽ ബാക്കിയുള്ള കിറ്റുകൾ പൂർണ്ണമായും ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥയാണുള്ളത്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഒ എസ് ന് (നം.18/2020-21 തീയതി 19/11/2021) വെറ്ററിനറി സർജൻ സമർപ്പിച്ച മറുപടി തൃപ്തികരമല്ല. വിതരണം ചെയ്യാത്ത 62 കിറ്റുകളുടെ വിലയായ 3,09,994/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-51 മൃഗാശുപത്രികളിലേക്ക് മരുന്ന് വാങ്ങൽ - പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ

<table>
<tr><td>നിർവ്വഹണോദ്യോഗസ്ഥൻ</td><td colspan="6">സീനിയർ വെറ്ററിനറി സർജൻ,</td></tr>
<tr><td>പദ്ധതി നം.</td><td colspan="3">286/2021</td><td colspan="3">1308/2021</td></tr>
<tr><td>വകയിരുത്തിയ തുക</td><td colspan="2">62,00,000/-</td><td>സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്)</td><td colspan="2">55,63,833/-</td><td>സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്)</td></tr>
<tr><td rowspan="7">ചെലവ്</td><td>ബിൽ നം</td><td>തീയതി</td><td>തുക</td><td>ബിൽ നം</td><td>തീയതി</td><td>തുക</td></tr>
<tr><td>31/2020-21</td><td>30/11/2020</td><td>30,44,465</td><td rowspan="2">11/2020-21</td><td rowspan="2">11.04.2020</td><td rowspan="2">4520355</td></tr>
<tr><td>32/2020-21</td><td>30/11/2020</td><td>1,75,397</td></tr>
<tr><td>33/2020-21</td><td>30/11/2020</td><td>20,39,716</td><td rowspan="3">12/2020-21</td><td rowspan="3">11.04.2020</td><td rowspan="3">1043478</td></tr>
<tr><td>39/2020-21</td><td>17/03/2021</td><td>5,98,338</td></tr>
<tr><td>40/2020-21</td><td>17/03/2021</td><td>3,31,892</td></tr>
<tr><td colspan="2">ആകെ</td><td>61,89,808/</td><td colspan="2">ആകെ</td><td>5563833</td></tr>
</table>

മേൽ പ്രൊജക്റ്റുകൾ പ്രകാരം നഗരസഭാപരിധിയിലെ വിവിധ മൃഗാശുപത്രികളിലേക്കുള്ള മരുന്നുകൾ ഇ-ടെണ്ടർ മുഖേന ഡൈനാവെറ്റ്, മൈത്രി ഫാർമ എന്നീ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങിയിട്ടുണ്ട്. വാങ്ങിയ മരുന്നുകൾ സ്റ്റോക്കിലെടുക്കുകയും ബേപ്പൂർ വെറ്ററിനറി ഹോസ്പിറ്റൽ, ഉപകേന്ദ്രങ്ങളായ എലത്തൂർ വെറ്ററിനറി ഡിസ്പെൻസറി, മാങ്കാവ് വെറ്ററിനറി ഡിസ്പെൻസറി, ചെറുവണ്ണൂർ - നല്ലളം വെറ്ററിനറി ഡിസ്പെൻസറി എന്നിവിടങ്ങളിലേക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. മരുന്നുകൾ വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ കാലാവധി കഴിഞ്ഞ മരുന്നുകൾ സ്റ്റോക്കിൽ ബാക്കിയുള്ളതായി കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

എ. ബേപ്പൂർ വെറ്ററിനറി ഹോസ്പിറ്റൽ

| Sl No. | Discription | Received | Issued | Balance | Rate | GST% | Total Amount | Expired On |
|---|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1 | MASTIRACK GEL 100G | 175 | 79 | 96 | 110 | 12 | 11827.00 | 7/21 |
| 2 | BACTIVION INJ 500MG | 24 | 9 | 15 | 326.03 | 12 | 5477.00 | 6/21 |
| 3 | INTACEF TAZO 5.625G | 20<br>20 | 0<br>0 | 20<br>20 | 388.58<br>388.58 | 12<br>12 | 8704.00<br>8704.00 | 5/21<br>6/21 |
| 4 | TRIBIVET M INJ 100ML | 12 | 0 | 12 | 294.65 | 12 | 3960.00 | 8/21 |
| 5 | XYROFER 0.5G | 36 | 1 | 35 | 178.12 | 12 | 6982.00 | 8/21 |
| 6 | ZOCTIM 2.5G | 15 | 0 | 15 | 582.77 | 12 | 9791.00 | 7/21 |
| 7 | BALANSOL POWDER 100G | 45 | 25 | 20 | 202.40 | 0 | 4048.00 | 8/21 |
| 8 | CAFPLAN 3KG | 100 | 90 | 10 | 585 | 0 | 5850.00 | 10/21 |
| 9 | AMUNITY 20*25G | 10<br>5 | 6<br>1 | 4<br>4 | 1908<br>1866 | 0<br>0 | 7632.00<br>7464.00 | 7/21<br>10/21 |
| 10 | CEFPET XL 10'S | 50 | 40 | 10 | 225 | 12 | 2520.00 | 8/21 |
| 11 | GRIPTOL N SUSP 60ML | 80 | 50 | 30 | 78.75 | 12 | 2646.00 | 7/21 |
| 12 | K – VENTRA 50G | 75 | 65 | 10 | 62.10 | 0 | 621.00 | 5/21 |
| 13 | ESTROFIT BOLUS 7'S | 300 | 275 | 25 | 225 | 0 | 5625.00 | 3/21 |
| | | | | | | | 89205.00 | |

ബി. മാങ്കാവ് വെറ്ററിനറി ഡിസ്പൻസറി

| Sl No. | Discription | Received | Issued | Balance | Rate | GST% | Total Amount | Expired On |
|---|---|---|---|---|---|---|---|---|
| 1 | BALANSOL POWDER 100G | 45 | 5 | 40 | 202.40 | 0 | 8096.00 | 8/21 |
| | Total | | | | | | 8096.00 | |

INTACEF TAZO 5.625G എന്ന മരുന്ന് 6/21 ൽ കാലാവധി കഴിഞ്ഞതാണെങ്കിലും 7/21, 8/21 മാസങ്ങളിലായി 15 എണ്ണം വിതരണം ചെയ്തതായി മാങ്കാവ് വെറ്ററിനറി ഡിസ്പൻസറിയുടെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കാലാവധി കഴിഞ്ഞ മരുന്നുകൾ വിതരണം ചെയ്തതിന് വിശദീകരണം നൽകേണ്ടതാണ്. കാലാവധി കഴിയാറായ മരുന്നുകൾ ആവശ്യമുള്ള മറ്റ് ഡിസ്പൻസറികളിലേക്ക് നൽകുകയോ, മരുന്നുകൾ വിതരണം ചെയ്ത സ്ഥാപനത്തിലേക്ക്

അറിയിച്ച് മാറ്റി വാങ്ങുകയോ ചെയ്യാതിരുന്നതിനാൽ സ്റ്റോക്കിലുള്ള മരുന്നുകൾ ഉപയോഗശൂന്യമായിരിക്കുകയാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഒ എസ് ന് (നം.19/2020-21 തീയതി 9/11/2021) വെറ്ററിനറി സർജൻ സമർപ്പിച്ച മറുപടി തൃപ്തികരമല്ല. കാലാവധി കഴിഞ്ഞതിനാൽ ഉപയോഗ ശൂന്യമായ മരുന്നുകളുടെ വിലയായ 89,205/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 1-52 ടെക്നിക്കൽ ജീവനക്കാരുടെ സേവനം ഉറപ്പു വരുത്താതെ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങി - ഉപയോഗമില്ലാതെ ശേഷിക്കുന്നു

| | | |
|---|---|---|
| പദ്ധതി നം | 1206/21 | |
| പേര് | വെറ്ററിനറി സ്ഥാപനത്തിന്റെ ആധുനികവൽക്കരണം 2020 | |
| പദ്ധതി അടങ്കൽ | 50 ലക്ഷം രൂപ (വികസന ഫണ്ട്) | |
| നിർവ്വഹണം | സീനിയർ വെറ്ററിനറി സർജൻ | |
| ചെലവ് | ബിൽ നമ്പർ/തീയതി | തുക |
| | 2/08.05.2020 | 2,25,027 |

| | | |
|---|---|---|
| | 4/08.05.20 | 84,000 |
| | 8/13.05.20 | 1,33,912 |
| | 9/13.05.20 | 2,35,624 |
| | 10/13.05.20 | 2,10,532 |
| | 16/26.06.20 | 1,16,649 |
| | 22/05.10.20 | 1,63,454 |
| | 21/05.10.20 | 6,00,000 |
| | 25/14.10.20 | 14,112 |
| | 30/06.11.20 | 60,000 |
| | 38/17.03.21 | 4,98,124 |
| | 41/17.03.21 | 12,04,000 |
| | 46/18.03.21 | 99,558 |
| | 62/27.03.21 | 2,95,000 |
| | 63/27.03.21 | 1,36,400 |
| | 65/27.03.21 | 1,52,400 |
| | 70/30.03.21 | 1,03,499 |
| | ആകെ | 43,32,291 |

വെറ്ററിനറി സ്ഥാപനങ്ങളുടെ ആധുനിക വൽക്കരണത്തിന്റെ ഭാഗമായി രോഗ നിർണ്ണയ ഉപകരണങ്ങൾ വാങ്ങുന്നതിന് 2019-20 വർഷം 32/20 നമ്പർ പ്രോജക്ട് തയ്യാറാക്കുകയും തൻവർഷം പദ്ധതി നടപ്പാക്കാത്തതിനാൽ 2020-21 വർഷം 1206/21 നമ്പർ പ്രോജക്ട് തയ്യാറാക്കി വികസനഫണ്ടിൽ നിന്നും 43,32,291/- രൂപ ചിലവഴിച്ചിട്ടുണ്ട്. ആശുപത്രി പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരുടെ സേവനം ഉറപ്പ് വരുത്താതെയാണ് 50 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയതും പദ്ധതി നടപ്പാക്കിയതും.

ബേപ്പൂർ വെറ്ററിനറി ആശുപത്രിയിൽ 1 ഡോക്ടർ, 1 ലൈവ് സ്റ്റോക്ക് ഇൻസ്പക്ടർ, 1 അറ്റന്റർ, 1 പാർട്ട് ടൈം സ്വീപ്പർ എന്നിങ്ങനെ ആകെ 4 ജീവനക്കാരാണ് സേവനമനുഷ്ഠിക്കുന്നത്. ഇതിൽ ഡോക്ടറുടെ തസ്തിക 27.02.2021 മുതൽ ഒഴിഞ്ഞു കിടക്കുകയാണ്. മണ്ണൂർ വെറ്ററിനറി ഡിസ്പൻസറിയിലെ ഒരു ഡോക്ടർക്കാണ് ചാർജ്ജുള്ളത്. അദ്ദേഹം ഒന്നിടവിട്ട ദിവസങ്ങളിലാണ് ആശുപത്രിയിലെത്തുന്നത്. അൾട്രാസൗണ്ട് സ്കാനർ, ഓട്ടോമാറ്റിക് ഹീമോ അനലൈസർ, സെമി ഓട്ടോമാറ്റിക് ബയോ കെമിസ്ട്രി അനലൈസർ, ഇമ്മ്യൂണോളജി അനലൈസർ വിത്ത് ഓട്ടോമാറ്റിക് എലൈസ റീഡർ, ട്രൈനോക്കുലർ ഡിജിറ്റൽ മൈക്രോസ്കോപ്പ്, ഓട്ടോമാറ്റിക് കോൾഡ് ലൈസർ,വൂണ്ട് ഹീലർ ഉപകരണം, പോർട്ടബിൾ എക്സ്-റേ (ഡിജിറ്റൽ) CR Unit, എയർ കണ്ടീഷൻ തുടങ്ങിയ ഉപകരണങ്ങൾ വാങ്ങി സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനാണ് മേൽ പദ്ധതി നടപ്പാക്കിയത്. എന്നാൽ മെഡിക്കൽ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് യോഗ്യരായ ജീവനക്കാരുടെ സേവനം ഹോസ്പിറ്റലിൽ ഇല്ല. ഇക്കാരണത്താൽ തന്നെ വിലപിടിപ്പുള്ള അൾട്രാ സൗണ്ട് സ്കാനർ, എക്സ് റേ ഉപകരണങ്ങൾ എന്നിവ ഉപയോഗിക്കാനാകാതെ ഹോസ്പിറ്റലിനുള്ളിൽ സൂക്ഷിച്ചിരിക്കുകയാണ്. 12,04,000/- രൂപ ചെലവഴിച്ച് വാങ്ങിയ അൾട്രാ സൗണ്ട് സ്കാനർ, 73,000/- രൂപ ചെലവഴിച്ച് വാങ്ങിയ X-ray Grid, CR Unit, 6 ലക്ഷം രൂപ ചിലവഴിച്ച് വാങ്ങിയ കമ്പ്യൂട്ടറൈസ്ഡ് റേഡിയോ ഗ്രാഫി സിസ്റ്റം എന്നിവയാണ് തീരെ ഉപയോഗിക്കാതെ കിടക്കുന്ന വിലപിടിപ്പുള്ള ഉപകരണങ്ങൾ. ഇവ പ്രവർത്തിപ്പിക്കുന്നതിന് യോഗ്യരായ ജീവനക്കാരുടെ സേവനം ലഭ്യമാകാത്ത സാഹചര്യത്തിൽ 18,77,000/- രൂപയുടെ ചെലവ് സർക്കാർ ഫണ്ടിന്റെ നഷ്ടമാണ്. യോഗ്യരായ ജീവനക്കാരുടെ സേവനം ലഭ്യമാക്കി ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കുന്നത് വരെ തുക തടസ്സത്തിൽ വെയ്ക്കുന്നു. യോഗ്യരായ ജീവനക്കാരുടെ സേവനം ഉറപ്പ് വരുത്താതെ വികസന ഫണ്ട് ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് 09.11.2021 ന് നൽകിയ ഒ.എസ്. നമ്പർ 16/20-21 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-53 വ്യക്തമായ കാരണങ്ങളില്ലാതെ ടെണ്ടർ റദ്ദ് ചെയ്തു

| | | |
|---|---|---|
| ഫയൽ നം. | EG5/60463/19 | |
| പദ്ധതി നം. | 149/21 | |
| പദ്ധതിയുടെ പേര് | പി.കെ.തൊടി പട്ടികജാതി കോളനിയിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം - വാർഡ് 28 | |
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | |
| പദ്ധതി അടങ്കൽ | 18,31,000/- (വികസന ഫണ്ട് : എസ്.സി.പി) | |
| ചെലവ് | ബിൽ നം./തീയതി | തുക |
| | 211/12.03.2021 | 9,91,464/- |

പ്രോജക്ട് നമ്പർ SO270/20 പ്രകാരം പി.കെ.തൊടി പട്ടികജാതി കോളനിയിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം എന്ന പദ്ധതിക്ക് 2019-20 ൽ 15 ലക്ഷം രൂപയും 2020-21ൽ 5 ലക്ഷം രൂപയും ഉൾപ്പെടെ 20 ലക്ഷം രൂപ വികസന ഫണ്ടിൽ (എസ്.സി.പി) വകയിരുത്തുകയുണ്ടായി. 2020-21 വർഷം പദ്ധതിക്കു വേണ്ടി 149/21 നമ്പർ പ്രോജക്ട് പ്രകാരം 18,31,000/- രൂപയാണ് വകയിരുത്തിയത്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ട പ്രധാന അപാകതകൾ താഴെ കൊടുക്കുന്നു.

(1) പദ്ധതിക്ക് വേണ്ടി ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചതിന്റെ വിശദാംശങ്ങൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് 21.08.2019 ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കോഴിക്കോട് പട്ടികജാതി/പട്ടിക വർഗ്ഗ വികസന ഓഫീസർക്ക് തയ്യാറാക്കിയ ഒരു കത്ത് മാത്രമാണ് ഫയലിൽ നിന്നും ലഭ്യമായത്. പദ്ധതിക്കുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

(2) പ്രസ്തുത പ്രവൃത്തിക്ക് വേണ്ടി ക്ഷണിച്ച ഇ-ടെണ്ടർ 12.12.2019 ന് തുറക്കുകയും 4 ടെണ്ടറുകൾ ലഭിക്കുകയും ചെയ്തു. അതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.അബൂബക്കർ.എം. എന്ന കരാറുകാരന്റെ 15,09,656.37 രൂപക്കുള്ള

ടെണ്ടർ സ്വീകരിക്കുകയും 29.01.2020 ന് ടിയാന് സെലക്ഷൻ മെമ്മോ അയക്കുകയും ചെയ്തു. 30.12.2019 ലെ 60-ാം നമ്പർ തീരുമാനം പ്രകാരം ടിയാന്റെ ടെണ്ടർ കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ 31.01.2020 ലെ 89-ാം നമ്പർ കൗൺസിൽ തീരുമാനം പ്രകാരം മേൽ പ്രവർത്തിയുടെ ടെണ്ടർ റദ്ദാക്കുകയും 23.03.2020 ന് റീ-ടെണ്ടർ നടത്തുകയും ചെയ്തു. 25.03.2020 ന് തുറന്ന ടെണ്ടറിൽ ശ്രീ.ജാബിർ.എം എന്നയാളുടെ 16,46,433.45/- രൂപക്കുള്ള ഏക ടെണ്ടർ മാത്രമാണ് ലഭിച്ചത്. ആയത് 07.05.2020 ലെ 22-ാം നമ്പർ കൗൺസിൽ തീരുമാനം പ്രകാരം അംഗീകരിക്കുകയും 19.06.2020 ന് സെലക്ഷൻ മെമ്മോ അയക്കുകയും ചെയ്തിട്ടുണ്ട്. എന്ത് കാരണത്താലാണ് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.അബൂബക്കർ.എം എന്ന കരാറുകാരന് സെലക്ഷൻ മെമ്മോ അയച്ചിട്ടും പ്രവൃത്തിയിൽ നിന്ന് ഒഴിവാക്കിയത് എന്ന് വ്യക്തമാക്കിയിട്ടില്ല. 31.01.2020 ലെ 89-ാം നമ്പർ കൗൺസിൽ തീരുമാനത്തിൽ 2019-20 പദ്ധതിയിലുൾപ്പെട്ട മരാമത്ത് പ്രവർത്തികൾ ടെണ്ടർ ചെയ്തതിൽ ഏതാനം പ്രവൃത്തികളുടെ ടെണ്ടറിൽ സാങ്കേതികമായ ചില ന്യൂനതകൾ കണ്ടിട്ടുള്ളതിനാൽ ടി ടെണ്ടറുകൾ റദ്ദ് ചെയ്യുന്നതിനും ആവശ്യമുള്ളവ റീ-ടെണ്ടർ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിന് സൂപ്രണ്ടിംഗ് എഞ്ചിനീയറെ ചുമതലപ്പെടുത്തി കാണുന്നുണ്ട്. എന്നാൽ റീ-ടെണ്ടർ ചെയ്യുന്ന സമയത്ത് എന്ത് ന്യൂനതകളാണ് പ്രസ്തുത ടെണ്ടറുകളിൽ ഉണ്ടായത് എന്ന് വ്യക്തമാക്കിയിട്ടില്ല.

(3) റീ-ടെണ്ടർ ചെയ്ത സമയത്ത് പ്രസ്തുത പ്രവൃത്തിക്ക് ലഭിച്ചത് ഏക ടെണ്ടറാണ്. മുൻ ടെണ്ടറിനെ അപേക്ഷിച്ച് 1,36,777/- രൂപ അധികരിച്ചാണ് രണ്ടാമത്തെ ടെണ്ടറിൽ നിരക്ക് ക്വാട്ട് ചെയ്തത്. ആയത് പരിശോധനയ്ക്ക് വിധേയമാക്കാതെ പ്രസ്തുത കരാറുകാരന് പ്രവൃത്തി ഏൽപ്പിച്ച് കൊടുക്കുകയാണ് ചെയ്തത്. ചെലവ് തുക 9,91,464/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു. ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കാതെയും മതിയായ കാരണം കാണിക്കാതെ ടെണ്ടർ റദ്ദ് ചെയ്തും റീ-ടെണ്ടറിൽ ഏക ടെണ്ടർ സമർപ്പിച്ച കരാറുകാരനുമായി നെഗോസിയേഷൻ നടത്താതെ പ്രവൃത്തി ഏൽപ്പിച്ചതിനും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 9.2.2022 ന് നൽകിയ 44/2020-21 നമ്പർ ഒ.എസ്. ന് മറുപടി ലഭ്യമാക്കിയിട്ടില്ല

## 1-54 ക്യാഷ് ബുക്കും അനുബന്ധ രജിസ്റ്ററുകളും എഴുതി സൂക്ഷിക്കുന്നില്ല

12.04.2006ലെ സ.ഉ(അ)നം.177/2006/ധന ഉത്തരവിലെ ഖണ്ഡിക 18 അനുസരിച്ച് നിർവ്വഹണ ഉദ്യോഗസ്ഥർ TR7A ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് ചെലവ് വിവരം രേഖപ്പെടുത്തണം. തദ്ദേശഭരണ സ്ഥാപനത്തിന്റെ വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്നതിനായി സബ്സിഡിയറി രജിസ്റ്റർ അനുബന്ധം ബി IV ൽ സൂക്ഷിക്കണം. കൂടാതെ അനുബന്ധം ബി V ൽ പ്രോജക്റ്റ് രജിസ്റ്ററും എഴുതി സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ സീനിയർ വെറ്ററിനറി സർജൻ ക്യാഷ് ബുക്ക്, സബ്സിഡിയറി രജിസ്റ്റർ, പ്രോജക്റ്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. സർക്കാർ നിർദ്ദേശമനുസരിച്ചുള്ള രജിസ്റ്ററുകൾ സൂക്ഷിക്കാത്തതിന് വിശദീകരണം 9.11.2021 ന് (O.S. No. 15/21) ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-55 "സമഗ്ര വിദ്യാഭ്യാസം 2020 " സർക്കാരിൽ നിന്നും അനുമതി / ഉത്തരവ് ലഭ്യമാക്കാതെ പ്രൊജക്റ്റ് നടപ്പിലാക്കി.

| | |
|---|---|
| സമഗ്ര വിദ്യാഭ്യാസം 2020 | |
| വകയിരുത്തിയ തുക | 10,00,000 /- വികസന ഫണ്ട് |
| ചെലവ് | 9,99,981/- (ബിൽ നമ്പർ 11/24.9.2020) |

സ്കൂളുകളിൽ മൊബൈൽ ആപ് വഴി അധ്യാപകരും വിദ്യാർത്ഥികളും രക്ഷാകർത്താക്കളും തമ്മിൽ ആരോഗ്യകരമായ ബന്ധം വളർത്തുന്നതിനും അതുവഴി നഗരസഭാ പരിധിയിലെ വിദ്യാലയങ്ങളുടെ സമഗ്ര വികസനം കൈവരിക്കുന്നതിനുമാണ് പ്രൊജക്റ്റ് . മേൽ പ്രൊജക്റ്റ് നടപ്പാക്കുന്നതിനായി , സർക്കാർ സ്കൂളുകളിൽ മൊബൈൽ ആപ് സംവിധാനം ഒരുക്കാനായി അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് ഇ-ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് (ഒരു കുട്ടിക്ക് 47.6 /-രൂപ) ക്വാട്ട് ചെയ്ത Codesap Technologies L.L.P എന്ന സ്ഥാപനത്തിന്റെ ടെണ്ടർ (05.03.2020 ലെ 4 ാം നമ്പർ കൗൺസിൽ തീരുമാനം പ്രകാരം ) അംഗീകരിക്കുകയും ചെയ്തിട്ടുണ്ട് . ഒരു കുട്ടിക്ക് 47.6 രൂപ തോതിൽ ആണ് Edusap നു വേണ്ടി ചാർജ്ജ് ഈടാക്കുന്നതെന്ന് പ്രസ്തുത സ്ഥാപനം വ്യക്തമാക്കിയിട്ടുണ്ട്. പൊതു വിദ്യാലയങ്ങളിലെത്തുന്ന ഓരോ വിദ്യാർത്ഥിയുടെയും നൈസർഗ്ഗികമായ കഴിവുകൾ കണ്ടെത്തി അഭിരുചിക്കനുസൃതമായി , ആയത് പരമാവധി വികസിപ്പിക്കാനുള്ള സമൂഹത്തിന്റെ പൊതു ആസ്തികളായി സ്കൂളുകളെ മാറ്റുകയാണ് പൊതു വിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ ലക്ഷ്യം .അല്ലാതെ സമഗ്ര വിദ്യാഭ്യാസം എന്ന പദ്ധതി തയ്യാറാക്കി Edusap എന്ന പേരിൽ ഒരു അപ്ലിക്കേഷൻ ഓരോ സ്കൂളിലെയും എല്ലാ വിദ്യാർത്ഥികളുടേയും വീടുകളിലെ ആൻഡ്രോയിഡ് ഫോണുകളിൽ ഇൻസ്റ്റാൾ ചെയ്യുന്ന പദ്ധതി വികസനഫണ്ട് ഉപയോഗിച്ച് രൂപീകരിക്കാൻ സർക്കാർ നിർദ്ദേശിച്ചിട്ടില്ല.

കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 10.03.2020 ലെ ഡി2/24173/19 നമ്പർ നടപടിക്രമം പ്രകാരം സ്ഥാപനത്തിന് വിതരണാനുമതി നൽകിയിട്ടുണ്ട് . മേൽ സ്ഥാപനവുമായി ചമച്ച കരാറിലെ വ്യവസ്ഥകൾ പ്രകാരം ,

കരാർ തിയ്യതി 05.06.2020 മുതൽ ഒരു അധ്യയന വർഷത്തേക്ക് വാറണ്ടി ഉണ്ട് . ആയത് പ്രകാരം കേടുപാടുകളുടെ അറിയിപ്പ് ലഭിച്ച് 5 ദിവസത്തിനകം ശരിയാക്കിതരുന്നതിനും ഒരു വർഷത്തെ പരിപാലന ചുമതലയും സ്ഥാപനത്തിനുണ്ട് .Installation & Service പൂർത്തീകരിച്ച ബില്ല് നൽകുന്ന മുറയ്ക്ക് നികുതി ഉൾപ്പടെ ടെണ്ടർ പ്രകാരമുള്ള തുക സ്ഥാപനത്തിന് നൽകേണ്ടതാണ്.37 സ്കൂളുകളിലെ 21008 വിദ്യാർത്ഥികൾക്ക് വേണ്ടി സ്കൂളുകളിൽ അപ്ലിക്കേഷൻ ഇൻസ്റ്റാൾ ചെയ്യതിന്റെ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ഫയലിലുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കും പ്രകാരം ബിൽ തുക അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| ചെലവ് തുക | 8,40,320/- |
| C.G.S.T @9% | 75628.80 |
| S.G.S.T @9% | 75628.80 |
| Kerala Flood Cess @ 1% | 8403.20 |

ആകെ 9,99,981/- (21008 വിദ്യാർത്ഥികൾക്ക് @ 47.6/- രൂപ നിരക്കിൽ)

സർക്കാരിൽ നിന്നും പ്രത്യേക അനുമതി ലഭ്യമാക്കാതെയും, പദ്ധതി മാർഗ്ഗരേഖയിൽ പരാമർശിക്കാത്തതുമായ പദ്ധതി വികസന ഫണ്ട് ചെലവഴിച്ച് നടപ്പാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് മറുപടി ലഭ്യമാക്കിയിട്ടില്ല . (ഒ.എസ് .നമ്പർ 94/2020-21) . സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കാതെ വികസന ഫണ്ട് വിനിയോഗിച്ചതിന് സാധൂകരണം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 9,99,981/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-56 നഗരസഭ പരിധിയിലെ ഭവനങ്ങളിൽ ഫ്രഷ് ബാഗ് വിതരണം.

| | | | |
|---|---|---|---|
| പദ്ധതി നം. | 1322/21 (സ്പിൽ ഓവർ) | | |
| നിർവ്വഹണോദ്യോഗസ്ഥൻ | കുടുംബശ്രീ പ്രോജക്റ്റ് ഓഫീസർ | | |
| ഡി.പി.സി.അംഗീകാരം | 64750/2019/DPC/DPO/KKD- | | |
| ഫയൽ നം. | കെ.3/13191/2020 | | |
| അടങ്കൽ | 15,00,000/- (വികസന ഫണ്ട്) | | |
| ചെലവ് | 14,74,515/- | ബിൽ നം. | തീയതി |
| | | 379/2020-21 | 11.04.2020 |

പരിസ്ഥിതി മലിനീകരണത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ നിരോധിച്ചതിനാൽ ആയതിനു പകരം കുടുംബശ്രീ യൂണിറ്റുകൾ നിർമ്മിച്ച തുണി സഞ്ചികൾ നഗരസഭ പ്രദേശത്തെ 1,25,000 വീടുകളിൽ ഹരിതകർമ്മസേന മുഖാന്തിരം എത്തിക്കുന്നതിനാണ് പദ്ധതി രൂപീകരിച്ചത്. പദ്ധതി പ്രകാരം കുടുംബശ്രീ യൂണിറ്റുകൾ നിർമ്മിക്കുന്ന 15/- രൂപ വില വരുന്ന ഒരു തുണി സഞ്ചിക്ക് (16 * 18 സൈസ്സിൽ) ഗുണഭോക്തൃ വിഹിതമായി 5/-രൂപ ഗുണഭോക്താക്കളിൽ നിന്നും ഈടാക്കി ബാക്കി 10/- രൂപ സബ്സിഡിയായി നൽകും. ഗുണഭോക്തൃ വിഹിതമായി ലഭിക്കുന്ന തുക 6,25,000/- രൂപ (125000 X 5) സി.ഡി.എസ്. അക്കൗണ്ടിൽ അടവാക്കുന്നതും പിന്നീട് യൂണിറ്റുകളുടെ ആവശ്യത്തിലേക്ക് ഉപയോഗിക്കും. കോഴിക്കോട് നഗരസഭ പരിധിയിലെ തോടുകളും, പുഴകളും, കടൽത്തീരവും മലിനമുക്തമാക്കുന്നതിനും, പ്രകൃതി സംരക്ഷണത്തിന് പ്രചോദനം നൽകുന്നതിനും, സർക്കാരിന്റെ പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ നിരോധനം കർശനമായി നടപ്പിലാക്കുന്നതിനും പദ്ധതി ലക്ഷ്യമിട്ടു. പദ്ധതി നടപ്പാക്കുന്നതിലൂടെ ഒരു വാർഡിൽ 2 തുണി സഞ്ചി നിർമ്മാണ യൂണിറ്റ് വീതം 75 വാർഡുകളിൽ 150 യൂണിറ്റുകൾ സ്ഥാപിച്ച് 700 കുടുംബശ്രീ വനിതകൾക്ക് ജോലി ലഭിക്കും. 5 മുതൽ 10 പേർ അടങ്ങുന്നതാണ് ഒരു യൂണിറ്റ്. പദ്ധതിയുടെ ഭാഗമായി 26.12.2019 മുതൽ 27.12.2019 വരെ പരിശീലനം നടത്തുകയും 179 പേർ പങ്കെടുക്കുകയും ചെയ്തു. പരിശീലന പരിപാടികൾക്കും, തുണി സഞ്ചി നിർമ്മിക്കുന്നതിന് ആവശ്യമായ തുണി വാങ്ങിയതിനുമായി താഴെ പറയുന്ന തരത്തിൽ തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | ഇനം | തുക |
|---|---|---|
| 1. | മഹിളാ മാൾ ഹാൾ വാടക – 3 ദവസത്തിന് @ 10,000/- | 30,000 |
| 2. | പരിശീലകരുടെ ഫീസ് | 12,500 |

| | | |
|---|---|---|
| 3. | പരിശീലനത്തിനായിട്ടുള്ള നൂൽ | 3,265 |
| 4. | സഞ്ചി നിർമ്മാണത്തിനുള്ള തുണി (5000 മീറ്റർ) | 1,83,750 |
| | ആകെ | 2,29,515 |

2019-20 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ പദ്ധതിയുടെ ബിൽ ട്രഷറിയിൽ നിന്നും മാറാത്തതിനാൽ (നം.1554/20) 2020 -21 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ പദ്ധതിയായി നടപ്പാക്കി. 28.02.2020 ലെ ക്ഷേമകാര്യ സമിതിയുടെ യോഗത്തിൽ നഗരസഭ പരിധിയിലെ ഭവനങ്ങളിൽ ഫ്രഷ് ബാഗ് വിതരണം ചെയ്യുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ സമർപ്പിച്ച അപേക്ഷ അംഗീകരിച്ച് (തീരുമാന നം.3) കൗൺസിലിലേക്ക് ശുപാർശ ചെയ്തു. 05.03.2020 ലെ കൗൺസിൽ യോഗത്തിൽ ക്ഷേമകാര്യ സമിതിയുടെ ശുപാർശ അംഗീകരിച്ചു (തീരുമാന നം.28). 10.03.2020 ന് കോഴിക്കോട് നഗരസഭ കുടുംബശ്രീ സി.ഡി.എസ്. ന്റെ ഫ്രഷ് ബാഗ് യൂണിറ്റിൽ നിന്നും 83,000 തുണി സഞ്ചികൾ 12,45,000/- രൂപ ചെലഴിച്ച് നഗരസഭ സെക്രട്ടറി വാങ്ങി. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കണ്ടെത്തിയ താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 10.02.2022 ന് ഓഡിറ്റ് അന്വേഷണ കുറിപ്പ് നൽകി (39/2020-21).

1. 02.02.2018 ലെ (കൈ)17/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ്(പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ) ഖണ്ഡിക -5.4.4. പ്രകാരം പൊതു വികസന ഫണ്ടിലെ സാധാരണ വിഹിതത്തിൽ നിന്നും ഏറ്റവും കുറഞ്ഞത് 15 % മെങ്കിലും തുക മാലിന്യ സംസ്കരണത്തിനും, ജലസംരക്ഷണത്തിനും പ്രാധാന്യം കൊടുത്ത് കൊണ്ട് ഹരിത കേരളം മിഷൻ പദ്ധതികൾക്കാണ് വകയിരുത്തേണ്ടത്. പരിസ്ഥിതി മലീനികരണത്തിന്റെ ഭാഗമായി പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ നിരോധിച്ചതിനു പകരം തുണി സഞ്ചി നിർമ്മിച്ച് നൽകുന്ന പദ്ധതികൾ ഹരിത കേരളം മിഷൻ വിഭാഗം നടപ്പാക്കുന്നില്ല. ഹരിത കേരളം മിഷൻ വിഭാഗം നടപ്പാക്കാത്ത പ്രവർത്തനങ്ങൾ നഗരസഭ ഏറ്റെടുത്ത് നടപ്പാക്കിയതിന് സർക്കാർ അംഗീകാരം ലഭ്യമാക്കിയിട്ടില്ല.
2. 14.02.2018 ലെ (കൈ)22/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം (സബ്സിഡി മാർഗ്ഗരേഖ) വികസന ഫണ്ട് വിനിയോഗിച്ച് തുണി സഞ്ചി നിർമ്മിച്ച് നൽകുന്ന പദ്ധതികൾ രൂപീകരിക്കുവാൻ നിർദ്ദേശിച്ചിട്ടില്ല.
3. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.4 പ്രകാരം കുടുംബ വാർഷിക വരുമാന പരിധി ജനറൽ വിഭാഗത്തിന് 2 ലക്ഷം രൂപയും, എസ്.സി.വിഭാഗത്തിന് 3 ലക്ഷം രൂപയും, എസ്.റ്റി. വിഭാഗത്തിന് വരുമാന പരിധി ബാധകമാക്കാതെയും ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് വേണ്ട ധനസഹായം വ്യവസ്ഥകളോടെ സബ്സിഡിയായി നൽകുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ മേൽ സാമ്പത്തിക മാനദണ്ഡങ്ങൾ പാലിക്കാതെ സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായിട്ടാണ് കുടുംബശ്രീ യൂണിറ്റുകൾക്ക് തുണി സഞ്ചി നിർമ്മാണത്തിനുള്ള തുണി (5000 മീറ്റർ) വാങ്ങി നൽകിയത്.
4. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 8.5 പ്രകാരം പരിശീലന പരിപാടികൾ ജനറൽ വിഭാഗത്തിന് 2 ലക്ഷം രൂപയും, എസ്.സി. വിഭാഗത്തിന് 3 ലക്ഷം രൂപയും, എസ്.റ്റി. വിഭാഗത്തിന് വരുമാന പരിധി ബാധകമാക്കാതെയുമാണ് നൽകേണ്ടത്. എന്നാൽ പദ്ധതിയുടെ ഭാഗമായി 174 പേർക്ക് പരിശീലനം നടത്തിയത് മേൽ വിവരിച്ച സാമ്പത്തിക മാനദണ്ഡങ്ങൾ പാലിച്ചില്ല.
5. സബ്സിഡി മാർഗ്ഗരേഖ പ്രകാരം പ്രാദേശിക സാമ്പത്തിക വികസനം പ്രോത്സാഹിപ്പിക്കുന്നതിന് സബ്സിഡി നൽകുന്ന സമീപനം സുസ്ഥിരമായ വികസനത്തിന് കാര്യക്ഷമമായ പിന്തുണ ലഭിക്കാത്തതിനാൽ 2018-19 സാമ്പത്തിക വർഷം മുതൽ സംരംഭകത്വ പ്രോൽസാഹനത്തിന് റിവോൾവിംഗ് ഫണ്ടും ധനകാര്യ സ്ഥാപന വായ്പക്ക് (സ്വകാര്യമല്ലത്തവ) പലിശ സബ്സിഡിയും നൽകുന്നതിനാണ് വ്യവസ്ഥകളോടെ പദ്ധതികൾ രൂപീകരിക്കേണ്ടത്. എന്നാൽ സബ്സിഡി മാർഗ്ഗ രേഖയിൽ നിർദ്ദേശിച്ച രീതിയിൽ നിന്നും വ്യത്യസ്തമായി ഒരു വാർഡിൽ 2 തുണി സഞ്ചി നിർമ്മാണ യൂണിറ്റ് വീതം (5 മുതൽ 10 പേർ അടങ്ങുന്നതാണ് ഒരു യൂണിറ്റ്) 75 വാർഡുകളിൽ 150 യൂണിറ്റുകൾ സ്ഥാപിച്ച് 700 കുടുംബശ്രീ വനിതകൾക്ക് ജോലി ലഭിക്കുന്നതിന് ലക്ഷ്യമിട്ടത്.
6. 10.02.2020 ലെ (ആർ.റ്റി)345/2020/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലൂടെ 2020-21 സാമ്പത്തിക വർഷം മുതൽ നഗരസഭകൾ വികസന ഫണ്ടിൽ നിന്നും മാലിന്യ സംസ്കരണത്തിനായി നീക്കി വയ്ക്കുന്ന തുക വിനിയോഗിച്ച് സ്പിൽ ഓവർ ഉൾപ്പടെയുള്ള പദ്ധതികൾ രൂപീകരിക്കുമ്പോൾ ബി.പി.എൽ. വിഭാഗത്തിൽ പെട്ടവർക്ക് ഒഴികെ സൗജന്യമായോ സബ്സിഡി നിരക്കിലോ മാലിന്യ സംസ്കരണ സംവിധാനങ്ങൾ/ ഉപാധികൾ വാങ്ങി വിതരണം ചെയ്യുന്ന പദ്ധതികൾ പൂർണ്ണമായും ഒഴിവാക്കേണ്ടതാണെന്ന് സർക്കാർ നിർദ്ദേശം നൽകി. എന്നാൽ മേൽ നിർദ്ദേശം പാലിച്ചില്ല.
7. 25.02.2020 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഡിനേഷൻ കമ്മിറ്റിയുടെ യോഗത്തിൽ പൊതുവിഷയങ്ങൾ പരിഗണിച്ചതിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ജൂട്ട്/ തുണി സഞ്ചികൾ വീട്ടുകളിലും കടകളിലും വിതരണം ചെയ്യുന്ന പദ്ധതികൾ ഏറ്റെടുക്കേണ്ടതില്ല എന്നും, പ്ലാസ്റ്റിക് സഞ്ചികൾക്ക് ബദലായി യൂണിറ്റുകൾ തുടങ്ങുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യം ഒരുക്കാനും മെഷീൻ അടക്കമുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം നൽകാവുന്നതാണെന്നും നിർദ്ദേശിച്ചു. ഇതിനായുള്ള പ്രവർത്തന മൂലധനം റിവോൾവിംഗ് ഫണ്ടായി നൽകണം. ഉൽപ്പന്നത്തിനു സബ്സിഡിയും നൽകാവുന്നതല്ല. എന്നാൽ വികേന്ദ്രീകൃതാസൂത്രണ സമിതിയുടെ നിർദ്ദേശം

പരിഗണിക്കാതെയാണ് പദ്ധതി നടപ്പാക്കിയത്.

8. 06.03.2020 ലെ (കൈ)45/2020/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലൂടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ 2020-21 വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ട പന്ത്രണ്ടിന പരിപാടികളുടെ പുതുക്കിയ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചു. മേൽ ഉത്തരവ് അനുബന്ധം ഖണ്ഡിക നം.8.6 ൽ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും ഉത്തരവിൽ നിർദ്ദേശിച്ച ഏതാനും തൊഴിൽ സംരംഭങ്ങൾ നിർബന്ധമായും ആരംഭിച്ചിരിക്കണമെന്നും, അത്തരം തൊഴിൽ സംരംഭങ്ങൾക്ക് ഖണ്ഡിക നം.8.7 പ്രകാരം പഞ്ചവൽസര പദ്ധതികളുടെ സബ്സിഡി മാർഗ്ഗരേഖയിൽ വിവരിച്ച പ്രകാരം തൊഴിൽ സംരംഭക യൂണിറ്റുകൾക്കുള്ള ധനസഹായമോ, സംരഭക പ്രോൽസാഹന പദ്ധതിയുടെ ഭാഗമായുള്ള പ്രോൽസാഹനമോ നൽകുന്നതിനാണ് സർക്കാർ നിർദ്ദശിച്ചത്. എന്നാൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതി നടപ്പിലാക്കി.

9. നഗരസഭയുടെ വികസന ഫണ്ടിൽ നിന്നുമാണ് കുടുംബശ്രീ യൂണിറ്റുകൾ നിർമ്മിക്കുന്ന തുണി സഞ്ചികൾക്ക് ആവശ്യമായ ഉൽപ്പന്നങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥൻ വാങ്ങിയത്. ആയതിനാൽ തന്നെ തുണി സഞ്ചികളുടെ വിൽപ്പന മുഖാന്തിരം ഗുണഭോക്തൃ വിഹിതമായി ലഭിക്കുന്ന തുക 6,25,000/- രൂപ (125000 X 5) നഗരസഭ ഫണ്ടിലാണ് തിരികെ അടവാക്കേണ്ടത്. ആയതിനു പകരം സി.ഡി.എസ്. അക്കൗണ്ടിൽ അടവാക്കിയത് അംഗീകരിക്കാവുന്ന നടപടിയല്ല.

10. 26.12.2019, 27.12.2019 തീയ്യതികളിൽ പരിശീലന പരിപാടികൾ നടന്നതായാണ് പ്രോജക്റ്റ് ഓഫീസർ ഫയലിൽ രേഖപ്പെടുത്തിയത്. എന്നാൽ മഹിളമാൾ ഓഡിറ്റോറിയം സമർപ്പിച്ച ബില്ലിൽ 24.12.2019, 25.12.2019, 26.12.2019 എന്നീ തീയ്യതികളിൽ ഓഡിറ്റോറിയം പരിശീലനത്തിനായി വാടകയ്ക്ക് എടുത്തതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 3 ദിവസത്തെ വാടകയിനത്തിൽ 30,000/- രൂപ (10,000 X 3) നൽകിയിട്ടുമുണ്ട്. 2 ദിവസത്തെ പരിശീലന പരിപാടികൾക്ക് 3 ദിവസത്തെ വാടക നൽകിയതിനും, തീയ്യതികൾ തമ്മിൽ പൊരുത്തപ്പെടാത്തതിനും വിശദീകരണം നൽകേണ്ടതാണ്.

11. 10.03.2020 ന് കുടുംബശ്രീ സി.ഡി.എസ്. ന്റെ ഫ്രഷ് ബാഗ് യൂണിറ്റിൽ നിന്നും 83,000 തുണി സഞ്ചികൾ 12,45,000/- രൂപ ചെലഴിച്ച് നഗരസഭ സെക്രട്ടറി വാങ്ങിതിന്റെ രശീതി ഫയലിൽ ചേർത്തിട്ടുണ്ട്. നഗരസഭയുടെ സാംഖ്യ അധിഷ്ഠിത ബാങ്ക് ബുക്കുകൾ പരിശോധിച്ചതിൽ നിന്നും പ്രസ്തുത തരത്തിൽ ചെലവ് നടന്നതായി കാണുന്നില്ല. തുണി സഞ്ചികൾ വാങ്ങുന്നതിനായി നഗരസഭ സെക്രട്ടറി ചെലവഴിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ ഏതെന്ന് ഫയലിൽ വ്യക്തമാക്കിയിട്ടില്ല.

12. കുടുംബശ്രീ സി.ഡി.എസ്.ന്റെ ഫ്രഷ് ബാഗ് യൂണിറ്റിന്റെ കാനറ ബാങ്ക് (മാവൂർ റോഡ് ശാഖ) അക്കൗണ്ടിലേക്കാണ് 14,74,515/- രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് നൽകിയത്. (അക്കൗണ്ട് നം.3793627389). പ്രസ്തുത സ്ഥാപനം നഗരസഭയിൽ നിന്നും ഡി.&.ഒ. ലൈസൻസ് എടുത്തതിന്റേയും, സ്ഥാപനത്തിന്റെ തൊഴിൽ നികുതി നഗരസഭയിൽ അടച്ചതിന്റേയും, ആദായ നികുതി വകുപ്പിൽ നിന്നും പാൻ കാർഡ് എടുത്തതിന്റേയും, ജി.എസ്.ടി. രജിസ്ട്രേഷൻ എടുത്തതിന്റെയും വിശദാംശങ്ങൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

13. ഫ്രഷ് ബാഗ് യൂണിറ്റിൽ നിന്നും 83,000 തുണി സഞ്ചികൾ വാങ്ങി പൊതുജനങ്ങൾക്ക് വിതരണം നടത്തിയതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല.

14. പദ്ധതിക്കായി രൂപീകരിച്ച കുടുംബശ്രീ യൂണിറ്റുകളുടെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

16.05.2022 ന് മേൽ അപാകതകൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി സമർപ്പിച്ചുവെങ്കിലും ആയത് തൃപ്തികരമല്ല. സർക്കാർ നിർദ്ദേശം പാലിക്കാതെ നടപ്പിലാക്കിയ പദ്ധതിയായതിനാൽ സർക്കാരിൽ നിന്നും തന്നെ സാധൂകരണം ലഭ്യമാക്കേണ്ടതുണ്ട്. സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കാത്ത മുറക്ക് പദ്ധതിക്കായി ചെലവഴിച്ച തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ചെലവ് തുക 14,74,515/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-57 വീ - ടുഗതർ

| | |
|---|---|
| പദ്ധതി നം. | 644/21, (സ്പിൽ ഓവർ) |
| അടങ്കൽ തുക | 10,00,000/- (വികസന ഫണ്ട്) |
| ചെലവ് തുക | 8,41,845/- |
| ഫയൽ നം | കെ.2/24938/2019 |

നഗരസഭ പരിധിയിലെ 75 വാർഡുകളിൽ സ്ഥിരതാമസമാക്കിയതും വരുമാനമില്ലാത്തതുമായവരെ കണ്ടെത്തി അവർക്ക് സാധ്യമായ മേഖലയിൽ തൊഴിലോ, സംരംഭമോ, ഇവ രണ്ടിനും കഴിയാത്ത അർഹതയുള്ളവരെ (ശാരീരികമായും മാനസികമായും കഴിയാത്തവർ) സാമൂഹിക സുരക്ഷ പെൻഷൻ അംഗങ്ങളാക്കുക എന്ന ഉദ്ദേശത്തോടെയാണ് വീ - ടുഗതർ പദ്ധതി രൂപീകരിച്ചത്. ഗുണഭോക്താക്കളെ സമൂഹത്തിന്റെ മുഖ്യധാരയിൽ സ്ഥായിയായി നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അവരെ പുരോഗതിയിലേക്ക് നയിക്കുന്നതിനും സാധ്യമാക്കുന്നതിനും പദ്ധതി നടപ്പാക്കുന്നതിലൂടെ ലക്ഷ്യമിടുന്നു. നഗരസഭ മുഖാന്തരം നടപ്പാക്കുന്ന അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി, ദേശീയ നഗര ഉപജീവന മിഷൻ, കുടുംബശ്രീയുടെ വിവിധ പദ്ധതികൾ, സർക്കാർ ഇതര

ഏജൻസികളുടെ പദ്ധതികൾ, സാമൂഹ്യ സുരക്ഷ പെൻഷൻ തുടങ്ങിയ വിവിധ പദ്ധതികളുടെ സംയോജനത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

പദ്ധതിയുടെ പ്രൊപ്പോസൽ കുടുംബശ്രീ സി.ഡി.എസ്. സംയുക്ത ഭരണസമിതി 13.03.2019 ലെ യോഗത്തിൽ അംഗീകരിച്ച് (തീരുമാനം നം.8) ക്ഷേമകാര്യ സ്ഥിരം സമതിക്ക് സമർപ്പിച്ചു. ക്ഷേമകാര്യ സ്ഥിരം സമിതിയുടെ 03.04.2019 ലെ യോഗത്തിൽ മേൽ ശുപാർശ അംഗീകരിച്ച് കൗൺസിലിലേക്ക് ശുപാർശ ചെയ്യുകയും (തീരുമാനം നം.4) 15.05.2019 ലെ കൗൺസിൽ യോഗത്തിൽ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് തനത് ഫണ്ടിൽ നിന്ന് 20 ലക്ഷം രൂപ ഉപയോഗിക്കാനും തുടർന്ന് വാർഷിക പദ്ധതിയിൽ ഉൾക്കൊള്ളിക്കുവാനും നിർദ്ദേശിച്ച് പദ്ധതിക്ക് അംഗീകാരം നൽകി. (തീരുമാനം നം.56) .01.04.2019 മുതൽ 31.12.2020 വരെയാണ് പദ്ധതി കാലയളവ്. ഗുണഭോക്തൃ തിരഞ്ഞെടുപ്പ്, വിവിധ പദ്ധതികളുടെ ഏകോപനം, പദ്ധതി പ്രചരണം, വളണ്ടിയർമാരെ കണ്ടെത്തലും പരിശീലനവും, ഗുണഭോക്താക്കൾക്കുള്ള പരിശീലനം, അവരെ വരുമാനദായകരാക്കൽ, ഡോക്യുമെന്റേഷൻ തുടങ്ങിയ ഇനങ്ങളാണ് പദ്ധതി നടത്തിപ്പിന്റെ വിവിധ ഘട്ടങ്ങൾ. ഇതിനായി 2 തരം ഫോറം വിനിയോഗിച്ചിട്ടുണ്ട്. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ഫോറം എ യും, വിശദമായ പരിശോധന ആവശ്യമില്ലാത്ത 150 എം.2 ന് മുകളിൽ ഭവനമുള്ളവരും, 4 ചക്ര വാഹനമുള്ളവരുടെ വിവരം ശേഖരിക്കാനുള്ള ഫോറം. ബി യും. ഓരോ കുടുംബങ്ങളിലും സി.ഡി.എസ്. മുഖാന്തരം നേരിട്ട് സർവ്വേ നടത്തിയാണ് ഗുണഭോക്താക്കളെ കണ്ടെത്തുന്നത്. ഫോറം.എ വിവരശേഖരണം നടത്തുന്നതിന് 8/- രൂപയും, ഫോറം.ബി. വിവരശേഖരണം നടത്തുന്നതിന് 4/- രൂപയും നൽകും. ഇത്തരം വിവരശേഖരണം നടത്തിയ ഫോറങ്ങളിൽ 10% ഹെൽത്ത് ഇൻസ്പെക്ടർമാർ റാൻണ്ടം പരിശോധന നടത്തും. തുടർന്ന് ഫോറങ്ങൾ സി.ഡി.എസ്. വിഭാഗത്തിന് കൈമാറി കുടുംബശ്രീയുടെ ഡാറ്റ എൻട്രി യൂണിറ്റ് മുഖാന്തരം പ്രത്യേകമായി രൂപീകരിച്ച വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കും. തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളെ വാർഡ് അടിസ്ഥാനത്തിനത്തിൽ തിട്ടപ്പെടുത്തി പട്ടിക കൗൺസിലർമാർ, എ.ഡി.എസ്സ് തൊഴിലുറപ്പ് പദ്ധതി കോർഡിനേറ്റർ തുടങ്ങിയവർക്ക് നൽകും. വാർഡ് അടിസ്ഥാനത്തിനത്തിൽ സംഘടിപ്പിക്കുന്ന സംഗമത്തിൽ ഗുണഭോക്താക്കളെ പങ്കെടുപ്പിച്ച് ഇവരുടെ താൽപര്യ മേഖല, സംരംഭം, തൊഴിലെടുക്കാനുള്ള കഴിവ്/ താൽപ്പര്യം എന്നിവ കണ്ടെത്തി പ്രസിഡന്റ്, സെക്രട്ടറി, എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവരെ തെരഞ്ഞെടുത്ത് വാർഡ് തല കമ്മിറ്റി രൂപീകരിക്കും. മേൽ കമ്മിറ്റിയുടെ

രക്ഷാധികാരി വാർഡ് കൗൺസിലർ, സഹരക്ഷാധികാരി എ.ഡി.എസ്. ചെയർപേഴ്സൺ, വാർഡിന്റെ ചാർജ്ജുള്ള ജെ.എച്ച്.ഐ കോഡിനേറ്ററായും പ്രവർത്തിക്കും. ഇത് കൂടാതെ നഗരസഭ കൗൺസിലിനെ നയപരമായ കാര്യങ്ങളിൽ സഹായിക്കുന്നതിനായി ബഹു മേയറുടെ അദ്ധ്യക്ഷതയിൽ കോർ കമ്മിറ്റിയും രൂപീകരിച്ചു.സർവ്വേ പൂർത്തിയാക്കി 162 ഗുണഭോക്താക്കളുടെ കരട് ലിസ്റ്റ് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിച്ചു. ക്ഷേമകാര്യ സ്ഥിരം സമിതിയുടെ 28.05.2020 ലെ യോഗത്തിൽ ഗുണഭോക്താക്കളുടെ കരട് ലിസ്റ്റ് അംഗീകരിച്ച് കൗൺസിലിലേക്ക് ശുപാർശ ചെയ്തു (തീരുമാനം നം.2). 02.06.2020 ലെ കൗൺസിൽ യോഗത്തിൽ കരട് ലിസ്റ്റ് അംഗീകരിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് കുടുംബശ്രീ പ്രോജക്ട് ഓഫീസറെ ചുമതലപ്പെടുത്തി. (തീരുമാനം നം.72).

കരട് ലിസ്റ്റ് ഓഫീസ് നോട്ടീസ് ബോർഡിലും, വെബ് സൈറ്റിലും പ്രസിദ്ധീകരിച്ചെങ്കിലും യാതൊരു പരാതികളും ലഭിക്കാത്തതിനാൽ 162 ഗുണഭോക്താക്കളെയും നേരിൽ കണ്ട് വിശദമായ അന്വേഷണം നടത്തുന്നതിന് എൻ.യു.എൽ.എം. കമ്മ്യൂണിറ്റി ഓർഗനൈസർമാരെ ചുമതലപ്പെടുത്തി. ഓർഗനൈസർമാർ അന്വേഷണം നടത്തിയതിൽ നിന്നും 59 പേർ മാത്രമേ പദ്ധതി ആനുകൂല്യത്തിന് അർഹതയുള്ളു എന്ന് കണ്ടെത്തി ലിസ്റ്റ് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിച്ചു. ക്ഷേമകാര്യ സ്ഥിരം സമിതിയുടെ 29.07.2020 ലെ യോഗത്തിൽ ഗുണഭോക്താക്കളുടെ ലിസ്റ്റ് അംഗീകരിച്ച്

കൗൺസിലിലേക്ക് ശുപാർശ ചെയ്തു (തീരുമാനം നം.10) 10.08.2020 ലെ കൗൺസിൽ യോഗത്തിൽ അന്തിമ ലിസ്റ്റ് അംഗീകരിച്ചു. പ്രസ്തുത ലിസ്റ്റിൽ നിന്നും 59 ഗുണഭോക്താക്കൾക്ക് 2020-21 സാമ്പത്തിക വർഷം മുതൽ സംസ്ഥാന സർക്കാർ അനുവദിക്കുന്ന സാമൂഹ്യ ക്ഷേമ പെൻഷൻ അനുവദിച്ചു.

2019-20 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ (നം.1538/20) പദ്ധതിയുടെ ബിൽ ട്രഷറിയിൽ നിന്നും മാറാത്തതിനാൽ 2020 -21 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ പദ്ധതിയായി ഉൾപ്പെടുത്തി തുക ചെലവഴിച്ചു.

| ബിൽ നം, തീയതി. | തുക |
|---|---|
| 337, 11.04.2020 | 7,43,528 |
| 600, 14.07.2020 | 74,949 |
| 729, 12.10.2020 | 23,368 |
| ആകെ | 8,41,845 |

ചെലവിന്റെ വിശദാംശങ്ങൾ

| ക്രമ നം | ചെലവിനം | തുക |
|---|---|---|
| 1 | വി-ടുഗതർ - സർവ്വേ ഫോറങ്ങൾ, കൈപുസ്തകം തുടങ്ങിയവ പ്രിന്റ് ചെയ്ത വകയിൽ ടെക്നോ വേൾഡ്.III ഐ.ടി. യൂണിറ്റിന് നൽകിയത് | 1,41,000 |
| 2 | വിവരശേരണം നടത്തിയ ഫോറം ഡാറ്റ എൻട്രി നടത്തിയതിന് ടെക്നോ വേൾഡ്.III ഐ.ടി. യൂണിറ്റിന് നൽകിയത് | 2,24,949 |
| 3 | പദ്ധതിയുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി വെബ് സൈറ്റ് തയ്യാറാക്കിയതിന് ഐ.ടി.സൊല്യൂഷ്യൻസ് പ്രൈ. ലിമിറ്റഡ്ന് അനുവദിച്ചത്. | 20,000 |
| | സി.ഡി.എസ്. നോർത്ത് വിഭാഗത്തിന് അനുവദിച്ച തുക | 8,330 |
| | സി.ഡി.എസ്. സൗത്ത് വിഭാഗത്തിന് അനുവദിച്ച തുക | 8,078 |
| | സി.ഡി.എസ്. സെൻട്രൽ വിഭാഗത്തിന് അനുവദിച്ച തുക | 6,960 |
| | പദ്ധതിക്കായി സർവ്വേ നടത്തിയതിന് സി.ഡി.എസ്. നോർത്ത് വിഭാഗത്തിന് അനുവദിച്ച തുക | 1,34,744 |
| | പദ്ധതിക്കായി സർവ്വേ നടത്തിയതിന് സി.ഡി.എസ്. സൗത്ത് വിഭാഗത്തിന് അനുവദിച്ച തുക | 1,31,124 |
| | പദ്ധതിക്കായി സർവ്വേ നടത്തിയതിന് സി.ഡി.എസ്. സെൻട്രൽ വിഭാഗത്തിന് അനുവദിച്ച തുക | 1,12,404 |
| | | 7,87,589 |
| | ചെലവിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല | 54,256 |
| | ആകെ ചെലവ് | 8,41,845 |

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 21.02.2022 തീയ്യതിയിൽ ഓഡിറ്റ് അന്വേഷണ കുറിപ്പ് നിർവ്വഹണ ഉദ്യോഗസ്ഥന് നൽകി (നം. 46/2020-21)

1) 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 30 ഉപവകുപ്പ് 1, പട്ടിക 1, സി XIV പ്രകാരം നഗരസഭ പരിധിയിലെ ദരിദ്രരെ കണ്ടെത്തി സ്വയം തൊഴിലും, ഗ്രൂപ്പ് എംപ്ലോയ്മെന്റ് പദ്ധതികളും നടപ്പാക്കേണ്ടത് നഗരസഭകളുടെ മേഖലാപരമായ ചുമതലയാണ്. സംസ്ഥാനത്തെ നഗരപ്രദേശങ്ങളിൽ തൊഴിലെടുക്കുവാൻ സന്നദ്ധരായ അവിദഗ്ധ തൊഴിലാളികളുള്ള കുടുംബങ്ങൾക്ക് തൊഴിൽ നൽകാനുള്ള ബാദ്ധ്യത സർക്കാർ സ്വയം ഏറ്റെടുത്ത് നടപ്പാക്കുന്നതാണ് അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി. പദ്ധതി പ്രകാരം ആവശ്യപ്പെടുന്ന മുഴുവൻ തൊഴിൽ രഹിതർക്കും, അവിദഗദ്ധ തൊഴിലാളികൾക്കും തൊഴിൽ നൽകാൻ നഗരസഭകൾക്ക് സാധിക്കും. പദ്ധതി ചെലവ് പൂർണ്ണമായും വഹിക്കുന്നത് സംസ്ഥാന സർക്കാരാണ്. പദ്ധതിയുടെ ഭാഗമായി തൊഴിൽ ലഭ്യമാക്കുന്നതിൽ വനിതകൾക്ക് മുൻഗണന ഉറപ്പാക്കും. കൂടാതെ 2019-20 സാമ്പത്തിക വർഷം മുതൽ രണ്ടു കന്നുകാലികളിൽ കൂടുതലുള്ള, അവശത അനുഭവിക്കുന്ന വിഭാഗത്തിൽപ്പെടുന്ന ക്ഷീരകർഷകരെയും പദ്ധതിയിൽ ഉൾപ്പെടുത്തി പരമാവധി 100 ദിവസത്തെ വേതനം അയ്യങ്കാളി നഗര തൊഴിലുറപ്പ് ഫണ്ടിൽ നിന്നും നൽകാവുന്നതാണ്. നഗരങ്ങളിലെ മാലിന്യ സംസ്കരണവും അനുവദനീയമായ

പ്രവൃത്തിയാണ്.

ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന കുടുംബശ്രീ, നഗര പ്രദേശങ്ങളിലെ ദാരിദ്ര്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുവാൻ ഏറ്റെടുത്ത് നടപ്പിലാക്കുന്ന മറ്റൊരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ദേശീയ നഗര ഉപജീവന മിഷൻ. നഗര പ്രദേശങ്ങളിലെ ദരിദ്രരെ (വാർഷിക വരുമാനം അൻപതിനായിരമോ അതിൽ താഴെയുള്ള കുടുംബങ്ങൾ) അവരുടേതായ കൂട്ടായ്മകൾ (അയൽക്കൂട്ടങ്ങൾ) രൂപീകരിച്ച് ശാക്തീകരിക്കുകയാണ് ഈ പദ്ധതി വഴി നടപ്പിലാക്കുന്നത്. ദാരിദ്ര്യ ലഘൂകരണത്തിനും, സ്ഥായിയായ ഉപജീവനമാർഗ്ഗത്തിനും സ്വയം തൊഴിൽ അല്ലെങ്കിൽ ആവശ്യമായ വൈദഗ്ധ്യ / നൈപുണ്യ പരിശീലനം നൽകി വേതനാധിഷ്ഠിത തൊഴിൽ ലഭ്യമാക്കുന്നതിനുള്ള സഹായം ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നു. സ്വയം തൊഴിൽ ചെയ്യുവാനും ശമ്പളാടിസ്ഥാനത്തിൽ ജോലി ലഭിക്കുന്നതിനുമുള്ള സാധ്യതകൾ മെച്ചപ്പെടുത്തുന്നതിനുമായി നഗരങ്ങളിലെ പാവപ്പെട്ടവരുടെ തൊഴിൽ വൈദഗ്ധ്യം ഉയർത്തുന്നതിനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. പരിശീലനത്തിൽ പങ്കെടുക്കുന്നവരിൽ 70 % പേർക്കും തൊഴിൽ ഉറപ്പാക്കുന്നു എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത. കേരളത്തിൽ പദ്ധതിയുടെ നോഡൽ ഏജൻസി കുടുംബശ്രീയാണ്.

മേൽ രണ്ട് പദ്ധതികളും നിലവിൽ നഗരസഭ മുഖാന്തരം നടപ്പാക്കുന്നുണ്ട്. ആവശ്യമായ പ്രചരണങ്ങൾ നടത്തിയാൽ തൊഴിൽ ആവശ്യമുള്ളവർക്ക് കുടുംബശ്രീ ഓഫീസുമായി ബന്ധപ്പെട്ട് സഹായസഹകരണങ്ങൾ ചെയ്യാവുന്നതുമാണ്. പദ്ധതികൾ നടപ്പാക്കുന്നതിലൂടെ മുനിസിപ്പൽ നിയമത്തിൽ വ്യവസ്ഥ ചെയ്ത മേഖല അടിസ്ഥാനത്തിലുള്ള ചുമതലയും നഗരസഭക്ക് നിറവേറ്റാൻ കഴിയും. ഈ രണ്ട് പദ്ധതികൾക്കും പ്രത്യേക ഓഫീസും, ജീവനക്കാരും, ആവശ്യമായ സൗകര്യങ്ങളും നഗരസഭയിൽ ഒരുക്കിയിട്ടുണ്ട്. ഇത്രയും സൗകര്യങ്ങൾ നിലനിൽക്കെയാണ് സമാന്തര എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പോലെ നഗരസഭയിലെ തൊഴിൽ രഹിതരുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിന് വികസന ഫണ്ട് വിനിയോഗിച്ച് പദ്ധതി രൂപീകരിച്ചത്.

2) 14.02.2018 ലെ (കൈ)22/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലൂടെ (സബ്സിഡി മാർഗ്ഗ രേഖ) ഖണ്ഡിക 6.4 പ്രകാരം കുടുംബ വാർഷിക വരുമാന പരിധി ജനറൽ വിഭാഗത്തിന് 2 ലക്ഷം രൂപയും, എസ്.സി. വിഭാഗത്തിന് 3 ലക്ഷം രൂപയും, എസ്.റ്റി. വിഭാഗത്തിന് വരുമാന പരിധി ബാധകമാക്കാതെയും ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് വേണ്ട ധനസഹായം വ്യവസ്ഥകളോടെ സബ്സിഡിയായി നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ സബ്സിഡി മാർഗ്ഗ രേഖയിൽ നിർദ്ദേശിച്ച രീതിയിൽ നിന്നും വ്യത്യസ്തമായിട്ടാണ് വരുമാനമില്ലാത്തവരെ കണ്ടെത്തി അവർക്ക് സാധ്യമായ മേഖലയിൽ തൊഴിലോ, സംരംഭമോ, ഇവ രണ്ടിനും കഴിയാത്ത അർഹതയുള്ളവരെ (ശാരീരികമായും മാനസികമായും കഴിയാത്തവർ) സാമൂഹിക സുരക്ഷ പെൻഷൻ അംഗങ്ങളാക്കുക എന്ന ഉദ്ദേശത്തോടെ പദ്ധതി രൂപീകരിച്ചത്.

3) സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷ പെൻഷൻ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് വിവിധ ഉത്തരവുകളിലൂടെ സർക്കാർ മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ മാർഗ്ഗരേഖകൾ പ്രകാരം പെൻഷൻ ആവശ്യമുള്ള ഗുണഭോക്താക്കൾ അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖാന്തരം അപേക്ഷിക്കണം. അർഹരായവരെ നഗരസഭ തലത്തിലെ ഉദ്യോഗസ്ഥർ അന്വേഷണം നടത്തി ബന്ധപ്പെട്ട വാർഡ് സഭ/ വാർഡ് കമ്മിറ്റി യുടെ അംഗീകാരത്തോടെ തെരഞ്ഞെടുക്കണം. എന്നാൽ സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി 150 എം.2 ന് മുകളിൽ ഭവനമുള്ളവർ, 150 എം.2 ന് താഴെ ഭവനമുള്ളവർ എന്നിങ്ങനെ 2 വിഭാഗമായി തിരിച്ച് സി.ഡി.എസ്. അംഗങ്ങൾ 59ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത്. മേൽ ഗുണഭോക്താക്കളിൽ എത്ര പേർക്ക് തൊഴിൽ നൽകിയതിന്റേയോ, സംരംഭം ആരംഭിക്കുവാൻ സഹായം നൽകിയതിന്റേയോ, സാമൂഹ്യ സുരക്ഷ പെൻഷൻ അനുവദിച്ചതിന്റേയോ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല.

4) 11.03.2013 ലെ 71639/ഐ.ബി.1/12/ത.സ്വ.ഭ.വ നം സർക്കുലറിലൂടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഐ.കെ.എം. വിന്യസിച്ച സോഫ്റ്റ് വെയർ അല്ലാതെ മറ്റുള്ള സോഫ്റ്റ് വെയറുകൾ ഉപയോഗിക്കുവാൻ പാടുള്ളതല്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അത്തരത്തിൽ പ്രത്യേക ആവശ്യത്തിന് സോഫ്റ്റ് വെയർ വിന്യസിപ്പിക്കുന്നതിന് മുമ്പ് സർക്കാരിന്റെ പ്രത്യേക അനുമതി തേടണം. അപ്രകാരമുള്ള അനുമതി തേടിയിട്ടില്ല.

5) 06.03.2020 ലെ (കൈ)45/2020/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലൂടെ തദ്ദശ സ്വയം ഭരണ സ്ഥാപനങ്ങളുടെ 2020-21 വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ട പന്ത്രണ്ടിന പരിപാടികളുടെ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചു. മേൽ ഉത്തരവ് അനുബന്ധം ഖണ്ഡിക നം.8.6 ൽ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും ഉത്തരവിൽ നിർദ്ദേശിച്ച ഏതാനും തൊഴിൽ സംരംഭങ്ങൾ നിർബന്ധമായും ആരംഭിച്ചിരിക്കണമെന്നും, അത്തരം തൊഴിൽ സംരംഭങ്ങൾക്ക് ഖണ്ഡിക നം.8.7 പ്രകാരം പഞ്ചവൽസര പദ്ധതികളുടെ സബ്സിഡി മാർഗ്ഗരേഖയിൽ വിവരിച്ച പ്രകാരം തൊഴിൽ സംരംഭക യൂണിറ്റുകൾക്കുള്ള ധനസഹായമോ, സംരഭക പ്രോൽസാഹന പദ്ധതിയുടെ ഭാഗമായുള്ള പ്രോൽസാഹനമോ നൽകുന്നതിനാണ് സർക്കാർ നിർദ്ദശിച്ചത്. എന്നാൽ അത്തരത്തിലുള്ള നടപടികൾ സ്വീകരിച്ചില്ല.

മേൽ അപാകതകൾക്ക് 04.05.2022 ന് നിർവ്വഹണ ഉദ്യോഗസ്ഥൻ സമർപ്പിച്ച മറുപടിയുടെ പ്രധാനപ്പട്ടവ താഴെ ചേർക്കുന്നു.

“സമൂഹം ലഭ്യമാക്കേണ്ട ചില അവകാശങ്ങൾ നിഷേധിക്കപ്പെട്ടവർ ഇപ്പോഴും കുറച്ച് പേർ നമ്മുടെ ഇടയിൽ ഉണ്ട്. ഒരു തൊഴിലും വരുമാനമില്ലാത്ത ഇവരെ സാമൂഹിക സുരക്ഷ വലയത്തിന്റെ കവചം ഒരുക്കി അവരെ മാന്യമായി ജീവിക്കാൻ

കഴിവുറ്റവരാക്കുക എന്നതാണ് പദ്ധതികൊണ്ട് ഉദ്ദേശിച്ചത്. പദ്ധതിയിലൂടെ 36 പേർക്ക് സാമൂഹ്യ സുരക്ഷ പെൻഷൻ അനുവദിച്ചിട്ടുണ്ട്."

നിർവ്വഹണ ഉദ്യോഗസ്ഥന്റെ മേൽ മറുപടി അംഗീകരിക്കാവുന്നതല്ല. പദ്ധതിക്കായി ചെലവഴിച്ച തുകയ്ക്ക് സർക്കാരിൽ നിന്നും അംഗീകാരം വാങ്ങേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ചെലവ് തുക 8,41,845/- തടസ്സത്തിൽ വയ്ക്കുന്നു.

## 1-58 ഉറവിട മാലിന്യ സംസ്കരണത്തിനായി... 

| പദ്ധതി നം. | 231/21 | |
|---|---|---|
| അടങ്കൽ തുക | 25,00,000/-<br>(ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ്) | |
| ഫയൽ നം | EG 12/38587/18 | |
| സാങ്കേതികാനുമതി നം. | 109209/2018-19 | |
| നിർവഹണം | എക്സിക്യൂട്ടീവ് എഞ്ചിനീയർ | |
| ചെലവ് തുക | 1,78,619/- | ബിൽ നം: 27, തീയതി: 16.03.2021 |

ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് കോഴിക്കോട് കോർപ്പറേഷൻ ഓഫീസ്, എലത്തൂർ ബസ്സ്റ്റാന്റ് , നടക്കാവ്, എം.ജി.റോഡ്, ലോറിസ്റ്റാന്റ്, കോവൂർ കമ്മ്യൂണിറ്റി ഹാൾ, പാളയം സ്റ്റാന്റ് എന്നിവിടങ്ങളിൽ തുമ്പൂർമുഴി മാതൃകയിൽ കമ്പോസ്റ്റ് പ്ലാന്റ് സ്ഥാപിക്കുന്നതാണ് പദ്ധതി. 01.01.2019, 14.02.2019 എന്നീ തീയതികളിലെ ടെണ്ടർ/റീ ടെണ്ടർ പരസ്യങ്ങളെ തുടർന്ന് എസ്റ്റിമേറ്റ് നിരക്കിലും കുറഞ്ഞ നിരക്കിൽ പ്രവർത്തി പൂർത്തീകരിക്കുന്നതിന് 3 സ്ഥാപനങ്ങൾ തയ്യാറാണെന്ന് അറിയിച്ചെങ്കിലും ഗവ.അംഗീകൃത ലൈസൻസ് ഇല്ലാത്തതിനാൽ പ്രസ്തുത ടെണ്ടറുകൾ നിരസിച്ചു. തുടർന്ന് കരാറുകാരിൽ നിന്നും ഓഫർ ക്ഷണിക്കുകയും ശ്രീ.റിയാസ് റഹ്മാൻ.ടി.കെ. എന്നയാൾ എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തി ചെയ്യാൻ തയ്യാറാണെന്ന് അറിയിക്കുകയും ചെയ്തു. ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു. (1) പ്രോജക്ട് കലണ്ടർ അനുസരിച്ച് ഏഴ് യൂണിറ്റുകളും 31.03.2019 നകം പൂർത്തിയാക്കേണ്ടതാണെങ്കിലും ഫയൽ പ്രകാരം നാളിതുവരെ എലത്തൂർ ബസ്സ്റ്റാന്റിലെ പ്രവൃത്തി മാത്രമാണ് ഭാഗികമായി പൂർത്തിയാക്കിയിട്ടുള്ളത്. (ഈ പ്രവൃത്തിയിൽ എസ്റ്റിമേറ്റിലെ പല ഇനങ്ങളും ചെയ്തിട്ടില്ല)

(2) പ്രവൃത്തിയുടെ എം.ബുക്ക് ലഭ്യമാക്കിയിട്ടില്ല.

(3) കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തി പൂർത്തിയാക്കാൻ തയ്യാറാണെന്ന് 03.07.2019 തീയിതിയിലെ കത്ത് മുഖേന അറിയിച്ചിട്ടുണ്ടെങ്കിലും കരാറുകാരന് സെലക്ഷൻ മെമ്മോ നൽകിയത് 29.02.2020 ലും (ഇ.ജി.12/35587/18) കരാറുകാരൻ എഗ്രിമെന്റ് വെച്ചത് 10.03.2020 നും മാത്രമാണ്.

(4) എലത്തൂർ ബസ്സ്റ്റാന്റ് ഒഴികെയുള്ള സ്ഥലങ്ങളിൽ കൂട്ടിയിട്ടിരിക്കുന്ന മാലിന്യങ്ങളും മണ്ണും നീക്കേണ്ടതാണെന്ന കരാറുകാരന്റെ കത്ത് പരിഗണിച്ച് ആയവ നീക്കം ചെയ്യുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഹെൽത്ത് വിഭാഗത്തിലേക്ക് 23.11.2020 ന് കത്ത് നൽകിയിട്ടുണ്ട്. തുടർന്ന് യാതൊരുവിധ കത്തിടപാടുകളും നടത്താതെ 22.11.2021 നാണ് പ്രവൃത്തി പൂർത്തിയാക്കാൻ ആവശ്യപ്പെട്ട് കരാറുകാരന് കത്ത് നൽകിയതായി കാണുന്നത്. (എലത്തൂർ ബസ്സ്റ്റാന്റ് പ്രവൃത്തി ഭാഗികമായി പൂർത്തീകരിച്ചതിനാൽ ആയതിന്റെ പാർട്ട് ബില്ലായി 1,54,059/- രൂപ(നികുതികൾ ഒഴികെ) കരാറുകാരന് 18.03.2021 ന് നൽകിയിട്ടുണ്ട്)

അപാകതകൾ സൂചിപ്പിച്ച് 21.02.22 ന് 45/2020-21 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവു തുക 1,78,619/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-59 റഗുലർ ജീവനക്കാരുടെ സേവന പുസ്തക പരിശോധന – അധികം ശമ്പളം നൽകിയത് സംബന്ധിച്ച്

നഗരസഭ റഗുലർ ജീവനക്കാരുടെ ശമ്പള പരിഷ്കരണങ്ങൾ, സമയ ബന്ധിത ഹയർഗ്രേഡ് തുടങ്ങിയവ പ്രകാരമുള്ള ശമ്പള നിർണ്ണയങ്ങൾ, ലീവ് അക്കൌണ്ടുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | ഈ ഓഫീസിലെ കത്ത് നമ്പർ,തീയതി/വിശദാംശം | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| | | | |
| 1 | പി.മുരളീധരൻ,<br>ഓഫീസ് അറ്റന്റന്റ് | എ5-993/21 തിയതി<br>11.01.22<br>10 ദിവസത്തെ<br>ആർജ്ജിതാവധി അധികം<br>അനുവദിച്ചു | |
| 2 | രാജൻ.എ<br>ഓഫീസ് അറ്റന്റന്റ് | എ5-578/21 തിയതി<br>18.08.21<br>തെറ്റായി ഹയർ ഗ്രേഡ്<br>അനുവദിച്ചതു വഴി<br>95,848/- രൂപ അധികം<br>നൽകി. | അധികം നൽകിയ<br>95,848/- രൂപ<br>ഡി.സി.ആർ.ജി.<br>യിൽ നിന്നും<br>ഈടാക്കി. |
| 3. | ഹരീദ് കുമാർ<br>ഓഫീസ് അറ്റന്റന്റ് | എ5-822/21 തിയതി<br>20.10.21<br>തെറ്റായി ഹയർ ഗ്രേഡ്<br>അനുവദിച്ചതു വഴി<br>2,07,492/- രൂപ അധികം<br>നൽകി. | അധികം നൽകിയ<br>2,07,492/- രൂപ<br>ഡി.സി.ആർ.ജി.<br>യിൽ നിന്നും<br>ഈടാക്കി. |
| 4 | രതീദേവി.പി.<br>ഓഫീസ് അറ്റന്റന്റ് | എ5-367/22 തിയതി<br>26.03.22<br>തെറ്റായി ഹയർ ഗ്രേഡ്<br>അനുവദിച്ചതു വഴി 1,66,880<br>രൂപ അധികം നൽകി. | അധികം നൽകിയ<br>1,66,880/- രൂപ<br>ഡി.സി.ആർ.ജി.<br>യിൽ നിന്നും<br>ഈടാക്കി. |
| 5 | കൃഷ്ണകുമാരൻ.കെ.പി<br>H.I ഗ്രേഡ് 1 | എ5-160/21തിയതി<br>09.02.21<br>തെറ്റായ ശമ്പള സ്കെയിൽ<br>അനുവദിക്കുക വഴി 4843/-<br>രൂപ അധികം നൽകി | അധികം നൽകിയ<br>4843/- രൂപ<br>ഡി.സി.ആർ.ജി.<br>യിൽ നിന്നും<br>ഈടാക്കി. |
| 6 | എം.എം.<br>ഗോപാലൻ<br>ഹെൽത്ത്<br>സൂപ്പർവൈസർ | എ5-320/21തിയതി<br>12.07.21<br>തെറ്റായ ശമ്പള സ്കെയിൽ<br>അനുവദിക്കുക വഴി<br>21206/- രൂപ അധികം<br>നൽകി | അധികം നൽകിയ<br>21206/- രൂപ<br>ഡി.സി.ആർ.ജി.<br>യിൽ നിന്നും<br>ഈടാക്കി. |
| 7 | കറപ്പസാമി<br>സീനിയർ ക്ലർക്ക് | എ5-47/22തിയതി<br>13.04.22<br>എൽ.ഡി ക്ലർക്ക്<br>തസ്തികയിലേക്ക് തരം<br>താഴ്ത്തിയെങ്കിലും<br>ശമ്പളത്തിൽ മാറ്റം<br>വരുത്താത്തിനാലും, 21.10.19<br>ലെ വാർഷിക ഇൻക്രിമെന്റ്<br>(സഞ്ചിത<br>ഫലത്തോടെയല്ലാതെ)<br>തടഞ്ഞിട്ടും സാധാരണ<br>ഇൻക്രിമെന്റ് തിയതിയിൽ<br>തന്നെ ഇൻക്രിമെന്റ്<br>അനുവദിച്ചതിനാലും | തുക തിരികെ<br>ഈടാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | | അധിക തുക നൽകാനിടയായിട്ടുണ്ട്. | |
| 8 | അജിത്ത് കുമാർ.കെ.കെ ഓഫീസ് അറ്റന്റന്റ് | എ5-239/21തിയതി 16.03.21 തെറ്റായ ശമ്പള നിർണ്ണയം മൂലം 20640/ അധികമായി അനുവദിച്ചു. | അധികം നൽകിയ 20640/ രൂപ ഡി.സി.ആർ.ജി. യിൽ നിന്നും ഈടാക്കി. |
| 9 | സുനിൽ കുമാർ.പി.പി | എ5-390/21തിയതി 15.07.21 തെറ്റായ ശമ്പള നിർണ്ണയം മൂലം 1,27,845/ അധികമായി അനുവദിച്ചു. | അധികം നൽകിയ 1,27,845/ രൂപ ഡി.സി.ആർ.ജി. യിൽ നിന്നും ഈടാക്കി. |
| 10 | ജില .എം. JHI | എ5-546/22തിയതി 27.05.22 തെറ്റായ ശമ്പള നിർണ്ണയം മൂലം 44829/ അധികമായി അനുവദിച്ചു. | താഴെ പറയുന്ന രശീതുകൾ പ്രകാരം തുക അ 1220101034/തിയതി 05.05 .22-18956/- 122100101174/തിയതി 04.05 .22-6317/- 122271100172/തിയതി 26.04 .22-19556/- |
| 10 | രാഘവൻ.പി.പി ഡ്രൈവ് | എ5-407/21തിയതി 18.08.21 2014 ശമ്പള പരിഷ്കരണത്തിന ശേഷം 1.06.15 ന ഇൻക്രിമെന്റ് അനുവദിക്കുന്നതിന പകരം 1.05.15 ന അനുവദിച്ചതു വഴി അധിക തുക അനുവദിച്ചു. | അധിക തുക ഈടാക്കിയിട്ടില്ല. |
| 10 | ബ്രിജേഷ് കുമാർ ഓഫീസ് അറ്റന്റന്റ് | എ5-458/21തിയതി 25.08.21 കണ്ടിജൻറ് സർവ്വീസിൽ 8 വർഷം പൂർത്തിയായപ്പോൾ 01.07.2006 ന് ഹയർഗ്രേഡ് അനുവദിക്കുകയും തുടർന്ന് 7.08.09 ന് റഗുലർ സർവ്വീസിൽ പ്രവേശിച്ചപ്പോൾ കണ്ടിജൻറ് സർവ്വീസ് കൂടി പരിഗണിച്ച് വീണ്ടും 8.08.09 ന് 8 വർഷ ഗ്രേഡ് അനുവദിച്ചു. | അധിക തുക ഈടാക്കിയിട്ടില്ല. |
| 11 | പ്രവീൺ എം.ആർ ഡ്രൈവർ | എ5-753/21തിയതി 18.11.21 സർവ്വീസ് വെയിറ്റേജ് തെറ്റായി കണക്കാക്കുക വഴി അധികം ശമ്പളം അനുവദിച്ചു | അധിക തുക ഈടാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| 12 | ലളിത.കെ<br>സീനിയർ ക്ലർക്ക് | എ5-676/21തിയതി 07.01.21<br>പ്രൊബേഷൻ ഡിക്ലയർ ചെയ്യാതെ ഇൻക്രിമെന്റ് അനുവദിക്കുക വഴി അധിക തുക അനുവദിച്ചു. | 1/120340121171 തിയതി 01.02.21 രശീത് പ്രകാരം 8021/- രൂപ തിരികെ ഈടാക്കി. |
| 13 | ലക്ഷ്മി. വി.<br>ദഫേദാർ | എ5-105/21തിയതി 25.01.21<br>തെറ്റായി ഇൻക്രിമെന്റ് അനുവദിക്കുക വഴി അധിക തുക അനുവദിച്ചു. | അധിക തുക അനുവദിച്ചത് ഡി.സി.ആർ.ജി യിൽ നിന്നും ഈടാക്കി. |
| 14 | മിഥുൻ ഷൈബുലാൽ<br>ക്ലർക്ക് | എ5-75/21തിയതി 16.03.21<br>ഇൻക്രിമെന്റ് തടഞ്ഞ കാലയളവിൽ തെറ്റായി ഇൻക്രിമെന്റ് അനുവദിച്ചു. | അധിക തുക ഈടാക്കിയിട്ടില്ല. |
| 15 | രവി.എം<br>ഓഫീസ് അറ്റന്റന്റ് | എ5-638//22തിയതി 13.06.22<br>കണ്ടിജന്റ് സർവ്വീസിൽ 8 വർഷ ഹയർഗ്രേഡ് അനുവദിക്കുകയും റഗുലർ സർവ്വീസിൽ പ്രവേശിച്ചപ്പോൾ വീണ്ടും കണ്ടിജന്റ് സർവ്വീസ് കൂടെ പരിഗണിച്ച് ഹയർഗ്രേഡ് അനുവദിക്കുക വഴി അധിക തുക നൽകി. | അധിക തുക ഈടാക്കിയിട്ടില്ല. |
| 16 | മുഹമ്മദ് എ.പി<br>ഡ്രൈവർ | എ5-560/22 തീയതി 25.5.22<br>തെറ്റായ ശമ്പള സ്കെയിൽ അനുവദിക്കുക വഴി അധിക തുക അനുവദിച്ചു. | 01/122340102135 രശീത് പ്രകാരം അധികം നൽകിയ തുക 12603/- രൂപ തിരികെ ഈടാക്കി. |

30.01.2013 ലെ 12/2013/ധനം നമ്പർ സർക്കുലറിലൂടെ ശമ്പള നിർണ്ണയ അപാകതകൾ മൂലം ജീവനക്കാർ അധികമായി കൈപ്പറ്റിയ തുകകൾ ഈടാക്കുന്നത് സംബന്ധിച്ച് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സർക്കുലർ ഖണ്ഡിക 4 പ്രകാരം 01.07.2013 ശേഷം കണ്ടുപിടിക്കപ്പെടുന്ന തുകക്ക്, തുക കൈപ്പറ്റിയ തീയതി മുതൽ 18% പലിശ ശമ്പള നിർണ്ണയ അധികാരിയിൽ നിന്നും ഈടാക്കേണ്ടതാണ്. കൂടാതെ ഖണ്ഡിക 6 പ്രകാരം അധികമായി കൈപ്പറ്റിയ തുക യഥാസമയം ബന്ധിപ്പെട്ട ജീവനക്കാരനിൽ നിന്നും ഈടാക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം ടി തുക ശമ്പള നിർണ്ണയ അധികാരിയുടെ ബാധ്യതയായി കണക്കാക്കേണ്ടതും ടി അധികാരി റിട്ടയർ ചെയ്യുന്ന പക്ഷം ടിയാളുടെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും കെ.എസ്.ആർ. പാർട്ട് III ലെ 3, 116 എന്നീ ചട്ടങ്ങൾ പ്രകാരം ടി തുക ഈടാക്കേണ്ടതുമാണ്. സേവന പുസ്തകത്തിലെ അപാകതകൾ പരിഹരിക്കേണ്ടതും അധികമായി ജീവനക്കാർക്ക് അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതുമാണ്.

## 1-60 ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി.ക്ക് നൽകിയ അധിക തുക തിരികെ ഈടാക്കിയില്ല.

ഫയൽ നം : ബി.ഇസഡ്/ഇ.ജി/515/2021

ബേപ്പൂർ മേഖല കാര്യാലയ പരിധിയിൽ (ഡിവിഷൻ.53 ൽ) ഒ.എം.റോഡ്, പൊട്ടൻകണ്ടി റോഡ് എന്നിവ വീതി കൂട്ടുന്ന പ്രവൃത്തിയുടെ ഭാഗമായി 18 ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി. വിഭാഗം 90,431/- രൂപയുടെ എസ്റ്റിമേറ്റ് നൽകിയതിന്റെ അടിസ്ഥാനത്തിൽ 06.02.2021 ന് ചെക്ക് നം. 231255 പ്രകാരം തനത് ഫണ്ടിൽ നിന്ന് തുക അനുവദിച്ചു. (വൗച്ചർ നം. 22004996 ). മേൽ പ്രവൃത്തിക്ക് മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അംഗീകാരം 18.01.2021 ന് ലഭിച്ചിട്ടുണ്ട്. (തീരുമാനം നം.9). മേൽ പ്രവൃത്തിക്ക് തുക അനുവദിച്ചതുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ്.219 പ്രകാരം നഗരസഭയിലെ ഏതെങ്കിലും പണിയുടെ നിർവ്വഹണത്തിന് ആയിരം രൂപയിൽ കവിയുന്ന ചെലവ് വരുകയാണെങ്കിൽ അതിനു വേണ്ടിയുള്ള കരാറുകൾ രേഖാമൂലമായിരിക്കേണ്ടതും, ആ കരാറിൽ ചെയ്യേണ്ട ജോലിയുടെ വിശദവിവരം, ജോലി പൂർത്തീകരിക്കേണ്ട തീയതി, എന്നിവ സംബന്ധിച്ച് അതത് സംഗതി പോലെ വ്യക്തമായി പറഞ്ഞു കൊണ്ട് തയ്യാറാക്കണം. 21.08.2003 ലെ 40308/ഡി.പി./ 03/ത.സ്വ.ഭ.വ. നം സർക്കുലറിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡപ്പോസിറ്റ് നൽകി വൈദ്യുതി വിതരണ പ്രവർത്തികൾ കെ.എസ്.ഇ.ബി.യെ ഏൽപ്പിക്കുന്നതിന് കരാർ വെയ്ക്കണമെന്നും കെ.എസ്.ഇ.ബി. അക്കാലയളവിലെ നിരക്കിൽ തന്നെ പദ്ധതികൾ നടപ്പാക്കുകയും വേണമെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ പ്രവൃത്തി നിർവ്വഹണ കാലാവധി നിർണ്ണയിച്ച് കൃത്യമായ കരാറിലേർപ്പെടാതെയാണ് തുക അനുവദിച്ചത്.

2. നഗരസഭയിൽ നിന്നും അനുവദിച്ച തുക കെ.എസ്.ഇ.ബി. വിനിയോഗിച്ചത് സംബന്ധിച്ച സാക്ഷ്യപത്രം, പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ എന്നിവ ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

3. 20.12.2018 ന് ഡിവിഷൻ.52 ൽ 4 സെന്റ് കോളനിയിൽ 18 ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനായി ബേപ്പൂർ കെ.എസ്.ഇ.ബി. വിഭാഗം സമർപ്പിച്ച 1,34,233/- രൂപയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ചെക്ക് നം.651238 പ്രകാരം നഗരസഭ ഫണ്ടിൽ നിന്ന് തുക അനുവദിച്ചിട്ടുണ്ട് (വൗച്ചർ നം. 21805071തീയതി : 20.12.2018). ആയതിൽ 88,600/- രൂപ മാത്രമേ വിനിയോഗിച്ചിട്ടുള്ളൂ എന്നും ബാക്കി 45,633/- രൂപ തിരികെ നൽകുകയോ മറ്റ് പ്രവൃത്തികൾക്ക് വിനിയോഗിക്കാമെന്നും 06.11.2019 ലെ DB/01/AE-ES-BPR/KZD CORP/2019-20 നം കത്തിലൂടെ കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ എഞ്ചിനീയർ സെക്രട്ടറിയെ അറിയിച്ചിരുന്നു. എന്നാൽ മേൽ തുക നിലവിലും ചെലവഴിക്കാതെയും, നഗരസഭക്ക് തിരികെ നൽകാതെയും കെ.എസ്.ഇ.ബി. വിഭാഗത്തിന്റെ കൈവശമാണ്. (ഫയൽ നം : ബി.ഇസഡ്/ ഇ.ജി/6066/18). മേൽ തുക നൽകിയത് പരിശോധിക്കാതെയാണ് 90,431/- രൂപ അനുവദിച്ചത്.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച് 03.11.2021 ന് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (11/2020-21) മറുപടി ലഭ്യമാക്കിയിട്ടില്ല. കെ.എസ്.ഇ.ബി. വിഭാഗത്തിന് അനുവദിച്ച 90,431/- രൂപ മറുപടിയുടെ അഭാവത്തിൽ തടസ്സത്തിൽ വയ്ക്കുന്നു.

## 1-61 പാലാറ്റിപാടം കുടിവെള്ള പദ്ധതിയുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക അടവാക്കിയത് സംബന്ധിച്ച്.

ഫയൽ നമ്പർ. ഇ.ജി.17/4483/20.

ചെറുവണ്ണൂർ - നല്ലളം മേഖല പരിധിയിൽ (ഡിവിഷൻ.44 - കുണ്ടായിത്തോട്) ഗ്രാമപഞ്ചായത്ത് ആയിരുന്ന കാലത്ത് ആരംഭിച്ചതാണ് പാലാറ്റിപാടം കുടിവെള്ള പദ്ധതി. മേൽ പദ്ധതിയുടെ വൈദ്യുതി കണക്ഷൻ കെ.എസ്.ഇ.ബി.യുടെ ഫറോക്ക് സെക്ഷനു കീഴിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലായിരുന്നു. (കൺസ്യൂമർ നം.14344). പദ്ധതിയുടെ നടത്തിപ്പ് ഗുണഭോക്തൃ സമിതിയെ ഏൽപ്പിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് സംബന്ധിച്ച കരാർ, കൈമാറിയ തീയ്യതി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഫയലിൽ നിന്നും ലഭ്യമല്ല. കുടിവെള്ള പദ്ധതിയുടെ വൈദ്യുതി ചാർജ്ജ് ആദ്യ കാലഘട്ടങ്ങളിൽ ഗുണഭോക്താക്കൾ തന്നെ അടവാക്കിയിരുന്നതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്നുള്ള കാലഘട്ടത്തിൽ ഗുണഭോക്തൃ സമിതി വൈദ്യുതി ചാർജ്ജ് അടവാക്കുന്നതിൽ വീഴ്ച വരുത്തി. കാലക്രമേണ വൈദ്യുതി ബന്ധം വിച്ഛേദിച്ചതിനാൽ കുടിവെള്ള വിതരണം നിലച്ചു പോകുകയും വൈദ്യുതി ചാർജ്ജ് കുടിശ്ശികയാവുകയും ചെയ്തു. കുടിശ്ശിക ഈടാക്കുന്നതിന് കെ.എസ്.ഇ.ബി. വിഭാഗം റവന്യൂ റിക്കവറിക്കായി

ശുപാർശ ചെയ്തു. കോഴിക്കോട് തഹസിൽദാരുടെ (ആർ.ആർ) റിക്കവറി ഡിമാന്റ് നോട്ടീസ് ലഭ്യമായതിന്റെ വിശദാംശങ്ങൾ, മറ്റ് അനുബന്ധ രേഖകൾ, കെ.എസ്.ഇ.ബി.യിൽ നിന്നും ലഭ്യമായ ഡിമാന്റ് നോട്ടീസുകൾ തുടങ്ങിയവയൊന്നും ഫയലിൽ ചേർത്തിട്ടില്ല. വാർഡ് കൗൺസിലർ ശ്രീ.പി.സി.രാജൻ 08.03.2020 ന് സെക്രട്ടറിക്ക് സമർപ്പിച്ച കത്തിലാണ് മേൽ ഖണ്ഡികയിൽ വിവരിച്ച കാര്യങ്ങൾ പറയുന്നത്. ഇതു സംബന്ധിച്ച് കാര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് മേഖല കാര്യാലയത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന് 14.03.2020 ന് കത്ത് കൈമാറിയെങ്കിലും 2 മാസം കഴിഞ്ഞാണ് തുടർനടപടികൾക്കായി റവന്യൂ ഓഫീസർക്ക് ഫയൽകൈമാറുന്നത്. 25.05.2020 ന് റവന്യൂ ഇൻസ്പെക്ടർ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ട് റവന്യൂ ഓഫീസർ നിർദ്ദേശിച്ചുവെങ്കിലും 81 ദിവസം കഴിഞ്ഞ് 14.08.2020 നാണ് റവന്യൂ ഇൻസ്പെക്ടർ താഴെ പറയുന്ന തരത്തിൽ റിപ്പോർട്ട് നൽകിയത്.

"ജലദൗർലഭ്യം അനുഭവപ്പെടുന്ന സ്ഥലമായതിനാലും പ്രസ്തുത പദ്ധതിയുടെ ശരിയായ ഉപയോഗം പരിസരവാസികൾക്ക് വളരെയധികം ഉപകാരപ്രദമാകുന്നതിനാലും വൈദ്യുതി കുടിശ്ശിക അടച്ച് ആവർത്തനചെലവ് ഗുണഭോക്തൃ കമ്മിറ്റിയെ ഏൽപ്പിക്കുന്ന തരത്തിൽ തുടർ നടപടി കൈകൊള്ളാവുന്നതാണ്."

മേൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 16.09.2020 ലെ കൗൺസിൽ യോഗത്തിൽ തുടർ നടപടികൾക്കായി ഫയൽ സമർപ്പിച്ചു. കൗൺസിലിന്റെ യോഗത്തിൽ താഴെ പറയുന്ന തരത്തിൽ തീരുമാനം എടുത്തു. (തീരുമാനം നം.90). "കെ.എസ്.ഇ.ബി. കുടിശ്ശിക തുക അനുവദിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതിനും സൂപ്രണ്ടിംഗ് എഞ്ചിനീയറെ ചുമതലപ്പെടുത്തി."

05.10.2020 ന് പലിശയും മറ്റ് റവന്യൂ റിക്കവറി ചാർജ്ജുകളും ഒഴിവാക്കി വൈദ്യുതി ചാർജ്ജ് മാത്രം അടവാക്കുന്നതിന് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് സെക്രട്ടറി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, കെ.എസ്.ഇ.ബി. സെൻട്രൽ സെക്ഷൻ, കോഴിക്കോട് എന്നവരോട് അഭ്യർത്ഥിച്ചെങ്കിലും നടപടികളുണ്ടായില്ല. തുടർന്ന് കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി ചാർജ്ജിനത്തിൽ 31,075/- രൂപയും, പലിശയായി 20,243/- രൂപയും, റവന്യൂ റിക്കവറി ചാർജ്ജിനത്തിൽ 3,048/- രൂപയുമടക്കം ആകെ 54,366/- രൂപ ചെറുവണ്ണൂർ വില്ലേജ് ഓഫീസിൽ അടവാക്കി. (വൗച്ചർ നം.22003657, തീയ്യതി - 12.11.2020, ചെക്ക് നം.982819).

മേൽ ഫയൽ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. 2010 നവമ്പർ മുതലാണ് ചെറുവണ്ണൂർ - നല്ലളം ഗ്രാമപഞ്ചായത്ത് പ്രദേശം കോഴിക്കോട് നഗരസഭയോട് ലയിപ്പിക്കുന്നത്. (SRO NO.563/2010, 08.06.2010). 30.10.2010 ലെ 50730/ ഇ.എം.3/10/ത.സ്വ.ഭ.വ. നം സർക്കുലറിലൂടെ നഗരസഭകളുമായി സംയോജിപ്പിച്ച ഗ്രാമപഞ്ചായത്തുകളുടെ ആസ്തി- ബാദ്ധ്യകൾ തിട്ടപ്പെടുത്തുന്നത് സംബന്ധിച്ച് മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ സർക്കുലർ ഖണ്ഡിക.5 പ്രകാരം നഗരസഭയുമായി സംയോജിപ്പിച്ച ഗ്രാമപഞ്ചായത്തിന്റെ ആസ്തി – ബാദ്ധ്യതകൾ സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ സമർപ്പിക്കുന്ന കരട് പത്രിക നഗരകാര്യ ജോയിന്റ് ഡയറക്ടർമാർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. മേൽ സർക്കുലർ ഖണ്ഡിക.15 പ്രകാരം ആസ്തി രജിസ്റ്റർ, റിക്കാർഡുകൾ, ഫയലുകൾ മറ്റ് രേഖകളും കൃത്യമായി എണ്ണിത്തിട്ടപ്പെടുത്തി കൈമാറണം. അപ്രകാരം കൈമാറിയതിന്റെ തുടർനടപടികൾ നഗരസഭയുടെ ഉത്തരവാദിത്വമാണ്. നഗരസഭ സെക്രട്ടറിയാണ് ആയതിന്റെയെല്ലാം കസ്റ്റോഡിയൻ. ആയതിനാൽ തന്നെ പാലാറ്റിപാടം കുടിവെള്ള പദ്ധതിയുടെ മുഴുവൻ രേഖകളും നഗരസഭയുടെ കൈവശം ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ

ഓഡിറ്റിനായി സമർപ്പിച്ച ഫയലിൽ കുടിവെള്ള പദ്ധതി സംബന്ധിച്ച രേഖകളോ, മറ്റ് വിശദാംശങ്ങളോ, ഗുണഭോക്തൃ സമിതിയെ കുറിച്ചുള്ള വിവരങ്ങളോ ഒന്നും തന്നെയില്ല.

2. 31.05.2000 ലെ (ആർ.റ്റി) 2141/2000/ ത.സ്വ.ഭ.വ നമ്പർ ഉത്തരവിലൂടെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കു കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ പരിപാലനത്തെ പറ്റി വ്യക്തമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ഒരു തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ പരിധിയിൽ വരുന്നതും നടപ്പാക്കിയിട്ടുള്ളതുമായ എല്ലാ കുടിവെള്ള പദ്ധതികൾക്കും പ്രത്യേക ഫയൽ സൂക്ഷിക്കേണ്ടതും വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം പൂർത്തിയായാൽ ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കേണ്ടതും, കരാർ മുഖേന തുടർ നടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃ സമിതികൾക്ക് തന്നെ നൽകേണ്ടതും ആയത് ഗുണഭോക്തൃ സമിതികൾ ചെയ്യേണ്ടതുമാണ്. പാലാറ്റിപാടം കുടിവെള്ള പദ്ധതിയുടെ നടത്തിപ്പ് ഗുണഭോക്തൃ സമിതിയെ ഗ്രാമപഞ്ചായത്തായിരുന്ന കാലത്ത് ഏൽപ്പിച്ചതാണെന്ന് ഫയലിലെ രേഖകളിൽ നിന്നും വ്യക്തമാണ്. ആയതിനാൽ തന്നെ വൈദ്യുതി കുടിശ്ശിക തുക അടവാക്കേണ്ടത് ഗുണഭോക്തൃ സമിതി അംഗങ്ങളാണ്. ഗുണഭോക്തൃ സമിതി അംഗങ്ങളിൽ നിന്നും തുക ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കാതെ നഗരസഭ ഫണ്ടിൽ നിന്നും തുക അനുവദിച്ചത് ശരിയായ നടപടിയല്ല.

3. വൈദ്യുതി ചാർജ്ജിനത്തിൽ കുടിശ്ശിക വരുന്ന വിഷയങ്ങൾ തീർപ്പാക്കുന്നതിനായും വൈദ്യുതി ചാർജ്ജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിനുമായും സംസ്ഥാന വൈദ്യുതി ബോർഡ് 'ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി' നടപ്പിലാക്കുന്നുണ്ട് (OTS – One Time Settelment). പ്രസ്തുത പദ്ധതി 2019, 2020, 2021 വർഷങ്ങളിലും കെ.എസ്.ഇ.ബി. നടപ്പാക്കിയിട്ടുണ്ട്.

നഗരസഭ സെക്രട്ടറിയുടെ പേരിലുള്ള 4 വൈദ്യുതി കണക്ഷന്റെ കുടിശ്ശിക തുക 2020 മാർച്ചിൽ കെ.എസ്.ഇ.ബി.യിൽ അടവാക്കിയതാണ്. (ഫയൽ നമ്പർ. ഇ.ജി.11/85882/19 പ്രകാരം, 46,911/- രൂപ ചെക്ക് നം.006501, തീയ്യതി.03.03.2020, വൗച്ചർ നം. 21905941). മേൽ പദ്ധതി പ്രകാരം കുടിശ്ശിക തുകയുടെ 6% പലിശ മാത്രമേ അടവാക്കേണ്ടതുള്ളൂ. അതായത് 1,865/- രൂപ (31075 * 6%). എന്നാൽ അത്തരത്തിലുള്ള നടപടികൾ സ്വീകരിക്കാത്തതിനാൽ കുടിശ്ശിക തുകയുടെ ഉയർന്ന പലിശ നിരക്കായ 20,243/- രൂപ അടവാക്കി.

മേൽ വിവരിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 16.11.2021 തീയ്യതിയിൽ നൽകിയ അന്വേഷണ കുറിപ്പിന് (നം. 24/2020-21) മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിവെള്ള പദ്ധതിയുടെ കുടിശ്ശിക തുകയും പലിശയും അടക്കമുള്ള 54,366/- രൂപ 16.09.2020 ലെ കൗൺസിൽ യോഗത്തിലെ തീരുമാനവുമായി ബന്ധപ്പെട്ട് തന്റെ അഭിപ്രായങ്ങൾ രേഖപ്പെടുത്താതെയും തീരുമാനം പുനരവലോകനം ചെയ്യാൻ രേഖാമൂലം ആവശ്യപ്പെടാതിരുന്ന സൂപ്രണ്ടിംഗ് എഞ്ചിനീയറിൽ നിന്നും ഈടാക്കി നഗരസഭ ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-62 നഗരസഭയ്ക്ക് പുറത്തുള്ള നഗരസഞ്ചയ ഭൂപ്രദേശങ്ങളിൽ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗം - രേഖകൾ ഹാജരാക്കിയില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 2020-21 വർഷത്തെ പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് അനുവദിച്ച് കൊണ്ടുള്ള 29.06.2020ലെ ജി.ഒ(പി)87/2020/ഫിൻ നമ്പർ ഉത്തരവ് പ്രകാരം കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷന് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റായി 57,00,00,000/- രൂപ അനുവദിച്ചിരുന്നു. പ്രസ്തുത തുകയിൽ നിന്ന് കുറഞ്ഞത് 19,51,71,000/- രൂപ നഗരസഭയുടെ ഭൂപ്രദേശത്തിന് പുറത്തുള്ള നഗരസഞ്ചയ പ്രദേശങ്ങളിൽ വിനിയോഗിക്കണമെന്ന സർക്കാർ നിർദ്ദേശത്തിന്റെ [30.06.2020ലെ സ.ഉ.(കൈ) നമ്പർ 103/2020/ത.സ്വ.ഭ.വ] അടിസ്ഥാനത്തിൽ 2020-21ൽ കോർപ്പറേഷൻ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി താഴെ പറയുന്ന പ്രൊജക്റ്റുകൾ രൂപീകരിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ | പ്രൊജക്റ്റിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 1623/21 | മുഖ്യ നഗരസഭയുടെ ഭൂപ്രദേശത്തിന് പുറത്തുള്ള നഗരസഞ്ചയ ഭൂപ്രദേശത്ത് ജലസംരക്ഷണ മേഖലയിൽ വിനിയോഗിക്കേണ്ട തുക കൈമാറുന്നതിനുള്ള പദ്ധതി | 109145000 | 41372160 |
| 2 | 1624/21 | മുഖ്യ നഗരസഭയുടെ ഭൂപ്രദേശത്തിന് പുറത്തുള്ള നഗരസഞ്ചയ ഭൂപ്രദേശത്ത് ശുചിത്വ മേഖലയിൽ വിനിയോഗിക്കേണ്ട തുക കൈമാറുന്നതിനുള്ള പദ്ധതി | 33513000 | 1484222 |
| 3 | 1625/21 | മുഖ്യ നഗരസഭയുടെ ഭൂപ്രദേശത്തിന് പുറത്തുള്ള നഗരസഞ്ചയ ഭൂപ്രദേശത്ത് കുടിവെള്ള മേഖലയിൽ വിനിയോഗിക്കേണ്ട തുക കൈമാറുന്നതിനുള്ള പദ്ധതി | 52513000 | 7573947 |
| ആകെ | | | 195171000 | 50430329 |

പ്രൊജക്റ്റുമായി ബന്ധപ്പെട്ട താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ തുക ചെലവഴിച്ചത് ക്രമപ്രകാരമാണോ എന്ന് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

1. ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗം സംബന്ധിച്ച ആസൂത്രണത്തിനും ഏകോപനത്തിനുമായി രൂപീകരിച്ച ജോയിന്റ് പ്ലാനിങ്ങ് കമ്മിറ്റി 30.06.2020ലെ സ.ഉ.(കൈ) 103/2020/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ ഖണ്ഡിക 7.6 (ii) പ്രകാരം യോഗം ചേർന്ന് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച് തീരുമാനം എടുത്തതിന്റെ രേഖകൾ.
2. മേൽ പ്രൊജക്റ്റുകൾ പ്രകാരം തുക ലഭിക്കുന്നതിന് വേണ്ടി വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച അപേക്ഷകളും ബന്ധപ്പെട്ട തദ്ദേശസ്ഥാപന പ്രൊജക്റ്റുകളും.
3. നഗരസഭാ പ്രദേശത്തിന് പുറത്തുള്ള നഗരസഞ്ചയ ഭൂപ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മേൽ പ്രൊജക്റ്റുകൾ പ്രകാരം തുക അനുവദിച്ചതിന്റെ ട്രഷറി ബില്ലുകളും അനുബന്ധ രേഖകളും.
4. തുക കൈപ്പറ്റിയ സ്ഥാപനങ്ങൾ അവ ചെലവഴിച്ചതു സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രങ്ങൾ.

രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 85/2020-21 തീയതി 22.06.2022) മറുപടി നൽകുകയോ, രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ 1623/21, 1624/21, 1625/21 പ്രൊജക്റ്റുകളിലായി 2020-21 വർഷത്തിൽ ചെലവു ചെയ്ത ആകെ തുക 50430329 /- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-63 മുൻകൂറായി അനുവദിച്ച തുകകൾ സമയബന്ധിതമായി ക്രമവത്കരിക്കുന്നില്ല

04.10.2011 ലെ സ.ഉ. (അ) 419/11/ധന. നമ്പർ സർക്കാർ ഉത്തരവ് (കേരള ഫിനാൻഷ്യൽ കോഡ് വോള്യം I ആർട്ടിക്കിൾ 99) പ്രകാരം വർക്ക് അഡ്വാൻസുകൾ, താൽക്കാലിക അഡ്വാൻസുകൾ എന്നിവ കൈപ്പറ്റുന്ന ഉദ്യോഗസ്ഥർ മൂന്നുമാസത്തിനകം ഫൈനൽ ബില്ലുകൾ നൽകി അഡ്വാൻസുകൾ ക്രമീകരിക്കേണ്ടതാണ്. നിർദ്ദിഷ്ട സമയത്തിനുള്ളിൽ അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചിട്ടില്ലാത്ത പക്ഷം മുഴുവൻ തുകയും തിരിച്ച് പിടിക്കേണ്ടതും തുക പിൻവലിച്ച ദിവസം മുതൽ തിരിച്ച് പിടിക്കുന്ന ദിവസം വരെ 18% നിരക്കിൽ പലിശ ഈടാക്കേണ്ടതുമാണ്. കോഴിക്കോട് നഗരസഭയിൽ 2020-21 സാമ്പത്തിക വർഷം വിവിധ പ്രവർത്തനങ്ങൾക്കായി മുൻകൂർ അനുവദിച്ച തുക ക്രമവത്കരിച്ചതായി കാണുന്നില്ല.

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | തുക കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | മുൻകൂർ നൽകിയത് | അനുവദിച്ച തുക | വൗച്ചർ നം, തീയതി | ചെക്ക് നം. | ഫയൽ നം. |
|---|---|---|---|---|---|---|
| 1 | ശ്രീ.ടി.കെ.പ്രകാശൻ പ്രൊജക്ട് ഓഫീസർ | ലൈഫ് ഭവന പദ്ധതി കോർപ്പറേഷൻ കുടുംബസംഗമം നടത്തുന്നതിന് | 50,000 | 22004761 27.01.21 | 231566 27.01.21 | K4/89376/19 |
| 2 | ശ്രീ.പ്രേമരാജൻ ഹെൽത്ത് ഇൻസ്പെക്ടർ | മരം മുറിച്ച് മാറ്റുന്നതിന് | 6,000 | 22001585 27.07.20 | 432119 27.07.20 | B3/17/07/20 |
| 3 | ശ്രീ.സ്റ്റീഫൻ.ആർ.എസ്. ഹെൽത്ത് ഇൻസ്പെക്ടർ | മരം മുറിച്ച് മാറ്റുന്നതിന് | 13,500 | 22001616 29.07.20 | 432140 04.08.20 | F13/110840/18 F13/71616/19 |
| 4 | ശ്രീ.അബ്ദുൾ ജലീൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | മരം മുറിച്ച് മാറ്റുന്നതിന് | 5,000 | 22005407 05.03.21 | 639674 05.03.21 | F13/38516/20 |
| 5 | ശ്രീ.അബ്ദുൾ ജലീൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | മരത്തിന്റെ ശാഖകൾ മുറിച്ച് മാറ്റുന്നതിന് | 4,000 | 22004937 02.02.21 | 231218 02.02.21 | F13/31854/20 |
| 6 | ശ്രീ.രാജേന്ദ്രൻ.പി.കെ ഹെൽത്ത് ഇൻസ്പെക്ടർ | മരം മുറിച്ച് മാറ്റുന്നതിന് | 3,500 | 22001920/ 05.08.2020 | 431395/ 05.08.2020 | EZ6/3563/19 |
| 7 | ശ്രീ.ബി.കെ.സുധീർ കിഷൻ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ് | തെരഞ്ഞെടുപ്പ് ചെലവുകൾ | 50,000 | 22003675 13.11.20 | 982879 13.11.20 | C1/52598/20 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| 8 | ശ്രീ.ബി.കെ.സുധീർ കിഷൻ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ് | തെരഞ്ഞെടുപ്പ് ചെലവുകൾ | 50,000 | 22004113 04.12.20 | 983028 04.12.20 | C1/52598/20 |
| 9 | ശ്രീ.സുബൈർ.എം.കെ ഹെൽത്ത് ഇൻസ്പക്ടർ | പരിസ്ഥിതി സൗഹൃദ ബോർഡുകൾ | 35,000 | 22004939 02.02.21 | 231219 02.02.21 | F6/386/21 |
| 10 | ശ്രീ.വിജേഷ് കുമാർ ജൂനിയർ ഹെൽത്ത് ഇൻസ്പക്ടർ | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് | 30,000 | 22000185 13.04.20 | 006807 16.04.20 | A2/B3/5106/20 |
| 11 | ശ്രീ.ഷിജു.പി ഡ്രൈവർ | വാഹനങ്ങളുടെ മൈലേജ് ടെസ്റ്റ് ചെയ്യുന്നതിന് | 1,105 | 22005812 27.03.21 | 639782 27.03.21 | D3/89727/16 |
| 12 | ശ്രീ.മധു.സി.കെ ഡ്രൈവർ | " | 1,105 | 22005813 27.03.21 | 639783 27.03.21 | " |
| 13 | ശ്രീ.ബാബുരാജ്.വി ഡ്രൈവർ | " | 1,105 | 22005811 27.03.21 | 639781 27.03.21 | " |
| 14 | ശ്രീ.ജിജിൻ ഡ്രൈവർ | " | 1,105 | 22005810 27.03.21 | 639780 27.03.21 | " |
| 15 | ശ്രീ.എ.എം.ജയൻ ടൗൺപ്ലാനർ | തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കുള്ള വാഹനത്തിനുള്ള അഡ്വാൻസ് നൽകുന്നതിന് | 20,00,000 | 2204207 21.12.20 | 983097 21.12.20 | TP13/63131/20 |
| 16 | ശ്രീമതി.ഐശ്വര്യ.പി അസിസ്റ്റന്റ് എൻജിനീയർ | അനധികൃത നിർമ്മാണം പൊളിച്ച് മാറ്റുന്നതിന് വേണ്ടി | 5,600 | 22004760 27.01.21 | 231565 27.01.21 | TP8/61223/18 |
| 17 | ശ്രീ.എ.എം.ജയൻ ടൗൺപ്ലാനർ | സ്പെഷ്യൽ പോളിംഗ് ഓഫീസർമാർക്കുള്ള വാഹനങ്ങളുടെ ഇന്ധന ചെലവിന് | 1,00,000 | 22004150 16.12.20 | 983046 08.12.20 | TP13/63131/20 |
| 18 | ശ്രീ.അബ്ദുൾ റഹീം,പി.ടി. ഹെൽത്ത് ഇൻസ്പക്ടർ | വാഹനത്തിന്റെ കോമ്പൗണ്ട് ഫീ അടവാക്കുന്നതിന് | 2,000 | 22001389 09.07.20 | 432043 08.07.20 | F3/EG14 /26292/14 |
| 19 | ആർ.എസ്.ഗോപകുമാർ ഹെൽത്ത് ഓഫീസർ | കൊറോണ സെൽ, ആനക്കുളം സാംസ്കാരിക നിലയത്തിൽ മാറ്റുന്നതിന് | 1,00,000 | 22001515 23.07.20 | 432092 23.07.20 | F1/40095/ 20 |

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും പലിശയടക്കം തുക തിരിച്ചു പിടിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-64 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി അവലോകനം.

നഗരപ്രദേശങ്ങളിൽ വസിക്കുന്ന അവിദഗ്ധ കായിക തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള ഓരോ കുടുംബത്തിലെയും പ്രായപൂർത്തിയായ അംഗങ്ങൾക്ക് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസം തൊഴിൽ ഉറപ്പാക്കുകയും അതിലൂടെ കുടുംബങ്ങളുടെ ജീവിതസുരക്ഷ ഉറപ്പാക്കുക, സാമൂഹിക ആസ്തികളുടെ നിർമ്മാണം,മണ്ണ്-ജല-ജൈവസമ്പത്തുകളുടെ സംരക്ഷണം, പ്രാദേശിക സമ്പദ്‌വ്യവസ്ഥയുടെ പരിപോഷണം എന്നിവയും ഉൾപ്പെടുന്നതാണ് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യം. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ നഗരസഭ തലത്തിലെ പ്രവർത്തനങ്ങൾ, നൽകുന്ന സേവനങ്ങൾ തുടങ്ങിയവയുടെ വിശദാംശങ്ങൾ അവലോകനം നടത്തിയതിൽ നിന്നും കണ്ടെത്തിയ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ആകെ വാർഡുകളുടെ എണ്ണം | 75 |
| തൻവർഷത്തെ ആകെ വരവ് | 2,99,39,123 |
| തൻവർഷത്തെ ആകെ ചെലവ് | 2,66,88,397 |
| നഗരസഭയിലെ ആകെ കുടുംബങ്ങളുടെ എണ്ണം | 6,09,214 |
| തൊഴിലുറപ്പ് പദ്ധതിക്കായി രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 5212 |
| തൻവർഷം തൊഴിൽ നൽകിയ കുടുംബങ്ങളുടെ എണ്ണം | 659 |
| തൻവർഷം 100 ദിവസം തൊഴിൽ നൽകിയ കുടുംബങ്ങളുടെ എണ്ണം | 69 |
| ഒരു കുടുംബത്തിന് തൻവർഷത്തിൽ നൽകിയ തൊഴിൽ ദിനങ്ങളുടെ ശരാശരി | 80.4 |
| ഷെൽഫ് ഓഫ് പ്രൊജക്ട് പ്രകാരം തൻവർഷത്തെ പദ്ധതികളുടെ എണ്ണം | 337 |
| വകയിരുത്തിയ തുക | 5,22,90,920 |
| നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | 116 |
| കൂലിയിനത്തിലെ ചെലവ് | 1,82,29,385 |
| കൂലിയിതരയിനത്തിലെ ചെലവ് | 8,53,587 |

സോഷ്യൽ ഓഡിറ്റ്

തൊഴിലുറപ്പ് പദ്ധതിയുടെ ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ്, വിലയിരുത്തൽ, എന്നീ ഘട്ടങ്ങളിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിന് വേണ്ടിയാണ് നഗരസഭ പ്രദേശത്ത് നടപ്പിലാക്കുന്ന എല്ലാ പ്രവൃത്തികളും സോഷ്യൽ ഓഡിറ്റ് നടത്തണമെന്ന് അനുശാസിക്കുന്നത്. എന്നാൽ കോവിഡിന്റെ പശ്ചാത്തലത്തിൽ തൻവർഷം സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള സാഹചര്യം സാധ്യമായില്ല. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിലൂടെ അധികാരവകാശങ്ങൾ തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടോ എന്നുള്ള ജനകീയ പരിശോധന സാധ്യമാകും. മാത്രമല്ല തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് സംബന്ധിച്ച് പ്രശ്നങ്ങൾ, നേട്ടങ്ങൾ, കോട്ടങ്ങൾ എന്നിവയും പരിഹരിക്കുവാൻ സാധിക്കും. തൊഴിലുറപ്പ് പദ്ധതിക്കായി ചെലവഴിച്ച പണത്തെ സംബന്ധിച്ചുള്ള ഒരു ഓഡിറ്റ് മാത്രമായി സോഷ്യൽ ഓഡിറ്റ് സംവിധാനത്തെ കാണാതെ, മറിച്ച് അത് ഒരു പഠനപ്രക്രിയയായി കാണേണ്ടതും, അതുവഴി ഉരുത്തിരിയുന്ന ആശയങ്ങൾ നയരൂപീകരണത്തിനായി സഹായകമാക്കേണ്ടതാണ്.

## 1-65 അമൃത് പദ്ധതി - അവലോകനം

കേന്ദ്ര സർക്കാർ വിഭാവനം ചെയ്യുന്ന "അമൃത്" (Atal Mission For Rejuvenation And Urban Transformation) പദ്ധതിയിൽ കോഴിക്കോട് നഗരസഭയെ തെരഞ്ഞെടുത്തിട്ടുണ്ട്. നഗരസഭയിൽ ഈ പദ്ധതിയുടെ കാലാവധി 2015-16 സാമ്പത്തിക വർഷം മുതൽ 2019-20 വർഷം വരെ ആയിരുന്നുവെങ്കിലും പദ്ധതി പൂർത്തിയാക്കാത്തതിനാൽ 2022-23 വർഷം വരെ നീട്ടി നൽകിയിട്ടുണ്ട്. ജല വിതരണം, മലിനജല നിർമ്മാർജ്ജന സൗകര്യം, കക്കൂസ് മാലിന്യ സംസ്കരണം,വെള്ളപ്പൊക്ക നിയന്ത്രണത്തിനായി മഴവെള്ള ഡ്രൈനേജ് നിർമ്മാണം, കാൽനടയാത്രക്കാർ, മോട്ടോർ രഹിത വാഹനങ്ങൾ, പൊതു ഗതാഗത സംവിധാനം എന്നിവക്ക് സൗകര്യമൊരുക്കൽ, ഹരിത സ്ഥലങ്ങൾ, പാർക്കുകൾ, കുട്ടികൾക്കുള്ള വിനോദ കേന്ദ്രങ്ങൾ, വണ്ടിത്താവളങ്ങൾ എന്നിവയുടെ നിർമ്മാണം, നവീകരണം എന്നീ പ്രവൃത്തികളാണ് പദ്ധതിയിൽ ഉൾപ്പെടുന്നത്. നഗരസഭയിൽ 274.76 കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കാൻ ലക്ഷ്യമിട്ടത്. ഇതിൽ 50% കേന്ദ്രവിഹിതമായി 137.38 കോടിയും 30% സംസ്ഥാന വിഹിതമായി 82.43 കോടിയും, 20% നഗരസഭ വിഹിതമായി 54.95 കോടിയുമാണ് വകയിരുത്തേണ്ടത്. നഗരസഭ 2015-16 സാമ്പത്തിക വർഷം 71.13 കോടിയുടെയും 2016-17 സാമ്പത്തിക വർഷം 90.10 കോടിയുടെയും പദ്ധതികളാണ് വിഭാവനം ചെയ്തത്. ഇതിനായി നഗരസഭ 2015-16 വർഷം 14.22 കോടിയും 2016-17 സാമ്പത്തിക വർഷം 18.02 കോടിയും പദ്ധതി വിഹിതമായി വകയിരുത്തേണ്ടതായിരുന്നുവെങ്കിലും പ്രസ്തുത കാലയളവിൽ തുക വകയിരുത്തിയിട്ടില്ല. നഗരസഭ 2017-18, 2018-19 സാമ്പത്തിക വർഷത്തിൽ മാത്രമാണ് അമൃത് പദ്ധതിക്ക് വിഹിതം നൽകിയിട്ടുള്ളത്. നഗരസഭയുടെ വിഹിതം നൽകുന്നതിനായി സംസ്ഥാന സർക്കാറിൽ നിന്നും 2020-21 വർഷത്തെ 3,52,00,000 രൂപ ഉൾപ്പെടെ ആകെ 13,45,00,000 രൂപ വായ്പയായി എടുത്തിട്ടുണ്ട്. ഇതിന്റെ തിരിച്ചടവിലേക്കായി വാർഷിക പദ്ധതി വിഹിതമായി ലഭിക്കേണ്ട തുകയിൽ നിന്നും 2020-21 വർഷം 1,45,43,513 രൂപ (84,47,813 മുതൽ, 6095700 പലിശ) കുറവ് ചെയ്താണ് നഗരസഭയ്ക്ക് അനുവദിച്ചത്.

പദ്ധതി നിർവ്വഹണം

അർബൻ ലോക്കൽ ബോഡി (ULB) തയ്യാറാക്കുന്ന സേവന നിലവാരം മെച്ചപ്പെടുത്താനുള്ള പദ്ധതികൾ (SLIP – Service Level Improvement Plans) സംസ്ഥാന മിഷൻ ഡയറക്ടറേറ്റ് സമാഹരിച്ച് സംസ്ഥാന വാർഷിക കർമ്മ പദ്ധതി (SAAP – State Anual Action Plan) രൂപീകരിക്കുന്നു. ഈ പദ്ധതി നഗരസഭയിൽ നിർവ്വഹണം നടത്തുന്നത് നഗരസഭാ സെക്രട്ടറിയാണ്. പദ്ധതി നിർവ്വഹണം നടത്തുന്നതിന് നഗരസഭ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നിയന്ത്രണാധികാരത്തിൽ 2 സിവിൽ എഞ്ചിനീയർമാരെയും 4 ഓവർസിയർമാരെയും കരാർ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി നഗരസഭ രൂപീകരിച്ച പ്രോജക്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| Sl.no | Sector | Project | AS Amount In Crores | Expenditure In Crores | Financial Progress | Status |
|---|---|---|---|---|---|---|
| 1 | Water Supply (KWA) | 28 എണ്ണം | 96.32 | 77.31 | 80.26% | Completed |
| 2 | Sewerage And Septage | 3 എണ്ണം | 154.12 | 0.16 (Consultation Fee) | ഇല്ല | മെഡിക്കൽ കോളേജ് STP പ്രവൃത്തി ആരംഭിച്ചു. സോൺ A യിലെ 2 പ്രവൃത്തികളും ആരംഭിച്ചിട്ടില്ല |

| | | | | | | |
|---|---|---|---|---|---|---|
| 3 | Urban Transport | 1 എണ്ണം | 11.35 | 10.86 | 100% | Completed |
| 4 | Storm Water Drainage | 10 എണ്ണം | 41.43 | 26.24 | 77% | YMRC-മില്ലത്ത് കോളനി പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല |
| 5 | Parks | 8 എണ്ണം | 4.92 | 3.8 | 52% | മാനാഞ്ചിറ പാർക്കിൽ Sound System സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല |
| | | | 308.14 | 118.37 | | |

നഗരസഭയിൽ ആകെ 308.14 കോടിയുടെ ഭരണാനുമതി ലഭിച്ച 50 പ്രോജക്ടുകളിൽ 45 പ്രോജക്ടുകൾ പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ 5 പ്രോജക്ടുകൾ നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല. ഇതിനായി വകയിരുത്തിയ 308.14 കോടി രൂപയിൽ 118.55 കോടി രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഇത് ആകെ വകയിരുത്തിയ തുകയുടെ 38.47 ശതമാനം മാത്രമാണ്. ഇതിൽ നിന്നും പദ്ധതി ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചിട്ടില്ലെന്ന് വ്യക്തമാണ്. "അമൃത്" പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടിവെള്ള വിതരണത്തിന് 120 കോടിയും സെവറേജ് മേഖലയിൽ 300 കോടിയും അനുവദിച്ചിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ കുടിവെള്ള വിതരണത്തിന്റെ ഭാഗമായി 96.32 കോടിയുടെ പ്രോജക്ട് രൂപീകരിച്ചിരുന്നുവെങ്കിലും വീടുകളിൽ കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള പ്രോജക്ട് രൂപീകരിച്ചിരുന്നില്ല. പകരം കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ മാറ്റുന്നതുൾപ്പെടെയുള്ള പ്രവൃത്തികളാണ് നടത്തിയിട്ടുള്ളത്. അമൃത് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 28,000 വീടുകളിൽ കുടിവെള്ള കണക്ഷൻ നൽകി കുടിവെള്ളം വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. വിവിധ മേഖലകളിലായി നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

<u>മെഡിക്കൽ കോളേജ് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്</u>

<u>ഫയൽ നമ്പർ EG 21/61457/17 A</u>

മെഡിക്കൽ കോളേജിൽ സ്വീവേജ് & സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് നഗരസഭ തീരുമാനിച്ചതു പ്രകാരം പദ്ധതിയുടെ DPR (Detailed Project Report) തയ്യാറാക്കുന്നതിനും കൺസൽട്ടൻസി സർവ്വീസിനുമായി ശുചിത്വമിഷൻ എം.പാനൽ ചെയ്ത ലിസ്റ്റിൽ ഉൾപ്പെട്ട 2 സ്ഥാപനങ്ങൾ ക്വട്ടേഷൻ സമർപ്പിച്ചു. ഇതിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത "റാംബയോളജിക്കൽസ്" ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ 2.33% എന്ന നിരക്ക് 20.10.2017 ന് നടത്തിയ നെഗോസിയേൻ പ്രകാരം 2.20% ആയി കുറയ്ക്കുകയും 24.10.2017 ലെ നഗരസഭ കൗൺസിൽ യോഗ തീരുമാനം 2 പ്രകാരം ഈ നിരക്ക് അംഗീകരിക്കുകയും ചെയ്തു. തുടർന്ന് കൺസൽട്ടൻസി സ്ഥാപനം തയ്യാറാക്കിയ 14.12 കോടി രൂപയുടെ കരട് DPR ന് അമൃത് പദ്ധതിയുടെ സംസ്ഥാന ഉന്നതാധികാര സ്റ്റിയറിംഗ് കമ്മിറ്റി (SHPSC) 31.10.2017 ന് അംഗീകാരം നൽകിയതിന്റെ അടിസ്ഥാനത്തിൽ G.O. (RT) 3652/17/ത.സ്വ.ഭ.വ. തീയതി 13.11.2017 പ്രകാരം ഭരണാനുമതി ലഭിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ കൺസൽട്ടൻസി സ്ഥാപനത്തിന് 24,84,226 രൂപ നൽകിയിട്ടുണ്ട്. പ്രോജക്ടുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

(1) <u>കൺസൽട്ടൻസി സ്ഥാപനത്തെ തെരഞ്ഞെടുത്തതിലെ അപാകത</u>

Kerala PWD Manual 2012 പ്രകാരം പെറ്റി പ്രവൃത്തികൾ ഒഴികെയുള്ള പ്രവൃത്തികൾ നടത്തുന്നതിന് ഓപ്പൺ ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. സ.ഉ.(പി) 259/2010 ത.സ്വ.ഭ.വ. തീയതി 08.11.2010 ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ
ഒരു ലക്ഷത്തിന് മുകളിൽ മൂല്യം വരുന്ന സേവനങ്ങൾക്ക് ഓപ്പൺ ടെണ്ടർ നടപടിക്രമം സ്വീകരിക്കേണ്ടതാണ്. കൂടാതെ സർക്കാർ ഉത്തരവ് (പി) 524/15 ഫിൻ തീയതി 17.11.2015 പ്രകാരം 5 ലക്ഷത്തിന് മുകളിൽ വരുന്ന എല്ലാ പ്രവൃത്തികളും ഇ-ടെണ്ടർ നടപടിക്രമം പാലിക്കേണ്ടതാണ്. എന്നാൽ മെഡിക്കൽകോളേജ് STP യുടെ DPR തയ്യാറാക്കുന്ന പ്രവൃത്തിയുടെ കൺസൽട്ടൻസി ഫീസ്ആകെ 31 ലക്ഷം രൂപയാണ്. അതു കൊണ്ട് തന്നെ 31 ലക്ഷം രൂപ പ്രവൃത്തി മൂല്യം വരുന്ന മെഡിക്കൽ കോളേജ് STP യുടെ DPR തയ്യാറാക്കുന്നതിനുള്ള കൺസൽട്ടൻസി സ്ഥാപനത്തെ ഓപ്പൺ ടെണ്ടർ, ഇ-ടെണ്ടർ നടപടിയിലൂടെയാണ് തെരഞ്ഞെടുക്കേണ്ടിയിരുന്നത്. എന്നാൽ ഇത് പാലിക്കാതെ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം 1198/G/16/SM തീയതി 21.02.2017 പ്രകാരം ശുചിത്വ മിഷൻ എം.പാനൽ ചെയ്ത ലിസ്റ്റിൽ ഉൾപ്പെട്ടവരിൽ നിന്നും താല്പര്യപത്രം (Request For Proposal) ക്ഷണിച്ചാണ് കൺസൽട്ടൻസി സ്ഥാപനത്തെ തെരഞ്ഞെടുത്തത്. ഇത് മേൽ ചട്ടങ്ങളുടേയും സർക്കാർ ഉത്തരവുകളുടെയും ലംഘനമാണ്.

(2) <u>ക്വട്ടേഷൻ അംഗീകരിക്കുന്നതിന് മുമ്പ് DPR തയ്യാറാക്കി</u>

നഗരസഭാ കൗൺസിലിന്റെ 24.10.2017 ലെ തീരുമാനം 2 പ്രകാരം മെഡിക്കൽ കോളേജിൽ STP സ്ഥാപിക്കുന്നതിന് DPR തയ്യാറാക്കാൻ കുറഞ്ഞ തുക ക്വാട്ട് ചെയ്ത "റാംബയോളജിക്കൽസ്" ലിമിറ്റഡിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും അതേ യോഗത്തിൽ തന്നെ "റാംബയോളജിക്കൽസ്" തയ്യാറാക്കിയ കരട് DPR അംഗീകരിക്കുകയും ചെയ്തു. ഒരു യോഗത്തിൽ തന്നെ DPR തയ്യാറാക്കുന്നതിനുള്ള സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ച് സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും അതേ യോഗത്തിൽ തന്നെ ആ സ്ഥാപനം തയ്യാറാക്കിയ കരട് DPR അംഗീകരിക്കുകയും

ചെയ്തതിൽ നിന്നും കരാർ സ്ഥാപനത്തെ DPR തയ്യാറാക്കുന്നതിന് താല്പര്യപത്രം ക്ഷണിക്കുന്നതിനും മുമ്പേ കൺസൽട്ടൻസി സ്ഥാപനത്തെ തീരുമാനിച്ച് DPR തയ്യാറാക്കാൻ ചുമതലപ്പെടുത്തിയിരുന്നെന്ന് വ്യക്തമാണ്. കൗൺസിലിന്റെ 24.10.2017 ലെ യോഗത്തിൽ കരട് DPR അംഗീകരിച്ച ശേഷമാണ് 24.10.2017 ന് "റാംബയോളജിക്കൽസ്" എന്ന സ്ഥാപനത്തിനെ DPR തയ്യാറാക്കുന്നതിന് തെരഞ്ഞെടുത്തതായി കാണിച്ച് സെലക്ഷൻ മെമ്മോ അയച്ചിട്ടുള്ളത്. കൂടാതെ "റാംബയോളജിക്കൽസ്" കരട് DPR സമർപ്പിക്കുകയും ആയത് കൗൺസിൽ 24.10.2017 ന് അംഗീകരിക്കുകയും ചെയ്ത ശേഷമാണ് 25.10.2017 ന് നഗരസഭയുമായി "റാംബയോളജിക്കൽസ്" കരാർ വെച്ചത്. ഇതിൽ നിന്നും DPR തയ്യാറാക്കുന്നതു സംബന്ധിച്ച് കരാർ സ്ഥാപനവുമായി നേരത്തെ ധാരണ ഉണ്ടായിരുന്നുവെന്ന് മനസ്സിലാക്കാവുന്നതാണ്. നഗരസഭയുടെ 24.10.2017 ലെ കൗൺസിൽ യോഗത്തിന്റെ അജണ്ടയിൽ ക്രമ നമ്പർ 2 ആയി "26.10.2017 ലെ SLTC യോഗത്തിൽ DPR സമർപ്പിക്കേണ്ടതിനാൽ "റാംബയോളജിക്കൽസ്" എന്നവരോട് കരട് DPR തയ്യാറാക്കി സമർപ്പിക്കാൻ ആവശ്യപ്പെട്ടത് പ്രകാരം ആയത് ലഭ്യമാക്കിയിട്ടുണ്ടെന്ന്" രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുന്നതിനും ക്വട്ടേഷൻ അംഗീകരിക്കുന്നതിനും മുമ്പ് തന്നെ കരട് DPR തയ്യാറാക്കാൻ "റാംബയോളജിക്കൽസ്"സിനോട് നിർദ്ദേശിച്ചുവെന്ന് ബോധ്യപ്പെടുന്നതാണ്. നഗരസഭ ക്ഷണിച്ച താല്പര്യപത്രം പ്രകാരം പ്രോജക്ടിന്റെ DPR തയ്യാറാക്കുന്നതിന് MCH, IMCH, ICD, SSB, Detnal Collage, Hostel, Canteen മുതലായ സ്ഥലങ്ങളിൽ പരിശോധന നടത്തി ട്രീറ്റ്മെന്റ് പ്രോസസ്സിന്റെ ശേഷി പഠിച്ച്, സർവ്വെ, ഫീസിബിലിറ്റി സ്റ്റഡി എന്നിവക്ക് ശേഷം വിശദമായ ഡിസൈൻ തയ്യാറാക്കുകയും ആയതിന് ശേഷമാണ് DPR തയ്യാറാക്കേണ്ടത്. ഈ നടപടികൾക്ക് ധാരാളം സമയമെടുക്കുമെന്നിരിക്കെ 24.10.2017 ലെ കൗൺസിൽ യോഗത്തിൽ കരട് DPR സമർപ്പിച്ചതു കൊണ്ട് തന്നെ വളരെ നേരത്തെ DPR തയ്യാറാക്കുന്നതിന് "റാംബയോളജിക്കൽസ്" നെ ചുമതലപ്പെടുത്തിയിരുന്നുവെന്ന് ബോധ്യപ്പെടുന്നതാണ്.

കൂടാതെ നെഗോസിയേഷൻ പ്രകാരം 2.20% നിരക്കിൽ DPR തയ്യാറാക്കാൻ സന്നദ്ധമാണെന്ന് കാണിക്കുന്ന കത്ത് "റാംബയോളജിക്കൽസ്" (3011/LSG/SM/17-18, തീയതി 07.11.2017) നഗരസഭക്ക് നൽകിയത് 07.11.2017 ന് മാത്രമാണ്. സമ്മതമറിയിച്ചുകൊണ്ടുള്ള കത്തിന് മുമ്പേ 24.10.2017 ന് തന്നെ സ്ഥാപനത്തിന്റെ 2.20% എന്ന ക്വട്ടേഷൻ അംഗീകരിക്കുകയും കരട് DPR അംഗീകരിക്കുകയും ചെയ്തു. ഇതിൽ നിന്നും കൺസൽട്ടൻസി സ്ഥാപനത്തിനെ സുതാര്യതയില്ലാതെയും നടപടിക്രമങ്ങൾ പാലിക്കാതെയും നേരിട്ട് തെരഞ്ഞെടുത്തുവെന്ന് വ്യക്തമാണ്.

<u>(3) മുൻപരിചയമില്ലാത്ത സ്ഥാപനത്തെ തെരഞ്ഞെടുത്തു</u>

കൺസൽട്ടൻസി സ്ഥാപനത്തിനെ തെരഞ്ഞെടുക്കുന്നതിന് മുമ്പ് സ്ഥാപനത്തിന്റെ മുൻ പരിചയം പരിഗണിച്ചിട്ടില്ല. കൺസൽട്ടൻസി സ്ഥാപനമായ "റാംബയോളജിക്കൽസ്" ന്റെ STP, നെറ്റ്‌വർക്ക് എന്നിവ സ്ഥാപിക്കുന്നതിന്റെ DPR തയ്യാറാക്കുന്നതിലുള്ള മുൻപരിചയം സംബന്ധിച്ച യാതൊരു രേഖയും ഫയലിൽ ഇല്ല. STP, നെറ്റ്‌വർക്ക് എന്നിവയുടെ DPR തയ്യാറാക്കുന്നതിലുള്ള മുൻപരിചയം പരിഗണിക്കാതെയാണ് സ്ഥാപനത്തെ തെരഞ്ഞെടുത്തത്.

<u>(4) കരാർ കാലാവധി അവസാനിച്ചിട്ടും പുതിയ കരാർ വെച്ചില്ല</u>

മെഡിക്കൽ കോളേജ് STP യുടെ DPR തയ്യാറാക്കുന്നതിനു വേണ്ടി നഗരസഭയുമായി "റാംബയോളജിക്കൽസ്" എന്ന സ്ഥാപനം 25.10.2017 തീയതി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഈ കരാറിലെ വ്യവസ്ഥ 2 (D) പ്രകാരം കരാർ കാലാവധി 18 മാസമാണ്. കരാറിലെ വ്യവസ്ഥ 2(m)(o) IV, V, VI എന്നിവ പ്രകാരം പ്രവൃത്തി നിർവ്വഹണത്തിലും പ്രവൃത്തി പൂർത്തീകരണത്തിലും കൺസൽട്ടൻസി സ്ഥാപനത്തിന്റെ സേവനം അത്യാവശ്യമാണ്. കൂടാതെ കൺസൽട്ടൻസി ഫീസിന്റെ അവസാന ഗഡുവായ 10% തുക പ്രോജക്ട് വിജയകരമായി പൂർത്തീകരിച്ച ശേഷമാണ് നൽകേണ്ടത്. എന്നാൽ പ്രവൃത്തി നാളിതുവരെ പൂർത്തിയായിട്ടില്ല. ഈ സാഹചര്യത്തിൽ കൺസൽട്ടൽസി സ്ഥാപനവുമായുള്ള 18 മാസത്തെ കരാർ കാലാവധി കഴിഞ്ഞിട്ടും ഇതുവരെ കരാർ പുതുക്കിയിട്ടില്ല.

<u>(5) കരാർ വ്യവസ്ഥക്കു വിരുദ്ധമായി കൺസൽട്ടൻസി ഫീസ് നൽകി</u>

കൺസൽട്ടൻസി സ്ഥാപനവുമായി 25.10.2017 ന് ഒപ്പിട്ട കരാർ പ്രകാരം കൺസൽട്ടൻസി സ്ഥാപനത്തിനെ തെരെഞ്ഞെടുക്കുന്നതിന് വേണ്ടി തയ്യാറാക്കിയ Terms Of Referenceകരാറിന്റെ ഭാഗമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ കരാറിലെ വ്യവസ്ഥ 3 (O) iii പ്രകാരം കൺസൽട്ടൻസി ഫീസിന്റെ ആദ്യ ഗഡുവായ 50% തുക അന്തിമ

DPR ന് ഭരണാനുമതി ലഭിച്ച ശേഷവും, IV പ്രകാരം രണ്ടാം ഗഡുവായ 30% തുക സാങ്കേതികാനുമതി ലഭിച്ച ശേഷവും, V പ്രകാരം മൂന്നാം ഗഡു 10% തുക പ്രവൃത്തി കരാർ നൽകിയ ശേഷവും, VI പ്രകാരം അവസാന ഗഡുവായ 10% തുക പ്രവൃത്തി വിജയകരമായി പൂർത്തിയാക്കിയ ശേഷവുമാണ് നൽകേണ്ടത്. എന്നാൽ ഈ കരാറിന്റെ ഭാഗമായ Terms Of Reference വ്യവസ്ഥ 6 (iii) പ്രകാരം ആദ്യ ഗഡുവായ 50% തുക അന്തിമ DPR സമർപ്പിച്ച് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായ ശേഷവും, (iv) പ്രകാരം രണ്ടാം ഗഡുവായ 30% തുക പ്രവൃത്തി നിർവ്വഹണ സമയത്തും, V പ്രകാരം 20% തുക പ്രവൃത്തി വിജയകരമായി പൂർത്തീകരിച്ച ശേഷവുമാണ് കൺസൽട്ടൻസി സ്ഥാപനത്തിന് നൽകേണ്ടത്. കരാറിലെ വ്യവസ്ഥയും കരാറിന്റെ ഭാഗമായ Terms Of Reference ലെ വ്യവസ്ഥയും പരസ്പര വിരുദ്ധമാണ്.എന്നാൽ കൺസൽട്ടൻസി സ്ഥാപനത്തിന് അന്തിമ DPR സമർപ്പിച്ച് ഭരണാനുമതി ലഭിച്ച ശേഷം 50% തുകയായ 15,53,200 രൂപ 24.03.2018 തീയതി നൽകിയിട്ടുണ്ട്. എന്നാൽ Terms Of Reference ലെ വ്യവസ്ഥ പ്രകാരം അന്തിമ DPR ന് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച ശേഷം മാത്രമെ നൽകാൻ പാടുള്ളൂ എന്നിരിക്കെ തുക നേരത്തെ

അനുവദിച്ചു. അന്തിമ DPR ന് സാങ്കേതികാനുമതി ലഭിച്ചത് 13.08.2018 തീയിതിയിലാണ്. സാങ്കേതികാനുമതി ലഭിച്ച തീയതിയായ 13.08.2018 ന് ശേഷം നൽകേണ്ടിയിരുന്ന 15,53,200 രൂപയാണ് 24.03.2018 ന് നൽകിയത്. രണ്ടാം ഗഡു തുകയായ 30% TOR പ്രകാരം പ്രവൃത്തി നിർവ്വഹണ ഘട്ടത്തിലാണ് നൽകേണ്ടത്. എന്നാൽ കരാർ പ്രകാരം 30% തുക TS ലഭിച്ചാൽ നൽകാമെന്ന നിബന്ധനയിൽ 9,31,026 രൂപ 23.01.2019 ന് നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി ടെണ്ടർ ചെയ്ത ശേഷം 09.01.2020 ന് മാത്രമാണ് കരാർ വെച്ചത്. കരാർ വെക്കുന്നതിന് ഏകദേശം ഒരു വർഷം മുമ്പ് തന്നെ 30% തുക കൺസൽട്ടൻസി സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. കൺസൽട്ടൻസി സ്ഥപനത്തിന് ഫീസ് നൽകുന്നതുമായി ബന്ധപ്പെട്ട് കരാർ, കരാറിന്റെ ഭാഗമായ Terms Of Reference എന്നിവയിൽ പരസ്പര വിരുദ്ധമായ വ്യവസ്ഥ ഉൾപ്പെടുത്തിയത് വീഴ്ചയാണ്.

(6) STP പ്രവൃത്തി നിർവ്വഹണത്തിനായി കരാർ നൽകിയതിലെ അപാകതകൾ

(1) STP, നെറ്റ്‌വർക്ക് എന്നിവയുടെ നിർമ്മാണ പ്രവൃത്തിക്ക് Green Eco Water Systems എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 03.09.2019 ലെ കൗൺസിൽ യോഗം തീരുമാനം 53 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ കരാർ സ്ഥാപനത്തിന് 28.10.2019 ന് അയച്ച സെലക്ഷൻ നോട്ടീസിൽ 14 ദിവസത്തിനകം കരാർ വെക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ 14 ദിവസം കഴിയുന്ന 11.11.2019 കഴിഞ്ഞിട്ടും കരാർ വെക്കാത്തതിനെ തുടർന്ന് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ (SE) നിർദ്ദേശ പ്രകാരം (EG 21/61457/17(A) തീയതി 03.12.2019) കരാർ കമ്പനിക്ക് ഓർമ്മക്കുറിപ്പ് അയച്ചതിനെ തുടർന്ന് 09.01.2020 ന് സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഉടമ്പടി പത്രം എന്നിവ ഹാജരാക്കുകയും 09.01.2020 കരാർ ഒപ്പിടുകയും ചെയ്തു (30/SE/19-20 തീയതി 09.01.2020). സെലക്ഷൻ നോട്ടീസിലെ വ്യവസ്ഥ (7) പ്രകാരം 28.10.2019 ലെ സെലക്ഷൻനോട്ടീസ് കിട്ടി 14 ദിവസത്തിനകം സെക്യൂരിറ്റി ഡെപ്പോസിറ്റ് ഹാജരാക്കേണ്ടതാണ്. കൂടാതെ വ്യവസ്ഥ (8) പ്രകാരം 14 ദിവസത്തിനകം കമ്പനിയുമായി കരാർ ഒപ്പിടേണ്ടതാണ്. എന്നാൽ 14 ദിവസം കഴിയുന്ന 11.11.2019 ന് ശേഷം 40 ദിവസത്തോളം കഴിഞ്ഞാണ് കരാർ ഒപ്പിട്ടത്. സെലക്ഷൻ നോട്ടീസിലെ വ്യവസ്ഥ പാലിച്ചില്ലെങ്കിൽ കരാർ സ്ഥാപനത്തിന്റെ EMD കണ്ട് കെട്ടി കരാർ റദ്ദ് ചെയ്ത് പുതിയ ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

കൂടാതെ G.O (RT) 2049/14 LSGD 07.08.2014 പ്രകാരം സെലക്ഷൻ മെമ്മോ നൽകി 14 ദിവസത്തിനകം കരാർ വെക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാർ വെച്ചില്ലെങ്കിൽ PAC യുടെ 1% പിഴ ഈടാക്കി കരാർ വെക്കാവുന്നതാണ്. ഈ 14 ദിവസവും പിഴയോട് കൂടിയ 10 ദിവസവും കഴിഞ്ഞ് കരാർ വെക്കാത്ത പക്ഷം കരാർ സ്ഥാപനത്തെ തെരഞ്ഞെടുത്ത തീരുമാനം റദ്ദാക്കി EMD കണ്ട്കെട്ടി ടെണ്ടർ വ്യവസ്ഥ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. Kerala PWD Manual 2012 സെക്ഷൻ 2009 – 6 പ്രകാരം തൊട്ടടുത്ത കരാറുകാരന് ഇതേ നിരക്കിലും നിബന്ധനയിലും ഏറ്റെടുക്കാമോ എന്ന് നെഗോഷ്യേറ്റ് ചെയ്യുകയും ഇല്ലെങ്കിൽ റീ ടെണ്ടർ ചെയ്യേണ്ടതുമാണ്. മാത്രമല്ല Kerala PWD Manual സെക്ഷൻ 2116-1 പ്രകാരം കരാർ ചമച്ച് നിശ്ചിത സമയം കഴിഞ്ഞും കരാറുകാരൻ സൈറ്റ് ഏറ്റെടുത്ത് പ്രവൃത്തി ആരംഭിക്കാതിരുന്നാൽ കരാർ റദ്ദാക്കേണ്ടതാണ്. എന്നാൽ കരാർ ഒപ്പിട്ട് ഒരു വർഷം കഴിഞ്ഞിട്ടും മേൽ പ്രകാരമുള്ള നടപടി സ്വീകരിച്ചില്ല.

(7) പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം

STP, നെറ്റ്‌വർക്ക് എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ കരാർ വ്യവസ്ഥ 3(e) പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലാവധി കരാർ ഒപ്പിട്ട തീയതിയായ 09.01.2020 മുതൽ 8 മാസമാണ്. എന്നാൽ പൂർത്തീകരണ കാലാവധിയായ 09.09.2020 ആയിട്ടും പ്രവൃത്തി ആരംഭിക്കാത്തതിനാൽ 09.09.2020 ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ കരാർ കമ്പനിക്ക് നോട്ടീസയച്ചു. പ്രവൃത്തിയുടെ കരാർ ഒപ്പിട്ട ശേഷം 28 മാസം കഴിഞ്ഞിട്ടും ഇതുവരെയും പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. മാത്രമല്ല കരാർ സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കിയില്ലെങ്കിൽ PAC യുടെ 1 % പിഴയോട് കൂടി ആകെ കാലാവധിയുടെ 25% സമയം നീട്ടി നൽകാവുന്നതാണ്. കരാറുകാരന്റെ അപേക്ഷ പ്രകാരം പിഴ കൂടാതെ 31.03.2021, 30.09.2021 വരെയും പിന്നീട് 31.03.2022 വരെയും നീട്ടി നൽകിയിട്ടുണ്ട് (CR27/19.11.2021). എന്നാൽ ഇപ്രകാരം സമയം നീട്ടി നൽകിയിട്ടും പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. നഗരസഭ ചുമതലപ്പെടുത്തിയ ശ്രീ. ശ്രീജിത്ത് (ഓവർസിയർ, അമൃത്) എന്ന ഉദ്യോഗസ്ഥനോടൊപ്പം 08.06.2022 തീയതി നടത്തിയ സ്ഥല പരിശോധനയിൽ 2MLD STP യുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെങ്കിലും 25% ത്തിൽ താഴെയുള്ള പ്രവൃത്തി മാത്രമാണ് നടത്തിയിട്ടുള്ളത്. കൂടാതെ നെറ്റ്‌വർക്ക് സ്ഥാപിക്കുന്ന പ്രവൃത്തിയിൽ 75% ഓളം പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ 1 MLD പ്ലാന്റിന്റെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. 1 MLD STP സ്ഥാപിക്കേണ്ട സ്ഥലത്തെ മരങ്ങൾ മുറിച്ച് മാറ്റാത്തതാണ് പ്രവൃത്തി ആരംഭിക്കാതിരിക്കുന്നതെന്ന് ഫയലിൽ കാണുന്നു. മരങ്ങൾ മുറിച്ച് മാറ്റാനോ പ്രവൃത്തി ആരംഭിക്കാനാവശ്യമായ നടപടിയോ നഗരസഭ സ്വീകരിക്കുന്നില്ല. കരാർ വെച്ച് 2വർഷമായിട്ടും പ്രവൃത്തി സ്ഥലം പ്രവൃത്തി ആരംഭിക്കാവുന്ന രീതിയിൽ കൈമാറിയിട്ടില്ല.

(8) ചട്ടവിരുദ്ധമായി കരാറിൽ പൂർത്തീകരണ കാലാവധി നിശ്ചയിച്ചു

Kerala PWD Manual 2012, സെക്ഷൻ 2005 പ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി സൈറ്റ് കൈമാറുന്ന തീയതി മുതൽക്കാണ് കണക്കാക്കേണ്ടത്. എന്നാൽ STP, നെറ്റ്‌വർക്ക് പ്രവൃത്തിക്കായി സൂപ്രണ്ടിംഗ് എഞ്ചിനീയറും കരാർ കമ്പനിയും തമ്മിൽ ഒപ്പിട്ട കരാർ (30/SE/2019-20 തീയതി 09.01.2020) വ്യവസ്ഥ 3(e) പ്രകാരം കരാർ ഒപ്പിട്ട തീയതി മുതൽ 8 മാസമാണ്. ചട്ട വിരുദ്ധമായ നിബന്ധന കരാറിൽ ഉൾപ്പെടുത്തിയത് ഭാവിയിൽ നിയമനടപടികൾക്ക്

കാരണമാകുന്നതാണ്.

(9) പ്രവൃത്തി സ്ഥലം കൈമാറിയതിന്റെ രേഖ ഇല്ല

മെഡിക്കൽ കോളേജ് STP നിർമ്മിക്കേണ്ടതായ സ്ഥലം കൈമാറുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കി ഒപ്പിട്ട രേഖ ഫയലിൽ കാണുന്നു. അസി.എഞ്ചിനീയർ 18.01.2020, 25.06.2020 എന്നീ തീയതികളിലായി ഒപ്പിട്ട സൈറ്റ് കൈമാറുന്ന രണ്ട് ഉത്തരവുകൾ കാണുന്നുവെങ്കിലും ഇവ രണ്ടിലും സൈറ്റ് ഏറ്റെടുത്തതായി കാണിച്ച് കരാറുകാരൻ ഒപ്പു വെച്ചിട്ടില്ല. എന്നാൽ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ 17.01.2020 ന് സൈറ്റ് നഗരസഭയക്ക് കൈമാറുന്നതായി കാണിച്ച് കത്തയച്ചിട്ടുണ്ട്. 2012 ലെ Kerala PWD Manual ഖണ്ഡിക 2102(1) പ്രകാരം കരാർ വെച്ച് 14 ദിവസത്തിനകം കരാറുകാരനോ അയാളുടെ പ്രതിനിധിയോ പ്രവൃത്തി സ്ഥലം അസി.എഞ്ചിനീയറിൽ നിന്ന് ഏറ്റെടുക്കേണ്ടതും കൈപ്പറ്റ് രശീതി ഒപ്പിട്ട് നൽകേണ്ടതുമാണ്. കരാറുകാരൻ ഏറ്റെടുക്കുന്നില്ലെങ്കിൽ രജിസ്റ്റേർഡ് തപാലിൽ അയച്ചു നൽകേണ്ടതാണ്. തപാൽ രശീതി, കൈപ്പറ്റ് രശീതി എന്നിവ ഫയലിൽ ഇല്ലാത്തതിനാൽ തന്നെ കരാറുകാരന് അയച്ചു കൊടുത്തിട്ടില്ലെന്ന് കരുതാവുന്നതാണ്. കരാർ ഒപ്പ് വെച്ച് 2 വർഷമായിട്ടും പ്രവൃത്തി സ്ഥലം കരാറുകാരന് കൈമാറാത്തത് ഗുരുതര വീഴ്ചയാണ്.

(10) ഓപ്പറേഷൻ & മെയിന്റനൻസ് കരാർ വെച്ചില്ല

മെഡിക്കൽ കോളേജിൽ 2 MLD, 1 MLD പ്ലാന്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് ശേഷം പ്രോജക്ടിന് 5 വർഷത്തെ ഓപ്പറേഷൻ & മെയിന്റനൻസിന് വേണ്ടി മെഡിക്കൽ കോളേജ് പ്രിൻസിപ്പലുമായി പ്രത്യേകം കരാർ വെക്കേണ്ടതാണ്. ഓപ്പറേഷൻ & മെയിന്റനൻസിന് വേണ്ടി കരാർ സ്ഥാപനത്തിന് കരാർ പ്രകാരം 1,51,53,681 രൂപയാണ് നൽകേണ്ടത്. ഇതിനായി Green Eco Water System എന്ന കരാർ സ്ഥാപനവുമായി കരാർ ഒപ്പ് വെച്ചിട്ടില്ല.

(11) കരാർ സ്ഥാപനവുമായി നെഗോസിയേഷൻ നടത്തി

മെഡിക്കൽ കോളേജിൽ STP, നെറ്റ്‌വർക്ക് എന്നിവ സ്ഥാപിക്കുന്നതിന് ടെണ്ടർ സമർപ്പിച്ച Green Eco Water System എന്ന സ്ഥാപനത്തിന്റെ O & M ഉൾപ്പെടെയുള്ള ക്വാട്ട് ചെയ്ത 14,47,92,008 രൂപ 29.08.2019 ന് ബഹു: മേയറുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ 14,35,92,008 രൂപയായി കുറച്ച് നൽകാമെന്ന് കരാർ കമ്പനി അറിയിച്ചു. എന്നാൽ ടെണ്ടർ തുറന്ന ശേഷം മേയറുമായി നെഗോസിയേഷൻ നടത്തുകയും എസ്റ്റിമേറ്റ് തുകയേക്കാൾ 25,27,452/- രൂപ കൂടുതൽ നിരക്കിൽ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു. 2012 ലെ കേരള PWD മാന്വൽ സെക്ഷൻ 2009.3 പ്രകാരം ടെണ്ടർ തുറന്ന ശേഷം നെഗോസിയേഷൻ പാടില്ലെന്ന് വ്യവസ്ഥയുണ്ട്.

സോൺ എ – പ്രോജക്ട്

ഫയൽ നമ്പർ EG 21/61457/17 B

അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി നഗരത്തിൽ മലിന ജല നിർമ്മാർജന പൈപ്പ് ശൃംഖലാ സംവിധാനങ്ങളും മലിന ജല കുഴൽ മാലിന്യ ട്രീറ്റ്മെന്റ് സംവിധാനങ്ങളും ഒരുക്കുന്നതിന് നഗരസഭയെ സോൺ A, സോൺ B എന്നീ 2 മേഖലകളാക്കി തിരിച്ചു. ഇതിന്റെ ഭാഗമായി 2008 വർഷത്തിൽ KSUDP (Kerala Sustainable Urban Development Project) ADB യുടെ സഹായത്തോടെ സോൺ A, B എന്നീ രണ്ടു മേഖലകളിൽ സ്വീവേജ് നെറ്റ്‌വർക്ക് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാൻ തീരുമാനിച്ചിരുന്നു. പിന്നീട് സാമ്പത്തിക പ്രതിസന്ധി കാരണം Zone A യിലെ STP പ്രവൃത്തി ഒഴിവാക്കുകയും സോൺ B യിൽ 13.5 MLD STP സ്ഥാപിക്കുന്നതുമായി മുന്നോട്ട് പോകുകയും ചെയ്തു. എന്നാൽ 2017 വർഷം KSUDP പ്രോജക്ട് അവസാനിപ്പിക്കുമ്പോൾ സോൺ B യിൽ 14% സീവറേജ് നെറ്റ്‌വർക്ക് പൈപ്പ് സ്ഥാപിച്ചിരുന്നു. ദേശീയ ഹരിത ട്രൈബ്യൂണലിലെ കേസ് കാരണം STP പ്രവൃത്തി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. കൂടാതെ സോൺ A യിൽ 1983-86 വർഷത്തിൽ 11 KM ദൂരം KWA പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഉപേക്ഷിച്ച നിലയിലാണ്. കല്ലായി പുഴയിലെ മലിനീകരണം തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി സോൺ A യിൽ വികേന്ദ്രീകൃത സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റും അനുബന്ധ ശൃംഖലാ സംവിധാനങ്ങളും സ്ഥാപിക്കുന്നതിന് തീരുമാനിച്ചു. ഇതിനായി അമൃത് പദ്ധതിയിൽ സോൺ A യിൽ പാക്കേജ് A, പാക്കേജ് B എന്നീ രണ്ട് പ്രോജക്ടുകളാണ് രൂപീകരിച്ചത്. ഇത് പ്രകാരം പാക്കേജ് A യിൽ "ആവിക്കൽ തോട്" എന്ന സ്ഥലത്ത് 7 MLD (Million Liter Per Day) പ്ലാന്റും അനുബന്ധ നെറ്റ്‌വർക്കുകളും, പാക്കേജ് B യിൽ "കോതി" എന്ന സ്ഥലത്ത് 6 MLD പ്ലാന്റും അനുബന്ധ നെറ്റ്‌വർക്ക് സംവിധാനങ്ങളും സ്ഥാപിക്കുന്നതിന് നഗരസഭ തീരുമാനിച്ചു. വീടുകളിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നുമുള്ള മലിന ജലം ശുദ്ധീകരിക്കുന്നതിനായിട്ടാണ് 7 MLD, 6 MLD പ്ലാന്റുകൾ സ്ഥാപിക്കുന്നത്. മേൽ പ്രോജക്ടുകൾക്ക് DPR തയ്യാറാക്കുന്നതിന് ശുചിത്വ മിഷൻ എം.പാനൽ ചെയ്ത ലിസ്റ്റിൽ ഉൾപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും Request For Proposal (RFP) ക്ഷണിച്ചു.

തുടർന്ന് 1. റാംബയോളജിക്കൽസ്, 2. അൾട്രാ ടെക് എൻവയോൺമെന്റൽ ലിമിറ്റഡ് എന്നീ രണ്ട് സ്ഥാപനങ്ങൾ ക്വട്ടേഷൻ സമർപ്പിച്ചതിൽ കുറഞ്ഞ നിരക്കായ, പ്രവൃത്തി മൂല്യത്തിന്റെ 1.46% ക്വാട്ട് ചെയ്ത "റാംബയോളജിക്കൽസ്" എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ നഗരസഭ കൗൺസിൽ (86/28.12.2017)അംഗീകരിച്ചു. തുടർന്ന് 05.01.2018 ന് നഗരസഭയും "റാംബയോളജിക്കൽസ് " മായി കരാർ വെച്ച് സ്ഥാപനം തയ്യാറാക്കിയ DPR പ്രകാരം 116.5 കോടി രൂപയുടെ പ്രോജക്ടിന് (G.O.(Rt) 769/19 LSGD 30.03.2019) ഭരണാനുമതി ലഭിക്കുകയും പിന്നീട് ചെലവ് തുക വർദ്ധിച്ചത് കാരണം G.O.(Rt) 1297/21 LSGD 09.07.2021 പ്രകാരം ഭരണാനുമതി 140 കോടി രൂപയായി പുതുക്കുകയും ചെയ്തു.

ഈ പ്രോജക്ടിന് 28.02.2019 ലെ SLTC യോഗം സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് രണ്ട് സ്ഥലങ്ങളിലെയും STP, നെറ്റ്‌വർക്ക് എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തി 20.06.2019 ന് ടെണ്ടർ ക്ഷണിക്കുകയും ടെണ്ടർ ലഭിക്കാത്തതിനാൽ 07.09.2019 ന് വീണ്ടും ടെണ്ടർ ചെയ്തു. 7 MLD, 6 MLD ടെണ്ടർ സമർപ്പിച്ച രണ്ട് സ്ഥാപനങ്ങൾ യഥാക്രമം എസ്റ്റിമേറ്റ് തുകയുടെ 54.93%, 56.12% കൂടുതലാണ് ക്വാട്ട് ചെയ്തത്. തുടർന്ന് SHPSC യുടെ നിർദ്ദേശ പ്രകാരം STP, നെറ്റ്‌വർക്ക് എന്നിങ്ങനെ രണ്ടായി തിരിച്ച് 26.10.2020 ന് വീണ്ടും ടെണ്ടർ ചെയ്തു. പാക്കേജ് A യിലെ 7 MLD STP ക്ക് 20,50,00,000 രൂപയും പാക്കേജ് B യിലെ 6 MLD STP ക്ക് 17,11,00,000 രൂപയും Seamak Hitech Products എന്ന സ്ഥാപനവും Package A നെറ്റ്‌വർക്ക് 51,86,01,573 രൂപയും Package B നെറ്റ്‌വർക്ക് 52,96,66,262 രൂപക്കും Nasit Infrastructure എന്ന സ്ഥാപനവും ടെണ്ടർ സമർപ്പിച്ചു. ഇത് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ യഥാക്രമം 32.47%, 34.81% കൂടുതലായതിനാൽ മേയർ, കൗൺസിലർമാർ തുടങ്ങിയവർ ചേർന്ന് നെഗോസിയേഷൻ നടത്തുകയും രണ്ട് പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 30% കൂടുതൽ തുകക്ക് എടുക്കാമെന്ന് ടെണ്ടർ സമർപ്പിച്ച കമ്പനി സമ്മതിക്കുയും ചെയ്തു. ഇത് 15.02.2021 ലെ കൗൺസിൽ യോഗ തീരുമാനം 98 പ്രകാരം അംഗീകരിച്ചു. തുടർന്ന് രണ്ട് സ്ഥാപനങ്ങൾക്കും EG 21/61457/17 തീയതി 22.02.2021 പ്രകാരം സെലക്ഷൻ മെമ്മോ നൽകിയതിനെ തുടർന്ന് ഈ സ്ഥാപനങ്ങൾ നഗരസഭയുമായി കരാർ ഒപ്പ് വെച്ചു.

പ്രോജക്ടുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

(1) DPR തയ്യാറാക്കുന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല

2012 ലെ Kerala PWD മാന്വൽ പ്രകാരം പെറ്റി പ്രവൃത്തികൾ ഒഴികെയുള്ള പ്രവൃത്തികൾക്ക് ഓപ്പൺ ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ സ.ഉ.(പി) 524/2015 ധനം. തീയതി 17.11.2015 പ്രകാരം 5 ലക്ഷത്തിനു മുകളിൽ വരുന്ന എല്ലാ പ്രവൃത്തികളും ഇ-ടെണ്ടർ നടപടി സ്വീകരിക്കേണ്ടതാണ്. മാത്രമല്ല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ G.O.(P) 259/2010 ത.സ്വ.ഭ.വ. തീയതി 08.11.2010 പ്രകാരം ഒരു ലക്ഷത്തിൽ കൂടുതൽ മൂല്യം വരുന്ന സേവനങ്ങൾ സ്വീകരിക്കുമ്പോൾ ഓപ്പൺ ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ സോൺ A യിൽ പാക്കേജ് A, പാക്കേജ് B എന്നിവയിൽ STP, Network എന്നിവ സ്ഥാപിക്കുന്നതിന്റെ DPR തയ്യാറാക്കുന്നതിന് മേൽ നടപടിക്രമങ്ങൾ പാലിക്കാതെ അമൃത് മിഷൻ ഡയറക്ടറുടെ നിർദ്ദേശ പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം 1198/G/16/SM തീയതി 21.02.2017 പ്രകാരം എം പാനൽ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾക്ക് Request For Proposal (RFP) നൽകിയ ശേഷം ലഭിച്ച 2 ക്വട്ടേഷനുകളിൽ 1.46% എന്ന കുറഞ്ഞ നിരക്ക് നൽകിയ "റാംബയോളജിക്കൽസ്" എന്ന സ്ഥാപനത്തെയാണ് നഗരസഭ തെരഞ്ഞെടുത്തത്. നടപടിക്രമങ്ങൾ പാലിക്കാതെ DPR തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയ റാംബയോളജിക്കൽസ് ന് 85,04,500 രൂപ ഫീസ് നൽകിയിട്ടുണ്ട്. ഭരണാനുമതി ലഭിച്ച 140 കോടിയുടെ 1.46% തുകയായ2കോടിയിലധികം രൂപയുടെ പ്രവൃത്തിമൂല്യം വരുന്ന പ്രോജക്ടിന്റെ DPR തയ്യാറാക്കുന്നതിന് മേൽ പരാമർശിച്ച നടപടിക്രമങ്ങൾ പാലിക്കേണ്ടതാണെങ്കിലും ആയത് പാലിച്ചിട്ടില്ല.

(2) യോഗ്യതയില്ലാത്ത സ്ഥാപനത്തെ DPR തയ്യാറാക്കുന്നതിന് തെരഞ്ഞെടുത്തു

(A) DPR തയ്യാറാക്കുന്നതിനുള്ള കൺസൽട്ടൻസി സ്ഥാപനത്തെ തെരഞ്ഞെടുക്കുന്നതിന് ക്ഷണിച്ച Request For Proposal (RFP) പ്രകാരം സ്ഥാപനത്തിന് ടെക്നിക്കൽ മിനിമം യോഗ്യതകൾ നിശ്ചയിച്ചിട്ടുണ്ട്. ഇത് പ്രകാരം

(1) അവസാന മൂന്ന് വർഷത്തെ ശരാശരി വിറ്റു വരവ് 50 ലക്ഷം രൂപ ഉണ്ടായിരിക്കേണ്ടതാണ്.

(2) DPR തയ്യാറാക്കൽ, സമാന ജോലി ചെയ്ത് കുറഞ്ഞത് 3 വർഷത്തെ പ്രവൃത്തി പരിചയം.

ഈ മിനിമം യോഗ്യതകൾ പാലിക്കുന്ന പക്ഷം പ്രവൃത്തി പരിചയം, Methodology, Key Professionals എന്നീ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വിശദമായ ടെക്നിക്കൽ ഇവാല്യൂവേഷൻ നടത്തുന്നതാണ്.

RFP പ്രകാരം ടെക്നിക്കൽ ബിഡിന് 70 മാർക്കും ഫിനാൻഷ്യൽ ബിഡിന് 30 മാർക്കുമാണ് നിശ്ചയിച്ചത്. ടെക്നിക്കൽ ബിഡ് പരിശോധിച്ച് ശേഷം 70% മാർക്ക് ലഭിച്ച ടെണ്ടർ സ്ഥാപനത്തിന്റെ ഫിനാൻഷ്യൽ ബിഡ് മാത്രമേ തുറക്കാൻ പാടുള്ളൂവെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. RFP പ്രകാരം തയ്യാറാക്കിയ Data Sheet 2A, 2B, 2C, 2D, 2E എന്നിവയിലാണ് വിവരങ്ങൾ സമർപ്പിക്കേണ്ടത്.

(A) കൺസൽട്ടൻസി സ്ഥാപനമായ "റാംബയോളജിക്കൽസ്" ടെക്നിക്കൽ മിനിമം യോഗ്യത നേടുന്നതിന് RFP യിലെ നിബന്ധന പ്രകാരം അവസാന മൂന്ന് വർഷത്തെ

വിറ്റുവരവ് Form 2B യിൽ ഹാജരാക്കിയിട്ടുണ്ട്. ഇതിൽ 2013-14, 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ വിറ്റു വരവിന്റെ അടിസ്ഥാനത്തിൽ കണക്കാക്കുന്ന ശരാശരി വിറ്റുവരവ് ഹാജരാക്കാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ "റാംബയോളജിക്കൽസ്" ഹാജരാക്കിയ Form 2B യിൽ 2014-15, 2015-16,2016-17വർഷങ്ങളിലെ വിറ്റുവരവും അതിനനുസൃതമായിട്ടുള്ള ശരാശരി വിറ്റുവരവുമാണ് കാണിച്ചത്. ഇത് RFPനിബന്ധനകൾക്ക് വിരുദ്ധമായതും കൃത്യമായ ശരാശരി വിറ്റുവരവ് പ്രതിഫലിക്കാത്തതുമാണ്.

(B) കുറഞ്ഞത് 20 കോടി രൂപയുടെ പ്രവൃത്തി മൂല്യമുള്ള DPR തയ്യാറാക്കുന്നതിലെ പരിചയം തെളിയിക്കുന്നതിന് വേണ്ടി "റാംബയോളജിക്കൽസ്" ഹാജരാക്കിയ Form 2C യിലെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ. | ഫണ്ട് | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് | ആരംഭിച്ചത്/ | റിമാർക്സ് |
|---|---|---|---|---|---|

| നം. | | | തുക | പൂർത്തിയാക്കിയ തീയതി | |
|---|---|---|---|---|---|
| 1 | അമൃത് | യാക്കര മെഡിക്കൽ കോളേജ്, പാലക്കാട് | 23 കോടി | Work In Progress | ടെക്ക്നിക്കൽ ബിഡ് സമർപ്പിച്ച 27.11.2017 ന് ഒരു മാസം മുമ്പ് ആരംഭിച്ചതും DPR തയ്യാറാക്കാത്തതുമായ പ്രവൃത്തി |
| 2 | അമൃത് | തൃശ്ശൂർ കോർപ്പറേഷൻ | 61 കോടി | Start 25.11.2017 Work In Progress | ടെക്കനിക്കൽ ബിഡ് സമർപ്പിച്ച 27.11.2017ന് 2 ദിവസം മുമ്പ് മാത്രം ഏറ്റെടുത്ത പ്രവൃത്തി. DPR സമർപ്പിച്ചിട്ടില്ല |
| 3 | അമൃത് | കണ്ണൂർ കോർപ്പറേഷൻ | 50.23 കോടി | Start 21.11.2017 Work In Progress | ടെക്നിക്കൽ ബിഡ് സമർപ്പിക്കുന്നതിന് 6 ദിവസം മുമ്പ് ആരംഭിച്ച പ്രവൃത്തി |
| 4 | അമൃത് | മെഡിക്കൽ കോളേജ് STP കോഴിക്കോട് | 14.12 കോടി | പൂർത്തിയാക്കിയത് 24.10.2017 | DPR തയ്യാറാക്കുന്ന പ്രവൃത്തി പൂർത്തിയാക്കിയ തീയതി 24.10.2017 എന്നാണ് രേഖപ്പെടുത്തിയത്. എന്നാൽ ഫയൽ പ്രകാരം 24.10.2017 ന് കരട് DPR മാത്രമാണ് സമർപ്പിച്ചത്. അന്തിമ DPR സമർപ്പിച്ചത് 2018 ലാണ് |
| 5 | -- | സീറോ വെയ്സ്റ്റ് മാനേജ്മെന്റ് മെഡിക്കൽ കോളേജ്, കോഴിക്കോട് | 4.6 കോടി | പൂർത്തിയാക്കിയത് 09.09.2017 | ഈ പ്രവൃത്തി STP, Network എന്നിവക്ക് സമാന സ്വഭാവമുള്ള പ്രവൃത്തി അല്ല |
| 6 | അമൃത് | ആലപ്പുഴ ജനറൽ ആശുപത്രി, STP | 4.1 കോടി | Start 31.10.2017 Work In Progress | ടെക്നിക്കൽ ബിഡ് സമർപ്പിക്കുന്നതിന് ഒരു മാസം മുമ്പ് ഏറ്റെടുത്തതും DPR സമർപ്പിക്കാത്തതുമായ പ്രവൃത്തി |
| 7 | -- | വടകര ജില്ലാ ആശുപത്രി, STP | 1.27 കോടി | പൂർത്തിയാക്കിയത് 06.05.2017 | പ്രവൃത്തി നിർവ്വഹണം പൂർത്തിയായോയെന്ന് വ്യക്തമല്ല |

Form 2 C പ്രകാരം ഹാജരാക്കിയ മേൽ പ്രവൃത്തികളിൽ STP, Network എന്നിവയുടെ DPR ന് സമാന സ്വഭാവമുള്ള പ്രവൃത്തികളുടെ DPR തയ്യാറാക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചത് ക്രമ നമ്പർ (7) പ്രകാരമുള്ള വടകര ജില്ലാ ആശുപത്രി STP യുടെ 1.27 കോടി രൂപയുടെ പ്രവൃത്തി മാത്രമാണ്. ഈ പ്രവൃത്തിയുടെ നിർവ്വഹണം നടത്തിയോ എന്നതു സംബന്ധിച്ച യാതൊരു രേഖയും ഹാജരാക്കിയിട്ടില്ല.കുറഞ്ഞത് 20 കോടി രൂപയുടെ പ്രോജക്ടിന് വേണ്ടി DPR തയ്യാറാക്കിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല. കൂടാതെ TOR (Terms Of Reference) പ്രകാരമുള്ള Form 2 C യിൽ പ്രവൃത്തി ആരംഭിച്ച തീയതി, പൂർത്തിയാക്കിയ തീയതി എന്നിവ രേഖപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും ഇത് പാലിച്ചിട്ടില്ല. പൂർത്തിയാക്കിയ തീയതിക്ക് പകരം "Work In Progress"എന്നാണ് കാണിച്ചിട്ടുള്ളത്.

(C) കൺസൽട്ടൻസി സ്ഥാപനം ഹാജരാക്കിയ Form 2 E പ്രകാരം STP, Network എന്നിവയുടെ DPR തയ്യാറാക്കിയതിന്റെ വിശദാംശം ആണ് ഹാജരാക്കേണ്ടിയിരുന്നത്. എന്നാൽ റാംബയോളജിക്കൽസ് ഹാജരാക്കിയ Form 2 E യിൽ മേൽ പട്ടികയിൽ കാണിച്ചതായ 1) കോഴിക്കോട് മെഡിക്കൽ കോളേജ് STP, Network (അമൃത്) 2) തൃശ്ശൂർ കോർപ്പറേഷൻ, STP, Network (അമൃത്) 3) കണ്ണൂർ നഗരസഭ, STP, Network (അമൃത്) 4) പാലക്കാട് മുനിസിപ്പാലിറ്റി STP (അമൃത്) 5) ആലപ്പുഴ മുനിസിപ്പാലിറ്റി (അമൃത്) എന്നീ 5 പ്രവൃത്തികളാണ് കാണിച്ചിട്ടുള്ളത്. ഈ പ്രവൃത്തികളിൽ കോഴിക്കോട് മെഡിക്കൽ കോളേജ് STP, Network പ്രവൃത്തി ഒഴികെയുള്ള നാല് പ്രവൃത്തികളും ഒരേ സമയത്ത്, അതായത് ടെക്നിൽ ബിഡ് സമർപ്പിക്കുന്ന സമയത്തിന് ഒരു മാസത്തിനുള്ളിൽ കരാർ വെച്ച് ആരംഭിച്ചതും DPR സമർപ്പിക്കാത്തതുമായ പ്രവൃത്തികളാണ്. കോഴിക്കോട് മെഡിക്കൽ കോളേജ് STP, Network പ്രവൃത്തി 24.10.2017 ന് കരട് DPR മാത്രമാണ് സമർപ്പിച്ചിട്ടുള്ളത്. റാംബയോളജിക്കൽസ് Form 2 E ക്കൊപ്പം ഹാജരാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങളിൽ DPR തയ്യാറാക്കുന്ന ഒരു പ്രവൃത്തി പോലും പൂർത്തിയാക്കിയിട്ടില്ല.

STP, Network എന്നിവയുടെ DPR തയ്യാറാക്കുന്നതിൽ മുൻ പരിചയം തെളിയിക്കുന്ന തൃപ്തികരമായ, RFPയിൽ പരാമർശിച്ച നിബന്ധനകൾ പ്രകാരമുള്ള ഒരു രേഖയും റാംബയോളജിക്കൽസ് ഹാജരാക്കിയിട്ടില്ല. കൂടാതെ 20 കോടി മൂല്യം വരുന്ന പ്രവൃത്തിയുടെ DPR തയ്യാറാക്കിയ പരിചയവും ഇല്ല. മാത്രമല്ല പൂർത്തീകരിച്ച പ്രൊജക്ടുകളുടെ വിശദാംശങ്ങളോ പൂർത്തീകരണ സാക്ഷ്യപത്രമോ ഹാജരാക്കിയിട്ടില്ല. RFP യിലെ മാനദണ്ഡങ്ങളൊന്നും പാലിക്കാത്തതും Form 2 B യിൽ

ശരാശരി 3 വർഷത്തെ വിറ്റു വരവ് പോലും കൃത്യമായി RFP യിൽ പരാമർശിക്കുന്ന രീതിയിൽ ഹാജരാക്കുന്നതുമായ "റാംബയോളജിക്കൽസ്" ന്റെ ടെക്നിക്കൽ ബിഡിൽ 70% മാർക്ക് ലഭിച്ച എന്നും മിനിമം യോഗ്യത നേടിയെന്നും വിലയിരുത്തി. റാംബയോളജിക്കൽസ് ടെക്നിക്കൽ ബിഡിനൊപ്പം ഹാജരാക്കിയ എല്ലാ രേഖകളും അപൂർണ്ണവും നിബന്ധനകൾ പാലിക്കാത്തതുമായിരുന്നു. യോഗ്യത നേടുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കാത്ത "റാംബയോളജിക്കൽസ്" ന്റെ ഫിനാൻഷ്യൽ ബിഡ് തുറന്നത് RFP യിലെ നിബന്ധനകൾക്ക് വിരുദ്ധമായ നടപടിയാണ്. ടെക്നിക്കൽ വിലയിരുത്തലിന്റെ പ്രാഥമിക ഘട്ടത്തിൽ തന്നെ ഒഴിവാക്കപ്പെടേണ്ട സ്ഥാപനമായിരുന്നു റാംബയോളജിക്കൽസ് എന്ന് വ്യക്തമാണ്. ടെക്നിക്കൽ ബിഡ് സമർപ്പിച്ച 27.11.2017 ന് ഒരു മാസം മുമ്പും അതേ മാസവും ഏറ്റെടുത്തതും ആരംഭിച്ചതും എന്നാൽ DPR തയ്യാറാക്കൽ പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളാണ് കാണിച്ചത്. അത് കൊണ്ട് തന്നെ പ്രവൃത്തി പരിചയം ഇല്ലാത്ത സ്ഥാപനത്തെയാണ് DPR തയ്യാറാക്കുന്നതിനായി ചുമതലപ്പെടുത്തിയതെന്ന് വ്യക്തമാണ്. "റാംബയോളജിക്കൽസ്" ഹാജരാക്കിയ രേഖകൾ പ്രകാരം (Form 2C) അമൃത് പദ്ധതിയുടെ 5 ഓളം DPR തയ്യാറാക്കുന്ന പ്രവൃത്തി ഏറ്റെടുത്തതായും ആയത് "Work Under Progress" ആയും രേഖപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവൃത്തികൾ നടന്നുവരവെയാണ് ഒരേ സമയം 6-ാംമത്തെ DPR തയ്യാറാക്കുന്ന പ്രവൃത്തിക്കു വേണ്ടിയും തെരഞ്ഞെടുത്തത്. ഇത് കൺസൽട്ടൻസി സ്ഥാപനത്തിന്റെ ജോലി ഭാരം വർദ്ധിക്കാനും DPR സമർപ്പിക്കുന്നതിൽ കാലതാമസം വരാനും കാരണമായി. DPR തയ്യാറാക്കുന്നതിന് "റാംബയോളജിക്കൽസ്" നെ ചുമതലപ്പെടുത്തുമ്പോൾ ഇക്കാര്യവും പരിഗണിച്ചില്ല. DPR പൂർത്തിയാക്കിയതോ, DPR പ്രകാരം പ്രവൃത്തി വിജയകരമായി പൂർത്തീകരിച്ചതോ ആയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ഇല്ലാതെയും വിജയകരമായി പൂർത്തിയാക്കിയ പ്രവൃത്തിയുടെ പരിശോധന നടത്താതെയും കൺസൽട്ടൻസി സ്ഥാപനത്തെ തെരഞ്ഞെടുത്തു.

(3) DPR സമർപ്പിക്കുന്നതിൽ കാലതാമസം വരുത്തി

നഗരസഭയും റാംബയോളജിക്കൽസുമായി ഒപ്പിട്ട കരാർ പ്രകാരം താഴെ പറയുന്ന ഘടകങ്ങളാണ് നഗരസഭക്ക് സമർപ്പിക്കേണ്ടത്.

(1) Inception Report

(2) DPR

(3) Public Consultation Report

(4) Tender Documents

(A) നഗരസഭയുമായുള്ള കരാർ, TOR III (1) എന്നിവ പ്രകാരം കൺസൽട്ടൻസി സ്ഥാപനം Letter Of Acceptance തീയതിയായ 28.12.2017 മുതൽ രണ്ട് ആഴ്ചക്കുള്ളിൽ പഠനങ്ങൾ/സർവ്വെകൾ, DPR തയ്യാറാക്കുന്നതിനുള്ള Methodology, പ്രോജക്ട് എസ്റ്റിമേറ്റുകൾ, ആവശ്യമായ ഭൂമിയുടെ വിവരം, വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കേണ്ട നിയമാനുസൃത അനുമതികൾ മുതലായവ ഉൾക്കൊള്ളിച്ച് കൊണ്ട് ഒരു Inception Report നഗരസഭയ്ക്ക് സമർപ്പിക്കേണ്ടതാണെങ്കിലും ആയത് സമർപ്പിച്ചിട്ടില്ല.

(B) Letter Of Acceptance തീയതിയായ 28.12.2017 മുതൽ 45 ദിവസത്തിനകം കരട് DPR സമർപ്പിക്കേണ്ടതാണെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ Letter Of Acceptance ന് ശേഷം 7 മാസത്തിലധികം കഴിഞ്ഞ് 01.08.2018 നാണ് കരട് DPR സമർപ്പിച്ചത്.

(C) കരാർ പ്രകാരം കരട് DPR അംഗീകരിച്ച കഴിഞ്ഞ് 2 ആഴ്ചക്കുള്ളിൽ അന്തിമ DPR സമർപ്പിക്കേണ്ടതാണെങ്കിലും ആയത് സമർപ്പിച്ചിട്ടില്ല. അന്തിമ DPR ഭാഗം I 21.12.2018 നും ഭാഗം II 04.01.2019 നു മാണ് സമർപ്പിച്ചത്.

കൂടാതെ എല്ലാ എസ്റ്റിമേറ്റുകളും DPR നോടൊപ്പം സമർപ്പിക്കേണ്ടതാണെങ്കിലും ഇലക്ട്രിക്കൽ എസ്റ്റിമേറ്റ് 2019 ലാണ് സമർപ്പിച്ചത്. കൂടാതെ പ്രോജക്ടിന് സാങ്കേതികാനുമതി ലഭിച്ച 28.02.2019 തീയതിക്ക് ശേഷം ഒരാഴ്ചക്കകം ടെണ്ടർ രേഖകൾ തയ്യാറാക്കി നൽകേണ്ടതാണെന്ന് വ്യവസ്ഥയുണ്ടെങ്കിലും 29.04.2019 നാണ് ടെണ്ടർ രേഖകൾ സമർപ്പിച്ചത്.

(D) കരാറിന്റെ ഭാഗമായ TOR III (2) പ്രകാരം Public Consultation Report DPR ന്റെ ഭാഗമായി നഗരസഭയ്ക്ക് സ്ഥാപനം തയ്യാറാക്കി നൽകേണ്ടതാണെങ്കിലും ആയത് സമർപ്പിച്ചിട്ടില്ല.

(E) കരാറിന്റെ ഭാഗമായ TOR III (4) (I) (D) പ്രകാരം സോഷ്യൽ ഓഡിറ്റും സ്റ്റേക്ക് ഹോൾഡർ കൺസൽട്ടേഷനും വാർഡ് തലത്തിൽ നടത്തേണ്ടതാണ്. എന്നാൽ ഇത് നടത്തുകയോ റിപ്പോർട്ട് സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

നഗരസഭയും "റാംബയോളജിക്കൽസ്" എന്ന സ്ഥാപനവുമായി 05.01.2018 ന് കരാർ വെച്ച ശേഷം 2 ആഴ്ചക്കുള്ളിൽ Inception Report, തുടർന്ന് 45 ദിവസത്തിനകം കരട് DPR എന്നിവ സമർപ്പിക്കാത്തതിനെ തുടർന്ന് 26.06.2018 ന് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ചേമ്പറിൽ ചേർന്ന അവലോകന യോഗത്തിൽ, 06.08.2018 ന് കരട് DPR, 20.08.2018 ന് DPR എന്നിവ സമർപ്പിക്കാമെന്ന് "റാംബയോളജിക്കൽസ്" യോഗത്തെ അറിയിച്ചു. കരാർ പ്രകാരമുള്ള സമയപരിധി DPR സമർപ്പിക്കുന്നതിൽ പാലിച്ചില്ല. TOR IV (1) (O) പ്രകാരം DPR ന്റെ കൂടെ KPCB (Kerala Pollution Control Board) അനുമതി, KCZMA (Kerala Coastal Zone Management Authority) എന്നിവയുടെ അനുമതി ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ പ്രധാനപ്പെട്ട ഈ രണ്ട് അനുമതികളും ഇല്ലാതെയാണ് DPR സമർപ്പിച്ചത്.

(4) 6 MLD പ്ലാന്റ് നിർമ്മിക്കേണ്ട ഭൂമി വിട്ടു കിട്ടാതെ പ്രവൃത്തി ടെണ്ടർ നടത്തി

അമൃത് പദ്ധതിയിൽ 6 MLD STP നിർമ്മിക്കാനുദ്ദേശിക്കുന്ന നഗരം വില്ലേജിലെ 15-12-298 സർവ്വെ നമ്പറിൽ പ്പെട്ട 96.5

ഏക്കർ സ്ഥലം റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയാണെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ ഭൂമി STP നിർമ്മിക്കുന്നതിന് 120 വർഷത്തേക്ക് പാട്ടത്തിന് വിട്ടു കിട്ടുന്നതിനായി 26.02.2021 തീയതി EG 21/61457/17 B പ്രകാരം ജില്ലാ കലക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ അനുമതി ലഭിച്ചിട്ടില്ല. കേരള PWD മാന്വൽ, വകുപ്പ് 2003 പ്രകാരം ഒരു പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിക്കുന്നതിന് മുമ്പായി പ്രവൃത്തിയുടെ ഭൂമി വിട്ടു കിട്ടിയെന്ന് ഉറപ്പു വരുത്തേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. കൂടാതെ അമൃത് പദ്ധതിയുടെ സംസ്ഥാന തല ഉന്നതാധികാര സമിതിയുടെ (SHPSC) 24-ാംമത് യോഗവും 9-ാംമത് ടെക്നിക്കൽ എക്സ്പേർട്ട് കമ്മിറ്റിയുടെ 28.02.2019 ലെ യോഗവും STP നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി ലഭിച്ച ശേഷം മാത്രമെ പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിക്കാവൂ എന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഈ നിർദ്ദേശം ലംഘിച്ച് ഭൂമി വിട്ടു കിട്ടുന്നതിന് മുമ്പ് തന്നെ STP നിർമ്മിക്കാൻ ടെണ്ടർ നടപടി സ്വീകരിക്കുകയും "Seamak International" എന്ന സ്ഥാപനത്തിന് 17,11,00,000 രൂപക്ക് കരാർ നൽകുകയും ചെയ്തു. ഇത് പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കാലതാമസം വരുത്തുന്നതിനും കരാർ സമയ പ്രകാരം കരാറുകാരന് പ്രവൃത്തി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാകാനും അത് വഴി നിയമനടപടികളിലേക്ക് നീങ്ങാനുള്ള സാഹചര്യവും ഉണ്ടാകുന്നതാണ്.

(5) നിയമാനുസൃത അനുമതികൾ ലഭിക്കാതെ ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി കരാർ നൽകി

സോൺ A യിൽ പാക്കേജ് A, B എന്നീ രണ്ട് പ്രോജക്ടുകളിലായി "ആവിക്കൽതോട്" എന്ന സ്ഥലത്തും "കോതി" എന്ന സ്ഥലത്തുമാണ് പ്ലാന്റ് നിർമ്മിക്കേണ്ടത്. ആവിക്കൽതോട് എന്ന സ്ഥലത്ത് 7 MLD STP സ്ഥാപിക്കുന്നതിന് KPCB ൽ നിന്നും 05.07.2021 തീയതിയിലും KCZMA യിൽ നിന്ന് 28.07.2021 തീയതിയിലുമാണ് അനുമതി ലഭിച്ചത്. കോതി എന്ന സ്ഥലത്ത് നിർമ്മിക്കുന്ന 6 MLD STP സ്ഥാപിക്കുന്നതിന് KPCB ൽ നിന്നും 29.07.2021 നും KCZMA യിൽ നിന്ന് 08.11.2021 തീയതിയിലുമാണ് അനുമതി ലഭിച്ചത്. കോതിയിൽ നിർമ്മിക്കുന്ന 6 MLD STP യുടെ അനുമതി KPCB ആദ്യ ഘട്ടത്തിൽ നിരസിക്കുകയും പിന്നീട് ഉപാധികളോടെ അപേക്ഷ അനുവദിക്കുകയുമായിരുന്നു. കൂടാതെ പാരിസ്ഥിതികാഘാത പഠനം (EIA) സംബന്ധിച്ച റിപ്പോർട്ടിനായി 21.12.2020 ന് മാത്രമാണ് RFP ക്ഷണിച്ചത്. ഇത് പ്രകാരം പ്രവൃത്തി ഏറ്റെടുത്ത Ultratech Environmental Consultancy & Laboratory എന്ന സ്ഥാപനം 07.06.2021 തീയതിയിലാണ് EIA റിപ്പോർട്ട് സമർപ്പിച്ചത്. എന്നാൽ മേൽ രണ്ട് സ്ഥലങ്ങളിലെയും STP, Network എന്നീ പ്രവൃത്തികൾ 17.05.2019 ന് ടെണ്ടർ ചെയ്ത ശേഷമാണ് നിയമപ്രകാരമുള്ള അനുമതിക്കായി അപേക്ഷിച്ചിട്ടുള്ളത്. ആവിക്കൽതോട് എന്ന സ്ഥലത്ത് നിർമ്മിക്കുന്ന 7 MLD STP യുടെ നിർമ്മാണം KPCB അനുമതി ലഭിക്കാത്തതിനാൽ ആരംഭിക്കാൻ കഴിയുന്നില്ലെന്ന് 09.12.2021 ന് കരാർ ഏറ്റെടുത്ത "Seamak International" എന്ന സ്ഥാപനം നഗരസഭയ്ക്ക് കത്ത് നൽകി. കൂടാതെ ഡിസൈൻ, പ്രദേശവാസികളുടെ എതിർപ്പ് എന്നിവയും പ്രവൃത്തിയുടെ കാലതാമസത്തിന് കാരണമാകുന്നതായും കാലാവധി നീട്ടി നൽകണമെന്നും നഗരസഭയെ കരാറുകാരൻ മേൽ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അനുമതികൾ ലഭിക്കുന്നതിന് മുമ്പേ ടെണ്ടർ നടത്തി പ്രവൃത്തി ഏൽപ്പിച്ചതിനാലാണ് ഇത് സംഭവിച്ചത്.

(6) പൊതുജനങ്ങളെ ബോധവൽക്കരണം നടത്താത്തതിനാൽ പ്രതിഷേധം ഉണ്ടാകുന്നു

കൺസൽട്ടൻസി സ്ഥാപനമായ റാം ബയോളജിക്കൽസുമായുള്ള കരാർ വ്യവസ്ഥയും TOR (iii) പ്രകാരവും സ്ഥാപനം Public Consultation Report സമർപ്പിക്കേണ്ടതാണ്. STP നിർമ്മിക്കാനുദ്ദേശിക്കുന്ന മേഖലയിലെ പൊതുജനങ്ങളെ പ്രൊജക്ടിന്റെ വിശദാംശങ്ങൾ ബോധ്യപ്പെടുത്തിയ ശേഷം റിപ്പോർട്ട് നഗരസഭയ്ക്ക് സമർപ്പിച്ചിട്ടില്ല. അത് കൊണ്ട് തന്നെ പൊതുജനങ്ങളുടെ എതിർപ്പിനെ തുടർന്ന് STP നിർമ്മിക്കാനുദ്ദേശിക്കുന്ന രണ്ട് സ്ഥലങ്ങളിലും STP നിർമ്മാണം ആരംഭിക്കുന്നതിനോ സർവ്വെ ഉൾപ്പെടെയുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുന്നതിനോ കഴിയാത്ത സാഹചര്യമാണ് ഉണ്ടായിട്ടുള്ളത്. മേൽ കാരണത്താൽ പ്രവൃത്തി നിർത്തി വെച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ STP നിർമ്മാണത്തിനെതിരെ പ്രദേശവാസികളായ ശ്രീ.പി.വി.അബ്ദുള്ളകോയ, ശ്രീ.എ.ഫൈസൽ പള്ളിക്കണ്ടി എന്നവർ ബഹു: ഹൈക്കോടതിയിൽ WP(C)8986/22 നമ്പറായി കേസ് ഫയൽ ചെയ്തിട്ടുണ്ട്. മേൽ കേസിൽ പ്രാരംഭ പ്രവർത്തനങ്ങൾ ഒഴികെയുള്ള പ്രവൃത്തികൾ നടത്തുന്നത് സ്റ്റേ ചെയ്തിരിക്കുകയാണ്. കൺസൽട്ടൻസി കരാർ ഏറ്റെടുത്ത സ്ഥാപനം ശരിയായ രീതിയിൽ Public Consultation നടത്തുകയോ നഗരസഭയുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുകയോ ചെയ്യാത്തതാണ് കോടതി വ്യവഹാരത്തിലേക്കും പ്രവൃത്തി ആരംഭിക്കാൻ കഴിയാത്ത സാഹചര്യത്തിലേക്കും നയിച്ചത്.

(7) STP, നെറ്റ്‌വർക്ക് എന്നിവ ഒരേ സമയം ടെണ്ടർ നടത്തി

അമൃത് പദ്ധതിയുടെ സംസ്ഥാനതല ഉന്നതാധികാര സമിതിയുടെ 24-ാംമത് യോഗ തീരുമാനം കത്ത് മുഖേന തദ്ദേശസ്വയം ഭരണ വകുപ്പ് സെക്രട്ടറി 04.09.2020 ന് നഗരസഭയെ അറിയിച്ചിട്ടുണ്ട്. ഈ കത്തിൽ STP, നെറ്റ്‌വർക്ക് എന്നീ രണ്ട് പ്രവൃത്തികളും വെവ്വേറെ (Split) ടെണ്ടർ ചെയ്യാനും (STP നിർമ്മാണം, ശൃംഖലാ സംവിധാനം) STP നിർമ്മാണം ആദ്യം തുടങ്ങാനും STP യുടെ നിർമ്മാണ പ്രവൃത്തി പുരോഗമിച്ച ശേഷം നെറ്റ്‌വർക്ക് പ്രവൃത്തിയുടെ ഭാഗം ടെണ്ടർ ചെയ്താൽ മതിയെന്നും അങ്ങനെ വന്നാൽ തുടക്കത്തിൽ തന്നെ പൈപ്പ് വാങ്ങുന്നതും അല്ലെങ്കിൽ പൈപ്പ് മാത്രം സ്ഥാപിക്കുന്നതുമായ സാഹചര്യം ഇല്ലാതാക്കാനും കഴിയുമെന്ന് അറിയിച്ചു. എന്നാൽ ഈ നിർദ്ദേശം പാലിക്കാതെ STP, Network എന്നീ രണ്ട് പ്രവൃത്തികളും വെവ്വേറെയായി ഒരേ ദിവസം തന്നെ ടെണ്ടർ ചെയ്തു. STP, Network എന്നീ 2 പ്രവൃത്തികളും വെവ്വേറെ ടെണ്ടർ ചെയ്യണമെന്ന നിർദ്ദേശം അംഗീകരിക്കുകയും STP ടെണ്ടർ ചെയ്ത് കരാർ നൽകി

STPയുടെ നിർമ്മാണം പുരോഗമിച്ച ശേഷം നെറ്റ്‌വർക്ക് സ്ഥാപിക്കുന്ന പ്രവൃത്തി ടെണ്ടർ ചെയ്താൽ മതിയെന്ന നിർദ്ദേശം ലംഘിക്കുകയും ചെയ്തു. STP നിർമ്മിക്കുന്ന പ്രവൃത്തി ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അനുമതി ലഭിക്കാത്തതിനാലും പൊതുജനങ്ങളുടെ ശക്തമായ എതിർപ്പ് കാരണവും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ 7 MLD യുടെ നെറ്റ്‌വർക്ക് സ്ഥാപിക്കുന്ന പ്രവൃത്തി കരാർ ഏറ്റെടുത്ത Nasit Infrastructure എന്ന സ്ഥാപനം പ്രവൃത്തിക്ക് വേണ്ടി 20004 മീറ്റർ പൈപ്പ് (3334 എണ്ണം പൈപ്പ്) പ്രവൃത്തി സ്ഥലത്ത് ഇറക്കിയ ശേഷം ബിൽ തുകയായ 1,87,53,750/- രൂപ അനുവദിക്കാൻ കത്ത് നൽകിയിട്ടുണ്ട്. അമൃത് മിഷൻ സംസ്ഥാന ഉന്നതാധികാര സമിതിയുടെ നിർദ്ദേശം അവഗണിച്ച് ഒരുമിച്ച് ടെണ്ടർ നടത്തിയതിനാലാണ് ഈ സാഹചര്യം ഉണ്ടായത്.

(8) എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കൂടുതലായിട്ടും റീ ടെണ്ടർ ചെയ്തില്ല

STP, Network എന്നിവ വെവ്വേറെ (Split) ടെണ്ടർ ചെയ്യാൻ SHPSC നിർദ്ദേശിച്ചതു പ്രകാരം നെറ്റ്‌വർക്കിന് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 7 MLD 34.81%, 6 MLD - 32.47% കൂടുതൽ തുകയാണ് ക്വാട്ട് ചെയ്തത്. എസ്റ്റിമേറ്റ് നിരക്കിനേക്കാൾ വളരെ കൂടുതൽ നിരക്ക് ക്വാട്ട് ചെയ്തിട്ടും റീ ടെണ്ടർ ചെയ്യാൻ നടപടി സ്വീകരിച്ചിട്ടില്ല. റീ ടെണ്ടർ

ചെയ്യുന്നതിന് പകരം മേയർ, കൗൺസിലർമാർ തുടങ്ങിയവർ ചേർന്ന് ടെണ്ടർ സമർപ്പിച്ച കമ്പനിയുമായി നെഗോസിയേഷൻ നടത്തി കരാർ തുക (എസ്റ്റിമേറ്റ് നിരക്കേനേക്കാൾ 30% കൂടുതൽ) 30% ആയി കുറയ്ക്കുകയായിരുന്നു. MOHUA (Ministry Of Housing And Urban Affairs) യുടെ കത്ത് പ്രകാരം 31.03.2021 നകം പ്രവൃത്തി അവാർഡ് ചെയ്തില്ലെങ്കിൽ പദ്ധതി ക്യാൻസൽ ചെയ്യുമെന്ന് അറിയിച്ചതിനാലാണ് റീ ടെണ്ടർ നടപടികൾ സ്വീകരിക്കാതിരുന്നതെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് കാരണമാണ് 30% അധിക നിരക്കായിട്ടു പോലും റീ ടെണ്ടർ നടപടികൾ സ്വീകരിക്കാതെ പ്രവൃത്തി കരാർ വെച്ച് അവാർഡ് ചെയ്യുന്ന നടപടികളുമായി മുന്നോട്ട് പോയത്. ടെണ്ടർ Excess ആയ തുക നഗരസഭ വഹിക്കാൻ തയ്യാറാണെന്ന് (CR 98/15.02.2021) കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. ഇത് നഗരസഭയുടെ സാമ്പത്തിക ബാധ്യത വർദ്ധിപ്പിക്കുന്നതും സാമ്പത്തിക താല്പര്യത്തിന് വിരുദ്ധവുമായ നടപടിയാണ്. സമയബന്ധിതമായി DPR സമർപ്പിക്കൽ, ടെണ്ടർ നടപടികൾ സ്വീകരിക്കൽ എന്നിവ നടത്തുന്നതിൽ വന്ന വീഴ്ചയാണ് റീ ടെണ്ടർ നടത്തുന്നതിനും പ്രോജക്ട് നടപ്പാക്കുന്നതിൽ കാലതാമസം വരുന്നതിനും നഗരസഭക്ക് വൻ സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതിനും കാരണമായത്.

(9) LMR പ്രകാരമുള്ള Justification Estimate തയ്യാറാക്കിയില്ല

Kerala PWD Manual വകുപ്പ് 2009-4 പ്രകാരം എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 30% അധിക നിരക്കിൽ പാക്കേജ് A, B എന്നിവയിലെ നെറ്റ്‌വർക്ക് സംവിധാനം സ്ഥാപിക്കുന്ന പ്രവൃത്തി കരാർ നൽകുന്നതിന് മുമ്പ് Local Market Rate പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റുമായി തുലനം ചെയ്താൽ തുല്യമായി വരുന്നുണ്ടെങ്കിൽ കൂടിയ നിരക്ക് കാണിച്ച ടെണ്ടർ സ്വീകരിക്കാവുന്നതാണ്. എന്നാൽ Local Market Rate പ്രകാരം കുറഞ്ഞ തുകയാണ് സ്ഥാപനം ക്വാട്ട് ചെയ്തതെന്ന "റാംബയോളജിക്കൽസ്" ന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നഗരസഭ 30% അധിക നിരക്കിൽ കരാർ നൽകിയത്. ഇതിനായി Justification Estimate തയ്യാറാക്കി വിലയിരുത്തൽ നടത്തേണ്ടതാണ്. ഇങ്ങനെ Local Market Rate പ്രകാരം തയ്യാറാക്കിയ Justification Estimate ഫയലിൽ ഇല്ലാത്തതിനാൽ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

(10) ടെണ്ടർ തുറന്ന ശേഷം നെഗോസിയേഷൻ നടത്തി

കേരള PWD മാന്വൽ 2012, വകുപ്പ് 2009-3 പ്രകാരം ടെണ്ടർ തുറന്ന ശേഷം നെഗോസിയേഷൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ 7 MLD നെറ്റ്‌വർക്കിന് ക്വാട്ട് ചെയ്ത 34.81% 6 MLD നെറ്റ്‌വർക്കിന് ക്വാട്ട് ചെയ്ത 32.47% എന്ന നിരക്കും മേയർ കൗൺസിലർമാർ എന്നിവർ കരാർ കമ്പനിയായ Nasit Infrastructure മായി നെഗോസിയേഷൻ നടത്തി 30% ആയി കുറച്ചു. ഇത് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 30% കൂടുതലാണ്. ടെണ്ടർ തുറന്ന ശേഷം നെഗോസിയേഷൻ നടത്താൻപാടില്ലെന്ന വ്യവസ്ഥക്ക് വിരുദ്ധമായി നെഗോസിയേഷൻ നടത്തി.

(11) പരസ്പര വിരുദ്ധമായ പ്രവൃത്തി പൂർത്തീകരണ കാലാവധി ഉൾപ്പെടുത്തി

STP, Network എന്നിവ സ്ഥാപിക്കുന്നതിന് Nasit Infrastructure, Seamak Hitech Products എന്നീ സ്ഥാപനങ്ങളുമായുള്ള കരാറിലെ നിബന്ധന 3 (F) പ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി വർക്ക് ഓർഡർ തീയതി മുതൽ 9 മാസക്കാലമാണ്. എന്നാൽ EG 21/61457/17B തീയതി 16.06.2021 പ്രകാരം Seamak Hitech

Products എന്ന കരാർ കമ്പനിക്ക് നൽകിയ വർക്ക് ഓർഡറിൽ Statutory Clearance (KPCB, KCZMA) കിട്ടിയ ശേഷം മാത്രമെ സൈറ്റ് ഏറ്റെടുക്കാവൂ എന്നും, സൈറ്റ് കൈമാറുന്ന നടപടിക്ക് ശേഷമേ പ്രവൃത്തി ആരംഭിക്കാവൂ എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സൈറ്റ് കൈമാറുന്ന തീയതി മുതൽ 9 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കണമെന്നും വർക്ക് ഓർഡറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കരാറിൽ വർക്ക് ഓർഡർ തീയതി മുതൽ 9 മാസത്തിനകം പൂർത്തിയാക്കണമെന്നും വർക്ക് ഓർഡറിൽ സൈറ്റ് കൈമാറുന്ന തീയതി മുതൽ 9 മാസത്തിനുള്ളിൽ പൂർത്തിയാക്കണമെന്നുമുള്ള പരസ്പര വിരുദ്ധമായ വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത് പിന്നീട് നിയമ പ്രശ്നങ്ങൾക്ക് വഴി വെക്കുന്നതാണ്. കേരള PWD മാന്വൽ 2012 വകുപ്പ് 2005 പ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി സൈറ്റ് കൈമാറുന്ന തീയതി മുതലാണ് കണക്കാക്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. PWD മാന്വലിന് വിരുദ്ധമായ വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തിയത് വീഴ്ചയാണ്. പ്രവൃത്തിയുടെ കരാർ വെച്ചതിന്റെയും വർക്ക് ഓർഡർ, സൈറ്റ് കൈമാറൽ എന്നിവയുടെയും വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | കരാർ നം./ തീയതി | വർക്ക് ഓർഡർ തീയതി | സൈറ്റ് കൈമാറൽ തീയതി |
|---|---|---|---|---|
| 1 | STP 7 MLD Package A 20,50,00,000/- | SE/Amrut /01/21-22 22.04.2021 | 16.06.21 | 12.08.21 |
| 2 | STP 6 MLD Package B 17,11,00,000/- | SE/Amrut /03/21-22 22.04.2021 | 25.11.21 | 25.11.21 |
| 3 | Network 7 MLD 50,76,56,179 | SE/2/2/Amrut /021-22 22.04.2021 | 05.07.21 | 10.08.21 |
| 4 | Network 6 MLD 51,08,11,312 | SE/Amrut /4/2021-22 22.04.2021 | 25.11.21 | കരാറുകാരൻ ഒപ്പിട്ട് സൈറ്റ് ഏറ്റുവാങ്ങിയിട്ടില്ല. AE 25.11.2021 ന് സൈറ്റ് കൈമാറിയെന്ന് എഴുതി ഒപ്പിട്ടു |

6 MLD STP Package B പ്രവൃത്തി ഒഴികെ ബാക്കിയുള്ള മൂന്ന് പ്രവൃത്തികളും വർക്ക് ഓർഡർ തീയതിയും സൈറ്റ് കൈമാറിയ തീയതിയും വ്യത്യസ്തമാണ്. കൂടാതെ കരാറിലെ വ്യവസ്ഥ 7 പ്രകാരം സൈറ്റ് കൈമാറിയ ശേഷം മാത്രമെ പ്രവൃത്തി ആരംഭിക്കാവൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കരാറിലെ 7, 3 (F) എന്നീ വ്യവസ്ഥകൾ പരസ്പര വിരുദ്ധമാണ്,

(A) പാക്കേജ് B യുടെ ഭാഗമായി "കോതി" എന്ന സ്ഥലത്ത് സ്ഥാപിക്കാനുദ്ദേശിക്കുന്ന 6 MLD നെറ്റ്‌വർക്ക് പ്രവൃത്തി ഏറ്റെടുത്ത "Nasit Infrastructure" എന്ന സ്ഥാപനവുമായി 22.04.2021 ന് കരാർ വെക്കുകയും കരാർ കമ്പനിക്ക് 25.11.2021 ന് വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. സൈറ്റ് കൈമാറുന്നതിനുള്ള രേഖ പ്രകാരം കൈമാറുന്ന ഉദ്യോഗസ്ഥനായ അസി.എഞ്ചിനീയർ 25.11.2021 ന് സൈറ്റ് കൈമാറിയതായി രേഖപ്പെടുത്തി ഒപ്പ് വെച്ചിട്ടുണ്ട്. എന്നാൽ കരാർ ഏറ്റെടുത്ത സ്ഥാപനത്തിന്റെ പ്രതിനിധി സൈറ്റ് ഏറ്റെടുത്തതായി കാണിച്ച് ഒപ്പുവെച്ചിട്ടില്ല. എന്നാൽ നഗരസഭ യാതൊരു തുടർനടപടിയും സ്വീകരിച്ചിട്ടില്ല.

2012 ലെ കേരള PWD Manual ഖണ്ഡിക 2102-(1) പ്രകാരം കരാർ ചമച്ച് 10 ദിവസത്തിനകം കരാറുകാരനോ അയാളുടെ അംഗീകൃത പ്രതിനിധിയോ പ്രവൃത്തി സ്ഥലം AE യിൽ നിന്ന് ഏറ്റെടുക്കേണ്ടതും കൈപ്പറ്റ് രശീതി ഒപ്പിട്ട് നൽകേണ്ടതുമാണ്. കാരറുകാരൻ സൈറ്റ് ഏറ്റെടുക്കാൻ ഹാജരാകുന്നില്ല എങ്കിൽ AE ഒപ്പ് വെച്ച കൈപ്പറ്റ് രശീതി കരാറുകാരന് രജിസ്റ്റേഡ് തപാലിൽ അയച്ച് നൽകേണ്ടതാണ്. ഇത്തരം സാഹചര്യത്തിൽ അയച്ച ദിവസം മുതൽ കാരറുകാരൻ സൈറ്റ് ഏറ്റെടുത്തതായി കരുതേണ്ടതാണ്. എന്നാൽ AE ഒപ്പ് വെച്ച സൈറ്റ് കൈമാറുന്ന രേഖ കരാറുകാരന് നഗരസഭ രജിസ്റ്റേഡ് തപാലിൽ അയച്ചു കൊടുത്തതിന്റെ രശീതിയോ, കൈപ്പറ്റ് രശീതിയോ ഫയലിൽ കാണാത്തതിനാൽ കാരാറുകാരന് സൈറ്റ് കൈമാറിയതിന്റെ രേഖ അയച്ചു കൊടുത്തിട്ടില്ലെന്ന് വ്യക്തമാണ്. ഈ സാഹചര്യത്തിൽ ഈ പ്രവൃത്തിയുടെ സൈറ്റ് നാളിതുവരെ കരാർ വെച്ച് (22.04.2021) ഒരു വർഷം കഴിഞ്ഞിട്ടും, വർക്ക് ഓർഡർ നൽകി 6 മാസം കഴിഞ്ഞിട്ടും കൈമാറിയില്ല എന്നത് ഗുരുതര വീഴ്ചയാണ്.

2012 ലെ Kerala PWD മാന്വലിലെ മേൽ വ്യവസ്ഥ പ്രകാരം 10 ദിവസത്തിനകം കരാറുകാരനോ അയാളുടെ അംഗീകൃത ഏജന്റോ പ്രവൃത്തി സ്ഥലം AE യിൽ നിന്ന് ഏറ്റെടുക്കേണ്ടതാണ്. എന്നാൽ 22.04.2021 ന് 4 പ്രവൃത്തികളും കരാർ വെച്ചിട്ടു മൂന്ന് പ്രവൃത്തികളുടെയും സൈറ്റ് കൈമാറിയത് 2 മുതൽ 7 വരെ മാസങ്ങൾ കഴിഞ്ഞും ഒരു പ്രവൃത്തി (6 MLD Network) നാളിതുവരെ സൈറ്റ് കൈമാറിയില്ലെന്നതും ഗുരുതര വീഴ്ചയാണ്.

(12) 7 MLD Network കരാർ കമ്പനിക്ക് പൈപ്പ് ഇറക്കിയ തുക നൽകാതിരിക്കൽ

STP പ്രവൃത്തി ആരംഭിച്ച് പുരോഗതി കൈവരിച്ച ശേഷം മാത്രം Network പ്രവൃത്തി ടെണ്ടർ ചെയ്താൽ മതിയെന്ന SHPSC, 9 Th Technical Committe എന്നിവയുടെ നിർദ്ദേശം പാലിക്കാതെ ഒരേ തീയതിയിൽ ടെണ്ടർ നടത്തി നെറ്റ്‌വർക്ക് സ്ഥാപിക്കുന്ന പ്രവൃത്തി കരാർ നൽകിയെങ്കിലും STP പ്രവൃത്തി പൊതുജനങ്ങളുടെ എതിർപ്പിനെ തുടർന്നും മറ്റ് വകുപ്പുകളിൽ നിന്നുള്ള അനുമതി ലഭിക്കാൻ വൈകിയതിനാലും ആരംഭിക്കാൻ കഴിഞ്ഞില്ല. എന്നാൽ 7 MLD Network ന് ആവശ്യമായ പൈപ്പുകൾ ഇറക്കിയ വകയിൽ കരാർ സ്ഥാപനം 1,87,53,750/- രൂപ 16.10.2021 ന് ആവശ്യപ്പെട്ടു.

മെറ്റീരിയൽ കോസ്റ്റിന്റെ 75% തുക കരാർ കമ്പനിക്ക് ലഭിക്കാൻ അർഹതയുണ്ട്. എന്നാൽ Note File (EG 21/43164/21) പേജ് 30 ൽ "പ്രവൃത്തി ആരംഭിക്കാത്ത സാഹചര്യത്തിൽ തുക ഉടനെ അനുവദിക്കേണ്ടതില്ല എന്ന് അഭിപ്രായപ്പെടുന്നതായി" സെക്രട്ടറി 17.12.2021 നം "STP യുടെ പ്രവൃത്തി പുരോഗമിക്കുന്നതുവരെ താങ്കളുടെ തുക അനുവദിക്കാവുന്നതല്ലെന്ന്" SE 08.02.2022 ന് "Nasit Infrastructure" ന് അയച്ച കത്തിലും വ്യക്തമാക്കിയിട്ടുണ്ട്. ഇത് കരാർ വ്യവസ്ഥയുടെ ലംഘനമായതിനാൽ നിയമനടപടികളിലേക്ക് നീങ്ങാനും കരാർ കമ്പനിക്ക് നഷ്ടപരിഹാരമോ പലിശയോ വരെ

നൽകേണ്ട സാഹചര്യവും ഉണ്ടാകാനിടയുണ്ട്. SHPSC യുടെയും Technical Committee യുടെയും നിർദ്ദേശങ്ങൾ അവഗണിച്ചതാണ് ഈ സാഹചര്യത്തിന് കാരണമായത്. പൈപ്പ് ഇറക്കിയ വകയിൽ തുക നൽകിയാൽ ഏതെങ്കിലും സാഹചര്യത്തിൽ STP പ്രോജക്ട് ഉപേക്ഷിക്കേണ്ടതായോ നടപ്പാക്കാൻ കഴിയാത്ത സാഹചര്യമോ ഉണ്ടായാൽ കരാർ കമ്പനിക്ക് നൽകുന്ന തുക പാഴ്ചെലവായി മാറുന്നതും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ ബാധ്യതയായി മാറുന്നതുമാണ്.

(13) PCB അനുമതി ലഭിക്കാൻ തെറ്റായ വിവരം നൽകി

"കോതി" എന്ന സ്ഥലത്ത് 6 MLD STP സ്ഥാപിക്കാനുദ്ദേശിക്കുന്ന നഗരം വില്ലേജിൽ റി.സ.15-12-298 നമ്പറിൽപ്പെട്ട 96.5 ഏക്കർ ഭൂമി റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതായതിനാൽ നഗരസഭയ്ക്ക് STP നിർമ്മിക്കുന്നതിന് 120 വർഷത്തേക്ക് ലീസിന് അനുവദിക്കാൻ 26.02.2021 ന് ജില്ലാ കലക്ടർക്ക് അപേക്ഷ നൽകിയിരുന്നു. എന്നാൽ പ്രോജക്ടിന് Pollution Control Board ൽ നിന്നുള്ള അനുമതിക്ക് വേണ്ടി നഗരസഭ സെക്രട്ടറി 16.01.2021 ന് KPCB ൽ സമർപ്പിച്ച സത്യവാങ്മൂലത്തിൽ 6 MLD പ്ലാന്റ് സ്ഥാപിക്കുന്ന ഭൂമി നഗരസഭയുടെ ഉടമസ്ഥതയിലുള്ളതാണെന്ന് തെറ്റായി പരാമർശിച്ചിട്ടുണ്ട്. റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമി നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഭൂമിയാണെന്ന രീതിയിൽ സമർപ്പിച്ച സത്യവാങ്മൂലം പരിഗണിച്ചാണ് KPCB 28.07.2021 ന് അനുമതി നൽകിയത്. തുടർന്ന് 08.11.2021 ന് KCZMA യും അനുമതി നൽകി. 7 MLD STP സ്ഥാപിക്കാൻ കരാർ ഏറ്റെടുത്ത "Seamak Hitech Products" എന്ന സ്ഥാപനം 09.12.2021 ന് KPCB അനുമതി കിട്ടാത്തതിനാലും Local Protest കാരണവും പ്രവൃത്തി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലെന്നും ഈ പ്രവൃത്തി 2016 ലെ SOR പ്രകാരമുള്ളതാണെന്നും 01.11.2021 ന് പുതിയ നിരക്ക് പ്രാബല്യത്തിൽ വന്നിട്ടുണ്ടെന്നും അത് പ്രകാരം നിരക്ക് പുതുക്കി തരണമെന്നും പൂർത്തീകരണ കാലാവധി നീട്ടി നൽകണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കാൻ കഴിയാത്ത സാഹചര്യത്തിൽ കാലാവധി 21.01.2022 ന് അവസാനിച്ചതിനാൽ കാലാവധി നീട്ടുന്ന കാര്യം പരിഗണിക്കുന്നതാണെന്ന് SE "Seamak Hitch Products" നെ 18.01.2022 ന് അറിയിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ കാലാവധി കരാറുകാരന്റേതല്ലാത്ത കാരണത്താൽ നീണ്ടു പോകുന്ന പക്ഷം നിർമ്മാണ സാധനങ്ങളായ കമ്പി, സിമന്റ് എന്നിവ വില ഉയർന്ന സാഹചര്യത്തിൽ പുതുതായി നിലവിൽ വന്ന SOR പ്രകാരം കൂടുതൽ തുക കരാറുകാരൻ ആവശ്യപ്പെടുകയും നിയമനടപടികളിലേക്ക് നീങ്ങുന്ന സാഹചര്യവും ഉണ്ടാകുന്നതാണ്.

പ്രവൃത്തി സ്ഥലം തർക്കരഹിതമായതും പ്രവൃത്തിക്ക് എല്ലാ അനുമതികളും ലഭ്യമായതിന് ശേഷവും ഭൂമി വിട്ടു കിട്ടിയ ശേഷവും മാത്രമേ ടെണ്ടർ നടപടി ആരംഭിക്കാൻ പാടുള്ളൂ എന്നിരിക്കെ കരാർ നൽകിയത് തെറ്റായ നടപടിയും 2012 ലെ Kerala PWD മാന്വലിന്റെ ലംഘനവുമാണ്. സൂപ്രണ്ടിംഗ് എഞ്ചിനീയർ 12.01.2022 ന് "Seamak Hitech Products" ന് അയച്ച കത്തിൽ "പ്രവൃത്തി ആരംഭിക്കുന്നതിന് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നതായി" അറിയിച്ചത്. നഗരസഭയുടെ ഭാഗത്ത് വീഴ്ച വന്നുവെന്ന് അംഗീകരിക്കുന്ന നടപടിയാണ്. കൂടാതെ STP പ്രദേശത്ത് Land Filling, Compound Wall ഉൾപ്പെടെയുള്ള വിശദാംശങ്ങൾ കൺസൽട്ടന്റ് തയ്യാറാക്കിയ DPR ൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാലും Drawings ൽ മാറ്റം വന്നതിനാലും വീണ്ടും കൂടുതൽ നടപടികളിലേക്ക് പോകേണ്ട സാഹചര്യവും അതുവഴി കാലതാമസവും ഉണ്ടാകുന്നു.

<u>മാവൂർ റോഡ് നോർത്ത് സൈഡ് ഡ്രെയിനേജ് നിർമ്മാണം</u>

<u>ഫയൽ നമ്പർ. EG 21/25063/18</u>

മാവൂർ റോഡ് നോർത്ത് സൈഡ് മഴവെള്ള ഓവ്ചാൽ നിർമ്മാണത്തിന് (Storm Water Drainage) ടെണ്ടർ ക്ഷണിച്ചതിൽ ആരും പങ്കെടുക്കാത്തതിനെ തുടർന്ന് റീടെണ്ടർ ചെയ്യുകയും 2,18,39,713.71 രൂപ ക്വാട്ട് ചെയ്ത M/S.Umrah Engineering And Construction Pvt. Ltd. എന്ന സ്ഥാപനത്തിന്റെ ഏക ടെണ്ടർ (CR45/07.09.2018) കൗൺസിൽ അംഗീകരിക്കുകയും ചെയ്തു. തുടർന്ന് ഈ കമ്പനിയുമായി 07.10.2017 തീയതി കരാർ വെക്കുകയും 10.12.2018 ന് പ്രവൃത്തിയുടെ സൈറ്റ് കൈമാറുകയും ചെയ്തു. എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 8.75% കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ ആണ് അംഗീകരിച്ചത്. കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലാവധി 09.12.2019 ആയിരുന്നെങ്കിലും എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടതിനാലും കരാറുകാരന്റേതല്ലാത്ത കാരണത്താലും പ്രവൃത്തി കാലാവധി 31.03.2021 തീയതി വരെ നീട്ടി നൽകി. പ്രവൃത്തി നടന്നു വരവെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും 2,46,00,000/- രൂപയുടെ സാങ്കേതികാനുമതി ലഭിച്ച പ്രോജക്ടിന് 3,90,00,000/- രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് കരാറുകാരൻ പ്രവൃത്തി പൂർത്തിയാക്കിയതിനാൽ ആകെ 3,01,29,310/- രൂപ നൽകിയിട്ടുണ്ട്.

പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

(1) പ്രവൃത്തിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയതിലെ അപാകത

മഴവെള്ള ഓവ് ചാൽ (Storm Water Drainage) പ്രവൃത്തിക്ക് വേണ്ടി വിശദമായ പ്രോജകട് റിപ്പോർട്ട് (DPR)

തയ്യാറാക്കുന്നതിന് ISA (Institute For Societal Advancement) എന്ന സ്ഥാപനത്തെയാണ് നഗരസഭ (CR.64 തീയതി 28.06.2017) ചുമതലപ്പെടുത്തിയത് . ഇത് പ്രകാരം (EG12/44308/16 തീയതി 23.06.2017) സ്ഥാപനത്തിന് LOA (Letter Of Acceptance) നൽകിയിട്ടുണ്ട്. ടെണ്ടർ ക്ഷണിച്ചതിൽ ഒരു സ്ഥാപനം മാത്രമാണ് ടെണ്ടർ സമർപ്പിച്ചതെന്നും ഈ സ്ഥാപനത്തിന്റെ 0.70% ന്റെ ഏക ടെണ്ടർ അംഗീകരിച്ചതായും ഫയലിൽ കാണുന്നു. ഈ സ്ഥാപനം മൂന്ന് വാർഷിക പദ്ധതികളിലുമായി 9 പ്രോജക്ടുകളുടെ (41.43 കോടി) DPR തയ്യാറാക്കി സമർപ്പിച്ചത് (CR.34/30.08.2017) കൗൺസിൽ അംഗീകരിച്ചു. ഇതിൽ ഉൾപ്പെട്ട മേൽ പ്രവൃത്തിക്കായി 2,38,07,456/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും (TS Amount 2,46,00,000) ഇത് പ്രകാരം 2,18,39,714 രൂപക്ക് M/S.Umrah Engineering And Construction Pvt. Ltd എന്ന സ്ഥാപനം പ്രവൃത്തി ഏറ്റെടുക്കുകയും ചെയ്തു. പ്രവൃത്തി നടന്നുവരവെ KWA, KSEB, BSNL തുടങ്ങി വിവിധ വകുപ്പുകളുടെ

കേബിളുകൾ, പൈപ്പ് ലൈൻ എന്നിവ ഡ്രൈൻ അലൈൻമെന്റിൽ വരുന്നതായി കണ്ടതിനെ തുടർന്ന് ഇവ കടന്നു പോകുന്നതായ ഡ്രൈനേജിന്റെ ഒരു വശത്ത് (Additional Cable Duct) "ഡക്ട്" നിർമ്മിക്കുന്നതിന് നഗരസഭ തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ അധിക പ്രവൃത്തി ചെയ്യുന്നതിന് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും ഇത് CR 9/30.12.2019 പ്രകാരം കൗൺസിൽ അംഗീകരിക്കുകയും ചെയ്തു. പുതുക്കിയ 3,90,00,000/- രൂപയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ഒറിജിനൽ എസ്റ്റിമേറ്റിനേക്കാൾ 58.53% കൂടുതലാണ് എസ്റ്റിമേറ്റ് തുക. കൺസൽട്ടൻസി സ്ഥാപനമായ ISA തയ്യാറാക്കിയ DPR പ്രകാരം കരാർ നൽകി പ്രവൃത്തി ഏറ്റെടുത്ത് നടന്ന വരവെ 5 പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടതായ സഹാചര്യം ഉണ്ടായിട്ടുണ്ട്. ഇതിൽ "YMRC റോഡ് മില്ലത്ത് കോളനി സ്റ്റോംവാട്ടർ ഡ്രെയിനേജ്" പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ടെങ്കിലും കൂടിയ വർദ്ധനവിന് മുഴുവനായും അംഗീകാരം ലഭിച്ചിട്ടില്ലാത്തതിനാൽ പ്രവൃത്തി നടപ്പിലാക്കാൻ കഴിയാതെ 43% പ്രവൃത്തി മാത്രമാണ് പൂർത്തിയാക്കിയത്. തുടർന്ന് എസ്റ്റിമേറ്റിലെ പിഴവ് കാരണം കരാറുകാരൻ പ്രവൃത്തിയിൽ നിന്നും ഒഴിവാക്കാനാവശ്യപ്പെട്ടിട്ടുണ്ട്. നഗരസഭ സൂപ്രണ്ടിംഗ് എഞ്ചിനീയർ 05.08.2021 ന് നോട്ട് ഫയലിൽ "കൺസൽട്ടന്റ് തയ്യാറാക്കിയ എസ്റ്റിമേറ്റുകളിൽ പ്രായോഗികമായി പ്രശ്നങ്ങളുള്ളതായി Execution സമയത്ത് ബോധ്യപ്പെട്ടിരിക്കുകയാണ്. ഇത്രയും വലിയ തുക മുടക്കി Estimate തയ്യാറാക്കിയിട്ടും Site, Execution ന് ടി Estimateകൾ ഉപയോഗപ്രദമായിട്ടില്ലെന്നാണ് വസ്തുത. ഒരു പ്രവൃത്തിക്ക് വേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ പാലിക്കേണ്ട അടിസ്ഥാനപരമായ കാര്യങ്ങൾ പോലും പാലിക്കാതെയാണ് ചില എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിരിക്കുന്നത്. ആയതിനാൽ ടി സ്ഥാപനത്തോട് ഇക്കാര്യത്തിൽ വിശദീകരണം ചോദിക്കേണ്ടതുണ്ട്. എസ്റ്റിമേറ്റിൽ വന്ന പ്രധാന അപാകതകൾ റിപ്പോർട്ട് ചെയ്യണമെന്നും" രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ നിന്നും DPR തയ്യാറാക്കുന്നതിൽ മുൻപരിചയമോ യോഗ്യതയോ ഇല്ലാത്ത സ്ഥാപനത്തെയാണ് നഗരസഭ ചുമതലപ്പെടുത്തിയതെന്ന് വ്യക്തമാണ്. ഈ സ്ഥപനത്തെ DPR തയ്യാറാക്കുന്നതിനുള്ള കൺസൽട്ടന്റ് ആയി തെരഞ്ഞെടുത്തതിന്റെ നടപടിക്രമങ്ങളടങ്ങിയ EG12/44308/16 നമ്പർ ഫയൽ പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ടിട്ടും ആയത് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഈ സ്ഥാപനത്തിന്റെ യോഗ്യത, മുൻപരിചയം, സ്ഥാപനത്തെ തെരഞ്ഞെടുത്ത രീതി എന്നിവ പരിശോധിച്ച് ഈ റിപ്പോർട്ടിന്റെ ഭാഗമായി ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. മാവൂർ റോഡ് നോർത്ത് സൈഡ് മഴവെള്ള ഓവ്ചാൽ നിർമ്മിക്കുന്ന പ്രവൃത്തിയിൽ Additional Cable Duct നിർമ്മിക്കേണ്ടതിനാൽ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം

ഒറിജിനൽ എസ്റ്റിമേറ്റിന്റെ 58.53% അധികം വന്നിട്ടുണ്ട്. ആയതിനാൽ ഐറ്റം റേറ്റ് പ്രകാരം കരാർ ഏറ്റെടുത്ത M/S.Umrah Engineering And Construction Pvt. Ltd എന്ന സ്ഥാപനം 8.75% കുറവിലാണ് പ്രവൃത്തി ഏറ്റെടുത്തത്. എസ്റ്റിമേറ്റിന്റെ 25% അധികരിച്ച് വരുന്ന അളവുകൾക്ക് ക്വാട്ടഡ് റേറ്റ് അനുവദിക്കണമെന്ന് കരാറുകാരൻ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ എഗ്രിമെന്റ് Quantity അവസാനിച്ചപ്പോൾ പുതുക്കിയ എസ്റ്റിമേറ്റിൽ അധികരിച്ച ക്വാണ്ടിറ്റിക്ക് എഗ്രിമെന്റ് ക്വാണ്ടിറ്റിയുടെ 25% വരെ G.O.(P)54/2019 Fin. തീയതി 04.05.2019 പ്രകാരം ക്വാട്ടഡ് റേറ്റ് നൽകുന്നതിനും ബാക്കി ക്വാണ്ടിറ്റിക്ക് എസ്റ്റിമേറ്റ് റേറ്റിൽ നിന്ന് കരാറുകാരൻ ക്വാട്ട ചെയ്ത മൊത്തം ടെണ്ടർ കുറവായ 8.75% കുറച്ച് നൽകുന്നതിനും മാത്രമാണ് മേൽ ഉത്തരവ് പ്രകാരം അനുമതിയുള്ളത്. എന്നാൽ 6 ഇനങ്ങൾക്ക് 25% കഴിഞ്ഞ് വരുന്ന ക്വാണ്ടിറ്റിക്ക് കരാറുകാരൻ ക്വാട്ടഡ് റേറ്റ് ആവശ്യപ്പെട്ടിട്ടുണ്ട്. ക്വാട്ടഡ് റേറ്റും എസ്റ്റിമേറ്റ് റേറ്റും തമ്മിൽ 12,36,267 രൂപയുടെ വ്യത്യാസമുണ്ട്. ഈ തുക കരാറുകാരന് അനുവദിച്ച് നൽകുന്നതിന് കൗൺസിൽ (CR1/28.10.2020) തീരുമാന പ്രകാരം സർക്കാരിലേക്ക് അയച്ചിട്ടുണ്ട്. പ്രവൃത്തി കരാറുകാരൻ പൂർത്തിയാക്കി ഫൈനൽ ബിൽ നൽകിയിട്ടും കാരാറുകാരനുമായുള്ള തർക്കം തുടരുന്ന സാഹചര്യമാണുള്ളത്. കൺസൽട്ടൻസി സ്ഥാപനം DPR തയ്യാറാക്കുന്നതിന് മുമ്പ് ആവശ്യമായ പഠനങ്ങൾ, Investigation എന്നിവ നടത്താത്തതിനാൽ പ്രവൃത്തി നിർവ്വഹണ സമയത്ത് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായും എസ്റ്റിമേറ്റ് പുതുക്കേണ്ടതായ സാഹചര്യവും അതുവഴി പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്നതായും വിലയിരുത്തുന്നു.

2. കരാറുകാരന്റെ വീഴ്ചക്ക് നഗരസഭ നഷ്ടപരിഹാരം നൽകി

മഴവെള്ള ഓവുചാൽ നിർമ്മാണ പ്രവൃത്തി നടക്കുന്ന BMH Hospital മുതൽ Bharath Electronics Shop വരെയുള്ള ഭാഗത്ത് BSNL Copper Cable വൻ തോതിൽ കേടുവന്നിട്ടുണ്ടെന്നും കരാറുകാരന്റെ അശ്രദ്ധ മൂലമുണ്ടായ കേടുപാടുകളുടെ നഷ്ടം പ്രഥമികമായി 7.5 ലക്ഷം രൂപയായി വിലയിരുത്തി BSNL ഉദ്യോഗസ്ഥർ നഗരസഭക്ക് കത്തയച്ചു. തുടർന്ന് BSNL 7.5 ലക്ഷം രൂപയിൽ നിന്നും 4,33,530 രൂപയായി കുറച്ച് ആയതിന്റെ എസ്റ്റിമേറ്റ് സമർപ്പിച്ചു. ഈ തുക Utility Shifting

ഇനത്തിൽ ഉൾപ്പെടുത്തി BSNL ന് നൽകാൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ നിർദ്ദേശിച്ചു. ഇത് പ്രകാരം 11.12.2020 ന് ചേർന്ന അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ 14-ാമത് തീരുമാനപ്രകാരം BSNL ന് തുക നൽകാൻ തീരുമാനിച്ചത് പ്രകാരം BSNL ന് (Cheque 639667/04.03.2021) 4,33,530/- രൂപ നൽകി. എന്നാൽ പ്രവൃത്തി നടക്കുന്ന സമയത്ത് കരാറുകാരന്റെ അശ്രദ്ധ കാരണം BSNL കേബിളുകൾ കേടുവന്നതിന് നഗരസഭ ഫണ്ടിൽ നിന്നും 4,33,530/- രൂപ നൽകിയത് അംഗീകരിക്കുന്നില്ല. ഈ തുക കാരാറുകാരന്റെ ഫൈനൽ ബില്ലിൽ നിന്നും കുറവ് വരുത്തേണ്ടതായിരുന്നുവെങ്കിലും ആയത് ചെയ്തിട്ടില്ല. കരാറുകാരന്റെ അശ്രദ്ധ കാരണം BSNL കേബിളുകൾ കേടുവന്നിട്ടുണ്ടെങ്കിൽ ആയതിന്റെ നഷ്ടപരിഹാരം നൽകേണ്ട ഉത്തരവാദിത്വം കരാറുകാരന് മാത്രമാണ്. ഈ തുക ഒരു കാരണവശാലും Utility Shifting എന്ന ഇനത്തിൽ ഉൾപ്പെടുത്തി നൽകാവുന്നതല്ല. കേബിളുകൾ മാറ്റിസ്ഥാപിക്കുന്നതിനല്ല തുക നൽകിയത് പകരം കേടുവന്ന കേബിളുകളുടെ നഷ്ടപരിഹാരമായിട്ടാണ് നൽകിയത്. ഇക്കാര്യം പരിഗണിക്കാതെ BSNL ന് 4,33,350/- രൂപ നൽകിയത് വീഴ്ചയാണ്.

3. യൂട്ടിലിറ്റി ഷിഫ്റ്റിംഗിന് മതിയായ തുക ഉൾപ്പെടുത്തിയിട്ടില്ല

മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ Utility Shifting ഇനത്തിൽ ആകെ 2 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കോഴിക്കോട് നഗരത്തിലെ പ്രധാനപ്പെട്ട സ്ഥലങ്ങളിലൂടെ നിർമ്മിക്കുന്ന മഴവെള്ള ഓവ്ചാൽ നിർമ്മാണ സമയത്ത് ഏതൊക്കെ പൈപ്പുകളും കേബിളുകളുമാണ് മാറ്റേണ്ടതായി വരുന്നതെന്ന് കൃത്യമായ പഠനമില്ലാതെ കൺസൽട്ടൽസി സ്ഥാപനം എസ്റ്റിമേറ്റ് തയ്യാറാക്കി. യൂട്ടിലിറ്റി ഷിഫ്റ്റിംഗിന് വേണ്ടി 6,82,097/- രൂപയാണ് KSEB യുടെ എസ്റ്റിമേറ്റ് പ്രകാരം നഗരസഭ അടച്ചിട്ടുള്ളത്. കൂടാതെ KWA, BSNL മുതലായ വകുപ്പുകളുടെ പൈപ്പ് ലൈൻ, കേബിളുകൾ എന്നിവ കടന്നു പോകുന്ന സാഹചര്യത്തിൽ കൃത്യമായ പഠനം നടത്താതെയാണ് എസ്റ്റിമേറ്റിൽ Utility Shifting ന് തുക വകയിരുത്തിയത്.

<u>വൈ.എം.ആർ.സി. റോഡ് -മില്ലത്ത് കോളനി മഴവെള്ള ഓവുചാൽ നിർമ്മാണം</u>

<u>ഫയൽ നമ്പർ. EG 21/21700/18</u>

അമൃത് പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തി ടെണ്ടർ ചെയ്തതിൽ എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 11.84% കുറവ് ക്വാട്ട് ചെയ്ത M/S.Umrah Engineering Co. Pvt. Ltd എന്ന സ്ഥാപനത്തിന്റെ ടെണ്ടർ കൗൺസിൽ (CR 46/07.09.2018) അംഗീകരിച്ചു. തുടർന്ന് 12.09.2018 ന് (20/SE 18-19) കരാർ വെക്കുകയും 10.12.2018 ന് സൈറ്റ് കൈമാറുകയും ചെയ്തു. കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലാവധി 09.12.2019 ആണ്. എസ്റ്റിമേറ്റ് പ്രകാരം 1200 M നീളത്തിൽ ഡ്രൈനേജ്, 2100 M നീളത്തിൽ (Both Banks) കനാൽ സൈഡ് പ്രൊട്ടക്ഷൻ എന്നീ പ്രവൃത്തികളാണ് ചെയ്യേണ്ടത്. ഇതിൽ 140 M ഡ്രൈനേജ്, 108 M കനാൽ സൈഡ് പ്രൊട്ടക്ഷൻ പ്രവൃത്തിയാണ് പൂർത്തീകരിച്ചിട്ടുള്ളത്. തുടർന്ന് കരാറുകാരന് ആകെ 3,82,42,145/- രൂപ നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ ഫൗണ്ടേഷൻ ഡിസൈൻ, കോക്കനട്ട് പൈലിംഗ്, കനാൽ ഭിത്തിയുടെ സംരക്ഷണത്തിന് ക്രോസ് ബണ്ട് മുതലായവ നിർമ്മിക്കണമെന്ന് സംയുക്ത പരിശോധനയിൽ ബോധ്യപ്പെട്ടതായി AE 15.10.2019 ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കരാറുകാരന്റേതല്ലാത്ത കാരണമെന്ന വിലയിരുത്തലിൽ 31.03.2020 വരെ പ്രവൃത്തി കാലാവധി വിവിധ കാലയളവിലായി നീട്ടി നൽകിയിട്ടുണ്ട്. തുടർന്ന് മേൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് പുതുക്കാൻ കൗൺസിൽ (CR 86/27.11.2019) അനുമതി നൽകുകയും റിവൈസ്ഡ് എസ്റ്റിമേറ്റിന് 26.02.2021 ന് ചീഫ് എഞ്ചിനീയർ അനുമതി നൽകുകയും ചെയ്തു. ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

(1) ആവശ്യമായ പഠനം നടത്താതെ എസ്റ്റേിമേറ്റ് തയ്യാറാക്കി

ഈ പ്രവൃത്തിക്കു വേണ്ടി എസ്റ്റിമേറ്റ് ഉൾപ്പെടുന്ന DPR തയ്യാറാക്കിയത് ISA (Institute For Societal Advancement) എന്ന സ്ഥാപനമാണ്. ഈ എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തിക്ക് വേണ്ടി 105 M Cocunut Piling ആണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 27,543 M Cocunut Pile Driving ആവശ്യമാണെന്ന്

കണ്ടു. ഇതിൽ 5496.75 M Cocunut Piling നിലവിൽ കരാറുകാരൻ ചെയ്തിട്ടുണ്ട്. കരാർ പ്രകാരമുള്ള 105 M ൽ അധികം വന്ന Cocunut Piling ന് Stacking ന് 250 രൂപയും Cocunut Pile Driving ന് 600 രൂപയും അനുവദിച്ചാൽ മാത്രമെ പ്രവൃത്തി തുടരാൻ കഴിയൂ എന്ന് കരാറുകാരൻ അറിയിച്ചു. ഒറിജിനൽ എസ്റ്റിമേറ്റിൽ നിന്നും അധികരിച്ചു വന്ന Cocunut Piling ന് എസ്റ്റിമേറ്റ് റേറ്റാണ് അംഗീകരിച്ചത്. അതിനാൽ ചെയ്ത പ്രവൃത്തി കണക്കാക്കി കരാറുകാരനെ ഒഴിവാക്കി ശേഷിക്കുന്ന ഭാഗം പുതുതായി എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്യുന്നതാണ് അഭികാമ്യമെന്ന് അമൃത് കോർ കമ്മിറ്റി വിലയിരുത്തി. എന്നാൽ കരാറുകാരൻ ആവശ്യപ്പെട്ട ഇനത്തിന് മാത്രം വർദ്ധനവ് വരുത്തി തുടരാൻ അനുവദിക്കുകയാണോ നല്ലത് എന്ന വിഷയത്തിൽ Comparative Study Report തയ്യാറാക്കാൻ കൗൺസിൽ (CR 37/29.01.22) നിർദ്ദേശിച്ചു. നിലവിലെ കരാറുകാരൻ ചെയ്ത പ്രവൃത്തി കഴിച്ച് ബാക്കിയുള്ള പ്രവൃത്തി പൂർത്തിയാക്കാൻ വേണ്ട തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| As Per DSR 2016 | 5,84,76,637.349 |
| As Per First Agreement (11.84% Tender Below) | 4,16,15,116.906 |

| | |
|---|---|
| As Per Contractors Demand | 5,23,12,728.974 |
| As Per DSR 2018 | 7,33,38,067.310 |
| As Per First Agreement (11.84% Tender Below) & Applying Rate As Per CTE's Direction (130.41/m For Cocunut Pile Driving) | 4,02,42,214.50 |
| As Per DSR 2018 With 11.84% Below Estimated Rate | 6,46,54,840.140 |
| As Per DSR & Applying Rates Per CTE's Direction (Rs.220/m For Coconut Piling) | 5,50,40,382.395 |

മേൽ റിപ്പോർട്ട് പ്രകാരം 2018 DSR പ്രകാരം (11.84% ടെണ്ടർ കുറവ് കുറച്ച നിരക്കിൽ) ടെണ്ടർ ചെയ്താൽ 6,46,54,840.140 രൂപ ചെലവാകുന്നതാണ്. എന്നാൽ കരാറുകാരൻ ആവശ്യപ്പെട്ട നിരക്ക് നിൽകിയാൽ 1,23,42,111 രൂപ (64654840.140-52312728.974) നഗരസഭക്ക് ലാഭിക്കാൻ കഴിയുമെന്ന് റിപ്പോർട്ട് ചെയ്തു. ഈ വിഷയത്തിൽ CTE (Chief Technical Examiner) പരിശോധന നടത്തുകയും നിലവിൽ Cocunut Pile Driving ന് DSR പ്രകാരമുള്ള നിരക്ക് കൂടുതലാണെന്നും പ്രസ്തുത ഇനത്തിന് DSR 2016 പ്രകാരം, Cocunut Pile Driving ന് 735.66/m രൂപയ്ക്ക് പകരം 130.41/m ആണ് വരുന്നത്. ഈ നിരക്കിൽ പ്രവൃത്തി പൂർത്തിയാക്കുന്നതിന് 4,02,42,214/- രൂപയാണ് ചെലവാകുന്നത്. എന്നാൽ ഈ ഇനത്തിന് കരാറുകാരൻ ക്വാട്ട് ചെയ്ത 200 രൂപക്ക് പകരം 600 രൂപ നൽകാനാണ് ആവശ്യപ്പെട്ടത്. DSR 2018 നിരക്ക് പ്രകാരം Cocunut Pile Driving ന് 220.05/m ആണ്. ഈ നിരക്ക് പ്രകാരം ബാക്കി പ്രവൃത്തി പൂർത്തീകരിക്കാൻ 5,50,40,382 രൂപയും (Without Tender Variation) വരുന്നതാണ്.

ഇത് പ്രകാരം ഇനി ചെയ്യാനുള്ള പ്രവൃത്തിയിൽ Cocunut Pile Stacking & Driving ഇനങ്ങൾക്ക് മാത്രമായി നിലവിലെ എഗ്രിമെന്റ് റേറ്റിൽ നിന്നും മാറ്റം വരുത്തി നിരക്കുകൾ വിശകലനം ചെയ്താൽ സാമ്പത്തികമായി നഗരസഭക്ക് ഗുണകരമാകുന്നത് CTE (Cheif Technical Examiner) യുടെ നിർദ്ദേശ പ്രകാരമുള്ള നിരക്കുകളാണ്. എന്നാൽ ഈ നിരക്ക് നിലവിലുള്ള എഗ്രിമെന്റിൽ ഉൾപ്പെടുത്തി മാറ്റം വരുത്താൻ നിയമാനുസൃതം സാധ്യമല്ല. ആയതിനാൽ ഏറ്റവും കുറവ് തുക വരുന്നത് കരാറുകാരൻ ആവശ്യപ്പെട്ട ഇനത്തിന് മാത്രം വർദ്ധനവ് വരുത്തി നിലവിലുള്ള എസ്റ്റിമേറ്റിൽ തന്നെ പൂർത്തിയാക്കുമ്പോഴാണ് എന്ന് വിലയിരുത്തി സർക്കാർ അനുമതിക്കായി അയക്കാൻ കൗൺസിൽ (CR 65/11.03.2022) തീരുമാനിച്ചു. നിലവിൽ കരാറുകാരന് നൽകിയ ബില്ലുകളിൽ കരാർ ക്വാണ്ടിറ്റിയിൽ അധികരിച്ച ഇനങ്ങൾക്ക് ക്വാട്ട് ചെയ്ത നിരക്കും 25% ത്തിൽ കൂടുതൽ അധികരിച്ച വരുന്ന ക്വാണ്ടിറ്റിക്ക് DSR Rate, Tender Variation DSR Rate, Quoted Rate, Market Rate എന്നിവയിൽ കുറവ് വരുന്ന 120.79/m രൂപ Cocunut Pile, 200 രൂപ Cocunut Pile Driving ചെയ്യുന്നതിനുള്ള തുകയുമാണ് നൽകിയത്. ഈ പ്രവൃത്തിയിൽ ഉൾപ്പെട്ട കരാർ ക്വാണ്ടിറ്റിയുടെ 25% ത്തിൽ അധികം പ്രവൃത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം നിർവ്വഹിക്കേണ്ടി വന്ന സാഹചര്യത്തിൽ കരാറുകാരൻ ആവശ്യപ്പെട്ട നിരക്ക് സംബന്ധിച്ച് വിവരങ്ങൾ താഴെ കൊടുക്കുന്നു.

| Item | DSR 2016 Rate | Render Variation 11.84% Below DSR Rate | Quoted Rate | Contractor's Demand |
|---|---|---|---|---|
| Cocunut Pile Stacking | 137.01 | 120.79 | 200 | 250 |
| Cocunut Pile Driving | 735.66 | 648.56 | 200 | 600 |

എസ്റ്റിമേറ്റ് ഉൾപ്പെടെയുള്ള DPR തയ്യാറാക്കുമ്പോൾ കൺസൽട്ടൻസി സ്ഥാപനം ആവശ്യമായ പഠനങ്ങൾ, പരിശോധനകൾ എന്നിവ നടത്താതെ തയ്യാറാക്കിയതാണ് നിലവിലെ പ്രതിസന്ധിക്ക് കാരണമായത്. നിലവിലെ കരാറുകാരനെ ഒഴിവാക്കി പ്രവൃത്തി പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ടെണ്ടർ ചെയ്യുമ്പോഴും നിലവിലെ കരാറുകാരൻ ആവശ്യപ്പെട്ട പ്രകാരമുള്ള നിരക്ക് നൽകുമ്പോഴും നഗരസഭക്ക് വലിയ സാമ്പത്തിക ബാധ്യത വരുന്നതാണ്. ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ആദ്യം തയ്യാറാക്കിയ സമയത്തുതന്നെ ബാധകമായ നിരക്കായ 2016 DSR പ്രകാരമുള്ള നിരക്കിൽ മുഴവൻ പ്രവൃത്തിയുടെയും എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നുവെങ്കിൽ 2 കോടിയോളം രൂപയുടെ അധിക ചെലവ് നഗരസഭക്ക് ഒഴിവാക്കാമായിരുന്നു. ശരിയായ രീതിയിൽ പഠനങ്ങൾ, പരിശോധനകൾ എന്നിവ നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യമുണ്ടായി.

2. സ്വകാര്യ വ്യക്തികളുടെ ഭൂമി ഡ്രൈനേജിന് വിട്ടു കിട്ടിയില്ല

ഈ പ്രവൃത്തിയുടെ ചെയിനേജ് 0/160 മുതൽ 0/200 വരെയുള്ള 40 മീറ്റർ സ്ഥലം സ്വകാര്യ വ്യക്തികളുടെ കൈവശത്തിലുള്ളതാണ്. ഈ സ്ഥലം വിട്ടു കിട്ടാത്തതിനാൽ പ്രവൃത്തി തുടരാൻ സാധിക്കുന്നില്ലെന്ന് കരാറുകാരൻ അറിയിച്ചിട്ടുണ്ട്. ഡ്രൈനേജ് പ്രവൃത്തി നടത്തേണ്ട സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച് വ്യക്തത വരുത്താതെ DPR, അതിന്റെ ഭാഗമായ എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിയതാണ് പ്രതിസന്ധിക്ക് കാരണമായത്. ഈ പ്രവൃത്തി പൂർത്തിയാക്കാനും, മഴവെള്ളം കെട്ടി നിൽക്കാതെ സുഗമമായി ഒഴുകിപ്പോകുന്നതിനുമുള്ള സാഹചര്യവും ഇല്ലാതാകുകയും പ്രോജക്ട് ലക്ഷ്യം കൈവരിക്കാതിരിക്കുകയും ചെയ്യാനിടയായി.

3. ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് റിപ്പോർട്ട് ചെയ്തില്ല.

ഈ പ്രവൃത്തിയുടെ നിർവ്വഹണ ഘട്ടത്തിൽ ചെയ്യേണ്ട Cocunut Pile Driving പ്രവൃത്തിക്ക് വേണ്ടി Cocunut Pile Stacking,

Ring Bund എന്നിവ CTE ക്ക് റിപ്പോർട്ട് ചെയ്തില്ല. ചീഫ് ടെക്നിക്കൽ എക്സാമിനർ ചീഫ് എഞ്ചിനീയർക്ക് നൽകിയ കത്തിൽ 5664.75m Cocunut Pile Driving, 123 M Ring Bund എന്നിവ നിർബന്ധമായും CTE ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായിരുന്നുവെങ്കിലും ആയത് ചെയ്തിട്ടില്ലെന്ന് അറിയിച്ചു. CTE ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തിയവരുടെ പേരു വിവരം അറിയിക്കാൻ ചീഫ് എഞ്ചിനീയർ കത്തയച്ചതു പ്രകാരം പ്രവൃത്തിയുടെ ചുമതലയുള്ള AE ശ്രീമതി.ഉമാദേവി, അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ ശ്രീമതി.ബിസിനി എന്നിവരാണ് ചുമതലയിലുണ്ടായിരുന്നതെന്ന് നഗരസഭ മറുപടിയിൽ അറിയിച്ചിട്ടുണ്ട്. കൂടാതെ ഇങ്ങനെ Cocunut Pile Stacking പ്രവൃത്തി CTE യെ അറിയിക്കണമെന്ന് 31.12.2020 ലെ G.O.(P)167/20 Fin. ഉത്തരവിന് മുമ്പ് വരെ അറിയില്ലായിരുന്നുവെന്നാണ് നഗരസഭ ചീഫ് എഞ്ചിനീയർക്ക് മറുപടി നൽകിയത്. കരാറുകാരൻ എഗ്രിമെന്റ് ക്വാണ്ടിറ്റിയുടെ അധികമായി 5664.75 M Cocunut Piling നടത്തിയിട്ടും ഇക്കാര്യം CTE യെ അറിയിക്കുന്നതിൽ വീഴ്ച വരുത്തി. യഥാർത്ഥത്തിൽ ഇത്രയും പ്രവൃത്തി ചെയ്തോ എന്ന കാര്യം പ്രവൃത്തി നടന്നു കഴിഞ്ഞതിനാൽ പരിശോധിച്ച് ബോധ്യപ്പെടാൻ കഴിയാത്ത സാഹചര്യത്തിൽ ഇതിന്റെ ഗൗരവം വർദ്ധിക്കുന്നു.

4. സപ്ലിമെന്റൽ എഗ്രിമെന്റിൽ കരാറുകാരന് അനുകൂലമായ പുതിയ വ്യവസ്ഥ ഉൾപ്പെടുത്തി

നഗരസഭാ സൂപ്രണ്ടിംഗ് എഞ്ചിനീയർ കരാർ സ്ഥാപനവുമായി 25.03.2021 തീയതി ഒപ്പുവെച്ച സപ്ലിമെന്റൽ എഗ്രിമെന്റിൽ ക്രമ നമ്പർ (3) ആയി പുതിയ ഒരു വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒറിജിനൽ എഗ്രിമന്റിൽ ഇല്ലാത്ത വ്യവസ്ഥ കരാറുകാരന്റെ ആവശ്യപ്രകാരമാണ് ഉൾപ്പെടുത്തിയതെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ വ്യവസ്ഥ താഴെ കൊടുക്കുന്നു. "The Contractor Has Sought Enhanced Rates For The Extra Items With Abnormally Low Quoted Rates (ALQR) With The Rates Modified By Tender Below For The Additional Quantities Executed. Clarification Regarding The ALQR Items Is Being Requested To The Higher Authority. Meanwhile The Contractor Agrees To Enter In To The Agreement With The Quoted Rates Being Considered For Abnormally Low Quoted Rates Items (ALQR) Pending Further Action Regarding The Rate To Be Considered For ALQR Items After Rectification Of Clarification Regarding The Same From The Higher Authority". ഈ വ്യവസ്ഥ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി ചെയ്യുമ്പോൾ കരാറുകാരന് സ.ഉ. GO(P)54/19 Fin 04.05.2019 പ്രകാരം ലഭിക്കേണ്ട തുകയേക്കാൾ കൂടുതൽ നിരക്ക് ലഭിക്കുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥയാണ്. ഇത് സർക്കാർ താല്പര്യത്തിന് വിരുദ്ധമായതും കരാറുകാരന്റെ താൽപര്യം സംരക്ഷിക്കുന്ന തരത്തിലുള്ള "Conditional Clause”സപ്ലിമെന്റൽ എഗ്രിമെന്റിൽ ഉൾപ്പെടുത്തിയതിന് ചീഫ് എഞ്ചിനീയർ (CE-2/87/21 തീയതി 06.06.22) സൂപ്രണ്ടിംഗ് എഞ്ചിനീയറോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. പ്രവൃത്തിയുടെ 25% അധികരിച്ച നിരക്കിന് അധികം തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട പരാമർശം സപ്ലിമെന്റൽ എഗ്രിമെന്റിൽ ഉൾപ്പെടുത്തിയത് ഭാവിയിൽ നിയമ പ്രശ്നങ്ങൾക്ക് വഴിവെക്കുന്നതും കരാറുകാരൻ കോടതി വ്യവഹാരത്തിലേക്ക് നീങ്ങുന്ന സാഹചര്യത്തിൽ കാരറുകാരൻ നിലവിൽ ചെയ്ത 5496.75 M Cocunut Piling പ്രവൃത്തിയെ സംബന്ധിച്ചിടത്തോളം കരാറുകാരന് അനുകൂലമായി മാറാൻ സാദ്ധ്യതയുള്ളതുമാണ് .

മാനാഞ്ചിറ പാർക്കിൽ സി.സി.ടി.വി.,സൗണ്ട് സിസ്റ്റം സ്ഥാപിക്കൽ

ഫയൽ നമ്പർ EG 21/63824/17

അമൃത് പദ്ധതിയുടെ ഭാഗമായി നഗരസഭയുടെ ഉടമസ്ഥതയിലുള്ള മാനാഞ്ചിറ പാർക്കിൽ സി.സി.ടി.വി., സൗണ്ട് സിസ്റ്റം എന്നിവ സ്ഥാപിക്കുന്നതിനായി C-dit എന്ന സ്ഥാപനത്തിനോട് ക്വട്ടേഷൻ ലഭ്യമാക്കാൻ നിർദ്ദേശിച്ചത് പ്രകാരം 12,57,842/- രൂപയുടെ ക്വട്ടേഷൻ കൗൺസിൽ (CR.99/20.08.2019) അംഗീകരിച്ചു. തുടർന്ന് C-dit മായി 26.11.2019 ന് കരാർ വെച്ചു. എന്നാൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലാവധി 30.10.2020 വരെയും (CR.32/04.11.2020) പിന്നീട് 31.03.2021 വരെയും ( CR.91/15.02.2021) നീട്ടി നൽകി. പ്രവൃത്തി 75% പൂർത്തീകരിച്ചെന്ന C-dit ന്റെ അപേക്ഷ പ്രകാരം 08.04.2021 ന് 943,419/- രൂപ നൽകിയിട്ടുണ്ട്. കൂടാതെ 8 സി.സി.ടി.വി. ക്യാമറ, 22 ബോക്സ് സ്പീക്കറുകൾ എന്നിവയുടെ സുരക്ഷിതത്വത്തിനായി "പ്രൊട്ടക്ടീവ്" ഷീൽഡ് സ്ഥാപിക്കുന്നതിന് C-dit നെ കൗൺസിൽ (CR.91/15.02.2021) ചുമതലപ്പെടുത്തി. ഇതിനായി C-dit ൽ നിന്നും ലഭിച്ച 1,90,452/- രൂപയുടെ ക്വട്ടേഷൻ കൗൺസിൽ (CR.98/12.08.2021) അംഗീകരിക്കുകയും ഈ പ്രവൃത്തി കരാർ പ്രകാരം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ താഴെ കൊടുക്കുന്നു.

(1) ഓപ്പൺ ടെണ്ടർ നടപടി സ്വീകരിച്ചില്ല

സ.ഉ(പി) 259/10/ത.സ്വ.ഭ.വ. തീയതി 08.11.2010 പ്രകാരം ഒരു ലക്ഷം രൂപ മതിപ്പു വിലയിൽ കൂടുതൽ മൂല്യമുള്ള സാധനങ്ങൾ, സേവനങ്ങൾ എന്നിവ സമാഹരിക്കുമ്പോൾ ഓപ്പൺ ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ സി.സി.ടി.വി, സൗണ്ട് സിസ്റ്റം എന്നിവ സ്ഥാപിക്കുന്നതിന് 12,57,842/- രൂപയും പ്രൊട്ടക്ഷൻ ഷീൽഡ് സ്ഥാപിക്കുന്നതിന് 1,90,452/- രൂപയും ചെലവ് വരുന്ന പ്രവൃത്തിക്ക് മേൽ ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചില്ല. കൂടാതെ സ.ഉ.(പി) 524/15 ധനം. തീയതി 17.11.2015 പ്രകാരം 5 ലക്ഷം രൂപയിൽ കൂടുതൽ മൂല്യമുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ ഈ നടപടിക്രമങ്ങളും പാലിക്കാതെ C-dit ൽ നിന്ന് നേരിട്ട് ക്വട്ടേഷൻ വാങ്ങി പ്രവൃത്തി ഏൽപ്പിക്കുകയാണ് ചെയ്തത്.

(2) കരാർ വെക്കുന്നതിൽ കാലതാമസം വരുത്തി

C-dit എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ 20.08.2019 ലെ കൗൺസിൽ യോഗം അംഗീകരിച്ച ശേഷം 03.09.2019 ന് സ്ഥാപനത്തിന് സെലക്ഷൻ മെമ്മോ നൽകിയിട്ടുണ്ട്. എന്നാൽ 26.11.2019 ന് മാത്രമാണ് പെർഫോമൻസ് സെക്യൂരിറ്റി ഹാജരാക്കി കരാർ വെച്ചത്. തുടർന്ന് 12.12.2019 ന് C-dit ന് വർക്ക് ഓർഡർ നൽകുകയും ചെയ്തു. കരാർ വെക്കുന്നതിൽ കാലതാമസം വരുത്തിയതിന് കരാർ തുകയുടെ 1% പിഴ ചുമത്താൻ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കരാർ വെക്കുന്നതിന് ഏകദേശം 3 മാസത്തോളം കാലതാസം വരുത്തിയ ശേഷം കരാർ വെക്കാൻ അനുവദിച്ചത് ശരിയായ നടപടിയല്ല. നഗരസഭ നൽകിയ 03.09.2019 ലെ സെലക്ഷൻ മെമ്മോ പ്രകാരം പെർഫോമൻസ് സെക്യൂരിറ്റി ഹാജരാക്കി കരാർ വെക്കാത്ത പക്ഷം സെലക്ഷൻ നോട്ടീസ് റദ്ദാക്കേണ്ടതായിരുന്നു. എന്നാൽ ഈ നടപടി സ്വീകരിക്കാതെ കരാർ വെച്ച് പ്രവൃത്തി നടത്താൻ അനുവദിച്ചു.

(3) കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചില്ല

കരാർ പ്രകാരം 8 സി.സി.ടി.വി., അനുബന്ധ സാധനങ്ങൾ, സൗണ്ട് സിസ്റ്റത്തിന്റെ ഭാഗമായി 22 ബോക്സ് സ്പീക്കറുകൾ, ആംപ്ലിഫയർ, കേബിൾ സിസ്റ്റം മുതലായവയാണ് സ്ഥാപിക്കേണ്ടിയിരുന്നത്. എന്നാൽ 08.06.2022 ന് നഗരസഭ ചുമതലപ്പെടുത്തിയ ശ്രീ.ശ്രീജിത്ത് (ഓവർസിയർ, അമൃത്) എന്ന ഉദ്യോഗസ്ഥനോടൊപ്പം നടത്തിയ സ്ഥല പരിശോധനയിൽ സി.സി.ടി.വി., സൗണ്ട് സിസ്റ്റത്തിന്റെ ഭാഗമായുള്ള ബോക്സ് സ്പീക്കറുകൾ എന്നിവ സ്ഥാപിച്ചതായി കണ്ടു. എന്നാൽ സൗണ്ട് സിസ്റ്റത്തിന്റെ പ്രധാന ഭാഗമായ 500 W ആംപ്ലിഫയർ സ്ഥാപിച്ചിട്ടില്ല. അത് കൊണ്ട് തന്നെ സൗണ്ട് സിസ്റ്റം നാളിതുവരെ പ്രവർത്തനക്ഷമമായിട്ടില്ല. C-dit ന് വർക്ക് ഓർഡർ നൽകി 30 മാസങ്ങൾ കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തീകരിക്കാത്തത് ഗുരുതര വീഴ്ചയാണ്. കരാർ പ്രകാരമുള്ള 60 ദിവസത്തെ പൂർത്തീകരണ കാലാവധി 31.03.2021 വരെ നീട്ടി നൽകിയിട്ടുണ്ട്. എന്നാൽ 31.03.2021 ന് ശേഷം കരാർ നീട്ടി നൽകിയതായി കാണുന്നില്ല. കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്തതിന് പിഴ ഈടാക്കാനും പിഴയോട് കൂടിയ കാലാവധി കഴിഞ്ഞ ശേഷവും പ്രവൃത്തി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ കരാർ റദ്ദാക്കാനും ആവശ്യമായ നടപടികൾ സ്വീകരിച്ചില്ല.

(4) പ്രവൃത്തി പൂർത്തീകരിക്കാതെ പണം നൽകി

കരാർ പ്രകാരം സി.സി.ടി.വി., സൗണ്ട് സിസ്റ്റം എന്നിവ സ്ഥാപിക്കുന്നതിനുള്ള പൂർത്തീകരണ കാലാവധി 26.11.2019 മുതൽ 60 ദിവസം പൂർത്തിയാകുന്ന 25.01.2020 ന് അവസാനിച്ചിട്ടുണ്ട്. തുടർന്ന് പല പ്രാവശ്യമായി 31.03.2021 വരെ കാലാവധി നീട്ടി നൽകി. എന്നാൽ സൗണ്ട് സിസ്റ്റം സ്ഥാപിക്കുന്ന പ്രവൃത്തി, സ്ഥല പരിശോധന നടത്തിയ 08.06.2022 വരെ പൂർത്തിയാക്കിയിട്ടില്ല. എന്നാൽ C-dit ന്റെ അപേക്ഷ പ്രകാരം കരാർ തുകയുടെ 75% തുകയായ 9,43,419/- രൂപ 08.04.2021 ന് നൽകിയിട്ടുണ്ട്. കരാർ പ്രകാരമുള്ള എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ച ശേഷം മാത്രമെ തുക നൽകാവൂ എന്നിരിക്കെ കരാർ തുകയുടെ 75% പ്രവൃത്തി പൂർത്തീകരിച്ചെന്ന നിലയിൽ 9,43,419/- രൂപ അനുവദിച്ചത് ക്രമപ്രകാരമല്ല.

പാർക്കുകളിലേക്ക് കളിയുപകരണങ്ങൾ വാങ്ങൽ

ഫയൽ നമ്പർ .EG21/63824/19

അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിച്ച എട്ട് പാർക്കുകളിൽ കളിയുപകരണങ്ങൾ, ഫിറ്റ്നസ്സ് ഉപകരണങ്ങൾ തുടങ്ങിയവ സ്ഥാപിക്കുന്നതിന് ഇ-ടെണ്ടർ ക്ഷണിച്ചതിൽ 4 സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചു. ഇതിൽ തിരുനൽവേലി ആസ്ഥാനമായുള്ള "യുനൈറ്റഡ് മാർക്കറ്റിംഗ് സ്പോർട്സ് എംപോറിയം" എന്ന സ്ഥാപനമാണ് കുറഞ്ഞ തുക ക്വാട്ട് ചെയ്തത്. തുടർന്ന് 16.04.2019 തീയതി സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ചേമ്പറിൽ ചേർന്ന ടെണ്ടർ സമർപ്പിച്ചവരുടെ യോഗത്തിൽ ഏറ്റവും തൃപ്തികരമായ രീതിയിൽ പ്രസന്റേഷൻ നടത്തിയ മേൽ സ്ഥാപനത്തിന്റെ 19,94,608/- രൂപയുടെ ടെണ്ടർ കൗൺസിൽ (CR 27/14.06.2019) അംഗീകരിച്ചു. ഇതിനെ തുടർന്ന് 30.05.2019 ന് സ്ഥാപനത്തിന് (EG 21/63824/19) സെലക്ഷൻ മെമ്മോ (Lettr Of Acceptance) അയക്കുകയും ചെയ്തു. ഈ സെലക്ഷൻ മെമ്മോയിൽ 7 ദിവസത്തിനകം പെർഫോമൻസ് സെക്യൂരിറ്റി, ഒപ്പു വെച്ച LOA യുടെ കോപ്പി എന്നിവ ഹാജരാക്കാനും നിർദ്ദേശിച്ചു. മേൽ നിർദ്ദേശം പാലിക്കാത്തതിനാൽ 3 ദിവസത്തിനകം കരാർ വെക്കണമെന്നും അല്ലെങ്കിൽ LOA റദ്ദാക്കി അടുത്ത കരാറുകാരന് നൽകുമെന്നും കാണിച്ച് 24.06.2019 ന് (EG 21/33709/16) സൂപ്രണ്ടിംഗ് എഞ്ചിനീയർ കത്തയച്ചു. എന്നിട്ടും ഹാജരാക്കാത്തതിനെ തുടർന്ന് 12.07.2019 ന് വീണ്ടും കത്തയച്ചു. ഈ കത്ത് പ്രകാരമുള്ള തീയതിയായ 18.07.2019 ന് ഹാജരാക്കാത്തതിനാൽ സ്ഥാപനത്തിനെ തെരെഞ്ഞെടുത്തതും ആയതിന് പുറപ്പെടുവിച്ച 30.05.2019 ലെ LOA റദ്ദാക്കുന്നതായും നഗരസഭയുടെ നഷ്ടം കമ്പനിയിൽ നിന്നും ഈടാക്കുന്നതാണെന്നും കാണിച്ച് 02.08.2019 ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ ഉത്തരവായി. എന്നാൽ ഇതിന് ശേഷം 25.09.2019 ന് ഇതേ സ്ഥാപനവുമായി സാധനങ്ങൾ വാങ്ങുന്നതിന് കരാർ വെക്കുകയും (22/SE/19-20) 26.09.2019 ന് വർക്ക് ഓർഡർ നൽകുകയും ചെയ്തു. ഈ വർക്ക് ഓർഡർ പ്രകാരം 10 ദിവസത്തിനുള്ളിൽ പ്രവൃത്തി സ്ഥലങ്ങൾ ഏറ്റെടുക്കേണ്ടതും ഏറ്റെടുത്ത് 15 ദിവസത്തിനുള്ളിൽ 8 പാർക്കുകളിൽ കളിയുപകരണങ്ങൾ സ്ഥാപിക്കേണ്ടതുമാണ്. ഈ സ്ഥാപനം 18.02.2021 ന് പ്രവൃത്തി പൂർത്തീകരിച്ചതായി കാണിച്ച് നഗരസഭയക്ക് കത്ത് നൽകിയിട്ടുണ്ട്. പ്രൊജക്ട് നിർവ്വഹണം നടത്തിയതിലെ അപാകതകൾ താഴെ കൊടുക്കുന്നു.

(1) കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയില്ല.

"യൂണൈറ്റഡ് മാർക്കറ്റിംഗ് സ്പോർട്സ് എംപോറിയം" എന്ന സ്ഥാപനത്തിൽ നിന്നും 17 ഇനം സാധനങ്ങൾ 19,94,608/-

രൂപയ്ക്ക് വാങ്ങുന്നതിനാണ് തീരുമാനിച്ചത്. എന്നാൽ ക്വട്ടേഷൻ സമർപ്പിച്ച 4 സ്ഥാപനങ്ങളിൽ 6 ഇനങ്ങൾക്ക് കുറഞ്ഞ വില ക്വാട്ട് ചെയ്ത 3 സ്ഥാപനങ്ങളിൽ നിന്നും ഇവ വാങ്ങാതെ 17 ഇനം സാധനങ്ങൾക്കുമായി കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയത്. നഗരസഭ തയ്യാറാക്കിയ വിലതാരതമ്യ പത്രികയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | United Marketing Sports Emporium | Funriders Leisure And Amusement Pvt. Ltd. | Carmel Builders And Fibrotech Industries Pvt. Ltd. | Mid Cose, Kozhkode | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | 6. Garden Swing | 42,560 | 34,080 | -- | -- | 8,480 |
| 2 | 9. Sroulder Excerciser | 1,17,600 | -- | 92,040 | -- | 25,560 |
| 3 | 10. Hip Twister | 50,400 | -- | -- | 36,000 | 14,400 |
| 4 | 11.Multi Seater See Saw | 20,720 | 19,972 | -- | -- | 748 |
| 5 | 14. Pushup Bar | 64,960 | -- | -- | 28,000 | 36,960 |
| 6 | 15. Spider Web Climber | 31,920 | -- | -- | 25,000 | 6,920 |
| | ആകെ | | | | | 93,068 |

മേൽ പ്രകാരം വില താരതമ്യ പത്രികയിലെ ക്രമ നമ്പർ 6, 9, 10, 11, 14, 15 എന്നീ ഇനങ്ങൾക്ക് കുറഞ്ഞ തുക ക്വാട്ട് ചെയ്തതത് മറ്റ് 3 സ്ഥാപനങ്ങളാണ്. ഈ 6 ഇനങ്ങൾ കുറഞ്ഞ തുക കാണിച്ച 3 സ്ഥാപനങ്ങളിൽ നിന്നും ബാക്കി 11 ഇനം സാധനങ്ങൾ "യുനൈറ്റഡ് മാർക്കറ്റിംഗ് സ്പോർട്സ് എംപോറിയം" എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിരുന്നുവെങ്കിൽ 93,068/- രൂപയുടെ അധിക ചെലവ് ഒഴിവാക്കാമായിരുന്നു. എന്നാൽ ഇക്കാര്യം പരിശോധിക്കാതെ മുഴുവൻ സാധനങ്ങളും, കൂടുതൽ വില ക്വാട്ട് ചെയ്ത ഇനങ്ങളുൾപ്പെടെ "യുനൈറ്റഡ് മാർക്കറ്റിംഗ് സ്പോർട്സ് എംപോറിയം" എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയത് വഴി നഗരസഭക്ക് 93,068/- രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. ആകെ ആവശ്യമായ 17 ഇനങ്ങൾക്കുമായി ക്വാട്ട് ചെയ്തതിൽ കുറഞ്ഞ തുകയായ 19,94,608/- രൂപ ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതാണ് പരിഗണിച്ചത്. സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ ടെണ്ടർ സമർപ്പിച്ചവരുടെ പ്രസന്റേഷൻ ശരിയായ രീതിയിലല്ല എന്ന ഒറ്റ കാരണത്താൽ 6 ഇനങ്ങൾക്ക് കുറഞ്ഞ തുക ക്വാട്ട് ചെയ്ത 3 സ്ഥാപനങ്ങളെ ഒഴിവാക്കി കൂടുതൽ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും വാങ്ങിയത് ന്യായീകരിക്കത്തക്കതായ കാരണമല്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ. (പി) 259/2010 ത.സ്വ.ഭ.വ. 08.11.2010 ഉത്തരവിലെ ഖണ്ഡിക – 2 (സി) (3) പ്രകാരം മത്സരാധിഷ്ഠിത നിരക്കുകൾ താരതമ്യം ചെയ്ത ശേഷം പരമാവധി നേട്ടമുണ്ടാകുന്ന തരത്തിൽ വാങ്ങൽ നടത്തേണ്ടതാണ്. എന്നാൽ ഇത് പാലിച്ചിട്ടില്ല.

(2) <u>കരാർ വെക്കുന്നതിൽ കാലതാമസം വരുത്തി</u>

ടെണ്ടർ സമർപ്പിച്ച 4 സ്ഥാപനങ്ങളിൽ "യുനൈറ്റ് മാർക്കറ്റിംഗ് സ്പോർട്സ് എംപോറിയം" എന്ന സ്ഥാപനത്തിന്റെ ടെണ്ടർ കൗൺസിൽ അംഗീകരിക്കുകയും 30.05.2019 ന് സെലക്ഷൻ മെമ്മോ (Letter Of Acceptance) അയക്കുകയും ചെയ്തിട്ടുണ്ട്. ഇത് പ്രകാരം 7 ദിവസത്തിനുള്ളിൽ പെർഫോമൻസ് സെക്യൂരിറ്റി, ഒപ്പു വെച്ച LOA യുടെ കോപ്പി എന്നിവ ഹാജരാക്കാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇത് കൈപ്പറ്റി 3 ആഴ്ച് കഴിഞ്ഞിട്ടും ആയത് പാലിച്ചില്ലെന്നും 3 ദിവസത്തിനുള്ളിൽ ഹാജരാക്കാനും ആവശ്യപ്പെട്ട് 24.06.2019 ന് വീണ്ടും കത്തയിച്ചിട്ടുണ്ട്. എന്നിട്ടും ഹാജരക്കാത്തതിനെ തുടർന്ന് 18.07.2019 നകം കരാർ വെക്കണമെന്നും ഇല്ലെങ്കിൽ LOA റദ്ദാക്കുമെന്നും അറിയിച്ച് സൂപ്രണ്ടിംഗ് എഞ്ചിനീയർ കത്ത് നൽകുകയും ചെയ്തു. ഇത് പാലിക്കാത്തതിനാൽ 02.08.2019 ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ കരാർ സ്ഥാപനത്തിന്റെ LOA റദ്ദാക്കി. എന്നാൽ LOA റദ്ദാക്കിയ ശേഷം പ്രൊജക്റ്റിന്റെ ഭാഗമായ സാധനങ്ങൾ വിതരണം ചെയ്യുന്നത് തുടരാൻ അനുവദിക്കുകയും 25.09.2019 ന് സ്ഥാപനവുമായി നഗരസഭ കരാർ (22/SE /2019-20 തീയതി 25.09.2019) വെക്കുകയും 26.09.2019 ന് വർക്ക് ഓർഡർ നൽകുകയും ചെയ്തു. 02.08.2019 ന്

സൂപ്രണ്ടിംഗ് എഞ്ചിനീയർ LOA റദ്ദാക്കിയ അതേ സ്ഥാപനവുമായി 25.09.2019 ന് കരാർ വെച്ചതും 26.09.2019 ന് വർക്ക് ഓർഡർ നൽകിയതും നിയമവിരുദ്ധമായ നടപടിയാണ്.

(3) പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിച്ചില്ല

കരാർ സ്ഥാപനമായ "യുണൈറ്റഡ് മാർക്കറ്റിംഗ് സ്പോർട്സ് എംപോറിയം" എന്ന സ്ഥാപനത്തിന് 26.09.2019 ന് നൽകിയ വർക്ക് ഓർഡർ പ്രകാരം കളിയുപകരണങ്ങൾ സ്ഥാപിക്കേണ്ട നവീകരിച്ച 8 പാർക്കുകളുടെ സൈറ്റ്, വർക്ക് ഓർഡർ തീയതി മുതൽ 10 ദിവസത്തിനുള്ളിൽ ഏറ്റെടുക്കേണ്ടതും സൈറ്റ് ഏറ്റെടുത്ത് 15 ദിവസത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കേണ്ടതുമാണ്. എന്നാൽ 26.09.2019 ന് വർക്ക് ഓർഡർ നൽകിയിട്ടും 17 മാസങ്ങൾ കഴിഞ്ഞ് 18.02.2021 ന് മാത്രമാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം വരുത്തിയിട്ടും കരാർ റദ്ദാക്കാനോ മറ്റ് നടപടികൾ സ്വീകരിക്കാനോ തയ്യാറായില്ല. പാർക്കുകളിൽ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കൽ

ഫയൽ നം. EG21/17718/19

നവീകരിച്ച പാർക്കുകളിൽ സൗരോർജ്ജവിളക്കുകൾ സ്ഥാപിക്കുന്നതിന് "അനർട്ട്" എം.പാനൽ ചെയ്ത ലിസ്റ്റിൽ ഉൾപ്പെട്ട സ്ഥാപനത്തിൽ നിന്നും നഗരസഭ നേരിട്ട് ടെണ്ടർ ക്ഷണിച്ചു. ഇത് പ്രകാരം 28,63,350 രൂപയുടെ കുറഞ്ഞ നിരക്കിന്റെ ടെണ്ടർ സമർപ്പിച്ച CLS Industries എന്ന സ്ഥാപനവുമായി നെഗോഷ്യേറ്റ് ചെയ്തതിൽ 0.5% കുറച്ച് 28,49,033.50 രൂപ കൗൺസിൽ (CR.26/03.09.2019) അംഗീകരിച്ചു. തുടർന്ന് ഈ സ്ഥാപനത്തിന് 27.09.2019 ന് LOA (Letter Of Acceptance) നൽകുകയും 24.10.2019 ന് (26/SE/2019-20 തീയതി 24.10.2019) കരാർ വെക്കുകയും ചെയ്തു. പിന്നീട് 06.11.2019 തീയതി (EG21/56061/19) വർക്ക് ഓർഡർ നൽകി. ഈ പ്രവൃത്തി കരാർ സ്ഥാപനം പൂർത്തിയാക്കിയതിനെ തുടർന്ന് 27,77,806/- രൂപ (28,49,033-71,227) (IT 1.5% + GST 1%) 30.10.2020 ന് നഗരസഭ നൽകിയിട്ടുണ്ട്. പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

(1) കരാർ വെക്കാൻ വൈകിയതിന് പിഴ ഈടാക്കിയില്ല.

കരാർ സ്ഥാപനത്തിന് അയച്ച 27.09.2019 ലെ LOA പ്രകാരം 14 ദിവസത്തിനകം സെക്യൂരിറ്റി ഡെപ്പോസിറ്റ് ഹാജരാക്കി കരാർ ഒപ്പു വെക്കേണ്ടതാണ്. എന്നാൽ 14 ദിവസം പൂർത്തിയാകുന്ന 10.10.2019 തീയതിക്കുള്ളിൽ കരാർ വെക്കാത്തതിനാൽ PAC യുടെ 1% പിഴ ചുമത്തുമെന്ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ ഒപ്പുവെച്ച കരാറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തിയാക്കിയ ശേഷം കരാർ തുക ആവശ്യപ്പെട്ടതിൽ "കരാറുകാരന് ട്രഷറിയിൽ അക്കൗണ്ട് ഇല്ലാത്തതിലാണ് കരാർ വെക്കാൻ വൈകിയതെന്നും അത് കരാറുകാരന്റെ തെറ്റ് മൂലമല്ല എന്നതിനാൽ PAC യുടെ 1% ഫൈൻ ഈടാക്കാതെ ഒഴിവാക്കാവുന്നതാണെന്നും" അസി.എഞ്ചിനീയർ 11.06.2020 തീയതി നോട്ട് ഫയൽ പേജ് 18 ൽ (EG 21/17718/19) രേഖപ്പെടുത്തിയിട്ടുണ്ട്.

G.O.(RT) 2049/14 LSGD തീയതി 07.08.2014 പ്രകാരം സെലക്ഷൻ മെമ്മോ (LOA) നൽകി 14 ദിവസത്തിനകം കരാർ വെക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാർ വെച്ചില്ലെങ്കിൽ PAC യുടെ 1% പിഴ ഈടാക്കി കരാർ വെക്കാവുന്നതാണ്. ഈ നിബന്ധന പ്രകാരം 20.10.2019 ന് മുമ്പ് കരാർ വെക്കേണ്ടതായിരുന്നു. എന്നാൽ 24.10.2019 ന് മാത്രമാണ് കരാർ വെച്ചത്. ഇങ്ങനെ 14 ദിവസവും 1% പിഴയോടു കൂടിയ 10 ദിവസവും കഴിഞ്ഞാൽ കരാർ സ്ഥാപനത്തെ തെരഞ്ഞെടുത്ത തീരുമാനം റദ്ദാക്കി EMD കണ്ട് കെട്ടി ടെണ്ടർ വ്യവസ്ഥ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതായിരുന്നു. എന്നാൽ ഈ നടപടികളൊന്നും സ്വീകരിച്ചില്ലെന്ന് മാത്രമല്ല കരാർ വെക്കുന്നതിൽ കാലതാമസം വരുത്തിയതിന് 1% പിഴ ഈടാക്കുമെന്ന് കരാറിൽ രേഖപ്പെടുത്തി വ്യവസ്ഥ ചെയ്തിട്ടും ആയത് ഈടാക്കിയിട്ടില്ല. പെർഫോമൻസ് സെക്യൂരിറ്റിക്കായി ട്രഷറിയിൽ അക്കൗണ്ട് എടുത്തില്ല എന്നത് കരാറുകാരന്റെ വീഴ്ചയാണെന്നിരിക്കെ ആയത് കരാറുകാരന്റെ തെറ്റ് മൂലമല്ല എന്ന കാരണം രേഖപ്പെടുത്തി, PAC യുടെ 1% പിഴയായി ഈടാക്കണമെന്ന വ്യവസ്ഥ കരാറിൽ ഉണ്ടായിരിക്കെ ഈ തുക ഈടാക്കാതെ കരാർ കമ്പനിക്ക് മുഴുവൻ തുകയും (നികുതി കുറച്ച്) നൽകിയത് ഗുരുതരവീഴ്ചയും കരാറുകാരനെ സഹായിക്കുന്നതുമാണ്.

(2) സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചില്ല

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ.(പി) 259/2010 ത.സ്വ.ഭ.വ. 08.11.2010 പ്രകാരം 1 ലക്ഷം രൂപയിൽ കൂടുതൽ മതിപ്പ് ചെലവ് വരുന്ന സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോൾ ഓപ്പൺ ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ ഇത് പാലിക്കാതെ അനർട്ട് എം.പാനൽ ചെയ്ത ലിസ്റ്റിൽ ഉൾപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ (Limited Tender) ക്ഷണിക്കുകയാണ് ചെയ്തത്. ഇത് വാങ്ങൽ നടപടിയിലെ സുതാര്യത ഇല്ലാതാക്കി.

കുടിവെള്ള പദ്ധതി - എസ്റ്റിമേറ്റ് നിരക്കിനേക്കാൾ വളരെ കൂടിയ നിരക്കിൽ കരാർ നൽകി.

ഈ പദ്ധതിയുടെ ഭാഗമായി 35 പ്രോജക്ടുകൾക്ക് 17.87 ലക്ഷം രൂപയുടെ DPR കേരള വാട്ടർ അതോറിറ്റി (KWA) തയ്യാറാക്കിയത് നഗരസഭ കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. ഇതിനായി നഗരസഭ അമൃത് മിഷൻ ഡയറക്ടർ, KWA എന്നിവർ ത്രികക്ഷി കരാറിൽ ഒപ്പിട്ടു. ഇതിന്റെ ഭാഗമായി KWA തയ്യാറാക്കിയ DPR ന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി KWA ടെണ്ടർ ചെയ്തതിൽ ചില പ്രോജക്ടുകൾ എസ്റ്റിമേറ്റ് നിരക്കിൽ നിന്നും വളരെ കൂടിയ തുകക്കാണ് കരാറുകാർ ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ഇത് KWA അംഗീകരിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി നടത്തുകയും ചെയ്തു. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | വർഷം | പാക്കേജ് | എസ്റ്റിമേറ്റ് തുക (കോടി) | ടെണ്ടർ തുക | ക്വാട്ട് ചെയ്ത തുക (കോടി) |
|---|---|---|---|---|---|
| 1 | 2015-16 | പാക്കേജ് - 7 | 0.56 | 21.89 % കൂടുതൽ | 0.68 |
| 2 | 2016-17 | പാക്കേജ് - 1 | 4.45 | 14.49 % കൂടുതൽ | 5.09 |
| 3 | 2016-17 | പാക്കേജ് - 2 | 2.82 | 6.00% കൂടുതൽ | 2.99 |
| | | | 7.83 | | 8.76 |

മേൽ കാണിച്ച 3 പ്രവൃത്തികൾ എസ്റ്റിമേറ്റ് തുകയേക്കാൾ 93,00,000/- രൂപ കൂടുതലാണ് ക്വാട്ട് ചെയ്തത്. "അമൃത് പദ്ധതിയിൽ ഉൾപ്പെട്ട വാട്ടർ സപ്ലൈ സെക്ടറിലെ PH ഡിവിഷന് കീഴിൽ വരുന്ന "Strengthening Of Existing Infrastructure Facilities And Quality Empowerment Of CWSS, Package I, Package III എന്നീ പ്രവൃത്തികളുടെ ടെണ്ടർ 10% അധികരിച്ച നിരക്കിൽ അനുവദിച്ച നൽകിയിട്ടുള്ളതിന്റെ കാരണം പരിശോധിച്ച് വിശദീകരണം നൽകാൻ ഹെൽത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറെ 25.02.2021 തീയതി ചേർന്ന അമൃത് കോർ കമ്മിറ്റി യോഗം ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത് പ്രകാരമുള്ള തുടർനടപടിയുടെ വിശദാംശങ്ങളൊന്നും ഫയലിൽ ഇല്ല. മേൽ വിവരിച്ച 3 പ്രവൃത്തികളിൽ മാത്രം 1 കോടിയോളം രൂപ എസ്റ്റിമേറ്റ് നിരക്കിൽ കൂടുതലായി കരാറുകാരൻ ക്വാട്ട് ചെയ്യാനും ആ തുകക്ക് പ്രവൃത്തി കരാർ നൽകാനുമുണ്ടായ സാഹചര്യം വ്യക്തമല്ല.

നഗരസഭയിലെ 8 പാർക്കുകളുടെ നവീകരണത്തിനായി 4.92 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതിൽ 3.8 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ നവീകരണ പ്രവൃത്തി നടത്തിയ വിവിധ പാർക്കുകളിൽ നഗരസഭ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥരോടൊപ്പം നടത്തിയ പരിശോധനയിൽ പാർക്കുകൾ പുല്ലുകളും മാലിന്യങ്ങളും നിറഞ്ഞ് വൃത്തി ഹീനമായി കിടക്കുന്ന അവസ്ഥയിലാണ് ഉള്ളത്. ഇതിൽ എസ്.കെ.പൊറ്റക്കാട് പാർക്ക്, തടമ്പാട്ടുതാഴം പാർക്ക് എന്നിവിടങ്ങളിൽ പ്രവൃത്തിയുടെ ഭാഗമായി നിലത്ത് പാകിയ ടൈൽസ് പൊട്ടിപൊളിഞ്ഞു കിടക്കുന്ന അവസ്ഥയിലാണ്. കോടിക്കണക്കിന് രൂപ ചെലവഴിച്ചിട്ടും പാർക്കുകൾ വൃത്തിഹീനമായി കിടക്കുന്നതിനാൽ തന്നെ പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ലെന്ന് വിലയിരുത്തുന്നു.

പദ്ധതി തുക ചെലവഴിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകളുടെ Operation & Maintanance ന് വളരെയധികം പ്രാധാന്യം നൽകേണ്ടതാണെന്നും അതിനാൽ തന്നെ ആക്ഷൻ പ്ലാനിൽ കുറഞ്ഞത് 5 വർഷത്തേക്കുള്ള O & M ന് വേണ്ടിയുള്ള തുക യൂസർ ചാർജ് വഴിയോ അല്ലെങ്കിൽ മറ്റുള്ള വരുമാനത്തിലൂടെയോ കണ്ടെത്തണമെന്നും അമൃത് പദ്ധതിയുടെ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നവീകരിച്ച 8 പാർക്കുകളിൽ O & M ന് വേണ്ടി നാളിതുവരെ യാതൊരു നടപടിയും സ്വീകരിക്കാത്തതിനാൽ പാർക്കുകൾ വൃത്തിഹീനമായി മാറി. നവീകരിച്ച പാർക്കുകൾ വൃത്തിയായി സംരക്ഷിക്കുന്നതിന് നഗരസഭ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ കേടുവന്ന ടൈലുകൾ കരാറുകാരന്റെ ഉത്തരവാദിത്വത്തിൽ മാറ്റി സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും പ്രവൃത്തി പൂർത്തീകരിച്ച് മാസങ്ങൾക്കകം കേടുവന്നതിന്റെ കാരണം കണ്ടെത്തേണ്ടതുമാണ്.

ഈ പദ്ധതി പ്രകാരം നടപ്പിലാക്കിയ "മാവൂർ റോഡ് നോർത്ത് സൈഡ് ഡ്രൈനേജ്" പ്രവൃത്തി നടക്കുന്ന സമയത്ത് കരാറുകാരന്റെ അശ്രദ്ധ മൂലം കേടുവന്ന കേബിളുകളുടെ നഷ്ടപരിഹാരമായി കരാറുകാൻ BSNL ന് നൽകേണ്ടതായ 4,33,350/- രൂപ നഗരസഭ നൽകിയ ഇനത്തിൽ 4,33,350/- രൂപയും, വിവിധ പാർക്കുകളിലേക്ക് കളിയുപകരണങ്ങൾ വാങ്ങിയ ഇനത്തിൽ അധികം ചെലവഴിച്ച 96,038/- രൂപയും ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കേണ്ടതാണ്.

യോഗ്യതയോ മുൻപരിചയമോ ഇല്ലാത്ത കൺസൽട്ടന്റുമാരെ DPR തയ്യാറാക്കുന്നതിനായി നഗരസഭ ചുമതലപ്പെടുത്തിയതാണ് പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കാതിരുന്നതിനും പദ്ധതി ലക്ഷ്യം കൈവരിക്കാതിരിക്കുന്നതിനും കാരണമായിട്ടുള്ളത്. കൺസൽട്ടൻസി സ്ഥാപനം ശരിയായ പഠനങ്ങൾ നടത്താതെ DPR തയ്യാറാക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി നിർവ്വഹണം നടത്താൻ കഴിയാതെ, കരാറുകാരന്റേതല്ലാത്ത കാരണങ്ങളാൽ സമയം വർഷങ്ങളോളം നീട്ടി നൽകേണ്ട സാഹചര്യവും ഉണ്ടായി. നഗരസഭയിൽ 2015-16 വർഷം ആരംഭിച്ചതും 2017-18 വർഷം പൂർത്തീകരിക്കേ ണ്ടതുമായിരുന്ന പ്രോജക്ട് നാളിതുവരെ പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ പദ്ധതി ഉദ്ദേശലക്ഷ്യങ്ങൾ കൈവരിച്ചിട്ടില്ലാത്തതിനാൽ പദ്ധതി പൂർത്തീകരിക്കാനാവശ്യമായ അടിയന്തിര നടപടി നഗരസഭയുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 തൊഴിൽ നികുതി ഈടാക്കിയതിലെയും രജിസ്റ്ററുകൾ പരിപാലിക്കുന്നതിലെയും അപാകതകൾ

കോഴിക്കോട് നഗരസഭയുടെ 2020-21 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചപ്പോൾ ചട്ടപ്രകാരം ഈടാക്കേണ്ട തുകയേക്കാൾ കുറഞ്ഞ തുക ഈടാക്കിയതായി കാണുന്നു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഇൻസ്റ്റിറ്റ്യൂഷൻ നം. | അർദ്ധ വർഷം | സ്ഥാപനം | ജീവനക്കാരന്റെ പേര് | അർദ്ധ വാർഷിക വരുമാനം | അടവാക്കേണ്ട തുക | അടവാക്കിയ തുക | കുറവ് | രസീത് നം. തീയതി |
|---|---|---|---|---|---|---|---|---|---|
| 1 | 34/151 | II/ 2020-21 | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ Dist.Sub Division No.11, KWA, Civil Station | ലീന.കെ.ടി | 185040 | 1250 | -- | 1250 | -- |
| 2 | 34/151 | II/ 2020-21 | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ Dist.Sub Division No.11, KWA, Civil Station | എ.അബ്ദുൾ ബഷീർ | 180000 | 1250 | -- | 1250 | -- |
| 3 | 61(2)/173 | II/ 2020-21 | സ്ത്രീകളുടെയും കുട്ടികളുടെയും സർക്കാർ ആശുപത്രി | സീന എലിസബത്ത് | 79200 | 750 | 450 | 300 | 120003-1695 31.03.2021 |
| 4 | 61(2)/173 | II/ 2020-21 | സ്ത്രീകളുടെയും കുട്ടികളുടെയും സർക്കാർ ആശുപത്രി | രതിൽ.കെ | 75980 | 750 | 600 | 150 | 120003-1693 31.03.2021 |
| 5 | 61(2)/ 173 | II/ 2020-21 | സ്ത്രീകളുടെയും കുട്ടികളുടെയും സർക്കാർ ആശുപത്രി | ശശീന്ദ്രൻ.കെ | 75520 | 750 | 600 | 150 | 120003-1693 31.03.2021 |
| 6 | 61(2)/ 173 | II/ 2020-21 | സ്ത്രീകളുടെയും കുട്ടികളുടെയും സർക്കാർ ആശുപത്രി | Shyi.C | 79520 | 750 | 600 | 150 | 120003-1693 31.03.2021 |
| 7 | 61(2)/ 173 | II/ 2020-21 | സ്ത്രീകളുടെയും കുട്ടികളുടെയും സർക്കാർ ആശുപത്രി | നിഷ.വി | 78050 | 750 | 600 | 150 | 120003-1693 31.03.2021 |
| 8 | 61(2)/ 173 | II/ 2020-21 | സ്ത്രീകളുടെയും കുട്ടികളുടെയും സർക്കാർ ആശുപത്രി | മേഘ | 90000 | 750 | 450 | 300 | 120003-1694 31.03.2021 |
| 9 | 61(2)/ | II/ | കാക്കാസ് | സഫിൻ.എം.വി | 45275 | 450 | 300 | 150 | 170341-12924 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | 183 | 2020-21 | ഗാർമെന്റ്സ് | | | | | | 18.03.2021 |
| 10 | 61(2)/ 45 | II/ 2020-21 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് | ജെന്നി രാജ്.സി | 126100 | 1250 | 500 | 750 | 170341-126773 03.03.2021 |
| 11 | 61(2)/ 45 | II/ 2020-21 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് | ഷീമ.കെ.കെ | 119100 | 1000 | 250 | 750 | 170341-126773 03.03.2021 |
| 12 | 61(2)/ 45 | II/ 2020-21 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് | ഷീജ.ടി | 100028 | 1000 | 400 | 600 | 170341-126773 03.03.2021 |
| 13 | 61(2)/ 45 | II/ 2020-21 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് | രമ്യ രാജേന്ദ്രൻ | 100028 | 1000 | 400 | 600 | 170341-126773 03.03.2021 |
| 14 | 61(2)/ 45 | II/ 2020-21 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് | ബിജു.കെ | 79606 | 750 | 300 | 450 | 170341-126773 03.03.2021 |
| 15 | 72/81 | II/ 2020-21 | കൈരളി പോളിപേക്ക് പ്രൈ.ലിമിറ്റഡ് | റോസ.സി.വി | 46800 | 450 | 300 | 150 | -- |
| 16 | 65/83 | II/ 2020-21 | അജ്മൽ & സൺസ് | അഷറഫ് | 141766 | 1250 | 1000 | 250 | 120020124197 16.03.21 |
| 17 | 56/9 | I/ 2020-21 | AWH സ്പെഷ്യൽ കോളേജ് കല്ലായി | റഹീം.എം | 83274 | 750 | 600 | 150 | -- |
| 18 | 59/230 | I/ 2020-21 | മലബാർ ഗോൾഡ് പ്രൈ. ലിമിറ്റഡ് | സമീർ ദാസ് | 343333 | 1250 | 300 | 950 | -- |
| 19 | 59/206 | I/ 2020-21 | സ്റ്റോക്ക് ഹോൾഡിംങ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് | റിസ്വാൻ.ടി | 128708 | 1250 | 1000 | 250 | 1200031747 31.03.2021 |
| 20 | 59/26 | II/ 2020-21 | തളി ദേവസ്വം | അനുരാജ് | 134175 | 1250 | 1000 | 250 | 1200031324 06.03.2021 |
| 21 | 59/122 | II/ 2020-21 | നോർക്ക റൂട്ട്സ് | സജ്ന.പി | 132000 | 1250 | 1000 | 250 | 1200031161 15.02.2021 |
| 22 | 59/122 | II/ 2020-21 | നോർക്ക റൂട്ട്സ് | രമ്യ ഭാസ്കരൻ | 132000 | 1250 | 1000 | 250 | 1200031161 15.02.2021 |
| 23 | 59/122 | II/ 2020-21 | നോർക്ക റൂട്ട്സ് | ബിന്ദു പ്രശാന്ത് | 132000 | 1250 | 1000 | 250 | 1200031161 15.02.2021 |
| 24 | 38/39 | II/ 2020-21 | KUN IMPEX (P) LTD | ബിന്ദു | 60000 | 600 | 450 | 150 | -- |
| 25 | 38/39 | II/ 2020-21 | KUN IMPEX (P) LTD | പ്രജിത.ടി.പി | 60000 | 600 | 450 | 150 | -- |
| | | | | ആകെ | | | | 10050 | |

തൊഴിൽ നികുതി ഇനത്തിൽ കുറവ് വന്ന തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 ഷോപ്പിംഗ് കോംപ്ലക്സ് വാടക കുടിശ്ശിക ഈടാക്കാത്തതും മറ്റ് അപാകതകളും

ചെറുവണ്ണൂർ-നല്ലളം മേഖല കാര്യാലയത്തിന്റെ കീഴിലുള്ള ചെറുവണ്ണൂർ-നല്ലളം ഷോപ്പിംഗ് കോംപ്ലക്സ്, ഫറോക്ക് ഷോപ്പിംഗ് കോംപ്ലക്സ്, അരീക്കാട് ഷോപ്പിംഗ് കോംപ്ലക്സ്, കല്ലുവെട്ടുകുഴി/ജയന്തി റോഡ്/റഹ്മാൻ ബസാർ വനിതാ വ്യവസായ കേന്ദ്രം, കരുന്തയിൽ ഇൻഡസ്ട്രീസ് എസ്റ്റേറ്റ് തുടങ്ങിയവയിലെ വാടക ഈടാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധിക്കപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(1) വാടക അടവു വരുത്തുന്നതിൽ വീഴ്ച

ചെറുവണ്ണൂർ നല്ലളം മേഖലാ ഓഫീസ് പരിധിയിലെ മേൽ കെട്ടിടങ്ങൾ ലൈസൻസ് വ്യവസ്ഥയിൽ നൽകുന്നതുമായി ബന്ധപ്പെട്ട എഗ്രിമെന്റിലെ വ്യവസ്ഥകൾ പ്രകാരം ലൈസൻസ് ഫീസ് അതാത് മാസം അഞ്ചാം തീയതിക്ക് മുമ്പായി മുൻകൂറായി അടവാക്കേണ്ടതാണ്. ലൈസൻസ് ഫീസ് അടവ് വരുത്തുന്നതിൽ തുടർച്ചയായി മൂന്ന് മാസക്കാലം വീഴ്ച വരുത്തിയാൽ ലൈസൻസ് അവകാശം ക്യാൻസൽ ആകുന്നതും മുറികൾ നഗരസഭയെ തിരികെ ഏൽപ്പിക്കേണ്ടതുമാണ്. എന്നാൽ മേഖല കാര്യാലയത്തിലെ 2020-21 വർഷത്തെ വാടക വരവ് പരിശോധിച്ചതിൽ താഴെ പറയുന്ന വിവിധ ഷോപ്പിംഗ് കോംപ്ലക്സിലെ ലൈസൻസികൾ നാളിതു വരെ 2020-21 ലേതും തുടർന്നുള്ളതും വാടക അടവാക്കിയിട്ടില്ലാത്തതായും മുറികൾ ടി ലൈസൻസികൾ തന്നെഇപ്പോഴും കൈവശം വെക്കുന്നതായും കണ്ടു. വാടക ഈടാക്കാൻ ശേഷിക്കുന്നവയുടെ വിശദാംശം ചുവടെ കൊടുക്കുന്നു. (കോവിഡ് 19 വ്യാപനം തടയുന്നതിന് ലോക്ക്ഡൗൺ ഏർപ്പെടുത്തിയ കാലയളവിലുള്ള വാടക 29.06.2020 ലെ 1278/2020/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം നിയമാനുസൃതം ലൈസൻസികൾക്ക് കുറവ് ചെയ്ത് കൊടുത്തിട്ടുണ്ട്)

| ക്രമനം | വാടകക്കാരൻ | റൂം നമ്പർ | ഈടാക്കാൻ അവശേഷിക്കുന്ന വാടക | | |
|---|---|---|---|---|---|
| | | | റിമാർക്സ് | ആകെ നഷ്ടം | 20-21 വർഷത്തേത് |
| I | ഫറോക്ക് ഷോപ്പിംഗ് കോംപ്ലക്സ് | | | | |
| 1 | കെ.കുഞ്ഞിമുഹമ്മദ് | 13 | @4534 PM 1/21 മുതൽ 3/22 വരെ ഈടാക്കിയിട്ടില്ല (15 മാസം) | 58,942 | 13,602 |
| 2 | സെക്രട്ടറി, ഫറോക്ക് കോ-ഓപ്പറേറ്റീവ് സ്റ്റോഴ്സ് | 15,16,17 | @11908 PM 3/21 മുതൽ 3/22 വരെ ഈടാക്കിയിട്ടില്ല (13 മാസം) | 1,54,804 | 11,908 |

| | | | | | |
|---|---|---|---|---|---|
| 3 | എം.അബ്ദുറഹിമാൻ | 19 | @2484 PM 2/21 മുതൽ 3/22 വരെ ഈടാക്കിയിട്ടില്ല (14 മാസം) | 34,776 | 4,968 |
| 4 | പി.സുനിൽകുമാർ | 29 | @2267 PM 3/21 മുതൽ 3/22 വരെ ഈടാക്കിയിട്ടില്ല (13 മാസം) | 29,417 | 2,267 |
| 5 | മോഹൻ രാജ് ചമ്മിണി | 4FF | @7517 PM 3/20, 8/21 മുതൽ 3/22 വരെ ഈടാക്കിയിട്ടില്ല (9 മാസം) | 67,653 | -- |
| 6 | കെ.ചന്ദ്രൻ | 5FF | @1637 PM 10/20 മുതൽ 3/21 വരെയും 6/21 മുതൽ 3/22 വരെയും അടവാക്കിയിട്ടില്ല. (16 മാസം) | 26,192 | 9,822 |
| II | ചെറുവണ്ണൂർ-നല്ലളം ഷോപ്പിംഗ് കോംപ്ലക്സ് | | | | |
| 7 | എം.സതീഷ് കുമാർ | Ist Floor | @2559 PM 7/20 മുതൽ 3/22 വരെ അടവാക്കിയിട്ടില്ല. (21 മാസം) | 53,739 | 23,031 |
| 8 | റിനീഷ്.പി | Ist Floor | @50878 PM 4/21 മുതൽ 3/22 വരെ അടവാക്കിയിട്ടില്ല. (12 മാസം) | 6,10,536 | -- |
| 9 | റിനീഷ്.പി | IInd Floor | @34394 PM 4/21 മുതൽ 3/22 വരെ അടവാക്കിയിട്ടില്ല. (12 മാസം) | 4,12,728 | -- |
| III | അരീക്കാട് ഷോപ്പിംഗ് കോംപ്ലക്സ് | | | | |
| 10 | ഹരീഷ് ബാബു | 7 | @716 PM 3/21 മുതൽ 3/22 വരെ ഈടാക്കിയിട്ടില്ല(13 മാസം) | 9,308 | 716 |
| 11 | പി.പി.ഗിരിജാ മണി | 11 | @791 PM 4/19 മുതൽ 3/20 വരെ ഈടാക്കിയിട്ടില്ല (12 മാസം) | 9,492 | -- |
| 12 | കെ.പി.അബൂബക്കർ | 19 | @8400PM 6/20 മുതൽ 3/22 വരെ ഈടാക്കിയിട്ടില്ല(22 മാസം) | 1,84,800 | 84,000 |
| 13 | സീനിയർ സൂപ്രണ്ട്സിറ്റി പോസ്റ്റോഫീസ്കോഴിക്കോട് | 24 | @3110 PM 4/19 മുതൽ 3/22 വരെ ഈടാക്കിയിട്ടില്ല 4/19 ന് മുമ്പുള്ള രജിസ്റ്റർ ഹാജരാക്കിയിട്ടില്ല (36 | 1,11,960 | 37,320 |

| | | | | | |
|---|---|---|---|---|---|
| | | | മാസം) | | |
| 14 | എക്സൈസ് റേഞ്ച് ഓഫീസ് | 25 മുതൽ30 വരെ | @2501 PM 6/19 മുതൽ 3/21 (22x2501) @ 3000 PM4/21 മുതൽ 3/22 വരെ | 91,022 | 55,022 |
| IV | ചെറുവണ്ണൂർ ഫിഷ് മാർക്കറ്റ് | | | | |
| 15 | സുധിൻ | -- | @984 PM 2/20 ൽ അടവാക്കിയിട്ടില്ല. @1181PM 5/21മുതൽ 3/22 വരെ അടവാക്കിയിട്ടില്ല | 13,975 | -- |
| 16 | സി.അബൂബക്കർ ഹാജി | 8 | @1176 PM 4/20 മുതൽ 3/21 വരെ അടവാക്കിയിട്ടില്ല @1411 PM 4/21മുതൽ 3/22 വരെ അടവാക്കിയിട്ടില്ല | 31,044 | 14,112 |
| 17 | കെ.ടി.മുഹമ്മദ് കുട്ടി | 10 | @1306 PM 4/20 മുതൽ 3/21 വരെ ഈടാക്കിയിട്ടില്ല@1567 PM 4/21മുതൽ 3/22 വരെ ഈടാക്കിയിട്ടില്ല | 34,476 | 15,672 |
| V | കരുന്തയിൽ ഇൻഡസ്ട്രീസ് എസ്റ്റേറ്റ് | | | | |
| 18 | ഷബീർ അഹമ്മദ് | 1 | @1596 PM 11/19 മുതൽ 3/20 വരെ ഈടാക്കിയിട്ടില്ല (5 മാസം) | 7,980 | -- |
| 19 | ഷബീർ അഹമ്മദ് | 2 | @1410 PM 11/19 മുതൽ 3/20 വരെ ഈടാക്കിയിട്ടില്ല (5 മാസം) | 7,050 | -- |
| 20 | ഹരീഷ് പറന്താട്ടിൽ | 6 | @1519 PM 11/20 മുതൽ 3/22 വരെ ഈടാക്കിയിട്ടില്ല (17 മാസം) | 25,823 | 7,595 |
| 21 | വി.എം.രാജശേഖരൻ | 8 | @1176 PM 7/20 മുതൽ 3/21 വരെ (9 മാസം)@1412 PM 4/21മുതൽ 3/22 വരെ (9 മാസം) | 27,528 | 10,584 |
| VI | വനിതാ വ്യവസായ കേന്ദ്രം, ജയന്തി റോഡ് | | | | |
| 22 | ഷജില ബാലകൃഷ്ണൻ | 1 | @1128PM 4/20 മുതൽ 3/22 വരെ ഈടാക്കിയിട്ടില്ല(24 മാസം) | 27,072 | 13,536 |
| 23 | ഷൈലജ | 2 | @1503 PM 1/21 മുതൽ 3/22 വരെ ഈടാക്കിയിട്ടില്ല (15 | 22,545 | 4,509 |

| | | | | | |
|---|---|---|---|---|---|
| | | | മാസം) | | |
| 24 | രാഗിണികൊളത്തറ | 4 | @1252 PM 4/20 മുതൽ 9/20 വരെ ഈടാക്കിയിട്ടില്ല(6 മാസം)@1503 PM 10/20 മുതൽ 3/22 വരെ ഈടാക്കിയിട്ടില്ല (18 മാസം) | 34,566 | 16,530 |
| 25 | ഷർമിള | 2 | @1128 PM 4/20 മുതൽ 3/22 വരെ ഈടാക്കിയിട്ടില്ല(24 മാസം) | 27,072 | 13,536 |
| 26 | അഫ്സത്ത് | 4 | @1138 PM 4/20 മുതൽ 3/22 വരെ ഈടാക്കിയിട്ടില്ല (24 മാസം) | 27,312 | 13,656 |
| 27 | ഷൈനി | 5 | @1138 PM 4/20 മുതൽ 3/22 വരെ ഈടാക്കിയിട്ടില്ല (24 മാസം) | 27,312 | 13,656 |
| VII | വനിത വ്യവസായ കേന്ദ്രം, കല്ലുവെട്ട് കുഴി | | | | |
| 28 | റീജ.കെ | 1 | @1503 PM 1/21 മുതൽ 3/22 വരെ ഈടാക്കിയിട്ടില്ല (15 മാസം) | 22545 | 4509 |
| VIII | വനിതാ വ്യവസായ കേന്ദ്രം, റഹ്മാൻ ബസാർ | | | | |
| 29 | അനീസ | 1 | @900 PM 4/19 മുതൽ 3/20 വരെ ഈടാക്കിയിട്ടില്ല (12 മാസം)@1080 PM 4/20 മുതൽ 3/22 വരെ ഈടാക്കിയിട്ടില്ല (24 മാസം) | 36,720 | 12,960 |
| 30 | കെ.വി.ഫാത്തിബി | 2 | @887 PM 1/21 മുതൽ 3/22 വരെ ഈടാക്കിയിട്ടില്ല (15 മാസം) | 13,305 | 2,661 |
| 31 | ഷീന.പി | 3 | @1200 PM 4/20 മുതൽ 9/20 വരെ ഈടാക്കിയിട്ടില്ല(6 മാസം)3/21 മുതൽ 4/22 വരെ ഈടാക്കിയിട്ടില്ല (12 മാസം) | 21,600 | 14,400 |
| 32 | സഫിയ.പി | 4 | @1200 PM 9/19 മുതൽ 4/20 വരെ ഈടാക്കിയിട്ടില്ല (8 മാസം)@1440 PM 4/21 മുതൽ 3/22 വരെ | 26,880 | -- |

| | | | | | |
|---|---|---|---|---|---|
| | | | ഈടാക്കിയിട്ടില്ല (12 മാസം) | | |
| 33 | വഹീദ ഇളയടത്ത് | 7 | @983 PM 3/21 (1 മാസം)@1180 PM 4/21 മുതൽ 3/22 വരെ ഈടാക്കിയിട്ടില്ല (12 മാസം) | 15,143 | 983 |
| 34 | എം.കെ.കമറുന്നീസ | 9 | @2224 PM 4/20 മുതൽ 3/22 വരെ ഈടാക്കിയിട്ടില്ല (24 മാസം) | 53,376 | 26,688 |
| 35 | അജിതകുമാരി | 10 | @785 PM 3/21 മുതൽ 3/22 വരെ ഈടാക്കിയിട്ടില്ല (13 മാസം) | 10,205 | 785 |
| IX | കുണ്ടായിത്തോട് ഫിഷ് മാർക്കറ്റ് | | | | |
| 33 | ബാബു | -- | @2987 PM 4/21 മുതൽ 3/22 വരെ ഈടാക്കിയിട്ടില്ല (12 മാസം) | 35,844 | -- |
| | ആകെ | | | 429028 | |

(2) വാടക ഈടാക്കിയതിൽ കുറവ്

ലൈസൻസ് വ്യവസ്ഥയിൽ നൽകുന്ന മുറികളുടെ വാടക 3 വർഷം കൂടുമ്പോൾ നിലവിലുള്ള നിരക്കിന്റെ 20% വർദ്ധിപ്പിച്ച നിരക്കിൽ ഈടാക്കുന്നതിനാണ് എഗ്രിമെന്റ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളത് എങ്കിലും ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന മുറികളുടെ കാര്യത്തിൽ പ്രസ്തുത നിബന്ധന പാലിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | റൂം നമ്പർ | ലൈസൻസി | കരാർ പ്രകാരം ഈടാക്കേണ്ട വാടക | ഈടാക്കിയത് | കുറവ് | റിമാർക്സ് |
|---|---|---|---|---|---|---|
| I | ചെറുവണ്ണൂർ ഷോപ്പിംഗ് കോംപ്ലക്സ് | | | | | |
| 1 | Istfloor | റിനീഷ്.പി | 50,878 | 42,398 | 8480X4=33920(12/20 മുതൽ 3/21 വരെ) | 18.07.20 മുതൽ 17.07.23 വരെ 50878/- നിരക്കിലാണ് ഈടാക്കേണ്ടത്. 4/20 മുതൽ 11/20 വരെ സർക്കാർ ഉത്തരവ് പ്രകാരം ഇളവ് ചെയ്ത് കൊടുത്തു |

| | | | | | | |
|---|---|---|---|---|---|---|
| 2 | Istfloor | റിനീഷ്.പി | 34,394 | 13,323 | 21071X4=84284(12/20 മുതൽ 3/21 വരെ) | 01.05.18 മുതൽ 30.04.21 വരെ 34394/- നിരക്കിലാണ് ഈടാക്കേണ്ടത്. 4/20 മുതൽ 11/20 വരെ സർക്കാർ ഉത്തരവ് പ്രകാരം ഇളവ് ചെയ്ത് കൊടുത്തു |
| II | അരീക്കാട് ഷോപ്പിംഗ് കോംപ്ലക്സ് | | | | | |
| 3 | 19 | കെ.പി. അബൂബക്കർ | 8,400 | 7,000 | 1400X7=9800(11/19 മുതൽ 5/20 വരെ)22X8400=184800 (6/20 മുതൽ 3/22 വരെ) | 05.11.19 മുതൽ 04.11.22 വരെ 8400/- നിരക്കിലാണ് ഈടാക്കേണ്ടത്. 6/20 മുതൽ 3/22 വരെ പൂർണ്ണമായും ഈടാക്കിയിട്ടില്ല |
| III | ഫറോക്ക് ഷോപ്പിംഗ് കോംപ്ലക്സ് | | | | | |
| 4 | പൈപ്പ് സ്റ്റാന്റ് | സി.പി. അബൂബക്കർ | 605(15.06.2017 മുതൽ 14.06.2020 വരെ)726(15.06.2010 മുതൽ 14.06.2023 വരെ) | 504 | 6X605=3630(1.1.20 മുതൽ 30.06.20 വരെ)21X726=15246(1.7.20 മുതൽ 31.3.21 വരെ) | 1/20 മുതൽ 3/22 വരെ പൂർണ്ണമായും ഈടാക്കിയിട്ടില്ല |
| 5 | 6FF | മെഹബൂബ്.ടി.പി | 22831(15.07.2016 മുതൽ 14.07.2019 വരെ)27397(15.07.2019 മുതൽ 31.03.2022 വരെ) | 19,026 | 3805X4=45660(4/19 മുതൽ 7/19 വരെ)8371X32=267872 | 4/19 മുതൽ 3/20 വരെ 19026/- നിരക്കിലാണ് ഈടാക്കിയത്. 4/20 മുതൽ 3/22 വരെ പൂർണ്ണമായും ഈടാക്കിയിട്ടില്ല |
| 6 | 21 | സി.പി. അബൂബക്കർ | 6,1007,320 | 5,0835,083 | 1017X12=12204(4/18 മുതൽ 3/19 വരെ)2237X19=42503(4/19 മുതൽ 10/20 വരെ) | എഗ്രിമെന്റ് പ്രകാരം 4/16 മുതൽ 3/19 വരെ 6100/- തോതിലും 4/19 മുതൽ 3/22 വരെ 7320 തോതിലുമാണ് ഈടാക്കേണ്ടത്. എന്നാൽ 4/18 മുതൽ 10/20 വരെ 5083/- നിരക്കിലാണ് ഈടാക്കിയത്. |
| | | | ആകെ | | 699919 | |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ 21.02.2022 ലെ 64/2020-21 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്ന മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശികയിനത്തിൽ ഈടാക്കാനുള്ള 11,28,947/- (ക്രമ നം. 1 : 429028 + ക്രമ നം. 2 : 6,99,919) രൂപ ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-3 ബസ്സ്റ്റാന്റ് ലേലം - 18,60,000/-രൂപ നഷ്ടം.

ഫയൽ നമ്പർ : എ32/15461/2020

2020-21 വർഷത്തെ ബസ് സ്റ്റാന്റ് പിരിവുമായി ബന്ധപ്പെട്ട് 19.2.2020 ന് ലേലം നടത്തുകയുണ്ടായി. പ്രസ്തുത ലേലത്തിൽ 2 പേർ പങ്കെടുത്തിരുന്നെങ്കിലും ആരും ലേലം വിളിച്ചിരുന്നില്ല. അതേ സമയം 3 ടെണ്ടർ ലഭിച്ചതിൽ ഏറ്റവും കൂടുതൽ തുകയായ 30,33,000/- രൂപ ക്വാട്ട് ചെയ്ത ശ്രീ. മുഹമ്മദ് അസ്‌ലം എന്നയാളുടെ ടെണ്ടർ അംഗീകരിക്കുകയുണ്ടായി. ടിയാനുമായി നെഗോസിയേഷൻ നടത്തിയതിന്റെ അടിസ്ഥാനത്തിൽ ലേല തുക 31,00,000/- രൂപയായി നിജപ്പെടുത്തി. 20.2.2020 ന് 11901010309 നമ്പർ രശീതി പ്രകാരം ലേല തുകയുടെ 50% ആയ 15,50,000/-

രൂപയും നികുതികളും ടിയാൻ നഗരസഭയിൽ മുൻകൂറായി അടവാക്കിയിട്ടുണ്ട്. അതിനു ശേഷം നഗരസഭ യഥാസമയം തുടർനടപടികൾ സ്വീകരിക്കാതിരുന്നതിനാൽ ബസ് സ്റ്റാന്റ് ഫീ വരവിനത്തിൽലഭിക്കേണ്ടിയിരുന്ന മുഴുവൻ തുകയും നഗരസഭക്ക് ലഭിച്ചിട്ടില്ല. 16.9.2020 മുതൽ 22.10.20 വരെ ഡിപ്പാർട്ട്മെന്റലായി പിരിക്കുകയും 23.10.2020 മുതൽ 31.3.2021 വരെ ശ്രീ. ടി.പി. അബൂബക്കർ എന്നയാൾ 2,76,000/- രൂപക്ക് കരാർ ഏറ്റെടുക്കുകയും ചെയ്തു. ലേല തുടർനടപടിക്രമങ്ങളിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. ലേല നടപടികൾ ആരംഭിക്കുന്നത് എ36 സെക്ഷനിലും ലേലം ഉറപ്പിച്ച ശേഷം തുടർനടപടികൾ സ്വീകരിക്കുന്നത് എ32 സെക്ഷനിലുമാണ്. 19.2.2020 ന് ശ്രീ. മുഹമ്മദ് അസ് ലം സമർപ്പിച്ച ടെണ്ടർ അംഗീകരിച്ചിട്ടുണ്ടെങ്കിലും ഫയൽ തുടർ നടപടികൾക്കായി എ32 സെക്ഷനിലേക്ക് നൽകിയത് 3 മാസത്തിനു ശേഷം 19.5.2020 ലാണ്. ഈ 3 മാസകാലയളവിനുള്ളിൽ സ്വീകരിക്കേണ്ട നടപടികളായ സെലക്ഷൻ നോട്ടീസ് അയക്കൽ, മുൻകൂർ അടയ്ക്കാൻ അവശേഷിക്കുന്ന ലേല തുക ഈടാക്കൽ, കരാർ വെക്കൽ എന്നിവ യഥാസമയം നടന്നിട്ടില്ല.

2. 19.5.2020 ന് നഗരസഭയിൽ നിന്നും സെലക്ഷൻ നോട്ടീസ് അയച്ചത് 26.5.2020 ന് കരാറുകാരൻ കൈപ്പറ്റിയിട്ടുണ്ടെങ്കിലും ലേലതുകയുടെ ബാക്കി തുക അടയ്ക്കാനോ എഗ്രിമെന്റ് വെക്കാനോ തയ്യാറായിട്ടില്ല. കോവിഡ് 19 മഹാമാരി കാരണം 24.3.2020 മുതൽ സമ്പൂർണ്ണ ലോക്ക്ഡൗൺ ആയതിനാൽ ഏപ്രിൽ മാസം മുതൽ ബസ് സ്റ്റാന്റ് ഫീ പിരിക്കാനായിട്ടില്ലെന്നും ജൂലായ് മാസത്തിൽ 7200/- രൂപ മാത്രമാണ് പിരിഞ്ഞു കിട്ടിയതെന്നും ആയതിനാൽ ടിയാനെ ലേലത്തിൽ നിന്നും ഒഴിവാക്കി മുൻകൂർ അടവാക്കിയ തുക തിരികെ നൽകണമെന്നും ആവശ്യപ്പെട്ട് 23.7.2020, 22.8.2020 തിയ്യതികളിലായി നഗരസഭക്ക് അപേക്ഷ നൽകി. പ്രസ്തുത അപേക്ഷ പരിഗണിച്ച് ഇളവിനായി സർക്കാരിലേക്ക് കത്ത് അയക്കാൻ 28.9.2020 ൽ കൗൺസിൽ തീരുമാനമായതും 10.12.2020, 3.2.2021 തിയ്യതികളിൽ സർക്കാരിലേക്ക് കത്ത് അയച്ചതുമാണ്. എന്നാൽ ഇതുവരെ സർക്കാരിൽ നിന്നും മറുപടി ലഭ്യമായിട്ടില്ല. 16.9.2020 മുതൽ 22.10.2020 വരെയുള്ള 38 ദിവസം ഡിപ്പാർട്ട് മെന്റലായി ബസ് സ്റ്റാന്റ് ഫീസ് ഇനത്തിൽ പിരിച്ചെടുത്തത് 54028/- രൂപയാണെന്നും ആയതിനാൽ നഗരസഭ ഡിപ്പാർട്ടമെന്റലായി പിരിവ് തുടങ്ങിയതു വരെയുള്ള കാലയളവിലെ തുക ശരാശരി വരുമാനമായി കണക്കാക്കി ശ്രീ. മുഹമ്മദ് അസ്‌ലം എന്നവരിൽ നിന്നും ഈടാക്കി ബാക്കി തുക തിരിച്ചു നൽകുന്നതിനുള്ള അനുമതിക്കാണ് സർക്കാരിലേക്ക് കത്ത് അയച്ചത്. 1.4.2020 മുതൽ 15.9.2020 വരെയുള്ള 167 ദിവസത്തേക്ക് ദിവസം 1422/- രൂപ നിരക്കിൽ 2,37,474/- രൂപയും ആയതിന്റെ നികുതികളുമടക്കം 2,82,594/- രൂപ ഈടാക്കി ശേഷിക്കുന്ന 13,12,526/- രൂപ (നികുതികളടക്കം 15,61,907/- രൂപ) തിരിച്ചു നൽകാനുള്ള അനുമതിക്കാണ് കത്ത് അയച്ചത്.

3. 1998 ലെ കേരള മുനിസിപ്പാലിറ്റി (പാട്ടക്കാർക്കും ലൈസൻസികൾക്കും കിസ്തിളവ് അനുവദിക്കൽ) ചട്ടങ്ങളിലെ ചട്ടം 2(liv) പ്രകാരം മുനിസിപ്പാലിറ്റിക്ക് ലഭിക്കേണ്ട ഏതെങ്കിലും ഫീസ് പിരിക്കുന്നതിനുള്ള അവകാശം നിയമാനുസൃതമായ ഒരു കരാർ മൂലം അധികാരം ലഭിച്ചിട്ടുള്ള ആളാണ് കരാറുകാരൻ അഥവാ ലൈസൻസി. എന്നാൽ ബസ് സ്റ്റാന്റ് ഫീസ് പിരിക്കുന്നതിന് ശ്രീ. മുഹമ്മദ് അസ്‌ലം എന്നയാൾ മേൽ ചട്ടം പാലിച്ച് കരാർ വെച്ചിട്ടില്ലാത്തതാകുന്നു. കൂടാതെ മേൽ ചട്ടങ്ങളിലെ ചട്ടം 5 അനുസരിച്ച് കരാർ പ്രകാരമുള്ള മുഴുവൻ തുകയും അടവാക്കാതെ കിസ്തിളവ് അനുവദിക്കാനും നിർവ്വാഹമില്ല. ബസ് സ്റ്റാന്റ് ഫീ ലേലത്തിൽ മുഴുവൻ തുക അടക്കുകയോ കരാർ വെക്കുകയോ ചെയ്യാത്ത ടിയാന് കിസ്തിളവ് അനുവദിക്കുന്നതിന് സർക്കാരിലേക്ക് നഗരസഭ കത്ത് അയച്ചത് ചട്ടങ്ങളുടെ ലംഘനമാണ്.

4. ലേല നിബന്ധനകളിൽ ലേലം ഉറപ്പിച്ചു കഴിഞ്ഞാൽ എഗ്രിമെന്റ് വെക്കുന്നതോടൊപ്പം സോൾവൻസി സർട്ടിഫിക്കറ്റ്/ബാങ്ക് ഗ്യാരണ്ടി സമർപ്പിക്കാൻ നിർദ്ദേശമുണ്ട്. നഗരസഭ ലേലക്കാരിൽ നിന്നും പ്രസ്തുത സർട്ടിഫിക്കറ്റ്/ബാങ്ക് ഗ്യാരണ്ടി വാങ്ങി സൂക്ഷിക്കാൻ നടപടികൾ സ്വീകരിച്ചു കാണുന്നില്ല. സോൾവൻസി സർട്ടിഫിക്കറ്റ്/ബാങ്ക് ഗ്യാരണ്ടി സർട്ടിഫിക്കറ്റിന്റെ അഭാവം കാരണം കരാറുകാരിൽ നിന്നും വരുമാന നഷ്ടം ഈടാക്കാൻ നഗരസഭക്ക് പ്രയാസം നേരിടേണ്ടിവരുന്നു. ലേല തുടർനടപടിക്രമങ്ങളിലെ വീഴ്ച കാരണം 2020-21 വർഷം ബസ് സ്റ്റാന്റ് ഫീ ഇനത്തിൽ വരുമാന നഷ്ടം ഉണ്ടായ സാഹചര്യത്തിൽ ലേലക്കാരന് ചട്ടവിരുദ്ധമായി തുക റീ ഫണ്ട് ചെയ്തു കൊടുക്കുന്നതിന് തീരുമാനമെടുക്കാനും അതു സംബന്ധിച്ച് സർക്കാരിനോട് അപേക്ഷിക്കാനുമാണ് നഗരസഭ പ്രാധാന്യം കൊടുത്തത്.

5. 23.10.2020 മുതൽ 31.3.2021 വരെ ബസ് സ്റ്റാന്റ് പിരിക്കുന്നതിന് ശ്രീ. ടി.പി. അബൂബക്കർ എന്നയാൾ 2,76,000/- രൂപയുടെ ഓഫർ നൽകിയതായി നോട്ട് ഫയലിൽ കാണുന്നു. എന്നാൽ ടിയാനെ ബസ് സ്റ്റാന്റ് പിരിവ് ഏൽപിച്ചു കൊടുത്തതിന്റെയോ ഫീസ് ഈടാക്കിയതിന്റെയോ വിശദാംശങ്ങൾ ഫയലിൽ നിന്നും ലഭിച്ചിട്ടില്ല. ടിയാൻ 2020-21 ലെ ടെണ്ടറിൽ 2ാം സ്ഥാനക്കാരനായിരുന്നതും അന്നത്തെ ഡെപ്പോസിറ്റ് 2,10,000/- രൂപ 13.10.2020 ന് റീ ഫണ്ട് ചെയ്തതായും ഫയലിൽ രേഖകളുണ്ട്. എന്നാൽ രണ്ടാമതും ബസ് സ്റ്റാന്റ് പിരിവ് ടിയാനെ എൽപിച്ചിട്ടുണ്ടെങ്കിൽ ആയതിനുള്ള ഡെപ്പോസിറ്റ് തുക ടിയാനിൽ നിന്നും ഈടാക്കിയതിന്റെയോ ടിയാന്റെ ഓഫർ അംഗീകരിച്ചതിന്റെ കൗൺസിൽ തീരുമാനമോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ബസ് സ്റ്റാന്റ് ഫി ഇനത്തിൽ ടിയാൻ നഗരസഭയിൽ 2,76,000/- രൂപ അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

ലേല തുടർ നടപടികൾ സംബന്ധിച്ച് മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 31.5.20022

ന് നൽകിയ ഒ.എസ്. നമ്പർ 78/2020-21 ന് നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല.

2022-23 ലെ ബസ് സ്റ്റാന്റ് ഫി ലേലം ഫയൽ പരിശോധിച്ചതിൽ ലേലം സംബന്ധിച്ച നടപടികളെല്ലാം ചട്ടം പ്രകാരം നടന്നതായി ഓഡിറ്റിൽ ബോധ്യപ്പെട്ടിട്ടുണ്ട്. 28.2.2022 ൽ ലേലം നടത്തുകയും 32,53,000/- രൂപക്ക് ശ്രീ. ജിസിൽ ജോൺസൺ എന്ന ലൈസൻസി ഫീസ് പിരിക്കുന്നതിനുള്ള കുത്തകാവകാശം ഏറ്റെടുക്കുകയും 28.2.2022 ന് തന്നെ 50% തുക മുൻകൂറായി നഗരസഭയിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി 25% തുക 31.3.2022 നും അടച്ചിട്ടുണ്ട്. മുൻവർഷങ്ങളിൽ ബസ് സ്റ്റാന്റ് ഫീ പിരിവുമായി ബന്ധപ്പെട്ട് നഗരസഭ മനപൂർവ്വമായ വീഴ്ചകളാണ് നടത്തിയതെന്ന വസ്തുത മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വ്യക്തമാണ്. ആയതിനാൽ 2020-21 വർഷം ബസ് സ്റ്റാന്റ് ഫീ ഇനത്തിൽ നഗരസഭയ്ക്ക് നഷ്ടം വന്ന 18,60,000/-രൂപ (അടയ്ക്കാൻ അവശേഷിക്കുന്ന 15,50,000/- + 2,79,000/- GST 18% + 31000/- IT 2% ) ഉത്തരവാദികളിൽ നിന്നും ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മട്ടുപ്പാവിൽ മുട്ടക്കോഴി വളർത്തൽ - നടപടിക്രമങ്ങളിലെ വീഴ്ചകൾ.

| | |
|---|---|
| പ്രോജക്ട് നമ്പർ | 291/21 |
| പേര് | മട്ടുപ്പാവിൽ മുട്ടക്കോഴി വളർത്തൽ പദ്ധതി |
| അടങ്കൽ | 12 ലക്ഷം രൂപ |
| ചെലവ് | 105925 രൂപ (പാർട്ട് പേമെന്റ്)-വികസന ഫണ്ട് |
| ട്രഷറി ബിൽ നം. | 66/30.3.21 – 105925 രൂപ |
| നിർവഹണോദ്യോഗസ്ഥൻ | സീനിയർ വെറ്ററിനറി സർജൻ, ബേപ്പൂർ |

സീനിയർ വെറ്ററിനറി സർജൻ, ബേപ്പൂർ നിർവഹണം നടത്തിയ മേൽ പദ്ധതി മുട്ടയുത്പാദന വർധനവ് ലക്ഷ്യമാക്കി തെരെഞ്ഞെടുക്കപ്പെട്ട 100 ഗുണഭോക്താക്കൾക്ക് ഹൈഡെൻസിറ്റി കോഴിക്കൂടും 40-60 ദിവസം പ്രായമുള്ള അത്യുത്പാദനശേഷിയുള്ള 15 കോഴികൾ വീതവും 50 ശതമാനം സബ്സിഡി നിരക്കിൽ നൽകാനാണ് ലക്ഷ്യമിട്ടത്. പദ്ധതി വിഹിതം 6ലക്ഷം രൂപ , ഗുണഭോക്തൃ വിഹിതം 6ലക്ഷം രൂപ എന്ന ക്രമത്തിൽ പ്രോജക്ടിന്റെ ആകെ അടങ്കൽ 12 ലക്ഷം രൂപയാണ്. പ്രോജക്ട് രേഖ പ്രകാരം ലക്ഷ്യമിട്ടതും ഇ-ടെണ്ടർ നോട്ടീസിലെ സ്പെസിഫിക്കേഷൻ പ്രകാരം രേഖപ്പെടുത്തിയതും ഇരുമ്പ് ഗ്രില്ലിന്റെ 6 അടി നീളത്തിലും 4അടി വീതിയിലും 3 അടി ഉയരത്തിലുമുള്ളതും ഓട്ടോമാറ്റിക് ഡ്രിംകർ , ഫീഡർ, എഗ്ഗ് കളക്ഷൻ ട്രേ എന്നിവയും താഴത്ത് ഫെൻസിംഗ് പോലുള്ള കവറിംഗോടു കൂടിയതും ആയ കോഴിക്കൂട് നൽകുന്നതായാണ്. കോഴിക്കൂട് വാങ്ങി നൽകുന്നതിനായി 18.8.20 ന് നടത്തിയ ആദ്യ ഇ ടെണ്ടറിൽ (2020_DAH_377681) ഏറ്റവും കുറവ് ടെണ്ടർ തുക ക്വാട്ട് ചെയ്ത ഇഷെബ് എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന്റെ ബിഡ് (5,979/- രൂപ കൂടിന്) ആദ്യം അംഗീകരിച്ചെങ്കിലും ടെക്നിക്കൽ യോഗ്യതകളില്ലാത്ത സ്ഥാപനത്തിന്റെ ഫിനാൻഷ്യൽ ബിഡ് ടെക്നിക്കൽ കമ്മറ്റിക്ക് വെയക്കാതെ തന്നെ തെറ്റായി ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ അംഗീകരിച്ചതാണ് എന്ന കാരണത്താൽ റദ്ദാക്കുകയും 18.9.20 ന് റീ ടെണ്ടർ നടത്തുകയും ചെയ്തു. റീ ടെണ്ടറിൽ (2020_DAH_386439_1) 5 സ്ഥാപനങ്ങൾ പങ്കെടുക്കുകയും ടെക്നിക്കൽ യോഗ്യതകൾ ഇല്ല എന്ന കാരണത്താൽ 3 സ്ഥാപനങ്ങളുടെ ബിഡ് തള്ളുകയും ടെക്നിക്കൽ യോഗ്യതകൾ ഉള്ള സ്ഥാപനങ്ങളിൽ നിന്നും ഏറ്റവും കുറഞ്ഞ തുകയ്ക്ക് ബിഡ് രേഖപ്പെടുത്തിയ കോട്ടക്കുന്ന് അഗ്രോ ആന്റ് പൗൾട്രി ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് എന്ന കമ്പനിയുടെ ബിഡ് (8,900/-രൂപ കൂടിന്) 14.10.20 ലെ പർച്ചേസിംഗ് കമ്മറ്റിയുടെ 3 ാം നമ്പർ തീരുമാനം, 19.10.20ലെ കൗൺസിലിന്റെ 38 ാം നമ്പർ തീരുമാനം എന്നിവ പ്രകാരം അംഗീകരിക്കുകയും ചെയ്തു. തുടർന്ന് 13.12.20 തിയതിയിൽ കോട്ടക്കുന്ന് അഗ്രോ ആന്റ് പൗൾട്രി ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനിക്ക് താഴെ പറയുന്ന പ്രകാരം കൂടുകൾ ഇറക്കി നൽകുന്നതിന് സപ്ലൈ ഓർഡർ നൽകി (എലത്തൂർ വെറ്ററിനറി ഡിസ്പെൻസറിക്ക്- 40 എണ്ണം, മാങ്കാവ് വെറ്ററിനറി ഡിസ്പെൻസറിക്ക്-25 എണ്ണം, ചെറുവണ്ണൂർ നല്ലളം വെറ്ററിനറി ഡിസ്പെൻസറിക്ക്- 5എണ്ണം, ബേപ്പൂർ വെറ്ററിനറി ഡിസ്പെൻസറിക്ക്- 20 എണ്ണം). 10.12.20 തിയതിയിൽ കമ്പനിയുമായി കരാറിൽ ഏർപ്പെടുകയും ചെയ്തു. 90 ഗുണഭോക്താക്കൾക്ക് കൂടും കോഴികളും നൽകിയതിന്റെ രസീതികളും ഗുണഭോക്താക്കളുടെ രേഖകളും ഫയലിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

പദ്ധതി നടത്തിപ്പിൽ സംഭവിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

(1) ആദ്യ ടെണ്ടർ റദ്ദ് ചെയ്യാനുള്ള കാരണമായി നോട്ട് ഫയലിൽ രേഖപ്പെടുത്തിയത് ആദ്യ ടെണ്ടറുകൾ ലഭിച്ചപ്പോൾ 'പദ്ധതിയുടെ ടെണ്ടറുകൾ തുറന്ന് പരിശോധിക്കുന്നതിനായി ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർക്ക് നിർദ്ദേശം നൽകി. TAC മീറ്റിംഗിന് വയ്ക്കാതെ തന്നെ കവർ Aമുഴുവൻ അഡ്മിറ്റ് ചെയ്യുകയും കവർ B യിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഇഷെബ് എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന്റെ ബിഡ് അഡ്മിറ്റ് ചെയ്യുകയും ചെയ്തു. ഇഷെബ്

എന്ന സ്ഥാപനം ടെണ്ടർ നോട്ടീസിൽ പറയുന്ന മതിയായ രേഖകൾ സമർപ്പിച്ചിട്ടില്ല' എന്നാണ്. നിർവഹണ ഉദ്യോഗസ്ഥൻ ടെണ്ടറുകളുടെ കവറുകൾ തുറക്കാതെ ആയതിന് ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തുവാനുണ്ടായ സാഹചര്യം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ടെണ്ടർ രജിസ്റ്റർ സൂക്ഷിക്കുകയും വിവരങ്ങൾ രേഖപ്പെടുത്തുകയും ചെയ്തിട്ടില്ല. ആദ്യം ലഭിച്ച ബിഡുകളുടെ കവറുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

(2) ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം ഉറപ്പാക്കാതെ തന്നെ 90 കൂടുകൾക്കായി 13.12.20 തീയതിയിൽ തന്നെ സപ്ലൈ ഓർഡർ നൽകി. ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം ലഭിക്കാത്ത സാഹചര്യത്തിലും കോട്ടക്കുന്ന് അഗ്രോ ആന്റ് പൗൾട്രി ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി ലഭ്യമാക്കിയ കൂടുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി മറ്റ് വെറ്റിനറി ഡിസ്പെൻസറികൾക്ക് നിർദ്ദേശം നൽകിക്കൊണ്ട് നിർവഹണോദ്യഗസ്ഥനായ ബേപ്പൂർ വെറ്റിനറി സർജൻ ഇഷ്യൂ നോട്ട് നൽകിയിട്ടുമുണ്ട്. 'കൂടുകൾ ഇറക്കി ഏൽപ്പിച്ചിട്ടുള്ളതായി കോട്ടക്കുന്ന് അഗ്രോ ആന്റ് പൗൾട്രി ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി അറിയിച്ചിട്ടുണ്ടെന്നും ആയത് സ്റ്റോക്കിലെടുത്ത് രേഖകളും ഗുണഭോക്തൃ വിഹിതവും ശേഖരിച്ചിട്ടുള്ള ഗുണഭോക്താക്കൾക്ക് നൽകേണ്ടതാണെന്നും' കാണിച്ചുള്ള ഇഷ്യൂ (19.12.20 തീയതി) നോട്ട് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും മറ്റ് വെറ്റിനറി ഡിസ്പെൻസറികളിലെ ഡോക്ടർമാർ പ്രസ്തുത ഇഷ്യൂ നോട്ട് ലഭിച്ചതായി രേഖപ്പെടുത്തിയിട്ടില്ല.എന്നാൽ ബേപ്പൂർ വെറ്റിനറി ഹോസ്പിറ്റലിന്റെ പരിധിയിലെ തന്നെ 20 പേരുടെ ഗുണഭോക്തൃ വിഹിതം മുഴുവനായി ലഭിക്കാതെ തന്നെ നിർവഹണോദ്യോഗസ്ഥൻ കൂടുകൾ ഗുണഭോക്താക്കൾക്ക് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. 90 ഗുണഭോക്താക്കൾക്ക് കൂടും കോഴികളും നൽകിയതിന്റെ രസീതികളും ഗുണഭോക്താക്കളുടെ മറ്റ് രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും രസീതിയിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.

(3) കോട്ടക്കുന്ന് അഗ്രോ ആന്റ് പൗൾട്രി ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി കൂടുകൾ ഇറക്കി നൽകിയപ്പോൾ ടെണ്ടറിൽ രേഖപ്പെടുത്തിയ പ്രകാരമുള്ള സ്പെസിഫിക്കേഷനോടു കൂടിയ കൂടുകൾ തന്നെയാണ് ലഭിച്ചിട്ടുള്ളതെന്ന് നിർവഹണോദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പാക്കിയിട്ടില്ല. ഓഡിറ്റ് ടിം ബേപ്പൂർ വെറ്റിനറി ഡിസ്പെൻസറിയുടെ പരിധിയിൽ വരുന്ന സജിനി എന്ന ഗുണഭോക്താവിന് നൽകിയ കൂട് നേരിട്ട് കണ്ട് പരിശോധിച്ചു. ടെണ്ടറിൽ 6 അടി നീളത്തിലും 4അടി വീതിയിലും 3 അടി ഉയരത്തിലുമുള്ളതെന്ന് രേഖപ്പെടുത്തിയത് കമ്പനി ഇറക്കി നൽകിയപ്പോൾ 6 അടി നീളത്തിലും 1.5അടി വീതിയിലും 3 അടി ഉയരത്തിലുമുള്ളതായിരുന്നെന്ന് ബോധ്യപ്പെട്ടു. 2020-21 വർഷത്തിലേക്ക് ജില്ലാ ആസൂത്രണ സമിതി നം,41680/2017/ഡിപിഒ/കെകെഡി തി.15.7.2020 ഉത്തരവ് പ്രകാരം അംഗീകരിച്ച കോഴിക്കൂടിന്റെ ജില്ലാതല യൂണിറ്റ് കോസ്റ്റ് 10 കോഴികുഞ്ഞുങ്ങൾക്കുള്ളത് 6 അടി നീളത്തിലും 4അടി വീതിയിലും 3 അടി ഉയരത്തിലുമുള്ളതാണ്. എന്നാൽ 15 കോഴികുഞ്ഞുങ്ങളെ വീതം നൽകുകയും 5 കോഴികുഞ്ഞുങ്ങളെ വളർത്താൻ മാത്രം ഉതകുന്ന തരത്തിലുള്ള സ്പെസിഫിക്കേഷനോടു കൂടിയ കോഴിക്കൂടുമാണ് നൽകിയിട്ടുള്ളത്. കൃത്യമായ സ്പെസിഫിക്കേഷനോടു കൂടിയതല്ലാത്ത കൂടുകൾ നൽകിയത് പദ്ധതിയുടെ പ്രയോജനം ഗുണഭോക്താക്കൾക്ക് ലഭിക്കാത്ത സാഹചര്യം ഉണ്ടാക്കുകയും പൊതു പണത്തിന് നഷ്ടം ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്.

(4) സീനിയർ വെറ്ററിനറി സർജൻ, ബേപ്പൂർ ഉപയോഗിച്ച രസീതി ബുക്കുകൾ, കളക്ഷൻ രജിസ്റ്ററുകൾ എന്നിവ പ്രകാരം പദ്ധതിക്ക് വേണ്ടി ഗുണഭോക്തൃ വിഹിതമായി 5,595/- രൂപ വീതം 19 പേരിൽ നിന്ന് (ബേപ്പൂർ-12, ചെറുവണ്ണൂർ-നല്ലളം-7) 10.3.2021 തിയതിയിൽ പിരിച്ച് കോർപ്പറേഷനിൽ അടവാക്കതിയതിന് മാത്രമാണ് രേഖയുള്ളത്. ആയതിൽ തന്നെ ചെറുവണ്ണൂർ-നല്ലളം വെറ്റിനറി ഡിസ്പെൻസറിയുടെ പരിധിയിലെ ഗുണഭോക്താക്കളായ അസ്മാബി, പത്മജ എന്നിവർക്ക് കൂടും കോഴിയും നൽകിയിട്ടുമില്ല. കൂടും കോഴിയും നൽകിയ 90 ഗുണഭോക്താക്കളിലെ 73 പേരിൽ നിന്നും ഗുണഭോക്തൃ വിഹിതം ലഭ്യമാക്കി കോർപ്പറേഷനിൽ അടവാക്കാത്തതിന്റെ കാരണം സംബന്ധിച്ച് ഫയലിൽ കൃത്യമായി രേഖപ്പെടുത്തലുകളില്ല.

(5) പദ്ധതിയുടെ ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിനായി ബേപ്പൂർ സീനിയർ വെറ്റിനറി സർജന് 132 മുതൽ 135 വരെയുള്ള നമ്പറുകളിലുള്ള രസീതി ബുക്കുകൾ കോർപ്പറേഷനിൽ നിന്നും 30.10.2020 തീയതിയിൽ നൽകിയിട്ടുണ്ടെങ്കിലും, ആയത് സ്റ്റോക്കിലെടുക്കുകയോ മറ്റ് വെറ്റിനറി ഡിസ്പെൻസറികൾക്ക് ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിനായി നൽകുകയോ ചെയ്തിട്ടില്ല.

(6) പദ്ധതിക്കായി കോഴികുഞ്ഞുങ്ങൾ വാങ്ങിയ എഗ്ഗർ നഴ്സറിയുടെ അംഗീകാരം, തെരെഞ്ഞെടുപ്പ് എന്നിവ സംബന്ധിച്ച യാതൊരു രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത് 'കോഴികുഞ്ഞുങ്ങൾ രാവുണ്ണിയുടെ എഗ്ഗർ നഴ്സറിയിൽ നിന്ന് തരാമെന്ന് സമ്മതിച്ചിട്ടുണ്ട് ' എന്ന് മാത്രമാണ് . പ്രിയദർശിനി എഗ്ഗർ നഴ്സറിയിൽ നിന്നുള്ള 37/20.1.2021 നമ്പർ ഇൻവോയിസ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ആയതിൽ കോഴി ഒന്നിന് 160/- രൂപ നിരക്കിൽ ആകെ 1350 കോഴികൾക്ക് (90x15) 2,16,000/- രൂപയായാണ് വിലയായി രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത ഇൻവോയിസ് പ്രകാരമുള്ള പാർട്ട് പേമെന്റാണ് ട്രഷറി ബിൽ നം.66/30.3.21 പ്രകാരം നടത്തിയിട്ടുള്ളത്. എന്നാൽ 2020-21 വർഷത്തിൽ അംഗീകരിച്ച ജില്ലാതല യൂണിറ്റ് കോസ്റ്റ് അത്യുത്പാദന ശേഷിയുള്ള കോഴികുഞ്ഞുങ്ങൾക്ക് ഒന്നിന് 150/- രൂപ മാത്രമാണ്.

(7) ട്രഷറി ബിൽ നം.66/30.3.21 പ്രകാരം നാളിത് വരെയായി പദ്ധതിക്കായി ചെലവ് നടന്നിട്ടുള്ളത് 1,05,925/- രൂപയാണ്.ആയതിൽ 84,550/- രൂപ കോട്ടക്കുന്ന് അഗ്രോ ആന്റ് പൗൾട്രി ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനിയുടെ

അക്കൗണ്ടിലേക്കും 21,375/- രാവുണ്ണി (പ്രിയദർശിനി എഗ്ഗർ നഴ്സറി) യുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുള്ളത്. ഇൻവോയ്സ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ഇൻവോയ്സ് | ഇൻവോയ്സ് പ്രകാരം ആകെ തുക | അധിക വിവരം |
|---|---|---|---|
| കോട്ടക്കുന്ന് അഗ്രോ ആന്റ് പൗൾട്രി ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി | 23/20.1.2021 | 8,01,000/- | 84,550/- പാർട്ട് പേമെന്റ് |
| പ്രിയദർശിനി എഗ്ഗർ നഴ്സറി | 37/20.7.2021 | 2,16,000/- | 21,375/- പാർട്ട് പേമെന്റ് |

ബാക്കി തുക ലഭിക്കുന്നതിനായി കോട്ടക്കുന്ന് അഗ്രോ ആന്റ് പൗൾട്രി ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി നഗരസഭയിലേക്കും സർക്കാരിലേക്കും പരാതി നൽകിയിട്ടുമുണ്ട്. കൃത്യമായ സ്പെസിഫിക്കേഷനോടു കൂടിയതല്ലാത്ത കൂടുകൾ കമ്പനി നൽകിയത് നിരാകരിക്കാതെ ഗുണഭോക്താക്കൾക്ക് വിതരണം നടത്തുകയും കമ്പനിക്ക് ഭാഗികമായി പണം നൽകിയിരിക്കുകയുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ചെയ്തിട്ടുള്ളത്.

വിഷയം സംബന്ധിച്ച് ഓഡിറ്റ് വേളയിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.20/20-21 തി.09.11.2020) നിർവ്വഹണോദ്യോഗസ്ഥൻ 29.12.2021 തിയതിയിൽ നൽകിയ മറുപടിയിൽ ചുവടെ ചേർക്കുന്ന വിവരങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.ക്രമനമ്പർ 1 അപാകതക്ക് പർച്ചേസിംഗ് കമ്മറ്റി യോഗത്തിൽ വെയ്ക്കുന്നതിന് തിടുക്കത്തിൽ ടെണ്ടർ ഉറന്നത് മൂലമുള്ള അപാകതയാണ് എന്നും ക്രമനമ്പർ 2,4 എന്നിവയിൽ ചൂണ്ടിക്കാണിച്ച അപാകതകൾക്ക് ഗുണഭോക്തൃ വിഹിതം മുഴുവനായും 19.12.2020 ന് സ്വീകരിച്ചിട്ടുണ്ട്,ആയത് കോർപ്പറേഷനിൽ അടവാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്,ബേപ്പൂർ സോണൽ ഭാഗത്തെ മുഴുവൻ ഗുണഭോക്താക്കളുടെ ഗുണഭോക്തൃ വിഹിതവും സ്വീകരിച്ചിട്ടുണ്ട്,ആയത് ലൈവ് സ്റ്റോക്ക് ഇൻസ്പെകടറെ ഏൽപ്പിച്ചിട്ടുണ്ട്, LI പിന്നീട് കോർപ്പറേഷനിൽ അടവാക്കിയിട്ടുണ്ട്,ഇഷ്യു നോട്ട് 20.12.2020 ന് ചാർജെടുത്ത് ഓഫീസർക്ക് കൈമാറിയിട്ടുണ്ട് എന്നിങ്ങനെയാണ്.പ്രസ്തുത മറുപടികൾ അംഗീകരിക്കാവുന്നതല്ല. 19 ഗുണഭോക്താക്കളിൽ നിന്നും (ബേപ്പൂർ-12, ചെറുവണ്ണൂർ-നല്ലളം-7) 10.3.2021 തിയതിയിൽ പിരിച്ച് കോർപ്പറേഷനിൽ അടവാക്കിയതിന് മാത്രമാണ് ഫയലിൽ രേഖയുള്ളത്.ക്രമനമ്പർ 4 അപാകതക്ക് BOQ തയ്യാറാക്കിയപ്പോൾ കടന്ന് കൂടിയ തെറ്റാണ് 6x4x3 എന്ന് രേഖപ്പെടുത്തിയത്,മറ്റ് സ്ഥലങ്ങളിലെല്ലാം തന്നെ ഇത് പോലെ 6x1.5x1.5 എന്ന സ്പെസിഫിക്കേഷനാണുള്ളത് തുടങ്ങിയ കാര്യങ്ങളാണ്. BOQ തയ്യാറാക്കിയപ്പോൾ കടന്ന് കൂടിയ തെറ്റ് തിരുത്താതെ മുന്നോട്ട് പോയതിനാൽ ആയതും അംഗീകരിക്കാവുന്നതല്ല. 150/- രൂപയ്ക്ക് ഒരിടത്ത് നിന്നും കോഴികളെ വിതരണത്തിന് ലഭ്യമാകാത്ത സാഹചര്യത്തിൽ സർക്കാർ എഗ്ഗർ നഴ്സറി ആയതിനാൽ രാവുണ്ണിയെ നിർബന്ധിച്ച് സമ്മതിപ്പിക്കുയായിരുന്നു, ബില്ലിൽ 160/- രൂപ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 150/- രൂപ മാത്രമേ നൽകിയട്ടുള്ളൂ തുടങ്ങിയ മറുപടിയാണ് ക്രമ നമ്പർ 6 ലെ അപാകതക്ക് മറുപടിയായി രേഖപ്പെടുത്തിയിട്ടുള്ളത്. സർക്കാർ എഗ്ഗർ നഴ്സറിയാണെന്ന് തെളിയിക്കുന്ന യാതൊരു രേഖയും ഹാജരാക്കിയിട്ടില്ല. ക്രമ നമ്പർ 7 ന് മറുപടി നൽകിയിട്ടുള്ളത് TAC മീറ്റിംഗിൽ കൂടുകൾ പരിശോധിച്ച് ഉറപ്പിച്ചിട്ടുള്ളത് AE യുടെ സാന്നിദ്ധ്യത്തിലാണ്, കൂട് നിരസിക്കേണ്ട സാഹചര്യം നിലവിലുണ്ടായിരുന്നില്ല തുടങ്ങിയ കാര്യങ്ങളാണ്. ജില്ല ആസൂത്രണ സമിതി അംഗീകരിച്ച 2020-21 ലേക്കുള്ള ജില്ലാതല യൂണിറ്റ് കോസ്റ്റ് 10 കോഴികുഞ്ഞുങ്ങൾക്കുള്ള കൂടിന്റെ സ്പെസിഫിക്കേഷൻ 6 അടി നീളം, 4അടി വീതി, 3അടി ഉയരം എന്നത് തന്നെയാണ് എന്നതിനാൽ പ്രസ്തുത മറുപടിയും അംഗീകരിക്കാവുന്നതല്ല. മേൽ പ്രസ്താവിച്ച അപാകതകൾ നിലനിൽക്കുന്നതിനാൽ മേൽ പദ്ധതിക്കായി ചിലവഴിച്ച തുക 1,05,925/- രൂപ ഓഡിറ്റ് നിരാകരിക്കുന്നു. തുക നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടാവാക്കേണ്ടതാണ്. ഗുണഭോക്ത്യ വിഹിതം പിരിച്ച് കോർപ്പറേഷനിൽ അടച്ചതുമായി ബന്ധപ്പെട്ട അപാകതയ്ക്ക് മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ തുടരന്വേഷണത്തിനായി ശുപാർശ ചെയ്തിട്ടുണ്ട്. (2019-20 ഖണ്ഡിക നമ്പർ 1-19).

## 3-2 മട്ടുപ്പാവിൽ മുട്ടക്കോഴി വളർത്തൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പദ്ധതി നം. | 1203/21 |
| പദ്ധതിയുടെ പേര് | മട്ടുപ്പാവിൽ മുട്ടക്കോഴി വളർത്തൽ 2020 |
| അടങ്കൽ തുക | പദ്ധതി അടങ്കൽ : 12 ലക്ഷം രൂപ<br>(വികസന ഫണ്ട് : 6 ലക്ഷം, ഗുണഭോക്തൃവിഹിതം 6 ലക്ഷം) |
| നിർവഹണം | സീനിയർ വെറ്ററിനറി സർജൻ |

| | |
|---|---|
| ചെലവ് തുക | 5,96,250/- (വികസന ഫണ്ട്) |

| ബിൽ നമ്പർ/തീയതി | തുക |
|---|---|
| 7/21.05.2020 | 1,35,000 |
| 14/06.05.20 | 2,64,375 |
| 19/17.07.20 | 1,50,750 |
| 28/22.10.20 | 40,500 |
| 58/29.03.21 | 5,625 |
| ആകെ | 5,96,250 |

കോർപ്പറേഷൻ പരിധിയിൽ സ്ഥല സൗകര്യം കുറഞ്ഞവർക്ക് മട്ടുപ്പാവിൽ മുട്ടക്കോഴികളെ വളർത്തി മുട്ടയുത്പാദനം വർദ്ധിപ്പിക്കുന്നതിന് 2019-20 വർഷം 28/20 നമ്പർ പ്രോജക്ട് തയ്യാറാക്കി. എന്നാൽ തൻവർഷം പദ്ധതി നടപ്പായില്ല. തുടർന്ന് 2020-21 വർഷം സ്പിൽ ഓവറായി 1203/21 നമ്പർ പ്രോജക്ട് തയ്യാറാക്കി പദ്ധതി നടപ്പാക്കുകയുണ്ടായി. പ്രോജക്ട് പ്രകാരം 100 ഗുണഭോക്താക്കളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്താൻ ലക്ഷ്യമിട്ടതെങ്കിലും 106 ഗുണഭോക്താക്കൾക്ക് കോഴികളും കൂടും നൽകിയതായാണ് ചെലവ് പരിശോധിച്ചതിൽ നിന്നും മനസ്സിലാകുന്നത്. ഒരു ഗുണഭോക്താവിൽ നിന്നും 5,625/- രൂപ തോതിൽ ഗുണഭോക്തൃവിഹിതം ഈടാക്കിയിട്ടുണ്ട്. ഓരോ ഗുണഭോക്താവിനും 15 കോഴികളെ വീതം നൽകാനാണ് പ്രോജക്ടിൽ ലക്ഷ്യമിട്ടത്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

(1) കൂടിന്റെ വില വ്യാല്യുവേഷൻ നടത്താതെ ടെണ്ടർ ക്ഷണിച്ചു

കൂടിന്റെ വില എൽ.എസ്.ജി.ഡി. എഞ്ചിനീയർ നിർണ്ണയിച്ച് ടെണ്ടർ ക്ഷണിച്ചതിന് ശേഷം പ്രൊക്വയർമെന്റ് കമ്മിറ്റി നിജപ്പെടുത്തണമെന്നാണ് പ്രോജക്ട് പ്രകാരം നിഷ്കർഷിച്ചിട്ടുള്ളത്. സ.ഉ.(കൈ) നം.22/2018/ത.സ്വ.ഭ.വ. തീയതി 14.02.2018 നമ്പർ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.2 ന്റെ കുറിപ്പ് 2 അനുസരിച്ചും കൂടിന്റെ വാല്യുവേഷൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർ/ഓവർസിയർ എടുക്കണം. 18.09.2019 ന് 146/19 നമ്പർ ഇ-ടെണ്ടർ ക്ഷണിക്കുകയും അതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കുന്നമ്മൽ അഗ്രോ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ സ്വീകരിക്കാൻ പ്രൊക്വയർമെന്റ് കമ്മിറ്റി തീരുമാനിക്കുകയും ചെയ്തു. ടെണ്ടറിൽ കൂടിന്റെ സ്പെസിഫിക്കേഷൻ 6 അടി നീളം, 4 അടി വീതി, 3 അടി ഉയരം എന്നാണ് രേഖപ്പെടുത്തിയത്. ടെണ്ടറിൽ 9410 രൂപയാണ് സ്ഥാപനം ക്വാട്ട് ചെയ്തെങ്കിലും പിന്നീട് നെഗോഷിയേഷനിലൂടെ ആയത് 9,000/- രൂപയായി കുറച്ചു. കൂടിന്റെ വില ഒരു എഞ്ചിനീയറോ ഓവർസിയറോ വാലുവേഷൻ നടത്താതെയാണ് ടെണ്ടർ നടപടികൾ സ്വീകരിച്ചത്.

(2) കോഴികുഞ്ഞുങ്ങളെ വിതരണം നടത്തിയതിൽ ഏകീകൃത സ്വഭാവമില്ല

പ്രോജക്ട് പ്രകാരം 100 ഗുണഭോക്താക്കൾക്ക് 15 വീതം കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്യാനാണ് ലക്ഷ്യമിട്ടത്. എന്നാൽ പദ്ധതി നടപ്പിലായപ്പോൾ പല ഗുണഭോക്താക്കൾക്കും നൽകിയ കോഴികുഞ്ഞുങ്ങളുടെ എണ്ണം പല രീതിയിലായി. 106 ഗുണഭോക്താക്കളിൽ നിന്നായി 5,625/- രൂപ വീതം ഗുണഭോക്തൃ വിഹിതമായി ഈടാക്കി കോർപ്പറേഷനിൽ അടച്ചിട്ടുണ്ട്. 9000/- രൂപയുടെ കൂടിനുള്ള സബ്സിഡി 4,500/- രൂപയും 150/- രൂപയുള്ള കോഴിക്കുഞ്ഞിന്റെ സബ്സിഡി തുക 75/- രൂപയും ഉൾപ്പെടെ 15 കോഴിക്കുഞ്ഞുങ്ങൾക്ക് 1,125/- രൂപയും (4500+1125) കൂട്ടി മൊത്തം 5,625/- രൂപ. എന്നാൽ പല ഗുണഭോക്താക്കൾക്കും 10 ഉം 9 ഉം കോഴിക്കുഞ്ഞുങ്ങളെയാണ് ലഭിച്ചത്. എന്നാൽ കൈപ്പറ്റുകളിൽ 45 പേർക്ക് 15 ഉം 40 പേർക്ക് 10 കോഴിക്കുഞ്ഞുങ്ങളെ നൽകിയതായാണ് രേഖയുള്ളത്. 21 പേരുടെ കൈപ്പറ്റ് ലഭ്യമല്ല.

(3) സ്പെസിഫിക്കേഷൻ പരിഗണിക്കാതെ കൂടുകൾ വാങ്ങി - പദ്ധതി കൊണ്ട് പ്രയോജനം ലഭിച്ചില്ല.

യൂണിറ്റ് കോസ്റ്റ് പ്രകാരം 10 കോഴികൾക്കുള്ള കൂടിന്റെ സ്പെസിഫിക്കേഷനാണ് 6x4x3 അടി. എന്നാൽ പല ഗുണഭോക്താക്കളെയും നേരിൽ സന്ദർശിച്ചതിൽ നിന്നും 6x1x1 അടിയിലുള്ള കൂടുകളാണ് ലഭിച്ചതെന്ന് മനസ്സിലായി. ഇതിൽ തന്നെ പലർക്കും 15 വരെ എണ്ണം കോഴിക്കുഞ്ഞുങ്ങളെയും നൽകിയിട്ടുണ്ട്. യൂണിറ്റ് കോസ്റ്റ് അനുസരിച്ചുള്ള സ്പെസിഫിക്കേഷനില്ലാത്ത കൂടുകൾ നൽകിയതു വഴി പദ്ധതി കൊണ്ടുള്ള പ്രയോജനം ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടില്ല. സ്ഥാപനം സപ്ലൈ ചെയ്ത കൂട്ടിൽ 5 കോഴികളെ പോലും വളർത്താൻ സാധ്യമല്ല. മാത്രമല്ല ലഭിച്ച കൂടുകളുടെ കണ്ണികൾ തമ്മിലുള്ള അകലം കൂടുതലായതിനാൽ പല ഗുണഭോക്താക്കളും പിന്നീട് ചെറിയ കണ്ണികളുള്ള വലകൾ വാങ്ങി കൂടിന് ചുറ്റും പിടിപ്പിക്കുകയും കൂടിന്റെ അടിവശം പൊളിഞ്ഞുപോയതിനാൾ വീണ്ടും തകര ഷീറ്റ് അടിക്കുകയുമാണ് ചെയ്തത്. 29.10.2021 ന് നടത്തിയ സ്ഥലം പരിശോധനയിൽ സന്ദർശിച്ച വീടുകളിലെല്ലാം കൂട് ഒഴിഞ്ഞു കിടക്കുകയോ ഉപയോഗിക്കാൻ സാധിക്കാത്തതിനാൽ മറ്റ് ആളുകൾക്ക് കൈമാറി കൊടുക്കുകയോ ചെയ്തതായാണ് കണ്ടത്.

(4) യൂണിറ്റ് കോസ്റ്റിലും കൂടിയ നിരക്കിൽ കോഴിക്കുഞ്ഞുങ്ങളെ വാങ്ങി

കോഴിക്കുഞ്ഞുങ്ങളെ വാങ്ങുന്നത് സംബന്ധിച്ചും സ്ഥാപനം തെരെഞ്ഞെടുക്കുന്നതു സംബന്ധിച്ചും പ്രൊക്വയർമെന്റ് കമ്മറ്റിയുടെ തീരുമാനങ്ങളൊന്നും പദ്ധതിയുടെ ഫയലിൽ ലഭ്യമല്ല. ജില്ലാ തല സമിതി നിശ്ചയിച്ച വില അനുസരിച്ച്

(ഉത്തരവ് നം.41680/17/ഡി.പി.ഒ/കെ.കെ.ഡി. തീയതി 15.07.2020) ഒരു കോഴിക്കുഞ്ഞിന്റെ വില 150 രൂപയാണ്. പദ്ധതിക്കായി 1344 കോഴിക്കുഞ്ഞുങ്ങളെയാണ് 2020-21 വർഷം പല സ്ഥാപനത്തിൽ നിന്നായി വാങ്ങിയത്. അവയുടെ ബില്ലുകളും വൗച്ചറുകളും പരിശോധിച്ചതിൽ യൂണിറ്റ് കോസ്റ്റിലും അധികരിച്ച തുക നഴ്സറികൾക്ക് നൽകിയിട്ടുണ്ട്. വികസന ഫണ്ടിൽ നിന്നും അധികം നൽകിയ തുകകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രോജക്ട് നം.1203/21

| ബിൽ നം./ തീയതി | ബിൽ തുക | സ്ഥാപനത്തിന്റെ പേര് | അനുവദിച്ച നിരക്ക്/ കോഴികളുടെ എണ്ണം | അനുവദിച്ച സബ്സിഡി തുക | അനുവദിക്കേണ്ട സബ്സിഡി @ 150 | അധികം നൽകിയത് |
|---|---|---|---|---|---|---|
| 14/ 06.05.20 | 2,64,375/- | സ്റ്റാർ എഗ്ഗർ നഴ്സറി കരുവശ്ശേരി കോഴിക്കോട് | @150 705 | 52,875/- | 52,875/- | ഇല്ല |
| 19/ 17.07.20 | 1,50,750/- | മലബാർ എഗ്ഗർ നഴ്സറി കുന്ദമംഗലം കോഴിക്കോട് | @225 460 | 51,750/- | 34,500/- | 17,250/- |
| 28/ 22.10.20 | 40,500/- | നിതിലം എഗ്ഗർ നഴ്സറി കരുവാരക്കുണ്ട് മലപ്പുറം | @2250/ 13 കോഴി കുഞ്ഞുങ്ങൾ വീതമുള്ള 8 ബോക്സ് (104കോഴി ക്കുഞ്ഞുങ്ങൾ) | 9,000/- | 7,800/- | 1,200/- |
| 58/ 29.03.21 | 5,625/- | പ്രിയദർശിനി എഗ്ഗർ നഴ്സറി ചാത്തമംഗലം കോഴിക്കോട് | @150 75 | 5,625/- | 5,625/- | ഇല്ല |
| ആകെ അധികം നൽകിയത് | | | | | | 18,450/- |

വികസന ഫണ്ടിൽ നിന്നും 18,450/- രൂപ അധികം ചെലവഴിച്ചു

(5) മുഴുവൻ ഗുണഭോക്താക്കളുടെയും കൈപ്പറ്റും അപേക്ഷകളും ഓഡിറ്റിന് ഹാജരാക്കിയില്ല

100 ഗുണഭോക്താക്കളെ ലക്ഷ്യമിട്ട പദ്ധതിയിൽ 106 പേർക്ക് കോഴികളെയും കൂടും വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ 85 ഗുണഭോക്താക്കളുടെ കൈപ്പറ്റുകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്. ബാക്കി 21 പേരുടെ കൈപ്പറ്റ് വിവരങ്ങളും പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിന് ഗുണഭോക്താക്കൾ സമർപ്പിച്ച അപേക്ഷകളും (106 പേരുടെയും) ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. പരിശോധനക്ക് ലഭിച്ച കൈപ്പറ്റ് രശീതികളിൽ പലതിലും ഓരേ ആൾ തന്നെയാണ് ഒപ്പ് വെച്ചിരിക്കുന്നത്.

(6) ഗുണഭോക്തൃ വിഹിതം പിൻവലിച്ചതിന്റെ വിശദാംശങ്ങൾ ഇല്ല

2020-21 വർഷം 6 ലക്ഷം രൂപ വികസന ഫണ്ടും 6 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതവും വകയിരുത്തിയ പദ്ധതിയിൽ 5,96,250/- രൂപ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചതിന്റെ രേഖകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്. ഗുണഭോക്തൃ വിഹിതമായ 5,96,250/- രൂപ ചെലവഴിച്ചതിന്റെ രേഖകളില്ല. ചില ഗുണഭോക്താക്കളിൽ നിന്നും 6,000/- രൂപയും മറ്റ് ഗുണഭോക്താക്കളിൽ നിന്നും 5,625/- രൂപയുമാണ്. ഈടാക്കിയതായി ഫയലിൽ കാണുന്നത്. എന്നാൽ ഗുണഭോക്താക്കൾക്ക് കോർപ്പറേഷന്റെ രശീതി നൽകിയിട്ടില്ല. പകരം അതാത് വെറ്ററിനറി ഹോസ്പിറ്റലുകളിൽ (ബേപ്പൂർ, ചെറുവണ്ണൂർ-നല്ലളം, എലത്തൂർ, മാങ്കാവ്) നിന്നും വെള്ളക്കടലാസിൽ എഴുതി ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാർ ഒപ്പിട്ട രശീതിയാണ് നൽകിയത്. കോർപ്പറേഷന്റെ രശീതി ബുക്കുകൾ ബേപ്പൂർ വെറ്ററിനറി ആശുപത്രിയിൽ വിതരണം ചെയ്തിട്ടുണ്ടെങ്കിലും ആയത് സ്റ്റോക്കിലെയോ മറ്റ് മേഖലാ കാര്യാലയങ്ങളിലുള്ള ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുക്കുന്ന തുകകൾക്കുള്ള കോർപ്പറേഷന്റെ രശീതി ഉപയോഗിക്കാൻ സാധിക്കുന്ന
വിധം ബന്ധപ്പെട്ട വെറ്ററിനറി ഡിസ്പൻസറികളിലേക്ക് (ചെറുവണ്ണൂർ-നല്ലളം, എലത്തൂർ, മാങ്കാവ്) നിർവ്വഹണ ഉദ്യോഗസ്ഥൻ രശീതി ബുക്കൾ നൽകിയിട്ടില്ല. പിരിവ് തുക മാസങ്ങളോളം കൈവശം വെച്ചതിന് ശേഷം പിന്നീട് രശീതി ബുക്കുകൾ ഉപയോഗിച്ച് വരവ് വന്ന തുകകൾ കളക്ഷൻ രജിസ്റ്ററിലേക്ക് എഴുതുകയും കോർപ്പറേഷൻ ഫണ്ടിൽ അടവാക്കുകയും ചെയ്യുന്ന പതിവാണുള്ളത്. മട്ടുപ്പാവിൽ മുട്ടക്കോഴി വളർത്തലുമായി ബന്ധപ്പെട്ട മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 09.11.2021 ന് നൽകിയ 14/2020-21 നമ്പർ ഒ.എസ്. ന് നിർവ്വഹണ ഉദ്യോഗസ്ഥൻ 29.12.2021 ന് മറുപടി ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത മറുപടി BOQ തയ്യാറാക്കിയപ്പോൾ വന്ന തെറ്റാണ് കൂടിന്റെ സ്പെസിഫിക്കേഷൻ 6x4x3 എന്നും 10 മുതൽ 15 കോഴിക്കുഞ്ഞുങ്ങൾക്ക് 6x2x3 അടി വിസ്തൃതിയുള്ള കൂട് മതിയാകും എന്നും അറിയിച്ചിരിക്കുന്നു. പ്രസ്തുത മറുപടി അംഗീകരിക്കാനാവില്ല. കാരണം 2020-21 ലേക്കുള്ള Unit Cost ൽ 10 കോഴികൾക്കുള്ള കൂടിന്റെ സ്പെസിഫിക്കേഷൻ 6x4x3 ആണ്. ഇതേ സ്പെസിഫിക്കേഷനിൽ തന്നെയാണ് 2019-20 ലെ പ്രോജക്ടിനും (28/20) കൂടിന്റെ ടെണ്ടർ ക്ഷണിച്ചത്. ആയതിനാൽ BOQ ൽ വന്ന പിശകാണ് 6x4x3 എന്നത് അംഗീകരിക്കാനാവില്ല. യൂണിറ്റ് കോസ്റ്റ് പരിഗണിക്കാതെ കൂടിന്റെ സ്പെസിഫിക്കേഷൻ നിർണ്ണയിച്ചതും യൂണിറ്റ് കോസ്റ്റിൽ നിശ്ചയിച്ച നിരക്കിനേക്കാൾ കൂടുതൽ വിലയ്ക്ക് കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയതും അംഗീകരിക്കാനാവില്ല. വികസന ഫണ്ടിൽ നിന്നും അധികമായി ചെലവഴിച്ച 18,450/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. 5,77,800/- രൂപയുടെ (596250-18450) ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 സങ്കരയിനം പശുക്കളുടെ ജനിതക ഗുണം പരമാവധി ഉപയോഗിക്കൽ - നൂതനപദ്ധതി 2021 -പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ

| നിർവ്വഹണോദ്യോഗസ്ഥൻ | സീനിയർ വെറ്ററിനറി സർജൻ, | | |
|---|---|---|---|
| പദ്ധതി നം. | 297/2021 | | |
| വകയിരുത്തിയ തുക | 5,00,000/- | വികസനഫണ്ട് (ജനറൽ) | |
| ചെലവ് | തുക | ബിൽ നം | തീയതി |
| | 4,99,990/- | 42/2020-21 | 30.11.2020 |

സങ്കരയിനം പശുക്കളുടെ ജനിതകഗുണം മുഴുവനായി ഉപയോഗിക്കുന്നതിലൂടെ പരമാവധി ഉൽപാദനവർദ്ധനവ് കൈവരിയ്ക്കാൻ ലക്ഷ്യമിട്ടു കൊണ്ട് നടപ്പിലാക്കിയ നൂതന പ്രൊജക്ട് ആണിത്. പശുവിന്റെ കുട്ടികളെ 7 മാസം ഗർഭസ്ഥ അവസ്ഥ മുതൽ കുട്ടി ജനിച്ച് 6 മാസം വരെ ഏറ്റവും നല്ല പോഷണവും പാലും നൽകി വളർത്തി കന്നുകുട്ടി പരിപാലനപദ്ധതിയിലേക്ക് എൻറോൾ ചെയ്യിക്കാനാണ് ഉദ്ദേശിച്ചത്. ഇതിനായി 6മാസം ഗർഭമുള്ള പശുക്കളുടെ ഒരു രജിസ്റ്റർ തയ്യാറാക്കുകയും പദ്ധതിയിൽ ചേരുന്നതിന് താൽപര്യമുള്ള കർഷകരെ അതിൽ ചേർക്കുകയും ചെയ്യുന്നു. 6 മാസം മുതൽ ആവശ്യമുള്ള മരുന്നുകൾ വിതരണം ചെയ്യുന്നു. ഓരോ സബ്സെന്ററിലും 5 വീതം പശുക്കളെ തെരഞ്ഞെടുക്കാനും ബാക്കി വരുന്ന യൂണിറ്റുകൾ ബേപ്പൂർ പ്രദേശത്ത് നടപ്പാക്കാനുമാണ് ഉദ്ദേശിച്ചത്. പ്രൊജക്ട് പ്രകാരം ടെണ്ടർ മുഖേന ഡൈനാവെറ്റ് എന്ന സ്ഥാപനത്തിൽ നിന്ന് 14ഇനം മരുന്നുകൾ അടങ്ങിയ 100 കിറ്റുകൾ വാങ്ങിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. സ.ഉ.(കൈ)നം.17/2018/തസ്വഭവ തീയതി 2.2.2018 നം. ഉത്തരവ് (പദ്ധതി മാർഗരേഖ) ഖണ്ഡിക 3.8.4 പ്രകാരം നൂതന പ്രൊജക്ടുകൾ ഡി.പി.സി നിയോഗിക്കുന്ന വിദഗ്ധ സമിതി ക്ക് സമർപ്പിക്കേണ്ടതും പ്രൊജക്ടിന്റെ സാധുത സമിതി പരിശോധിച്ച് സാങ്കേതിക മികവുള്ളതാണെന്ന് ഉറപ്പാക്കിയ ശേഷം അംഗീകാരം നൽകേണ്ടതുമാണ്. എന്നാൽ മേൽ പ്രൊജക്ടിന് അത്തരത്തിൽ അംഗീകാരം ലഭ്യമാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
2. 6 മാസം ഗർഭമുള്ള പശുക്കളുടെ ഒരു രജിസ്റ്റർ തയ്യാറാക്കി 38 ഗുണഭോക്താക്കളുടെ പേര് വിവരം

രേഖപ്പെടുത്തിയിട്ടുണ്ട്. 22 കിറ്റ് വിതരണം ചെയ്തതായും 78കിറ്റ് ബാലൻസ് ഉള്ളതായും 20.12.2020ന് വെറ്ററിനറി സർജൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതിന് ശേഷം 16 ഗുണഭോക്താക്കളുടെ പേര് വിവരം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഗുണഭോക്താക്കൾ കിറ്റ് കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടില്ല. മരുന്നുകൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും ഇഷ്യൂ ചെയ്തതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. (സ്റ്റോക്ക് രജിസ്റ്റർ വോള്യം 16, പേജ് 157 മുതൽ 170 വരെ).

3. കൗൺസിൽ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4. ഓഡിറ്റ് തീയതി വരെ ബേപ്പൂർ പ്രദേശത്തുള്ള 38 ഗുണഭോക്താക്കളെയാണ് പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ളത്. മറ്റ് 3 സബ് സെന്ററുകളുടെ പരിധിയിലുള്ള ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടില്ല.

5. ഒരു കിറ്റിൽ 14 ഇനം മരുന്നുകളാണുള്ളത്. ഇതിൽ CAL SAKTHI SMART 165g എന്ന മരുന്ന് 31.10.2021ന് കാലാവധി കഴിഞ്ഞതാണ്. അതായത് ബാലൻസ് ഉള്ള 62 കിറ്റുകളിൽ കാലാവധി കഴിഞ്ഞ മരുന്നും ഉൾപ്പെടുന്നുണ്ട്. കൂടാതെ പല മരുന്നുകളും 2022 വർഷം കാലാവധി കഴിയുന്നതാണ്. 7 മാസം ഗർഭസ്ഥ അവസ്ഥ മുതൽ കുട്ടി ജനിച്ച് 6 മാസം വരെ നൽകാനുള്ള മരുന്നുകളാണ് കിറ്റിൽ ഉൾപ്പെട്ടിരിക്കുന്നത് . അതായത് ഒരു കിറ്റിലെ മരുന്നുകൾ ഏകദേശം 10 മാസത്തോളം ഉപയോഗിക്കാനുള്ളതാണ്. കാലാവധി കഴിഞ്ഞതും കഴിയാറായതുമായ മരുന്നുകൾ വാങ്ങിയതിനാൽ ബാക്കിയുള്ള കിറ്റുകൾ പൂർണ്ണമായും ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥയാണുള്ളത്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഒ എസിന് (നം.18/2020-21 തീയതി 19/11/2021) വെറ്ററിനറി സർജൻ സമർപ്പിച്ച മറുപടി തൃപ്തികരമല്ല. വിതരണം ചെയ്യാത്ത 62 കിറ്റുകളുടെ വിലയായ 3,09,994/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-4 മൃഗാശുപത്രികളിലേക്ക് മരുന്ന് വാങ്ങൽ - പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ

<table>
<tr><td>നിർവ്വഹണോദ്യോഗസ്ഥൻ</td><td colspan="6">സീനിയർ വെറ്ററിനറി സർജൻ,</td></tr>
<tr><td>പദ്ധതി നം.</td><td colspan="3">286/2021</td><td colspan="3">1308/2021</td></tr>
<tr><td>വകയിരുത്തിയ തുക</td><td colspan="2">62,00,000/-</td><td>സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്)</td><td colspan="2">55,63,833/-</td><td>സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്)</td></tr>
<tr><td rowspan="7">ചെലവ്</td><td>ബിൽ നം</td><td>തീയതി</td><td>തുക</td><td>ബിൽ നം</td><td>തീയതി</td><td>തുക</td></tr>
<tr><td>31/2020-21</td><td>30/11/2020</td><td>30,44,465</td><td rowspan="2">11/2020-21</td><td rowspan="2">11.04.2020</td><td rowspan="2">4520355</td></tr>
<tr><td>32/2020-21</td><td>30/11/2020</td><td>1,75,397</td></tr>
<tr><td>33/2020-21</td><td>30/11/2020</td><td>20,39,716</td><td rowspan="3">12/2020-21</td><td rowspan="3">11.04.2020</td><td rowspan="3">1043478</td></tr>
<tr><td>39/2020-21</td><td>17/03/2021</td><td>5,98,338</td></tr>
<tr><td>40/2020-21</td><td>17/03/2021</td><td>3,31,892</td></tr>
<tr><td colspan="2">ആകെ</td><td>61,89,808/</td><td colspan="2">ആകെ</td><td>5563833</td></tr>
</table>

മേൽ പ്രൊജക്ടുകൾ പ്രകാരം നഗരസഭാപരിധിയിലെ വിവിധ മൃഗാശുപത്രികളിലേക്കുള്ള മരുന്നുകൾ ഇ-ടെണ്ടർ മുഖേന ഡൈനാവെറ്റ്, മൈത്രി ഫാർമ എന്നീ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങിയിട്ടുണ്ട്. വാങ്ങിയ മരുന്നുകൾ സ്റ്റോക്കിലെടുക്കുകയും ബേപ്പൂർ വെറ്ററിനറി ഹോസ്പിറ്റൽ, ഉപകേന്ദ്രങ്ങളായ എലത്തൂർ വെറ്ററിനറി ഡിസ്പൻസറി, മാങ്കാവ് വെറ്ററിനറി ഡിസ്പൻസറി, ചെറുവണ്ണൂർ - നല്ലളം വെറ്ററിനറി ഡിസ്പൻസറി എന്നിവിടങ്ങളിലേക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. മരുന്നുകൾ വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ കാലാവധി കഴിഞ്ഞ മരുന്നുകൾ സ്റ്റോക്കിൽ ബാക്കിയുള്ളതായി കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

എ. ബേപ്പൂർ വെറ്ററിനറി ഹോസ്പിറ്റൽ

| Sl No. | Discription | Received | Issued | Balance | Rate | GST% | Total Amount | Expired On |
|---|---|---|---|---|---|---|---|---|
| 1 | MASTIRACK GEL 100G | 175 | 79 | 96 | 110 | 12 | 11827.00 | 7/21 |
| 2 | BACTIVION INJ 500MG | 24 | 9 | 15 | 326.03 | 12 | 5477.00 | 6/21 |
| 3 | INTACEF TAZO 5.625G | 20<br>20 | 0<br>0 | 20<br>20 | 388.58<br>388.58 | 12<br>12 | 8704.00<br>8704.00 | 5/21<br>6/21 |
| 4 | TRIBIVET M INJ 100ML | 12 | 0 | 12 | 294.65 | 12 | 3960.00 | 8/21 |
| 5 | XYROFER 0.5G | 36 | 1 | 35 | 178.12 | 12 | 6982.00 | 8/21 |
| 6 | ZOCTIM 2.5G | 15 | 0 | 15 | 582.77 | 12 | 9791.00 | 7/21 |
| 7 | BALANSOL POWDER 100G | 45 | 25 | 20 | 202.40 | 0 | 4048.00 | 8/21 |
| 8 | CAFPLAN 3KG | 100 | 90 | 10 | 585 | 0 | 5850.00 | 10/21 |
| 9 | AMUNITY 20*25G | 10<br>5 | 6<br>1 | 4<br>4 | 1908<br>1866 | 0<br>0 | 7632.00<br>7464.00 | 7/21<br>10/21 |
| 10 | CEFPET XL 10'S | 50 | 40 | 10 | 225 | 12 | 2520.00 | 8/21 |
| 11 | GRIPTOL N SUSP 60ML | 80 | 50 | 30 | 78.75 | 12 | 2646.00 | 7/21 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 12 | K – VENTRA 50G | 75 | 65 | 10 | 62.10 | 0 | 621.00 | 5/21 |
| 13 | ESTROFIT BOLUS 7'S | 300 | 275 | 25 | 225 | 0 | 5625.00 | 3/21 |
| | | | | | | | 89205.00 | |

ബി. മാങ്കാവ് വെറ്ററിനറി ഡിസ്പൻസറി

| Sl No. | Discription | Received | Issued | Balance | Rate | GST% | Total Amount | Expired On |
|---|---|---|---|---|---|---|---|---|
| 1 | BALANSOL POWDER 100G | 45 | 5 | 40 | 202.40 | 0 | 8096.00 | 8/21 |
| | Total | | | | | | 8096.00 | |

INTACEF TAZO 5.625G എന്ന മരുന്ന് 6/21 ൽ കാലാവധി കഴിഞ്ഞതാണെങ്കിലും 7/21, 8/21 മാസങ്ങളിലായി 15 എണ്ണം വിതരണം ചെയ്തതായി മാങ്കാവ് വെറ്ററിനറി ഡിസ്പൻസറിയുടെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കാലാവധി കഴിഞ്ഞ മരുന്നുകൾ വിതരണം ചെയ്തതിന് വിശദീകരണം നൽകേണ്ടതാണ്. കാലാവധി കഴിയാറായ മരുന്നുകൾ ആവശ്യമുള്ള മറ്റ് ഡിസ്പൻസറികളിലേക്ക് നൽകുകയോ, മരുന്നുകൾ വിതരണം ചെയ്ത സ്ഥാപനത്തിലേക്ക് അറിയിച്ച് മാറ്റി വാങ്ങുകയോ ചെയ്യാതിരുന്നതിനാൽ സ്റ്റോക്കിലുള്ള മരുന്നുകൾ ഉപയോഗശൂന്യമായിരിക്കുകയാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഒ എസിന് (നം.19/2020-21 തീയതി 9/11/2021) വെറ്ററിനറി സർജൻ സമർപ്പിച്ച മറുപടി തൃപ്തികരമല്ല. കാലാവധി കഴിഞ്ഞതിനാൽ ഉപയോഗ ശൂന്യമായ മരുന്നുകളുടെ വിലയായ 89,205/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 3-5 പാലാറ്റിപാടം കുടിവെള്ള പദ്ധതിയുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക അടവാക്കിയത് സംബന്ധിച്ച്.

ഫയൽ നമ്പർ. ഇ.ജി.17/4483/20.

ചെറുവണ്ണൂർ - നല്ലളം മേഖല പരിധിയിൽ (ഡിവിഷൻ.44 - കുണ്ടായിത്തോട്) ഗ്രാമപഞ്ചായത്ത് ആയിരുന്ന കാലത്ത് ആരംഭിച്ചതാണ് പാലാറ്റിപാടം കുടിവെള്ള പദ്ധതി. മേൽ പദ്ധതിയുടെ വൈദ്യുതി കണക്ഷൻ കെ.എസ്.ഇ.ബി.യുടെ ഫറോക്ക് സെക്ഷന കീഴിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലായിരുന്നു. (കൺസ്യൂമർ നം.14344). പദ്ധതിയുടെ നടത്തിപ്പ് ഗുണഭോക്തൃ സമിതിയെ ഏൽപ്പിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് സംബന്ധിച്ച കരാർ, കൈമാറിയ തീയ്യതി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഫയലിൽ നിന്നും ലഭ്യമല്ല. കുടിവെള്ള പദ്ധതിയുടെ വൈദ്യുതി ചാർജ്ജ് ആദ്യ കാലഘട്ടങ്ങളിൽ ഗുണഭോക്താക്കൾ തന്നെ അടവാക്കിയിരുന്നതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്നുള്ള കാലഘട്ടത്തിൽ ഗുണഭോക്തൃ സമിതി വൈദ്യുതി ചാർജ്ജ് അടവാക്കുന്നതിൽ വീഴ്ച വരുത്തി. കാലക്രമേണ വൈദ്യുതി ബന്ധം വിച്ഛേദിച്ചതിനാൽ കുടിവെള്ള വിതരണം നിലച്ച പോകുകയും വൈദ്യുതി ചാർജ്ജ് കുടിശ്ശികയാവുകയും ചെയ്തു. കുടിശ്ശിക ഈടാക്കുന്നതിന് കെ.എസ്.ഇ.ബി. വിഭാഗം റവന്യൂ റിക്കവറിക്കായി ശുപാർശ ചെയ്തു. കോഴിക്കോട് തഹസിൽദാരുടെ (ആർ.ആർ) റിക്കവറി ഡിമാന്റ് നോട്ടീസ് ലഭ്യമായതിന്റെ വിശദാംശങ്ങൾ, മറ്റ് അനുബന്ധ രേഖകൾ, കെ.എസ്.ഇ.ബി.യിൽ നിന്നും ലഭ്യമായ ഡിമാന്റ് നോട്ടീസുകൾ ഉടങ്ങിയവയൊന്നും ഫയലിൽ ചേർത്തിട്ടില്ല. വാർഡ് കൗൺസിലർ ശ്രീ.പി.സി.രാജൻ 08.03.2020 ന് സെക്രട്ടറിക്ക് സമർപ്പിച്ച കത്തിലാണ് മേൽ ഖണ്ഡികയിൽ വിവരിച്ച കാര്യങ്ങൾ പറയുന്നത്. ഇറ്റ സംബന്ധിച്ച് കാര്യങ്ങൾ

പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് മേഖല കാര്യാലയത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന് 14.03.2020 ന് കത്ത് കൈമാറിയെങ്കിലും 2 മാസം കഴിഞ്ഞാണ് തുടർനടപടികൾക്കായി റവന്യൂ ഓഫീസർക്ക് ഫയൽകൈമാറുന്നത്. 25.05.2020 ന് റവന്യൂ ഇൻസ്പെക്ടർ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ട്

റവന്യൂ ഓഫീസർ നിർദ്ദേശിച്ചുവെങ്കിലും 81 ദിവസം കഴിഞ്ഞ് 14.08.2020 നാണ് റവന്യൂ ഇൻസ്പെക്ടർ താഴെ പറയുന്ന തരത്തിൽ റിപ്പോർട്ട് നൽകിയത്.

"ജലദൗർലഭ്യം അനുഭവപ്പെടുന്ന സ്ഥലമായതിനാലും പ്രസ്തുത പദ്ധതിയുടെ ശരിയായ ഉപയോഗം പരിസരവാസികൾക്ക് വളരെയധികം ഉപകാരപ്രദമാകുന്നതിനാലും വൈദ്യുതി കുടിശ്ശിക അടച്ച് ആവർത്തനചെലവ് ഗുണഭോക്തൃ കമ്മിറ്റിയെ ഏൽപ്പിക്കുന്ന തരത്തിൽ തുടർ നടപടി കൈകൊള്ളാവുന്നതാണ്."

മേൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 16.09.2020 ലെ കൗൺസിൽ യോഗത്തിൽ തുടർ നടപടികൾക്കായി ഫയൽ സമർപ്പിച്ചു. കൗൺസിലിന്റെ യോഗത്തിൽ താഴെ പറയുന്ന തരത്തിൽ തീരുമാനം എടുത്തു. (തീരുമാനം നം.90). "കെ.എസ്.ഇ.ബി. കുടിശ്ശിക തുക അനുവദിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതിനും സൂപ്രണ്ടിംഗ് എഞ്ചിനീയറെ ചുമതലപ്പെടുത്തി."

05.10.2020 ന് പലിശയും മറ്റ് റവന്യൂ റിക്കവറി ചാർജ്ജുകളും ഒഴിവാക്കി വൈദ്യുതി ചാർജ്ജ് മാത്രം അടവാക്കുന്നതിന് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് സെക്രട്ടറി ഡപ്യൂട്ടി ചീഫ് എഞ്ചിനീയർ, കെ.എസ്.ഇ.ബി. സെൻട്രൽ സെക്ഷൻ, കോഴിക്കോട് എന്നവരോട് അഭ്യർത്ഥിച്ചെങ്കിലും നടപടികളുണ്ടായില്ല. തുടർന്ന് കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി ചാർജ്ജിനത്തിൽ 31,075/- രൂപയും, പലിശയായി 20,243/- രൂപയും, റവന്യൂ റിക്കവറി ചാർജ്ജിനത്തിൽ 3,048/- രൂപയുമടക്കം ആകെ 54,366/- രൂപ ചെറുവണ്ണൂർ വില്ലേജ് ഓഫീസിൽ അടവാക്കി. (വൗച്ചർ നം.22003657, തീയ്യതി - 12.11.2020, ചെക്ക് നം.982819).

മേൽ ഫയൽ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. 2010 നവമ്പർ മുതലാണ് ചെറുവണ്ണൂർ - നല്ലളം ഗ്രാമപഞ്ചായത്ത് പ്രദേശം കോഴിക്കോട് നഗരസഭയോട് ലയിപ്പിക്കുന്നത്. (SRO NO.563/2010, 08.06.2010). 30.10.2010 ലെ 50730/ ഇ.എം.3/10/ത.സ്വ.ഭ.വ. നം സർക്കുലറിലൂടെ നഗരസഭകളുമായി സംയോജിപ്പിച്ച ഗ്രാമപഞ്ചായത്തുകളുടെ ആസ്തി- ബാദ്ധ്യകൾ തിട്ടപ്പെടുത്തുന്നത് സംബന്ധിച്ച് മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ സർക്കുലർ ഖണ്ഡിക.5 പ്രകാരം നഗരസഭയുമായി സംയോജിപ്പിച്ച ഗ്രാമപഞ്ചായത്തിന്റെ ആസ്തി – ബാദ്ധ്യതകൾ സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ സമർപ്പിക്കുന്ന കരട് പത്രിക നഗരകാര്യ ജോയിന്റ് ഡയറക്ടർമാർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. മേൽ സർക്കുലർ ഖണ്ഡിക.15 പ്രകാരം ആസ്തി രജിസ്റ്റർ, റിക്കാർഡുകൾ, ഫയലുകൾ മറ്റ് രേഖകളും കൃത്യമായി എണ്ണിത്തിട്ടപ്പെടുത്തി കൈമാറണം. അപ്രകാരം കൈമാറിയതിന്റെ തുടർനടപടികൾ നഗരസഭയുടെ ഉത്തരവാദിത്വമാണ്. നഗരസഭ സെക്രട്ടറിയാണ് ആയതിന്റെയെല്ലാം കസ്റ്റോഡിയൻ. ആയതിനാൽ തന്നെ പാലാറ്റിപാടം കുടിവെള്ള പദ്ധതിയുടെ മുഴുവൻ രേഖകളും നഗരസഭയുടെ കൈവശം ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ

ഓഡിറ്റിനായി സമർപ്പിച്ച ഫയലിൽ കുടിവെള്ള പദ്ധതി സംബന്ധിച്ച രേഖകളോ, മറ്റ് വിശദാംശങ്ങളോ, ഗുണഭോക്തൃ സമിതിയെ കുറിച്ചുള്ള വിവരങ്ങളോ ഒന്നും തന്നെയില്ല.

2. 31.05.2000 ലെ (ആർ.റ്റി) 2141/2000/ ത.സ്വ.ഭ.വ നമ്പർ ഉത്തരവിലൂടെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ പരിപാലനത്തെ പറ്റി വ്യക്തമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ഒരു തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ പരിധിയിൽ വരുന്നതും നടപ്പാക്കിയിട്ടുള്ളതുമായ എല്ലാ കുടിവെള്ള പദ്ധതികൾക്കും പ്രത്യേക ഫയൽ സൂക്ഷിക്കേണ്ടതും വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം പൂർത്തിയായാൽ ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കേണ്ടതും, കരാർ മുഖേന തുടർ നടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃ സമിതികൾക്ക് തന്നെ നൽകേണ്ടതും ആയത് ഗുണഭോക്തൃ സമിതികൾ ചെയ്യേണ്ടതുമാണ്. പാലാറ്റിപാടം കുടിവെള്ള പദ്ധതിയുടെ നടത്തിപ്പ് ഗുണഭോക്തൃ സമിതിയെ ഗ്രാമപഞ്ചായത്തായിരുന്ന കാലത്ത് ഏൽപ്പിച്ചതാണെന്ന് ഫയലിലെ രേഖകളിൽ നിന്നും വ്യക്തമാണ്. ആയതിനാൽ തന്നെ വൈദ്യുതി കുടിശ്ശിക തുക അടവാക്കേണ്ടത് ഗുണഭോക്തൃ സമിതി അംഗങ്ങളാണ്. ഗുണഭോക്തൃ സമിതി അംഗങ്ങളിൽ നിന്നും തുക ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കാതെ നഗരസഭ ഫണ്ടിൽ നിന്നും തുക അനുവദിച്ചത് ശരിയായ നടപടിയല്ല.

3. വൈദ്യുതി ചാർജ്ജിനത്തിൽ കുടിശ്ശിക വരുന്ന വിഷയങ്ങൾ തീർപ്പാക്കുന്നതിനായും വൈദ്യുതി ചാർജ്ജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിനുമായും സംസ്ഥാന വൈദ്യുതി ബോർഡ് 'ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി' നടപ്പിലാക്കുന്നുണ്ട് (OTS – One Time Settelment). പ്രസ്തുത പദ്ധതി 2019, 2020, 2021 വർഷങ്ങളിലും കെ.എസ്.ഇ.ബി. നടപ്പാക്കിയിട്ടുണ്ട്. നഗരസഭ സെക്രട്ടറിയുടെ പേരിലുള്ള 4 വൈദ്യുതി കണക്ഷന്റെ കുടിശ്ശിക തുക 2020 മാർച്ചിൽ കെ.എസ്.ഇ.ബി.യിൽ അടവാക്കിയതാണ്. (ഫയൽ നമ്പർ. ഇ.ജി.11/85882/19 പ്രകാരം, 46,911/- രൂപ ചെക്ക് നം.006501, തീയ്യതി.03.03.2020, വൗച്ചർ നം. 21905941). മേൽ പദ്ധതി പ്രകാരം കുടിശ്ശിക തുകയുടെ 6% പലിശ മാത്രമേ അടവാക്കേണ്ടതുള്ളൂ. അതായത് 1,865/- രൂപ (31075 * 6%). എന്നാൽ അത്തരത്തിലുള്ള നടപടികൾ

സ്വീകരിക്കാത്തതിനാൽ കുടിശ്ശിക തുകയുടെ ഉയർന്ന പലിശ നിരക്കായ 20,243/- രൂപ അടവാക്കി.

മേൽ വിവരിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 16.11.2021 തീയ്യതിയിൽ നൽകിയ അന്വേഷണ കുറിപ്പിന് (നം. 24/2020-21) മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിവെള്ള പദ്ധതിയുടെ കുടിശ്ശിക തുകയും പലിശയും അടക്കമുള്ള 54,366/- രൂപ 16.09.2020 ലെ കൗൺസിൽ യോഗത്തിലെ തീരുമാനവുമായി ബന്ധപ്പെട്ട് തന്റെ അഭിപ്രായങ്ങൾ രേഖപ്പെടുത്താതെയും തീരുമാനം പുനരവലോകനം ചെയ്യാൻ രേഖാമൂലം ആവശ്യപ്പെടാതിരുന്ന സൂപ്രണ്ടിംഗ് എഞ്ചിനീയറിൽ നിന്നും ഈടാക്കി നഗരസഭ ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-6 അമൃത് പദ്ധതി - അവലോകനം

കേന്ദ്ര സർക്കാർ വിഭാവനം ചെയ്യുന്ന "അമൃത്" (Atal Mission For Rejuvenation And Urban Transformation) പദ്ധതിയിൽ കോഴിക്കോട് നഗരസഭയെ തെരഞ്ഞെടുത്തിട്ടുണ്ട്. നഗരസഭയിൽ ഈ പദ്ധതിയുടെ കാലാവധി 2015-16 സാമ്പത്തിക വർഷം മുതൽ 2019-20 വർഷം വരെ ആയിരുന്നുവെങ്കിലും പദ്ധതി പൂർത്തിയാക്കാത്തതിനാൽ 2022-23 വർഷം വരെ നീട്ടി നൽകിയിട്ടുണ്ട്. ജല വിതരണം, മലിനജല നിർമ്മാർജ്ജന സൗകര്യം, കക്കൂസ് മാലിന്യ സംസ്കരണം,വെള്ളപ്പൊക്ക നിയന്ത്രണത്തിനായി മഴവെള്ള ഡ്രൈനേജ് നിർമ്മാണം, കാൽനടയാത്രക്കാർ, മോട്ടോർ രഹിത വാഹനങ്ങൾ, പൊതു ഗതാഗത സംവിധാനം എന്നിവക്ക് സൗകര്യമൊരുക്കൽ, ഹരിത സ്ഥലങ്ങൾ, പാർക്കുകൾ, കുട്ടികൾക്കുള്ള വിനോദ കേന്ദ്രങ്ങൾ, വണ്ടിത്താവളങ്ങൾ എന്നിവയുടെ നിർമ്മാണം, നവീകരണം എന്നീ പ്രവൃത്തികളാണ് പദ്ധതിയിൽ ഉൾപ്പെടുന്നത്. നഗരസഭയിൽ 274.76 കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കാൻ ലക്ഷ്യമിട്ടത്. ഇതിൽ 50% കേന്ദ്രവിഹിതമായി 137.38 കോടിയും 30% സംസ്ഥാന വിഹിതമായി 82.43 കോടിയും, 20% നഗരസഭ വിഹിതമായി 54.95 കോടിയുമാണ് വകയിരുത്തേണ്ടത്. നഗരസഭ 2015-16 സാമ്പത്തിക വർഷം 71.13 കോടിയുടെയും 2016-17 സാമ്പത്തിക വർഷം 90.10 കോടിയുടെയും പദ്ധതികളാണ് വിഭാവനം ചെയ്തത്. ഇതിനായി നഗരസഭ 2015-16 വർഷം 14.22 കോടിയും 2016-17 സാമ്പത്തിക വർഷം 18.02 കോടിയും പദ്ധതി വിഹിതമായി വകയിരുത്തേണ്ടതായിരുന്നുവെങ്കിലും പ്രസ്തുത കാലയളവിൽ തുക വകയിരുത്തിയിട്ടില്ല. നഗരസഭ 2017-18, 2018-19 സാമ്പത്തിക വർഷത്തിൽ മാത്രമാണ് അമൃത് പദ്ധതിക്ക് വിഹിതം നൽകിയിട്ടുള്ളത്. നഗരസഭയുടെ വിഹിതം നൽകുന്നതിനായി സംസ്ഥാന സർക്കാറിൽ നിന്നും 2020-21 വർഷത്തെ 3,52,00,000 രൂപ ഉൾപ്പെടെ ആകെ 13,45,00,000 രൂപ വായ്പയായി എടുത്തിട്ടുണ്ട്. ഇതിന്റെ തിരിച്ചടവിലേക്കായി വാർഷിക പദ്ധതി വിഹിതമായി ലഭിക്കേണ്ട തുകയിൽ നിന്നും 2020-21 വർഷം 1,45,43,513 രൂപ (84,47,813 മുതൽ, 6095700 പലിശ) കുറവ് ചെയ്താണ് നഗരസഭയ്ക്ക് അനുവദിച്ചത്.

### പദ്ധതി നിർവ്വഹണം

അർബൻ ലോക്കൽ ബോഡി (ULB) തയ്യാറാക്കുന്ന സേവന നിലവാരം മെച്ചപ്പെടുത്താനുള്ള പദ്ധതികൾ (SLIP – Service Level Improvement Plans) സംസ്ഥാന മിഷൻ ഡയറക്ടറേറ്റ് സമാഹരിച്ച് സംസ്ഥാന വാർഷിക കർമ്മ പദ്ധതി (SAAP – State Anual Action Plan) രൂപീകരിക്കുന്നു. ഈ പദ്ധതി നഗരസഭയിൽ നിർവ്വഹണം നടത്തുന്നത് നഗരസഭാ സെക്രട്ടറിയാണ്. പദ്ധതി നിർവ്വഹണം നടത്തുന്നതിന് നഗരസഭ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നിയന്ത്രണാധികാരത്തിൽ 2 സിവിൽ എഞ്ചിനീയർമാരെയും 4 ഓവർസിയർമാരെയും കരാർ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി നഗരസഭ രൂപീകരിച്ച പ്രോജക്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| Sl.no | Sector | Project | AS Amount In Crores | Expenditure In Crores | Financial Progress | Status |
|---|---|---|---|---|---|---|
| 1 | Water Supply (KWA) | 28 എണ്ണം | 96.32 | 77.31 | 80.26% | Completed |
| 2 | Sewerage And Septage | 3 എണ്ണം | 154.12 | 0.16 (Consultation Fee) | ഇല്ല | മെഡിക്കൽ കോളേജ് STP പ്രവൃത്തി ആരംഭിച്ചു. സോൺ A യിലെ 2 പ്രവൃത്തികളും ആരംഭിച്ചിട്ടില്ല |
| 3 | Urban Transport | 1 എണ്ണം | 11.35 | 10.86 | 100% | Completed |
| 4 | Storm Water Drainage | 10 എണ്ണം | 41.43 | 26.24 | 77% | YMRC-മില്ലത്ത് കോളനി പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല |

| | | | | | | |
|---|---|---|---|---|---|---|
| 5 | Parks | 8 എണ്ണം | 4.92 | 3.8 | 52% | മാനാഞ്ചിറ പാർക്കിൽ Sound System സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല |
| | | | 308.14 | 118.37 | | |

നഗരസഭയിൽ ആകെ 308.14 കോടിയുടെ ഭരണാനുമതി ലഭിച്ച 50 പ്രോജക്ടുകളിൽ 45 പ്രോജക്ടുകൾ പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ 5 പ്രോജക്ടുകൾ നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല. ഇതിനായി വകയിരുത്തിയ 308.14 കോടി രൂപയിൽ 118.55 കോടി രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഇത് ആകെ വകയിരുത്തിയ തുകയുടെ 38.47 ശതമാനം മാത്രമാണ്. ഇതിൽ നിന്നും പദ്ധതി ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചിട്ടില്ലെന്ന് വ്യക്തമാണ്. "അമൃത്" പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടിവെള്ള വിതരണത്തിന് 120 കോടിയും സെവറേജ് മേഖലയിൽ 300 കോടിയും അനുവദിച്ചിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ കുടിവെള്ള വിതരണത്തിന്റെ ഭാഗമായി 96.32 കോടിയുടെ പ്രോജക്ട് രൂപീകരിച്ചിരുന്നുവെങ്കിലും വീടുകളിൽ കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള പ്രോജക്ട് രൂപീകരിച്ചിരുന്നില്ല. പകരം കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ മാറ്റുന്നതുൾപ്പെടെയുള്ള പ്രവൃത്തികളാണ് നടത്തിയിട്ടുള്ളത്. അമൃത് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 28,000 വീടുകളിൽ കുടിവെള്ള കണക്ഷൻ നൽകി കുടിവെള്ളം വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. വിവിധ മേഖലകളിലായി നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന 2 പദ്ധതികളുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ നൽകുന്നു.

1. <u>മാവൂർ റോഡ് നോർത്ത് സൈഡ് ഡ്രെയിനേജ് നിർമ്മാണം</u>

<u>ഫയൽ നമ്പർ. EG 21/25063/18</u>

മാവൂർ റോഡ് നോർത്ത് സൈഡ് മഴവെള്ള ഓവ്ചാൽ നിർമ്മാണത്തിന് (Storm Water Drainage) ടെണ്ടർ ക്ഷണിച്ചതിൽ ആരും പങ്കെടുക്കാത്തതിനെ തുടർന്ന് റീടെണ്ടർ ചെയ്യുകയും 2,18,39,713.71 രൂപ ക്വാട്ട് ചെയ്ത M/S.Umrah Engineering And Construction Pvt. Ltd. എന്ന സ്ഥാപനത്തിന്റെ ഏക ടെണ്ടർ (CR45/07.09.2018) കൗൺസിൽ അംഗീകരിക്കുകയും ചെയ്തു. തുടർന്ന് ഈ കമ്പനിയുമായി 07.10.2017 തീയതി കരാർ വെക്കുകയും 10.12.2018 ന് പ്രവൃത്തിയുടെ സൈറ്റ് കൈമാറുകയും ചെയ്തു. എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 8.75% കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ ആണ് അംഗീകരിച്ചത്. കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലാവധി 09.12.2019 ആയിരുന്നെങ്കിലും എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടതിനാലും കരാറുകാരന്റേതല്ലാത്ത കാരണത്താലും പ്രവൃത്തി കാലാവധി 31.03.2021 തീയതി വരെ നീട്ടി നൽകി. പ്രവൃത്തി നടന്നു വരവെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും 2,46,00,000/- രൂപയുടെ സാങ്കേതികാനുമതി ലഭിച്ച പ്രോജക്ടിന് 3,90,00,000/- രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് കരാറുകാരൻ പ്രവൃത്തി പൂർത്തിയാക്കിയതിനാൽ ആകെ 3,01,29,310/- രൂപ നൽകിയിട്ടുണ്ട്.

പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

<u>(1) പ്രവൃത്തിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയതിലെ അപാകത</u>

മഴവെള്ള ഓവ് ചാൽ (Storm Water Drainage) പ്രവൃത്തിക്ക് വേണ്ടി വിശദമായ പ്രോജകട് റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിന് ISA (Institute For Societal Advancement) എന്ന സ്ഥാപനത്തെയാണ് നഗരസഭ (CR.64 തീയതി 28.06.2017) ചുമതലപ്പെടുത്തിയത് . ഇത് പ്രകാരം (EG12/44308/16 തീയതി 23.06.2017) സ്ഥാപനത്തിന് LOA (Letter Of Acceptance) നൽകിയിട്ടുണ്ട്. ടെണ്ടർ ക്ഷണിച്ചതിൽ ഒരു സ്ഥാപനം മാത്രമാണ് ടെണ്ടർ സമർപ്പിച്ചതെന്നും ഈ സ്ഥാപനത്തിന്റെ 0.70% ന്റെ ഏക ടെണ്ടർ അംഗീകരിച്ചതായും ഫയലിൽ കാണുന്നു. ഈ സ്ഥാപനം മൂന്ന് വാർഷിക പദ്ധതികളിലുമായി 9 പ്രോജക്ടുകളുടെ (41.43 കോടി) DPR തയ്യാറാക്കി സമർപ്പിച്ചത് (CR.34/30.08.2017) കൗൺസിൽ അംഗീകരിച്ചു. ഇതിൽ ഉൾപ്പെട്ട മേൽ പ്രവൃത്തിക്കായി 2,38,07,456/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും (TS Amount 2,46,00,000) ഇത് പ്രകാരം 2,18,39,714 രൂപക്ക് M/S.Umrah Engineering And Construction Pvt. Ltd എന്ന സ്ഥാപനം പ്രവൃത്തി ഏറ്റെടുക്കുകയും ചെയ്തു. പ്രവൃത്തി നടന്നുവരവെ KWA, KSEB, BSNL തുടങ്ങി വിവിധ വകുപ്പുകളുടെ കേബിളുകൾ, പൈപ്പ് ലൈൻ എന്നിവ ഡ്രൈൻ അലൈൻമെന്റിൽ വരുന്നതായി കണ്ടതിനെ തുടർന്ന് ഇവ കടന്നു പോകുന്നതായ ഡ്രൈനേജിന്റെ ഒരു വശത്ത് (Additional Cable Duct) "ഡക്ട്" നിർമ്മിക്കുന്നതിന് നഗരസഭ തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ അധിക പ്രവൃത്തി ചെയ്യുന്നതിന് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും ഇത് CR 9/30.12.2019 പ്രകാരം കൗൺസിൽ അംഗീകരിക്കുകയും ചെയ്തു. പുതുക്കിയ 3,90,00,000/- രൂപയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ഒറിജിനൽ എസ്റ്റിമേറ്റിനേക്കാൾ 58.53% കൂടുതലാണ് എസ്റ്റിമേറ്റ് തുക. കൺസൽട്ടൻസി സ്ഥാപനമായ ISA തയ്യാറാക്കിയ DPR പ്രകാരം കരാർ നൽകി പ്രവൃത്തി ഏറ്റെടുത്ത് നടന്നു വരവെ 5 പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടതായ സഹാചര്യം ഉണ്ടായിട്ടുണ്ട്. ഇതിൽ "YMRC റോഡ് മില്ലത്ത് കോളനി സ്റ്റോംവാട്ടർ ഡ്രെയിനേജ്" പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ടെങ്കിലും കൂടിയ വർദ്ധനവിന് മുഴുവനായും അംഗീകാരം ലഭിച്ചിട്ടില്ലാത്തതിനാൽ പ്രവൃത്തി നടപ്പിലാക്കാൻ കഴിയാതെ 43% പ്രവൃത്തി മാത്രമാണ് പൂർത്തിയാക്കിയത്. തുടർന്ന് എസ്റ്റിമേറ്റിലെ പിഴവ് കാരണം കരാറുകാരൻ പ്രവൃത്തിയിൽ നിന്നും ഒഴിവാക്കാനാവശ്യപ്പെട്ടിട്ടുണ്ട്. നഗരസഭ സൂപ്രണ്ടിംഗ് എഞ്ചിനീയർ 05.08.2021 ന് നോട്ട് ഫയലിൽ "കൺസൽട്ടന്റ്

തയ്യാറാക്കിയ എസ്റ്റിമേറ്റുകളിൽ പ്രായോഗികമായി പ്രശ്നങ്ങളുള്ളതായി Execution സമയത്ത് ബോധ്യപ്പെട്ടിരിക്കുകയാണ്. ഇത്രയും വലിയ തുക മുടക്കി Estimate തയ്യാറാക്കിയിട്ടും Site, Execution ന് ടി Estimateകൾ ഉപയോഗപ്രദമായിട്ടില്ലെന്നാണ് വസ്തുത. ഒരു പ്രവൃത്തിക്ക് വേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ പാലിക്കേണ്ട അടിസ്ഥാനപരമായ കാര്യങ്ങൾ പോലും പാലിക്കാതെയാണ് ചില എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിരിക്കുന്നത്. ആയതിനാൽ ടി സ്ഥാപനത്തോട് ഇക്കാര്യത്തിൽ വിശദീകരണം ചോദിക്കേണ്ടതുണ്ട്. എസ്റ്റിമേറ്റിൽ വന്ന പ്രധാന അപാകതകൾ റിപ്പോർട്ട് ചെയ്യണമെന്നും" രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ നിന്നും DPR തയ്യാറാക്കുന്നതിൽ മുൻപരിചയമോ യോഗ്യതയോ ഇല്ലാത്ത സ്ഥാപനത്തെയാണ് നഗരസഭ ചുമതലപ്പെടുത്തിയതെന്ന് വ്യക്തമാണ്. ഈ സ്ഥപനത്തെ DPR തയ്യാറാക്കുന്നതിനുള്ള കൺസൽട്ടന്റ് ആയി തെരഞ്ഞെടുത്തതിന്റെ നടപടിക്രമങ്ങളടങ്ങിയ EG12/44308/16 നമ്പർ ഫയൽ പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ടിട്ടും ആയത് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഈ സ്ഥാപനത്തിന്റെ യോഗ്യത, മുൻപരിചയം, സ്ഥാപനത്തെ തെരഞ്ഞെടുത്ത രീതി എന്നിവ പരിശോധിച്ച് ഈ റിപ്പോർട്ടിന്റെ ഭാഗമായി ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. മാവൂർ റോഡ് നോർത്ത് സൈഡ് മഴവെള്ള ഓവ്ചാൽ നിർമ്മിക്കുന്ന പ്രവൃത്തിയിൽ Additional Cable Duct നിർമ്മിക്കേണ്ടതിനാൽ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം

ഒറിജിനൽ എസ്റ്റിമേറ്റിന്റെ 58.53% അധികം വന്നിട്ടുണ്ട്. ആയതിനാൽ ഐറ്റം റേറ്റ് പ്രകാരം കരാർ ഏറ്റെടുത്ത M/S.Umrah Engineering And Construction Pvt. Ltd എന്ന സ്ഥാപനം 8.75% കുറവിലാണ് പ്രവൃത്തി ഏറ്റെടുത്തത്. എസ്റ്റിമേറ്റിന്റെ 25% അധികരിച്ച് വരുന്ന അളവുകൾക്ക് ക്വാട്ടഡ് റേറ്റ് അനുവദിക്കണമെന്ന് കരാറുകാരൻ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ എഗ്രിമെന്റ് Quantity അവസാനിച്ചപ്പോൾ പുതുക്കിയ എസ്റ്റിമേറ്റിൽ അധികരിച്ച ക്വാണ്ടിറ്റിക്ക് എഗ്രിമെന്റ് ക്വാണ്ടിറ്റിയുടെ 25% വരെ G.O.(P)54/2019 Fin. തീയതി 04.05.2019 പ്രകാരം ക്വാട്ടഡ് റേറ്റ് നൽകുന്നതിനും ബാക്കി ക്വാണ്ടിറ്റിക്ക് എസ്റ്റിമേറ്റ് റേറ്റിൽ നിന്ന് കരാറുകാരൻ ക്വാട്ട ചെയ്ത മൊത്തം ടെണ്ടർ കുറവായ 8.75% കുറച്ച് നൽകുന്നതിനും മാത്രമാണ് മേൽ ഉത്തരവ് പ്രകാരം അനുമതിയുള്ളത്. എന്നാൽ 6 ഇനങ്ങൾക്ക് 25% കഴിഞ്ഞ് വരുന്ന ക്വാണ്ടിറ്റിക്ക് കരാറുകാരൻ ക്വാട്ടഡ് റേറ്റ് ആവശ്യപ്പെട്ടിട്ടുണ്ട്. ക്വാട്ടഡ് റേറ്റും എസ്റ്റിമേറ്റ് റേറ്റും തമ്മിൽ 12,36,267 രൂപയുടെ വ്യത്യാസമുണ്ട്. ഈ തുക കരാറുകാരന് അനുവദിച്ച് നൽകുന്നതിന് കൗൺസിൽ (CR1/28.10.2020) തീരുമാന പ്രകാരം സർക്കാരിലേക്ക് അയച്ചിട്ടുണ്ട്. പ്രവൃത്തി കരാറുകാരൻ പൂർത്തിയാക്കി ഫൈനൽ ബിൽ നൽകിയിട്ടും കാരാറുകാരനുമായുള്ള തർക്കം തുടരുന്ന സാഹചര്യമാണുള്ളത്. കൺസൽട്ടൻസി സ്ഥാപനം DPR തയ്യാറാക്കുന്നതിന് മുമ്പ് ആവശ്യമായ പഠനങ്ങൾ, Investigation എന്നിവ നടത്താത്തതിനാൽ പ്രവൃത്തി നിർവ്വഹണ സമയത്ത് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായും എസ്റ്റിമേറ്റ് പുതുക്കേണ്ടതായ സാഹചര്യവും അതുവഴി പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്നതായും വിലയിരുത്തുന്നു.

2. കരാറുകാരന്റെ വീഴ്ചക്ക് നഗരസഭ നഷ്ടപരിഹാരം നൽകി

മഴവെള്ള ഓവുചാൽ നിർമ്മാണ പ്രവൃത്തി നടക്കുന്ന BMH Hospital മുതൽ Bharath Electronics Shop വരെയുള്ള ഭാഗത്ത് BSNL Copper Cable വൻ തോതിൽ കേടുവന്നിട്ടുണ്ടെന്നും കരാറുകാരന്റെ അശ്രദ്ധ മൂലമുണ്ടായ കേടുപാടുകളുടെ നഷ്ടം പ്രഥമികമായി 7.5 ലക്ഷം രൂപയായി വിലയിരുത്തി BSNL ഉദ്യോഗസ്ഥർ നഗരസഭക്ക് കത്തയച്ചു. തുടർന്ന് BSNL 7.5 ലക്ഷം രൂപയിൽ നിന്നും 4,33,530 രൂപയായി കുറച്ച് ആയതിന്റെ എസ്റ്റിമേറ്റ് സമർപ്പിച്ചു. ഈ തുക Utility Shifting ഇനത്തിൽ ഉൾപ്പെടുത്തി BSNL ന് നൽകാൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ നിർദ്ദേശിച്ചു. ഇത് പ്രകാരം 11.12.2020 ന് ചേർന്ന അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ 14-ാംമത് തീരുമാനപ്രകാരം BSNL ന് തുക നൽകാൻ തീരുമാനിച്ചത് പ്രകാരം BSNL ന് (Cheque 639667/04.03.2021) 4,33,530/- രൂപ നൽകി. എന്നാൽ പ്രവൃത്തി നടക്കുന്ന സമയത്ത് കരാറുകാന്റെ അശ്രദ്ധ കാരണം BSNL കേബിളുകൾ കേടുവന്നതിന് നഗരസഭ ഫണ്ടിൽ നിന്നും 4,33,530/- രൂപ നൽകിയത് അംഗീകരിക്കുന്നില്ല. ഈ തുക കാരറുകാരന്റെ ഫൈനൽ ബില്ലിൽ നിന്നും കുറവ് വരുത്തേണ്ടതായിരുന്നുവെങ്കിലും ആയത് ചെയ്തിട്ടില്ല. കരാറുകാരന്റെ അശ്രദ്ധ കാരണം BSNL കേബിളുകൾ കേടുവന്നിട്ടുണ്ടെങ്കിൽ ആയതിന്റെ നഷ്ടപരിഹാരം നൽകേണ്ട ഉത്തരവാദിത്വം കരാറുകാരന് മാത്രമാണ്. ഈ തുക ഒരു കാരണവശാലും Utility Shifting എന്ന ഇനത്തിൽ ഉൾപ്പെടുത്തി നൽകാവുന്നതല്ല. കേബിളുകൾ മാറ്റിസ്ഥാപിക്കുന്നതിനല്ല തുക നൽകിയത് പകരം കേടുവന്ന കേബിളുകളുടെ നഷ്ടപരിഹാരമായിട്ടാണ് നൽകിയത്. ഇക്കാര്യം പരിഗണിക്കാതെ BSNL ന് 4,33,350/- രൂപ നൽകിയത് വീഴ്ചയാണ്.

3. യൂട്ടിലിറ്റി ഷിഫ്റ്റിംഗിന് മതിയായ തുക ഉൾപ്പെടുത്തിയിട്ടില്ല

മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ Utility Shifting ഇനത്തിൽ ആകെ 2 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കോഴിക്കോട് നഗരത്തിലെ പ്രധാനപ്പെട്ട സ്ഥലങ്ങളിലൂടെ നിർമ്മിക്കുന്ന മഴവെള്ള ഓവ്ചാൽ നിർമ്മാണ സമയത്ത് ഏതൊക്കെ പൈപ്പുകളും കേബിളുകളുമാണ് മാറ്റേണ്ടതായി വരുന്നതെന്ന് കൃത്യമായ പഠനമില്ലാതെ കൺസൽട്ടൻസി സ്ഥാപനം എസ്റ്റിമേറ്റ് തയ്യാറാക്കി. യൂട്ടിലിറ്റി ഷിഫ്റ്റിംഗിന് വേണ്ടി 6,82,097/- രൂപയാണ് KSEB യുടെ എസ്റ്റിമേറ്റ് പ്രകാരം നഗരസഭ അടച്ചിട്ടുള്ളത്. കൂടാതെ KWA, BSNL മുതലായ വകുപ്പുകളുടെ പൈപ്പ് ലൈൻ, കേബിളുകൾ എന്നിവ കടന്നു പോകുന്ന സാഹചര്യത്തിൽ കൃത്യമായ പഠനം നടത്താതെയാണ് എസ്റ്റിമേറ്റിൽ Utility Shifting ന് തുക വകയിരുത്തിയത്.

2. പാർക്കുകളിലേക്ക് കളിയുപകരണങ്ങൾ വാങ്ങൽ

ഫയൽ നമ്പർ .EG21/63824/19

അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിച്ച എട്ട് പാർക്കുകളിൽ കളിയുപകരണങ്ങൾ, ഫിറ്റ്നസ്സ് ഉപകരണങ്ങൾ തുടങ്ങിയവ സ്ഥാപിക്കുന്നതിന് ഇ-ടെണ്ടർ ക്ഷണിച്ചതിൽ 4 സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചു. ഇതിൽ തിരുനൽവേലി ആസ്ഥാനമായുള്ള "യുനൈറ്റഡ് മാർക്കറ്റിംഗ് സ്പോർട്സ് എംപോറിയം" എന്ന സ്ഥാപനമാണ് കുറഞ്ഞ തുക ക്വാട്ട് ചെയ്തത്. തുടർന്ന് 16.04.2019 തീയതി സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ചേമ്പറിൽ ചേർന്ന ടെണ്ടർ സമർപ്പിച്ചവരുടെ യോഗത്തിൽ ഏറ്റവും തൃപ്തികരമായ രീതിയിൽ പ്രസന്റേഷൻ നടത്തിയ മേൽ സ്ഥാപനത്തിന്റെ 19,94,608/- രൂപയുടെ ടെണ്ടർ കൗൺസിൽ (CR 27/14.06.2019) അംഗീകരിച്ചു. ഇതിനെ തുടർന്ന് 30.05.2019 ന് സ്ഥാപനത്തിന് (EG 21/63824/19) സെലക്ഷൻ മെമ്മോ (Lettr Of Acceptance) അയക്കുകയും ചെയ്തു. ഈ സെലക്ഷൻ മെമ്മോയിൽ 7 ദിവസത്തിനകം പെർഫോമൻസ് സെക്യൂരിറ്റി, ഒപ്പു വെച്ച LOA യുടെ കോപ്പി എന്നിവ ഹാജരാക്കാനും നിർദ്ദേശിച്ചു. മേൽ നിർദ്ദേശം പാലിക്കാത്തതിനാൽ 3 ദിവസത്തിനകം കരാർ വെക്കണമെന്നും അല്ലെങ്കിൽ LOA റദ്ദാക്കി അടുത്ത കരാറുകാരന് നൽകുമെന്നും കാണിച്ച് 24.06.2019 ന് (EG 21/33709/16) സൂപ്രണ്ടിംഗ് എഞ്ചിനീയർ കത്തയച്ചു. എന്നിട്ടും ഹാജരാക്കാത്തതിനെ തുടർന്ന് 12.07.2019 ന് വീണ്ടും കത്തയച്ചു. ഈ കത്ത് പ്രകാരമുള്ള തീയതിയായ 18.07.2019 ന് ഹാജരാക്കാത്തതിനാൽ സ്ഥാപനത്തിനെ തെരെഞ്ഞെടുത്തതും ആയതിന് പുറപ്പെടുവിച്ച 30.05.2019 ലെ LOA റദ്ദാക്കുന്നതായും നഗരസഭയുടെ നഷ്ടം കമ്പനിയിൽ നിന്നും ഈടാക്കുന്നതാണെന്നും കാണിച്ച് 02.08.2019 ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ ഉത്തരവായി. എന്നാൽ ഇതിന് ശേഷം 25.09.2019 ന് ഇതേ സ്ഥാപനവുമായി സാധനങ്ങൾ വാങ്ങുന്നതിന് കരാർ വെക്കുകയും (22/SE/19-20) 26.09.2019 ന് വർക്ക് ഓർഡർ നൽകുകയും ചെയ്തു. ഈ വർക്ക് ഓർഡർ പ്രകാരം 10 ദിവസത്തിനുള്ളിൽ പ്രവൃത്തി സ്ഥലങ്ങൾ ഏറ്റെടുക്കേണ്ടതും ഏറ്റെടുത്ത് 15 ദിവസത്തിനുള്ളിൽ 8 പാർക്കുകളിൽ കളിയുപകരണങ്ങൾ സ്ഥാപിക്കേണ്ടതുമാണ്. ഈ സ്ഥാപനം 18.02.2021 ന് പ്രവൃത്തി പൂർത്തീകരിച്ചതായി കാണിച്ച് നഗരസഭയക്ക് കത്ത് നൽകിയിട്ടുണ്ട്. പ്രൊജക്റ്റ് നിർവ്വഹണം നടത്തിയതിലെ അപാകതകൾ താഴെ കൊടുക്കുന്നു.

(1) കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയില്ല.

"യൂണൈറ്റഡ് മാർക്കറ്റിംഗ് സ്പോർട്സ് എംപോറിയം" എന്ന സ്ഥാപനത്തിൽ നിന്നും 17 ഇനം സാധനങ്ങൾ 19,94,608/- രൂപയ്ക്ക് വാങ്ങുന്നതിനാണ് തീരുമാനിച്ചത്. എന്നാൽ ക്വട്ടേഷൻ സമർപ്പിച്ച 4 സ്ഥാപനങ്ങളിൽ 6 ഇനങ്ങൾക്ക് കുറഞ്ഞ വില ക്വാട്ട് ചെയ്ത 3 സ്ഥാപനങ്ങളിൽ നിന്നും ഇവ വാങ്ങാതെ 17 ഇനം സാധനങ്ങൾക്കുമായി കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയത്. നഗരസഭ തയ്യാറാക്കിയ വിലതാരതമ്യ പത്രികയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | United Marketing Sports Emporium | Funriders Leisure And Amusement Pvt. Ltd. | Carmel Builders And Fibrotech Industries Pvt. Ltd. | Mid Cose, Kozhkode | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | 6. Garden Swing | 42,560 | 34,080 | -- | -- | 8,480 |
| 2 | 9. Sroulder Excerciser | 1,17,600 | -- | 92,040 | -- | 25,560 |
| 3 | 10. Hip Twister | 50,400 | -- | -- | 36,000 | 14,400 |
| 4 | 11.Multi Seater See Saw | 20,720 | 19,972 | -- | -- | 748 |
| 5 | 14. Pushup Bar | 64,960 | -- | -- | 28,000 | 36,960 |
| 6 | 15. Spider Web Climber | 31,920 | -- | -- | 25,000 | 6,920 |
| | ആകെ | | | | | 93,068 |

മേൽ പ്രകാരം വില താരതമ്യ പത്രികയിലെ ക്രമ നമ്പർ 6, 9, 10, 11, 14, 15 എന്നീ ഇനങ്ങൾക്ക് കുറഞ്ഞ തുക ക്വാട്ട് ചെയ്തതത് മറ്റ് 3 സ്ഥാപനങ്ങളാണ്. ഈ 6 ഇനങ്ങൾ കുറഞ്ഞ തുക കാണിച്ച 3 സ്ഥാപനങ്ങളിൽ നിന്നും ബാക്കി 11 ഇനം സാധനങ്ങൾ "യൂനൈറ്റഡ് മാർക്കറ്റിംഗ് സ്പോർട്സ് എംപോറിയം" എന്ന സ്ഥാപനത്തിൽ നിന്നും

വാങ്ങിയിരുന്നുവെങ്കിൽ 93,068/- രൂപയുടെ അധിക ചെലവ് ഒഴിവാക്കാമായിരുന്നു. എന്നാൽ ഇക്കാര്യം പരിശോധിക്കാതെ മുഴുവൻ സാധനങ്ങളും, കൂടുതൽ വില ക്വാട്ട് ചെയ്ത ഇനങ്ങളുൾപ്പെടെ "യുനൈറ്റഡ് മാർക്കറ്റിംഗ് സ്പോർട്സ് എംപോറിയം" എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയത് വഴി നഗരസഭക്ക് 93,068/- രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. ആകെ ആവശ്യമായ 17 ഇനങ്ങൾക്കുമായി ക്വാട്ട് ചെയ്തതിൽ കുറഞ്ഞ തുകയായ 19,94,608/- രൂപ ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതാണ് പരിഗണിച്ചത്. സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ ടെണ്ടർ സമർപ്പിച്ചവരുടെ പ്രസന്റേഷൻ ശരിയായ രീതിയിലല്ല എന്ന ഒറ്റ കാരണത്താൽ 6 ഇനങ്ങൾക്ക് കുറഞ്ഞ തുക ക്വാട്ട് ചെയ്ത 3 സ്ഥപനങ്ങളെ ഒഴിവാക്കി കൂടുതൽ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും വാങ്ങിയത് ന്യായീകരിക്കത്തക്കതായ കാരണമല്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ. (പി) 259/2010 ത.സ്വ.ഭ.വ. 08.11.2010 ഉത്തരവിലെ ഖണ്ഡിക – 2 (സി) (3) പ്രകാരം മത്സരാധിഷ്ഠിത നിരക്കുകൾ താരതമ്യം ചെയ്ത ശേഷം പരമാവധി നേട്ടമുണ്ടാകുന്ന തരത്തിൽ വാങ്ങൽ നടത്തേണ്ടതാണ്. എന്നാൽ ഇത് പാലിച്ചിട്ടില്ല.

(2) കരാർ വെക്കുന്നതിൽ കാലതാമസം വരുത്തി

ടെണ്ടർ സമർപ്പിച്ച 4 സ്ഥാപനങ്ങളിൽ "യുനൈറ്റ് മാർക്കറ്റിംഗ് സ്പോർട്സ് എംപോറിയം" എന്ന സ്ഥാപനത്തിന്റെ ടെണ്ടർ കൗൺസിൽ അംഗീകരിക്കുകയും 30.05.2019 ന് സെലക്ഷൻ മെമ്മോ (Letter Of Acceptance) അയക്കുകയും ചെയ്തിട്ടുണ്ട്. ഇത് പ്രകാരം 7 ദിവസത്തിനുള്ളിൽ പെർഫോമൻസ് സെക്യൂരിറ്റി, ഒപ്പു വെച്ച LOA യുടെ കോപ്പി എന്നിവ ഹാജരാക്കാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇത് കൈപ്പറ്റി 3 ആഴ്ച് കഴിഞ്ഞിട്ടും ആയത് പാലിച്ചില്ലെന്നും 3 ദിവസത്തിനുള്ളിൽ ഹാജരാക്കാനും ആവശ്യപ്പെട്ട് 24.06.2019 ന് വീണ്ടും കത്തയിച്ചിട്ടുണ്ട്. എന്നിട്ടും ഹാജരക്കാത്തതിനെ തുടർന്ന് 18.07.2019 നകം കരാർ വെക്കണമെന്നും ഇല്ലെങ്കിൽ LOA റദ്ദാക്കുമെന്നും അറിയിച്ച് സൂപ്രണ്ടിംഗ് എഞ്ചിനീയർ കത്തു നൽകുകയും ചെയ്തു. ഇത് പാലിക്കാത്തതിനാൽ 02.08.2019 ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ കരാർ സ്ഥാപനത്തിന്റെ LOA റദ്ദാക്കി. എന്നാൽ LOA റദ്ദാക്കിയ ശേഷം പ്രൊജക്ടിന്റെ ഭാഗമായ സാധനങ്ങൾ വിതരണം ചെയ്യുന്നത് തുടരാൻ അനുവദിക്കുകയും 25.09.2019 ന് സ്ഥാപനവുമായി നഗരസഭ കരാർ (22/SE /2019-20 തീയതി 25.09.2019) വെക്കുകയും 26.09.2019 ന് വർക്ക് ഓർഡർ നൽകുകയും ചെയ്തു. 02.08.2019 ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ LOA റദ്ദാക്കിയ അതേ സ്ഥാപനവുമായി 25.09.2019 ന് കരാർ വെച്ചതും 26.09.2019 ന് വർക്ക് ഓർഡർ നൽകിയതും നിയമവിരുദ്ധമായ നടപടിയാണ്.

(3) പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിച്ചില്ല

കരാർ സ്ഥാപനമായ "യുണൈറ്റഡ് മാർക്കറ്റിംഗ് സ്പോർട്സ് എംപോറിയം" എന്ന സ്ഥാപനത്തിന് 26.09.2019 ന് നൽകിയ വർക്ക് ഓർഡർ പ്രകാരം കളിയുപകരണങ്ങൾ സ്ഥാപിക്കേണ്ട നവീകരിച്ച 8 പാർക്കുകളുടെ സൈറ്റ്, വർക്ക് ഓർഡർ തീയതി മുതൽ 10 ദിവസത്തിനുള്ളിൽ ഏറ്റെടുക്കേണ്ടതും സൈറ്റ് ഏറ്റെടുത്ത് 15 ദിവസത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കേണ്ടതുമാണ്. എന്നാൽ 26.09.2019 ന് വർക്ക് ഓർഡർ നൽകിയിട്ടും 17 മാസങ്ങൾ കഴിഞ്ഞ് 18.02.2021 ന് മാത്രമാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം വരുത്തിയിട്ടും കരാർ റദ്ദാക്കാനോ മറ്റ് നടപടികൾ സ്വീകരിക്കാനോ തയ്യാറായില്ല.

"മാവൂർ റോഡ് നോർത്ത് സൈഡ് ഡ്രൈനേജ്" പ്രവൃത്തി നടക്കുന്ന സമയത്ത് കരാറുകാരന്റെ അശ്രദ്ധ മൂലം കേടുവന്ന കേബിളുകളുടെ നഷ്ടപരിഹാരമായി കരാറുകാരൻ BSNL ന് നൽകേണ്ടതായ 4,33,350/- രൂപ നഗരസഭ നൽകിയ ഇനത്തിൽ 4,33,350/- രൂപയും, വിവിധ പാർക്കുകളിലേക്ക് കളിയുപകരണങ്ങൾ വാങ്ങിയ ഇനത്തിൽ അധികം ചെലവഴിച്ച 96,038/- രൂപയും ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 11.10.2021 മുതൽ 10.06.2022 വരെ | കെ.എസ്.എ.കെ.ഒ.സി/എ4/800/2022 തീയതി : 15.07.2022 |

### 4-2 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് ആയി ഗുണഭോക്തൃ സമിതികൾക്ക് തുകകളൊന്നും കൈമാറിയിട്ടില്ല.

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ കേരള വാട്ടർ അതോറിറ്റി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് തുടങ്ങിയ സ്ഥാപനങ്ങൾക്ക് നിക്ഷേപ പ്രവൃത്തികൾക്ക് മുൻകൂർ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ നൽകുന്നു

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര്, നം | ബിൽ/ ചെക്ക് നം.തീയതി | മുൻകൂർ തുക | ചെലവഴിച്ച തുക | നീക്കിയിരിപ്പ് തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ്ലൈൻ നീട്ടൽ (1178/2021) | 06/11.04.2020 | 1642286 | വിനിയോഗ വിവരം ലഭ്യമല്ല | |
| | | 534/14.05.2020 | 310000 | 113470 | 196530 |
| | വിവിധ അംഗൻവാടികളിൽ കുടിവെള്ള സൗകര്യം ഒരുക്കൽ(1452/2021) | 633/13.08.2020 | 278000 | വിനിയോഗ വിവരം ലഭ്യമല്ല | |
| | മൽസ്യത്തൊഴിലാളികൾക്ക് കുടിവെള്ള സൗകര്യം ഒരുക്കൽ (1307/2021) | 193/11.04.2020 | 10000000 | 9998195 | 1805 |
| | 02/18 സെക്ടറിലെ കീർത്തി, ശ്രേയസ് എന്നീ അംഗൻവാടികളിൽ ജലവിതരണ പ്രവൃത്തികൾ (1066/2021) | 837/02.12.2020 | 38000 | വിനിയോഗ വിവരം ലഭ്യമല്ല | |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | തെരുവ് വിളക്കുകളുടെ ഘടകങ്ങൾ വാങ്ങൽ (613/2021) | 192/11.04.2020 | 5025466 | വിനിയോഗ വിവരം ലഭ്യമല്ല | |

## 4-4 വായ്പയും തിരിച്ചടവും

ഓഡിറ്റ് വർഷം കോർപ്പറേഷന് വായ്പയിനത്തിൽ 42038000 രൂപയുടെ വരവുണ്ട്. നിലവിൽ അവശേഷിക്കുന്ന വായ്പകളുടെയും തിരിച്ചടവിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | തൻവർഷ വരവ് | തൻവർഷ വരവും ചേർത്ത് നാളിതു വരെ ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| പി.എം.എ.വൈ. (KURDFC) | 6838000 | 247740000 | 231220000 | 16493334 | 0 | 214726666 |
| സ്റ്റേഡിയം ഫ്ലഡ് ലൈറ്റ് (HUDCO)-19677 | | 50068000 | 11290338 | 3692000 | 1096039 | 7598338 |

| | | | | | | |
|---|---|---|---|---|---|---|
| അമൃത് പദ്ധതി | 35200000 | 134500000 | 84899850 | 8447813 | 6095700 | 111652037 |
| ആകെ | 103580000 | 432308000 | 327410188 | 28633147 | 7191739 | 333977041 |

## 4-5 സ്ഥിരനിക്ഷേപങ്ങളുടേയും ഓഹരികളുടെയും വിവരങ്ങൾ

2020-21 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പ്രകാരം 31.03.2021 തീയതിയിൽ സ്ഥിരം നിക്ഷപമിനത്തിലെ 9031359/- രൂപയും ഓഹരി നിക്ഷേപമിനത്തിലെ 20250000/- രൂപയും ചേർത്ത് ആകെ 29281359 രൂപയുടെ നിക്ഷേപമുണ്ട്. . വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. സ്ഥിരനിക്ഷേപ തുകയുടെ വിശദാംശങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 8953527 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശയിനത്തിൽ ലഭിച്ചത്) | 77832 |
| ആകെ | 9031359 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 9031359 |

സ്ഥിരനിക്ഷേപം - സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ

| ക്രമ നം | ബാങ്ക്/ ട്രഷറി | രശീതി നം | തുക |
|---|---|---|---|
| 1 | ട്രഷറി, കോഴിക്കോട് | 500698284 | 2739000 |
| 2 | | 500669292 | 3295805 |
| 3 | പഞ്ചാബ് നാഷണൽ ബാങ്ക്, മീഞ്ചന്ത | 431600PR0000722 | 674313 |
| 4 | കെ.ഡി.സി. ബാങ്ക്, ഫറോക്ക് | 6180752044 | 534006 |
| 5 | കെ.ഡി.സി. ബാങ്ക്, കല്ലായ് | 1807520131 | 309841 |
| 6 | കെ.ഡി.സി. ബാങ്ക്, കല്ലായ് | 1807520132 | 309841 |
| 7 | കെ.ഡി.സി. ബാങ്ക്, കല്ലായ് | 1807520133 | 582734 |
| 8 | കെ.ഡി.സി. ബാങ്ക്, ബേപ്പൂർ | 1807520005 | 585819 |
| ആകെ | | | 9031359 |

2. ഓഹരി നിക്ഷേപം - തുകയുടെ വിശദാംശങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന തുക | 20250000 |
| തൻവർഷം നിക്ഷേപിച്ച തുക /ലഭിച്ച ലാഭവിഹിതം | 0 |
| ആകെ | 20250000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 20250000 |

ഓഹരി നിക്ഷേപം - ഓഹരികളുടെ വിശദാംശങ്ങൾ

| ക്രമ നം | സ്ഥാപനം | നം | തുക |
|---|---|---|---|
| 1 | ക്ലീൻ കേരള കമ്പനി | 48 | 10000000 |
| 2 | | 62 | 10000000 |
| 3 | കോഴിക്കോട് ജില്ല സഹകരണ ആശുപത്രി | 2820 | 2500 |
| 4 | മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | 21 | 1000 |
| 5 | കെ.യു.ഡി.എഫ്.സി. | | 100000 |

| | | | |
|---|---|---|---|
| 6 | കെ.യു.ഡി.എഫ്.സി. (മുൻ സി.ഡി.എ. യിൽ നിന്ന് കൈമാറിയത്) | | 141500 |
| 7 | കാലിക്കറ്റ് കോ-ഓപ്പറേറ്റീവ് ഫാംസ് & ഫീഡ്സ് ലിമിറ്റഡ് | | 5000 |
| ആകെ | | | 20250000 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി രേഖപ്പെടുത്തുന്നതിനായി കോർപ്പറേഷനിൽ പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. തൻവർഷ വാർഷികകണക്കിൽ ഈയിനത്തിൽ വരവില്ല. ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടതും നഷ്ടം ഈടാക്കിയതായി ഓഡിറ്റ് കാലയളവിൽ അറിയിപ്പ് കിട്ടിയതുമായ 155825/-- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | അടച്ച തുക | ഒടുക്കിയ ആളുടെ വിശദാംശങ്ങൾ | രശീത്, ചെക്ക്, ചലാൻ നം, തീയതി | |
|---|---|---|---|---|---|
| 2018-19 | 2-2 | 5773 | കെ.ഉസാമ | 1191112142423 | 22.02.2020 |
| | | 10794 | റാബിയ നൗഷാദ് | 12023104548 | 20.11.2020 |
| | | 22915 | സമീറ അൻസാരി | 11911124351 | 12.03.2020 |
| | 2-5 | 2025 | വിവിധ വ്യക്തികൾ (കട/ഷോപ്പ് ഉടമകൾ) | 11911122123 | 27.02.2020 |
| | | 5000 | | 1191125062 | 18.03.2020 |
| | | 300 | | 12023106328 | 11.01.2021 |
| | | 1250 | | 12023106521 | 14.01.2021 |
| | | 675 | | 12023105714 | 28.12.2020 |
| | | 750 | | 12023106515 | 14.01.2021 |
| | | 10867 | | 12023106671 | 19.01.2021 |
| | | 2375 | | 121725 | 25.02.2020 |
| | | 4275 | | 121961 | 26.02.2020 |
| | | 8125 | | 121960 | 26.02.2020 |
| | 2-6 | 1476 | ഷൈമ | 12023106333 | 11.01.2021 |
| | | 1476 | പി പി ഇഖ്ബാൽ | 11921101582 | 28.02.2020 |
| | | 806 | ഫൗസിയ | 11921118428 | 29.01.2020 |
| | 3-9.2 | 30000 | രാധ | 120050107629 | 07.01.2021 |
| | 3-9.4 | 30000 | മിനി കെ പി | 121050100012 | 18.04.2021 |
| | 3-13.1 | 11381 | കൗൺസിൽ സെക്രട്ടറി | 120340120283 | 25.01.2021 |
| | 3-15 | 5562 | രതീഷ് കുമാർ കരാറുകാരൻ | KL019516528 | 23.02.2021 |
| ആകെ | | 155825 | | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

കോഴിക്കോട് കോർപ്പറേഷന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, വകുപ്പ്

23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക നം | | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | | വിഷയം |
|---|---|---|---|---|
| 1996-97 | 22(ii) | 1998 | അദ്ധ്യായം II.ഖ.iii(1) | വാടക കരാറുകളിലെ സ്റ്റാമ്പ് ഡ്യൂട്ടി കുറവ്-സർക്കാരിന് നഷ്ടം |
| | 22.(ix) | | അദ്ധ്യായം II.ഖ.iii(3) | വാടക നിരക്ക് പരിഷ്കരിക്കാത്തതിനാൽ നഗരസഭയ്ക്ക് നഷ്ടം |
| 1997-98 | 21(E),(F), (I) | 1999-2000 | അദ്ധ്യായം V.ഖ.3(എ) | സ്വത്തുനികുതി പിരിവിലെ നഷ്ടം |
| 1998-99 | 46(14) | 2000-01 | അദ്ധ്യായം V.ഖ.4(b) | കോർപ്പറേഷൻ പരിധിക്ക് പുറത്തുള്ള സോപ്പ് നിർമ്മാണ യൂണിറ്റിന് ധനസഹായം നൽകി-2,00,000/- രൂപ |
| | 47(1)(a) | | അദ്ധ്യായം V.ഖ.4(d) | വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് നൽകിയ 27 ലക്ഷത്തിൽപ്പരം രൂപയുടെ ധനസഹായം ചട്ടവിരുദ്ധം |
| | 47(1)(b) | | അദ്ധ്യായം V. ഖ.4(e) | കൃത്രിമ വൈരക്കല്ല് നിർമ്മാണ പരിശീലനം സ്വകാര്യ ഏജൻസിക്ക് നൽകിയ1,26,000/-രൂപ നഷ്ടമായി |
| 1999-00 | 53 | 2001-02 | അദ്ധ്യായം VI.ഖ.1.5(i) | കോടതി വിധി-നടപ്പിലാക്കിയതിൽ അനാസ്ഥ-പാഴ്ച്ചെലവ് 1,66,140/-രൂപ |
| | 65 | | അദ്ധ്യായം VI.ഖ.1.5(ii) | റോഡ് പണി-അളവ് കൂട്ടി എഴുതൽധനനഷ്ടം-63,157/-രൂപ |
| | 66 | | അദ്ധ്യായം VIൽ ഖ.1.5(iii) | ഓവ്ചാലിൽ നിന്ന് മണ്ണ് നീക്കംചെയ്യൽ - ധനദുർവിനിയോഗം |
| | 70 | | അദ്ധ്യായം VI.ഖ.1.5(v) | പദ്ധതി വിഹിതത്തിൽ നിന്ന് പിഴപലിശഅടച്ചത്-അംഗീകരിക്കുന്നില്ല |

| | | | | |
|---|---|---|---|---|
| | 73 | | അദ്ധ്യായം VI.ഖ.1.5(vi) | എസ്.കെ.പൊറ്റക്കാട് സാംസ്കാരിക നിലയം നിർവ്വഹണത്തിൽ പാഴ്ചെലവ് |
| | 74 | | അദ്ധ്യായം VI.ഖ.1.5(vii) | വിദ്യാലയങ്ങൾക്ക് ഫർണ്ണീച്ചർ വാങ്ങിനൽകൽ സ്റ്റോർ പർച്ചേസ് ചട്ട ലംഘനം |
| | 76 | | അദ്ധ്യായം VI.ഖ.1.5(viii) | വീട്ട് വളപ്പിൽ മണ്ണിട്ട് നികത്തൽ - ധനദുർവിനിയോഗവും ഉത്തരവുകളുടെ ലംഘനവും |
| 1999-00 ഡി.സി.ബി | 27.3 | 2002-03 | അദ്ധ്യായം VII.ഖ.III 5(i) | തൊഴിൽ നികുതി ചുമത്താൻ വിട്ടുപോയത്-ലക്ഷങ്ങളുടെ നഷ്ടം |
| | 27.4 | | അദ്ധ്യായം VII.ഖ.III 5(ii) | തൊഴിൽ നികുതി കടിശ്ശിക കാലഹരണപ്പെട്ടു |
| | 30.2 | | അദ്ധ്യായം VII.ഖ.III 5(iii) | ലൈസൻസ് ഫീസ് പിരിച്ചതിൽകുറവ്-നഷ്ടം 81,713 രൂപ |
| | 32 | | അദ്ധ്യായം VIIഖ.III 5(iv) | ബസ്സ്റ്റാന്റ് ഫീസ്-കുടിശ്ശിക വസൂലാക്കിയില്ല |
| | 33 | | അദ്ധ്യായം VIIഖ.III 5(v) | ലൈസൻസുകൾ യഥാസമയം പുതുക്കാതെ നഗരസഭ വക മുറികൾ കൈവശം വയ്ക്കുന്നത് സംബന്ധിച്ച് |
| | 35,36 | | അദ്ധ്യായം VIIഖ.III .5(vi) | ലൈസൻസ് ഫീസ് ഈടാക്കിയില്ല-നഷ്ടം 2,55,762/-രൂപ |
| | 39(4) | | അദ്ധ്യായം VIIഖ.III.5(vii) | വാടകക്കാർക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകിയതിലെ നഷ്ടം-19,144/-രൂപ |
| | 39(5) | | അദ്ധ്യായം VIIഖ.III.5(viii) | വാടകക്കാരിൽ നിന്നും വാങ്ങിയ ഡെപ്പോസിറ്റ് ദ്രവ്യങ്ങൾ നഗരസഭഫണ്ടിൽ വരവു വയ്ക്കാത്തതും വൈദ്യുതി ചാർജ്ജ് വസൂലാക്കാത്തതും സംബന്ധിച്ച് |
| | | | അദ്ധ്യായം VIII ക്രമനം.12 | പ്രജനന ശൈശവ ആരോഗ്യ പദ്ധതിയിൻ കീഴിലെ കെട്ടിട നിർമ്മാണ പ്രവൃത്തികൾ - കെ.നിർ.തൊ. ക്ഷേമനിധി -1,24,499/- ആദായ നികുതി - 21,925/- സെൽഫ് ചെക്ക് മാറിയെടുത്ത് പണാപഹരണം നടത്തി |
| | | | അദ്ധ്യായം VIII ക്രമനം.13 | സർക്കാർ വായ്പ തിരിച്ചടവ് നടത്തുവാൻ പിൻവലിച്ച1,43,069/-, 3,01,515/-, 1,73,583/-രൂപ അടവാക്കിയില്ല എന്ന് കോർപ്പറേഷൻ സെക്രട്ടറി റിപ്പോർട്ട് |
| 2000-01 | 34(3,4,5) | 2003-04 | അദ്ധ്യായം 7.5(1) | ലൈസൻസ് ഫീസ് ഈടാക്കിയില്ലകോഴിക്കോട് |

| | | | | |
|---|---|---|---|---|
| | | | | നഗരസഭയ്ക്ക് വൻ നഷ്ടം |
| | 95(5,6,8,9,10,11,12) | | അദ്ധ്യായം 7.5(2) | യു.പി.എ.സെൽ 98,439/- രൂപയുടെ ക്രമക്കേട് |
| | 28(4),31(3) | | അദ്ധ്യായം 7.5(3) | നികുതി വരവിൽ വൻനഷ്ടം |
| | 92 (1) | | അദ്ധ്യായം 7.5(5) | സബ്സിഡി അധികം നൽകി |
| | 96(4) | | അദ്ധ്യായം 7.5(6) | 1,46,424/- രൂപയുടെ ധനാപഹരണം |
| 2001-02 | 27(12),27(3) | 2004-05 | അദ്ധ്യായം 4.1.5(1) | വസ്തു നികുതി കുടിശ്ശിക പിരിക്കുന്നില്ല.ലക്ഷങ്ങൾ നഷ്ടപ്പെടുന്നു. |
| | 31(10) | | അദ്ധ്യായം 4.1. 5(2) | വാടക 14.3 ലക്ഷം കുടിശ്ശിക |
| | 71 | | അദ്ധ്യായം 4.1.5(4) | സെൻട്രൽ മാർക്കറ്റ്പുന:നിർമ്മാണത്തിൽ അപാകതകൾ |
| | 72(13) | | അദ്ധ്യായം 4.1.5(5) | ഇൻസിനേറ്റർ സ്ഥാപിച്ചില്ലപദ്ധതിപ്പണം പാഴാകുന്നു. |
| | 74(4) | | അദ്ധ്യായം 4.1.5(6) | ഭവന നിർമ്മാണ വായ്പ തിരിച്ചടയ്ക്കാൻ യു.പി.എ.ഫണ്ട്-20.2 ലക്ഷം വകമാറ്റി |
| 2002-03 | 3-11 | 2005-06 | അദ്ധ്യായം 3.5(1) | കമേഴ്സ്യൽ കോംപ്ലക്സ് കം- സ്റ്റേഡിയം നിർമ്മാണത്തിൽ അപാകത-നഷ്ടം |
| | 3-12 | | അദ്ധ്യായം 3.5(2) | നിയന്ത്രണ മേഖലയിൽ ചട്ടം ലംഘിച്ച്ഓപ്പൺ എയർ സ്റ്റേജ് |
| | 3-13 | | അദ്ധ്യായം 3.5(3) | താമരക്കുളം നവീകരണത്തിൽ അപാകത |
| | 3-15 | | അദ്ധ്യായം 3.5(4) | ബുൾഡോസർ വാടക-അധിക നിരക്ക് നൽകി |
| | 3-20 | | അദ്ധ്യായം 3.5(5) | സോഫ്റ്റ്വെയർ ടെക്നോളജി പാർക്ക്-പദ്ധതിപ്പണം പാഴായി |
| | 3-21 | | അദ്ധ്യായം 3.5(6) | സോഫ്റ്റ് വെയർ ടെക്നോളജി പാർക്ക് പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| | 2-19 | | അദ്ധ്യായം 3.5(7) | ലൈസൻസ് ഫീസ് വർദ്ധന കുടിശ്ശിക ഈടാക്കിയില്ല |
| 2003-04 | 1-6 | 2006-07 | ഖ.4.5.1 | നികുതി പിരിവിന്റെ പുരോഗതി ഫലപ്രദമായ നടപടികൾ ഉണ്ടാകുന്നില്ല |
| | 2-6 | | ഖ.4.5.2 | വസ്തു നികുതി-മിനിമം നികുതി ഈടാക്കി വരുന്നില്ല-20 ലക്ഷത്തോളം രൂപയുടെ ആവർത്തന നഷ്ടം |
| | 3-2 | | ഖ.4.5.3 | പി.എസ്.സി.റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ ദിവസക്കൂലി അടിസ്ഥാനത്തിൽ വർക്ക് സൂപ്രണ്ടുമാരെ നിയമിച്ചത് അംഗീകരിക്കുന്നില്ല |
| | 3-5 | | ഖ.4.5.4 | കേരള വാട്ടർ അതോറിറ്റിക്ക് കൈമാറിയ ശുദ്ധജല വിതരണം-10.05 കോടി രൂപ 15 വർഷം കഴിഞ്ഞിട്ടും |

| | | | | |
|---|---|---|---|---|
| | | | | ലഭിച്ചില്ല |
| | 3-6 | | ഖ.4.5.5 | സ്റ്റേഡിയം കം - ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം വായ്പ തിരിച്ചടയ്ക്കുന്നതിൽ വീഴ്ച 442.32 ലക്ഷം രൂപയുടെ അധിക ബാധ്യത |
| | 3-14 | | ഖ.4.5.6 | നീലിച്ചിറയുടെ പുനരുജ്ജീവന പദ്ധതി-നടപ്പിലാക്കിയതിലെ അപാകതകൾ |
| | 3-22 | | ഖ.4.5.7 | 62.6 ലക്ഷം രൂപ അധികമായി സർക്കാരിലേയ്ക്ക് തിരിച്ചടച്ചു -ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അഭാവം |
| | 3-23 | | ഖ.4.5.8 | കുടിവെള്ള പദ്ധതികൾ - ഡെപ്പോസിറ്റ് പ്രവർത്തികൾ പൂർത്തീകരിച്ചിട്ടില്ല |
| | 3-27 | | ഖ.4.5.9 | കേരള വികസന പദ്ധതി 2003-04 പദ്ധതിപ്പണം പാഴായി |
| | 3-32 | | ഖ.4.5.10 | എൻ.എസ്.ഡി.പി.പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ |
| | 3-33 | | ഖ.4.5.11 | വാത്മീകി അംബേദ്കർ ആവാസ് യോജനപദ്ധതി അപാകതകളും സാമ്പത്തിക നഷ്ടവും |
| 2004-05 | 2-11 | 2007-08 | ഖ.4.2.1 | നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടമുറികൾ ലൈസൻസിനു നൽകാതെ ഒഴിഞ്ഞു കിടക്കുന്നത് വരുമാന നഷ്ടമുണ്ടാക്കി |
| | 2-24 | | ഖ.4.2.2 | നഗരസഭയുടെ ലൈസൻസ് വ്യവസ്ഥയിൽ നൽകിയ സ്ഥലത്തിന്റെ കുടിശ്ശിക ഈടാക്കുകയോ സ്ഥലം തിരികെ ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല |
| | 3-1 | | ഖ.4.2.3 | മെയിന്റനൻസ് ഗ്രാന്റ്-ആസ്തി നിർമ്മാണ പ്രവൃത്തികൾക്ക് വകമാറ്റി ചെലവഴിച്ചു |
| | 3-10 | | ഖ.4.2.4 | വിവാഹ ധനസഹായം-1.36 കോടി രൂപ നഗരസഭ ഫണ്ടിൽ നീക്കിയിരിപ്പായി അവശേഷിക്കുന്നു |
| | 3-14 | | ഖ.4.2.5 | നഗരസഭ ഓഫീസ് കമ്പ്യൂട്ടർവത്കരണം ലക്ഷങ്ങൾ ചെലവഴിച്ചെങ്കിലും ലക്ഷ്യം കൈവരിച്ചില്ല |
| 2005-06 | | 2008-09 | ഖ.2.6 | തനതു ഫണ്ടിന്റെ സംഭരണം |
| | 3-14-5 | | ഖ.3.2.3 | മോഡൽ സോളിഡ് വേസ്റ്റ് മാനേജ്മെന്റ്ഫണ്ട് വക മാറ്റിയതിനാൽ പലിശയിനത്തിൽ 4 ലക്ഷത്തിൽപ്പരം രൂപയുടെ |

| | | | | |
|---|---|---|---|---|
| | | | | നഷ്ടം |
| | 3-27 | | ഖ.3.4.4 | മൈത്രി ഭവനപദ്ധതി-ഭവനനിർമ്മാണ ബോർഡിൽ ഡെപ്പോസിറ്റ് ചെയ്ത 28,12,500 വിനിയോഗിച്ചിട്ടില്ല |
| | 3-14-7 | | ഖ.3.5.13.എ | ശാരീരിക വൈകല്യങ്ങൾ നേരിടുന്നവർക്ക് സഹായ ഉപകരണങ്ങൾ വിതരണം-ക്രമക്കേട് |
| | 3-8 | | ഖ.3.5.13.ബി | ഖരമാലിന്യ സംസ്കരണ പ്ലാന്റിലെ തിരസ്കരണി മാറ്റൽ-കരാർ വ്യവസ്ഥ പാലിക്കാതെ അധിക നിരക്കിൽ ടെണ്ടർ നൽകിയതു വഴി നഷ്ടം |
| 2007-08 | | 2009-10 | ഖ.2-2 | ബജറ്റ് തയ്യാറാക്കുന്നതിലെ പിഴവുകൾ |
| | 1-8 | | ഖ.2-3 | ഗ്രാമ വാർഡ് സഭകളിലും കമ്മിറ്റികളിലും പങ്കാളിത്തം ഉറപ്പുവരുത്തുന്നില്ല |
| | 3(8)(6) | | ഖ.2-10 | പദ്ധതി വിനിയോഗ രേഖകൾ ലഭ്യമാക്കുന്നതിൽ വീഴ്ച |
| | 2-3(2) | | ഖ.3-1-7(i) | തൊഴിൽ നികുതി ചട്ടം 3(2) പ്രകാരമുള്ള നികുതി ഈടാക്കുന്നില്ല |
| | 2-4 | | ഖ.3-1-7(ii) | നഗരസഭ കെട്ടിടങ്ങൾ ലൈസൻസ് ഫീസ് വ്യവസ്ഥയിൽ നൽകുന്നത്-യഥാസമയം ലൈസൻസ് പുതുക്കാതെയും കരാർ ചമയ്ക്കാതെയും മുറികൾ കൈവശം വെയ്ക്കുന്നതിന് അവസരം നൽകുന്നു |
| | 3-1 | | ഖ.3-3-3(i) | പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ വകമാറ്റി ചെലവഴിക്കുന്നു |
| | 3-7(14) | | ഖ.3-4-4(i) | വികസനഫണ്ടിൽ നിന്നും പിൻവലിച്ച തുക വിനിയോഗിക്കാതെ മാസങ്ങളോളം ബാങ്കേഴ്സ് ചെക്കായി സൂക്ഷിച്ചു |
| | 3-7(5) | | ഖ.3-7-12(i) | സമ്പൂർണ്ണ ഊർജ്ജസുരക്ഷ പദ്ധതിക്കായുള്ള ദ്വിവർഷ പ്രോജക്ട്-രണ്ട് പദ്ധതി വർഷം പിന്നിട്ടിട്ടും പ്രവർത്തനം ആരംഭദശയിൽ തന്നെ |
| | 3-7(9) | | ഖ.3-7-12(ii) | വ്യവസായ മേഖലയ്ക്ക് നീക്കിവച്ച വികസനഫണ്ടിന്റെ 2% പോലും വിനിയോഗിച്ചില്ല |
| 2008-09 | 2-4-2 | 2010-11 | ഖ.2-5 | വരുമാന വർദ്ധനവിനുള്ള നടപടികളുടെ അഭാവം-ഏകദിന പെർമിറ്റ് ലൈസൻസ് രാജിയാക്കൽ ഫീസ് ഇനത്തിലുള്ള നഷ്ടം-25,750/-രൂപ |
| | | | ഖ.2-11 | വർദ്ധിച്ചു വരുന്ന |

| | | | | |
|---|---|---|---|---|
| | | | | ഋണബാധ്യതകൾ-ഹഡ്കോ-5,22,80,000/-,കേരള സർക്കാർ-11,73,83,069/- |
| | 2-4-2 | | ഖ.5-1-9(1) | ഏകദിന പെർമിറ്റ്-ലൈസൻസ് അനുവദിച്ചതിലെ അപാകതയും അനധികൃത നിർമ്മാണം ക്രമവത്കരിക്കാത്തതും |
| | 2-7 | | ഖ.5-1-9(2) | തടി നികുതി-ലേലസംഖ്യ മുഴുവനായും അടവാക്കിയതിന് രേഖകളില്ല |
| | 3-10-12 | | ഖ.5-3-17 | പരീക്ഷ കഴിഞ്ഞ് അധ്യാപക പരിശീലനം |
| 2009-10 | -- | 2011-12 | ഖ.2-3 | നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച |
| | -- | | ഖ.2-9 | മുനിസിപ്പൽ കണ്ടിജന്റ് പെൻഷൻ ഫണ്ട് രൂപീകരണം -സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല |
| | -- | | ഖ.3-1ൽ1-23 | പ്രവർത്തനാവലോകന റിപ്പോർട്ട്-കാർഷികപദ്ധതികളും കൃഷിഭവനും |
| | -- | | ഖ.3-2-1 മുതൽ3-2-24 വരെ | പ്രവർത്തനാവലോകന റിപ്പോർട്ട്-തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ റോഡുപണികൾ |
| | -- | | ഖ.3-3-1 മുതൽ 3-3-16 വരെ | പ്രവർത്തനാവലോകന റിപ്പോർട്ട്-ശിശുക്ഷേമ പദ്ധതികളും അങ്കണവാടികളും |
| അവലോകനങ്ങൾ | -- | 2012-13 | ഖ.2-5 | ലഘു അവലോകന റിപ്പോർട്ട്-നഗരസഭകളും പരസ്യനികുതിയും |
| | -- | | ഖ.3-1-1 മുതൽ 3-1-7 വരെ | പ്രവർത്തനാവലോകനം-തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഖരമാലിന്യ പരിപാലനം |
| | -- | | ഖ.3-3-1 മുതൽ 3-8 വരെ | പ്രവർത്തനക്ഷമതാ റിപ്പോർട്ട്-തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ആരോഗ്യമേഖലയും |
| പ്രവർത്തനക്ഷമത റിപ്പോർട്ടുകൾ | | 2013-14 | ഖ.5-1-5(7) മണ്ണ് ജലസംരക്ഷണ പ്രവർത്തനം കാര്യക്ഷമമല്ല | ജലസ്രോതസ്സുകളുടെ സംരക്ഷണവും കുടിവെള്ള പദ്ധതികളും,ഖ.V(1)-ഓഡിറ്റ് നിരീക്ഷണങ്ങൾ-പ്രോജക്ടുകളുടെ അവലോകനം |
| | | | ഖ.5-2-4(1) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകൾ | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും,ഖ5-3സി (8)-സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത സ്കൂളുകൾ |
| | | | ഖ.5-2-4 (2) സ്കൂൾ കെട്ടിടങ്ങളുടെ അവസ്ഥ ശോചനീയം | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും,ഖ5-3സി (I)-കെട്ടിടങ്ങളുടെ അഭാവം |

| | | | | |
|---|---|---|---|---|
| | | | ഖ.5-2-4(9) കളിസ്ഥലങ്ങൾ - വിദ്യാഭ്യാസ ചട്ടങ്ങൾ പാലിക്കപ്പെട്ടിട്ടില്ല | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും,ഖ5-3സി III-കളിസ്ഥലം |
| | | | ഖ.5-2-4(18) സ്കൂൾ വിദ്യാഭ്യാസ മേഖലയും സർവ്വശിക്ഷ അഭിയാനം | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും,ഖ5-3സി-VII-5 -എസ്.എസ്.എ |
| | | | ഖ.5-3-5(2) ചെറുകിട വ്യവസായ മേഖലയിൽ വകയിരുത്തുന്ന തുകകൾ ശരിയാം വിധം ചെലവഴിക്കുന്നില്ല | വികേന്ദ്രീകൃതാസൂത്രണവും വ്യവസായ തൊഴിൽ സംരംഭങ്ങളും,ഖ.5-3-5(2)-ചെറുകിട വ്യവസായ മേഖലയിൽ വകയിരുത്തുന്ന തുകകൾ ശരിയാംവിധം ചെലവഴിക്കുന്നില്ല |
| | | | ഖ.5-3-5(3) പരാജയമടഞ്ഞ വ്യവസായ സംരംഭങ്ങൾ | വികേന്ദ്രീകൃതാസൂത്രണവും വ്യവസായ തൊഴിൽ സംരംഭങ്ങളും, ഖ.5-1-4(2)-കണ്ണഞ്ചേരി വനിത തൊഴിൽ പരിശീലനകേന്ദ്രം |
| | | | ഖ.5-3-5(19) കുടുബശ്രീ സംരംഭങ്ങൾ പലതും സ്തംഭനാവസ്ഥയിൽ | വികേന്ദ്രീകൃതാസൂത്രണവും വ്യവസായ തൊഴിൽ സംരംഭങ്ങളും,ഖ.5-1-6(2)-കുടുംബശ്രീ വിപണന കേന്ദ്രങ്ങൾ-വനിത വിപണന കേന്ദ്രം മാവൂർ റോഡ് |
| | | | ഖ.5-3-5 (16) സർക്കാർ ഉത്തരവുകൾ | വികേന്ദ്രീകൃതാസൂത്രണവും വ്യവസായ തൊഴിൽ സംരംഭങ്ങളും,ഖ.5-1-4(1)-സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി |
| ലഘു അവലോകനം | | | ഖ.6-2-3 വാടക ലൈസൻസ് ഫീ | പൊതുമാർക്കറ്റ്, ഷോപ്പുകൾ, ബസ്സ്റ്റാന്റുകൾ എന്നിവയുടെ വരുമാനം സംബന്ധിച്ച അവലോകനം-ലൈസൻസ് ഫീസ് നിലനിൽക്കുന്നു-ഏതാനം മുറികളുടെ വിശദാംശങ്ങൾ |
| | | | ഖ.6-3 ത.സ്വ.ഭ.വ.സാധനങ്ങളുടെയും സേവനങ്ങളുടെയും സമാഹരണം | ത.സ്വ.ഭ.വ.സാധനങ്ങളുടെയും സേവനങ്ങളുടെയും സമാഹരണം-പ്രൊക്യൂർമെന്റ് മാന്വൽ |
| | | | ഖ.6-3 -1 പ്രൊക്യൂർമെന്റ് കമ്മിറ്റി,സോഷ്യൽ ഓഡിറ്റ് കമ്മിറ്റി എന്നിവയുടെ പ്രവർത്തനം | ത.സ്വ.ഭ.വ.സാധനങ്ങളുടെയും സേവനങ്ങളുടെയും സമാഹരണം-പ്രൊക്യൂർമെന്റ് മാന്വൽ,ഖ(ബി) |
| | | | ഖ.6-3-2 പ്രൊക്യൂർമെന്റ് സൈക്കിൾ-ആദ്യപടി പാലിക്കുന്നില്ല | ബ്രാന്റ് നെയിം പറഞ്ഞ് ക്വട്ടേഷൻ ക്ഷണിച്ച്, ടെണ്ടർ നടപടി കൂടാതെ കാറുകൾ വാങ്ങുന്നു |
| 2012-13 | ക്രമ നം.10 | 2014-15 | ഖ.2-1 | ഓഡിറ്റ് റിപ്പോർട്ടുകൾ ഭരണസമിതിയിൽ ചർച്ചയ്ക്ക് വിധേയമാക്കുന്നില്ല. |
| 2011-12 | ഖ.2-30 | | ഖ.3-4 | പെർമിറ്റ് ഫീസ് നഷ്ടം - 2812968/- രൂപ ലഭിച്ചു. |

| | | | |
|---|---|---|---|
| വിഷയാധിഷ്ഠിത അവലോകനം | (നിഷ്ക്രിയ ആസ്തികൾ)ഖ.2-എ, ബി, സി,ഖ.5 | ഖ.4-1-4 | ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ നിഷ്ക്രിയം; മാലിന്യങ്ങൾ കമിഞ്ഞുകൂടുന്നു. |
| | | ഖ.4-1-5 | വ്യവസായ കേന്ദ്രങ്ങൾ - കെട്ടിട നിർമ്മാണത്തിൽ മാത്രം ഒതുങ്ങുന്നു. |
| | നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും | ഖ.4-2-6 | മണൽ വിൽപ്പനയിൽ നിന്നുള്ള തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വരവ്/ചെലവ് |
| | | ഖ.4-2-7 | മണൽ വരവ്/ചെലവ് കണക്കുകൾ ശരിയായി സൂക്ഷിക്കുന്നില്ല. |
| | | ഖ.4-2-8 | റിവർ മാനേജ്മെന്റ് ഫണ്ട് ഒടുക്കിയതിൽ കുറവ്. |
| | | ഖ.4-2-9 | റിവർ മാനേജ്മെന്റ് ഫണ്ട് (RMF) അധികം ഒടുക്കി ബേപ്പൂർ തുറമുഖത്തുനിന്നുള്ള മണൽ നഗരസഭയ്ക്ക് ലഭിക്കുന്നില്ല. |
| | | ഖ.4-2-14 | കടവു കമ്മിറ്റികൾ സജീവമല്ല. |
| പ്രവർത്തനക്ഷമത ഓഡിറ്റ് റിപ്പോർട്ട്(മൃഗസംരക്ഷണവും ക്ഷീര വികസന മേഖലയും) | ഖ.V-4(ഡി) | ഖ.5-5 | നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മൃഗസംരക്ഷണ മേഖലയും. |
| | ഖ.V-3 | ഖ.5-5 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മൃഗസംരക്ഷണ മേഖലയെ അവഗണിക്കുന്നു. |
| | ഖ.V-3(എ) | ഖ.5-6 | മൃഗസംരക്ഷണ വികസന മേഖലകളിലെ കർമ്മസമിതികളുടെ പ്രവർത്തനം തൃപ്തികരമല്ല. |
| | ഖ.V-1(ബി) | ഖ.5-7 | വെറ്ററിനറി സ്ഥാപനങ്ങളിലെ ഭൗതികസാഹചര്യങ്ങൾ പരിമിതം - ശോചനീയാവസ്ഥയിൽ ബേപ്പൂർ മൃഗാശുപത്രി. |
| | ഖ.V-1(ഇ) | ഖ.5-7 | വെറ്ററിനറി സ്ഥാപനങ്ങളിലെ ഭൗതികസാഹചര്യങ്ങൾ പരിമിതം - ശോചനീയാവസ്ഥയിൽ ബേപ്പൂർ മൃഗാശുപത്രി. ട്രിവീസ് ഇല്ല. കൃത്രിമബീസങ്കലനം പ്രയാസം. |
| | ഖ.V-9(ഡി) | ഖ.5-9 | മൃഗങ്ങളുടെ രോഗചികിത്സ, പ്രതിരോധം, ആരോഗ്യപരിപാലനം - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ തൃപ്തികരമല്ല - ജീവനക്കാരുടെ അപര്യാപ്തത. |
| | ഖ.V-8(എ) | ഖ.5-13 | ശ്വാന സംരക്ഷണവും പേവിഷ നിയന്ത്രണവും - വളർത്തു തെരുവു നായ്ക്കളുടെ കണക്കെടുപ്പ് നടത്തുന്നില്ല. |
| | ഖ.V-8(ബി) | ഖ.5-13 | ശ്വാനസംരക്ഷവും പേവിഷ |

| | | | | |
|---|---|---|---|---|
| | | | | നിയന്ത്രണവും -തുക വകയിരുത്തി പദ്ധതി നടപ്പിലാക്കിയില്ല. |
| | ഖ.V-9(ഡി) | | ഖ.5-14 | കശാപ്പുശാലകൾ സ്ഥാപിക്കുന്നതിലും നടത്തിപ്പിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണം ഫലപ്രദമല്ല – വെറ്ററിനറി സർജനില്ലാതെ കശാപ്പുശാലകൾ. |
| | ഖ.V-7 | | ഖ.5-14 | കശാപ്പുശാലകൾ സ്ഥാപിക്കുന്നതിലും നടത്തിപ്പിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണം ഫലപ്രദമല്ല – അറവുശാലയില്ലെങ്കിലും മാംസം സുലഭം. |
| 2016-17 | 2-1 | 2017-18 | ഖ – 1-11 (1) | ബസ് സ്റ്റാന്റ് റൗണ്ട് ബ്ലോക്ക് പരസ്യം - കേസ് നടത്തിപ്പിലെ വീഴ്ച കാരണം വരുമാന നഷ്ടം സംഭവിക്കുന്നു. |
| | 2-3 | | അവലോകന റിപ്പോർട്ട് | നഗരസഭകളിലെ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും |
| | 3-1 | | ഖ – 1-11 (2) | കോടതിയിൽ ബാങ്ക് ഗ്യാരണ്ടി ഹാജരാക്കുന്നതിൽ വീഴ്ച വരുത്തി - നഗരസഭക്ക് വലിയ നഷ്ടം സംഭവിച്ചു. |
| | 3-2 | | ഖ – 1-11 (3) | ആർട്ടിസ്റ്റ് സ്മാരക നിർമ്മാണം – നിർവ്വഹണത്തിലെ അപാകതകൾ. |
| | 3-9 | | ഖ – 1-11 (4) | നഗരസഭയിൽ നിക്ഷിപ്തമായ തോട് നിയമവിരുദ്ധമായി സ്വകാര്യ വ്യക്തിക്ക് കൈമാറുന്നു. |
| | 3-51 | | ഖ – 1-11 (5) | നഗരസഭ ജീവനക്കാരുടെപെൻഷൻ ഫണ്ടുകളുടെപരിപാലനം കാര്യക്ഷമമല്ല. |
| 2017-18 | 3-51 | 2018-19 | അവലോകനം | നഗരസഭകളിലെ മാലിന്യം കൈകാര്യം ചെയ്യൽ |
| 2018-19 | 3-5 | 2020-21 | 1-6 ക്രമ നം. 1 | സർക്കാർ / എയ്ഡഡ് ഹൈ സ്കൂളുകളിൽ / ഹയർ സെക്കന്ററി സ്കൂളുകളിൽ ബയോ ഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ - കോർപ്പറേഷന് ലക്ഷങ്ങളുടെ നഷ്ടം |
| | 3-14 | | 1-6 ക്രമ നം. 2 | കോർപ്പറേഷന്റെ പാലിയേറ്റീവ് പ്രവർത്തനങ്ങളിൽ ഗുരുതര വീഴ്ചകൾ |
| | 3-24 | | 1-6 ക്രമ നം. 3 | പാർക്കിംഗ് പ്ലാസ കം കൊമേഴ്ഷ്യൽ ബിൽഡിംഗ് - ബി ഒ റ്റി വ്യവസ്ഥയിലെ |

| | | | | |
|---|---|---|---|---|
| | | | | നിർമാണം 10 വർഷം കഴിഞ്ഞിട്ടും പൂർത്തീകരിച്ചിട്ടില്ല – നഗരസഭയ്ക്ക് വൻ നഷ്ടം |

## 4-8 ചാർജ്-സർചാർജ് നടപടികൾ സ്വീകരിച്ചതിന്റെ വിവരം

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 16 പ്രകാരം ചാർജ്-സർചാർജ് നടപടികൾ സ്വീകരിച്ചതിന്റെയും തുക ഈടാക്കിയതിന്റെയും പുരോഗതി വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ഓഡിറ്റ് റിപ്പോർട്ട് വർഷം ഖണ്ഡിക-നം | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ, ഉദ്യോഗപ്പേര് | ചാർജ്ജ്/സർചാർജ്ജ് നോട്ടീസ്/ സർട്ടിഫിക്കറ്റ് നമ്പർ, തീയതി | തുക | അടവിന്റെ വിശദാംശം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | 2011-12 ഖ.2-12 | ശ്രീ.എം.ജി.ശശി റവന്യൂ ഓഫീസർ | എൽ.എഫ്. 2032/ സ്പെ.സെൽസി. എസ്.സി/എ.2/2015, 03.04.2018 (ചാർജ്ജ് സർട്ടിഫിക്കറ്റ്) | 10155 | അടവാക്കിയിട്ടില്ല | ലഭ്യമല്ല |
| 2 | 2014-15 ഖ.3-26 | ടി.ആർ.ബാലൻ പ്രോജക്ട് ഓഫീസർ, കുടുംബശ്രീ | കെ.എസ്.എ. 4304/ സ്പെ.സെൽ/സി.എസ്. സി/എ.2/201708.12.2017 (സർചാർജ്ജ് നോട്ടീസ്) | 36845 | അടവാക്കിയിട്ടില്ല | ലഭ്യമല്ല |
| 3 | 2016-17 ഖ.3-27 | ശ്രീ.റംസി ഇസ്മയിൽ പ്രോജക്ട് ഓഫീസർ, കുടുംബശ്രീ | കെ.എസ്.എ. 553 / സ്പെ.സെൽ /സി. എസ്. സി/എ.2/2019 (II)20.01.2021 (സർചാർജ്ജ് നോട്ടീസ്) | 60000 | അടവാക്കിയിട്ടില്ല | ലഭ്യമല്ല |
| 4 | 2016-17 ഖ.3-28 | | | 300000 | അടവാക്കിയിട്ടില്ല | ലഭ്യമല്ല |

| | | | | | | |
|---|---|---|---|---|---|---|
| 5 | 2018-19 ഖ.3-12 | ശ്രീ.ടി.എ.വേണ പട്ടിക ജാതി വികസന ഓഫീസർ | കെ.എസ്.എ. 995/ സ്പെ.സെൽ/സി. എസ്.സി/എ.2 /2021,13.08.2021 (സർചാർജ്ജ് നോട്ടീസ്) | 49508 | അടവാക്കിയിട്ടില്ല | ലഭ്യമല്ല |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4183492269 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3886998792 |
| വരവിനങ്ങളിലുള്ള നഷ്ടം | 2688997 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1107328 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 61169790 |

(ബി) കോർപ്പറേഷൻ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 10050 | | ശ്രീ. സുനിൽ കുമാർ വി, റവന്യൂ ഓഫീസർ |
| 2-2 | 564474 | | ശ്രീ. സോമശേഖരൻ പി, റവന്യൂ ഓഫീസർ, ചെറുവണ്ണൂർ - നല്ലളം മേഖല കാര്യാലയം. |
| | 564473 | | ശ്രീമതി ടി പി സിന്ധു , സൂപ്രണ്ട്, ചെറുവണ്ണൂർ - നല്ലളം മേഖല കാര്യാലയം. |
| 2-3 | 387500 | | ശ്രീ.ഗോപി കെ പി, സെക്ഷൻ ക്ലർക്ക് |
| | 387500 | | ശ്രീ. സാംസൺ വി വി, സൂപ്രണ്ട്, നോൺ ടാക്സ് വിഭാഗം |
| | 387500 | | ശ്രീ. ഷാജി തോമസ്, റവന്യൂ ഓഫീസർ, നോൺ ടാക്സ് വിഭാഗം |
| | 387500 | | ശ്രീ. എൻ വി സുജിത്, ഡെപ്യൂട്ടി സെക്രട്ടറി |
| 3-1 | | 105925 | ഡോ. ആനന്ദ്, സീനിയർ വെറ്ററിനറി സർജൻ |
| 3-2 | | 18450 | ഡോ. ബേബി കെ കെ, സീനിയർ വെറ്ററിനറി സർജൻ |
| 3-3 | | 309994 | ഡോ. ബേബി കെ കെ, സീനിയർ വെറ്ററിനറി സർജൻ |
| 3-4 | | 89205 | ഡോ. ബേബി കെ കെ, സീനിയർ വെറ്ററിനറി സർജൻ |
| 3-5 | | 54366 | ശ്രീ. സന്ദീപ് കെ ജി, സൂപ്രണ്ടിംഗ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| 3-6 | | 529388 | ശ്രീ. ബിനു ഫ്രാൻസിസ്, നഗരസഭ സെക്രട്ടറി |
| ആകെ | 2688997 | 1107328 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-41 | 1605531 | ശ്രീ. ശിവദാസൻ കെ, ഹെൽത്ത് സൂപ്പർവൈസർ |
| 1-42 | 104275 | ശ്രീ. എൻ.വി സുജിത്, പ്ലാനിംഗ് ഓഫീസർ |
| 1-46 | 1500000 | ഡോ. ആനന്ദ്, സീനിയർ വെറ്ററിനറി സർജൻ |
| 1-47 | 228000 | ഡോ. ആനന്ദ്, സീനിയർ വെറ്ററിനറി സർജൻ |
| 1-48 | 577800 | ഡോ. ബേബി കെ കെ, സീനിയർ വെറ്ററിനറി സർജൻ |
| 1-49 | 270000 | ഡോ. ആനന്ദ്, സീനിയർ വെറ്ററിനറി സർജൻ |
| 1-52 | 798663 | ഡോ. ബേബി കെ കെ, സീനിയർ വെറ്ററിനറി സർജൻ |
| | 1078337 | ഡോ. ആനന്ദ്, സീനിയർ വെറ്ററിനറി സർജൻ |
| 1-53 | 991464 | ശ്രീമതി ബിസിനി എസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ II |
| 1-55 | 999981 | ശ്രീമതി. മിനി വി പി, ഡപ്യൂട്ടി ഡയറക്ടർ ഓഫ് എജ്യുക്കേഷൻ. |
| 1-56 | 1474515 | ശ്രീ. പ്രകാശൻ ടി.കെ, കുടുംബശ്രീ പ്രോജക്റ്റ് ഓഫീസർ |
| 1-57 | 841845 | ശ്രീ. പ്രകാശൻ ടി.കെ, കുടുംബശ്രീ പ്രോജക്റ്റ് ഓഫീസർ |
| 1-58 | 178619 | ശ്രീ. ഉദയൻ കെ യു, എക്സിക്യൂട്ടീവ് എഞ്ചിനീയർ 1 |
| 1-60 | 90431 | ശ്രീ.ശശിധരൻ ടി, റവന്യൂ ഓഫീസർ, ബേപ്പൂർ മേഖല കാര്യാലയം |
| 1-62 | 50430329 | ശ്രീമതി ബിനി കെ യു, നഗരസഭ സെക്രട്ടറി |
| ആകെ | 61169790 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഇനം | നഷ്ടം സംഭവിച്ചത് |
|---|---|---|---|
| 2-3 | 139500 | ചരക്ക സേവന നികുതി | കേന്ദ്ര സർക്കാർ |
| | 139500 | | സംസ്ഥാന സർക്കാർ |
| | 31000 | ആദായ നികുതി | കേന്ദ്ര സർക്കാർ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| ഖണ്ഡിക നമ്പർ | വിഷയം | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| ഇല്ല | | |

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. ആനന്ദ്, സീനിയർ വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, വെറ്ററിനറി സർജൻ, മണ്ണൂർ | ഡോ. ആനന്ദ്,എ5, ഇന്ദീവരം, മി ഹെവൻ അപ്പാർട്ട്മെന്റ്സ്, ദത്ത് കോമ്പൗണ്ട്, മാങ്കാവ്, കോഴിക്കോട്, 673007 |
| ശ്രീ. സുനിൽ കുമാർ വി, റവന്യൂ ഓഫീസർ | വിരമിച്ചു | അമ്മാട്ടുപറമ്പ്, ഗോവിന്ദപുരം, കോഴിക്കോട്, |
| ശ്രീ. സോമശേഖരൻ പി , റവന്യൂ ഓഫീസർ, ചെറുവണ്ണൂർ - നല്ലളം മേഖല കാര്യാലയം. | ഡെപ്യൂട്ടി സെക്രട്ടറി, തൃശ്ശൂർ നഗരസഭ | മണ്ണാറക്കൽ വീട്, തിരൂരങ്ങാടി, തേഞ്ഞിപ്പാലം പി ഒ, മലപ്പുറം. |
| ശ്രീമതി ടി പി സിന്ധു , സൂപ്രണ്ട്, | സൂപ്രണ്ട്, ചെറുവണ്ണൂർ - നല്ലളം മേഖല | രാജശ്രീ നിവാസ്, വാകോളി നിലം, പെരുമണ്ണ, |

| | | |
|---|---|---|
| ചെറുവണ്ണൂർ - നല്ലളം മേഖല കാര്യാലയം. | കാര്യാലയം. | കോഴിക്കോട് |
| ശ്രീ.ഗോപി കെ പി, സെക്ഷൻ ക്ലർക്ക് | വിരമിച്ചു | കടത്തിൽ പുറത്ത് വീട്, വെള്ളിപറമ്പ്, കീഴമാട്, കോഴിക്കോട് |
| ശ്രീ. സാംസൺ വി വി, സൂപ്രണ്ട്, നോൺ ടാക്സ് വിഭാഗം | സൂപ്രണ്ട്, ടൗൺ പ്ലാനിംഗ് വിഭാഗം, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ | വാതിലുകുന്നേൽ, മുത്തപ്പൻ പുഴ പി ഒ, തിരുവമ്പാടി, കോഴിക്കോട് |
| ശ്രീ. ഷാജി തോമസ്, റവന്യൂ ഓഫീസർ, നോൺ ടാക്സ് വിഭാഗം | വിരമിച്ചു | 25/1048 ജി, കുത്തൂർ വില്ല, പോത്തഞ്ചേരി താഴെ, ജി എ കോളേജ്. പി ഒ, കോഴിക്കോട് - 6730014 |
| ശ്രീ. എൻ വി സുജീത്ത്, ഡെപ്യൂട്ടി സെക്രട്ടറി | വിരമിച്ചു | 28/430, സൻവാരിയ, കുതിരവട്ടം പി ഒ, കോഴിക്കോട് - 673016 |
| ഡോ.ബേബി കെ.കെ, സീനിയർ വെറ്ററിനറി സർജൻ | ഡപ്യൂട്ടി ഡയറക്ടർ,അനിമൽ ഹസ്ബന്ററി, ജില്ല മൃഗസംരക്ഷണ കേന്ദ്രം, കോഴിക്കോട്. | 'ഓർക്കിഡ് ഗാർഡൻ',കുതിരവട്ടം പി ഒ, കോഴിക്കോട്, മൊ. 8281017288 |
| ശ്രീ. ബിന്ദു ഫ്രാൻസിസ്, നഗരസഭ സെക്രട്ടറി | സെക്രട്ടറി, തിരുവനന്തപുരം നഗരസഭ | ബിന്ദു ഭവൻ, കാട്ടാക്കട പി ഒ, തിരുവനന്തപുരം |
| ശ്രീ. സന്ദീപ് കെ ജി, സൂപ്രണ്ടിംഗ് എഞ്ചിനീയർ | ചീഫ് എഞ്ചിനീയർ, പി എം ജി എസ് വൈ, തിരുവനന്തപുരം | കിഴക്കെ തൊടിയിൽ, കമ്യൂണിറ്റി ഹെൽത്ത് സെന്ററിനു സമീപം, മുക്കം പി ഒ, കോഴിക്കോട് - 673602 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1996-97 | എൽ.എഫ്.സി.സി.എ4/251/98, 08.09.1998 | 74 |
| 2 | 1997-98 | എൽ.എഫ്.സി.സി.എ6/906/06, 28.12.2006 | 115 |
| 3 | 1998-99 | എൽ.എഫ്.സി.സി.എ6/382/09, 15.05.2009 | 90 |
| 4 | 1999-00 DCB | എൽ.എഫ്.സി.സി.എ4/752/01/, 17.05.2002 | 39 |
| 5 | 1999-00 Exp | എൽ.എഫ്.സി.സി.എ4/418/00, 08.06.2001 | 86 |
| 6 | 2000-01 | എൽ.എഫ്.സി.സി.എ4/124/03, 20.05.2003 | 146 |
| 7 | 2001-02 | എൽ.എഫ്.സി.സി.എ4/438/04, 30.07.2004 | 83 |
| 8 | 2002-03 | എൽ.എഫ്.സി.സി.എ4/451/05, 01.18.2005 | 80 |
| 9 | 2003-04 | എൽ.എഫ്.സി.സി.എ4/364/06, 22.06.2006 | 109 |
| 10 | 2004-05 | എൽ.എഫ്.സി.സി.എ4/350/07, 27.07.2007 | 60 |
| 11 | 2005-06 | എൽ.എഫ്.സി.സി.എ6/1013/09, 17.07.2010 | 64 |
| 12 | 2006-07 | എൽ.എഫ്.സി.സി.എ6/871/10, 01.02.2012 | 78 |
| 13 | 2007-08 | കെ.എസ്.എ.കെ.ഒ.സി./എ.6/1141/2015, 12.11.2015 | 75 |

| | | | |
|---|---|---|---|
| 14 | 2008-09 | കെ.എസ്.എ./കെ.ഒ.സി./എ.6/1457/2015, | 50 |
| 15 | 2009-10 | കെ.എസ്.എ./കെ.ഒ.സി./എ.6/1458/2015, | 62 |
| 16 | 2010-11 | എൽ.എഫ്.സി.സി.എ4/332/12, 15.06.2013 | 180 |
| 17 | 2011-12 | എൽ.എഫ്.സി.സി.എ4/389/14, 31.05.2014 | 104 |
| 18 | 2012-13 | കെ.എസ്.എ.കെ.ഒ.സി./എ.6/129/2016, 27.01.2016 | 110 |
| 19 | 2013-14 | കെ.എസ്.എ.കെ.ഒ.സി./എ.6/276/2017, 31.03.2017 | 122 |
| 20 | 2014-15 | കെ.എസ്.എ.കെ.ഒ.സി./എ.6/277/2017, 05.04.2017 | 81 |
| 21 | 2015-16 | കെ.എസ്.എ.കെ.ഒ.സി./എ.6/865/2018, 24.09.2018 | 65 |
| 22 | 2016-17 | കെ.എസ്.എ.കെ.ഒ.സി./എ.6/866/2018, 04.09.2018 | 75 |
| 23 | 2017-18 | കെ.എസ്.എ.കെ.ഒ.സി./എ.6/840/2019, 04.02.2021 | 47 |
| 24 | 2018-19 | കെ.എസ്.എ.കെ.ഒ.സി./എ.6/152/2021, 22.04.2021 | 78 |
| 25 | 2019-20 | കെ.എസ്.എ.കെ.ഒ.സി/എ4/1040/2021 തീയതി : 14.01.2022 | 22 |

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കോഴിക്കോട് കോർപ്പറേഷന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
നഗരസഭാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കോഴിക്കോട് കോർപ്പറേഷന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
നഗരസഭാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്